# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

2016 ജൂൺ 29, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 162 - നമ്പർ 6

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

2016 ജൂൺ 29, ബുധൻ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്ജ്
**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

884/2017

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

I **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 73

II **ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ്** 288

III **അടിയന്തരപ്രമേയം**

സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റം—

ശ്രീ. പി. ടി. തോമസ് 290

(അവതരണാനുമതി നിഷേധിച്ചു)

IV **ശ്രദ്ധ ക്ഷണിക്കൽ**

1. എസ്.ബി.ടി.-എസ്.ബി.ഐ. ലയന തീരുമാനം—

ശ്രീ. കെ. സുരേഷ് കുറുപ്പ് 298

2. കേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ—

ശ്രീ. പാറക്കൽ അബ്ദുല്ല 302

V **സബ്മിഷൻ**

1. സി. എം. അബ്ദുല്ല മൗലവിയുടെ ദുരൂഹ മരണം—

ശ്രീ. കെ. കുഞ്ഞിരാമൻ 307
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

2. ഫയർ സ്റ്റേഷൻ—

ശ്രീ. കെ. ദാസൻ 308

*പേജ്*

3. പെരിയാർ നദി മാലിന്യമുക്തമാക്കുന്നത് സംബന്ധിച്ച്–

ശ്രീ. അൻവർ സാദത്ത് 308

4. കോട്ടയം ടെക്സ്റ്റൈൽസിലെ പ്രതിസന്ധി–

ശ്രീ. മോൻസ് ജോസഫ് 310

5. ഇരിക്കൂറിൽ ഉരുൾപൊട്ടൽമൂലമുണ്ടായ നാശനഷ്ടം–

ശ്രീ. കെ. സി. ജോസഫ് 311

6. കാരുണ്യ ബെനവലന്റ് പദ്ധതി–

ശ്രീ. വി. പി. സജീന്ദ്രൻ 313
ശ്രീ. റ്റി. വി. രാജേഷ്

7. കർഷകർക്ക് പ്രത്യേക പാക്കേജ് –

ശ്രീ. ഇ. കെ. വിജയൻ 314

8. സ്റ്റേറ്റ് ഹൈവേ നിർമ്മാണം–

ശ്രീ. മുരളി പെരുനെല്ലി 315

9. നാഷണൽ ഹൈവേ നവീകരണം–

ശ്രീ. എൻ. ഷംസുദ്ദീൻ 317

10. മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ–

ശ്രീ. എ. എം. ആരിഫ് 318

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ** 320

**VII ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച - (തുടർച്ച)** 321

**VIII അറിയിപ്പ്**

ഡോക്യുമെന്ററി പ്രദർശനം 379

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2016 ജൂൺ 29, ബുധൻ*



നിയമസഭ 2016 ജൂൺ മാസം 29-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ........ ഓർഡർ............ ചോദ്യം നമ്പർ * 31

### നികുതി ചോർച്ച തടയാൻ നടപടി

1 (*31) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നികുതി വരുമാനത്തിലുള്ള വളർച്ച, സാധ്യതകൾക്ക് അനുസൃതമായി ഉയരാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി നികുതി ചോർച്ച തടയുന്നതിന് എന്തൊക്കെ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഉദ്യോഗസ്ഥ തലത്തിലുള്ള കെട്ടുകാര്യസ്ഥതയും അഴിമതിയും നികുതി ചോർച്ചയ്ക്ക് ഒരു മുഖ്യകാരണമായതിനാൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) സംസ്ഥാനത്തെ നികുതി വരുമാനത്തിന്റെ വളർച്ച സാധ്യതകൾക്ക് അനുസൃതമായി ഉയരാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ട്. സംസ്ഥാന വാറ്റ് വരുമാനം 2006-2011 കാലത്ത് 17.41 ശതമാനം വച്ച് വളർന്നപ്പോൾ 2011-16 കാലത്ത് 12.5 ശതമാനം നിരക്കിലേ വളർച്ച ഉണ്ടായുള്ളു. സാധ്യതയ്ക്കനുസരിച്ച് വാണിജ്യ നികുതിവരുമാനം ഉയരാത്തതിന് പല കാരണങ്ങളുണ്ട്. സംസ്ഥാന ആഭ്യന്തരവരുമാനത്തിൽ ഇക്കാലത്ത് മുരടിപ്പ് ഉണ്ടായിട്ടുണ്ട്. എന്നാൽ സംസ്ഥാന വരുമാനത്തിലുണ്ടായ ഇടിവിനേക്കാൾ വലിയ തോതിലാണ് നികുതി വരുമാനത്തിൽ കുറവുണ്ടായത്. അതുപോലെ ഗൾഫിൽനിന്നും മറ്റുമുള്ള പുറം വരുമാനം വർദ്ധിക്കുകയായിരുന്നു എന്നതുംകൂടി കണക്കിലെടുക്കണം. മാത്രമല്ല, വാറ്റ് നിരക്കുകളിൽ സമീപകാലത്ത് ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുമുണ്ട്. ഇവയെല്ലാംമൂലം സംസ്ഥാന ആഭ്യന്തര വരുമാനത്തിലുണ്ടായ ഇടിവാണ് നികുതി വരുമാനത്തിലുണ്ടായ കുറവിന് കാരണമെന്ന് സർക്കാർ കരുതുന്നില്ല.

നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ച ഒരു ഘടകം വർദ്ധിച്ചുവന്ന അഴിമതിയും സർക്കാർ സ്റ്റേകളും തന്മൂലം വർദ്ധിച്ച കുടിശ്ശികയുമാണ്. നികുതി മേഖലയിൽ സാങ്കേതിക നവീകരണം നടന്നില്ല. വാണിജ്യ നികുതി വകുപ്പിലെ സർവ്വറിന്റെ ശേഷി വർദ്ധിപ്പിച്ചില്ല. ഇതെല്ലാം നികുതി ഭരണത്തിൽ വരുത്തുന്ന പ്രയാസങ്ങൾ നിരവധിയാണ്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ആദ്യഘട്ടത്തിൽ ഉപയോഗിച്ച സോഫ്റ്റ്‌വെയർ അതേപോലെ തുടരുകയാണ്. ചെറിയ നവീകരണം വരുത്തിയാൽ തന്നെ ഗണ്യമായ തോതിൽ നികുതി ചോർച്ച തടയാൻ കഴിയുമെന്ന് സി.ആന്റ്.എ.ജി. തന്നെ ചൂണ്ടിക്കാട്ടിയതാണ്. നികുതി പിരിവിലെ കാര്യക്ഷമതയും ഇല്ലാതായി. ഇതിനേറ്റവും നല്ല സൂചിക സ്ക്രൂട്ടിണി ചെയ്യപ്പെടുന്ന റിട്ടേണുകളുടെ ശതമാനം വളരെ താഴ്ന്നതാണെന്നതാണ്. സ്ക്രൂട്ടിണിയോ ഓഡിറ്റ് വിസിറ്റോമൂലമുണ്ടാകുന്ന അധിക ഡിമാന്റും വളരെ ചെറുതാണ്.

രജിസ്ട്രേഷൻ വകുപ്പിൽ നൽകിയ ചില ഇളവുകൾ വരുമാനത്തെ വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എക്സൈസ് നികുതി വാറ്റ്-നേക്കാൾ മെച്ചപ്പെട്ട പ്രകടനമാണ് കാണിച്ചത്. മദ്യ ലഭ്യതയിൽ വരുത്തിയ നിയന്ത്രണം നികുതി വരുമാനത്തിൽ പ്രകടമായിട്ടില്ല. മദ്യനികുതിയിൽ വരുത്തിയ വർദ്ധനവ് മൂലമാണിത്. എന്നാൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് നികുതി വളർച്ചാനിരക്ക് കുറവാണ്.

മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി ഇനത്തിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ 23 ശതമാനത്തോളം വളർച്ചാ നിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് 2015-16 സാമ്പത്തിക വർഷം 7% വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

(ബി) വാണിജ്യ നികുതി വരുമാനം മെച്ചപ്പെടുത്തുന്നതിന് പല പദ്ധതികളും ആവിഷ്കരിച്ചുവരുന്നു.

(1) ഏറ്റവും പ്രധാനം അഴിമതി ഇല്ലാതാക്കലാണ്.

(2) കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിണി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

(3) ഉപഭോക്താക്കൾ ബിൽ ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയംതന്നെ അപ്‌ലോഡ് ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി നിയമനിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.

(4) കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

(5) ആധുനിക സംയോജിത ചെക്ക്പോസ്റ്റുകൾ സമയബന്ധിതമായി സ്ഥാപിക്കും.

(6) അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയുംവേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

(7) റിട്ടേൺ സ്ക്രൂട്ടിണി, കുടിശ്ശിക അസെസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.

(8) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

(9) നികുതി ചോർച്ച തടയുന്നതിന് റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളും കർശന നടപടി സ്വീകരിക്കുന്നുണ്ട്.

(10) അനധികൃത മദ്യ വിൽപ്പനയ്ക്കെതിരെ എക്സൈസ് വകുപ്പ് കർശന നിലപാട് സ്വീകരിക്കുന്നുണ്ട്.

(11) വാഹനങ്ങളുടെ സീറ്റിംഗ് കപ്പാസിറ്റി കുറച്ചുകാണിക്കുക, പർച്ചേസ് വാല്യൂ കുറച്ച് കാണിക്കുക തുടങ്ങിയവയിലൂടെയുള്ള നികുതി തട്ടിപ്പിനെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ കൈക്കൊള്ളും.

(സി) വിവിധ തലങ്ങളിലുള്ള അഴിമതി നികുതി വരുമാന വളർച്ചയെ പ്രതികൂലമായി ബാധിച്ചുവെന്നതാണ് സർക്കാരിന്റെ നിലപാട്. നികുതി ഭരണം ആധുനീകരിച്ചും അതുവഴി കാര്യക്ഷമമാക്കിയും അഴിമതി ഇല്ലാതാക്കുകയെന്നത് സർക്കാർ മുൻഗണന നൽകുന്ന കാര്യമാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ വളർച്ച സാധ്യതകൾക്കനുസൃതമായി ഉയർന്നിട്ടില്ലെന്ന് കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഘട്ടത്തിൽ മാതൃകാപരമായ ഒട്ടേറെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. വാളയാർ ചെക്ക്പോസ്റ്റിനെ അഴിമതിരഹിതമാക്കി മാറ്റുന്നതിനായി വളരെയധികം രചനാത്മകമായ നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. മാത്രമല്ല, നികുതി വരുമാനത്തിൽ സർവ്വകാല റെക്കോർഡുണ്ടാക്കാനും അങ്ങേക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്ന്, വാളയാർ ചെക്ക്പോസ്റ്റും മറ്റ് പല ചെക്ക്പോസ്റ്റുകളും അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. വാളയാർ ഇന്ന് നാഥനില്ലാകളരിയായി മാറിയിരിക്കുകയാണ്. പലപ്പോഴും മണിക്കൂറുകളോളം അവിടെ വാഹനങ്ങൾ ക്യൂവിൽ നിൽക്കുകയും പരിശോധന ഫലപ്രദമല്ലാതാവുകയും ചെയ്യുന്നു. കമ്പിപ്പാരകൊണ്ട് കുത്തുന്ന രീതിയിലുള്ള പ്രാകൃതമായ പരിശോധനകൾ ഇപ്പോഴും തുടരുകയാണ്. അങ്ങ് ഇവിടെ പരിഷ്കാര നടപടികൾ പ്രഖ്യാപിച്ചു. അഴിമതിരഹിത വാളയാർ മാത്രമായി ചുരുക്കാതെ കേരളത്തിലെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളെല്ലാം അഴിമതിരഹിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അതോടൊപ്പം പഴയ രീതിയിലുള്ള കമ്പ്യൂട്ടർ സംവിധാനങ്ങൾ മാറ്റി മോഡേൺ ആയിട്ടുള്ള കമ്പ്യൂട്ടർ സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, വാളയാർ ചെക്ക്പോസ്റ്റിന്റെ കാര്യം ഒരു ദുരന്തകഥയാണ്. വാളയാർ ചെക്ക്പോസ്റ്റ് സംയോജിത ചെക്ക്പോസ്റ്റായി നവീകരിക്കുന്നതിന് 15 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ട് ഇപ്പോൾ 15 വർഷമായി. 10 വർഷമായി വിധി പ്രസ്താവിക്കാൻ മാറ്റിവച്ചിരിക്കുകയാണ്. പരിസ്ഥിതി പ്രശ്നമാണ് വിഷയം. അവിടെയുള്ള ഒരു പൊട്ടക്കുളം ചുറ്റുമതിൽകെട്ടി സംരക്ഷിക്കാമെന്ന് പറഞ്ഞിട്ടുപോലും വിധി പറയാതെ നീട്ടിക്കൊണ്ടുപോവുകയാണ്.

വിധി പറഞ്ഞാൽ പ്രശ്നമില്ലായിരുന്നു. ഇപ്പോൾ ക്യൂവിൽ കിടക്കുന്ന വണ്ടികളിൽ നിന്നുള്ള പുകമൂലം പരിസ്ഥിതി വിനാശവും ദേശീയനഷ്ടവുമുണ്ടാവുകയാണ്. ഇത് വളരെ പ്രയാസമുണ്ടാക്കുന്ന സ്ഥിതിവിശേഷമാണ്. മാറിമാറി വന്ന സർക്കാരുകളെല്ലാം ഇതിനായി പരിശ്രമിച്ചിട്ടുണ്ട്. അവിടെ നവീകരണം നടക്കാത്തതിന്റെ പ്രധാനപ്പെട്ട കാരണം ഇത്തരം പ്രശ്നമാണ്. അതും അഴിമതിയും തമ്മിൽ നേരിട്ട് ബന്ധമില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ച അഞ്ച് വർഷം യാതൊരു വിധത്തിലുള്ള അഴിമതി കേസ്സുപോലും അവിടെ ഉണ്ടായിട്ടില്ലെന്ന് അഭിമാനത്തോടെ പറയാൻ കഴിയും. ആദ്യ രണ്ടുവർഷം ഇതേ സ്ഥിതി തന്നെ തുടരുകയും അക്കാര്യം അഭിമാനത്തോടെ ഉദ്യോഗസ്ഥർ പറയുകയും ചെയ്യുമായിരുന്നു. മൂന്നാംവർഷം മുതൽ കാര്യങ്ങൾ മാറി. ഇപ്പോൾ അവിടെ അവസാനമായി നടന്ന കഥ എന്നോട് ഒരാൾ ഫോണിൽ പറയുകയുണ്ടായി. വണ്ടി കടന്നുവന്നപ്പോൾ പതിവുപോലെ പടി ചോദിച്ചപ്പോൾ ഇല്ലെന്ന് പറഞ്ഞു, അപ്പോൾ എൽ.ഡി.എഫ്. അല്ലേ ഭരിക്കുന്നതെന്ന് തിരിച്ചു ചോദിച്ചു. എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും, പക്ഷേ നമുക്ക് കിട്ടാനുള്ളത് കിട്ടണമെന്ന് ആ സരസൻ അപ്പോൾ മറുപടി പറഞ്ഞുവത്രേ. അവർക്ക് കിട്ടാനുള്ളത് കൊടുക്കാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. സർവ്വശക്തിയുമുപയോഗിച്ച് അഴിമതി അവസാനിപ്പിക്കും; വാളയാർ; ചെക്ക്പോസ്റ്റിനെ അഴിമതി വിമുക്തമാക്കും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, കേരളത്തിലെ പ്രധാനപ്പെട്ട പട്ടണങ്ങളിലും നഗരങ്ങളിലുമൊക്കെ ധാരാളം സ്വർണ്ണക്കടകളുണ്ട്. സ്വർണ്ണാഭരണങ്ങളുടെ കച്ചവടത്തിനനുസൃതമായിട്ടുള്ള നികുതി സർക്കാരിന് ലഭിക്കുന്നില്ലെന്നാണ് പ്രാഥമികപരിശോധനകളിൽ നിന്നും വ്യക്തമാകുന്നത്. സ്വർണ്ണാഭരണങ്ങളുടെ വിൽപ്പനയ്ക്കനുസൃതമായിട്ടുള്ള നികുതി ഖജനാവിലേക്ക് കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക് : സർ, വളരെ സങ്കീർണ്ണമായിട്ടുള്ള പ്രശ്നമാണ് സ്വർണ്ണത്തിന്മേലുള്ള നികുതി. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ 21 കോടി രൂപയാണ് സ്വർണ്ണത്തിൽ നിന്നും കിട്ടിയിരുന്ന നികുതി. എല്ലാവരും ഒരു ഫോർമുല അനുസരിച്ച് നികുതി അടച്ചാൽ, ഒരു ശതമാനം നികുതി ആയാൽപ്പോലും, ചുരുങ്ങിയത് 200 കോടി രൂപ കിട്ടണമെന്നാണ് കണക്കാക്കിയത്. അതിനെയാണ് കോമ്പൗണ്ടിംഗ് ഫോർമുല എന്നുപറയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ നികുതി വരവ് 500 കോടി രൂപയോളം എത്തിയിട്ടുണ്ട്. ഇഫക്ടീവ് റേറ്റ് ഒരു ശതമാനമുള്ള

കോമ്പൗണ്ടിംഗിലേക്ക് എല്ലാവരും വരാനുള്ള deterrent ആണിത്. കോമ്പൗണ്ടിംഗ് ഫോർമുലയിൽ നിന്ന് മാറി നിന്നാൽ 4-5 ശതമാനം നികുതി തരേണ്ടി വരുമെന്നുള്ളതാണ്. ഒരു ശതമാനമാണെങ്കിൽപ്പോലും ഇന്ന് കിട്ടുന്നതിനെക്കാൾ കൂടുതൽ നികുതി കിട്ടണമെന്നാണ് സർക്കാരിന്റെ നിഗമനം. അതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ പരിശോധിച്ച് നികുതി ചോർച്ച തടയുന്നതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. ഐ. ബി. സതീഷ് : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ, ഉപഭോക്താക്കൾ ബിൽ വാങ്ങുമെന്നും വ്യാപാരികൾ ബിൽ നൽകുമെന്നും സൂചിപ്പിക്കുന്നുണ്ട്. അത് കൃത്യമായി നടപ്പാക്കുന്നതിന് എന്തെങ്കിലും പ്രത്യേക നടപടികൾ ആസൂത്രണം ചെയ്യുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഇതുതന്നെയായിരിക്കും നികുതി ഭരണത്തിൽ വരുത്താൻ പോകുന്ന ഏറ്റവും പ്രധാനപ്പെട്ട മാറ്റം. പഴയ ലക്കി വാറ്റിന്റെ പുനരവതരണമാണിത്. ഇത്തവണ ഉപഭോക്താക്കൾ കൂപ്പൺ വാങ്ങേണ്ടതില്ല; അത് അപ്രായോഗികമാണ്. ബില്ലിന്റെ ഫോട്ടോ മൊബൈലിൽ അപ്‌ലോഡ് ചെയ്താൽ മതി. അതിനുള്ള 'ആപ് ' അവർക്ക് കൊടുക്കും. കമ്പ്യൂട്ടറിൽത്തന്നെ നറുക്കെടുപ്പ് നടത്തി മാസത്തിൽ ഒരുതവണ അവർ കൊടുത്ത നികുതിയുടെ അഞ്ച് മടങ്ങുവരെ സമ്മാനമായി നൽകും. ഇത് ബിൽ വാങ്ങാൻ ആളുകളെ പ്രേരിപ്പിക്കുമെന്ന് കരുതുന്നു. ഇതിന് രണ്ടാംഭാഗം കൂടിയുണ്ട്. കമ്പ്യൂട്ടർ ബില്ലിംഗ് നടത്തുന്ന വ്യാപാരികൾ തത്സമയം, in real time basis, ബിൽ അപ്‌ലോഡ് ചെയ്യണം. അതിനുള്ള നിയമനിർമ്മാണം നടത്തേണ്ടിവരും. അങ്ങനെ ചെയ്താൽ വൈകുന്നേരം എല്ലാ ബില്ലും ഒരുമിച്ചെഴുതി നികുതിവകുപ്പിന് നൽകുന്ന രീതി അവസാനിക്കും. വ്യാപാരികൾ അപ്‌ലോഡ് ചെയ്യുന്ന ബില്ലിന്റെ കൂട്ടത്തിൽ ഉപഭോക്താക്കൾ അയച്ചുതരുന്ന ബില്ലുണ്ടാകണം. ഇത്തരത്തിലുള്ള നടപടി ഇന്നത്തെ നികുതി ചോർച്ച ഗണ്യമായി കുറയുന്നതിന് സഹായകരമാകുമെന്നാണ് കരുതുന്നത്. അതിന്റെ നിയമവശങ്ങളും മറ്റു കാര്യങ്ങളും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. വി. അൻവർ : സർ, നികുതി ചോർച്ചയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കുള്ള പങ്ക് വളരെയധികമാണ്. കാരണം, നികുതി എങ്ങനെ വെട്ടിക്കാമെന്നു പഠിപ്പിച്ചുകൊടുക്കുന്ന ഉദ്യോഗസ്ഥർ ഇന്ന് സംസ്ഥാനത്തുണ്ട്. 100 രൂപ നികുതി കൊടുക്കണമെങ്കിൽ അത് 25 രൂപയാക്കി ചുരുക്കാൻ ഉദ്യോഗസ്ഥർ കച്ചവടക്കാരെ പഠിപ്പിക്കുകയാണ്. അങ്ങനെ നികുതി നഷ്ടപ്പെടുത്തുന്ന അവസ്ഥയുണ്ട്. അത്തരത്തിലുള്ള ഉദ്യോഗസ്ഥരെ കണ്ടെത്തി അഴിമതി തടയുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ ശരിയുണ്ട്. കാരണം, റിട്ടയേർഡാകുന്ന നികുതി ഉദ്യോഗസ്ഥർ ടാക്സ് കൺസൾട്ടന്റുമാരായി മാറുകയാണ്. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ രഹസ്യങ്ങളെല്ലാം അവർക്കറിയാം. വിദഗ്ദ്ധ ഉപദേശമാണ് അവർ കൊടുക്കുന്നത്. പക്ഷേ, അവർ റിട്ടയേർഡ് ചെയ്തുകഴിഞ്ഞതിനാൽ ഒന്നും ചെയ്യാൻ സാധിക്കില്ല. എന്നാൽ സർവ്വീസിലുള്ള ഉദ്യോഗസ്ഥർ അഴിമതിക്ക് കൂട്ടുനിന്നാൽ കച്ചവടക്കാർക്ക് എളുപ്പമാകും. ഉദാഹരണമായി, അപ്പലേറ്റ് അതോറിറ്റികളിലുള്ള കേസുകൾ വെറുതെ റിമാന്റ് ചെയ്യുകയാണ്. അവിടെയൊക്കെ നടക്കുന്ന അഴിമതികൾ അതിഭീകരമാണ്. ഇതിന് രണ്ടു കാര്യങ്ങളാണ് പരിഹാരമായിട്ടുള്ളത്. ഒന്ന്, വിൽക്കൽ, വാങ്ങൽ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ സുതാര്യമായ രീതിയിൽ ലഭ്യമാക്കുന്നതിനുള്ള ഏർപ്പാടുണ്ടാകുമ്പോൾ ആർബിട്രറിയായ ഇടപെടലുകൾ കുറയ്ക്കാൻ കഴിയും. രണ്ട്, അഴിമതി കാണിക്കുന്നവരെ കർശനമായി ശിക്ഷിക്കുന്നതിനുള്ള ഏർപ്പാടുണ്ടായിരിക്കണം. കമ്പ്യൂട്ടറൈസേഷൻ വന്നതുമൂലം നികുതി ഓഫീസിൽ കയറിയിറങ്ങുക എന്നത് അനാവശ്യമായി മാറിയിരിക്കുകയാണ്. എല്ലാവരും ഫോം ഡൗൺലോഡ് ചെയ്തെടുക്കണം. ഇത്തരത്തിലുള്ള നവീകരണത്തിലൂടെയും അഴിമതിക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിലൂടെയും അഴിമതി കുറച്ചു കൊണ്ടുവരാൻ സാധിക്കും. അഴിമതിക്കാർക്കെതിരെ അടുത്ത ദിവസങ്ങളിൽ തന്നെ ചില നടപടികൾ എടുക്കുന്നതാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഉത്തരത്തിൽ പറഞ്ഞതുപോലെ അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയുംവേഗം തീർപ്പാക്കുന്നതിനായി ആംനെസ്റ്റി സ്കീം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുമോ? നികുതി വകുപ്പ്, ഹൈക്കോടതി, ട്രിബ്യൂണൽ എന്നിവിടങ്ങളിലെല്ലാം ഒട്ടനവധി കേസ്സുകൾ തീർപ്പാക്കാനുണ്ട്.

ഡോ. ടി. എം. തോമസ് ഐസക് : സർ, കേസ്സുകളുടെ സ്വഭാവത്തെക്കുറിച്ച് വിശദമായി പഠിച്ചാൽ മാത്രമേ ആംനെസ്റ്റി സ്കീമിനെക്കുറിച്ച് പറയാൻ സാധിക്കുകയുള്ളൂ. ആംനെസ്റ്റി സ്കീം കൊണ്ടുവരുന്നത് സംബന്ധിച്ച് രണ്ടു കാര്യങ്ങൾ ആലോചിക്കുന്നുണ്ട്. ഒന്ന്, പ്രിസംപ്റ്റീവ് ടാക്സ് ലിമിറ്റായ 65 ലക്ഷം രൂപ കഴിഞ്ഞാൽ ഫുൾ ടാക്സ് കൊടുക്കേണ്ടിവരും. അതുകൊണ്ട് എല്ലാവരും ആ പരിധിക്ക് താഴെ നിൽക്കാൻ വേണ്ടിയുള്ള ഏർപ്പാടുകളായിരിക്കും ചെയ്യുന്നത്. ഇത്തരത്തിലുള്ള ഇരുപതിനായിരം കേസ്സുകളെങ്കിലും ഇപ്പോൾ കണ്ടുപിടിച്ചിട്ടുണ്ട്. അവർക്ക് വേറെ ചോയ്സ് ഇല്ല, നികുതിയുടെ മൂന്ന് മടങ്ങ് പെനാൽറ്റി കൊടുക്കണം;

അത് വലിയ ഭാരമാണ്. അതുകൊണ്ട് ഈ കേസ്സുകളിൽ ആംനെസ്റ്റി സ്കീം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. അതുപോലെ സി.ആന്റ്.എ.ജി.-യുടെ 2009-10-ലെ റിപ്പോർട്ടിൽ ഏതാണ്ട് 14,000-ത്തോളം കേസ്സുകളിൽ ചില പ്രശ്നങ്ങളുണ്ടെന്നും തത്ഫലമായി വലിയ തോതിൽ നികുതി ചോർച്ചയുണ്ടായിട്ടുണ്ടെന്നും പറയുന്നുണ്ട്. അതിനാൽ ഇതുസംബന്ധിച്ചുള്ള നടപടികൾ പരിശോധിച്ച് അവിടെയും ഒരു ആംനെസ്റ്റി സ്കീം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്.

മി. സ്പീക്കർ : 31-ാം നമ്പർ ചോദ്യവുമായി 47-ാം നമ്പർ ചോദ്യം ക്ലബ്ബുചെയ്യാൻ ശ്രീ. മുരളി പെരുനെല്ലി ഒരു റിക്വസ്റ്റ് നൽകിയിട്ടുണ്ട്. അത് ചെയർ പരിശോധിച്ചു. ചോദ്യങ്ങളും ഉത്തരങ്ങളും വിഭിന്നമായതുകൊണ്ട് ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

ശ്രീ. കെ. വി. വിജയദാസ് : സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് സമ്മാനിച്ച വലിയ സാമ്പത്തിക ദുരന്തമാണ് അങ്ങ് ഏറ്റെടുത്തിട്ടുള്ളത്. ഈ ദുരന്തത്തിനിടയിലും നെല്ല് സംഭരിച്ച വകയിൽ 170 കോടി രൂപയും വിലക്കയറ്റം തടയാൻ 150 കോടി രൂപയും അനുവദിച്ച അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു. ഇവിടെ പ്രധാന പ്രശ്നം നികുതി ചോർച്ചയാണ്. ഇറച്ചിക്കോഴി, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങി ഒട്ടേറെ ഉൽപ്പന്നങ്ങൾ വ്യാപകമായി നികുതി വെട്ടിച്ച് ഊടുവഴികളിലൂടെ കടത്തുന്നുണ്ടെന്നുള്ള കാര്യം വസ്തുതയാണ്. നികുതി വെട്ടിപ്പ് തടയുന്നതിനായി ഇവയെല്ലാം പ്രത്യേകമായി ഐഡന്റിഫൈ ചെയ്യുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, എല്ലാ ഊടുവഴികളിലും ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കാൻ കഴിയില്ല. ഇതുസംബന്ധിച്ച് പരിശോധിച്ചതിനു ശേഷം ചില ഊടുവഴികളിലൂടെ വരാൻ പാടില്ല എന്ന നിബന്ധന വയ്ക്കാൻ സാധിക്കുമെന്നു തോന്നുന്നു. മറ്റുള്ളിടത്ത് കൂടുതൽ ചെക്കിംഗ് ഏർപ്പെടുത്തേണ്ടി വരും. മെയിൻ ചെക്ക്പോസ്റ്റുകളിൽ കാലതാമസമില്ലാതെ പരിശോധിച്ച് കടത്തിവിടുന്നതിനായി അവയെ നവീകരിക്കണം. നവീകരണ പ്രക്രിയ ഏറ്റവും എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന രണ്ടു ചെക്ക്പോസ്റ്റുകളാണ് മഞ്ചേശ്വരവും മുത്തങ്ങയും. സ്ഥലം അക്വയർ ചെയ്തിട്ടുണ്ട്. അതുകൊണ്ട് തുടക്കമെന്ന രീതിയിൽ അവിടെ മാതൃകാപരമായി ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുകയും അതിന്റെ ചുറ്റുപാടുമുള്ള ഊടുവഴികൾ കർശനമായി അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, വാല്യു ആഡഡ് ടാക്സ് സിസ്റ്റവുമായി ബന്ധപ്പെട്ട നിയമം നിയമസഭ പാസ്സാക്കിയപ്പോൾ അങ്ങ് ഉൾപ്പെടെയുള്ള ആളുകൾ അതിനെ അതിശക്തിയായി എതിർക്കുകയുണ്ടായി. പക്ഷേ അതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ വരുമാനമാണ് സംസ്ഥാനത്തിനുണ്ടായത്. എന്നാൽ ഇപ്പോൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ജി.എസ്.റ്റി.-യെ സംബന്ധിച്ച് കോൺഗ്രസ്സ് ഉൾപ്പെടെയുള്ള ദേശീയ പ്രതിപക്ഷ കക്ഷികൾ ഗൗരവകരമായ ചില ഉത്കണ്ഠകളും എതിർപ്പുകളും ഉയർത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് അങ്ങയുടെ പാർട്ടിയിലെ ചില നേതാക്കൻമാരും സമാനമായ അഭിപ്രായപ്രകടനങ്ങൾ നടത്തിയിട്ടുണ്ട്. ജി.എസ്.റ്റി.-യെ സംബന്ധിച്ച സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായവും തീരുമാനവും എന്താണ്; കേന്ദ്ര സർക്കാർ ഇപ്പോൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ജി.എസ്.റ്റി. അതേപടി അംഗീകരിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാണോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, വാറ്റ് ആയാലും ജി.എസ്.റ്റി. ആയാലും അടിസ്ഥാനപരമായിട്ടുള്ള ചില വിയോജിപ്പുകൾ ഇടതുപക്ഷത്തിനുണ്ട്. കോൺഗ്രസ്സിന് അതില്ല എന്നറിയാം. അതിന്റെ അടിസ്ഥാനത്തിലാണ് വാറ്റ് ഇവിടെ എതിർത്തത്. സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുന്നതുകൊണ്ടാണ് ആ എതിർപ്പ്. എന്നാൽ ഇപ്പോൾ വാറ്റ് യാഥാർത്ഥ്യമാണ്. അതിന് ഗുണവും ദോഷവുമുണ്ട്. നഷ്ടപ്പെടേണ്ട അധികാരം നഷ്ടപ്പെട്ടുകഴിഞ്ഞു. കാരണം, വാറ്റ് വ്യവസ്ഥയിൽ ഒരു സംസ്ഥാനത്തിനും തനിയെ നികുതി നിരക്ക് മാറ്റാൻ പറ്റില്ല. ഈയൊരു സാഹചര്യത്തിൽ ജി.എസ്.റ്റി.-യിലേക്ക് പോകുന്നതുകൊണ്ട് സംസ്ഥാനത്തിന് നഷ്ടമില്ല. മറിച്ച്, സംസ്ഥാനത്തിന്റെ നികുതി വലയത്തിൽ ഇല്ലാത്ത സർവ്വീസ് ടാക്സ് കിട്ടുന്നുണ്ട്. അതിന്റെ ഫലമായി ഉപഭോക്തൃസംസ്ഥാനമായിട്ടുള്ള കേരളത്തിൽ നികുതി വരുമാനം കൂടുന്നു. അതുകൊണ്ട് ജി.എസ്.റ്റി.-യെ എതിർക്കുന്നില്ല. കോൺഗ്രസ്സ് അധികാരത്തിലിരുന്നപ്പോൾ ജി.എസ്.റ്റി. കൊണ്ടുവരാൻ ശ്രമിച്ചതാണ്. അന്നുണ്ടായതുപോലെയുള്ള ഉത്കണ്ഠ ഇന്നുമുണ്ട്. ആ ഉത്കണ്ഠ പ്രകടിപ്പിക്കേണ്ട വേദിയിൽ പ്രകടിപ്പിക്കുകയും ചർച്ചകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ നിലപാടിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്യും. അല്ലാതെ ഇതിനെ കംപ്ലീറ്റായി തടഞ്ഞു നിർത്തുക എന്നുള്ള സമീപനമല്ല.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : സർ, കേരളത്തിന് പുറത്തുനിന്ന് സാധനങ്ങൾ കൊണ്ടുവരുമ്പോൾ വ്യാപാരി ഇ.എഫ്.എ. ഫയൽ ചെയ്താൽ അതിന്റെ ഉത്തരവാദിത്വം മുഴുവൻ ആ വ്യാപാരിക്കാണ്. പക്ഷേ, അതിൽ അക്ഷരത്തെറ്റ്, ഫുൾസ്റ്റോപ്പ്, കോമ എന്നിവ ഇല്ലായെന്ന് പറഞ്ഞ് വ്യാപാരികളെ ബുദ്ധിമുട്ടിക്കുന്ന

സ്ഥിതിവിശേഷമുണ്ട്. എത്ര തുക സെക്യൂരിറ്റി ചെയ്യണമെന്ന് അവർ നിർദ്ദേശിച്ചിട്ടുണ്ട്. ഇ-സെക്യൂരിറ്റി സിസ്റ്റമില്ലാത്തതുകൊണ്ട് നേരിട്ടാണ് ഈ നടപടികൾ ചെയ്യേണ്ടത്. ഇ.എഫ്.എ. ഫയൽ ചെയ്താൽ അതിന്റെ മുഴുവൻ ഉത്തരവാദിത്വം ആ വ്യാപാരിക്കാണെന്നുള്ള കാര്യം തീർച്ചയാണ്. അതുപോലെ, ഇൻപുട്ട് ടാക്സ് കൂട്ടുതലാകുമ്പോൾ റീ-ഫണ്ട് കുടിശ്ശിക രണ്ടും മൂന്നും കൊല്ലം ബാക്കിയാണ്. അങ്ങനെ വരുമ്പോൾ ഈ തുക തിരിച്ച് കൊടുക്കുന്നതിന് ചില ഓഫീസുകൾ പെർസെന്റേജ് ചോദിക്കാറുണ്ട്. അതുകൊണ്ട് റീഫണ്ട് ഇ-പേമെന്റ് സിസ്റ്റം ഒരു കൃത്യമായ കാലാവധി വച്ച് കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ഫുൾസ്റ്റോപ്പും കോമയുമൊക്കെ ഇല്ലാത്തതിന്റെ അടിസ്ഥാനത്തിൽ തടഞ്ഞുവയ്ക്കുക, വലിയ തോതിൽ പെനാൽറ്റി അടച്ച് അപ്പീൽ കൊടുത്ത് അത് പിൻവലിക്കുക എന്നിങ്ങനെയുള്ള സമ്പ്രദായം അവസാനിപ്പിക്കുകതന്നെ വേണം. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് അങ്ങനെയൊരു ആക്ഷേപം വന്നിരുന്നില്ല. പിന്നീട് അഴിമതിമൂലം നികുതി വരുമാനം ഗണ്യമായി കുറഞ്ഞു. അവസാന വർഷമായപ്പോൾ ആ കുറവ് നികത്താനുള്ള ശ്രമത്തിൽ ടാർജറ്റ് തികയ്ക്കുന്നതിനുവേണ്ടി ഇത്തരത്തിലുള്ള കർശന നിലപാടുകൾ പല സ്ഥലത്തും സ്വീകരിച്ചുവന്നതാണ്. അത് പരിശോധിച്ച് വ്യാപാരികളുമായി ചർച്ച ചെയ്തതിനുശേഷം നികുതി ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലൂടെ ഈ പ്രയാസം ഇല്ലാതാക്കുന്നതിന് പരമാവധി പരിശ്രമിക്കുന്നതാണ്. റീ-ഫണ്ട് മൂന്നുവർഷത്തെ കുടിശ്ശിക ബാക്കിയുണ്ടെന്ന കാര്യത്തിൽ എനിക്കും അത്ഭുതമാണ്. അത് പരിശോധിച്ചശേഷം പരിഹാരമുണ്ടാക്കും. റീ-ഫണ്ട് അപ്പോൾത്തന്നെ കൊടുക്കേണ്ട കാര്യമേയുള്ളൂ; കുടിശ്ശിക വരുത്താൻ പാടില്ലാത്തതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, ഇപ്രാവശ്യത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ ബഡ്ജറ്റിന് പുറമെയുള്ള വായ്പ വാങ്ങലിലൂടെ വൻകിട പദ്ധതികളിലുള്ള പൊതു നിക്ഷേപങ്ങൾ വർദ്ധിപ്പിച്ച് വികസനം ത്വരിതപ്പെടുത്താനുള്ള ശ്രമമുണ്ടാകുമെന്ന് പറയുന്നുണ്ട്. ഏതൊക്കെ വൻകിട പദ്ധതികളിലേക്കാണ് ഇത്തരം നിക്ഷേപങ്ങൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; മറ്റൊരു കാര്യം, എന്റെ നിയോജക മണ്ഡലത്തിൽ സംസ്ഥാന അതിർത്തിയിൽനിന്ന് 50 കിലോമീറ്റർ മാറിയാണ് ഒരു ചെക്ക്പോസ്റ്റുള്ളത്. നമ്മുടെ സംസ്ഥാനത്തുള്ളവർതന്നെ ഈ ചെക്ക്പോസ്റ്റിൽ ചെക്കിംഗിന് വിധേയരാകുകയാണ്. മട്ടത്തുകാട് സ്ഥാപിക്കേണ്ട ചെക്ക്പോസ്റ്റാണ് ഇവിടെ സ്ഥാപിച്ചിട്ടുള്ളത്. അട്ടപ്പാടി, തമിഴ്നാട് ബോർഡറിലാണ്.

അന്ന് ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഊടുവഴികളിൽക്കൂടി സാധനങ്ങൾ കടത്തിക്കൊണ്ട് പോകുന്നതുകൊണ്ടാണ് 50 കിലോമീറ്റർ മാറി ചെക്ക്പോസ്റ്റ് സ്ഥാപിച്ചതെന്നാണ് പറഞ്ഞത്. ഊടുവഴികൾ കൃത്യമായി ബ്ലോക്ക് ചെയ്യുകയും ചെക്ക്പോസ്റ്റുകളിൽ കൂടുതൽ ചെക്കിംഗ് ഏർപ്പെടുത്തുകയും ചെയ്യുമെന്ന് ഒരു ചോദ്യത്തിനുത്തരമായി അങ്ങ് പറഞ്ഞു. അങ്ങനെയാണെങ്കിൽ ഇക്കാര്യംകൂടി പരിഗണിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഊടുവഴികളിലെ ചെക്ക്പോസ്റ്റിന്റെ കാര്യം വിശദമായി പരിശോധിച്ചതിനുശേഷം പറയാം. ഓഫ് ഹാൻഡായി മറുപടി പറയാൻ ബുദ്ധിമുട്ടാണ്. മറ്റൊന്ന്, ബഡ്ജറ്റിന് പുറമെയുള്ള വായ്പ വാങ്ങലിലൂടെ ഏത് പദ്ധതികളിലാണ് നിക്ഷേപങ്ങൾ നടത്താൻ പോകുന്നതെന്ന കാര്യം ബഡ്ജറ്റ് ചർച്ചാസമയത്ത് വെളിപ്പെടുത്തുന്നതായിരിക്കും ഉചിതം. പക്ഷേ ബഡ്ജറ്റിന് പുറത്ത് വായ്പയെടുക്കാൻ പോകുന്ന രീതികൾ നൂതനമായിരിക്കുമെങ്കിലും നമുക്ക് സുപരിചിതമാണ്. കൊച്ചി മെട്രോ നിർമ്മാണം നടക്കുന്നത് സംസ്ഥാന സർക്കാർ നൽകുന്ന പണംകൊണ്ട് മാത്രമല്ല, ബഡ്ജറ്റിന് പുറത്ത് വായ്പ എടുക്കുന്നതുകൊണ്ടുകൂടിയാണ്. ഈ മാതൃക കൂടുതൽ വിപുലമായി, ചിട്ടയായ ഒരു സമ്പ്രദായമായി മാറ്റാനാണ് ശ്രമിക്കുന്നത്.

ശ്രീ. സി. ദിവാകരൻ : സർ, സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനും നിത്യനിദാന ചെലവുകൾക്കുമുള്ള ശക്തമായ ഒരു ധനകാര്യ സ്രോതസ്സാണ് നികുതി പിരിച്ചെടുക്കൽ. ഇവിടെ ചർച്ച ചെയ്യുന്നത് നികുതി ചോർച്ചയുടെ വഴികളാണ്. എന്റെ ചോദ്യം, കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ നികുതി ചോർച്ചയിൽ എത്ര കോടി രൂപ കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്; എത്ര ചോർച്ച സംഭവിച്ചിട്ടുണ്ട്? രണ്ടാമതായി, ഈ കുടിശ്ശിക പിരിച്ചെടുക്കാൻ ആധുനികസംവിധാനങ്ങളെന്തെങ്കിലും ഗവൺമെന്റ് ആവിഷ്കരിക്കുന്നുണ്ടോ; സാധാരണഗതിയിൽ റെയ്ഡാണ് നടക്കുന്നത്. പക്ഷേ, റെയ്ഡുകൊണ്ട് വലിയ കാര്യമില്ല. എന്താണ് ഇതിനൊരു പുതിയ മാർഗ്ഗം?

ഡോ. ടി. എം. തോമസ് ഐസക് : സർ, സെയിൽസ് ടാക്സ്, സി.എസ്.ടി., എക്സൈസ്, മോട്ടോർ വെഹിക്കിൾസ് ടാക്സ് എന്നീ ഇനത്തിൽ മൊത്തം 12,608 കോടി രൂപ കുടിശ്ശികയുണ്ട്. അതിൽ 7695 കോടി രൂപ തർക്കത്തിൽ കിടക്കുകയാണ്. എന്നാൽ 5013 കോടി രൂപ തർക്കമില്ലാത്ത തുകയാണ്. തർക്കമില്ലാത്ത തുക എന്തുകൊണ്ടാണ് പിരിക്കാൻ സാധിക്കാത്തതെന്ന് എനിക്ക് മനസ്സിലായിട്ടില്ല. അതുകൊണ്ട് ഓരോ കേസ്സായി പരിശോധിച്ചതിനുശേഷം

കളക്ടർമാരുടെ യോഗം വിളിച്ചുചേർത്ത് ഇക്കാര്യം ചർച്ച ചെയ്യുകയും റവന്യൂ വകുപ്പിന്റെ സഹായത്തോടുകൂടി ഊർജ്ജിത റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. തർക്കത്തിൽപ്പെട്ട് കിടക്കുന്നതെല്ലാം കോടതി കേസ്സിലും വ്യവഹാരത്തിലുമാണ്. എ.ജി.-യുടെ സഹായത്തോടുകൂടി ഓരോ കേസും അനന്തമായി നീണ്ടുപോകാതെ എത്രയുംപെട്ടെന്ന് തീർക്കാൻ കഴിഞ്ഞാൽ ആ നികുതി പിരിച്ചെടുക്കാൻ സാധിക്കും. അത്തരത്തിലുള്ള നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്.

## ധന ഉത്തരവാദിത്വ നിയമം

2 (*32) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. മുകേഷ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ പാസ്സാക്കിയ ധന ഉത്തരവാദിത്വ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണ്; മുൻ സർക്കാരിന് അത് പാലിക്കുന്നതിന് സാധിച്ചുവോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകളോടുള്ള സമീപനം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്താനുതകും വിധം കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ മുന്നിൽ ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) 2011-ലെ കേരള ധന ഉത്തരവാദിത്വ (ഭേദഗതി) നിയമത്തിലെ പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം യഥാക്രമം 1.4%, 0.9%, 0.5%, 0% എന്നീ ക്രമത്തിൽ കുറച്ചു കൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31-ന് അവസാനിക്കുന്ന നാലു വർഷക്കാലയളവിനുള്ളിൽ റവന്യൂകമ്മി ഇല്ലാതാക്കേണ്ടതാണ്. റവന്യൂമിച്ചം വർദ്ധിപ്പിക്കുകയും ആ തുക ആസ്തികളെക്കാൾ കൂടുതലായുള്ള ബാദ്ധ്യതകൾ കൊടുത്തുതീർക്കുന്നതിന് ഉപയോഗപ്പെടുത്തേണ്ടതുമാണ്.

ഇതേ ആക്റ്റ് പ്രകാരം 2011-12, 2012-13 എന്നീ വർഷങ്ങളിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3.5 ശതമാനത്തിൽ കവിയാത്ത നിലയിൽ നിലനിർത്തിക്കൊണ്ട് 2013-14-ൽ 3 ശതമാനമായി കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2014 മാർച്ച് 31-ന് അവസാനിക്കുന്ന മൂന്ന് വർഷക്കാലയളവിനുള്ളിൽ ധനസംബന്ധമായ കമ്മി സംസ്ഥാനത്തെ മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനമായി കുറയ്ക്കേണ്ടതുമാണ്. അതുപോലെതന്നെ 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ യഥാക്രമം 32.3%, 31.7%, 30.7%, 29.8% എന്ന ക്രമത്തിലേക്ക് കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31-ന് അവസാനിക്കുന്ന നാലുവർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പാദനത്തിന്റെ 29.8 ശതമാനമായി കുറയ്ക്കുകയും ചെയ്യേണ്ടതാണ്.

2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിലെ റവന്യൂകമ്മി, ധനകമ്മി, കടബാധ്യത തുടങ്ങിയവയുടെ ധന ഉത്തരവാദിത്വ നിയമപ്രകാരമുള്ള ലക്ഷ്യവും നേട്ടവും ചുവടെ ചേർക്കുന്നു.

(ജി.എസ്.ഡി.പി.-യുടെ ശതമാനത്തിൽ)

| | 2011-12 | | 2012-13 | | 2013-14 | | 2014-15 | |
|---|---|---|---|---|---|---|---|---|
| | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം |
| റവന്യൂ കമ്മി | 1.4 | 2.61 | 0.9 | 2.68 | 0.5 | 2.44 | ... | 2.65 |
| ധനകമ്മി | 3.5 | 4.16 | 3.5 | 4.29 | 3 | 3.66 | 3 | 3.59 |
| കടബാധ്യത | 32.3 | 29.04 | 31.7 | 29.64 | 30.7 | 26.71 | 29.8 | 26.05 |

13-ാം ധനകാര്യ കമ്മീഷൻ ശിപാർശയനുസരിച്ചുള്ള 2011-ലെ കേരള ധന ഉത്തരവാദിത്വ (ഭേദഗതി) നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാനത്തിന് സാധിച്ചിട്ടില്ല. ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ,

ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും നികുതി (Tax-GSDP) വളർച്ചാനിരക്കിലുള്ള കുറവും കാരണമാണ് 13-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള സാമ്പത്തിക ദൃഢീകരണ പ്രക്രിയയുടെ ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്. എന്നാൽ കടബാധ്യത ജി.എസ്.ഡി.പി.-യുടെ അനുപാത ലക്ഷ്യങ്ങൾ (Debt-GSDP) 2011-12 സാമ്പത്തിക വർഷം മുതൽ കൈവരിക്കുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.

(ബി) റവന്യൂകമ്മി കുറച്ചുകൊണ്ടുവരിക എന്ന നിബന്ധനയോട് സർക്കാരിന് യോജിപ്പാണ്. എന്നാൽ അനിവാര്യ ചെലവുകൾ വെട്ടിക്കുറച്ചുകൊണ്ടോ അവ മാറ്റിവച്ചുകൊണ്ടോ അല്ല ഈ ലക്ഷ്യം കൈവരിക്കേണ്ടത്. തനതു നികുതി വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് റവന്യൂകമ്മി പടിപടിയായി കുറച്ചുകൊണ്ടുവരിക എന്നതാണ് സർക്കാരിന്റെ സമീപനം. എന്നാൽ സംസ്ഥാനങ്ങളുടെ Debt Sustainability പരിഗണിക്കാതെ ധനകമ്മിക്ക് ഒരു ഏകീകൃത പരിധി നിശ്ചയിക്കുന്നത് ഇപ്പോഴത്തെ ആഗോള സാമ്പത്തിക വ്യവസ്ഥിതിയിൽ അഭികാമ്യമല്ല. ധന ഉത്തരവാദിത്വ നിയമത്തിൽ നിഷ്കർഷിക്കുന്ന കടബാധ്യത ജി.എസ്.ഡി.പി.-യുടെ അനുപാത ലക്ഷ്യങ്ങൾ (Debt-GSDP) 2011-12 സാമ്പത്തിക വർഷം മുതൽ കൈവരിക്കുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനങ്ങളുടെ Debt Sustainability അടിസ്ഥാനമാക്കി ധനകമ്മിയുടെ ലക്ഷ്യം നിശ്ചയിക്കുകയും അതിലൂടെ വികസന പ്രവർത്തനങ്ങൾക്കായി കൂടുതൽ വായ്പ എടുക്കുന്നതിനായി സംസ്ഥാനങ്ങളെ അനുവദിക്കേണ്ടതുമാണ്.

(സി) 14-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം (Vertical Devolution) 32 ശതമാനത്തിൽനിന്ന് 42 ശതമാനമായി വർദ്ധിപ്പിക്കുകയും സംസ്ഥാനത്തിന്റെ വിഹിതം (Horizontal Devolution) 2.34 ശതമാനത്തിൽനിന്ന് 2.50 ശതമാനമായി വർദ്ധിപ്പിച്ചെങ്കിലും സംസ്ഥാനങ്ങൾക്ക് നൽകുന്ന ആകെ വിഹിതം മുൻകാലങ്ങളിലെപ്പോലെ 61-62 ശതമാനമായി മാത്രം നിലനിർത്തിയതുകാരണം കേന്ദ്ര നികുതിയിനങ്ങളുടെ സംസ്ഥാന വിഹിതത്തിൽ മിതമായ വർദ്ധന മാത്രമാണുണ്ടായിട്ടുള്ളത്. 14-ാം ധനകാര്യ കമ്മീഷൻ അവാർഡ് വഴി ലഭിക്കുന്ന വർദ്ധനവിന്റെ സിംഹഭാഗവും കേന്ദ്രസർക്കാർ നിർത്തലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്രവിഹിതം വെട്ടിക്കുറച്ച പദ്ധതികളും നടപ്പിലാക്കുന്നതിനായി ചെലവഴിക്കേണ്ടി വരുന്നതിനാൽ പുതിയ വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ കഴിയാതെ വരുന്നു. ധന ഉത്തരവാദിത്വ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള

ധനകമ്മിയുടെ പരിധിക്കുള്ളിൽ തന്നെ കടമെടുപ്പ് നിർത്തേണ്ടി വരുന്നതിനാലും റവന്യൂ ചെലവ് ഒരു പരിധിക്കപ്പുറം കുറയ്ക്കാൻ കഴിയാത്തതുകാരണവും വികസന ചെലവുകൾക്ക് പണം തികയാതെ വരുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കാനുതകുന്ന നിർദ്ദേശങ്ങൾ/അഭിപ്രായങ്ങൾ, നിലവിലെ എഫ്.ആർ.ബി.എം. ആക്ട് അവലോകനം ചെയ്യുന്നതിനുവേണ്ടി കേന്ദ്രസർക്കാർ നിയമിച്ച എഫ്.ആർ.ബി.എം. കമ്മിറ്റിയുടെ മുമ്പാകെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ നിശ്ചിത കാലയളവിനുള്ളിൽ ധനകമ്മി കുറയ്ക്കുന്നതിനും കമ്മി ഇല്ലാതാക്കുന്നതിനും വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; സ്വീകരിച്ച നടപടി ഫലപ്രദമായിരുന്നോ; ആഗോള സാമ്പത്തിക മാന്ദ്യം അനുഭവപ്പെട്ട കാലത്തുപോലും ഇൻഡ്യയും കേരളവും പിടിച്ചുനിന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. അതിനേക്കാളും വലിയ മാന്ദ്യവും കടവുമാണ് കഴിഞ്ഞ കാലത്തുണ്ടായത്. എന്തുകൊണ്ട് അങ്ങനെ സംഭവിച്ചു എന്നതിനെ കുറിച്ച് മറുപടി പറയാമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, നമ്മുടെ സംസ്ഥാനത്ത് ധന ഉത്തരവാദിത്വ നിയമം പാസ്സാക്കിയ സമയത്ത് യു.ഡി.എഫ്. സർക്കാരാണ് അധികാരത്തിലുണ്ടായിരുന്നത്. വളരെ കർശനമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി റവന്യൂ കമ്മി ഗണ്യമായി കുറഞ്ഞു. പിന്നീട് വന്ന എൽ.ഡി.എഫ്. സർക്കാരും ഈ പാതതന്നെ പിന്തുടർന്നു. രണ്ടുപേരും തമ്മിൽ ഒരു വ്യത്യാസമുണ്ട്. ശ്രീ. എ. കെ. ആന്റണി സർക്കാരിന്റെ കാലത്ത് ചെലവുകൾ കർശനമായി ചുരുക്കുന്ന കാര്യത്തിലാണ് ഊന്നൽ നൽകിയത്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ചെലവ് ചുരുക്കുന്നതിനെക്കാൾ വരുമാനം വർദ്ധിപ്പിച്ച് കമ്മി കുറയ്ക്കുന്നതിനാണ് ഊന്നൽ നൽകിയത്. ഈ വ്യത്യാസമുണ്ടെങ്കിലും ആ പത്തുവർഷക്കാലം കേരളത്തിന്റെ റവന്യൂ കമ്മി കുറഞ്ഞുവരികയായിരുന്നു. അക്കാര്യം നാളെ ഇവിടെ അവതരിപ്പിക്കുന്ന ധവളപത്രത്തിൽ വളരെ വ്യക്തമായിട്ടുണ്ടാകും. ആ രീതി തുടർന്നിരുന്നെങ്കിൽ പതിനാലാം ധനകാര്യ കമ്മീഷൻ പറഞ്ഞതുപോലെ റവന്യൂ കമ്മി ഇല്ലാതാകുമായിരുന്നു. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ ഗതി മാറി, റവന്യൂ കമ്മി ക്രമാതീതമായി കൂടാൻ തുടങ്ങി. ബഡ്ജറ്റിൽ കുറച്ചു കാണിക്കുമെങ്കിലും യഥാർത്ഥത്തിൽ കൂടുകയാണുണ്ടായത്. അങ്ങനെ പത്തുവർഷ കാലത്തെ ഫിസ്കൽ കൺസോളിഡേഷൻ ഇല്ലാതായി. കഴിഞ്ഞ അഞ്ചുവർഷത്തെ പോലെയാണ് നികുതി വരുമാനവും ചെലവും പോകുന്നതെങ്കിൽ നടപ്പുവർഷം പതിനേഴായിരം കോടി രൂപ റവന്യൂ കമ്മി വരുമെന്നതാണ് ഇന്നത്തെ സ്ഥിതിവിശേഷം. ശമ്പളം,പെൻഷൻ എന്നിവയിലുള്ള കുടിശ്ശിക അടുത്ത വർഷം

കൊടുക്കേണ്ടതുണ്ട്. അടുത്ത വർഷം ഇരുപത്തേഴായിരം കോടി രൂപ റവന്യൂ കമ്മി വരുമെന്നാണ് കാണുന്നത്. നമുക്ക് ഇരുപതിനായിരം കോടി രൂപയിലധികം വായ്പയെടുക്കാൻ അനുവാദമുണ്ടാകില്ല. പരിപൂർണ്ണമായ സ്തംഭനത്തിലേക്ക് പോകുന്ന പാതയാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചത്. നിശ്ചയമായും ഇങ്ങനെ പോകാൻ കഴിയില്ല, തിരുത്തലുകൾ വേണ്ടിവരും.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, കഴിഞ്ഞ അഞ്ചുവർഷക്കാലം ഭരിച്ച ഗവൺമെന്റ് ആകെ വാങ്ങിയ കടം എത്രയാണെന്നും അതിൽ വികസന മേഖലയിൽ എത്ര തുക ചെലവാക്കിയെന്നും പറയാമോ; വരുമാനത്തെക്കാളും ചെലവ് വർദ്ധിക്കുന്നതിന്റെ ഫലമായിട്ടാണ് കമ്മി ആയതെന്നാണ് പറഞ്ഞത്. അക്കാര്യം ശരിയാണോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, മൊത്തം കടം അഞ്ചുവർഷംകൊണ്ട് എത്ര കൂടിയെന്നതിന്റെ കൃത്യമായ കണക്ക് ഇപ്പോൾ പറയാൻ കഴിയില്ല. മൊത്തം കടം ഭരണം തുടങ്ങിയപ്പോഴുള്ളതിന്റെ നേരെ ഇരട്ടിയായി. ഭരണം തുടങ്ങിയപ്പോഴുള്ളതിന്റെ ഇരട്ടിയായതുകൊണ്ട് അതിനെ വിമർശിക്കാൻ ഞാനില്ല. പക്ഷേ പ്രധാന പ്രശ്നം, എടുത്ത കടം എന്തിന് ഉപയോഗിച്ചു എന്നുള്ളതാണ്. എടുത്ത കടം നമ്മുടെ റോഡുകളും പാലങ്ങളും ആസ്തികളുമൊക്കെ ഉണ്ടാക്കാൻ വേണ്ടിയാണെങ്കിൽ കടത്തിന്റെ ബാധ്യതയ്ക്ക് സമമായി നമ്മുടെ ബാലൻസ് ഷീറ്റിൽ ആസ്തിയുണ്ടാകും. അതുകൊണ്ട് പ്രശ്നമില്ല. പക്ഷേ കടത്തിന്റെ 60-70 ശതമാനവും സർക്കാരിന്റെ നിത്യനിദാന ചെലവുകൾക്കുവേണ്ടിയാണ് വിനിയോഗിച്ചത് എന്നതാണ് വസ്തുത. അതിന്റെ ഫലമായി കടം ഭാരമായി മാറിയിരിക്കുകയാണ്.

ശ്രീ. രാജു എബ്രഹാം : സർ, പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് വഴി ലഭിക്കുന്ന വർദ്ധനവിന്റെ സിംഹഭാഗവും കേന്ദ്രസർക്കാർ നിർത്തലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്ര വിഹിതം വെട്ടിക്കുറച്ച പദ്ധതികളും നടപ്പിലാക്കുന്നതിനായി ചെലവഴിക്കേണ്ടി വരുന്നതിനാൽ പുതിയ വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ കഴിയാതെ വരുന്നു എന്നാണ് അങ്ങ് നൽകിയ മറുപടി. ഇതൊരു ഗുരുതരമായ പ്രശ്നമാണ്. മറുഭാഗത്ത് കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക ആറായിരം കോടി രൂപയിലധികവും പൊതുകടം ഒന്നര ലക്ഷം കോടി രൂപയിലധികവും വരുന്നു. ഈ ധനകാര്യ പ്രതിസന്ധിയിൽ നിന്നും കേരളത്തെ രക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഇതിന് മറുപടി പറയുക എന്നത് എളുപ്പമുള്ള കാര്യമല്ല. ഒരു കാര്യം പറയാനുള്ളത്, ചെലവുകൾ ചുരുക്കാൻ സാധിക്കില്ല. ചെലവിൽ ഏറ്റവും പ്രധാനപ്പെട്ടത് ശമ്പളം, പലിശ, പെൻഷൻ

എന്നിവയാണ്. ഇത് ആർക്കെങ്കിലും കുറയ്ക്കാൻ കഴിയുമോ? അതുപോലെ മറ്റ് നിക്ഷേപങ്ങൾ കുറയ്ക്കാനും കഴിയില്ല. നോൺ-പ്ലാൻ റവന്യൂ എക്സ്പെൻഡിച്ചറാണ് കുറയ്ക്കാൻ കഴിയുന്നത്. പദ്ധതിയേതര റവന്യൂ ചെലവിൽനിന്ന് ശമ്പളവും പെൻഷനും പലിശയും കുറച്ചാൽ വരുന്ന തുക നിയന്ത്രിക്കാം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പദ്ധതിയേതര റവന്യൂ ചെലവിൽ നിന്ന് ശമ്പളവും പെൻഷനും പലിശയും കുറച്ചാൽ കിട്ടുന്ന തുക 25 ശതമാനത്തോളം വരുമായിരുന്നു. അത് 30 ശതമാനമായി വർദ്ധിച്ചു. അതാണ് ധൂർത്തിന്റെ സൂചികയെന്നു പറയുന്നത്. മറ്റ് ചെലവുകൾ വർദ്ധിച്ചതിനെക്കുറിച്ചല്ല പറയുന്നത്. ഇത് നിയന്ത്രിക്കാമായിരുന്നു. പക്ഷെ നിയന്ത്രിച്ചില്ല. അവിടെ ഞങ്ങൾ നിയന്ത്രണം കൊണ്ടുവരും. മറ്റൊന്ന്, വരുമാനത്തിന്റെ വളർച്ചാ നിരക്ക് പകുതിയായി കുറഞ്ഞു. അവിടെ തിരുത്തലുണ്ടാകണം. ഇന്നത്തെ സാഹചര്യത്തിൽ 20-25 ശതമാനത്തിനിടയ്ക്ക് നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ മാത്രമേ ധനപ്രതിസന്ധിയിൽനിന്ന് രക്ഷപ്പെടാൻ കഴിയൂ. അതിനുള്ള നടപടികൾ സർക്കാർ ആലോചിക്കും.

ശ്രീ. എം. മുകേഷ് : സർ, കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ആകെ എടുത്ത വായ്പ എത്രയായിരുന്നെന്നും അതിൽ എത്ര തുക വികസനമേഖലയിൽ ഉപയോഗിച്ചുവെന്നും പറയാമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഇതിനുള്ള ഉത്തരം ഓഫ് ഹാൻഡായി പറയാൻ കഴിയില്ല. പ്രത്യേക ചോദ്യമായി തന്നുകഴിഞ്ഞാൽ നിശ്ചയമായും പറയാം. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് സർക്കാരിന്റെ കടം ഇരട്ടിയായി. ഇനിയും അഞ്ച് വർഷം കഴിഞ്ഞ് നോക്കുമ്പോൾ കേന്ദ്ര സർക്കാർ അനുവദിച്ച കടമെടുത്താൽ ഗണ്യമായ വർദ്ധനവ് വരും. പക്ഷേ ഇവിടെ കാതലായ പ്രശ്നം, ഇതിൽ എത്ര കോടി രൂപ റവന്യൂ ചെലവിനു വേണ്ടിയും ദൈനംദിന ചെലവിനുവേണ്ടിയും ഉപയോഗിച്ചു എന്നതാണ്. റവന്യൂ ചെലവ് റവന്യൂ വരുമാനത്തിൽ നിന്നാകണമെന്നതാണ് ബഡ്ജറ്റിംഗ് തത്വം. അതാണ് റവന്യൂ കമ്മി പൂജ്യമാക്കാമെന്നു പറയുന്നതിന്റെ അർത്ഥം. എന്നാൽ ഇവിടെയുണ്ടായിരിക്കുന്നത്, റവന്യൂ കമ്മി കൂടി വരികയും എടുക്കുന്ന വായ്പ ചെലവഴിക്കുകയും അതിന്റെ ഫലമായി കോൺട്രാക്ടർമാർക്കെല്ലാം കുടിശ്ശിക ഉണ്ടാകുകയും ചെയ്യുകയാണ്. പുതിയ വൻകിട നിക്ഷേപങ്ങളെടുക്കാൻ നമുക്ക് കഴിയുന്നില്ല. അങ്ങനെ വരുമ്പോൾ പുറത്തുനിന്ന് വായ്പയെടുക്കേണ്ടിവരും. വായ്പ തരുന്നവർ നമ്മുടെ ബഡ്ജറ്റ് നോക്കുമ്പോൾ റവന്യൂ കമ്മി കൂടുതലാണെങ്കിൽ ഇതിന്റെ ഉടമസ്ഥൻ സർക്കാരായതിനാൽ വായ്പ തരുന്ന കാര്യത്തെക്കുറിച്ച് അവർ ആലോചിക്കും. ഭാവിയെപ്പോലും പണയപ്പെടുത്തുന്ന ഒരു ചെലവ് രീതിയാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം ഇവിടെ അനുവർത്തിച്ചിരുന്നത്.

ശ്രീ. ബി. ഡി. ദേവസ്സി : സർ, റവന്യൂ കമ്മി കുറയ്ക്കാനായി ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം കേന്ദ്രത്തിൽനിന്ന് ലഭിച്ച ഗ്രാന്റ്, വ്യവസ്ഥകൾക്ക് വിധേയമായിരുന്നോ; എങ്കിൽ എന്തൊക്കെ വ്യവസ്ഥകൾക്ക് വിധേയമായിരുന്നു; ഈ വ്യവസ്ഥ നിലവിലെ സാമ്പത്തിക സ്ഥിതിയെ എങ്ങനെ ബാധിക്കുമെന്ന് വിശദീകരിക്കാമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, കേന്ദ്രസർക്കാർ തരുന്ന നികുതി വിഹിതം വ്യവസ്ഥകൾക്ക് വിധേയമായിരിക്കും. നമ്മുടെ ഗ്രാന്റ് ഇനങ്ങൾ കൂടുതൽ കൂടുതൽ വ്യവസ്ഥകൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാന വ്യവസ്ഥ ധന ഉത്തരവാദിത്വ നിയമത്തിന്റെ പുതുക്കിയ ടാർജറ്റുകൾ നമ്മൾ മീറ്റ് ചെയ്യണമെന്നതാണ്. അത് മീറ്റ് ചെയ്തില്ലെങ്കിൽ ചില ഗ്രാന്റുകൾ നഷ്ടപ്പെടും. ഇതുവരെ അങ്ങനെ വന്നിട്ടില്ല. പക്ഷേ അങ്ങനെയൊരു ഭീഷണി നിലനിൽക്കുന്നുണ്ട്. ധന ഉത്തരവാദിത്വ നിയമത്തിന്റെ നിബന്ധനകൾ പൂർണ്ണമായി പാലിച്ചിരുന്നെങ്കിൽ നമുക്ക് ഒരു ശതമാനം കൂടുതൽ വായ്പ കിട്ടുമായിരുന്നു. കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്ത് ഒരു ശതമാനം കൂടുതൽ വായ്പ ആവശ്യപ്പെട്ടുകൊണ്ട് കത്തെഴുതിയെങ്കിലും വായ്പ കിട്ടിയില്ല. ധന ഉത്തരവാദിത്വ നിയമത്തിന്റെ നിബന്ധനകൾ പാലിച്ചിട്ടില്ലാത്തതിനാൽ ഒരു ശതമാനം കൂടുതൽ വായ്പ കിട്ടാൻ അവകാശമില്ലെന്നാണ് പറഞ്ഞത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, കേരള ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ട് പാസ്സാക്കിയത് പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. അതിന്റെ അടിസ്ഥാനത്തിലുള്ളതാണ് കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ കഴിഞ്ഞ മൂന്നു വർഷക്കാലത്തെ റിപ്പോർട്ട്. അത് ധനസ്ഥിതി മെച്ചപ്പെടുത്താനുള്ള റിപ്പോർട്ട് തന്നെയാണ്. അതിലെ ചില കാര്യങ്ങൾ അന്നത്തെ സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുകയുണ്ടായി. പല സംസ്ഥാനങ്ങളിലും ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ട് ടോട്ടൽ ലെറ്റർ ആന്റ് സ്പിരിറ്റിൽ നടപ്പാക്കാനുള്ള പ്രയാസത്തെക്കുറിച്ച് അങ്ങേക്കറിയാം. പല സംസ്ഥാനങ്ങളിലും അതെത്തിയിട്ടില്ല. കേന്ദ്രം വിഭാവന ചെയ്തതുപോലെ എത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ധൂർത്തിനെക്കുറിച്ച് അങ്ങ് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റ് പെൻഷൻ കൊടുക്കുന്ന കാര്യത്തിൽ ഉദാരസമീപനം സ്വീകരിച്ചു. വെൽഫയർ എന്ന കൺസെപ്റ്റിന് മുൻതൂക്കം കൊടുത്തു; അതിന്റെ ഫലമായി ചെലവ് കൂടിയിട്ടുണ്ട്. കേരളത്തിന്റെ സാഹചര്യത്തിൽ ഫിസ്കൽ റെസ്പോൺസിബിലിറ്റി

ആക്ടിനെ ലെറ്റർ ആന്റ് സ്പിരിറ്റിൽ നടപ്പാക്കാനുള്ള ബുദ്ധിമുട്ട് അങ്ങും നേരിടാൻ പോവുകയാണ്. ഫിസ്കൽ ഡെഫിസിറ്റ് കൊണ്ടുവരുമെന്ന് അങ്ങേക്ക് പൂർണ്ണമായി പറയാൻ കഴിയില്ല. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ വെൽഫെയർ മെഷേഴ്സും രണ്ട് ശമ്പള കമ്മീഷൻ നടപ്പാക്കേണ്ട ബാധ്യതയും കഴിഞ്ഞ ഗവൺമെന്റിനുണ്ടായിരുന്നു. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള നടപടികളാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചത്. എനിക്ക് ചോദിക്കാനുള്ള ചോദ്യം, പബ്ലിക് എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ടിലെ ഏതെല്ലാം ഭാഗങ്ങൾ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്; അങ്ങ് അതിൽ എന്തെല്ലാം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്?

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ചോദ്യം സംബന്ധിച്ച് നോട്ടീസ് തന്നാൽ പഠിച്ച് മറുപടി പറയാം. എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റിയുടെ മൂന്ന് വർഷത്തെ നിർദ്ദേശങ്ങൾ ഇപ്പോൾ കൈവശമില്ല. പക്ഷേ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്, പെൻഷൻ പോലെയുള്ള കാര്യങ്ങൾ കൊടുത്തതുകൊണ്ടാണ് റവന്യൂ കമ്മി വർദ്ധിച്ചത്, അത് അനിവാര്യമാണ്, നമുക്കൊന്നും ചെയ്യാൻ സാധിക്കില്ലെന്നാണ്. ഇതിനുമുമ്പുള്ള പത്ത് വർഷത്തെ ട്രെന്റ് തുടർന്നിരുന്നെങ്കിൽ ഇന്ന് റവന്യൂ കമ്മിയുണ്ടാകില്ലായിരുന്നു. ധവളപത്രത്തിൽ അത് വളരെ വ്യക്തമാണ്. ക്ഷേമപ്രവർത്തനങ്ങളിൽ കഴിഞ്ഞ പത്ത് വർഷം നടന്നതിനേക്കാൾ എന്ത് കേമത്വമാണ് ഇപ്പോൾ വന്നിട്ടുള്ളത്. നോൺ-പ്ലാൻ റവന്യൂ എക്സ്പെന്റിച്ചറിൽ ശമ്പളം, പെൻഷൻ, ഇന്ററസ്റ്റ് കഴിഞ്ഞാൽ കിട്ടുന്ന പണം മുഴുവൻ ധൂർത്താണെന്നല്ല ഞാൻ പറയുന്നത്. എന്നാൽ അതിലാണ് ധൂർത്തിന്റെ കമ്പോണന്റ് വരുന്നത്. അത് 25 ശതമാനമായിരുന്നത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 30 ശതമാനമായി വർദ്ധിച്ചു. അതിനെയാണ് ഞങ്ങൾ വിമർശിച്ചത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചതിന്റെ തുടർച്ച തന്നെയാണ് ചോദിക്കാനുള്ളത്. കഴിഞ്ഞ ഗവൺമെന്റിൽനിന്ന് വ്യത്യസ്തമായി ക്ഷേമപ്രവർത്തനങ്ങൾ, വികസനങ്ങൾ, ശമ്പളം, പെൻഷൻ പോലുള്ള അനിവാര്യച്ചെലവുകൾ എന്നിവയ്ക്ക് നിയന്ത്രണം വരുമെന്നാണോ? അങ്ങ് പറയുന്ന ഉത്തരത്തിൽനിന്ന് കിട്ടുന്ന മെസേജ് അതാണ്. അസറ്റ് ഉണ്ടാക്കുന്നതിൽ വിരോധമില്ല, അസറ്റെങ്കിലും അവിടെയുണ്ടാകുമല്ലോ എന്നും അങ്ങ് പറയുന്നുണ്ട്. ഇക്കാര്യത്തിൽ ഒരു കൺഫ്യൂഷനുണ്ട്. വരുമാന വർദ്ധനവിനുവേണ്ടി എന്ത് സമീപനം സ്വീകരിക്കാനാണ് അങ്ങ് ഉദ്ദേശിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ കൺഫ്യൂഷൻ തീർക്കുന്ന കാര്യത്തിൽ സന്തോഷമേയുള്ളൂ. ഒന്ന്, ഈ സർക്കാരിന്റെ ആദ്യ തീരുമാനം ക്ഷേമപെൻഷൻ 1000 രൂപയാക്കുക എന്നതാണ്. ക്ഷേമ പ്രവർത്തനങ്ങളിൽ ഒരു കുറവും വരുത്താൻ ഉദ്ദേശിക്കുന്നില്ല. രണ്ട്, ധൂർത്തിന്റെ സൂചിക ഗണ്യമായി കുറയ്ക്കും. മൂന്ന്, റവന്യൂ വരുമാനവും നികുതി വരുമാനവും കഴിഞ്ഞ മൂന്നുവർഷമായി 10-12 ശതമാനത്തിൽ നിന്നത് നേരെ ഇരട്ടിയാക്കി വർദ്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്. നാല്, മിച്ചം വയ്ക്കുന്ന പണമുപയോഗപ്പെടുത്തി, അതിന്റെ പല മടങ്ങ് പണം പുറത്തുനിന്ന് ലിവറേജ് ചെയ്ത് മൂലധനച്ചെലവ് വർദ്ധിപ്പിക്കും. ഇതാണ് കൃത്യമായി ചെയ്യാൻ പോകുന്നത്.

**ഊർജ്ജ വികസന പ്രവർത്തനങ്ങൾ**

3 (*33) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പരിസ്ഥിതിക്ക് അനുയോജ്യമായും ചെലവു ചുരുങ്ങിയ രീതിയിലും സംസ്ഥാനത്ത് ഊർജ്ജ വികസനപ്രവർത്തനങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കെ.എസ്.ഇ.ബി.-യുടെ തനതായ പദ്ധതികൾ ഏതെല്ലാമെന്നും സംസ്ഥാന പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്കായി പുതുക്കിയ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ഉണ്ട്. പരിസ്ഥിതിക്ക് അനുയോജ്യമായ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ്, ചെറുകിട ജലവൈദ്യുതി എന്നിവയിൽ നിന്നുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിൽ വരുത്താൻ ലക്ഷ്യമിടുന്നു. എന്നാൽ ഇത്തരം പദ്ധതികൾക്ക് മൂലധനച്ചെലവ് ഇപ്പോൾ കൂടുതലാണ്.

(ബി) പരിസ്ഥിതിക്ക് അനുയോജ്യമായ പാരമ്പര്യേതര വൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി. മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നിലവിൽ ആകെ 66.9 മെഗാവാട്ട് ശേഷി വരുന്ന 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. പുറമെ 142.5 മെഗാവാട്ടിനുള്ള 16 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. സൗരോർജ്ജത്തിൽ നിന്നും 72.53 മെഗാവാട്ടും കാറ്റിൽ നിന്നും 42.375 മെഗാവാട്ടിന്റെ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) മേൽ പരാമർശിച്ച പദ്ധതികൾക്കും പുതിയ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷനും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇപ്രകാരം പുതിയ ജലവൈദ്യുത പദ്ധതികൾക്കായി 27 കോടി രൂപയും പുതിയ ജലവൈദ്യുത പദ്ധതികളുടെ ഇൻവെസ്റ്റിഗേഷനായി ഒരു കോടി രൂപയും കാറ്റ്, സൗരോർജ്ജം എന്നീ സ്രോതസ്സുകൾ വഴി കെ.എസ്.ഇ.ബി. നടപ്പിലാക്കി വരുന്ന പദ്ധതികൾക്കായി 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

<u>ശ്രീ. സി. എഫ്. തോമസ്</u> : സർ, പരിസ്ഥിതിക്ക് കുറഞ്ഞ ആഘാതം വരുത്തുന്ന കൂടുതൽ ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിക്കുമെന്നും ഇതു സംബന്ധിച്ച് തൽപ്പരകക്ഷികളുമായി ചർച്ച നടത്തുമെന്നും നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നു.സമയബന്ധിതമായി ഇക്കാര്യത്തിൽ ഒരു നയം ആവിഷ്കരിക്കുമോ; സംസ്ഥാനത്ത് ഇതുപോലെയുള്ള ഏതൊക്കെ ജലവൈദ്യുത പദ്ധതികളാണുള്ളത്; സമയബന്ധിതമായി ഇതൊരു പരിപാടിയായി ഏറ്റെടുക്കാൻ ഗവൺമെന്റിന് ഉദ്ദേശ്യമുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുണ്ട്. ഇടുക്കി ജില്ലയിൽ അപ്പർ കല്ലാർ (2 MW), ചിന്നാർ (24 MW), അപ്പർ ചെങ്കുളം (24 MW), ലാഡ്രം (3.5 MW), വെസ്റ്റേൺ കല്ലാർ (5 MW), പീച്ചാട് (3 MW), ദേവിയാർ (24 MW), കോട്ടയത്ത് മാർമല (7 MW), തൃശ്ശൂരിൽ ആനക്കയം (7.5 MW), കോഴിക്കോട് - ഒലിക്കൽ (5 MW), പൂവാരംതോട് (3 MW), ചെമ്പുക്കടവ് III (7.5 MW), പെരുവണ്ണാമൂഴി (6 MW), മരിപ്പുഴ (6 MW), വാളാംതോട് (7.5 MW), കണ്ണൂരിൽ പഴശ്ശി സാഗർ (7.5 MW). ഇങ്ങനെ 142.5 മെഗാവാട്ടിന്റെ ചെറുകിട ജലവൈദ്യുത പദ്ധതികൾ പരിസ്ഥിതിക്ക് അനുയോജ്യമായ തരത്തിൽ ആരംഭിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സി. എഫ്. തോമസ് : സർ, എന്റെ ആദ്യചോദ്യം അതല്ല. പരിസ്ഥിതിക്ക് കുറഞ്ഞ ആഘാതം ഏൽപ്പിക്കുന്ന നിലവിലുള്ള ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെയുള്ള പദ്ധതികൾ പ്രധാനമായും ഏതെല്ലാമാണ്; അതിരപ്പിള്ളി ഇതിനകത്ത് ഉൾപ്പെടുമോ; അങ്ങനെയുണ്ടെങ്കിൽ എത്ര പദ്ധതികളുണ്ട്; ഈ ആലോചനകൾ നീണ്ടുപോകുമോ ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഈ ഗവൺമെന്റിന്റെ നയമാണ് ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞത്. പരിസ്ഥിതിക്ക് അനുയോജ്യമായ പദ്ധതികളെ സംബന്ധിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഏതെല്ലാം പദ്ധതികളാണ് പരിസ്ഥിതിക്ക് അനുയോജ്യമായി സ്വീകരിക്കാൻ സാധിക്കുകയെന്നത് സംബന്ധിച്ച് പരിശോധിച്ചുവരികയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, മൂവാറ്റുപുഴ നദീതട പ്രദേശത്തിലെ വടക്കേപ്പുഴ റിസർവോയറിൽ നിന്ന് 0.474 ക്യൂബിക് മി.മീ. അധികജലം 240 hp അധിക യൂണിറ്റ് പമ്പ് ചെയ്ത് ഇടുക്കി റിസർവോയറിലേക്ക് തിരിച്ചുവിട്ട് ഊർജ്ജോല്പാദനം നടത്തിവരുന്ന പദ്ധതിയാണ് വടക്കേപ്പുഴ റിസർവോയർ പദ്ധതി. നിലവിൽ താല്കാലിക ബണ്ട് നിർമ്മിച്ചാണ് പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്തിട്ടുള്ളത്. ഡാമിന്റെ വൃഷ്ടിപ്രദേശത്ത് കനത്ത മഴ പെയ്യുമ്പോൾ പമ്പുകൾ പ്രവർത്തനരഹിതമാകുകയും വടക്കേപ്പുഴ നിറഞ്ഞുകവിയുകയും താഴെത്തലങ്ങളിൽ താമസിക്കുന്നവർക്ക് ഭീതി ഉളവാകുകയും ചെയ്യുന്നുണ്ട്. അതിന്റെ ബലക്ഷയത്തെക്കുറിച്ചുള്ള ആശങ്കകളും നിലവിലുണ്ട്. അതിനുപകരമായി ഒരു സ്ഥിരം ബണ്ട് നിർമ്മിച്ച് കൂടുതൽ ജലം ശേഖരിച്ച് വടക്കേപ്പുഴയിൽ നിന്ന് പമ്പ് ചെയ്യുന്ന ജലം ഇടുക്കിയിലേക്ക് എത്തിച്ച് കൂടുതൽ ഊർജ്ജോല്പാദനത്തിനുവേണ്ടിയുള്ള ശ്രമം നടത്തുമോ; പുതിയ ബണ്ട് നിർമ്മിച്ച് ജനങ്ങളുടെ ആശങ്കയകറ്റുന്നതിനുവേണ്ടി ഒരു പഠനം നടത്തി വടക്കേപ്പുഴ ഡൈവർഷൻ സ്കീമിനെ പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, പരിശോധിച്ച് മറുപടി പറയേണ്ട ചോദ്യമാണിത്. അങ്ങ് പ്രത്യേകമായി എഴുതിത്തന്നാൽ അക്കാര്യം സംബന്ധിച്ച് പരിശോധിച്ച് സഭയിൽ മറുപടി പറയുന്നതാണ്.

ശ്രീ. മോൻസ് ജോസഫ് : സർ, വൈദ്യുതി രംഗത്ത് വിവിധങ്ങളായ വികസന പദ്ധതികൾ നടപ്പാക്കുന്നതിനെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഈ പദ്ധതികളുടെ പൂർണ്ണപ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്ന വിധത്തിലുള്ള വിവിധ നടപടികൾ സജീവമായി പരിഗണിക്കേണ്ടതായിട്ടുണ്ട്.

അപകടാവസ്ഥയിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മറിഞ്ഞു വീണതിനുശേഷമാണ് കെ.എസ്.ഇ.ബി. പോലും അതിന്മേൽ നടപടി സ്വീകരിക്കാൻ തയ്യാറാകുന്നത്. അതിനുള്ള ഇടപെടലുകൾ ജനപ്രതിനിധികൾ നടത്തുമ്പോൾ പഞ്ചായത്ത് പണം സ്വരൂപിച്ച് കെട്ടണം അല്ലെങ്കിൽ എം.എൽ.എ. ഫണ്ടിൽ നിന്നും കെട്ടണമെന്നാണ് കെ.എസ്.ഇ.ബി.-യുടെ ഭാഗത്തു നിന്നും വരുന്ന മറുപടി. ഇതുപോലുള്ള ഉത്തരവാദിത്വങ്ങളിൽ നിന്ന് കെ.എസ്.ഇ.ബി. ഒഴിഞ്ഞുമാറുന്നതായിട്ടാണ് പലപ്പോഴും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഇത്തരം അപകടാവസ്ഥയുള്ള പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് ജനങ്ങളെ സഹായിക്കാൻ കഴിയുന്ന നിലപാട് ഗവൺമെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. അങ്ങ് ഇക്കാര്യം പ്രത്യേകമായി പരിശോധിക്കണം. അതോടൊപ്പം മുൻ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ബഹുമാന്യനായ എ. കെ. ബാലൻ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന പദ്ധതി വിജയകരമായി നടപ്പാക്കി. എം.എൽ.എ.-മാരുടെ ഫണ്ട് കൂടി കോൺട്രിബ്യൂട്ട് ചെയ്തുകൊണ്ടാണ് ആ പദ്ധതി നടപ്പിലാക്കിയത്. പിന്നീട് വിവിധ കാരണങ്ങളാൽ അത് നടന്നില്ല. എം.എൽ.എ.-മാരുടെ ഫണ്ട് കൊണ്ടുമാത്രം ഇത് നടത്താൻ പ്രായോഗികമായി കഴിയാത്ത അവസ്ഥയുണ്ട്. അപ്പോൾ ഗവൺമെന്റിന്റെയും വൈദ്യുതി ബോർഡിന്റെയും അടക്കം വിവിധ ഏജൻസികളുടെ സഹായത്തോടുകൂടി ഇത്തരത്തിലൊരു പദ്ധതി ജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള ഒരു കർമ്മപരിപാടിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, അങ്ങ് ചോദിച്ച ആദ്യത്തെ ചോദ്യം, അപകടാവസ്ഥയിലുള്ള പോസ്റ്റ് ഒടിഞ്ഞ് വീഴുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചാണ്. അത് എപ്പോൾ ഒടിഞ്ഞ് വീഴുമെന്ന് മുൻകൂട്ടി പറയാൻ സാധിക്കുകയില്ല. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വലിയ ചുഴലിക്കാറ്റുണ്ടായി. ആയിരത്തിൽപ്പരം പോസ്റ്റുകൾ ഒരു രാത്രിയിൽ എതാണ്ട് ഒരു മണിക്കൂർ നീണ്ടുനിന്ന കാറ്റിൽ ഒടിഞ്ഞ് വീഴുന്ന സ്ഥിതിയുണ്ടായി. വലിയ കാറ്റടിക്കുമ്പോൾ പോസ്റ്റിന്റെ പരിസരത്തോ ലൈനിന്റെ പരിസരത്തോ നിൽക്കുന്ന വലിയ മരങ്ങൾ കടപുഴകി ലൈനിൽ വീണ് ഒരു കൂട്ടം പോസ്റ്റുകൾ ഒരുമിച്ച് ഒടിയുന്ന സ്ഥിതിയാണുള്ളത്. ആയിരത്തോളം പോസ്റ്റുകൾ ഒടിഞ്ഞ് വീണിട്ടുപോലും യുദ്ധകാലാടിസ്ഥാനത്തിൽ എതാണ്ട് മൂന്നുനാല് ദിവസം കൊണ്ട് എല്ലാം ശരിയാക്കാൻ സാധിച്ചിട്ടുണ്ട്. മൺസൂൺ പൂർവ്വകാല പ്രവർത്തനങ്ങൾ കഴിഞ്ഞ കാലങ്ങളിൽ നടന്നിരുന്നില്ല. ഇലക്ഷൻ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഗവൺമെന്റ് ഇടപെട്ടോ എന്നറിയില്ല, ആ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്ന അവസ്ഥാവിശേഷമുണ്ടായി. തെരഞ്ഞെടുപ്പിന്റെ പ്രചാരണ പ്രവർത്തനങ്ങൾ നടക്കുന്ന ഘട്ടത്തിലായിരുന്നു മൺസൂൺ പൂർവ്വകാല പ്രവർത്തനങ്ങൾ നടക്കേണ്ടത്. യഥാസമയം അത് നടക്കാതെ പോയതുകൊണ്ടാണ് ഈ അടുത്തകാലത്ത്

ചെറിയ മഴയും കാറ്റും വന്നപ്പോൾ തന്നെ വൈദ്യുതി രംഗത്ത് പോസ്റ്റുകൾ മറിഞ്ഞുവീഴുന്നതടക്കമുള്ള പ്രശ്നങ്ങളുണ്ടായത്. മറ്റൊന്ന്, സമ്പൂർണ്ണ വൈദ്യുതീകരണമാണ്. അത് ഈ ഗവൺമെന്റിന്റെ നയമായി ബഹുമാനപ്പെട്ട ഗവർണർ സഭയിൽ പ്രഖ്യാപിച്ച കാര്യമാണ്. 2017-ൽ, സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് എത്തിക്കുന്നതിനു വേണ്ടിയുള്ള ബഹുമുഖമായിട്ടുള്ള പദ്ധതിക്കാണ് ഗവൺമെന്റ് രൂപം നൽകുന്നത്. അതിൽ എം.എൽ.എ.-മാരുടെയും എം.പി.-മാരുടെയും തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും കോൺട്രിബ്യൂഷൻ കൂടാതെ ആരുടെയൊക്കെ സഹായം സ്വീകരിക്കാൻ സാധിക്കുമോ അവയെല്ലാം സ്വീകരിച്ച് സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ഡോ. എൻ. ജയരാജ് : സർ, കഴിഞ്ഞ രണ്ട് ഗവൺമെന്റിന്റെ കാലത്തും വളരെയേറെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ് കൂടംകുളം-ഇടമൺ പവർ ഹൈവേ. ഏതാണ്ട് 149 കിലോമീറ്റർ നീളത്തിൽ 46 മീറ്റർ വീതിയിലാണ് ഈ ഹൈവേ കടന്നുപോകുന്നത്. ആ ഭഗത്ത് എതാണ്ട് രണ്ടായിരത്തോളം ഏക്കർ സ്ഥലം പൂർണ്ണമായി കൃഷിയോഗ്യമല്ലാത്ത രീതിയിലേക്ക് മാറുന്ന സാഹചര്യമുണ്ടാകും. പരിസ്ഥിതി അനുയോജ്യമായ ചെലവ് ചുരുക്കിയ പദ്ധതിയെ സംബന്ധിച്ചാണ് എന്റെ ചോദ്യം. എതാണ്ട് 266 മെഗാവാട്ട് വൈദ്യുതിയാണ് കൂടംകുളത്ത് നിന്ന് കേരളത്തിന് കിട്ടാനുള്ളത്, യഥാർത്ഥത്തിൽ കിട്ടിക്കൊണ്ടിരിക്കുന്നുമുണ്ട്. ഉദുമൽപേട്ട വഴി പോത്തൻകോട്ടേക്ക് ലൈനുകൾ വലിച്ചുകൊണ്ട് വൈദ്യുതി കിട്ടുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ, പ്രത്യേകിച്ച് കൃഷിക്കാരുടെ ഇടയിൽ വളരെയേറെ ആശങ്കകളുണ്ട്. കൃഷിക്കാരുടേയും അതോടൊപ്പം പാരിസ്ഥിതിക പ്രശ്നങ്ങളും പരിഗണിച്ചുകൊണ്ട് ഒരു ആൾട്ടർനേറ്റീവ് ലൈൻ കൊണ്ടുവരുന്നതിനെ കുറിച്ചുള്ള ചർച്ച നേരത്തെയുണ്ടായിരുന്നു. അതിന് ഗവൺമെന്റ് തയ്യാറാകുമോ ; അതോടൊപ്പം ജലവൈദ്യുത പദ്ധതികൾ മാത്രമല്ല മറ്റ് ഇതര പദ്ധതികൾക്കുകൂടി പരിസ്ഥിതി ആഘാതപഠനങ്ങൾ നിർബന്ധമാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, കഴിഞ്ഞ ഗവൺമെന്റ് പുറത്തുനിന്ന് വൈദ്യുതി വാങ്ങുന്ന കാര്യത്തിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി ഉത്പാദനത്തിന്റെ കാര്യത്തിൽ വേണ്ടത്ര പരിഗണന കൊടുക്കാൻ കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചിരുന്നില്ല. പുറത്തുനിന്ന് വൈദ്യുതി ഇഷ്ടംപോലെ വാങ്ങിക്കുന്ന ഒരു സ്ഥിതിയാണുണ്ടായത്. അങ്ങനെ വാങ്ങിയാൽ സംസ്ഥാനത്തേക്ക്

കൊണ്ടുവരിക എന്നുള്ളത് മാത്രമേ മാർഗ്ഗമുള്ളൂ. അതിന് സ്വാഭാവികമായും ചില പ്രശ്നങ്ങളുണ്ടാകും. അത്തരം പ്രശ്നമുള്ള സ്ഥലങ്ങളിലെല്ലാം കൂടിയാലോചന നടത്തി കൃഷിക്കാർക്ക് വിഷമമുണ്ടാകാത്ത തരത്തിൽ ലൈൻ വലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക മാത്രമേ വഴിയുള്ളൂ. സംസ്ഥാനത്ത് ഏതാണ്ട് ഏഴായിരം കോടി രൂപയുടെ വൈദ്യുതി പുറത്തുനിന്ന് വാങ്ങുകയാണെന്നുള്ള കാര്യം നമ്മൾ കാണണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, സംസ്ഥാനത്ത് വൈദ്യുതി ലഭിക്കേണ്ട കാര്യത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് കൂടംകുളം-ഇടമൺ പവർലൈൻ. ബഹുമാനപ്പെട്ട അംഗവും കോട്ടയം ജില്ലയിലെ ജനപ്രതിനിധികളും മറ്റ് ബഹുജന സംഘടനകളും ചേർന്ന് ആ ലൈൻ വലിക്കാനുള്ള സാഹചര്യമാണ് സൃഷ്ടിക്കേണ്ടത്. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി ലഭ്യമാകുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു ലൈനാണത്. അതിനുള്ള തടസ്സം നീക്കി ആ ലൈൻ വലിക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്.

മി. സ്പീക്കർ : 33-ാം നമ്പർ ചോദ്യവും 49-ാം നമ്പർ ചോദ്യവും ക്ലബ് ചെയ്യണമെന്ന് ശ്രീ. സണ്ണി ജോസഫിന്റെ ഒരു റിക്വസ്റ്റുണ്ട്; ചോദ്യങ്ങളും ഉത്തരങ്ങളും വിഭിന്നമായതുകൊണ്ട് അത് അനുവദിക്കുന്നില്ല.

ശ്രീ. ബി. സത്യൻ : സർ, കഴിഞ്ഞ ഇടതുപക്ഷമുന്നണി ഗവൺമെന്റ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാൻ വേണ്ടി ഒരു പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും കഴിഞ്ഞ ഗവൺമെന്റ് അത് പൂർണ്ണമായി തകർത്തു. അതുകാരണം നിലച്ചുപോയ പദ്ധതികൾ പലതുമുണ്ട്. ആറ്റിങ്ങൽ പട്ടണം ഒരു ചരിത്രനഗരവും പിൽഗ്രിം സെന്ററും ടൂറിസം സെന്ററുമാണ്. തിരുവനന്തപുരം പട്ടണം കഴിഞ്ഞാൽ അതിപ്രശസ്തമായിട്ടുള്ള നഗരം ആറ്റിങ്ങലും വർക്കലയുമൊക്കെ വരുന്ന പ്രദേശമാണ്. അവിടെ ശ്രീ. എ. കെ. ബാലൻ വൈദ്യുതിവകുപ്പുമന്ത്രി ആയിരുന്നപ്പോൾ 10 കോടി രൂപയുടെ ഒരു പദ്ധതിക്ക് തറക്കല്ലിടുകയും പദ്ധതി ആരംഭിക്കുകയും ഏതാണ്ട് 30 കിലോമീറ്റർ എൽ.ടി.ലൈൻ വലിക്കുകയും അതുവഴി വലിയ മാറ്റമുണ്ടാക്കാൻ കഴിയുകയും ചെയ്തു. അതിന്റെ ഭാഗമായി 33 കെ.വി. സബ്സ്റ്റേഷന് ശ്രീ. എ. കെ. ബാലൻ തറക്കല്ലിട്ടു. ആ ഒരൊറ്റ കാരണം കൊണ്ട് ആ പദ്ധതി നടപ്പിലാക്കേണ്ട എന്ന് ബോർഡ് തീരുമാനിച്ചു. നിരന്തരമായി നടത്തിയ പരിശ്രമങ്ങളെല്ലാം തമസ്കരിക്കുകയും ഇപ്പോൾ എട്ടാം മാസം ആ പദ്ധതി പീരിയഡ് അവസാനിക്കുകയുമാണ്. ഇക്കാര്യത്തിൽ അങ്ങ് മുൻകയ്യെടുത്തിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. 50 ശതമാനം കേന്ദ്ര ഫണ്ടാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് അതിന്റെ നിർമ്മാണം ആരംഭിക്കുന്നതിനു വേണ്ടി മുൻകൈ എടുക്കുമോ; അത് നടപ്പിലാക്കാൻ കഴിയുമോ എന്നാണ് ചോദ്യം?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ശ്രീ. എ.കെ. ബാലൻ തറക്കല്ലിട്ട പദ്ധതി പൂർത്തീകരിക്കുക എന്നുള്ളത് എന്റെ ഉത്തരവാദിത്വമാണ്, അത് നിർബന്ധമായും പൂർത്തീകരിക്കാൻ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. കെ. മുരളീധരൻ : സർ, കേരളം ഇന്ന് നേരിടുന്ന വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം ജലവൈദ്യുത പദ്ധതികൾ മാത്രമാണ്. എന്റെ ചോദ്യം രണ്ട് ഭാഗത്തും പ്രശ്നമുണ്ടാക്കുമെന്ന് എനിക്കറിയാം. എനിക്ക് ചോദിക്കാനുള്ളത്, ഇച്ഛാശക്തിയോടുകൂടി അതിരപ്പിള്ളി പദ്ധതി നടപ്പാക്കാൻ അങ്ങ് തയ്യാറാകുമോ എന്നുള്ളതാണ്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഈ ഗവൺമെന്റ് വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ കൃത്യമായൊരു നയം പ്രഖ്യാപിച്ചിട്ടുണ്ട്. ആ നയം പരിസ്ഥിതി സൗഹൃദമായിട്ടുള്ള വികസനം എന്നുള്ളതാണ്. പരിസ്ഥിതി സൗഹൃദത്തിന് തടസ്സമുണ്ടാകുന്ന ഒരു വികസന യജ്ഞത്തിനും ഈ ഗവൺമെന്റ് തയ്യാറല്ലെന്നാണ് അതിന്റെ അർത്ഥം. പരിസ്ഥിതി സൗഹൃദമാണോ എന്നുള്ള കാര്യം വിവിധ തലങ്ങളിൽ ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. അതിരപ്പിള്ളിയുടെ കാര്യമായിരുന്നാലും ചീമേനിയുടെ കാര്യമായിരുന്നാലും പരിസ്ഥിതി സൗഹൃദമാണോയെന്നത് സംബന്ധിച്ച് ജനങ്ങളുടെ അഭിപ്രായത്തെ മാനിച്ച് വിശദമായ ചർച്ചകൾക്ക് വിധേയമാക്കുന്നതിനാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, 2017-ഓടുകൂടി കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ ജലവൈദ്യുത പദ്ധതികൾ കൂടാതെ മറ്റ് നിരവധി വൈദ്യുത പദ്ധതികൾ നിലവിലുണ്ട്. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇവ പലതും അടച്ചുപൂട്ടിയിട്ട് വൈദ്യുതി പുറത്തുനിന്ന് വാങ്ങുകയാണുണ്ടായത്. അങ്ങനെ അടച്ചുപൂട്ടപ്പെട്ടതോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ നഷ്ടപരിഹാരം കൊടുത്തുകൊണ്ടിരിക്കുന്നതോ ആയ ഈ പദ്ധതികൾ മികച്ച നിലയിൽ പുനരാരംഭിക്കുന്നതിനുവേണ്ട നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, മുടങ്ങിക്കിടക്കുന്ന എല്ലാ പദ്ധതികളും പുനരാരംഭിക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ തുടങ്ങിയിട്ടുണ്ട്, തടസ്സങ്ങൾ നീക്കുക തന്നെ ചെയ്യും. ജലവൈദ്യുത പദ്ധതികൾ മാത്രമല്ല വൈദ്യുതി ലഭ്യമാകുന്ന എല്ലാ സ്രോതസ്സുകളും ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിലാണ് ഗവൺമെന്റ് ഏർപ്പെട്ടിട്ടുള്ളത്.

ശ്രീ. വി. റ്റി. ബൽറാം : സർ, ഈയിടെ ധനകാര്യ വകുപ്പുമന്ത്രിയുടെ ഒരു പ്രസ്താവന ഫെയിസ്ബുക്കിലൂടെ വളരെ ശ്രദ്ധയാകർഷിക്കപ്പെട്ടിരുന്നു. "ഇവിടെ എൽ.ഇ.ഡി. ബൾബുകൾ വ്യാപകമായി വിതരണം ചെയ്താൽ ഏതാണ്ട് 250 കോടി രൂപ കൊണ്ട് ഇന്ന് അതിരപ്പിള്ളി പദ്ധതിയിൽ നിന്ന് ലക്ഷ്യമാക്കുന്ന വൈദ്യുതി ഉണ്ടാക്കാൻ സാധിക്കും" എന്നാണ്. അപ്പോൾ ഇത്തരത്തിലുള്ള ബദൽ ഊർജ്ജ സാധ്യതകൾ തേടിക്കൊണ്ട് മെഗാവാട്ടുകൾക്ക് പകരം നെഗാവാട്ടുകളെ (നെഗറ്റീവ് വാട്ടുകൾ) കുറിച്ച്, നമ്മൾ സേവ് ചെയ്യുന്ന എനർജിയെക്കുറിച്ച് ചിന്തിക്കുന്ന ഒരു ബദൽ നയം ആവിഷ്കരിക്കാൻ സാധിക്കുമോ; എതാണ്ട് 1500 കോടി രൂപ ചെലവ് ഇപ്പോൾ തന്നെ പ്രതീക്ഷിക്കുന്ന അതിരപ്പിള്ളി പദ്ധതിക്കപ്പുറത്ത്, എൻവയോൺമെന്റൽ ഡിസാസ്റ്ററാകാൻ സാധ്യതയുള്ള ആ പദ്ധതിക്കപ്പുറത്ത് ഭാവനാസമ്പന്നമായിട്ടുള്ള ബദൽ ഊർജ്ജ സാധ്യതകളെ തേടാൻ ഗവൺമെന്റ് തയ്യാറാകുമോ; അതിരപ്പിള്ളി പദ്ധതി എന്നന്നേക്കുമായി ഉപേക്ഷിക്കണമെന്നാണ് എന്റെ അഭിപ്രായം. ആ അഭിപ്രായം ഗവൺമെന്റിന് സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഞാൻ നേരത്തെ വിശദീകരിച്ചുകഴിഞ്ഞു. ഊർജ്ജം ഉത്പാദിപ്പിക്കാൻ കഴിയുന്ന എല്ലാ സ്രോതസ്സുകളും ഉപയോഗപ്പെടുത്തുക എന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ നയം; അതിരപ്പിള്ളിയുടെ കാര്യത്തിൽ നിങ്ങൾ തമ്മിൽ അഭിപ്രായ ഐക്യമുണ്ടാക്കിയാൽ നമുക്കത് ആലോചിക്കാവുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

4 (*34) ശ്രീ. കെ. ബാബു :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ നയവൈകല്യംമൂലം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് പിന്നോട്ടടിയുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) രാഷ്ട്രീയ ലക്ഷ്യത്തോടെ മുൻസർക്കാർ നടത്തിയ ഇടപെടലുകളും തീരുമാനങ്ങളും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ ;

(സി) സഹകരണ സ്ഥാപനങ്ങൾക്ക് ഉണർവ്വ് പകരാനുതകുന്ന എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻ സർക്കാർ സഹകരണ മേഖലയിൽ നടത്തിയ ഇടപെടലുകളും തീരുമാനങ്ങളും പരിശോധിച്ചു വരുന്നു. അപ്രകാരമുള്ള പരിശോധനയിൽ തെറ്റായ ഇടപെടലുകളും തീരുമാനങ്ങളും ഉള്ളതായി കണ്ടെത്തുകയാണെങ്കിൽ ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് ഉണർവ് പകരുന്നതിനും മേഖലയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ഇനിപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. നിലവിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ വനിതാ മാർക്കറ്റിംഗ് സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതാണ്.
2. ജൈവ പച്ചക്കറി കൃഷി പദ്ധതിയുടെ ഭാഗമായി 'സുവർണ്ണം' ഷോപ്പുകൾ ആരംഭിക്കും.
3. റബ്ബർ മാർക്കിന്റെ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനും നിലവിലുള്ള ഉല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കും.
4. അപ്പെക്സ് ഫെഡറേഷനുകളെ ശക്തിപ്പെടുത്തും.
5. സഹകരണ സംഘങ്ങളെ ഇ-കോമേഴ്സ് ആരംഭിക്കുന്നതിനു വേണ്ടി സജ്ജമാക്കും.
6. ഇപ്പോൾ പ്രവർത്തനരഹിതമായ സംഘങ്ങളിൽ പ്രവർത്തന സാദ്ധ്യമായ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രത്യേക ശ്രമങ്ങൾ നടത്തുന്നതാണ്.
7. സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിക്കും.
8. സഹകരണ ബാങ്കുകളുടെ കോർ ബാങ്കിംഗ് ശൃംഖല നടപ്പിലാക്കും.

9. സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽനിന്നും പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിന് ഒരു വിശാല വിതരണ ശേഖരണ ശൃംഖല കുടുംബശ്രീ മിഷന്റെ സഹായത്തോടെ നടപ്പിലാക്കുന്നതാണ്.

10. കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ പുനഃക്രമീകരിച്ച് വിലക്കയറ്റംമൂലം കഷ്ടപ്പെടുന്ന സമൂഹത്തിലെ പാവപ്പെട്ടവരുടെ കഷ്ടപ്പാടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

## കൺസ്യൂമർഫെഡിലെ അഴിമതി

5(*35) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. സ്വരാജ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിൽ അഴിമതിയും കെടുകാര്യസ്ഥതയും വ്യാപകമാണെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കൺസ്യൂമർ ഫെഡിലെ അഴിമതിയെക്കുറിച്ച് അക്കാലത്തെ മാനേജിംഗ് ഡയറക്ടർ പോലും പരാതിപ്പെടാനിടയാക്കിയ സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) അക്കാലത്തെ മാനേജിംഗ് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(ഡി) അഴിമതിയാരോപണത്തെക്കുറിച്ചും കെടുകാര്യസ്ഥതയെക്കുറിച്ചും സമഗ്രാന്വേഷണം നടത്താൻ തയ്യാറാകുമോയെന്ന് വെളിപ്പെടുത്തുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. കൺസ്യൂമർഫെഡിലെ അഴിമതിയുമായി ബന്ധപ്പെട്ട പരാതി അന്വേഷിച്ചതിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് കാര്യക്ഷമമായ അന്വേഷണം നടത്തുന്നതിനായി നിലവിലുണ്ടായിരുന്ന ഭരണസമിതിയെ 25-9-2015-ൽ സസ്പെന്റ് ചെയ്യുകയും ദൈനംദിന ഭരണ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിച്ച് ഉത്തരവാകുകയും

സസ്പെന്റ് ചെയ്യപ്പെട്ട ഭരണസമിതിയംഗങ്ങൾ രാജിവയ്ക്കുകയും ചെയ്തു. കൺസ്യൂമർ ഫെഡിന്റെ ഹെഡ് ഓഫീസിലെയും റീജിയണൽ ഓഫീസുകളിലേയും എല്ലാ യൂണിറ്റുകളിലേയും ഡിപ്പോകളിലേയും പ്രവർത്തനം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനായി കേരളാ സഹകരണ നിയമം 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണത്തിന് ഉത്തരവാകുകയും അന്വേഷണം പുരോഗമിച്ച് വരികയുമാണ്. അന്വേഷണത്തിനായി 14 ജില്ലകളിലും പ്രത്യേകം അന്വേഷണ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണത്തിന്റെ ഇടക്കാല റിപ്പോർട്ടിനോടൊപ്പം തിരുവനന്തപുരം, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ സാമ്പത്തിക ക്രമക്കേടുകളും പണാപഹരണവും നടന്നതിന്മേലുള്ള സഹകരണ സംഘം രജിസ്ട്രാറുടെ 11/79-ാം നമ്പർ സർക്കുലർ പ്രകാരമുള്ള റിപ്പോർട്ടും തുടർ നടപടികൾക്കായി ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ട്. കൂടാതെ സഹകരണ നിയമം 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി) നിലവിൽ ഇത്തരം സാഹചര്യം ഉണ്ടാകാതിരിക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) ഉത്സവകാല സബ്സിഡി, നന്മ സ്കീം, താൽക്കാലിക ദിവസ വേതന ജീവനക്കാരുടെ നിയമനം, ഫ്ലോട്ടിംഗ് ത്രിവേണി സ്റ്റോറുകൾ, മൊബൈൽ ത്രിവേണി സ്റ്റോറുകൾ, നിർമ്മാണ പ്രവർത്തനങ്ങൾ, നവീകരണ പ്രവർത്തനങ്ങൾ, തുടക്കം കുറിച്ചതും എന്നാൽ പൂർത്തീകരിക്കാത്തതുമായ വിവിധ തരം പദ്ധതികൾ, വിദേശമദ്യ വ്യാപാരം തുടങ്ങിയ വിഷയങ്ങളിന്മേലുള്ള ക്രമക്കേടുകൾ സംബന്ധിച്ച് അക്കാലത്തെ മാനേജിംഗ് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൺസ്യൂമർ ഫെഡിന്റെ കഴിഞ്ഞ ആറ് വർഷത്തെ പ്രവർത്തനം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറാഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്), ഡെപ്യൂട്ടി രജിസ്ട്രാർ (ഇൻസ്പെക്ഷൻ സെൽ) എന്നിവരെ സഹകരണ സംഘം രജിസ്ട്രാർ നിയോഗിച്ചിരുന്നു. പ്രസ്തുത അന്വേഷണ ഉദ്യോഗസ്ഥർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ കണ്ടെത്തിയ ന്യൂനതകൾ ഗുരുതര സ്വഭാവമുള്ളതാകയാലും ഹെഡ് ആഫീസിലും റീജിയണൽ ആഫീസുകളിലും ഡിപ്പോകളിലും ഫെഡറേഷന്റെ എല്ലാ യൂണിറ്റുകളിലും വിശദമായ അന്വേഷണം നടത്തേണ്ടത് ആവശ്യമാണെന്ന് ബോധ്യം വന്നതിന്റെയും അടിസ്ഥാനത്തിൽ കൺസ്യൂമർ ഫെഡറേഷനിലെ ഗുരുതരമായ ക്രമക്കേടുകൾ, ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവയെപ്പറ്റി കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് ഉത്തരവാകുകയും അന്വേഷണം നടന്നുവരികയുമാണ്. കൂടാതെ വിവിധ അഴിമതികളുമായി ബന്ധപ്പെട്ട്

വിജിലൻസ് അന്വേഷണവും കൺസ്യൂമർഫെഡ് നേരിടുന്നുണ്ട്. മുൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ചില റിപ്പോർട്ടുകളും കൺസ്യൂമർ ഫെഡിനെതിരെ നടന്നുവരുന്ന വിജിലൻസ് എൻക്വയറിയുടെ ഭാഗമായി അന്വേഷിക്കുന്നതിന് വിജിലൻസ് വകുപ്പിന് നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ നടന്നുവരുന്ന വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇപ്പോൾ നടന്നുവരുന്ന വിജിലൻസ് അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**സംസ്ഥാനത്തിന്റെ ധനസ്ഥിതി**

6 (*36) ഡോ. എം. കെ. മുനീർ :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ച് സർക്കാരിന്റെ കാഴ്ചപ്പാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ അധികാരമൊഴിയുമ്പോഴുള്ള ട്രഷറി ബാലൻസിനെക്കുറിച്ചുള്ള വിശദവിവരം വ്യക്തമാക്കുമോ;

(സി) പുതിയ സർക്കാർ അധികാരമേറ്റശേഷം കടമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനം അതീവ ഗുരുതരമായ ധന പ്രതിസന്ധിയെ നേരിടുകയാണ്. മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ 24-5-2016-ൽ 1009.30 കോടി രൂപ മാത്രമാണ് ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നത്.എന്നാൽ 2016 മേയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശ്ശിക (1000 കോടിയിൽപ്പരം രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബിൽ (2000 കോടി രൂപ), കരാറുകാർക്കും ബിൽ റീ-ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കിനും നൽകേണ്ടത് (1600 കോടി രൂപ) എന്നിവയുൾപ്പെടെ 4600 കോടിയിൽപ്പരം രൂപ അടിയന്തരമായി കൊടുത്തു തീർക്കാനുള്ള ബാധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ക്ഷേമനിധികൾ/ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 കോടി രൂപ സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതുകൂടി ചേർത്താൽ ബാധ്യത 5965 കോടിയിൽപ്പരം രൂപ വരും. ഇടക്കാല

ബഡ്ജറ്റ് പ്രകാരം 2016-17-ലെ റവന്യൂ കമ്മി 9697 കോടി രൂപയാണ്. ധനകാര്യ വകുപ്പിന്റെ പ്രൊജക്ഷൻ പ്രകാരം ഇത് 18195 കോടി രൂപയായി ഉയരും. 2016-17-ൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് വായ്പയെടുക്കാൻ അനുവാദം നൽകിയിരിക്കുന്നത് 18524 കോടി രൂപ മാത്രമാണ്. ഇപ്പോൾ അനുവദിച്ചിരിക്കുന്ന മുഴുവൻ വായ്പയും നിത്യനിദാന ചെലവുകൾക്കായി ഉപയോഗിക്കേണ്ടി വരും. മൂലധനച്ചെലവുകൾക്ക് പണം ബാക്കിയുണ്ടാവില്ല എന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്.

(ബി) മുൻ സർക്കാൻ അധികാരം ഒഴിയുമ്പോൾ 24-5-2016-ൽ 1009.30 കോടി രൂപ ട്രഷറി ബിൽ ഹോൾഡിംഗ്സുണ്ടായിരുന്നു. അടിയന്തര ബാധ്യത 5965. കോടി രൂപയായിരുന്നു.

(സി) പുതിയ സർക്കാർ അധികാരമേറ്റെടുത്ത ശേഷം 15-6-2016-ൽ പൊതുവിപണിയിൽനിന്നും 1000 കോടി രൂപ വായ്പയെടുത്തിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ പൊതുവിപണിയിൽനിന്നും 4300 കോടിരൂപ വായ്പയെടുക്കാനാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നത്. ഇതിൽ 2800 കോടി രൂപ മുൻ സർക്കാരിന്റെ കാലത്തുതന്നെ വായ്പ എടുത്തിരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം**

7 (*37) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായത്തിന് മുൻ സർക്കാർ എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയതെന്നു വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ കഴിഞ്ഞതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളതെന്ന് വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) :

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധിനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായ ധനസഹായം നൽകുന്നതിനായി "പ്രവർത്തന സാധ്യതയുള്ള സ്ഥാപനങ്ങളുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും" എന്ന പേരിലുള്ള സ്കീമിൽ [ഹെഡ് ഓഫ് അക്കൗണ്ട് 4885-60-800-96(P)] എല്ലാ വർഷവും പ്രത്യേക ധനസഹായം ബഡ്ജറ്റിൽ പദ്ധതി വിഹിതമായി നൽകിവരുന്നുണ്ട്. കൂടാതെ പരമ്പരാഗത മേഖലയിലുള്ള സ്ഥാപനങ്ങൾക്കും ടെക്സ്റ്റൈൽ മേഖലയിലുള്ള ചില മില്ലുകൾക്കും പദ്ധതി വിഹിതമായി വേറെയും ധനസഹായം നൽകാറുണ്ട്.

(ബി&സി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുക മുഖേന കാലപ്പഴക്കംചെന്ന മെഷിനറികളുടെ നവീകരണവും ഉൽപ്പാദന സംവിധാനങ്ങളിൽ നൂതനമായ സാങ്കേതിക വിദ്യകളും നടപ്പിലാക്കുക, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളവയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരം പൊതുമേഖലയെ ബാധിക്കുന്നുണ്ട്. സർക്കാരിൽനിന്നും ലഭിക്കുന്ന ധനസഹായത്തെ പ്രവർത്തനം നിലനിർത്തിക്കൊണ്ടു പോകുന്നതിനുള്ള പ്രവർത്തന മൂലധനമായും ഉപയോഗിച്ചുവരുന്നു. ചില സ്ഥാപനങ്ങളുടെ കാലാ കാലങ്ങളായുള്ള മോശമായ പ്രവർത്തനത്തിന്റെ ഫലമായി നവീകരണ പ്രവർത്തനങ്ങൾക്കായുള്ള അധിക ധനം ബാങ്കുകളിൽനിന്നും മറ്റും കണ്ടെത്തുന്നതിലുള്ള പരിമിതികളും പുനരുദ്ധാരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്. മാത്രമല്ല ധനകാര്യ വകുപ്പിന്റെ നിയന്ത്രണങ്ങൾ ഉണ്ടാകുന്ന സമയങ്ങളിൽ സർക്കാരിൽ നിന്നുള്ള ധനസഹായം ലഭിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പിനെ ബാധിക്കാറുണ്ടെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാനമായും സർക്കാർ സഹായത്തോടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്ന സ്ഥാപനങ്ങളാണ് മലബാർ സിമെന്റ്സ് ലിമിറ്റഡിന്റെ സിമെന്റ്ബൾക്ക് ഹാന്റ്ലിംഗ് ടെർമിനൽ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, സെയിൽ-എസ്.സി.എൽ. കേരളാ ലിമിറ്റഡിൽ (സ്റ്റീൽ കോംപ്ലക്സിൽ) സ്റ്റീൽ റോളിംഗ് മിൽ, കേരളാ ഇലക്ട്രിക്കൽ&അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി എന്നിവ. ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും പരമ്പരാഗത മേഖലയിലുള്ള സ്ഥാപനങ്ങൾക്കും സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ. മലബാർ സിമെന്റ്സ് ഒഴികെ എല്ലാം നഷ്ടത്തിലാണ്.

(ഡി) സർക്കാരിൽ നിന്നുള്ള ധനസഹായത്തിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന പരിശോധിച്ച് തയ്യാറാക്കുന്ന വിശകലന റിപ്പോർട്ട് റിയാബ് നേരിട്ട് വ്യവസായ വകുപ്പിന് നൽകുന്നു. ഇങ്ങനെ സമർപ്പിക്കുന്ന പ്രൊപ്പോസലുകളിൽ 5 കോടി രൂപ വരെയുള്ളവ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റിയും 5 കോടി രൂപയ്ക്ക് മുകളിലുള്ള പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റിയും പരിശോധിച്ച് ആവശ്യമായ ഭരണാനുമതി നൽകിവരുന്നു. ഭരണാനുമതി ലഭിച്ച പ്രൊപ്പോസലുകൾക്ക് ധനകാര്യ വകുപ്പ് മുഖേന ധനം ലഭ്യമാക്കുന്നു.

**കൈത്തറി വ്യവസായം**

8 (*38) ശ്രീ. ജയിംസ് മാത്യു :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. സി.കെ. ഹരീന്ദ്രൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായം നേരിടുന്ന പ്രയാസങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) കൈത്തറി ഉല്പന്നങ്ങളുടെ വിപണനത്തിനായി സർക്കാർ എന്തൊക്കെ സഹായം ചെയ്തു കൊടുക്കുന്നുണ്ടെന്നറിയിക്കാമോ; വിദേശ വിപണി നേടുന്നതിനായി എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(സി) സർക്കാർ ജീവനക്കാർക്ക് ആഴ്ചയിൽ ഒരു ദിവസമെങ്കിലും കൈത്തറി വസ്ത്രം നിർബന്ധമാക്കാൻ നടപടി സ്വീകരിയ്ക്കുമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഉണ്ട്. കൈത്തറിമേഖലയിലെ പ്രതിസന്ധികളുടെ കാരണം നെയ്ത്തുകാരുടെ അഭാവം, പ്രവർത്തന മൂലധനത്തിന്റെ കുറവ്, നെയ്ത്തുകാരുടെ കൂലിക്കുറവ്, കൈത്തറി ഉൽപ്പന്നങ്ങളുടെ മാർക്കറ്റ് എന്നിവയാണ്. ഇത് പരിഹരിക്കുന്നതിന് വിവിധ സ്കീമുകൾ കേന്ദ്ര സംസ്ഥാന സർക്കാർ മുഖാന്തരം നടപ്പാക്കിവരുന്നു. അവ താഴെപ്പറയുന്നവയാണ്.

1. പ്രൊഡക്ഷൻ ഇൻസെന്റീവ് അനുവദിക്കുക വഴി ഉൽപ്പാദനക്ഷമത വർദ്ധിക്കുന്നു.

2. ഇൻകം സപ്പോർട്ട് സ്കീം വഴി മിനിമം 150 രൂപ വേതനം ഉറപ്പാക്കുന്നു. നൂറു ദിവസം വർഷം പ്രതി 75 രൂപ പ്രകാരം ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കി ഗവൺമെന്റ് നൽകുന്നുണ്ട്.

3. പുതിയ ആൾക്കാർക്ക് നെയ്ത്തിൽ പരിശീലനം നൽകി നെയ്ത്തിന് പ്രാപ്തരാക്കുന്നു.

4. നിലവിലുള്ള നെയ്ത്തുകാർക്ക് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നു. ഇതുവഴി ഉൽപ്പാദനക്ഷമത വർദ്ധിക്കുന്നു.

(ബി) കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി താഴെപ്പറയുന്ന സഹായങ്ങൾ സർക്കാർ ചെയ്തുകൊടുക്കുന്നുണ്ട്.

1. വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് വിഷു, ഓണം, റംസാൻ, ക്രിസ്തുമസ് ഉത്സവകാലത്തോടനുബന്ധിച്ച് ജില്ലകൾ തോറും കൈത്തറി പ്രദർശനങ്ങൾ, വിൽപ്പനമേളകൾ എന്നിവ സംഘടിപ്പിക്കുന്നു.

2. റിബേറ്റ് നൽകുന്നു.

3. നിലവിലുള്ള ഷോറൂം നവീകരിക്കുന്നതിനും പുതുതായി നിർമ്മിക്കുന്നതിനും സഹായം നൽകുന്നു. 3 ലക്ഷം രൂപ വരെ സഹായം നൽകുന്നുണ്ട്.

4. സ്കൂൾ യൂണിഫോമിന് 30% പ്രത്യേക റിബേറ്റ് സർക്കാർ അനുവദിക്കുന്നുണ്ട്.

5. കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പ്രചാരണം നടത്തിവരുന്നു. കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി വിദേശരാജ്യങ്ങളിൽ നടക്കുന്ന പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് സംഘങ്ങൾക്ക് അവസരം ഉണ്ടാക്കാറുണ്ട്. ഇതിന്റെ ഭാഗമായി ജർമ്മനിയിൽ വച്ച് സംഘടിപ്പിച്ച ഹോംടെക്സ്റ്റൈൽ എക്സിബിഷനിൽ 2 തവണയായി ഹാന്റെക്സ്, ഹാൻവീവ്, 5 പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവർ പങ്കെടുത്തിട്ടുണ്ട്. കേരളത്തിനു പുറത്ത് ജയ്പൂർ ഫെസ്റ്റ്, ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ, ഇന്ത്യ ഇന്റർനാഷണൽ ഹാന്റ്‌ലൂം ഫെയർ,

ബാംഗ്ളൂർ ഫെസ്റ്റ് എന്നീ പ്രദർശനങ്ങളിൽ കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും അതുവഴി വിപണി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ തനതു കൈത്തറി ഉൽപ്പന്നങ്ങളായ കുത്താമ്പുള്ളി സാരികൾ, ബാലരാമപുരം സാരികൾ, കാസർഗോഡ് സാരികൾ, ചേന്ദമംഗലം സെറ്റുമുണ്ടുകൾ, കണ്ണൂർ ഫർണിഷിംഗ് മെറ്റീരിയൽ എന്നിവയ്ക്ക് വിദേശ വിപണി ലക്ഷ്യമാക്കി ഭൗമസൂചിക നിലവാരം ലഭ്യമാക്കിയിട്ടുണ്ട്. ഇത് കൈത്തറി വസ്ത്രങ്ങളുടെ പ്രചാരണം ശക്തമാക്കാൻ സാധിച്ചിട്ടുണ്ട്.

(സി) സർക്കാർ ജീവനക്കാരും അദ്ധ്യാപകരും പൊതുമേഖലാ-സഹകരണ മേഖലയിലെ ജീവനക്കാരും ബുധനാഴ്ച ദിവസം ഖാദി/കൈത്തറി വസ്ത്രം ധരിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കയർ മേഖലയിലെ പ്രതിസന്ധി**

9 (*39) ശ്രീ. എം. നൗഷാദ് :
ശ്രീ. ബി. സത്യൻ :
ശ്രീമതി യു. പ്രതിഭ ഹരി :.
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖല സ്തംഭിച്ചതിനെത്തുടർന്ന് ആയിരക്കണക്കിന് കുടുംബങ്ങൾ പട്ടിണിയിലായിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചകിരിക്ഷാമം പരിഹരിക്കാൻ 'കുടുംബശ്രീ' വഴി തൊണ്ട് സംഭരിക്കുമെന്ന മുൻ കയർ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം നടപ്പിലാക്കിയോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(സി) തൊണ്ടുസംഭരണവും തൊണ്ടഴുക്കലും ശാസ്ത്രീയവും സമഗ്രവുമാക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്തെ കയർ മേഖല അഭിമുഖീകരിക്കുന്ന രൂക്ഷമായ പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ മൂന്നുകൊല്ലങ്ങളായി കയർ മേഖലയ്ക്ക് വകയിരുത്തുന്ന പണത്തിൽ ഗണ്യമായ ഒരു പങ്ക് ചെലവഴിക്കപ്പെടാതെ പോകുകയാണ്. 2013-14-ൽ 61.36%, 2014-15-ൽ 52.78%, 2015-16-ൽ 58.40%

എന്നിങ്ങനെ മാത്രമാണ് പദ്ധതി ചെലവ്. പരമ്പരാഗത കയർ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പുവരുത്തുക എന്നത് ഈ സർക്കാരിന്റെ മുൻഗണനകളിലൊന്നാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കുടുംബശ്രീയെ ഉപയോഗപ്പെടുത്തി തൊണ്ട് സംഭരിക്കുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടില്ല.

(സി) 1. സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന നാളികേര കർഷക ഫെഡറേഷനുകളെ ചകിരി ഉൽപ്പാദനത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു.

2. നാളികേര കൃഷി സജീവമായ മേഖലകൾ കേന്ദ്രീകരിച്ച് ചകിരി ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും സർക്കാർ ലക്ഷ്യമിടുന്നുണ്ട്.

3. ചകിരിച്ചോറിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള വിനിയോഗത്തിന് സർക്കാർ പ്രോത്സാഹനം നൽകുന്നതിനും ലക്ഷ്യമിടുന്നു.

4. നിലവിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ചകിരി മില്ലുകൾ പ്രവർത്തനസജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

5. കുടുംബശ്രീ സംഘങ്ങളെ തൊണ്ട് സംഭരണത്തിൽ സജീവമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

6. ചകിരി മില്ലുകൾക്ക് 50% ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകും.

## ട്രാവൻകൂർ ടൈറ്റാനിയം

10 (*40) ശ്രീ. വി. ജോയി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി സ്ഥാപനത്തിനുവേണ്ട അസംസ്കൃത വസ്തു ലഭ്യമാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; നിലവാരം കുറഞ്ഞ അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്ത് ഉല്പന്നങ്ങളുടെ നിലവാരം തകർക്കുന്നതുമൂലം വിപണിയിൽ നിന്നും സ്ഥാപനത്തിന്റെ ഉല്പന്നങ്ങൾ പുറത്താകാനിടയുണ്ടെന്നുള്ളതു പരിഗണിച്ച്, ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സ്ഥാപനത്തിൽ നടക്കുന്നതായി ആക്ഷേപിക്കപ്പെടുന്ന അഴിമതിയെക്കുറിച്ച് സമഗ്രാന്വേഷണം നടത്താൻ തയ്യാറാകുമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഉണ്ട്.

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.-യിൽനിന്നും ചില സ്വകാര്യ ഏജൻസികളിൽ നിന്നുമാണ് കമ്പനി കരിമണൽ വാങ്ങിയിരുന്നത്. മറ്റു സ്രോതസ്സുകളിൽനിന്നുമുള്ള കരിമണൽ ഉപയോഗിച്ച് ഉൽപ്പാദിപ്പിച്ച ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റിന്റെ ഗുണനിലവാരത്തെക്കുറിച്ച് ചില പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അടിയന്തരമായും അന്വേഷണം നടത്തി ഉചിതമായ തീരുമാനങ്ങളെടുക്കും.

(സി) സ്ഥാപനത്തിലെ അഴിമതി സംബന്ധിച്ച് ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതാണ്.

## സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത

11 (*41) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പവർ സർവ്വേ പ്രകാരം സംസ്ഥാനത്തിന്റെ നിലവിലുള്ള വൈദ്യുതി ആവശ്യകത എത്രയാണ്;

(ബി) വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഉല്പാദനം എത്രയെന്നും സംസ്ഥാനത്തിന് പുറത്തു നിന്നു വാങ്ങുന്ന വൈദ്യുതി എത്രയെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്തിന്റെ ആവശ്യകത നിറവേറ്റുന്നതിനായി പുതുതായി ഉദ്ദേശിക്കുന്ന ഉല്പാദന പദ്ധതികളും ഊർജ്ജസംരക്ഷണ പരിപാടികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) നിലവിലുള്ള പവർ സർവ്വേ റിപ്പോർട്ട് (പതിനെട്ടാമത്തെ വൈദ്യുത പവർ സർവ്വേ) പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ കണക്കാക്കപ്പെട്ടിട്ടുള്ള കേരളത്തിന്റെ ഏറ്റവും കൂടിയ വൈദ്യുതി ആവശ്യകത 4,669 മെഗാവാട്ടും ഊർജ്ജ ഉപഭോഗം 26,584 ദശലക്ഷം യൂണിറ്റുമാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പ്രതീക്ഷിക്കുന്ന ആവശ്യകത ഏകദേശം 4,300 മെഗാവാട്ടും 24,400 ദശലക്ഷം യൂണിറ്റ് ഉപഭോഗവുമാണ്.

(ബി) 2016 ജൂൺ മാസത്തിൽ ആഭ്യന്തര ജലവൈദ്യുത സ്രോതസ്സുകളിൽ നിന്നും ശരാശരി 1550 മെഗാവാട്ടും സ്വകാര്യ ജലവൈദ്യുത പദ്ധതികളിൽനിന്ന് ശരാശരി 30 മെഗാവാട്ടും ലഭിക്കുന്നതോടൊപ്പം സംസ്ഥാനത്തിനു പുറത്ത് നിന്ന് 2065 മെഗാവാട്ടും ലഭിക്കുന്നു. (കേന്ദ്ര നിലയങ്ങൾ -1150 മെഗാവാട്ടും അന്തർ സംസ്ഥാന പദ്ധതികൾ-915 മെഗാവാട്ടും) 2015-16 സാമ്പത്തിക വർഷത്തിൽ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഉൽപ്പാദനം, പുറമേനിന്നും വാങ്ങിയ വൈദ്യുതിയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| താപനിലയങ്ങൾ | 150.8633 മില്യൻ യൂണിറ്റ് |
| കാറ്റിൽനിന്നുള്ള ഉല്പാദനം | 3.547 മില്യൻ യൂണിറ്റ് |
| സോളാർ പദ്ധതി | 0.792 മില്യൻ യൂണിറ്റ് |
| സോളാർ പദ്ധതി (IPP) | 5.86 മില്യൻ യൂണിറ്റ് |
| മറ്റ് IPPS (ചെറുകിട ജലവൈദ്യുത പദ്ധതികൾ, താപം, കാറ്റ്, കോ-ജനറേഷൻ) | 318.399 മില്യൻ യൂണിറ്റ് |
| കേരളത്തിനു പുറമേനിന്നും വാങ്ങിയത് | 15635.72 മില്യൻ യൂണിറ്റ് |

(സി) സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകത നിറവേറ്റുന്നതിനായി കെ.എസ്.ഇ.ബി. പരിഗണിക്കുന്ന 445.5 മെഗാവാട്ട് വരുന്ന 20 ജലവൈദ്യുത പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു.* കൂടാതെ പരിഗണനയിലുള്ള വിവിധ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തിയുള്ള 115 മെഗാവാട്ട് വരുന്ന പദ്ധതികൾ അനുബന്ധം ആയി ചേർക്കുന്നു.* കേരളത്തിനുള്ളിൽ ഒരു താപവൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതയും പരിശോധിച്ചു വരുന്നു.ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (എസ്കോട്ട്) ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനും ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുമായി വിവിധതരം ഉപഭോക്താക്കളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ

12 (*42) ശ്രീ. കെ. ദാസൻ :

ശ്രീ. എം. എം. മണി :

ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വിവിധ പരമ്പരാഗത വ്യവസായങ്ങളിലായി എത്രപേർ തൊഴിൽ എടുക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത വ്യവസായങ്ങളുടെ സംരക്ഷണത്തിനും പുരോഗതിക്കുമായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമെന്ന് അറിയിക്കുമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തി അവയെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൈത്തറിമേഖലയിലെ നിലവിലെ അവസ്ഥ പഠിക്കുന്നതിനും വിലയിരുത്തുന്നതിനുംവേണ്ടി സി.എം.ഡി.-യെ ഒരു സർവ്വേ നടത്തുന്നതിന് ഏൽപ്പിച്ചിരുന്നു. പഠനം പൂർത്തിയാക്കി പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ടിനായി ചർച്ചകൾ നടന്നുവരുന്നു. കൂടാതെ കൈത്തറി മേഖലയുടെ ഉന്നമനത്തിന് ക്രിയാത്മകമായ പദ്ധതികളും ആവിഷ്കരിച്ചുവരുന്നു. ഖാദിമേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച പഠനം നടത്തുവാൻ ശ്രീ. ഗോപിനാഥൻ നായർ ചെയർമാനായ സമിതിയെ നിയോഗിച്ചിരുന്നു. 2012-ൽ സമിതി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഖാദി മേഖലയിലെ തൊഴിലാളികളുടെ അഭിവൃദ്ധിയുടെ ഭാഗമായി തറികളുടേയും ചർക്കകളുടേയും ആധുനികവൽക്കരണത്തിനുവേണ്ടിയും ഖാദി മേഖലയുടെ നവീകരണത്തിനുവേണ്ടിയും ഈ മേഖലയിലെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുവാനായി കേരള സർക്കാർ നിയോഗിച്ച ശ്രീ. ഗോപിനാഥൻ നായർ ചെയർമാനായ കമ്മിറ്റി ശിപാർശ ചെയ്ത പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിൽനിന്നും അനുവദിച്ച തുക ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ വഴി ഖാദി മേഖല മെച്ചപ്പെട്ടിട്ടുണ്ട്.

(ബി) വിവിധ പരമ്പരാഗത വ്യവസായ മേഖലകളിലായി ഏകദേശം ഏഴര ലക്ഷത്തോളം പേർ തൊഴിലെടുക്കുന്നതായി കണക്കാക്കുന്നു.

(സി) പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണത്തിനും പുരോഗതിക്കുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. പരമ്പരാഗത മേഖലയായ ഈറ്റ, ചൂരൽ, മുള, തഴപ്പായ നെയ്ത്ത്, കൈത്തറി, ഖാദി, കയർ തുടങ്ങിയ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്കുള്ള വരുമാന താങ്ങൽ പദ്ധതി നടപ്പാക്കിവരുന്നു. കൈത്തറി മേഖലയുടെ പുരോഗതിക്കായി വിവിധ സ്കീമുകൾ കേന്ദ്ര സംസ്ഥാന സർക്കാർ മുഖാന്തരം നടപ്പാക്കിവരുന്നു. കൈത്തറി മേഖലയിൽ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും ഇൻകം സപ്പോർട്ട് സ്കീമും നടപ്പാക്കി വേതന വർദ്ധനവ് വരുത്തി തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും സാങ്കേതിക സഹായവും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായവും നൽകിവരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും അതുവഴി ഉൽപ്പാദന വർദ്ധനവും വേതന വർദ്ധനവും കൈവരിച്ചുവരുന്നു. കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ അംഗീകൃത ഈറ്റ പനമ്പ് തൊഴിലാളികൾക്ക് മിനിമം വേജസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ഖാദി വ്യവസായം സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ നൽകുന്ന വാർഷിക പദ്ധതി വിഹിതമുപയോഗിച്ച് പുതിയ വർക്ക്ഷെഡ്ഡുകളുടെ നിർമ്മാണം, പുതിയ ചർക്കകളും തറികളും സ്ഥാപിക്കൽ, ഖാദി തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവ്, ഉത്സവബത്ത നൽകൽ തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

13 (*43) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. വി. എസ്. അച്യുതാനന്ദൻ :
ശ്രീ. വി. ജോയി :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അവലോകനം നടത്തിയിരുന്നുവോ ;

(ബി) സാമ്പത്തിക സ്ഥിതി പ്രതിസന്ധിയിലാകാനുള്ള കാരണങ്ങൾ അറിയിക്കാമോ ;

(സി) സാമ്പത്തിക നിലയെക്കുറിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് ആരായുന്നതെന്ന് വിശദമാക്കാമോ ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനം അതീവ ഗുരുതരമായ ധനപ്രതിസന്ധിയെ നേരിടുകയാണ്. മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ 24-5-2016-ൽ 1009.30 കോടി രൂപ മാത്രമാണ് ട്രഷറി ബിൽ ഹോൾഡിംഗ്സുണ്ടായിരുന്നത്. എന്നാൽ 2016 മേയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശ്ശിക (1000 കോടിയിൽപ്പരം രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബിൽ (2000 കോടി രൂപ), കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കിനും നൽകേണ്ടത് (1600 കോടി രൂപ) എന്നിവയുൾപ്പെടെ 4600 കോടിയിൽപ്പരം രൂപ അടിയന്തരമായി കൊടുത്തു തീർക്കാനുള്ള ബാധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ക്ഷേമനിധികൾ/ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 കോടി രൂപ സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതുകൂടി ചേർത്താൽ ബാധ്യത 5965 കോടിയിൽപ്പരം രൂപ വരും. ഇടക്കാല ബഡ്ജറ്റ് പ്രകാരം 2016-17-ലെ റവന്യൂ കമ്മി 9,697 കോടി രൂപയാണ്. ധനകാര്യ വകുപ്പിന്റെ പുതിയ കണക്കുകൾ പ്രകാരം ഇത് 18,195 കോടി രൂപയായി ഉയരും. 2016-17-ൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് വായ്പയെടുക്കാൻ അനുവാദം നൽകിയിരിക്കുന്നത് 18,524 കോടി രൂപ മാത്രമാണ്. ഇപ്പോൾ അനുവദിച്ചിരിക്കുന്ന മുഴുവൻ വായ്പയും നിത്യനിദാന ചെലവുകൾക്കായി ഉപയോഗിക്കേണ്ടിവരും. മൂലധനച്ചെലവുകൾക്ക് പണം ബാക്കിയുണ്ടാകില്ല എന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

(ബി) നികുതി വരുമാനത്തിലെ ഗണ്യമായ ഇടിവാണ് നിലവിലെ സാമ്പത്തിക പ്രതിസന്ധിക്കുള്ള മുഖ്യകാരണം. 2006-07-നും 2010-11-നും ഇടയ്ക്ക് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ പ്രതിവർഷം 17.4 ശതമാനം ശരാശരി വളർച്ച രേഖപ്പെടുത്തിയിരുന്നു. എന്നാൽ ഇത് 2011-12 മുതൽ 2015-16 കാലയളവിൽ 12.5 ശതമാനമേ ഉയർന്നുള്ളൂ. സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ വളർച്ചാനിരക്കിനേക്കാൾ താഴ്ന്ന നിരക്കിലാണ് ഇക്കാലയളവിലെ നികുതി വരുമാനത്തിന്റെ വളർച്ച. ഇന്നത്തെ സ്ഥിതിവിശേഷത്തിന് മറ്റൊരു കാരണം പദ്ധതിയേതര ചെലവുകളുടെ ക്രമാതീതമായ വർദ്ധനവാണ്. വികസന പ്രവർത്തനങ്ങൾക്കായി സമാഹരിച്ച വായ്പ സംസ്ഥാനത്തിന്റെ നിത്യനിദാന ചെലവുകൾക്ക് വിനിയോഗിച്ചതിലൂടെ പദ്ധതി ചെലവുകൾക്ക് ഫണ്ട് തികയാതെ വരികയും തൻമൂലം കഴിഞ്ഞ രണ്ട് വർഷങ്ങളിലെ പദ്ധതി ചെലവ് അടങ്കലിന്റെ 60 ശതമാനം മാത്രമായി ചുരുങ്ങുകയും ചെയ്തു.

(സി) സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതിയെക്കുറിച്ചും ഇത് മറികടക്കാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും വിശദമായും സമഗ്രമായും പ്രതിപാദിക്കുന്ന ഒരു ധവളപത്രം തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഡി) റവന്യൂ വർദ്ധിപ്പിക്കാനുള്ള ആത്മാർത്ഥവും ഊർജ്ജിതവുമായ ശ്രമങ്ങൾ വഴി നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനാവും. ഇതോടൊപ്പം തന്നെ അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതുണ്ട്. മൂലധനച്ചെലവിനായി വിപണിയിൽനിന്നും ഫണ്ട് സ്വരൂപിക്കുന്നതിന് ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യുന്നതോടൊപ്പം സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ് ഉപയോഗിച്ചുകൊണ്ട് ബഡ്ജറ്റിന് പുറമേയുള്ള വായ്പ വാങ്ങലുകളിലൂടെ വൻകിട പദ്ധതികളിലുള്ള പൊതുനിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതു വഴി വളർച്ച ത്വരിതപ്പെടുത്തുവാനുദ്ദേശിക്കുന്നു. പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി 50,000-1,00,000 കോടി രൂപയുടെ നിധി സമാഹരിക്കേണ്ടിയിരിക്കുന്നു. അക്കൗണ്ടന്റ് ജനറൽ ഓഫീസ്, ധനകാര്യ വകുപ്പ്, ട്രഷറികൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന വിവിധ ഡാറ്റാ ബേസുകളെ സംയോജിപ്പിച്ചുകൊണ്ട് ഒരു പുതിയ ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം, ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം, ഇന്റലിജൻസ് ഫോർകാസ്റ്റിംഗ് ഉപാധികളുൾപ്പെടുന്ന ലിക്വിഡിറ്റി മാനേജ്മെന്റ് സിസ്റ്റം എന്നിവ തയ്യാറാക്കും. ഈ ഉപാധികൾ ഇപ്പോഴുള്ള ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറാൻ സഹായിക്കും എന്ന് കരുതുന്നു.

## പദ്ധതി നടത്തിപ്പ്

14 (*44) ശ്രീ. എസ്. രാജേന്ദ്രന്‍ :

ശ്രീ. പി. ഉണ്ണി :

ശ്രീ. യു. ആര്‍. പ്രദീപ് :

ശ്രീ. ജോര്‍ജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പത്ത് കോടിക്ക് മുകളില്‍ ഉള്ള ഓരോ പ്രവൃത്തിക്കും സാങ്കേതിക സമിതിയുടെ പരിശോധനയും അനുമതിയും വേണമെന്ന നിബന്ധന ഏര്‍പ്പെടുത്തിയിട്ട് ഉണ്ടോ; എങ്കില്‍ ഏതു സാഹചര്യത്തിലായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) മുന്‍ സര്‍ക്കാര്‍ ഈ അനുമതി ആവശ്യമില്ലെന്ന ഉത്തരവിറക്കിയത് ഏതെങ്കിലും സമിതിയുടെയോ, സാങ്കേതിക വിദഗ്ദ്ധരുടെയോ പഠനത്തിന്റെയോ നിര്‍ദ്ദേശത്തിന്റേയോ അടിസ്ഥാനത്തിലായിരുന്നോയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത തീരുമാനം പിന്‍വലിക്കാന്‍ തയ്യാറാകുമോയെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതി നടത്തിപ്പിലുണ്ടാകുന്ന കാലതാമസം ഇല്ലാതാക്കാന്‍ സ്വീകരി ക്കാനുദ്ദേശിക്കുന്ന നടപടികള്‍ അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഏര്‍പ്പെടുത്തിയിട്ടില്ല.

(ബി) സാങ്കേതികാനുമതി നല്‍കുന്നതിന് സാമ്പത്തിക പരിധി നിശ്ചയിച്ചിട്ട് ഇല്ലായിരുന്നതിനാല്‍ അത് വളരെയധികം വര്‍ദ്ധിക്കുന്ന സാഹചര്യം ശ്രദ്ധയില്‍പ്പെട്ടപ്പോഴാണ് 10-12-2003-ലെ ജി.ഒ. (പി) 656/2003/ധന ഉത്തരവ് പ്രകാരം കമ്മിറ്റി സംവിധാനം ഏര്‍പ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാല്‍ നിര്‍മ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിലെ സാങ്കേതികാനുമതി അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങള്‍ സങ്കീര്‍ണ്ണവും വിവിധ തട്ടുകളില്‍ സൂക്ഷ്മ പരിശോധന ആവശ്യമുള്ളതുമായ ഒരു പ്രക്രിയയാണ്. നിലവിലുള്ള കമ്മിറ്റി സംവിധാനത്തില്‍ പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിലുള്ള സാങ്കേതിക കൃത്യത ഉറപ്പുവരുത്തുന്നതിന് പ്രായോഗികമായ പല പരിമിതികളും ഉള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. കമ്മിറ്റി സംവിധാനത്തില്‍ എല്ലാ അംഗങ്ങള്‍ക്കും എസ്റ്റിമേറ്റിന്റെ സാങ്കേതിക കൃത്യത സൂക്ഷ്മമായി വിലയിരുത്താന്‍ പ്രായോഗികമായി കഴിയില്ല. മാത്രമല്ല ഇത് പ്രവൃത്തികളുടെ നിര്‍വ്വഹണത്തില്‍

കാലതാമസമുളവാക്കുകയും ചെയ്യുന്നു. ഈ വിഷയം ചീഫ് എഞ്ചിനീയർമാർ ആവശ്യപ്പെട്ടതനുസരിച്ച് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിമാരുമായും ചീഫ് എഞ്ചിനീയർമാരുമായും ചീഫ് ടെക്നിക്കൽ എക്സാമിനറുമായും വിശദമായി ചർച്ച ചെയ്യുകയും സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം സാമ്പത്തിക പരിധിയില്ലാതെ ചീഫ് എഞ്ചിനീയർമാർക്ക് അനുവദിക്കുന്നതാണ് ഉചിതമെന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് മന്ത്രിസഭയുടെ അംഗീകാരത്തോടെ 16-1-2016-ലെ ജി.ഒ. (പി) നമ്പർ 6/2016/ധന. ഉത്തരവ് പുറപ്പെടുവിച്ചത്. പദ്ധതികൾക്ക് സാങ്കേതിക പരിശോധനയും അനുമതിയും ഒഴിവാക്കിക്കൊണ്ടല്ല മറിച്ച് സാങ്കേതികാനുമതി നൽകുന്നതിനുള്ള പൂർണ്ണമായ അധികാരം ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർക്ക് നൽകി കൊണ്ടാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

(സി &ഡി) സർക്കാർ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

**സ്പോർട്സ് കൗൺസിൽ പുനഃസംഘടന**

15 (*45) <u>ശ്രീ. ഹൈബി ഈഡൻ</u> :

<u>ശ്രീ. എ. പി. അനിൽ കുമാർ</u> :

<u>ശ്രീ. ഷാഫി പറമ്പിൽ</u> :

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് കൗൺസിൽ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിലെ സ്പോർട്സ് കൗൺസിലിന്റെ ഘടനയ്ക്ക് വ്യത്യസ്തമായി എന്തെല്ലാം മാറ്റങ്ങളാണ് പുന:സംഘടന വഴി വരുത്താനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം കാരണങ്ങളാണ് പുനഃസംഘടനയ്ക്ക് ഗവൺമെന്റിനെ പ്രേരിപ്പിച്ചതെന്ന് വ്യക്തമാക്കുമോ; വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>):

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

(സി) നിലവിലുള്ള കൗൺസിൽ പ്രസിഡന്റും മറ്റംഗങ്ങളും രാജിവച്ചതിനാൽ.

## വൈദ്യുതി വിതരണ ശൃംഖലയുടെ സുരക്ഷിതത്വം

16 (*46) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. അബ്ദുൽ ഹമീദ് പി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ ശൃംഖല സുരക്ഷിതവും കാര്യക്ഷമവുമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഓവർഹെഡ് ലൈനുകൾ ഉണ്ടാക്കുന്ന അപകട സാദ്ധ്യതകൾ കണക്കിലെടുത്ത് അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി പൊതുമരാമത്ത് വകുപ്പുമായി എന്തെങ്കിലും ധാരണ ഉണ്ടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) വൈദ്യുതി വിതരണ ശൃംഖല സുരക്ഷിതവും കാര്യക്ഷമവുമാക്കുന്നതിനു വേണ്ടി വൈദ്യുതി ബോർഡിന്റെ പ്രതിഷ്ഠാപനങ്ങൾ (installation) നിശ്ചിത നിലവാരം (standards) പാലിച്ചുകൊണ്ടാണ് സ്ഥാപിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നുണ്ട്. നിലവിലുള്ള ചാലകശേഷി കുറഞ്ഞതോ ബലം കുറഞ്ഞതോ ആയ വൈദ്യുതി കമ്പികൾ മാറ്റി മെച്ചപ്പെട്ട കമ്പികൾ ഉപയോഗിക്കുക, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റുക, നഗരങ്ങളിലും മറ്റും ഓവർ ഹെഡ് ലൈനുകൾ മാറ്റി ABC (Aerial Bunched Cable)/ഭൂഗർഭ കേബിളുകൾ ഉപയോഗിക്കുക എന്നീ പ്രവൃത്തികളും ബോർഡ് നടപ്പാക്കിവരുന്നു. ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നുള്ള അപകട നിരക്ക് കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്കായി 2015-16 മുതൽ 2017-18 വരെയുള്ള സേഫ്റ്റി ബഡ്ജറ്റ് ബോർഡ് അംഗീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ പള്ളം പുഞ്ച പ്രദേശത്തെ ലൈനുകൾ നവീകരിക്കുന്നതിന് 22.6988 കോടി രൂപയുടെ പദ്ധതി നടപ്പാക്കി വരികയാണ്.കൂടാതെ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തി ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കുകയും പ്രസരണ വിതരണ വാണിജ്യ നഷ്ടം കുറയ്ക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി 1078.03 കോടി രൂപയുടെ പ്രവൃത്തികൾ കേരളത്തിലെ 43 പട്ടണങ്ങളിൽ നടന്നുവരുന്നു.

(ബി) കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി 1356 km ഭൂഗർഭ കേബിൾ സ്ഥാപിക്കുവാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 886 km കേബിൾ സ്ഥാപിച്ചുകഴിഞ്ഞു. ഇതിനുപുറമേ പുതിയ കേന്ദ്ര പദ്ധതിയായ IPDS മുഖേന 193 km ഭൂഗർഭ കേബിൾ സ്ഥാപിക്കുവാനുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്.

(സി) പല സ്ഥലങ്ങളിലും പുതുതായി റോഡുകൾ നിർമ്മിക്കുമ്പോൾ വശങ്ങളിൽ അണ്ടർ ഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള utility bay നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് പൊതുമരാമത്ത് വകുപ്പിനോട് ബോർഡ് അഭ്യർത്ഥിച്ചെങ്കിലും പ്രസ്തുത പ്രവൃത്തിക്കുള്ള ചെലവ് ബോർഡ് വഹിക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ നിലവിൽ ബോർഡിന്റെ സാമ്പത്തിക സ്ഥിതി പര്യാപ്തമല്ലാത്തതിനാൽ നിലവിലുള്ള പൊതു വഴികൾക്കടിയിലൂടെ കേബിൾ കടത്തിക്കൊണ്ടു പോകാൻ ഹൊറിസോണ്ടൽ ഡയറക്ഷണൽ ഡ്രില്ലിംഗ് സാങ്കേതിക വിദ്യയാണ് ഇപ്പോൾ ഉപയോഗപ്പെടുത്തുന്നത്.

## വാണിജ്യ നികുതി വെട്ടിപ്പ്

17 (*47) ശ്രീ. മുരളി പെരുനെല്ലി :

ശ്രീമതി വീണാ ജോർജ്ജ് :

ശ്രീ. കെ. ഡി. പ്രസേനൻ :

ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതിയിൽ വെട്ടിപ്പ് നടക്കുന്ന പ്രധാന ചരക്കുകളും സേവനങ്ങളും ഏതൊക്കെയാണെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്വർണ്ണാഭരണ രംഗത്ത് നടക്കുന്ന വ്യാപാരം എത്രയെന്നതിന് ഏതെങ്കിലും വിശ്വസനീയമായ കണക്കുകൾ ലഭ്യമാണോ; അതിനനുസൃതമായി നികുതി ലഭിക്കാത്തതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സ്വർണ്ണ വ്യാപാരത്തിലൂടെ കഴിഞ്ഞ അഞ്ചുവർഷം ലഭിച്ച നികുതിയെത്രയെന്ന് വെളിപ്പെടുത്താമോ;

(ഡി) നികുതി ചോർച്ച തടയാൻ പുതുതായി എന്തു സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) നികുതി വെട്ടിപ്പിന് സാധ്യത ഏറെയായി വകുപ്പ് കണ്ടെത്തിയിട്ടുള്ള ചരക്കുകൾ താഴെപ്പറയുന്നവയാണ്.

| Sl. No. | Commodities |
|---|---|
| (1) | (2) |
| 1 | Marble Slabs and Tiles |
| 2 | Granite Slabs and Tiles |
| 3 | Ceramic Floor and Wall Tiles including witrified tiles |
| 4 | Glass Sheets |
| 5 | Cuddapah stones, kotta stones, any other similar stones and slabs |
| 6 | Readymix concrete |
| 7 | Generator whether assembled or not |
| 8 | Timber |
| 9 | Live chicken and chicken Meat |
| 10 | Bitumen |
| 11 | TMT bars, MS rods, MS wires, Tor steel, Corrosive resistant Steel Bars, MS Flats and MS angles. |

ഇതുകൂടാതെ സ്വർണ്ണം, കശുവണ്ടി, പ്ലൈവുഡ് നിർമ്മാണ സാമഗ്രികൾ റെഡിമെയ്ഡ് മേഖലകളിലും നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ നികുതി കുറയുന്ന മേഖലകൾ കണ്ടെത്തി പ്രത്യേക നിരീക്ഷണത്തിന് വിധേയമാക്കുന്നതിനും വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

(ബി) കേരളത്തിൽ മൊത്തം നടക്കുന്ന സ്വർണ്ണ വ്യാപാരത്തിന്റെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ ഈയിടെ E&Y നൽകിയ റിപ്പോർട്ട് പ്രകാരം ഇത് 77000 കോടിരൂപയോളമാണ്. സ്വർണ്ണ വ്യാപാരത്തിൽ ഉപയോഗിക്കപ്പെടുന്ന

സ്വർണ്ണത്തിന്റെ സിംഹഭാഗവും അനധികൃത മാർഗ്ഗങ്ങളിലൂടെ എത്തുന്നവയാണ്. വിമാനത്തിലും ട്രെയിനിലുമായി കണക്കിൽപ്പെടാത്ത ധാരാളം സ്വർണ്ണം ബോംബെ, കൽക്കത്ത എന്നീ സ്ഥലങ്ങളിൽനിന്നും സ്വർണ്ണാഭരണ വ്യാപാര സ്ഥാപനങ്ങളിൽ എത്തുന്നുണ്ട്. ഇത്തരം അന്യ സംസ്ഥാന വ്യാപാര സ്ഥാപനങ്ങളുമായുള്ള കരാർ പ്രകാരം അവർ സ്വർണ്ണം അവരുടെ ഉത്തരവാദിത്വത്തിൽ സ്ഥാപനങ്ങളിൽ എത്തിച്ചു കൊടുക്കണം. ഇത്തരം ആഭരണങ്ങൾ ഒരു കണക്കിലുംപെടാതെ വ്യാപാരം നടക്കുകയാണ് ചെയ്യുന്നത്. വകുപ്പിലെ ഇന്റലിജൻസ് വിഭാഗം ഇത്തരത്തിൽ അനധികൃതമായി കൊണ്ടുവരുന്ന സ്വർണ്ണം കണ്ടെത്തുന്നുണ്ട്. എന്നാൽ ഇത് ഇത്തരത്തിലുള്ള സ്വർണ്ണവ്യാപാരത്തിന്റെ ഒരു തുച്ഛമായ ഭാഗം മാത്രമാണ്. ചെറിയ ബാഗുകളിൽ കൊണ്ടുവന്ന് വിൽപ്പന നടത്താവുന്ന സാധനമായതിനാൽ ഇത്തരം കള്ളക്കടത്തുകൾ കണ്ടെത്തുക വളരെ ദുഷ്കരമാണ്.

(സി) സ്വർണ്ണ വ്യാപാരത്തിലൂടെ കഴിഞ്ഞ അഞ്ചുവർഷം ലഭിച്ച നികുതി വരുമാനം ചുവടെ ചേർക്കുന്നു.

| വർഷം | സ്വർണ്ണ വ്യാപാരത്തിലൂടെ ലഭിച്ച വരുമാനം (തുക കോടിയിൽ) |
|---|---|
| 2011-12 | 302.2 |
| 2012-13 | 393.54 |
| 2013-14 | 471.53 |
| 2014-15 | 456.76 |
| 2015-16 | 541.7 |

(ഡി) നികുതി ചോർച്ച തടയാൻ വാഹന പരിശോധന കർശനവും ശക്തവുമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ നികുതി വെട്ടിപ്പിനു സാധ്യതയുള്ള മേഖലകൾ നിരീക്ഷണത്തിന് വിധേയമാക്കി കട പരിശോധന കൂടുതൽ ശക്തിപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

## സഹകരണ അപ്പെക്സ് സംഘങ്ങളുടെ പ്രതിസന്ധി പരിഹരിക്കാനുള്ള പദ്ധതികൾ

18 (*48) ശ്രീ. സി. കൃഷ്ണൻ :

ശ്രീ. എം. രാജഗോപാലൻ :

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :

പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ അപ്പെക്സ് സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) വിവിധ മേഖലകളിലെ അപ്പെക്സ് സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമാണ്;

(സി) ഈ സംഘങ്ങളുടെ കീഴിലുള്ള അംഗസംഘങ്ങളിൽ എത്ര ശതമാനം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്; പ്രവർത്തനരഹിതമായത് എത്ര ശതമാനം ;

(ഡി) അപ്പെക്സ് സംഘങ്ങളുടെ പ്രതിസന്ധി പരിഹരിക്കാനായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. സഹകരണ അപ്പെക്സ് സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സഹകരണ നിയമം വകുപ്പ് 64 പ്രകാരം നടത്തുന്ന വാർഷിക ആഡിറ്റിന്റെ ഭാഗമായി സഹകരണ അപ്പെക്സ് സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തപ്പെടുന്നുണ്ട്. കൂടാതെ 17-12-2015 തീയതിയിൽ സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അപ്പെക്സ് സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും പ്രസിഡന്റുമാരുടേയും യോഗം പ്രവർത്തനം വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ പ്രായോഗികമായ ശിപാർശകൾ സർക്കാരിലേക്ക് സമർപ്പിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. അപ്പെക്സ് സംഘങ്ങളുടെ ഭാരവാഹികളുടെ യോഗം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടി ടി സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(ബി) വായ്പാമേഖലയിലും വായ്പേതര മേഖലയിലും പ്രവർത്തിക്കുന്ന സഹകരണ അപ്പെക്സ് സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ വിഭിന്നമാണ്. വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്ക്, കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, ഹൗസ്ഫെഡ് എന്നിവ നേരിടുന്ന പ്രധാന പ്രതിസന്ധി വർദ്ധിച്ച വായ്പാകുടിശ്ശികയാണ്. വായ്പേതര മേഖലയിൽ പ്രവർത്തിക്കുന്ന അപ്പെക്സ് സ്ഥാപനങ്ങൾ പ്രവർത്തനത്തിൽ മത്സരിക്കേണ്ടി വരുന്നത് വർദ്ധിച്ച നിരക്കിൽ ഫീസ് ഈടാക്കി പ്രവർത്തിക്കുന്ന സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളുമായാണ്. കുറഞ്ഞ നിരക്കിൽ സേവനം നൽകുവാൻ ബാദ്ധ്യസ്ഥരായ സഹകരണ അപ്പെക്സ് സ്ഥാപനങ്ങൾ സർക്കാരിലേക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും നൽകേണ്ട ഫീസുകളിലോ നികുതി നിരക്കുകളിലോ പ്രത്യേക ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. മൂലധന അപര്യാപ്തതയും വായ്പേതര മേഖലയിൽ പ്രവർത്തിക്കുന്ന അപ്പെക്സ് സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധിയാണ്. ഭൂരിഭാഗം സ്ഥാപനങ്ങളും അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധി സാമ്പത്തിക അപര്യാപ്തതയാണെന്ന് കാണുന്നു.

(സി) <u>സംസ്ഥാന സഹകരണ ബാങ്ക്</u> :

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 14%

പ്രവർത്തനരഹിതമായവ - 0%

<u>കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്</u> :

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 54%

പ്രവർത്തനരഹിതമായവ - 0%

<u>ഹൗസ്ഫെഡ്</u> :

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 50%

പ്രവർത്തനരഹിതമായവ - 2%

<u>കൺസ്യൂമർഫെഡ്</u> :

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 76%

പ്രവർത്തനരഹിതമായവ - 16%

റബ്ബർമാർക്ക് :

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 90%

പ്രവർത്തനരഹിതമായവ - 5%

മാർക്കറ്റ്ഫെഡ് :

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 80%

പ്രവർത്തനരഹിതമായവ - 12%

ഹോസ്പിറ്റൽ ഫെഡറേഷൻ :

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 21%

പ്രവർത്തനരഹിതമായവ - 0%

എസ്.സി./എസ്.റ്റി. ഫെഡറേഷൻ :

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 85%

പ്രവർത്തനരഹിതമായവ - 56%

ടൂർഫെഡ് :

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 45%

പ്രവർത്തനരഹിതമായവ - 2%

വനിതാഫെഡ് :

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 30%

പ്രവർത്തനരഹിതമായവ - 12%

ലേബർഫെഡ് :

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 80%

പ്രവർത്തനരഹിതമായവ - 10%

(ഡി) അപ്പെക്സ് സംഘങ്ങളുടെ പ്രതിസന്ധി പരിഹരിക്കാനായി ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, ഉൽപ്പാദനം വർദ്ധിപ്പിക്കൽ, ഇ-കൊമേഴ്സ് ആരംഭിക്കുക, ജില്ലാ സഹകരണ ബാങ്കുകളുമായി സംയോജിപ്പിച്ച് സംസ്ഥാന സഹകരണ ബാങ്കിനെ കൂടുതൽ ശക്തിപ്പെടുത്തുക, വിവിധ സ്ഥാപനങ്ങളുടെ റിസോഴ്സുകളുടെ ഷെയറിംഗ് എന്നീ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും ക്രമവിരുദ്ധമായ നടപടികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

## നാളേക്കിത്തിരി ഊർജ്ജം പദ്ധതി

19 (*49) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. അനിൽ അക്കര :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് "നാളേക്കിത്തിരി ഊർജ്ജം" പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നത്;

(സി) പദ്ധതി നടത്തിപ്പിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ & ബി) ഉണ്ട്. കെ.എസ്.ഇ.ബി.-യും ഇ.എം.സി.-യും ചേർന്ന് 2011 ആഗസ്റ്റ് 1 മുതൽ 2012 മേയ് 31 വരെയുള്ള കാലയളവിൽ നടത്തിയിരുന്ന പരിപാടിയാണ് "നാളേക്കിത്തിരി ഊർജ്ജം." സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അറിവ് നൽകുക, ഊർജ്ജ ദുരുപയോഗം വഴിയുണ്ടാകുന്ന വിപത്തുകളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക, തദ്വാര പൊതുജനങ്ങൾക്കിടയിൽ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം.

(സി) “നാളേക്കിത്തിരി ഊർജ്ജം" എന്ന പദ്ധതിയിലൂടെ ഊർജ്ജ സംരക്ഷണത്തിനായി ബോധവൽക്കരണം നടത്താൻ സാധിച്ചിട്ടുണ്ട്.

## നെയ്ത്ത് മേഖലയുടെ വികസനം

20 (*50) ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. കെ. സി. ജോസഫ് :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെയ്ത്ത് മേഖലയുടെ വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് മുൻഗവൺമെന്റ് തയ്യാറാക്കിയത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി നേടാനുദ്ദേശിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചത്; വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) സംസ്ഥാനത്ത് നെയ്ത്ത് മേഖലയുടെ വികസനത്തിന് മുൻ ഗവൺമെന്റ് തയ്യാറാക്കിയ കർമ്മ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. നെയ്ത്തു തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം.
2. കൈത്തറി മേഖലയിലും പവർലൂം മേഖലയിലും ഓരോ ഇൻകുബേഷൻ സെന്റർ തുടങ്ങാനുള്ള പദ്ധതി
3. കൈത്തറി മേഖലയിൽ സെൽഫ് എംപ്ലോയ്മെന്റ് സ്കീം.
4. കേന്ദ്ര സർക്കാരിന്റെ പുനരുദ്ധാരണ പദ്ധതിയായ റിവൈവൽ, റിഫോം & റീസ്ട്രക്ചറിംഗ് പാക്കേജിന്റെ സഹായം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) കൈത്തറി മേഖലയുടെ സമഗ്രമായ വികസനമാണ് പ്രസ്തുത പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

(സി) പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിലൂടെ തൊഴിലാളികൾക്ക് ദിവസം ആവറേജ് ഉൽപ്പാദനത്തിന് മുകളിലുള്ള ഉൽപ്പാദനത്തിന് കൂലി ഇരട്ടിയായി (മാസം പരമാവധി 4000 രൂപ വരെ) വർദ്ധിപ്പിച്ച് നൽകുന്നു. ഇത് ഉൽപ്പാദന വർദ്ധനവുണ്ടാക്കാൻ കഴിയുന്നു. വീവിംഗ് മാസ്റ്ററുടെ കീഴിൽ തറികൾ വെച്ച് നെയ്ത്ത് ജോലി ചെയ്യുന്ന വീവിംഗ് യൂണിറ്റുകൾക്ക് ഫിക്സഡ് ക്യാപ്പിറ്റലിന്റെ 40% മാർജിൻ മണിയായും (പരമാവധി 4 ലക്ഷം രൂപ വരെയും) പ്രവർത്തന മൂലധനത്തിന് 30% (പരമാവധി 1.5 ലക്ഷം രൂപ വരെയും) നൽകി സഹകരണ മേഖലയ്ക്ക് പുറത്ത് വ്യക്തിഗത കൈത്തറി യൂണിറ്റ് ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 86 യൂണിറ്റുകൾക്ക് 169 ലക്ഷം രൂപ സഹായം നൽകുകയുണ്ടായി. ഹാന്റ്ലൂം ബിസിനസ്സ് ഇൻകുബേഷൻ സെന്റർ ബാലരാമപുരത്തും പവർലൂം ബിസിനസ്സ് ഇൻകുബേഷൻ സെന്റർ നെയ്യാറ്റിൻ കരയിലും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം ചെയ്തുവെങ്കിലും പ്രവർത്തനം ഇതേവരെ ആരംഭിച്ചിട്ടില്ല.

(ഡി) ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കൈത്തറി സെൽഫ് എംപ്ലോയ്മെന്റ് പദ്ധതി പ്രകാരം അപേക്ഷകരെ കണ്ടെത്തി തുക അനുവദിക്കുന്നു. പ്രൊഡക്ഷൻ ഇൻസെന്റീവ്, ജില്ലാ വ്യവസായ കേന്ദ്രം വഴി കൈത്തറി സഹകരണ സംഘങ്ങളിൽ നിന്നുള്ള അപേക്ഷകൾ പരിശോധിച്ച് അർഹതയ്ക്കനുസരിച്ച് തുക അനുവദിച്ച് അവരവരുടെ ബാങ്ക് അക്കൗണ്ടിലൂടെയാണ് നൽകിവരുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 785 ലക്ഷം രൂപ ചെലവഴിച്ചു.കേന്ദ്ര ഗവൺമെന്റിന്റെ റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് (ആർ.ആർ.ആർ. പാക്കേജ്) നടപ്പിലാക്കിയിട്ടുണ്ട്. അതുപ്രകാരം സംഘങ്ങൾക്കുള്ള ബാധ്യത 100% ലോണും പലിശയുടെ 25%വും എഴുതി തള്ളിയിട്ടുണ്ട്.

## കൺസ്യൂമർഫെഡ്

21 (*51) <u>ശ്രീ. ജോർജ് എം. തോമസ്</u> :
<u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കണമെന്ന ഉദ്ദേശ്യത്തോടെ സ്ഥാപിച്ച കൺസ്യൂമർഫെഡ് ഇക്കാര്യത്തിൽ പരാജയപ്പെടാനുണ്ടായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കൺസ്യൂമർഫെഡിന്റെ വിപണനശാലകൾ സ്വകാര്യവത്ക്കരിക്കാൻ ഉദ്ദേശ്യമുണ്ടോ;

(സി) ജനോപകാരപ്രദമായി കൺസ്യൂമർഫെഡിനെ പുനഃസംഘടിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. ഉപഭോക്തൃ സാധനങ്ങൾ വാങ്ങുന്നതിന് ശരിയായ മാനദണ്ഡം ഇല്ലായ്മ, മൊബൈൽ ത്രിവേണി, ഫ്ലോട്ടിംഗ് ത്രിവേണി എന്നിവയുടെ പ്രവർത്തന വൈകല്യം, വിൽപ്പനയ്ക്കുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള പോരായ്മകൾ, ലാഭകരമല്ലാത്ത നന്മ, ത്രിവേണി സ്റ്റോറുകൾ, നിലവിലെ സാമ്പത്തിക പ്രതിസന്ധി, അധിക ജീവനക്കാർ തുടങ്ങിയവ കൺസ്യൂമർഫെഡിന്റെ പ്രവർത്തനത്തിന് മങ്ങൽ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. കൺസ്യൂമർഫെഡിനെ കൂടുതൽ ജനോപകാരപ്രദമായി മാറ്റുന്നതിന് ഉതകുന്ന തരത്തിൽ ചുവടെ ചേർക്കുന്ന സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു.

1. ഇ-ടെണ്ടർ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി.
2. ചെലവുകളിൽ നിയന്ത്രണം ഏർപ്പെടുത്തി സംവിധാനം അഴിമതി രഹിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
3. വിവിധ സ്റ്റോറുകൾ മുഖേന വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് ഗുണമേന്മ ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ പുരോഗമിക്കുന്നു.
4. വിവിധ വിഭാഗം ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകും.
5. ഫെഡറേഷൻ ബൈലോ പ്രകാരമുള്ള ഭരണസംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.
6. സപ്ലൈകോ നൽകുന്നതുപോലെ വർഷം മുഴുവൻ 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സാധാരണക്കാർക്ക് ലഭ്യമാക്കണമെന്ന ഫെഡറേഷന്റെ ശിപാർശ പരിശോധിച്ചുവരുന്നു.

7. വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും ഫെഡറേഷന്റെ മൊത്തത്തിലുള്ള പ്രവർത്തനത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന്റേയും ഭാഗമായി കമ്പ്യൂട്ടർ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തിവരുന്നു.

8. റംസാൻ വിപണിയിൽ ഇടപെടുന്നതിന് 5 കോടി രൂപ കൺസ്യൂമർ ഫെഡിന് നൽകുന്നതിന് ഭരണാനുമതി നൽകി. സർക്കാർ സബ്സിഡി ഇനത്തിൽ നൽകുവാനുണ്ടായിരുന്ന തുകയിൽ 35 കോടി രൂപ നൽകി കഴിഞ്ഞു.

**സോളാർ യൂണിറ്റുകൾ വ്യാപകമാക്കാനുള്ള നടപടികൾ**

22 (*52) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി.മമ്മൂട്ടി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂഫ് ടോപ് സോളാർ യൂണിറ്റുകൾ വ്യാപകമാക്കാനുള്ള കേന്ദ്രസർക്കാർ നടപടികൾ, സംസ്ഥാനത്തും പ്രയോജനപ്രദമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കുമായി ചേർന്ന് വേൾഡ് ബാങ്ക് നല്കാമെന്നേറ്റിട്ടുള്ള ലോൺ സംസ്ഥാനത്തെ സോളാർ വികസനത്തിന് ഉപയോഗപ്പെടുത്താൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ ;

(സി) സംസ്ഥാനത്തെ ഊർജ്ജ ദൗർലഭ്യം പരിഹരിക്കാൻ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ കൂടുതലായി ഉപയോഗപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ എന്നു വ്യക്തമാക്കുമോ ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്. റൂഫ് ടോപ്പ് സോളാർ യൂണിറ്റുകൾ വ്യാപകമാക്കുന്നതിനായി, നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി അനെർട്ട് വഴി 1-5 കിലോവാട്ട് ബാറ്ററി സ്റ്റോറേജുള്ള പവർ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള

പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. നിലവിൽ 2-50 കിലോവാട്ട് ശേഷിയുള്ള പവർ പ്ലാന്റുകൾ സ്ഥാപിക്കുക വഴി 15 മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി നടപ്പിലാക്കി വരുന്നു. 14 മെഗാവാട്ടോളം സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ച പദ്ധതിയിൽ 4 മെഗാവാട്ടോളം പവർ പ്ലാന്റുകൾക്ക് പ്രതിഷ്ഠാപനത്തിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. അതോടൊപ്പം 2012-13-ൽ ആരംഭിച്ച 10000 സൗരഗൃഹ പദ്ധതിയിൽ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ ആകെ 9 മെഗാവാട്ട് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖാന്തരം 2.070 മെഗാവാട്ടിന്റെ സോളാർ പദ്ധതികൾ സംസ്ഥാനത്ത് നടന്നുവരുന്നു. ജനറേഷൻ കെട്ടിടങ്ങളുടെ മുകളിൽ 0.045 മെഗാവാട്ടിന്റെ പണി പൂർത്തീകരിച്ചു. അനുയോജ്യമായ സർക്കാർ കെട്ടിടങ്ങളുടെ മുകളിൽ സോളാർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉപഭോക്താക്കളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് 1.335 മെഗാവാട്ടിന്റെ 63 പ്ലാന്റുകൾ കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേക്ക് കണക്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഗ്രിഡ് കണക്ടഡ് അല്ലാത്ത (ഓഫ് ഗ്രിഡ്) സോളാർ പ്ലാന്റുകളുള്ള ഉപഭോക്താക്കൾക്ക് ഉത്പാദിപ്പിക്കുന്ന സോളാർ വൈദ്യുതിക്ക് യൂണിറ്റിന് ഒരു രൂപ വീതം ഇൻസെന്റീവ് നൽകിവരുന്നു. മൊത്തം 8.25 മെഗാവാട്ടിന്റെ പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ട്. പ്ലാനിംഗ് ബോർഡുമായി ചേർന്ന് കേരളത്തിലെ 13 ജില്ലകളിലെ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 1.751 മെഗാവാട്ടിന്റെ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) സംസ്ഥാനത്തിനകത്ത് ഉല്പാദനശേഷി വർദ്ധനവിനും റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (ആർ.പി.ഒ.) നികത്തുന്നതിനും പാരമ്പര്യേതര ഊർജ്ജ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. വൻതോതിൽ വൈദ്യുതോർജ്ജം സംഭരിക്കാൻ കഴിയുന്ന സാങ്കേതിക വിദ്യകൾ (ബാറ്ററി) ലഭ്യമായാൽ മാത്രമേ ഉയർന്ന ആവശ്യകത രേഖപ്പെടുത്തുന്ന സമയങ്ങളിലെ ആവശ്യകത നിറവേറ്റാൻ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കാൻ കഴിയുകയുള്ളൂ.

## വാണിജ്യനികുതി വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിലെ പരിഷ്കാരങ്ങൾ

23 (*53) ശ്രീ.അടൂർ പ്രകാശ് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യനികുതി വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുന്നതിനും അവ പരിഷ്കരിക്കുന്നതിനും മുൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇതുമൂലം നികുതി വർദ്ധനവിൽ എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) നികുതി വർദ്ധനവിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്ത് വാണിജ്യ നികുതി വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ പരിശോധന കർശനമാക്കുന്നതിന്റെ ഭാഗമായി ഇന്റലിജൻസ് സ്ക്വാഡുകൾ ചെക്ക്പോസ്റ്റുകളിൽ ടേക്കോവർ ചെയ്യുന്നുണ്ട്. കൂടാതെ ചെക്ക്പോസ്റ്റുകളിൽ പരിശോധന കഴിഞ്ഞുവരുന്ന വാഹനങ്ങളെ ഓവർചെക്ക് ചെയ്യാനുള്ള സംവിധാനവും ഇന്റലിജൻസ് വിഭാഗത്തിനുണ്ട്. വാണിജ്യ നികുതി വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ ഇടയ്ക്കിടെ ചെക്ക്പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്. ചെക്ക്പോസ്റ്റുകൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി മുൻ ഗവൺമെന്റ് വയനാട്ടിലെ മുത്തങ്ങയിൽ സംയോജിത ചെക്ക് പോസ്റ്റിനായി 7.53 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ വയനാടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊല്ലം ആര്യങ്കാവിൽ സംയോജിത ചെക്ക്പോസ്റ്റിനായി നിലവിൽ ലഭ്യമായിട്ടുള്ള 1.37 ഏക്കർ ഭൂമിയിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ PWD എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ് മഞ്ചേശ്വരത്ത് സംയോജിത ചെക്ക്പോസ്റ്റിനായി 9.33 ഏക്കർ ഭൂമി അക്വയർ ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ വാളയാറിൽ (IN) എംപവേർഡ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി സംയോജിത ചെക്ക്പോസ്റ്റ് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലപ്പുറം ജില്ലയിലെ വഴിക്കടവിൽ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമം

നടത്തിക്കൊണ്ടിരിക്കുന്നു. സംസ്ഥാനത്തെ സുപ്രധാന ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റായി ഉയർത്തുന്നതിലേക്കായി ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചുകൊണ്ട് ഡിപ്പാർട്ടുമെന്റുകളിലെ ഉന്നത ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി നിയോഗിച്ചു കൊണ്ടും ഓരോ വകുപ്പുകളുടേയും ആവശ്യങ്ങൾ ശേഖരിച്ച് ഒരു പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഈ നടപടികൾമൂലം എത്ര വരുമാന വർദ്ധനയുണ്ടായി എന്ന് കണക്കാക്കിയിട്ടില്ല. എന്നാൽ കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ ചെക്ക്പോസ്റ്റ് വരുമാന വർദ്ധനവ് സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു. അതിൽ കാണാവുന്നതുപോലെ വരുമാന വർദ്ധന നിരക്ക് തുടർച്ചയായി കുറഞ്ഞുവരികയാണ്.

| വർഷം | ചെക്ക്പോസ്റ്റുകളിൽ നിന്നും ലഭിച്ച വരുമാനം (കോടിയിൽ) | വർദ്ധനവ് (കോടിയിൽ) |
|---|---|---|
| 2011-12 | 659.72 | 391.45 |
| 2012-13 | 925.01 | 265.29 |
| 2013-14 | 1021.76 | 96.75 |
| 2014-15 | 1093.56 | 71.8 |
| 2015-16 | 1094.18 | 0.62 |

(സി) വാണിജ്യ നികുതി വരുമാനം മെച്ചപ്പെടുത്തുന്നതിന് പല പദ്ധതികളും ആവിഷ്കരിച്ചുവരുന്നു.

1. ഏറ്റവും പ്രധാനം അഴിമതി ഇല്ലാതാക്കലാണ്.
2. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിണി സാധ്യമാകുന്ന സോഫ്റ്റ്വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.
3. ഉപഭോക്താക്കൾ ബിൽ ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗുള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്-ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനുദ്ദേശിക്കുന്നു.

4. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

5. ആധുനിക സംയോജിത ചെക്ക്പോസ്റ്റുകൾ സമയബന്ധിതമായി സ്ഥാപിക്കും.

6. അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

7. റിട്ടേൺ സ്ക്രൂട്ടിണി, കുടിശ്ശിക അസ്സസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.

8. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

9. നികുതി ചോർച്ച തടയുന്നതിന് റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളും കർശന നടപടി സ്വീകരിക്കുന്നുണ്ട്.

10. അനധികൃത മദ്യ വിൽപ്പനക്കെതിരെ എക്സൈസ് വകുപ്പ് കർശന നിലപാട് സ്വീകരിക്കുന്നുണ്ട്.

11. വാഹനങ്ങളുടെ സീറ്റിംഗ് കപ്പാസിറ്റി കുറച്ചുകാണിക്കുക, പർച്ചേസ് വാല്യൂ കുറച്ചു കാണിക്കുക തുടങ്ങിയവയിലൂടെയുള്ള നികുതി തട്ടിപ്പിനെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ കൈക്കൊള്ളും.

**പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം**

24 (*54) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പരമ്പരാഗത വ്യവസായങ്ങൾ തകർച്ച നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയെ സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ:

(ബി) പ്രസ്തുത മേഖലയിൽ പണിയെടുത്തിരുന്ന തൊഴിലാളികൾ തൊഴിൽ ഉപേക്ഷിച്ചു പോകുന്നത് തടയുവാനും അവരുടെ ക്ഷേമം ഉറപ്പ് വരുത്തുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽനിന്നും സംരക്ഷിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിൽ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും ഇൻകം സപ്പോർട്ട് സ്കീമും നടപ്പാക്കി വേതന വർദ്ധനവ് വരുത്തി തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും സാങ്കേതിക സഹായവും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായവും നൽകിവരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും അതുവഴി ഉൽപ്പാദന വർദ്ധനവും വേതന വർദ്ധനവും കൈവരിച്ചുവരുന്നു. കരകൗശല മേഖലയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ കേരള കരകൗശല വികസന കോർപ്പറേഷൻ, കാഡ്കോ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, സുരഭി, കെൽപാം എന്നീ സ്ഥാപനങ്ങൾ വഴി സർക്കാർ സ്വീകരിച്ചുവരുന്നു. വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ മേഖലയിലെ കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഖാദി വ്യവസായം സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ നൽകുന്ന വാർഷിക പദ്ധതി വിഹിതമുപയോഗിച്ച് പുതിയ വർക്ക്ഷെഡ്ഡുകളുടെ നിർമ്മാണം, പുതിയ ചർക്കകളും തറികളും സ്ഥാപിക്കൽ, ഖാദി തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവ്, ഉത്സവബത്ത നൽകൽ തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവരെ പ്രസ്തുത മേഖലയിൽ നിലനിർത്തുന്നതിനുമായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത കൈത്തറി മേഖലയിൽ പ്രൊഡക്ഷൻ ഇൻസെന്റീവും ഇൻകം സപ്പോർട്ട് സ്കീമും വഴി വേതന വർദ്ധനവ് വരുത്തി തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുന്നതിന് പദ്ധതികൾ നടപ്പാക്കിവരുന്നു. തൊഴിലാളികൾക്ക് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും സാങ്കേതിക സഹായവും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായവും നൽകുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ

ഉൽപ്പാദനത്തിലൂടെ ഉയർന്ന വേതനം ലഭ്യമാക്കുന്നതിന് സഹായിക്കുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും അതുവഴി ഉൽപ്പാദനക്ഷമത വർദ്ധിക്കുകയും വേതനം വർദ്ധിക്കുകയും ചെയ്യുന്നു. കരകൗശല മേഖലയിൽ ഉൽപ്പാദനക്ഷമതയിലെ കുറവും സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ കുറവും മെച്ചപ്പെട്ട പണിയായുധങ്ങളുടെ അഭാവവും പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റേയും കേന്ദ്ര സർക്കാരിന്റേയും വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരകൗശല മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കുടുംബാംഗങ്ങൾക്ക് അനുബന്ധ മേഖലയിൽ വിദഗ്ദ്ധ പരിശീലനം നൽകി സ്വയം സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ അനുവദിക്കുന്ന വാർഷിക പദ്ധതി വിഹിതം ഉപയോഗിച്ച് നെയ്ത്ത് മേഖലയിലും നൂൽപ്പ് മേഖലയിലുമുള്ള തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്നതിനും ഉൽപ്പാദന ഇൻസെന്റീവ് നൽകുന്നതിനും ഉൽസവ ബത്ത അനുവദിക്കുന്നതിനും കേരള ഖാദിഗ്രാമ വ്യവസായ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഗ്രാമവ്യവസായ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് ധനസഹായം നൽകി പരമ്പരാഗത വ്യവസായങ്ങൾ നിലനിർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**വിനോദസഞ്ചാര നയം**

25 (*55) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :

ശ്രീ. എം. ഉമ്മർ :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര നയത്തിൽ മാറ്റങ്ങളെന്തെങ്കിലും വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) വിനോദസഞ്ചാര വികസനത്തോടൊപ്പം, പൈതൃകവും പരിസ്ഥിതിയും സംരക്ഷിക്കണമെന്ന കാഴ്ചപ്പാടിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ-സി) 2012-ലെ വിനോദസഞ്ചാര നയമാണ് ഇപ്പോൾ പ്രാബല്യത്തിലുള്ളത്. ഇതിലാവശ്യമായ ഭേദഗതികൾ വരുത്തി പുതിയ വിനോദസഞ്ചാര നയം രൂപീകരിക്കുന്നത് സർക്കാർ പരിശോധിച്ചുവരികയാണ്.

**കായികരംഗത്തെ വികസനം**

26 (*56) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മികച്ച കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) വിദേശ പരിശീലനം ലഭിച്ച എത്ര പേരുടെ സേവനം ഈ രംഗത്ത് കായിക താരങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) കായിക താരങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന സ്റ്റേഡിയങ്ങളും, ട്രാക്കുകളും, മറ്റ് സംവിധാനങ്ങളും ഉപയോഗ ശൂന്യമായി കിടപ്പുണ്ടോ; ഉണ്ടെങ്കിൽ അവ പുനരുദ്ധരിച്ച് ഉപയോഗപ്രദമാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) കായിക രംഗത്ത് നിലനില്ക്കുന്ന അഴിമതികൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിനും ഓരോ കായികതാരങ്ങൾക്കും അവരുടെ ഇഷ്ട കായിക ഇനത്തിൽ പ്രോത്സാഹനം നൽകുന്നതിനും വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുംവേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഒളിംപിക് മെഡൽ ലക്ഷ്യമാക്കി അത്‌ലറ്റിക്സ് (എലൈറ്റ് അത്‌ലറ്റിക് ട്രെയിനിംഗ് സെന്റർ), വോളിബോൾ (ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ), സ്വിമ്മിംഗ് (Swimming Effort Training Programme in swimming (SET)), ഫെൻസിംഗ് എന്നീ കായിക

ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ മികച്ച കായിക പ്രതിഭകളെ കണ്ടെത്തി അവരെ ഏഷ്യൻ/ കോമൺവെൽത്ത്/ ഒളിംപിക് എന്നീ രാജ്യാന്തര കായിക മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് എലൈറ്റ് സ്കീമിലൂടെ ലക്ഷ്യമിടുന്നത്. അന്തർദ്ദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും പരിശീലനവും താമസവും ഭക്ഷണവും മറ്റ് ഉന്നതനിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും പദ്ധതിയിൽ കായികതാരങ്ങൾക്ക് ലഭ്യമാക്കിവരുന്നു. സ്വിമ്മിംഗിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതിലേക്കായി വിദേശ പരിശീലകന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലഭ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ, വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി 23 കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്കൂൾ, കോളേജ് മാനേജ്മെന്റുകളുടെ സഹകരണത്തോടുകൂടി 56 കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും 24 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്കാവശ്യമായ സ്പോർട്സ് കിറ്റ്, ട്രാക്ക് സ്യൂട്ട്, കായിക ഉപകരണങ്ങൾ എന്നിവ കൗൺസിലിൽ നിന്നും നൽകുന്നു. ഇവരുടെ താമസ ഭക്ഷണ ചെലവുകളും, ചികിത്സാ ചെലവും കൗൺസിൽ വഹിച്ചുവരുന്നു. സംസ്ഥാന ടീമിനെ പ്രതിനിധീകരിച്ച് ദേശീയ, ദക്ഷിണ മേഖലാ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് ട്രാക്ക് സ്യൂട്ടും യൂണിഫോമും കൗൺസിൽ നൽകി വരുന്നുണ്ട്. കൂടാതെ 14 ജില്ലകളിലായി വിവിധ കായിക ഇനങ്ങളിൽ 108 ഡേ ബോർഡിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഡേ ബോർഡിംഗ് സെന്ററുകളിലെ കായികതാരങ്ങൾക്ക് ലഘുഭക്ഷണത്തിനായി ഒരു ദിവസം 25 രൂപ നിരക്കിൽ ആഴ്ചയിൽ അഞ്ചുദിവസവും, അത്യാവശ്യമുള്ള കായിക ഉപകരണങ്ങളും കൗൺസിൽ നൽകി വരുന്നു.

(ബി) എലൈറ്റ് സ്വിമ്മിംഗ് സ്കീമിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതിലേക്കായി വിദേശ പരിശീലകന്റെ സേവനം 2013 ആഗസ്റ്റ് മുതൽ 2014 ആഗസ്റ്റ് വരെ ലഭ്യമാക്കിയിരുന്നു. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ഒരു ഫുട്ബോൾ പരിശീലകനും രണ്ട് അത്‌ലറ്റിക്സ് പരിശീലകർക്കും വിദേശ പരിശീലനം ലഭിക്കുകയും ടിയാനിൽ നിന്നും വിദഗ്ദ്ധ സേവനം കായികതാരങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുകയുമാണ്.

(സി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള സ്റ്റേഡിയങ്ങളോ ട്രാക്കുകളോ മറ്റു സംവിധാനങ്ങളോ ഉപയോഗശൂന്യമായി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അവിടെയെല്ലാം കായികതാരങ്ങൾക്ക് പരിശീലനം നൽകി വരുന്നു.

(ഡി) കായിക വകുപ്പിൽ നിന്ന് നൽകുന്ന ധനസഹായം മുതലായവ അർഹരായവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക, അനുവദിക്കുന്ന തുക കൃത്യമായി കായികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുമായി കൃത്യമായ മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കും. കായിക അസോസിയേഷനുകളുമായി ബന്ധപ്പെട്ടും കോച്ചുമാർക്കെതിരെയുള്ള പരാതികളും ഗൗരവത്തോടുകൂടി പരിശോധിക്കുകയും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുക, കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തും, എ.ജി. ആഡിറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ് എന്നിവയിൽ എല്ലാ വർഷവും നടത്തിയിട്ടുള്ള ശിപാർശകൾ കർശനമായി നടപ്പിലാക്കും. ഒരു കൺകറന്റ് ആഡിറ്റ് സംവിധാനം രൂപപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

## സമ്പൂർണ്ണ വൈദ്യുതീകരണം

27 (*57) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ മുൻ സർക്കാർ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം കേന്ദ്ര-സംസ്ഥാന പദ്ധതികളാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ&ബി) 2011-2016 കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നിലവിലുണ്ടായിരുന്നില്ല. ഉണഭോക്താവ് സ്വന്തം ചെലവിൽ എടുത്ത കണക്ഷനുകളും കേന്ദ്രാവിഷ്കൃത പദ്ധതികളായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന, ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന എന്നീ പദ്ധതികളും പ്രയോജനപ്പെടുത്തി 11,04,868 ഗാർഹിക വൈദ്യുതി കണക്ഷനുകൾ ഇക്കാലയളവിൽ നൽകിയിട്ടുണ്ട്.

(സി) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പദ്ധതി പ്രകാരം കേരളത്തിലെ 1,07,526 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിച്ചു. ഇതിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 96182 വീടുകൾക്ക് സൗജന്യമായി വൈദ്യുത കണക്ഷൻ നൽകി. ഈ പദ്ധതി പ്രകാരം 1612.1 കി.മീ. 11 കെ.വി. ലൈനും 3398.6 കി.മീ. എൽ.റ്റി. ലൈനും നിർമ്മിച്ചു. ആകെ 1556 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. മലപ്പുറം ജില്ലയിൽ ഒരു പുതിയ സബ്സ്റ്റേഷനും നിർമ്മിച്ചു. പാലക്കാട്, വയനാട്, എറണാകുളം എന്നീ ജില്ലകളിലായി ആകെ 5 സബ് സ്റ്റേഷനുകളിൽ പുതിയ ട്രാൻസ്റ്റോർമറുകൾ വച്ച് കപ്പാസിറ്റി വർദ്ധിപ്പിച്ചു. ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ ജ്യോതി യോജന പദ്ധതി പ്രകാരം കേരളത്തിലെ ആകെ 1,61,199 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ ഉൾപ്പെട്ട 41,884 ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വീടുകൾക്ക് സൗജന്യ വൈദ്യുതീകരണമാണ് നൽകുന്നത്. പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോല്പാദനം**

28 (*58) ശ്രീ. പി. കെ. ശശി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജോല്പാദന രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിന് ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ ;

(ബി) പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോല്പാദനത്തിന് പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഇക്കാര്യത്തിൽ 'അനെർട്ടി'-ന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാനാവുംവിധം ഈ ഏജൻസിയെ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ&ബി) സംസ്ഥാനത്തെ വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത താഴെപ്പറയും പ്രകാരം പരിശോധിച്ചുവരുന്നു. ജലവൈദ്യുത പദ്ധതികളിൽ നിന്ന് 500 മെഗാവാട്ട്, കാറ്റ്, സൗരോർജ്ജം മുതലായ പുനരുപയോഗ സ്രോതസ്സുകളിൽ നിന്ന് 1500 മെഗാവാട്ട്, താപനിലയത്തിൽ നിന്ന് 1320 മെഗാവാട്ട് ഈ നിലയ്ക്ക് വൻതോതിൽ വൈദ്യുതി ഉല്പാദനശേഷി കൂട്ടിച്ചേർത്തു മാത്രമേ കേരളത്തിന് ഊർജ്ജോല്പാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുവാൻ കഴിയൂ.

നിലവിൽ നിർമ്മാണം നടന്നുവരുന്ന 9 ജലവൈദ്യുത പദ്ധതികൾ പൂർത്തിയാകുന്നതുവഴി 166.9 മെഗാവാട്ടിന്റെ സ്ഥാപിതശേഷി വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി ഭരണാനുമതി ലഭിച്ച 18 ജലവൈദ്യുത പദ്ധതികളുടെ സ്ഥലമെടുപ്പ് നടപടികളും, പ്രീ-കൺസ്ട്രക്ഷൻ സർവ്വേയും പുരോഗമിച്ചുവരുന്നു. ഈ പദ്ധതികൾ നടപ്പാക്കുന്നതു വഴി 345.5 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവും പ്രതീക്ഷിക്കുന്നു. കൂടാതെ 60 മെഗാവാട്ടിന്റെ വൈത്തിരി ജലവൈദ്യുത പദ്ധതിക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച 40 മെഗാവാട്ടിന്റെ പാമ്പാർ ജലവൈദ്യുത പദ്ധതിക്ക് കേന്ദ്ര വനം-പാരിസ്ഥിതിക മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പാക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.

പുതിയ ജലവൈദ്യുത പദ്ധതികൾ കണ്ടെത്തുന്നതിനും അവയുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സർവ്വേയും അനുബന്ധ ജോലികളും പുരോഗമിക്കുന്നു. ആകെ 110.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 18 ജലവൈദ്യുത പദ്ധതികളുടെ സർവ്വേ ജോലികൾ പൂർത്തിയാക്കി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കൂടാതെ നിലവിലുള്ള ജലാശയങ്ങളെ ബന്ധിപ്പിച്ച് പമ്പ്ഡ് സ്റ്റോറേജ് സ്കീമുകളും, നിലവിലുള്ള പദ്ധതികളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള സാധ്യതാപഠനവും നടന്നുവരുന്നു.

ഊർജ്ജോല്പാദന രംഗത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വഴി ആവിഷ്കരിച്ച് നടപ്പിൽ വരുത്താൻ ലക്ഷ്യം വയ്ക്കുന്ന 21.2915 മെഗാവാട്ട് പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.* കൂടാതെ കേരള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും സംസ്ഥാന പ്ലാനിംഗ് ബോർഡും ചേർന്ന് 20.331 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി നടപ്പിൽ വരുത്താനുള്ള രൂപരേഖയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയും (SECI) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും സംയുക്തമായി 200 മെഗാവാട്ടിന്റെ സോളാർ പാർക്ക് കാസർഗോഡ് നടപ്പിൽ വരുത്തുന്നു. ആദ്യഘട്ടം 50 മെഗാവാട്ടിന്റെ നിർമ്മാണം ആരംഭിച്ചു. കൂടാതെ ഊർജ്ജോല്പാദന രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിനും പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോല്പാദനത്തിന് പ്രോത്സാഹനം നൽകുന്നതിനുമായി 2016-17 സാമ്പത്തിക വർഷം അനെർട്ട് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. 2 മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചു നൽകുക.

2. 1 മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു നൽകുക.

3. ബയോഗ്യാസ് പ്ലാന്റുകൾ സബ്സിഡി നിരക്കിൽ സ്ഥാപിച്ചു നൽകുക.

4. വൈദ്യുതിയും ഖനിജ ഉൽപ്പന്നങ്ങളും സംരക്ഷിക്കുന്നതിനായി ETC, FPC മാതൃകയിലുള്ള സോളാർ വാട്ടർ ഹീറ്റിംഗ് സംവിധാനങ്ങൾ സബ്സിഡി നിരക്കിൽ സ്ഥാപിച്ചു നൽകുക.

5. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള സാധ്യതാപഠനത്തിനായി 100 മീറ്റർ ഉയരമുള്ള 4 വിന്റ് മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിക്കുക.

6. സോളാർ വാട്ടർ പമ്പുകൾ, സോളാർ കോൺസൻട്രേറ്റർ കളക്ടർ ടൈപ്പ് സ്റ്റീം ജനറേഷൻ സിസ്റ്റംസ് എന്നീ സോളാർ സംവിധാനങ്ങൾ സബ്സിഡി നിരക്കിൽ സ്ഥാപിച്ചു നൽകുക.

(സി) ഉണ്ട്. അനർട്ട് ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

**കയർ വ്യവസായത്തിലെ പ്രതിസന്ധികൾ**

29 (*59) ശ്രീ. കെ. ഡി. പ്രസേനൻ :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായം കഴിഞ്ഞ യു.ഡി.എഫ് ഭരണകാലത്ത് വൻ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിനായി പരിഗണിക്കപ്പെടുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടിയുണ്ടാകുമോയെന്ന് വിശദമാക്കാമോ;

(ഡി) ഫോം മാറ്റിങ്സ്, കയർ കോർപ്പറേഷൻ, ക്ഷേമനിധി ബോർഡ് എന്നിവയുടെ പ്രവർത്തനങ്ങൾ നാമമാത്രമായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) കയർമേഖലയിലെ ക്ഷേമ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും ഊർജ്ജിതമാക്കി കയർ വ്യവസായത്തെ സംരക്ഷിക്കാൻ വേണ്ട നടപടി അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയർമേഖലയ്ക്ക് വകയിരുത്തിയ തുകയിൽ ഗണ്യമായ പങ്ക് വിനിയോഗിക്കാത്ത സ്ഥിതിയാണ് മുൻ സർക്കാരിന്റെ കാലത്ത് നിലനിന്നത്. 2013-14 പദ്ധതി അടങ്കലിന്റെ 61.36 ശതമാനവും 2014-15-ൽ 52.78 ശതമാനവും 2015-16-ൽ 58.40 ശതമാനവും മാത്രമാണ് ചെലവഴിച്ചത്. ആയതിനാൽ മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച പദ്ധതികൾ മന്ദഗതിയിലായി. ഈ സ്ഥിതിവിശേഷത്തിന് പരിഹാരം കാണുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

കയർമേഖലയിലെ ഈ സർക്കാരിന്റെ സമീപനം ഇപ്രകാരമായിരിക്കും. :

i. പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിലും അടിസ്ഥാന വേതനവും ഉറപ്പാക്കും. ഉൽപ്പാദിപ്പിക്കപ്പെടുന്ന കയറും കയറുല്പന്നങ്ങളും പൂർണ്ണമായും കയർ കോർപ്പറേഷൻ, കയർഫെഡ് എന്നിവ വഴി സമാഹരിക്കും. നിശ്ചയിക്കപ്പെടുന്ന ക്രയവില നൽകിയാവും ഇവ സംഭരിക്കുക. ഇങ്ങനെ സംഭരിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുമ്പോൾ കയർ കോർപ്പറേഷനും കയർഫെഡിനും വരുന്ന നഷ്ടം സർക്കാർ നികത്തും.

ii. ഇതിനായി കയർ മേഖലയുടെ വിഹിതം ഗണ്യമായി ഉയർത്തും.

iii. പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുന്നതിനോടൊപ്പം കയർ വ്യവസായത്തിന്റെ സത്വര ആധുനികവത്കരണത്തിന് നടപടി സ്വീകരിക്കും.

iv. ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും

(സി) (i) കയർപിരി സഹകരണസംഘങ്ങൾക്ക് കയർഫെഡ് നൽകാനുള്ള കുടിശ്ശിക കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനിമേൽ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ പൂർണ്ണമായും കയർഫെഡ് സംഭരിക്കും. നിശ്ചിത വിലയ്ക്കായിരിക്കും കയർ സംഭരിക്കുക. കയർപിരി മേഖലയിലെ പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടിയാകും സർക്കാർ സ്വീകരിക്കുക.

(ii) കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ആശ്വാസ നടപടികളും കൈക്കൊള്ളുന്നതാണ്

(ഡി) കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവയ്ക്ക് കയർ വ്യവസായത്തിൽ വളരെ പ്രധാനപ്പെട്ട സ്ഥാനമുണ്ട്. കയർപിരി സംഘങ്ങളുടെ അപെക്സ് ബോഡിയായ കയർഫെഡ് കയർപിരി മേഖലയിലെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിനും കയർപിരി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ള സ്ഥാപനമാണ്. കയർ കോർപ്പറേഷനാകട്ടെ ചെറുകിട കയർ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യം വച്ച് രൂപീകരിച്ച സ്ഥാപനവുമാണ്. ഈ സ്ഥാപനങ്ങളെ അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായി കൂടുതൽ ചിട്ടപ്പെടുത്തുക എന്നതായിരിക്കും സർക്കാരിന്റെ നയം.ഫോം മാറ്റിംഗ്സ് ഒരു സ്റ്റാൻഡ് എലോൺ യൂണിറ്റാണ്. കയർരംഗത്തെ പുതിയ സാദ്ധ്യതകൾക്കൊത്ത് അതിനെ രൂപപ്പെടുത്തുക എന്ന സമീപനമായിരിക്കും സർക്കാർ സ്വീകരിക്കുക. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനവും കാര്യക്ഷമമാക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഇ ) 'എ' പിരിവിലെ ഉത്തരം കണ്ടാലും.

## വൈദ്യുതി കണക്ഷനും വൈദ്യുതി ഉപഭോഗവും

30 (*60) ശ്രീ. കെ. എം. ഷാജി :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി കണക്ഷൻ നല്കുന്ന കാര്യത്തിൽ കൈവരിക്കാനായ നേട്ടം വിശദമാക്കുമോ;

(ബി) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നല്കാനുള്ള തീരുമാനം എത്ര കുടുംബങ്ങൾക്ക് ആശ്വാസം നല്കുമെന്നതു സംബന്ധിച്ച് വിവരം ശേഖരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്ത് ഗാർഹിക ഗാർഹികേതര വൈദ്യുതി ഉപഭോഗ അനുപാതത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള വ്യതിയാനം സംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്തുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) 27363 എണ്ണം പുതിയ വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ ജ്യോതി യോജന പ്രകാരം കേരളത്തിലെ 41,885 ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. കൂടാതെ സംസ്ഥാന സർക്കാർ ധനസഹായത്തോടെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് സൗജന്യ വൈദ്യുത കണക്ഷനുകൾ നൽകി വരുന്നു. 1-4-2014 മുതൽ 29-2-2016 വരെയുള്ള കാലയളവിൽ പുതിയതായി ലൈൻ വലിക്കേണ്ട ആവശ്യമില്ലാത്ത, 500 വാട്ട്സ് വരെയുള്ള ബി.പി.എൽ. വിഭാഗക്കാർക്ക് 4386 സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള വൈദ്യുതി ഉപഭോഗത്തിലുള്ള വ്യതിയാനം സംബന്ധിച്ചുള്ള വിശദാംശങ്ങൾ, നിലവിലെ മീറ്ററിംഗ് സമ്പ്രദായമനുസരിച്ച് ജൂലൈ മാസം അവസാനത്തോടുകൂടി മാത്രമേ ലഭ്യമാകുകയുള്ളൂ.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### എം.എൽ.എ. എസ്.ഡി.എഫ്.

1 (270) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. എസ്.ഡി.എഫ് - ഉം എൽ.എ.സി.എ.ഡി.എസ്- ഉം നിർത്തലാക്കുന്നതുമായി ബന്ധപ്പെട്ട എന്തെങ്കിലും ശിപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) എം.എൽ.എ. എസ്.ഡി.എഫ് -ഉം എൽ.എ.സി. എ.ഡി.എസ് -ഉം വർദ്ധിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ലഭിച്ചിട്ടില്ല.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

### ആസ്തിവികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ

2 (271) ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിരുന്ന എത്ര പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ഇനിയും ആരംഭിച്ചിട്ടില്ല എന്നതു സംബന്ധിച്ച കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പല കാരണങ്ങളാലും നിർമ്മാണം മുടങ്ങുകയോ ആരംഭിക്കാൻ കഴിയാതിരിക്കുകയോ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ അനുമതി റദ്ദാക്കുന്നതിനും ഈ തുക പുതിയ പദ്ധതികൾക്കായി മാറ്റിനൽകുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ആസ്തിവികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ളതിൽ നിർമ്മാണ പ്രവൃത്തികൾ ഇനിയും ആരംഭിച്ചിട്ടില്ലാത്തവ സംബന്ധിച്ച കണക്ക് സർക്കാരിന്റെ പക്കലില്ല.

(ബി) 2-4-2016-ലെ 33/2016/ധന നമ്പർ സർക്കുലർ പ്രകാരം 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേക്കായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ റദ്ദ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികൾക്ക് പകരമായി 1-4-2016-ന് ശേഷം മറ്റ് പ്രവൃത്തികൾ അനുവദനീയമല്ല.

**ട്രഷറി മിച്ചം**

3 (272) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണോ; എങ്കിൽ പ്രസ്തുത വിഷയം പഠിച്ച് ധവളപത്രം പുറപ്പെടുവിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) 2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരം ഒഴിയുമ്പോൾ ട്രഷറി മിച്ചം എത്ര കോടി രൂപ ആയിരുന്നു;

(സി) 2011-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരം ഒഴിഞ്ഞ അവസരത്തിൽ ട്രഷറി മിച്ചം എത്ര കോടി രൂപ ആയിരുന്നു;

(ഡി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഏതൊക്കെ ക്ഷേമപെൻഷനുകൾ നൽകാതെ കുടിശ്ശിക വരുത്തി എന്നും പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കാൻ എത്ര തുക വേണ്ടി വരുമെന്നും വിശദമാക്കുമോ;

(ഇ) മരാമത്ത് പണി നടത്തിയവർക്ക് നൽകേണ്ട കുടിശ്ശിക ഉൾപ്പെടെ ഏതൊക്കെ വിഭാഗത്തിലുള്ളവർക്ക് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കുടിശ്ശിക നൽകാതെ അധികാരം ഒഴിഞ്ഞുവെന്നും ആയതിന്റെ കുടിശ്ശിക തീർക്കാൻ ഈ സർക്കാരിന് എത്ര കോടി രൂപ കണ്ടെത്തേണ്ടി വരുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനം അതീവ ഗുരുതരമായ ധനപ്രതിസന്ധിയെ നേരിടുകയാണ്. മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ 24-5-2016-ൽ 1009.30 കോടിരൂപ മാത്രമാണ് ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നത്. എന്നാൽ മുൻസർക്കാർ വിവിധ ഇനങ്ങളിലായി കുടിശ്ശികയാക്കിയ 4600 കോടിയിൽപ്പരം രൂപ അടിയന്തരമായി കൊടുത്തുതീർക്കേണ്ടതായുണ്ട്. ഇടക്കാല ബഡ്ജറ്റ് പ്രകാരം 2016-17-ലെ റവന്യൂ കമ്മി 9,697 കോടിരൂപയാണ്. ധനകാര്യ വകുപ്പിന്റെ പുതിയ കണക്കുകൾ പ്രകാരം ഇത് 18,195 കോടി രൂപയായി ഉയരും. 2016-17-ൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് വായ്പയെടുക്കാൻ അനുവാദം നൽകിയിരിക്കുന്നത് 18,524 കോടി രൂപ മാത്രമാണ്. ഇപ്പോൾ അനുവദിച്ചിരിക്കുന്ന മുഴുവൻ വായ്പയും നിത്യദാന ചെലവുകൾക്കായി ഉപയോഗിക്കേണ്ടിവരും. മൂലധനച്ചെലവുകൾക്ക് പണം ബാക്കിയുണ്ടാകില്ല എന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതിയെക്കുറിച്ചും ഇത് മറികടക്കാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും വിശദമായും സമഗ്രമായും പ്രതിപാദിക്കുന്ന ഒരു ധവളപത്രം തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) 2011-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരം ഒഴിയുമ്പോൾ (16-5-2011-ൽ) സംസ്ഥാനത്തിന് 1963.47 കോടി രൂപയുടെ ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നു. 31-3-2011-ൽ സംസ്ഥാനത്തിന് 3513.72 കോടിരൂപ ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നു.

(ഡി) കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക 2014 ഒക്ടോബർ മുതൽ 2014 ഡിസംബർ വരെയാണ്. മറ്റ് ക്ഷേമപെൻഷനുകളായ വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിവയുടെ കുടിശ്ശിക 2014 ഒക്ടോബർ മുതൽ 2015 ജനുവരി വരെയാണ്. 2015 ഫെബ്രുവരി മുതൽ ഡി.ബി.റ്റി മുഖാന്തരം ക്ഷേമപെൻഷൻ വിതരണം ചെയ്തുതുടങ്ങുന്നതിന് മുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യത്യസ്ത കാലയളവുകൾ അടിസ്ഥാനമാക്കിയാണ് തുക വിതരണം ചെയ്തിരുന്നത് എന്നതിനാലും സംസ്ഥാനത്ത് ആകെ നടപ്പിലാക്കിയ സമ്പൂർണ്ണ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതിൽ കാലതാമസം ഉണ്ടായതിനാലും ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മേൽ സൂചിപ്പിച്ച കാലയളവിനെക്കാളും കുടിശ്ശികയായിട്ടുണ്ട്. നിലവിലെ മൊത്തം കുടിശ്ശിക 1000 കോടി രൂപ വരും.

(ഇ) 2016 മേയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം കരാറുകാർക്കും ബിൽ റീ-ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കിനും നൽകേണ്ടത് (1600 കോടിരൂപ), പെൻഷൻ കുടിശ്ശിക (1000 കോടി രൂപയോളം), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബില്ല് (2000 കോടിരൂപ) എന്നിവയുൾപ്പെടെ 4600 കോടിയോളം രൂപ അടിയന്തരമായി കൊടുത്തുതീർക്കാനുള്ള ബാദ്ധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ക്ഷേമനിധികൾ/ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 കോടിരൂപ സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതുകൂടി ചേർത്താൽ ബാദ്ധ്യത 5965 കോടിയിലധികം രൂപ വരും.

## നികുതി സമാഹരണം

4 (273) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011-ലെയും 2011-2016-ലെയും സർക്കാരുകൾ അതത് കാലഘട്ടങ്ങളിലെ അഞ്ച് വർഷങ്ങളിൽ ലക്ഷ്യമിട്ട നികുതി സമാഹരണം എത്ര കോടി രൂപ ആയിരുന്നു; അതിൽ എത്ര കോടി രൂപ പിരിച്ചെടുത്തു; വ്യക്തമാക്കുമോ;

(ബി) നികുതി പരിച്ചെടുക്കുന്നതിൽ കഴിഞ്ഞ സർക്കാർ ഗുരുതരമായ അലംഭാവം കാണിച്ചതായി കരുതുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(സി) കഴിഞ്ഞ സർക്കാർ അഞ്ച് വർഷത്തിനിടെ എത്ര കോടി രൂപയുടെ നികുതി സമാഹരണത്തിന് സ്റ്റേ നൽകി എന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാർ വാറ്റ് നികുതി നിരക്കുകൾ എത്ര ശതമാനം വരെ വർദ്ധിപ്പിച്ചു; വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് 2006-11-ലെയും 2011-16-ലെയും സർക്കാരുകൾ ഓരോ സാമ്പത്തിക വർഷവും ലക്ഷ്യമിട്ട തനത് നികുതി വരുമാനവും ലഭിച്ച വരുമാനവും സംബന്ധിച്ച വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| സാമ്പത്തിക വർഷം | ലക്ഷ്യമിട്ട സംസ്ഥാന തനത് നികുതി വരുമാനം (തുക കോടി രൂപയിൽ) | ലഭിച്ച വരുമാനം (തുകകോടി രൂപയിൽ) |
|---|---|---|
| 2006-07 | 11662.86 | 11941.82 |
| 2007-08 | 13789.79 | 13668.95 |
| 2008-09 | 15780.85 | 15990.18 |
| 2009-10 | 18228.28 | 17625.02 |
| 2010-11 | 20884.23 | 21721.69 |
| 2011-12 | 26641.53 | 25718.60 |
| 2012-13 | 32122.21 | 30076.61 |
| 2013-14 | 38771.10 | 31995.02 |
| 2014-15 | 42467.49 | 35232.50 |
| 2015-16 | 45428.03 | 39002.09 (അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം) |

(ബി) ഉണ്ട്. വർദ്ധിച്ചുവരുന്ന അഴിമതിയും സർക്കാർ സ്റ്റേകളും തന്മൂലമുണ്ടായ നികുതി കുടിശ്ശികയും നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ചു. നികുതി മേഖലയിൽ സാങ്കേതിക നവീകരണം നടന്നില്ല. വാണിജ്യ നികുതി വകുപ്പിലെ സർവ്വറിന്റെ ശേഷി വർദ്ധിപ്പിക്കാത്തതുമൂലം നികുതി ഭരണത്തിൽ ഉണ്ടാക്കിയിരിക്കുന്ന പ്രയാസങ്ങൾ നിരവധിയാണ്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ആദ്യഘട്ടത്തിൽ ഉപയോഗിച്ച സോഫ്റ്റ്‌വെയർ അതുപോലെ തുടരുകയാണ്. ചെറിയ നവീകരണം വരുത്തിയാൽത്തന്നെ ഗണ്യമായ തോതിൽ നികുതി ചോർച്ച തടയാൻ കഴിയുമെന്ന് സി & എ.ജി. തന്നെ ചൂണ്ടിക്കാട്ടിയതാണ്. നികുതി പിരിവിലെ കാര്യക്ഷമതയും ഇല്ലാതായി. ഇതിനേറ്റവും നല്ല സൂചിക സ്ക്രൂട്ടിണി ചെയ്യപ്പെടുന്ന റിട്ടേണുകളുടെ ശതമാനം വളരെ താഴ്ന്നതാണെന്നാണ്. സ്ക്രൂട്ടിണിയോ ഓഡിറ്റ് വിസിറ്റോ മൂലമുണ്ടാകുന്ന അധിക ഡിമാന്റും വളരെ ചെറുതാണ്. രജിസ്ട്രേഷൻ വകുപ്പിൽ നൽകിയ ചില ഇളവുകളും വരുമാനത്തെ വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാർ 5 വർഷത്തിനിടയിൽ വാണിജ്യ നികുതിയിനത്തിൽ 440.41 കോടിരൂപയുടെ നികുതി സമാഹരണത്തിന് സ്റ്റേ നൽകിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാന്റ് റവന്യൂ ഇനങ്ങളിൽ നിലനിന്നിരുന്ന സ്റ്റേയുടെ വിശദാംശം ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | സ്റ്റേ തുക (കോടിരൂപയിൽ) | | | |
|---|---|---|---|---|
| | കോടതി | ഗവൺമെന്റ് | അപ്പലേറ്റ് | ആകെ |
| 2011-12 | 56.13 | 23.44 | 8.23 | 87.80 |
| 2012-13 | 66.35 | 35.98 | 10.95 | 113.28 |
| 2013-14 | 47.16 | 39.63 | 12.69 | 99.48 |
| 2014-15 | 49.24 | 34.20 | 18.54 | 101.98 |
| 2015-16 | 56.74 | 34.50 | 20.87 | 112.11 |

(ഡി) കേരള മൂല്യവർദ്ധിത നികുതി നിയമത്തിലെ പൊതു നിരക്കുകളായ 4 ശതമാനം, 12.5 ശതമാനം എന്നിവ യഥാക്രമം 5 ശതമാനം, 13.5 ശതമാനം എന്നിവയായി കേരള ധനകാര്യനിയമം, 2012 പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി. 2013-ലെ കേരള ധനകാര്യ നിയമപ്രകാരം 13.5 ശതമാനം നിരക്ക് 14.5 ശതമാനമായും ഉയർത്തിയിട്ടുണ്ട്. കൂടാതെ ചില ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 20 മുതൽ 30 ശതമാനം വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**കമ്പോള ഇടപെടലിന് അനുവദിച്ച തുക**

5 (274) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിലക്കയറ്റം തടയാൻ കമ്പോള ഇടപെടലിന് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനായി വിപണി ഇടപെടലിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് 2408-01-102-99-33 എന്ന ശീർഷകത്തിൽ 50 കോടി രൂപയും കൺസ്യൂമർ ഫെഡിന് കമ്പോള ഇടപെടലുമായി ബന്ധപ്പെട്ട് സബ്സിഡി കുടിശ്ശിക ഇനത്തിൽ 2425-108-80-subsidy to Co-operatives for conducting festival markets-33 subsidies (NPV) എന്ന ശീർഷകത്തിൽ 10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) നടപ്പുസാമ്പത്തിക വർഷത്തെ (2016-17) ബഡ്ജറ്റിൽ കമ്പോള ഇടപെടലിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് 2408-01-102-99-33 ശീർഷകത്തിൽ 70 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വിപണി ഇടപെടൽ നടത്തുന്നതിനും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ നിലവിലുള്ള വില വർദ്ധിപ്പിക്കാതെ വിതരണം ചെയ്യേണ്ടതാണെന്ന് തീരുമാനിക്കുകയും ആയതിലേക്കായി സിവിൽ സപ്ലൈസ് കോർപ്പറേഷന് വകയിരുത്തിയിട്ടുള്ള തുക 150 കോടി രൂപയായി ഉയർത്താൻ 25-5-2016-ൽ കൂടിയ ബഹുമാനപ്പെട്ട മന്ത്രിസഭായോഗം തീരുമാനമെടുത്തു. ബഹുമാനപ്പെട്ട മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിപണി ഇടപെടലിനായി 2408-01-102-99-33 ശീർഷകത്തിൽ 10-6-2016-ലെ സ.ഉ. (സാധാ) നമ്പർ 5185/16/ധന. ഉത്തരവ് പ്രകാരം 80 കോടി രൂപ അധിക തുകയായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. (അനുബന്ധം-I)* കൺസ്യൂമർഫെഡിന് 2425-108-80-subsidy to Co-operatives for conducting festival markets-33 subsidies (NPV) എന്ന ശീർഷകത്തിൽ സ.ഉ. (സാധാ.) നമ്പർ 5523/16/ധന. തീയതി 24-6-16 പ്രകാരം 10 കോടിരൂപയും കമ്പോള ഇടപെടലുമായി ബന്ധപ്പെട്ട് സബ്സിഡി കുടിശ്ശിക ഇനത്തിൽ അനുവദിക്കുകയുണ്ടായി (അനുബന്ധമായി വച്ചിട്ടുണ്ട്.)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പദ്ധതി നിർവ്വഹണം

6 (275) ശ്രീ. രാജു എബ്രഹാം :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. പി. കെ. ശശി :

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തെ പദ്ധതി നിർവ്വഹണം അവലോകനം ചെയ്തിരുന്നോ, വിശദാംശം നൽകുമോ;

(ബി) 2011-12 മുതലുള്ള ഓരോ വർഷവും നിശ്ചയിച്ച പദ്ധതി വിഹിതം എത്രയായിരുന്നു എന്നും എത്ര തുക ചെലവഴിച്ചു എന്നും അറിയിക്കുമോ;

(സി) പദ്ധതികൾക്കായി അനുവദിച്ച തുകയിൽ, ചെലവഴിക്കാതെ വിവിധ അക്കൗണ്ടുകളിൽ കിടക്കുന്ന തുകയെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) പദ്ധതി നിർവ്വഹണം സമയബന്ധിതവും കാര്യക്ഷമവുമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് പദ്ധതി നിർവ്വഹണം അവലോകനം ചെയ്തിരുന്നു. എല്ലാ മാസവും ചീഫ് സെക്രട്ടറി വിളിച്ചുചേർക്കുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച വിശദമായ അവലോകനം നടത്തിയിരുന്നു. കൂടാതെ മുഖ്യമന്ത്രി തലത്തിലും പദ്ധതി അവലോകനം നടത്തിയിട്ടുണ്ട്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് (Accounts at a Glance) പ്രകാരം 2011-12 മുതൽ 2015-16 വരെയുള്ള പദ്ധതിയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| വർഷം | ബഡ്ജറ്റ് എസ്റ്റിമേറ്റ് | ചെലവഴിച്ചത് | ചെലവഴിച്ച തുക ബഡ്ജറ്റ്എസ്റ്റിമേറ്റിന്റെ അനുപാതത്തിൽ (%) |
|---|---|---|---|
| 2011-12 | 11141.53 | 9141.99 | 82.05% |
| 2012-13 | 12627.37 | 10848.05 | 85.91% |
| 2013-14 | 16187.59 | 11108.81 | 68.63% |
| 2014-15 | 23342.69 | 14406.71 | 61.72% |
| 2015-16 | 21570.32 | 18059.05** | 83.72% |

(**താത്കാലിക കണക്ക് പ്രകാരം)

കുറിപ്പ്: LSGD ഒഴികെയും CSS ഉൾപ്പെടെയും

(സി) 2005 മുതൽ 2012 വരെയുള്ള കാലയളവിൽ പദ്ധതി വിഹിതത്തിന്റെ ഏകദേശം 10-15% വരുന്ന തുക ട്രഷറി അക്കൗണ്ടുകളിലേക്ക് വകമാറ്റിയിട്ടുണ്ട്. എന്നാൽ പദ്ധതികൾക്കായി അനുവദിക്കുന്ന ഫണ്ട് ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്ന പ്രവണത നിയന്ത്രിക്കുന്നതിനായി, ഇപ്രകാരം മാറ്റിയിടുന്ന തുക അടുത്ത 6 മാസത്തിനുള്ളിൽ പൂർണ്ണമായും ചെലവാക്കാൻ കഴിയുമെന്ന് ബോദ്ധ്യമുള്ള പക്ഷം ഒരു ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് നീക്കി വയ്ക്കുന്നതിനുള്ള ഒരു സംവിധാനം 2015-16 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) പദ്ധതി നിർവ്വഹണം സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി എല്ലാ പാദവർഷത്തിലും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി അവലോകനം നടത്തുന്നതിന് സ.ഉ. (അ) നമ്പർ 29/2016-ധന. തീയതി 27-2-2016 പ്രകാരം ഒരു പ്ലാൻ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ മാസവും നിശ്ചിത ദിവസത്തിൽ ജില്ലാതലത്തിലും വകുപ്പ് തലത്തിലും പദ്ധതി അവലോകനം നടത്തുന്നതും സാമ്പത്തിക പുരോഗതിക്ക് പുറമെ ഗുണപരമായും ഭൗതികവുമായുള്ള പദ്ധതി നിർവ്വഹണനേട്ടം വിലയിരുത്തുന്നതും സർക്കാരിന്റെ പരിഗണനയിലാണ്.

## അസെറ്റ് ഡവലപ്‌മെന്റ് സ്കീം

7 (276) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നിന്ന് 'അസറ്റ് ഡവലപ്‌മെന്റ് സ്കീമിൽ' ഉൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികൾക്കാണ് ധനകാര്യവകുപ്പ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ പേര്; അനുവദിച്ച തുക; ഏതു വകുപ്പിലാണ് പദ്ധതി അനുവദിച്ചത് എന്നീ കാര്യങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2015-16 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നിന്ന് 'അസെറ്റ് ഡവലപ്പ്‌മെന്റ് സ്കീമിൽ' ഉൾപ്പെടുത്തി ധനകാര്യവകുപ്പ് അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## നികുതി പിരിച്ചെടുക്കൽ

8 (277) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി സി. കെ. ആശ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതിയിനത്തിലും അല്ലാതെയുമായി എത്ര കോടി രൂപ പിരിച്ചെടുക്കുവാനുണ്ട് ; ഏതെല്ലാം വകുപ്പുകളിൽ നിന്നും എത്ര കോടി രൂപ വീതം പിരിഞ്ഞു കിട്ടാനുണ്ടെന്ന് വിശദമാക്കുമോ;

(ബി) കുത്തക കമ്പനികൾ, വ്യാപാര സ്ഥാപനങ്ങൾ, ഫാക്ടറികൾ തുടങ്ങിയവയിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുകയുടെ കൃത്യമായ കണക്ക് കൈവശമുണ്ടോ;

(സി) ഈ തുക കൃത്യമായി പിരിച്ചെടുക്കുവാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് നികുതി ഇനത്തിലും അല്ലാതെയുമായി പിരിച്ചെടുക്കാനുള്ള തുക സംബന്ധിച്ച് വകുപ്പുതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**സംസ്ഥാന സംരംഭക മിഷൻ**

9 (278) ശ്രീ. എസ്. ശർമ്മ :

ശ്രീ. എ. എൻ. ഷംസീർ :

ശ്രീ. കാരാട്ട് റസാഖ് :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ പ്രഖ്യാപിച്ച സംസ്ഥാന സംരംഭക മിഷനെ കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; പദ്ധതി നടത്തിപ്പിനായി എടുത്ത ഭരണപരമായ നടപടികൾ എന്തൊക്കെയായിരുന്നു.; പദ്ധതി ലക്ഷ്യം നേടിയോ; ഇതിൻ പ്രകാരം എത്ര സംരംഭങ്ങൾ തുടങ്ങിയെന്നും അതുവഴി എത്രപേർക്ക് തൊഴിൽ ലഭിച്ചെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി തുടരാനുദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പകരം തൊഴിൽ വികസന പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ യുവതീയുവാക്കൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. ആത്മാർത്ഥതയും ആശയങ്ങളുമുള്ള തൊഴിൽരഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്കാവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യവ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായം നൽകുകയാണ് ഈ മിഷനിലൂടെ ലക്ഷ്യമിട്ടത്. 50,000 യുവജനങ്ങൾക്ക് വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥാപിച്ച് ഒരു ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പുവരുത്തുന്ന ഒരു പദ്ധതിയാണ് കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ. കേരള ഫിനാൻഷ്യൽ കോർപ്പറേഷനാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി. കേരള സർക്കാരിന്റെ 8-12-2011-ലെ ജി.ഒ.(എംഎസ്.) 590/11/ഫിൻ നമ്പർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി നിലവിൽ വന്നത്. പദ്ധതി പൂർണ്ണമായും ലക്ഷ്യം നേടിയിട്ടില്ല. ഈ പദ്ധതിയുടെ 31-05-2016-ലെ കണക്കുകൾ പ്രകാരം 1757 സംരംഭങ്ങളിലൂടെ 8904 പേർക്ക് മാത്രമാണ് തൊഴിൽ ലഭിച്ചത്.

(സി) 8-12-2011-ലെ സ.ഉ. (എം.എസ്.) നമ്പർ 590/11/ധന. ഉത്തരവ് പ്രകാരം 2011 മുതൽ 5 വർഷത്തേക്ക് സമാരംഭിച്ച പ്രസ്തുത പദ്ധതിയുടെ കാലാവധി ഈ വർഷം അവസാനിക്കും. ഈ പദ്ധതി തുടരുന്നത് സംബന്ധിച്ചും പകരം തൊഴിൽ വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നത് സംബന്ധിച്ചും സർക്കാർ തീരുമാനം കൈക്കൊള്ളുന്നതാണ്.

## കാരുണ്യ ബെനവലന്റ് പദ്ധതി

10 (279) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനുപുറത്ത് മംഗലാപുരം അടക്കമുള്ള സ്ഥലങ്ങളിലെ ആശുപത്രികൾ കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനമായിട്ടുണ്ടോ;

(ബി) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ രോഗികൾ അടച്ച തുക തിരിച്ചു കിട്ടുന്നതിനും ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്ക് തുക ലഭിക്കുന്നതിനും വളരെയേറെ കാലതാമസം വരുന്നതൊഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഏതുമാസം മുതലുള്ള തുകയാണ് റീഫണ്ട് നൽകുവാൻ ബാക്കിയുള്ള തെന്നറിയിക്കാമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) റീ-ഇംബേഴ്സിനായുള്ള അപേക്ഷയോടൊപ്പം ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിലുണ്ടാകുന്ന കാലതാമസവും അനുവദിക്കപ്പെട്ട തുകയിൽ ആശുപത്രിയിലെ ചികിത്സാ ചെലവ് കഴിഞ്ഞ് ബാക്കിയുള്ള തുക കാരുണ്യ ബെനവലന്റ് ഫണ്ടിൽ

തിരികെ ലഭ്യമാക്കുന്നതിലുണ്ടാകുന്ന കാലതാമസവുമാണ് റീ-ഇംബേഴ്സ്മെന്റ് തുക നൽകാൻ കാലതാമസമുണ്ടാകുന്നതിനുള്ള പ്രധാന കാരണങ്ങൾ. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ഡയാലിസിസിനായി ധന സഹായത്തിന് അപേക്ഷിക്കുന്ന രോഗികളുടെ ഡയാലിസിസ് ടൈം ഷെഡ്യൂൾ ആശുപത്രികളിലേക്ക് അയച്ചു കൊടുക്കുകയും ആയത് ലഭിക്കുന്ന മുറയ്ക്ക് മാത്രം തുക ആശുപത്രികളിലേക്ക് നൽകുകയും ചെയ്തുവരുന്നു. ഈ പ്രോസ്സസിംഗിന്റെ കാലതാമസം മാത്രമേ ഡയാലിസിസ് സംബന്ധമായി വരുന്നുള്ളൂ.

(സി) 2015 ജൂലായ് മാസത്തിനു ശേഷമുള്ള അപേക്ഷകളിൽ, ഗവൺമെന്റ് മെഡിക്കൽ കോളേജ് ഒഴികെയുള്ള ആശുപത്രികളിലെ അപേക്ഷകളിന്മേൽ തുടർ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണ്.

## കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം

11 (280) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കപ്പെട്ട രോഗികൾക്ക് ചില ആശുപത്രികൾ ചികിത്സ നിഷേധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സ നല്കിയ വകയിൽ ഏതെങ്കിലും ആശുപത്രിക്ക് കുടിശ്ശിക നല്കാനുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കപ്പെട്ട രോഗികൾക്ക് ചികിത്സ നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. സ്വകാര്യ ആശുപത്രികൾക്ക് ആകെ 23,34,67,552 രൂപയും സർക്കാർ ആശുപത്രികൾക്ക് ആകെ 4,53,37,10,260 രൂപയും കുടിശ്ശികയായി നൽകാനുണ്ട്.

## കാരുണ്യ ബെനവലന്റ് പദ്ധതി

12 (281) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്;

(സി) എന്തെല്ലാം ചികിത്സാ ധനസഹായമാണ് ഈ പദ്ധതി വഴി ലഭിക്കുന്നത് എന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) മാരകമായ രോഗങ്ങൾ പിടിപെട്ടവരും വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവുമൂലം വിദഗ്ദ്ധ ചികിത്സയ്ക്ക് പണം കണ്ടെത്തുവാൻ ബുദ്ധിമുട്ടുന്നവരുമായ സമൂഹത്തിലെ പാവപ്പെട്ട രോഗികൾക്ക് ആവശ്യമായ വിദഗ്ദ്ധ ചികിത്സ ബന്ധപ്പെട്ട ആശുപത്രികളിലൂടെ സൗജന്യമായി നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട്. തുടക്കത്തിൽ ക്യാൻസർ, വൃക്കരോഗം, ഹീമോഫീലിയ എന്നിവയുടെ ചികിത്സ, കരൾ, തലച്ചോർ എന്നിവയുടെ സർജറി, വൃദ്ധജനങ്ങൾക്ക് സാന്ത്വന ചികിത്സ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും ഇപ്പോൾ ശ്വാസകോശം, നട്ടെല്ല്, സുഷുമ്നനാഡി എന്നിവയ്ക്കുണ്ടാകുന്ന മാരകമായ രോഗങ്ങളുടെ ചികിത്സയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ നിന്നും നൽകുന്ന പരമാവധി ധനസഹായം 2 ലക്ഷം രൂപയാണ്. എന്നാൽ ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ പരിധിയില്ലാതെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. എല്ലാ ബി.പി.എൽ. കുടുംബങ്ങളും കൂടാതെ വാർഷിക വരുമാനം 3 ലക്ഷം രൂപ വരെയുള്ള എ.പി.എൽ. കുടുംബങ്ങളും ഈ പദ്ധതിയുടെ ധനസഹായം ലഭിക്കാൻ അർഹരാണ്.

(സി) കാരുണ്യ ബെനവലന്റ് ഫണ്ട് ചികിത്സാ ധനസഹായ പദ്ധതിയിലൂടെ ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ/കരൾ സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നിവയ്ക്കാണ് ധനസഹായം നൽകുന്നത്. സർക്കാർ ഉത്തരവ് ജി.ഒ. (ആർടി.) നമ്പർ 285/2013/റ്റി.ഡി. തീയതി 2-4-2013 പ്രകാരം ശ്വാസകോശം, നട്ടെല്ല്, സുഷുമ്നനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾക്കും ചികിത്സാ ധനസഹായം നൽകുന്നുണ്ട്. പദ്ധതിയിൽ നിന്നും ധനസഹായം 2 ലക്ഷം രൂപയാണ് നൽകുന്നത്. എന്നാൽ ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ പരിധിയില്ലാതെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്.

(ഡി) ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലാണ് സ്വീകരിക്കുന്നത്. ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ഭാഗ്യക്കുറി ഓഫീസർ കൺവീനറുമായുള്ള ഒരു ജില്ലാതല സമിതി അപേക്ഷ പരിശോധിച്ച് സംസ്ഥാനതല സമിതിക്ക് ശിപാർശ ചെയ്യുന്നു. ഇപ്രകാരം ജില്ലാതലത്തിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ ഓൺലൈനായി കാരുണ്യ ഹെഡ് ആഫീസിലേക്ക് അയയ്ക്കുന്നു. ഇവിടെ ഇത് പ്രോസസ്സ് ചെയ്ത് സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. സംസ്ഥാനതല സമിതിയുടെ അംഗീകാരം ലഭിച്ച ശേഷം ചികിത്സാ ധനസഹായത്തുക ബന്ധപ്പെട്ട ആശുപത്രികളിലേക്ക് അയയ്ക്കുന്നു.

കാരുണ്യ ഹെഡ് ഓഫീസിൽ ഭാഗ്യക്കുറി വകുപ്പിൽ നിന്നും ജോയിന്റ് ഡയറക്ടർ തസ്തികയിൽ നോഡൽ ആഫീസറായിട്ടുള്ള ഉദ്യോഗസ്ഥനാണ് കാരുണ്യയുടെ ഭരണ നിർവ്വഹണം നടത്തുന്നത്. ജില്ലാതലത്തിൽ ജില്ലാ ഭാഗ്യക്കുറി ആഫീസർ (കൺവീനർ), ലെയ്സൺ ആഫീസർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവർ കാരുണ്യ പദ്ധതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നടത്തിവരുന്നു.

**സംസ്ഥാന ഖജനാവിന്റെ സ്ഥിതി**

13 (282) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാന ഖജനാവിന്റെ സ്ഥിതി എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് അവശ വിഭാഗങ്ങൾക്കുള്ള ക്ഷേമ പെൻഷനുകൾ പലതും മാസങ്ങൾ കുടിശ്ശികയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്ഷേമ പെൻഷനുകൾ ഓരോന്നും നിലവിൽ എത്ര മാസത്തേക്ക് കുടിശ്ശികയുണ്ടെന്ന് വിശദമാക്കാമോ;

(സി) ക്ഷേമ പെൻഷനുകൾ അടിയന്തരമായി വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ ചുമതലയേറ്റ 25-5-2016-ൽ ഓപ്പണിംഗ് ബാലൻസായി 1009.30 കോടി രൂപ ട്രഷറി ബില്ലിൽ നിക്ഷേപമായുണ്ടായിരുന്നു. എന്നാൽ 2016 മേയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശ്ശിക (1000 കോടിയിൽപ്പരം രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബിൽ (2000 കോടി രൂപ), കരാറുകാർക്കും ബിൽ റീ-ഡിസ്കൗണ്ടിംഗിന് ബാങ്കിനും നൽകേണ്ടത് (1600 കോടി രൂപ) എന്നിവയുൾപ്പെടെ 4600 കോടിയിൽപ്പരം രൂപ അടിയന്തരമായി കൊടുത്തുതീർക്കാനുള്ള ബാദ്ധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ക്ഷേമനിധികൾ/ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 കോടി രൂപ സ്ഥിരനിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതുകൂടി ചേർത്താൽ ഈ സമയത്തെ അടിയന്തര ബാദ്ധ്യത 5965 കോടിയിൽപ്പരം രൂപ വരും.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക 2014 ഒക്ടോബർ മുതൽ 2014 ഡിസംബർ വരെയാണ്. മറ്റ് ക്ഷേമപെൻഷനുകളായ വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിവയുടെ കുടിശ്ശിക 2014 ഒക്ടോബർ മുതൽ 2015 ജനുവരി വരെയാണ്.

2015 ഫെബ്രുവരി മുതൽ ഡി.ബി.ടി. മുഖാന്തരം ക്ഷേമപെൻഷൻ വിതരണം ചെയ്ത് തുടങ്ങുന്നതിനുമുമ്പ് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വ്യത്യസ്ത കാലയളവുകൾ അടിസ്ഥാനമാക്കിയാണ് തുക വിതരണം ചെയ്തിരുന്നത് എന്നതിനാലും സംസ്ഥാനത്താകെ നടപ്പാക്കിയ സമ്പൂർണ്ണ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതിൽ കാലതാമസം ഉണ്ടായതിനാലും ചില തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ മേൽ സൂചിപ്പിച്ച കാലയളവിനെക്കാളും കുടിശ്ശികയായിട്ടുണ്ട്. മൊത്തം കുടിശ്ശിക 1000 കോടി രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) ക്ഷേമപെൻഷനുകൾ അടിയന്തരമായി വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി നടപടികൾ**

14 (283) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നത് ഊർജ്ജിതമാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ;

(സി) വാണിജ്യനികുതി വരുമാനത്തിലെ വളർച്ച കുറഞ്ഞതായി കരുതുന്നുണ്ടോ ;

(ഡി) വാണിജ്യനികുതിവരുമാനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ഇ) നികുതി ചോർച്ച തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റവന്യൂ വർദ്ധിപ്പിക്കാനുള്ള ആത്മാർത്ഥവും ഊർജ്ജിതവുമായ ശ്രമങ്ങൾ വഴി നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനാവും. ഇതോടൊപ്പം തന്നെ അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതുണ്ട്. മൂലധനച്ചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിന് ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യുന്നതോടൊപ്പം സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ് ഉപയോഗിച്ചുകൊണ്ട് ബഡ്ജറ്റിന് പുറമേയുള്ള വായ്പ വാങ്ങലുകളിലൂടെ വൻകിട പദ്ധതികളിലുള്ള പൊതു നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതു വഴി വളർച്ച ത്വരിതപ്പെടുത്താനുദ്ദേശിക്കുന്നു.

പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി 50,000-1,00,000 കോടി രൂപയുടെ നിധി സമാഹരിക്കേണ്ടിയിരിക്കുന്നു.

അക്കൗണ്ടന്റ് ജനറൽ ഓഫീസ്, ധനവകുപ്പ്, ട്രഷറികൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന വിവിധ ഡാറ്റാബേസുകളെ സംയോജിപ്പിച്ചുകൊണ്ട് ഒരു പുതിയ ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം, ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം, ഇന്റലിജന്റ് ഫോർകാസ്റ്റിംഗ് ഉപാധികളുൾപ്പെടുന്ന ലിക്വിഡിറ്റി മാനേജ്മെന്റ് സിസ്റ്റം എന്നിവ തയ്യാറാക്കും. ഈ ഉപാധികൾ ഇപ്പോഴുള്ള ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറാൻ സഹായിക്കുമെന്ന് കരുതുന്നു.

(ബി - ഡി) 1. ഏറ്റവും പ്രധാനം അഴിമതി ഇല്ലാതാക്കുകയാണ്.

2. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിണി സാദ്ധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

3. ഉപഭോക്താക്കൾ ബിൽ ചോദിച്ച് വാങ്ങുന്നതിനെ പ്രോൽസാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെ തന്നെ കമ്പ്യൂട്ടർ ബില്ലിംഗുള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിനും ഉദ്ദേശിക്കുന്നു.

4. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

5. ആധുനിക സംയോജിത ചെക്ക് പോസ്റ്റുകൾ സമയബന്ധിതമായി സ്ഥാപിക്കും.

6. അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

7. റിട്ടേൺ സ്ക്രൂട്ടിണി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.

8. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

9. നികുതി ചോർച്ച തടയുന്നതിന് റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളും കർശന നടപടി സ്വീകരിക്കുന്നുണ്ട്.

10. അനധികൃത മദ്യവിൽപ്പനയ്ക്കെതിരെ എക്സൈസ് വകുപ്പ് കർശന നിലപാട് സ്വീകരിക്കുന്നുണ്ട്.

11. വാഹനങ്ങളുടെ സീറ്റിംഗ് കപ്പാസിറ്റി കുറച്ചു കാണിക്കുക, പർച്ചേസ് വാല്യൂ കുറച്ചു കാണിക്കുക തുടങ്ങിയവയിലൂടെയുള്ള നികുതി തട്ടിപ്പിനെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ കൈക്കൊള്ളും.

12. നികുതി ഭരണം ആധുനീകരിച്ചും അതുവഴി കാര്യക്ഷമമാക്കിയും അഴിമതി ഇല്ലാതാക്കും.

(ഇ) വാണിജ്യ നികുതി വരുമാനത്തിലെ വളർച്ച കുറഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് വാറ്റ് വരുമാനം 2006-2011 കാലത്ത് 17.41 ശതമാനം വച്ച് വളർന്നപ്പോൾ 2011-2016 കാലത്ത് 12.5 ശതമാനം നിരക്കിലേ വളർച്ചയുണ്ടായുള്ളൂ.

## വാണിജ്യനയ രൂപീകരണം

15 (284) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി വാണിജ്യകാര്യ വകുപ്പ് രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വാണിജ്യനികുതി വകുപ്പ് ഉദ്യോഗസ്ഥർ സർക്കാരിന്റെ 'വാണിജ്യനയം' തീരുമാനിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വാണിജ്യരംഗം കൂടുതൽ വിപുലവും സങ്കീർണ്ണവുമായ ആഗോള സാഹചര്യത്തിൽ ഒരു പുതിയ വാണിജ്യനയം ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. സർക്കാർ ആലോചിച്ച് തീരുമാനിക്കുന്നതാണ്.

## ഹരിപ്പാട് മണ്ഡലത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതികൾ

16 (285) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-16 കാലയളവിൽ ഹരിപ്പാട് മണ്ഡലത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

2011-16 കാലയളവിൽ ഹരിപ്പാട് മണ്ഡലത്തിൽ നബാർഡ് സഹായത്തോടെ റവന്യൂ ടവർ നിർമ്മിക്കുന്നതിനായി 3.41 കോടി രൂപയും പ്രദേശത്തെ സമഗ്ര കുടിവെള്ള പദ്ധതിക്കായി 3 കോടി രൂപയും അനുവദിച്ചു. PPP മോഡലിൽ ഒരു പ്രവാസി പൊതുമേഖലാ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി 2210-05-105-60-35 (PV) എന്ന ശീർഷകത്തിൽ 15 കോടി രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്. പള്ളിപ്പാട് കരിക്കാട്ട്മുക്ക് മുതൽ പുല്ലമ്പട വരെ, ബണ്ട്ക്യാപ്പള്ളി

ചേപ്പാട് ചൂളത്തെരുവ് കായംകുളം കായൽഫാം റിക്ലമേഷൻ റോഡ്, ഹരിപ്പാട് സുബ്രഹ്മണ്യസ്വാമിക്ഷേത്രം-ധനപാടി റോഡ്, ഹരിപ്പാട് ആയപറമ്പ് റോഡ്, ഹരിപ്പാട് ഇലഞ്ഞിമേൽ റോഡ്, മുട്ടം പള്ളിപ്പാട് റോഡ് റീച്ച് 1, പായിപ്പാട് കണ്ണച്ചേരി റോഡ്, ആറാട്ടുപുഴ വലിയഴീക്കൽ റോഡ് റീച്ച് 1, മണിമലമുക്ക് ഒയക്കര മുതൽ വഴുതന വരെ, ഉമ്മർമുക്ക് ചക്കിലിക്കടവ് റോഡ്, ഹരിപ്പാട് ടൗൺ ഹാൾ ജംഗ്ഷൻ മുതൽ മണ്ണാറശ്ശാല വഴി ധനപാടി വരെ, നാരകത്തറ വലിയ കുളങ്ങര റോഡ്-പള്ളിപ്പാട് പഞ്ചായത്തിലെ ഏറാട്ടുകുളങ്ങര പള്ളിപ്പാട് റോഡ് എന്നിവയുടെ മെച്ചപ്പെടുത്തൽ.

തോട്ടപ്പള്ളി തൃക്കുന്നപ്പുഴ റോഡ്, തൃക്കുന്നപ്പുഴ വലിയഴീക്കൽ റോഡ് ബി.എം.ബി.സി. ചെയ്ത് മെച്ചപ്പെടുത്തൽ, മുട്ടം പള്ളിപ്പാട് റോഡിൽ സി.എച്ച്.01/500-ൽ കോളച്ചിറ പാലം, കരുവാറ്റ കുമാരകോടി റോഡിൽ പല്ലനയാറിന് കുറുകെ കുമാരകോടി പാലം, ചെറുതനക്കടവ് പാലം, കൊല്ലം-ആലപ്പുഴ ജില്ലകളെ ബന്ധിപ്പിച്ച് കായംകുളം തടാകത്തിന് കുറുകെ വലിയഴീക്കൽ പാലം എന്നിവയുടെ നിർമ്മാണം, ഹരിപ്പാട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലിന് ചുറ്റുമതിൽ നിർമ്മാണം, പള്ളിപ്പാട്, തൃക്കുന്നപ്പുഴ എന്നിവിടങ്ങളിൽ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, ഹരിപ്പാട് കോടതി കെട്ടിടം, ഹരിപ്പാട് PETCs-നു വേണ്ടി കെട്ടിട നിർമ്മാണം, സബ് രജിസ്ട്രാർ ഓഫീസ്, ഹരിപ്പാട് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പള്ളിപ്പാട് പഞ്ചായത്തിൽ പുതിയ ഐ.ടി.ഐ.-യ്ക്ക് കെട്ടിടം, കാമ്പസിനകത്തെ റോഡ് എന്നിവയ്ക്ക് 3.025 കോടി രൂപ അനുവദിച്ച് പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്.

ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിൽ അപ്ലൈഡ് സയൻസ് കോളേജ് നിർമ്മിക്കുന്നതിന് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഗവൺമെന്റ് എച്ച്.എസ്.എസ്. ഹരിപ്പാടിന് പുതിയ കെട്ടിടം. 2012-13 സാമ്പത്തിക വർഷം ആരംഭിച്ച നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഹരിപ്പാട് നിയോജക മണ്ഡലത്തിന് പ്രതിവർഷം 5 കോടി രൂപ നിരക്കിൽ 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ 20 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുകയിൽ 19.50 കോടി രൂപ ധനാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സാമ്പത്തിക നില

17 (286) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ ചുമതലയേല്ക്കുന്ന സമയത്ത് ഖജനാവിൽ എത്ര രൂപയാണ് മിച്ചമുണ്ടായിരുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

ഈ സർക്കാർ ചുമതലയേറ്റ 25-05-2016-ൽ ഓപ്പണിംഗ് ബാലൻസായി 1009.30 കോടി രൂപ ട്രഷറി ബില്ലിൽ നിക്ഷേപമായുണ്ടായിരുന്നു. എന്നാൽ 2016 മേയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശ്ശിക (1000 കോടിയിൽപ്പരം രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബിൽ (2000 കോടി രൂപ), കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിംഗിന് ബാങ്കിനും നൽകേണ്ടത് (1600 കോടി രൂപ) എന്നിവയുൾപ്പെടെ 4600 കോടിയിൽപ്പരം രൂപ അടിയന്തരമായി കൊടുത്തുതീർക്കാനുള്ള ബാദ്ധ്യതയായുണ്ട്. മാത്രമല്ല, വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധികൾ/ ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 കോടി രൂപ സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുണ്ട്. അതുകൂടി ചേർത്താൽ ഈ സമയത്തെ അടിയന്തര ബാദ്ധ്യത 5965 കോടിയിൽപ്പരം രൂപ വരും.

## പങ്കാളിത്ത പെൻഷൻ പദ്ധതി

18 (287) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി നിർത്തൽ ചെയ്യുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി നിർത്തൽ ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്റെ സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

(ബി) ബാധകമല്ല.

## സാമ്പത്തിക വളർച്ചാ നിരക്ക്

19 (288) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാമ്പത്തിക വളർച്ചാ നിരക്ക് ദേശീയ ശരാശരിയേക്കാൾ മുമ്പിലെത്തിയിട്ടുണ്ടോ:

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഏതൊക്കെ സാമ്പത്തിക വർഷങ്ങളിലാണ് ദേശീയ ശരാശരിയേക്കാൾ മുമ്പിലെത്തിയത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ നേട്ടം കൈവരിക്കുവാൻ സാമ്പത്തികാസൂത്രണത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2011-12, 2012-13 എന്നീ വർഷങ്ങളിലെ വിശദവിവരം ചേർക്കുന്നു.

ദേശീയവരുമാനവും സംസ്ഥാനവരുമാനവും വളർച്ചാ നിരക്ക്

| 2004-2005 അടിസ്ഥാനവർഷ വിലയിൽ | | | തനത് വിലയിൽ | |
|---|---|---|---|---|
| വർഷം | ഇന്ത്യ | കേരളം | ഇന്ത്യ | കേരളം |
| 2010-11 | 7.9 | 8.05 | 16.9 | 16.97 |
| 2011-12 | 6.4 | 7.96 | 15.2 | 16.73 |
| 2012-13 | 4.5 | 5.92 | 11.9 | 11.24 |
| 2013-14 | 6.9 | 4.54 | 13.6 | 12.27 |
| 2014-15* | 7.3 | 6.67 | 10.52 | 12.31 |

*അടിസ്ഥാന വർഷം 2011-12

(സി) ഈ നേട്ടം കൈവരിക്കുന്നതിനായി പദ്ധതിയിലേക്ക് 2011-12 വർഷത്തെ ബഡ്ജറ്റിൽ 11030 കോടി രൂപയും 2012-13-ൽ 14010 കോടി രൂപയും 2013-14-ൽ 17000 കോടി രൂപയും 2014-15-ൽ 20000 കോടി രൂപയും 2015-16-ൽ 20000 കോടി രൂപയും വകയിരുത്തിയിരുന്നു. കൂടാതെ നിശ്ചിത ലക്ഷ്യങ്ങളിൽ എത്തുന്നതിനുവേണ്ടി പരിപ്രേഷ്യ പദ്ധതി 2030 എന്ന ഒരു വിശദമായ പദ്ധതി ചട്ടക്കൂട് തയ്യാറാക്കുകയുണ്ടായി.

**സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി**

20 (289) ശ്രീ. സി. ദിവാകരൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി നേരിടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ വകുപ്പുകൾക്കും കരാറുകാർക്കുമായി എത്ര തുക കൊടുത്തു തീർക്കുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്ത് ഭാവി ധനസ്ഥിതി സംബന്ധിച്ച് ധന വകുപ്പ് ഏതെങ്കിലും തരത്തിലുള്ള റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനം അതീവ ഗുരുതരമായ ധന പ്രതിസന്ധിയെ നേരിടുകയാണ്. മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ 24-5-2016-ൽ 1009.30 കോടി രൂപ മാത്രമാണ് ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നത്. എന്നാൽ 2016 മേയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശ്ശിക (1000 കോടിയിൽപ്പരം രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബിൽ (2000 കോടി രൂപ), കരാറുകാർക്കും ബിൽ റീ-ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കിനും നൽകേണ്ടത് (1600 കോടി രൂപ) എന്നിവയുൾപ്പെടെ 4600 കോടിയിൽപ്പരം രൂപ അടിയന്തരമായി കൊടുത്തു തീർക്കാനുള്ള ബാദ്ധ്യതയായുണ്ട്. മാത്രമല്ല, വിവിധ

പൊതുമേഖലാ സ്ഥാപനങ്ങൾ/ക്ഷേമനിധികൾ/ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 കോടി രൂപ സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുണ്ട്. അതുകൂടി ചേർത്താൽ ബാദ്ധ്യത 5965 കോടിയിൽപ്പരം രൂപ വരും. ഇടക്കാല ബഡ്ജറ്റ് പ്രകാരം 2016-17-ലെ റവന്യൂ കമ്മി 9,697 കോടി രൂപയാണ്. ധനകാര്യ വകുപ്പിന്റെ പുതിയ കണക്കുകൾ പ്രകാരം ഇത് 18,195 കോടി രൂപയായി ഉയരും. 2016-17-ൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് വായ്പയെടുക്കാൻ അനുവാദം നൽകിയിരിക്കുന്നത് 18,524 കോടി രൂപ മാത്രമാണ്. ഇപ്പോൾ അനുവദിച്ചിരിക്കുന്ന മുഴുവൻ വായ്പയും നിത്യനിദാന ചെലവുകൾക്കായി ഉപയോഗിക്കേണ്ടിവരും. മൂലധനച്ചെലവുകൾക്ക് പണം ബാക്കിയുണ്ടാകില്ല എന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

റവന്യൂ വർദ്ധിപ്പിക്കാനുള്ള ആത്മാർത്ഥവും ഊർജ്ജിതവുമായ ശ്രമങ്ങൾ വഴി നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനാവും. ഇതോടൊപ്പംതന്നെ അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതുണ്ട്. മൂലധനച്ചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിന് ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യുന്നതോടൊപ്പം സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഉപയോഗിച്ചുകൊണ്ട് ബഡ്ജറ്റിന് പുറമേയുള്ള വായ്പ വാങ്ങലുകളിലൂടെ വൻകിട പദ്ധതികളിലുള്ള പൊതുനിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതുവഴി വളർച്ച ത്വരിതപ്പെടുത്തുവാനുദ്ദേശിക്കുന്നു. പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി 50,000-100000 കോടി രൂപയുടെ നിധി സമാഹരിക്കേണ്ടിയിരിക്കുന്നു.

അക്കൗണ്ടന്റ് ജനറൽ ഓഫീസ്, ധനവകുപ്പ്, ട്രഷറികൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന വിവിധ ഡാറ്റാ ബേസുകളെ സംയോജിപ്പിച്ചുകൊണ്ട് ഒരു പുതിയ ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം, ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം, ഇന്റലിജന്റ് ഫോർകാസ്റ്റിംഗ് ഉപാധികളുൾപ്പെടുന്ന ലിക്വിഡിറ്റി മാനേജ്മെന്റ് സിസ്റ്റം എന്നിവ തയ്യാറാക്കും. ഈ ഉപാധികൾ ഇപ്പോഴുള്ള ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറാൻ സഹായിക്കുമെന്ന് കരുതുന്നു.

(ബി) 2016 മേയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം വിവിധ വകുപ്പുകൾക്കും കരാറുകാർക്കും ബിൽ റീ-ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കിനും കൂടി നൽകുവാനുള്ള കുടിശ്ശിക 3600 കോടിയിൽപ്പരം രൂപയാണ്.

(സി) റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. എന്നാൽ ഭാവി വരവുചെലവ് കണക്കുകളുടെ പ്രൊജക്ഷൻ തയ്യാറാക്കിയിട്ടുണ്ട്. അത് ധവള പത്രത്തിൽ നൽകുന്നതാണ്.

## നെടുമങ്ങാട് മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസനം

21 (290) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെ എം.എൽ.എ. ആസ്തി വികസനത്തിൽ ഉൾപ്പെടുത്തി നെടുമങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദ വിവരം ലഭ്യമാക്കാമോ;

(ബി) അതിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാം; പൂർത്തിയാക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2012 മുതൽ 2016 വരെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് മണ്ഡലത്തിൽ ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) അതിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

## സർക്കാരിന്റെ കടബാദ്ധ്യത

22 (291) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാരിന്റെ കടബാദ്ധ്യത എത്രയാണെന്നും ഏതൊക്കെ വിഭാഗത്തിലാണ് പ്രസ്തുത ബാധ്യതകളെന്നും വിശദമാക്കാമോ;

(ബി) കടബാദ്ധ്യത മൂലമുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 31-3-2016-ൽ സംസ്ഥാനത്തിന്റെ കടബാദ്ധ്യത 1,55,389.33 കോടി രൂപയാണ്. ഇതിൽ 102496.26 കോടി രൂപ ആഭ്യന്തര കട ഇനത്തിലും 7234.71 കോടി രൂപ കേന്ദ്ര സഹായ വായ്പ ഇനത്തിലും 45658.36 കോടി രൂപ സ്മോൾ സേവിംഗ്സ്, പ്രൊവിഡന്റ് ഫണ്ട് മുതലായ ഇനത്തിലുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വായ്പാത്തുക റവന്യൂ ചെലവുകൾക്കായി വിനിയോഗിക്കേണ്ടിവരുന്ന സ്ഥിതിവിശേഷമാണ് ആശങ്കാജനകം. സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനത്തിൽ നിന്നും നിത്യനിദാന ചെലവുകൾ നടത്താൻ കഴിയണം. നികുതി വരുമാനം വർദ്ധിപ്പിച്ചുകൊണ്ടേ ഇത് കൈവരിക്കാനാകൂ. വായ്പയെടുത്ത് ആസ്തികൾ സൃഷ്ടിക്കുന്ന ചെലവുകൾ ചെയ്യുന്നതിൽ സർക്കാരിന് യോജിപ്പാണ്. കേന്ദ്രം അനുവദിക്കുന്ന വായ്പാ പരിധിക്ക് അനുസൃതമായി മാത്രമേ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയൂ. വായ്പയെടുക്കുന്ന പണം മുഴുവൻ റവന്യൂ ചെലവുകൾക്ക് വിനിയോഗിക്കേണ്ട സ്ഥിതിയിലാണ് ഇപ്പോൾ സംസ്ഥാനം. നികുതി വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചും കൊണ്ടേ ഈ സ്ഥിതിവിശേഷം നേരിടാനാകൂ.

**സംസ്ഥാനത്തിന്റെ പൊതുകടം**

23 (292) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2016-ലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം എത്ര എന്ന് വ്യക്തമാക്കുമോ ;

(ബി) 1-4-2011-ലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു ;

(സി) സംസ്ഥാനത്തിന്റെ പൊതുകടം കുറച്ചുകൊണ്ടുവരുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31-3-2016 -ൽ സംസ്ഥാനത്തിന്റെ പൊതുകടം 1,55,389.33 കോടി രൂപയായിരുന്നു.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 31-3-2011-ൽ സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടിരൂപയായിരുന്നു.

(സി) വായ്പാത്തുക റവന്യൂ ചെലവുകൾക്കായി വിനിയോഗിക്കേണ്ടിവരുന്ന സ്ഥിതിവിശേഷമാണ് ആശങ്കാജനകം. സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനത്തിൽ നിന്നും നിത്യനിദാന ചെലവുകൾ നടത്താൻ കഴിയണം. നികുതി

വരുമാനം വർദ്ധിപ്പിച്ചുകൊണ്ടേ ഇത് കൈവരിക്കാനാകൂ. വായ്പയെടുത്ത് ആസ്തികൾ സൃഷ്ടിക്കുന്ന ചെലവുകൾ ചെയ്യുന്നതിൽ സർക്കാരിന് യോജിപ്പാണ്. കേന്ദ്രം അനുവദിക്കുന്ന വായ്പാ പരിധിക്ക് അനുസൃതമായി മാത്രമേ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയൂ. വായ്പയെടുക്കുന്ന പണം മുഴുവൻ റവന്യൂ ചെലവുകൾക്ക് വിനിയോഗിക്കേണ്ട സ്ഥിതിയിലാണ് ഇപ്പോൾ സംസ്ഥാനം. നികുതി വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചും കൊണ്ടേ ഈ സ്ഥിതിവിശേഷം നേരിടാനാകൂ.

**സംസ്ഥാനത്തിന്റെ പൊതുകടം**

24 (293) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം ആരംഭിച്ചതിനുശേഷം എത്ര കോടി രൂപ വായ്പയെടുക്കേണ്ടതായി വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2016 മാർച്ച് 31-ന് ഖജനാവിൽ എത്ര തുക നീക്കിയിരിപ്പുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ പൊതുകടം ഇപ്പോൾ എത്ര കോടി രൂപയാണ് ; ഈ പൊതുകടം നിയന്ത്രിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷം 30-4-2016 വരെ 1228.06 (തനി) കോടി രൂപ വായ്പയെടുത്തിട്ടുണ്ട്.

(ബി) 2016 മാർച്ച് 31-ന് ട്രഷറി ബിൽ നിക്ഷേപമായി 1643.49 കോടി രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. എന്നാൽ പെൻഷൻ കുടിശ്ശികയിനത്തിലും (1000 കോടിയിൽപ്പരം രൂപ) വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തു തീർക്കാനുള്ള ബില്ലും (2000 കോടി രൂപ) കരാറുകാർക്കും അവരുടെ ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്ന ബാങ്കുകൾക്കും (1600 കോടി രൂപ) വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധി ബോർഡുകൾ തുടങ്ങിയവയിൽ നിന്ന് സ്ഥിര നിക്ഷേപമായി സമാഹരിച്ച (1365 കോടി രൂപ) തുകയും ഉൾപ്പെടെ ആകെ 5965 കോടിയിൽപ്പരം രൂപ നടപ്പു സാമ്പത്തിക വർഷം അടിയന്തരമായി കൊടുത്തു തീർക്കാനുണ്ട്.

(സി) 2015-16-ലെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31-3-2016-ൽ സംസ്ഥാനത്തിന്റെ പൊതുകടം 155389.33 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ റവന്യൂ ചെലവ് കുറച്ചുകൊണ്ടും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തി പുതിയ നികുതി-നികുതിയേതര വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തിക്കൊണ്ടും വികസനാവശ്യത്തിനായി വിവിധ ഏജൻസികളിൽ നിന്നും പൊതുവിപണിയിൽ നിന്നും എടുക്കുന്ന വായ്പകളിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള പരിധികൾ പാലിച്ചുകൊണ്ടും കൃത്യമായ സാമ്പത്തിക അച്ചടക്ക നടപടികളിലൂടെ അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും സംസ്ഥാനത്തിന്റെ കടബാദ്ധ്യത കുറച്ചുകൊണ്ടുവരാൻ ശ്രമിച്ചുവരികയാണ്.

**സംസ്ഥാനത്തിന്റെ പൊതുകടം**

25 (294) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരം ഒഴിയുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപ ആയിരുന്നു;

(ബി) 2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരം ഒഴിയുന്ന അവസരത്തിൽ സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപ ആയിരുന്നു ;

(സി) കഴിഞ്ഞ 5 വർഷം കൊണ്ട് പൊതുകടം എത്ര ശതമാനം വർദ്ധിച്ചുവെന്നും ഇതുമൂലം സംസ്ഥാനം ഇപ്പോൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) റവന്യൂ കമ്മിയിൽ വർദ്ധനവ് വന്നുവോയെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 31-3-2011-ൽ എൽ.ഡി. എഫ്. സർക്കാർ അധികാരം ഒഴിഞ്ഞപ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടി രൂപയായിരുന്നു.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 31-3-2016-ൽ സംസ്ഥാനത്തിന്റെ പൊതുകടം 1,55,389.33 കോടി രൂപയായിരുന്നു.

(സി) കഴിഞ്ഞ 5 വർഷം കൊണ്ട് സംസ്ഥാനത്തിന്റെ പൊതുകടത്തിൽ 97.51 ശതമാനം വർദ്ധനവ് വന്നിട്ടുണ്ട്. നികുതി വരുമാനത്തിൽ വന്ന ഇടിവുമൂലം സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂ കമ്മി സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധിയെ കവച്ചുവയ്ക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷമാണ് സംസ്ഥാനം അഭിമുഖീകരിക്കുന്നത്. നികുതി വരുമാന വളർച്ച കൈവരിച്ചുകൊണ്ടും അനാവശ്യവും ധൂർത്തു നിറഞ്ഞതുമായ ചെലവുകൾ നിയന്ത്രിച്ചും ഈ സ്ഥിതിവിശേഷത്തെ നേരിടാനാണ് സർക്കാർ ശ്രമിക്കുന്നത്.

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

26 (295) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു എന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോഴുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവളപത്രം പുറപ്പെടുവിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ ?

ഉത്തരം

(എ) 2011-12, 2012-13, 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ പൊതുകടം ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| വർഷം | പൊതുകടം/കടബാദ്ധ്യത |
|---|---|
| 2011-12 | 89418.18 |
| 2012-13 | 103560.84 |
| 2013-14 | 119009.07 |
| 2014-15 | 135440.24 |
| 2015-16 (പ്രാഥമിക കണക്ക്) | 155389.33 |

(ബി) 25-5-2016-ൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഓപ്പണിംഗ് ബാലൻസായി 1009.30 കോടി രൂപ ട്രഷറി ബില്ലിൽ നിക്ഷേപമായുണ്ടായിരുന്നു. എന്നാൽ പെൻഷൻ കുടിശ്ശികയിനത്തിലും (1000 കോടിയിൽപ്പരം രൂപ) വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തു തീർക്കാനുള്ള ബില്ലും (2000 കോടി രൂപ) കരാറുകാർക്കും അവരുടെ ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്ന ബാങ്കുകൾക്കും (1600 കോടി രൂപ) വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധി ബോർഡുകൾ തുടങ്ങിയവയിൽ നിന്ന് സ്ഥിര നിക്ഷേപമായി സമാഹരിച്ച (1365 കോടി രൂപ) തുകയും ഉൾപ്പെടെ ആകെ 5965 കോടിയിൽപ്പരം രൂപ നടപ്പു സാമ്പത്തിക വർഷം അടിയന്തരമായി കൊടുത്തു തീർക്കുവാനുണ്ട്.

(സി) സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വിശദീകരിക്കുന്ന ഒരു ധവളപത്രം തയ്യാറാക്കുന്നതിനും പുറപ്പെടുവിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

## IAY പദ്ധതിയുടെ സംസ്ഥാന വിഹിതം

27 (296) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) I.A.Y. ഗുണഭോക്താക്കൾക്കുള്ള സംസ്ഥാനവിഹിതം കഴിഞ്ഞ നാലുവർഷമായി ലഭ്യമാകുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന വിഹിതം കൊടുത്തു തീർക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ അധിക സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല. IAY ഗുണഭോക്താക്കൾക്കുള്ള സംസ്ഥാന വിഹിതം കഴിഞ്ഞ നാലുവർഷമായി പൂർണ്ണമായും നൽകാൻ കഴിഞ്ഞിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗ്രാമവികസന കമ്മീഷണറിൽ നിന്നും ബന്ധപ്പെട്ട ഭരണ വകുപ്പായ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന വിഹിതം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**അഴിമതിമുക്ത ചെക്ക്പോസ്റ്റുകൾ**

28 (298) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ചെക്ക് പോസ്റ്റുകളാണ് നിലവിൽ അഴിമതിമുക്ത ചെക്ക് പോസ്റ്റുകളായി പ്രഖ്യാപിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) പാലക്കാട് ജില്ലയിലെ മുഴുവൻ ചെക്ക് പോസ്റ്റുകളേയും അഴിമതി മുക്ത ചെക്ക് പോസ്റ്റുകളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിനായി നിലവിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) വാണിജ്യ നികുതി വകുപ്പിൽ പാലക്കാട് ജില്ലയിൽ വാളയാർ, അത്തിക്കോട്, നടുപ്പുണി, അഞ്ചാം മൈൽ, മേനോൻപാറ, ഗോപാലപുരം, ഒഴലപ്പതി, വേലൻതാവളം, വാളറ, മീനാക്ഷിപുരം, കണ്ണിമാരി, ചെമ്മണാംപതി, ഗോവിന്ദപുരം, കാസർഗോഡ് ജില്ലയിലെ ബംഗര മഞ്ചേശ്വരം, തിരുവനന്തപുരം ജില്ലയിലെ അമരവിള എന്നിവയാണ് നിലവിൽ അഴിമതിമുക്ത ചെക്ക് പോസ്റ്റുകളായി പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ ഈ ചെക്ക് പോസ്റ്റുകളിലെ അഴിമതിരഹിത അന്തരീക്ഷം തുടർന്ന് നിലനിർത്താൻ കഴിഞ്ഞിട്ടില്ല. സംയോജിത ചെക്ക്പോസ്റ്റ് അടക്കം സാങ്കേതിക നവീകരണങ്ങൾ പൂർത്തിയാക്കി അഴിമതിക്കെതിരായ നടപടികൾ ശക്തിപ്പെടുത്തുന്നതാണ്.

**നെന്മാറയിൽ പുതിയ ട്രഷറി**

29 (300) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ നെന്മാറയിൽ പുതിയ ട്രഷറി ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) നെല്ലിയാമ്പതി, നെന്മാറ, അയിലൂർ പഞ്ചായത്തുകളിലെ പെൻഷൻകാരും, ജീവനക്കാരും 40 കിലോമീറ്റർ അകലെയുള്ള കൊല്ലങ്കോട് ട്രഷറിയെയാണ് ആശ്രയിക്കുന്നതെന്ന കാര്യം ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

(സി) സ്ഥലവും കെട്ടിടവും സൗജന്യമായി നൽകാൻ സന്നദ്ധതയുള്ള നെന്മാറ പഞ്ചായത്തിൽ പുതിയ ട്രഷറി അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നടത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ട്രഷറി വകുപ്പിൽ ആധുനികവത്കരണത്തിന്റെയും കമ്പ്യൂട്ടർവൽക്കരണത്തിന്റെയും ഭാഗമായി കോർ ബാങ്കിംഗ്, ഹൊറിസോണ്ടൽ കണക്റ്റിവിറ്റി, GRASS മുതലായ പല പുതിയ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് ട്രഷറികളിലെ ജോലിഭാരം വളരെയധികം കുറയുന്നതിനും ഇടപാടുകൾ സുഗമമാകുന്നതിനും എവിടെ നിന്നും എപ്പോൾ വേണമെങ്കിലും ഇടപാടുകൾ നടത്തുന്നതിനും സാദ്ധ്യമാകുന്നതാണ്. അതിനാൽ അത്തരം പദ്ധതികൾ പൂർത്തിയാക്കി നിലവിലുള്ള ട്രഷറികളുടെ പ്രവർത്തനം വിലയിരുത്തിയശേഷം മാത്രം പുതിയ ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

### സബ്ട്രഷറി പ്രവർത്തനമാരംഭിക്കാൻ നടപടി

30 (301) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ഏക സബ് താലൂക്ക് ആസ്ഥാനമായ കുന്ദമംഗലത്ത് അനുവദിച്ച സബ്ട്രഷറി പ്രവർത്തനമാരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം കേന്ദ്രമാക്കി സബ്ട്രഷറി ആരംഭിക്കുന്നതിന് 18-8-2014-ലെ സ. ഉ. (എംഎസ്.) 343/14/ ധന. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും ട്രഷറി കമ്പ്യൂട്ടർവൽക്കരണവും ആധുനികവത്കരണവുമായി ബന്ധപ്പെട്ട പല പദ്ധതികളും പുരോഗമിച്ചു വരുന്നതിനാലും പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കി നിലവിലുള്ള ട്രഷറികളുടെ പ്രവർത്തനം വിലയിരുത്തിയശേഷം കുന്ദമംഗലത്ത് അനുവദിച്ച ട്രഷറി ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ട്രഷറി മിച്ചം**

31 (302) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ 3000 കോടിയിലേറെ രൂപ ട്രഷറി മിച്ചം വരുത്തിയിട്ടാണ് അധികാരമൊഴിഞ്ഞത് എന്ന വിവരം മുൻ മുഖ്യമന്ത്രി വാർത്താ മാദ്ധ്യമങ്ങളിലൂടെ അറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ നിജസ്ഥിതി എന്താണ് ; വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ ചുമതലയേറ്റ 25-5-2016-ൽ ഓപ്പണിംഗ് ബാലൻസായി 1009.30 കോടി രൂപ ട്രഷറി ബില്ലിൽ നിക്ഷേപമായുണ്ടായിരുന്നു. എന്നാൽ 2016 മേയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശ്ശിക (1000 കോടിയിൽപ്പരം രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തു തീർക്കാനുള്ള ബിൽ (2000 കോടി രൂപ), കരാറുകാർക്കും ബിൽ റീ-ഡിസ്കൗണ്ടിംഗിന് ബാങ്കിനും നൽകേണ്ടത് (1600 കോടി രൂപ) എന്നിവയുൾപ്പെടെ 4600 കോടിയിൽപ്പരം രൂപ അടിയന്തരമായി കൊടുത്തുതീർക്കാനുള്ള ബാദ്ധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ക്ഷേമനിധികൾ/ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 കോടി രൂപ സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതുകൂടി ചേർത്താൽ ഈ സമയത്ത് അടിയന്തര ബാദ്ധ്യത 5965 കോടിയിൽപ്പരം രൂപ വരും.

**പഴയങ്ങാടി ട്രഷറി കെട്ടിടനിർമ്മാണം**

32 (303) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-1-2011-ൽ ഭരണാനുമതി ലഭിച്ചതും 'ഇൻകെൽ' ഉപേക്ഷിച്ചതുമായ കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി ട്രഷറി കെട്ടിട നിർമ്മാണം ഇപ്പോൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ടോ;

(ബി) ഭരണാനുമതി ലഭിച്ച് 5 വർഷം കഴിഞ്ഞിട്ടും കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ കാലതാമസം നേരിട്ടതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ട്രഷറി കെട്ടിട നിർമ്മാണം എത്രയും വേഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഏൽപ്പിച്ചിട്ടില്ല.

(ബി) പഴയങ്ങാടി ട്രഷറി കെട്ടിടനിർമ്മാണം 27-1-2011-ൽ ഭരണാനുമതി നൽകിയതും എന്നാൽ ഇൻകെൽ ഉപേക്ഷിച്ചതുമായ പദ്ധതികളിൽ ഉൾപ്പെട്ടതാണ്. ഇൻകെൽ ഉപേക്ഷിച്ചതും പുതുതായി തുടങ്ങേണ്ടതുമായ പദ്ധതികൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനും ട്രഷറി കെട്ടിടനിർമ്മാണം സംബന്ധിച്ച് വസ്തുനിഷ്ഠമായി പഠിച്ച് ഈ സാമ്പത്തിക വർഷത്തിൽ ട്രഷറി കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയ്ക്ക് അനുസരിച്ച് കൃത്യവും വ്യക്തവുമായ ശിപാർശ ലഭ്യമാക്കാൻ ട്രഷറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

(സി) ട്രഷറി ഡയറക്ടറുടെ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**മാന്നാർ പ്രദേശത്ത് സബ്ട്രഷറി**

33 (304) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ താലൂക്കിലെ മാന്നാറിൽ സബ് ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനാവശ്യമായ ഫണ്ട് സർക്കാർ വകയിരുത്തിയിട്ടുണ്ടോ;

(സി) സബ് ട്രഷറിയ്ക്ക് ആവശ്യമായ സ്ഥലവും സർക്കാർ ഫണ്ടു ലഭിച്ചിട്ടുണ്ടെങ്കിൽ കെട്ടിടം പണി വൈകുന്നതിനുള്ള കാരണം എന്താണെന്ന് വിശദീകരിക്കുമോ;

(ഡി) പ്രസ്തുത സബ് ട്രഷറിയുടെ കെട്ടിടം പണിക്ക് മറ്റെന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) മാന്നാർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ.ഉ. (സാധാ) നമ്പർ 2982/2012/തസ്വഭവ. തീയതി 31-10-2012 പ്രകാരം എട്ടര സെന്റ് സ്ഥലം ട്രഷറി വകുപ്പിന് നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) 27-1-2011-ലെ സ.ഉ. (സാധാ) നമ്പർ 613/2011/ധന ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയതും എന്നാൽ ഇൻകെൽ ഉപേക്ഷിച്ചതുമായ പദ്ധതികളിൽ ഉൾപ്പെട്ടതാണ് ഇതും. ഇൻകെൽ ഉപേക്ഷിച്ചതും പുതുതായി തുടങ്ങുന്നതുമായ പദ്ധതികൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനും ട്രഷറി കെട്ടിടനിർമ്മാണം സംബന്ധിച്ച് വസ്തുനിഷ്ഠമായി പഠിച്ച് കൃത്യവും വ്യക്തവുമായ ശിപാർശ ലഭ്യമാക്കാൻ ട്രഷറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. 2015-16 സാമ്പത്തിക വർഷത്തെ One Time ACA Scheme-ൽ ഉൾപ്പെടുത്തി ട്രഷറി വകുപ്പിന് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ശിപാർശയിൽ മാന്നാർ സബ് ട്രഷറി ഉൾപ്പെട്ടിരുന്നുവെങ്കിലും സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തോടുകൂടി ടി ശിപാർശ ട്രഷറി വകുപ്പ് സർക്കാരിലേക്ക് സമർപ്പിച്ചത് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനുശേഷവും 2015-16 സാമ്പത്തിക വർഷം അവസാനിക്കാറായപ്പോഴുമായിരുന്നു. അക്കാരണത്താൽ പ്രസ്തുത ശിപാർശ പരിഗണിക്കാൻ കഴിഞ്ഞില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ചാത്തന്നൂർ സബ്‌ട്രഷറിക്ക് പുതിയ കെട്ടിടം

34 (305) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂർ സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടമില്ലാത്ത സാഹചര്യത്തിൽ പുതിയ കെട്ടിടം പണിയുന്നതിലേക്കായി ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്ന് ആവശ്യമായ ഭൂമി ലഭ്യമാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള കെട്ടിടത്തിന്റെ അപര്യാപ്തത പരിഗണിച്ച് പ്രസ്തുത സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്. ചാത്തന്നൂർ സബ് ട്രഷറിക്ക് ട്രഷറി വകുപ്പിന് സ്വന്തമായുള്ള സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കാൻ പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്.

**പയ്യന്നൂർ സബ്ട്രഷറി**

35 (306) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ സബ്ബ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം പണിയുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

പരിഗണനയിലുണ്ട്. പയ്യന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നൽകാൻ പൊതുമരാമത്ത് വകുപ്പിനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രഷറി കെട്ടിടത്തിന്റെ പ്ലാൻ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്ലാൻ പ്രകാരം കെട്ടിട നിർമ്മാണം നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി വാങ്ങുവാൻ 7-6-2016-ലെ സ. ഉ. (സാധാ) നമ്പർ 5046/2016/ധന. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

**ചട്ടഞ്ചാൽ സബ്ട്രഷറിക്ക് കെട്ടിട നിർമ്മാണം**

36 (307) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പ് സ്ഥലം കൈമാറി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കാമോ;

<u>ഉത്തരം</u>

(എ) സ.ഉ. (കൈ) നമ്പർ 463/2013/റവ. തീയതി 23-10-2013 പ്രകാരം കാസർഗോഡ് താലൂക്കിൽ തെക്കതിൽ വില്ലേജിൽ റീ-സർവ്വേ 107/1 എ-പാർട്ടിൽപ്പെട്ട 10 സെന്റ് പുറമ്പോക്ക് ഭൂമി ചട്ടഞ്ചാൽ സബ് ട്രഷറി നിർമ്മാണത്തിനായി 2 സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ നിബന്ധനകൾക്ക് വിധേയമായി ട്രഷറി വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്.

(ബി) ട്രഷറി വകുപ്പിന്റെ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## പാവറട്ടിയിൽ സബ്ട്രഷറി

37 (308) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ പാവറട്ടിയിൽ ഒരു സബ് ട്രഷറി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പാവറട്ടിയിൽ ഒരു സബ്ട്രഷറി ആരംഭിക്കുന്നതിന് ഭരണാനുമതി 28-6-2013-ലെ സ.ഉ. (സാധാ) നമ്പർ 5438/13/ധന. പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ സ്ഥല ലഭ്യതയെക്കുറിച്ചും തസ്തികകൾ സംബന്ധിച്ചും ട്രഷറി ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്.

## വെഞ്ഞാറമൂട്ടിൽ പുതിയ സബ് ട്രഷറി ആരംഭിക്കുന്നതിനുള്ള നടപടി

38 (309) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സബ് ട്രഷറി ആരംഭിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട് കേന്ദ്രമാക്കി ഒരു സബ് ട്രഷറി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വെഞ്ഞാറമൂട്ടിൽ ഒരു സബ് ട്രഷറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതിയ ട്രഷറി ആരംഭിക്കുന്നതിനായി നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ് ഇതോടൊപ്പം ചേർത്ത് സമർപ്പിക്കുന്നു*.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൃക്കരിപ്പൂരിൽ സബ്ട്രഷറി ആരംഭിക്കാൻ നടപടി

39 (310) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ നേരത്തെ പ്രവർത്തിച്ചു വരുന്ന വൺമാൻട്രഷറി നിർത്തലാക്കിയോ; ഏങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) സബ്ബ് ട്രഷറി ആരംഭിക്കാൻ പശ്ചാത്തല സൗകര്യങ്ങൾ സൗജന്യമായി ഏർപ്പെടുത്താൻ പഞ്ചായത്ത് തയ്യാറായിട്ടും തൃക്കരിപ്പൂരിൽ സബ്ബ് ട്രഷറി അനുവദിക്കാൻ എന്ത് തടസ്സമാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) സബ്ബ് ട്രഷറി അനുവദിക്കുന്നതിന് ആവശ്യമായ എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെ സബ്ബ് ട്രഷറി അനുവദിക്കുന്നതിന്, ആവശ്യമായ എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെയുള്ള തൃക്കരിപ്പൂരിൽ ഇവിടെ ഈ വർഷം തന്നെ സബ്ബ്ട്രഷറി അനുവദിക്കാൻ നടപടി ഉണ്ടാകുമോ ; കഴിഞ്ഞ സർക്കാരിന്റെ നടപടി കണക്കിലെടുത്ത് ഇവിടെ ഈ വർഷം തന്നെ സബ്ബ്ട്രഷറി അനുവദിക്കാൻ നടപടി ഉണ്ടാകുമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ നേരത്തെ പ്രവർത്തിച്ചു വന്നിരുന്ന വൺമാൻ ട്രഷറി, സർക്കാർ ഉത്തരവ് സാധാ നമ്പർ 6538/2011/ധന. തീയതി 24-8-2011 പ്രകാരം നിർത്തലാക്കി. സർക്കാരിന്റെ നയപരമായ തീരുമാനത്തിന് അനുസൃതമായാണ് പ്രസ്തുത വൺമാൻ ട്രഷറി നിർത്തലാക്കിയത്.

(ബി&സി) ട്രഷറി വകുപ്പിൽ ആധുനികവൽക്കരണത്തിന്റെയും കമ്പ്യൂട്ടർ വൽക്കരണത്തിന്റെയും ഭാഗമായി കോർബാങ്കിംഗ്, ഹൊറിസോണ്ടൽ കണക്റ്റിവിറ്റി, ഗ്രാസ് മുതലായ പല പുതിയ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് ട്രഷറികളിലെ ജോലിഭാരം വളരെയധികം കുറയുന്നതിനും ഇടപാടുകൾ സുഗമമാകുന്നതിനും എവിടെ നിന്നും എപ്പോൾ വേണമെങ്കിലും ഇടപാടുകൾ നടത്തുന്നതിനും സാദ്ധ്യമാകുന്നതാണ്. അതിനാൽ ഇത്തരം പദ്ധതികൾ പൂർത്തിയാക്കി നിലവിലുള്ള ട്രഷറികളുടെ പ്രവർത്തനം വിലയിരുത്തിയശേഷം മാത്രം പുതിയ ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കരുനാഗപ്പള്ളിയിൽ പെൻഷൻ ട്രഷറി ആരംഭിക്കുന്നതിന് നടപടി**

40 (311) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി സബ്ട്രഷറി വഴി പെൻഷൻ വാങ്ങുന്ന പെൻഷനേഴ്സിന്റെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) കരുനാഗപ്പള്ളി സബ്ട്രഷറിയിൽ നിന്ന് ശമ്പളം വിതരണം ചെയ്യുന്ന ഓഫീസുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) അമിത തിരക്കനുഭവപ്പെടുന്ന കരുനാഗപ്പള്ളി സബ് ട്രഷറിയിലെ ജോലിഭാരം കുറയ്ക്കുന്നതിനുവേണ്ടി കരുനാഗപ്പള്ളിയിൽ പെൻഷൻ ട്രഷറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി സബ് ട്രഷറി വഴി പെൻഷൻ വാങ്ങുന്ന പെൻഷൻ കാരുടെ എണ്ണം 5244 ആണ്.

(ബി) കരുനാഗപ്പള്ളി സബ് ട്രഷറിയിൽ നിന്നും ശമ്പളം വിതരണം ചെയ്യുന്ന ഓഫീസുകളുടെ എണ്ണം 204 ആണ്.

(സി) ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

**സഹകരണ സംഘങ്ങൾക്ക് മൊത്ത വിതരണ നിരക്കിൽ ലോട്ടറി ടിക്കറ്റുകൾ ലഭ്യമാക്കുന്നതിന് നടപടി**

41 (312) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ഏജൻസി നടത്തുന്ന സഹകരണ സംഘങ്ങൾക്ക് മൊത്ത വിതരണ നിരക്കിൽ ടിക്കറ്റുകൾ ലഭ്യമാക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവർക്ക് മൊത്ത വിതരണ നിരക്കിൽ ടിക്കറ്റുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇവരുടെ പ്രശ്നം പ്രത്യേകമായി പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്ന് ടിക്കറ്റ് വാങ്ങുന്ന അംഗീകൃത ഏജന്റുമാർക്ക് 30 രൂപ ഭാഗ്യക്കുറികൾക്ക് 3 സ്ലാബുകളിലായി, 2000 ടിക്കറ്റുകൾ വരെ 26 ശതമാനം, 2001 മുതൽ 10,000 ടിക്കറ്റുകൾ വരെ 27 ശതമാനം, 10,000 ടിക്കറ്റിന് മുകളിൽ 28 ശതമാനം എന്ന നിരക്കിലും, 50 രൂപ ഭാഗ്യക്കുറികൾക്ക് 4000 ടിക്കറ്റുകൾ വരെ 28 ശതമാനം, 4000 ടിക്കറ്റിന് മുകളിൽ 30 ശതമാനം എന്ന നിരക്കിലും ഡിസ്കൗണ്ട് അനുവദിച്ചിട്ടുണ്ട്. വാങ്ങുന്ന ടിക്കറ്റിന്റെ എണ്ണത്തിന് ആനുപാതികമായ ഡിസ്കൗണ്ട് കിഴിച്ചുള്ള തുകയ്ക്ക് സഹകരണ സംഘങ്ങൾക്കും ജില്ലാ/താലൂക്ക് ഭാഗ്യക്കുറി ഓഫീസിൽ നിന്നും ടിക്കറ്റ് ലഭിക്കുന്നതാണ്.

(ബി&സി) രജിസ്റ്റേർഡ് ഏജന്റുമാർക്ക് നൽകിവരുന്ന ഡിസ്കൗണ്ട് നിരക്ക് സഹകരണ സംഘങ്ങൾക്കും ബാധകമാണ്.

**ലോട്ടറി വരുമാനം**

42 (313) <u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ കേരളത്തിൽ അന്യസംസ്ഥാന ലോട്ടറി ഏതു വർഷം മുതലാണ് നിർത്തലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) അന്യസംസ്ഥാന ലോട്ടറി നിർത്തലാക്കിയതുമൂലം ലോട്ടറി വരുമാനത്തിൽ എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് അധികമായി ലഭ്യമായതെന്ന് വെളിപ്പെടുത്താമോ;

(സി) ലോട്ടറി വഴിയുള്ള വരുമാനം ഉപയോഗിച്ച് പാവപ്പെട്ടവർക്ക് ചികിത്സാ ധനസഹായത്തിന് എന്തെല്ലാം പദ്ധതിയാണ് ആസൂത്രണം ചെയ്തതെന്ന് വിശദമാക്കാമോ;

(ഡി) കാരുണ്യ പദ്ധതിയിലൂടെ ഇതിനോടകം എത്രകോടി രൂപ സഹായ ധനമായി നൽകിയെന്ന് വെളിപ്പെടുത്താമോ ;

(ഇ) 2016 മാർച്ച് 4-ന് മുൻപ് അനുവദിച്ച എത്രകോടി രൂപയുടെ സഹായം ഇനി നൽകാൻ അവശേഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2001 മുതൽ സിക്കിം ലോട്ടറിയുടെ വിൽപ്പന കേരളത്തിൽ നിരോധിക്കുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചുവരികയും കേരള സർക്കാരിന്റെ നിരന്തരമായ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലും കേരളത്തിലും സിക്കിമിലും ഇതുമൂലമുണ്ടായ അസ്വസ്ഥതകൾ കണക്കിലെടുത്തും 15-12-2011-ലെ GSR 883 (E) നമ്പർ നോട്ടിഫിക്കേഷൻ മുഖാന്തരം ഡിസംബർ 2011 മുതൽ സിക്കിം ലോട്ടറിയുടെ വിൽപ്പന കേന്ദ്ര സർക്കാർ കേരളത്തിൽ രണ്ട് വർഷത്തേക്ക് നിരോധിക്കുകയുമാണുണ്ടായത്. 14-12-2013-ൽ അവസാനിച്ച താൽക്കാലിക നിരോധനം ഇപ്പോഴും അനൗദ്യോഗികമായി തുടരുകയും ചെയ്യുന്നുണ്ട്. CBI അന്വേഷണവുമായി ബന്ധപ്പെട്ട് ഭൂട്ടാൻ ലോട്ടറിയുടെ വിൽപ്പനയും തടഞ്ഞിട്ടുണ്ട്. നിരോധനം നീട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്തയയ്ക്കുന്നതാണ്.

(ബി) കേരളത്തിൽ അന്യസംസ്ഥാന ലോട്ടറികൾ നിരോധിച്ചത് 2011 ഡിസംബർ മുതലാണ്. അന്യസംസ്ഥാന ലോട്ടറികളുടെ നിരോധനം സംസ്ഥാന ലോട്ടറിയിൽ നിന്നുള്ള വരുമാന വർദ്ധനവിന് കാരണമായിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള ലോട്ടറി വരുമാനം ചുവടെ ചേർക്കുന്നു.

| വർഷം | ലോട്ടറിയിൽ നിന്നുള്ള വരുമാനം (വിറ്റുവരവ്) |
|---|---|
| 2010-11 | 557.69 കോടി രൂപ |
| 2011-12 | 1287.22 കോടി രൂപ |
| 2012-13 | 2778.80 കോടി രൂപ |
| 2013-14 | 3793.84 കോടി രൂപ |
| 2014-15 | 5445.84 കോടി രൂപ |
| 2015-16 | 6318.47 കോടി രൂപ |

(സി) മാരകമായ രോഗങ്ങൾ പിടിപെട്ടവരും വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവുമൂലം വിദഗ്ദ്ധ ചികിത്സയ്ക്ക് പണം കണ്ടെത്തുവാൻ ബുദ്ധിമുട്ടുന്നവരുമായ സമൂഹത്തിലെ പാവപ്പെട്ട രോഗികൾക്ക് ആവശ്യമായ വിദഗ്ദ്ധ ചികിത്സ ബന്ധപ്പെട്ട ആശുപത്രികളിലൂടെ സൗജന്യമായി നൽകുന്നതിനായി കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ക്യാൻസർ, വൃക്കരോഗം, ഹീമോഫീലിയ

എന്നിവയുടെ ചികിത്സ, കരൾ/തലച്ചോർ സർജറി, വൃദ്ധജനങ്ങൾക്ക് സാന്ത്വന ചികിത്സ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും ഇപ്പോൾ ശ്വാസകോശം, നട്ടെല്ല്, സുഷുമ്നനാഡി എന്നിവയ്ക്കുണ്ടാകുന്ന മാരകമായ രോഗങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) കാരുണ്യ പദ്ധതിയിലൂടെ ഇതിനോടകം 814.06 കോടി രൂപ ധനസഹായമായി നൽകിയിട്ടുണ്ട്.

(ഇ) സ്വകാര്യ ആശുപത്രികൾക്ക് 23.34 കോടി രൂപയും സർക്കാർ ആശുപത്രികൾക്ക് 453.37 കോടി രൂപയും ഉൾപ്പെടെ ആകെ 476.71 കോടി രൂപയുടെ സഹായം നൽകാൻ അവശേഷിക്കുന്നു.

**ലോട്ടറി ഓഫീസുകൾ**

43 (314) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് അടിസ്ഥാനത്തിൽ ലോട്ടറി ഓഫീസുകൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ താലൂക്ക് അടിസ്ഥാനത്തിൽ ലോട്ടറി ഓഫീസുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഭാഗ്യക്കുറി വകുപ്പിന്റെ കീഴിൽ കൊല്ലം ജില്ലയിലെ പുനലൂർ, ഇടുക്കി ജില്ലയിലെ കട്ടപ്പന, കോഴിക്കോട് ജില്ലയിലെ താമരശ്ശേരി എന്നിവിടങ്ങളിലായി മൂന്ന് താലൂക്ക് ഓഫീസുകൾ നിലവിലുണ്ട്. തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ, ആലപ്പുഴ ജില്ലയിലെ ചേർത്തല, പാലക്കാട് ജില്ലയിലെ പട്ടാമ്പി എന്നിവിടങ്ങളിലായി മൂന്ന് താലൂക്ക് ഓഫീസുകൾ കൂടി പുതുതായി അനുവദിച്ചിട്ടുണ്ടെങ്കിലും തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രസ്തുത സ്ഥലങ്ങളിൽ നിലവിൽ താലൂക്കുതല ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നു.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

44 (315) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്ന ആശുപത്രികളും ചികിത്സകളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം എല്ലാ സർക്കാർ ആശുപത്രികളിലും ധനസഹായം ലഭിക്കുന്നുണ്ട്. പദ്ധതി പ്രകാരം അക്രഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളും, ഡയാലിസിസ് സെന്ററുകളും സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.* ക്യാൻസർ, വൃക്കരോഗം, ഹീമോഫീലിയ എന്നിവയുടെ ചികിത്സ, കരൾ/തലച്ചോർ സർജറി, വൃദ്ധജനങ്ങൾക്ക് സാന്ത്വന ചികിത്സ, ശ്വാസകോശം, നട്ടെല്ല്, സുഷുമ്നനാഡി എന്നിവയ്ക്കുണ്ടാകുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കാണ് ചികിത്സാ ധനസഹായം നൽകുന്നത്.

## കാരുണ്യ ബെനവലന്റ് പദ്ധതി

45 (316) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങൾ ബാധിച്ചവർക്കാണ് സഹായം നൽകുന്നത് ; സഹായധനത്തിന് പരിമിതിയുണ്ടോ ;

(ബി) മാരകമായ രോഗങ്ങൾക്ക് ശസ്ത്രക്രിയ നടത്തുന്നതിന് പത്ത് ലക്ഷത്തിലധികം രൂപ ചെലവ് വരുന്നതിനാൽ ഈ തുക താങ്ങാനാവാത്ത പാവപ്പെട്ട രോഗികൾക്ക് കാരുണ്യ ബെനവലന്റ് സ്കീമിൽ നിന്ന് പര്യാപ്തമായ സഹായം അനുവദിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം എത്ര രോഗികൾക്ക് എത്ര രൂപ വീതം സഹായം അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ക്യാൻസർ, വൃക്കരോഗം, ഹീമോഫീലിയ എന്നിവയുടെ ചികിത്സ, കരൾ/തലച്ചോർ സർജറി, വൃദ്ധജനങ്ങൾക്ക് സാന്ത്വന ചികിത്സ, നട്ടെല്ല്, സുഷുമ്നനാഡി, ശ്വാസകോശം എന്നിവയ്ക്കുണ്ടാകുന്ന മാരകമായ രോഗങ്ങൾക്കുള്ള ചികിത്സ എന്നിവയ്ക്കാണ് ധനസഹായം നൽകുന്നത്. പദ്ധതിയിൽ നിന്നും നൽകുന്ന പരമാവധി ധനസഹായം 2 ലക്ഷം രൂപയാണ്. എന്നാൽ ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ പരിധിയില്ലാതെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കാരുണ്യ പദ്ധതി സർക്കാരിന്റെ മറ്റ് ചികിത്സാ സഹായ പദ്ധതികളുമായി സംയോജിപ്പിച്ച് വിപുലമാക്കും. ഇന്ന് ഈ പദ്ധതിയുടെ പരിധിയിൽ വരാത്ത രോഗങ്ങളും ഉൾപ്പെടുത്തിയാകും നവീകരിക്കുക. അതുവരെ നിലവിലുള്ള പദ്ധതി തുടരുകയും ചെയ്യും.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം 8773 രോഗികൾക്ക് മൊത്തം 97.41 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

**ലോട്ടറി വിൽപ്പനയിലൂടെ സമാഹരിച്ച തുക**

46 (317) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. റോജി എം. ജോൺ :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-11-ലെ സർക്കാരും 2011-16-ലെ സർക്കാരും ലോട്ടറി വില്പനയിലൂടെ സമാഹരിച്ച തുക എത്രയാണ്; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ ലോട്ടറി വില്പനയിലൂടെ നേടിയ തുകയുടെ വർദ്ധനവ് അതിനു മുമ്പുള്ള സർക്കാരിനേക്കാൾ എത്ര മടങ്ങാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ വർദ്ധനവ് കൈവരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് മുൻ സർക്കാർ കൈക്കൊണ്ടത് ?

ഉത്തരം

(എ) 2006-11-ലെ സർക്കാരും 2011-16-ലെ സർക്കാരും ലോട്ടറി വിൽപ്പനയിലൂടെ സമാഹരിച്ച തുക ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2006-2011

| സാമ്പത്തിക വർഷം | ലോട്ടറിയിൽ നിന്നുള്ള വരുമാനം (വിറ്റുവരവ്) (കോടി രൂപയിൽ) |
|---|---|
| 2006-07 | 236.26 |
| 2007-08 | 333.91 |
| 2008-09 | 484.76 |
| 2009-10 | 625.74 |
| 2010-11 | 557.69 |
| ആകെ വരുമാനം | 2238.36 |

2011-16

| സാമ്പത്തിക വർഷം | ലോട്ടറിയിൽ നിന്നുള്ള വരുമാനം (വിറ്റുവരവ്) (കോടി രൂപയിൽ) |
|---|---|
| 2011-12 | 1287.22 |
| 2012-13 | 2778.80 |
| 2013-14 | 3793.84 |
| 2014-15 | 5445.84 |
| 2015-16 | 6318.47 |
| ആകെ വരുമാനം | 19624.17 |

(ബി) 2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ലോട്ടറിയിൽ നിന്നുള്ള വരുമാനം 2006-07 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വരുമാനത്തേക്കാൾ ഏകദേശം 8.8 മടങ്ങ് വർദ്ധിച്ചിട്ടുണ്ട്.

(സി) വർദ്ധനവിന് അടിസ്ഥാന കാരണം കേന്ദ്ര സർക്കാർ സിക്കിം, ഭൂട്ടാൻ തുടങ്ങിയ ലോട്ടറികളെ കേരളത്തിൽ നിരോധിച്ചതാണ്. 2001-2006-ലെ യു.ഡി.എഫ്. സർക്കാർ മുതൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ മുന്നിൽ ഉന്നയിച്ചിട്ടും നടപടിയൊന്നും സ്വീകരിക്കാൻ കേന്ദ്ര സർക്കാർ തയ്യാറായില്ല. എന്നാൽ കേരളത്തിലും സിക്കിമിലും ഇതുമൂലമുണ്ടായ അസ്വസ്ഥതകൾമൂലം ഈ നിലപാട് തിരുത്തി.

## കാരുണ്യ ലോട്ടറിയിലൂടെ ചികിത്സാസഹായം

47 (318) ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. കെ. വി. വിജയദാസ് :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറിയിലൂടെ എത്രതുക സമാഹരിച്ചെന്നും അതിൽ എത്ര തുക നിർദ്ധനരായ രോഗികൾക്ക് ചികിത്സാ സഹായമായി നൽകിയെന്നും അറിയിക്കാമോ;

(ബി) ചികിത്സ നൽകിയ വകയിൽ വിവിധ ആശുപത്രികൾക്ക് എത്ര തുക കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതി പ്രകാരം ആശുപത്രികൾക്ക് കൊടുത്തു തീർക്കുവാനുള്ള കുടിശ്ശിക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ പദ്ധതി നവീകരിക്കുന്നതിനോ പരിഷ്കരിക്കുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016 മാർച്ച് വരെ കാരുണ്യ, കാരുണ്യപ്ലസ് ഭാഗ്യക്കുറികളിൽ നിന്നുള്ള വിറ്റുവരവിനത്തിൽ 4260.13 കോടി രൂപ സമാഹരിക്കുകയും അറ്റാദായമായി ഏകദേശം 852.98 കോടി രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. 814.06 കോടി രൂപ നിർദ്ധനരായ രോഗികൾക്ക് ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്.

(ബി) സ്വകാര്യ ആശുപത്രികൾക്ക് 23.34 കോടി രൂപയും സർക്കാർ ആശുപത്രികൾക്ക് 453.37 കോടി രൂപയും ഉൾപ്പെടെ ആകെ 476.71 കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്.

(സി) കുടിശ്ശിക അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കാരുണ്യ പദ്ധതി സർക്കാരിന്റെ മറ്റ് ചികിത്സാസഹായ പദ്ധതികളുമായി സംയോജിപ്പിച്ച് വിപുലമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇപ്പോൾ ഈ പദ്ധതിയുടെ പരിധിയിൽ വരാത്ത രോഗങ്ങളും ഉൾപ്പെടുത്തിയാകും നവീകരിക്കുക. അതുവരെ നിലവിലുള്ള പദ്ധതി തുടരുകയും ചെയ്യും.

## ഭാഗ്യക്കുറി വഴിയുള്ള വിഭവ സമാഹരണം

48 (319) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാഗ്യക്കുറിയിൽ നിന്നുള്ള തനത് വരുമാനം പ്രതിവർഷം എത്രയാണ്;

(ബി) അന്യസംസ്ഥാന ഭാഗ്യക്കുറികളുടെ നിരോധനത്തിനു ശേഷം പ്രതിവർഷം ഭാഗ്യക്കുറി വില്പനയിൽ എത്ര ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്;

(സി) ഭാഗ്യക്കുറിയിൽ നിന്നുള്ള വിഭവ സമാഹരണത്തിന് സാമൂഹികമായി എന്തെങ്കിലും ദോഷങ്ങൾ ഉള്ളതായി സർക്കാർ കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം;

(ഡി) സംസ്ഥാനത്തെ ജനങ്ങൾ ഭാഗ്യക്കുറിയുടെ ലഹരിയിൽ അടിപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സർക്കാർ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; ഇത് ഭാഗ്യക്കുറി വഴിയുള്ള വിഭവസമാഹരണത്തെ ഏത് രീതിയിൽ സ്വാധീനിക്കുന്നുണ്ട്;

(ഇ) ഭാഗ്യക്കുറി വഴിയുള്ള വിഭവസമാഹരണം കുറയ്ക്കുന്നതിന് ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള 2015-16 സാമ്പത്തിക വർഷത്തെ തനത് വരുമാനം 6318.47 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം ഇതുവരെയുള്ള വരുമാനം (21-6-2016 വരെ) 1662.40 കോടി രൂപയാണ്.

(ബി)

| വർഷം | ലോട്ടറിയിൽനിന്നുള്ള വരുമാനം(കോടി രൂപയിൽ) | മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഓരോ സാമ്പത്തിക വർഷവും വരുമാനത്തിൽ വന്ന വർദ്ധനവിന്റെ ശതമാനം |
|---|---|---|
| 2011-12 | 1287.22 | 131 |
| 2012-13 | 2778.80 | 116 |
| 2013-14 | 3793.84 | 37 |
| 2014-15 | 5445.84 | 44 |
| 2015-16 | 6318.47 | 16 |

(സി&ഡി) ലോട്ടറി ചൂതാട്ടത്തിന്റെ ഗണത്തിൽത്തന്നെ വരുന്ന ഒന്നാണ്. കൂടുതൽ അടിമപ്പെടുത്തുന്ന സാഹചര്യങ്ങൾ ഒഴിവാക്കി, സർക്കാർ നടത്തുന്ന ഭാഗ്യക്കുറികൾക്കുമാത്രമേ ന്യായീകരണമുള്ളൂ. ഇതിൽ നിന്നും ലഭിക്കുന്ന വരുമാനം ക്ഷേമ, വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു എന്നതാണ് ഇതിന്റെ ന്യായീകരണം. കൂടുതൽ അഡിക്റ്റീവായ സ്വഭാവങ്ങൾ ഇല്ലാതിരിക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ട്.

(ഇ) ഇല്ല.

**ലോട്ടറിയിൽ നിന്നുള്ള വരുമാനം**

49 (320) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് ലോട്ടറിയിൽ നിന്നും നിലവിൽ (ടാക്സ്, ലാഭം തുടങ്ങി എല്ലാ വിഭാഗത്തിലും കൂടി) പ്രതിമാസം എന്തു വരുമാനമുണ്ടാകുന്നുണ്ടെന്നതിന്റെ കഴിഞ്ഞ അഞ്ചുമാസത്തെ കണക്ക് വ്യക്തമാക്കുമോ;

(ബി) 2011 ജനവരി മുതൽ ജൂൺ മാസം വരെ പ്രതിമാസം എത്ര തുകയാണ് ലഭിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) വരുമാന വർദ്ധനവിനായി പുതിയ പദ്ധതികളെന്തെങ്കിലും ആലോചനയിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന് ഭാഗ്യക്കുറിയിൽ നിന്നും കഴിഞ്ഞ അഞ്ച് മാസം ലഭിച്ച വരുമാനം (ടാക്സ്, ലാഭം തുടങ്ങിയ വിഭാഗം ഉൾപ്പെടെ) സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | വിറ്റുവരവ് (കോടി രൂപയിൽ) | ഏകദേശ ലാഭം (കോടി രൂപയിൽ) | ഭാഗ്യക്കുറി നറുക്കെടുപ്പിൻ മേലുള്ള നികുതിയിനത്തിൽ ഒടുക്കിയ തുക (കോടി രൂപയിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| ഡിസംബർ 2015 | 559.61 | 132.53 | 14.50 |
| ജനവരി 2016 | 561.97 | 136.55 | 16.50 |

| (1) | (2) | (3) | (4) |
|---|---|---|---|
| ഫെബ്രുവരി 2016 | 543.17 | 140.17 | 15.00 |
| മാർച്ച് 2016 | 620.93 | 132.57 | 16.50 |
| ഏപ്രിൽ 2016 | 646.07 | 162.14 | 15.00 |
| മേയ് 2016 | 607.74 | ... | 16.50 |

മേയ് 2016-ലെ ലാഭം സംബന്ധിച്ച കണക്ക് അന്തിമമായിട്ടില്ല.

(ബി) 2011 ജനവരി മുതൽ ജൂൺ മാസം വരെ ഓരോ മാസവും ലഭിച്ച തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | ഭാഗ്യക്കുറി വിറ്റുവരവ് (കോടി രൂപയിൽ) | ഭാഗ്യക്കുറി നറുക്കെടുപ്പിൻ മേലുള്ള നികുതിയിനത്തിൽ ഒടുക്കിയ തുക (കോടി രൂപയിൽ) |
|---|---|---|
| 2011 ജനുവരി | 44.25 | 1.75 |
| 2011 ഫെബ്രുവരി | 39.55 | 1 |
| 2011 മാർച്ച് | 55.30 | 1.5 |
| 2011 ഏപ്രിൽ | 42.37 | 1.25 |
| 2011 മെയ് | 44.86 | 1.5 |
| 2011 ജൂൺ | 43.14 | 1.25 |

(സി) ഈ സാമ്പത്തിക വർഷം സംസ്ഥാന ഭാഗ്യക്കുറിയുടെ വിറ്റുവരവ് 10000 കോടി രൂപയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതിയ സർവ്വകലാശാലകളിലെ ആഡിറ്റ് സംവിധാനം**

50 (321) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സർവ്വകലാശാല, സാങ്കേതിക സർവ്വകലാശാല എന്നിവിടങ്ങളിൽ ഓഡിറ്റിനായി ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത സർവ്വകലാശാലകളിൽ ഇപ്പോൾ എപ്രകാരമുള്ള ഓഡിറ്റ് സംവിധാനമാണ് നടക്കുന്നത്;

(ബി) പ്രസ്തുത സർവ്വകലാശാലകളുടെ ഓഡിറ്റ് ,സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ഏൽപ്പിച്ച് ശക്തിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്. മലയാള സർവ്വകലാശാലയുടെ ആഡിറ്റ് കാലിക്കറ്റ് യൂണിവേഴ്സിറ്റി ആഡിറ്റ് കാര്യാലയത്തിലെ ജീവനക്കാരാണ് തൽക്കാലം നിർവ്വഹിക്കുന്നത്. സാങ്കേതിക സർവ്വകലാശാലയുടെ ഓഡിറ്റ് 23-4-2016-ലെ സ.ഉ. (സാധാ) 3780/16/ധന. പ്രകാരമാണ് ആഡിറ്റ് വകുപ്പിനെ ഏൽപ്പിച്ചത്. പ്രസ്തുത ആഡിറ്റ് തുടങ്ങിയിട്ടില്ല.

(ബി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കയർ സംഘങ്ങളുടെ പ്രവർത്തനം**

51 (322) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർസംഘങ്ങൾ വഴി തൊഴിലെടുത്തിരുന്നവർക്ക് ഇപ്പോൾ തൊഴിൽ ലഭിക്കുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് എത്ര കയർ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഇവ ഉത്പാദിപ്പിക്കുന്ന കയറും കയറുൽപ്പന്നങ്ങളും വിപണനം ചെയ്യപ്പെടുന്നുണ്ടോ; 2015 ഏപ്രിൽ മുതൽ 2016 മാർച്ച് 31 വരെ എത്രമാത്രം കയർ ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തിയിട്ടുണ്ട്;

(സി) അന്യസംസ്ഥാനത്തുനിന്നും കയറും കയറുൽപ്പന്നങ്ങളും ശേഖരിച്ച് കയർ ബോർഡ് വിപണനം നടത്തുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിച്ച് കയർ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കയർ സംഘങ്ങളിലെ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാത്ത സാഹചര്യമുണ്ട്.

(ബി) സംസ്ഥാനത്ത് 526 സംഘങ്ങളുണ്ട്. ഇവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്ന വിവരം ശേഖരിച്ചുവരുന്നു. ഇവ ഉൽപ്പാദിപ്പിക്കുന്ന കയറും കയറുൽപ്പന്നങ്ങളും കയർ കോർപ്പറേഷൻ/കയർഫെഡ് എന്നിവ മുഖേന വിപണനം ചെയ്യുന്നുണ്ട്. 2015 ഏപ്രിൽ മുതൽ 2016 മാർച്ച് വരെ എത്രമാത്രം കയറുൽപ്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തിയിട്ടുണ്ടെന്ന വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിച്ച് കയർ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

**കയർ മേഖലയിലെ പ്രതിസന്ധി**

52 (323) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തു നടപടി കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ കയർ മേഖലയിലെ ആവശ്യങ്ങൾക്ക് പര്യാപ്തമായ രീതിയിലുള്ള ചകിരി ലഭ്യത സംസ്ഥാനത്തുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയിലെ പ്രതിസന്ധിക്ക് എപ്രകാരം പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) കയർ വ്യവസായം നേരിടുന്ന പ്രതിസന്ധികളിൽ പ്രധാനപ്പെട്ട ഒന്നാണ് ചകിരി ക്ഷാമം. നാളികേര കൃഷിക്ക് നേരിട്ട തകർച്ച, രോഗഭീഷണി എന്നിവയെല്ലാം ചകിരി ഉൽപ്പാദനത്തെ ദോഷകരമായി ബാധിച്ചു. അഴുക്കും തൊണ്ടിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ചകിരിക്ക് വ്യവസായത്തിലുണ്ടായിരുന്ന പ്രാമാണികത്വം ഇല്ലാതാവുകയും ചെയ്തു. ചകിരിയോടൊപ്പം തന്നെ ചകിരിച്ചോറും വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുകയും തൊണ്ട് സംഭരണത്തിന് നൂതനമായ മാർഗ്ഗങ്ങൾ നേടുകയും ചെയ്തുകൊണ്ടേ ഈ പ്രശ്നത്തിന് പരിഹാരം കാണാനാകൂ.

1. സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന നാളികേര കർഷക ഫെഡറേഷനുകളെ ചകിരി ഉൽപ്പാദനത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു.

2. നാളികേര കൃഷി സജീവമായ മേഖലകൾ കേന്ദ്രീകരിച്ച് ചകിരി ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും സർക്കാർ ലക്ഷ്യമിടുന്നുണ്ട്.

3. ചകിരിച്ചോറിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള വിനിയോഗത്തിന് സർക്കാർ പ്രോത്സാഹനം നൽകുന്നതിനും ലക്ഷ്യമിടുന്നു.

4. നിലവിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ചകിരി മില്ലുകൾ പ്രവർത്തനസജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

5. കുടുംബശ്രീ സംഘങ്ങളെ തൊണ്ട് സംഭരണത്തിൽ സജീവമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**കയർ മേഖലയിലെ പ്രതിസന്ധി**

53 (324) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

കയർ മേഖലയ്ക്ക് വകയിരുത്തിയ തുകയിൽ ഗണ്യമായ പങ്ക് വിനിയോഗിക്കാത്ത സ്ഥിതിയാണ് മുൻസർക്കാരിന്റെ കാലത്ത് നിലനിന്നത്. 2013-14-ൽ പദ്ധതി അടങ്കലിന്റെ 61.36 ശതമാനവും 2014-15-ൽ 52.78 ശതമാനവും 2015-16-ൽ 58.40 ശതമാനവും മാത്രമാണ് ചെലവഴിച്ചത്. ആയതിനാൽ മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച പദ്ധതികൾ മന്ദഗതിയിലായി. ഈ സ്ഥിതിവിശേഷത്തിന് പരിഹാരം കാണുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

കയർ മേഖലയിലെ ഈ സർക്കാരിന്റെ സമീപനം ഇപ്രകാരമായിരിക്കും :

1. പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിലും അടിസ്ഥാന വേതനവും ഉറപ്പാക്കും. ഉൽപ്പാദിപ്പിക്കപ്പെടുന്ന കയറും കയറുൽപ്പന്നങ്ങളും പൂർണ്ണമായും കയർ കോർപ്പറേഷൻ, കയർഫെഡ് എന്നിവ വഴി സമാഹരിക്കും, നിശ്ചയിക്കപ്പെടുന്ന ക്രയവില നൽകിയാവും ഇവ സംഭരിക്കുക. ഇങ്ങനെ സംഭരിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുമ്പോൾ കയർ കോർപ്പറേഷനും കയർഫെഡിനും വരുന്ന നഷ്ടം സർക്കാർ നികത്തും.
2. ഇതിനായി കയർ മേഖലയുടെ വിഹിതം ഗണ്യമായി ഉയർത്തും.
3. പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുന്നതോടൊപ്പം കയർ വ്യവസായത്തിന്റെ സത്വര ആധുനികവത്കരണത്തിന് നടപടി സ്വീകരിക്കും.
4. ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

**റിവൈവൽ, റിഫോംസ്, റീസ്ട്രക്ച്ചറിംഗ് പാക്കേജ് പദ്ധതി**

54 (325) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി റിവൈവൽ, റിഫോംസ്, റിസ്ട്രക്ച്ചറിംഗ് പാക്കേജ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പുമൂലം എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് നേടാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്കരണവും നവീകരണ വിപുലീകരണ പ്രവർത്തനങ്ങളും സർക്കാർ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ കാലപ്പഴക്കം ചെന്ന മെഷിനറികളുടെ നവീകരണം, ഉൽപ്പാദന സംവിധാനങ്ങളിൽ നൂതനമായ സാങ്കേതികവിദ്യകൾ നടപ്പിലാക്കുക, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളവയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

(സി) വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരം കാരണം പല സ്ഥാപനങ്ങളും നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. സർക്കാരിൽനിന്നും ലഭിക്കുന്ന ധനസഹായം പ്രവർത്തനം നിലനിർത്തിക്കൊണ്ടുപോകുന്നതിനുള്ള പ്രവർത്തനമൂലധനമായും ഉപയോഗിച്ചു വരുന്നു. ചില സ്ഥാപനങ്ങളുടെ കാലാ കാലങ്ങളായുള്ള മോശമായ പ്രവർത്തനത്തിന്റെ ഫലമായി നവീകരണ പ്രവർത്തനങ്ങൾക്കായുള്ള അധികധനം കണ്ടെത്തുന്നതിലുള്ള പരിമിതികളും പുനരുദ്ധാരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്. മാത്രമല്ല ധനകാര്യ വകുപ്പിന്റെ നിയന്ത്രണങ്ങളുണ്ടാകുന്ന സമയങ്ങളിൽ സർക്കാരിൽ നിന്നുള്ള ധനസഹായം ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കാറുണ്ട്. ഇത് പദ്ധതി പൂർത്തീകരണത്തിനുള്ള ചെലവുകളിൽ വർദ്ധനവുണ്ടാക്കി പദ്ധതിയുടെ ലാഭകരമായ നടത്തിപ്പിന് വിഘാതമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാനമായും സർക്കാർ സഹായത്തോടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്ന സ്ഥാപനങ്ങളാണ് മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ സിമന്റ് ബൾക്ക് ഹാന്റ്-

ലിങ്ങ് ടെർമിനൽ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, സെയിൽ-എസ്.സി.എൽ. കേരള ലിമിറ്റഡിൽ (സ്റ്റീൽ കോംപ്ലക്സിൽ) സ്റ്റീൽ റോളിംഗ് മിൽ, കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി എന്നിവ. ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും പരമ്പരാഗത മേഖലയിലുള്ള സ്ഥാപനങ്ങൾക്കും സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ കശുവണ്ടി മേഖല ഉൾപ്പെടെയുള്ള (കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ്) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾക്കും പ്രവർത്തനമൂലധന സഹായമായും 868.89 കോടി രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ മലബാർ സിമന്റ്സ് ഒഴികെ എല്ലാം നഷ്ടത്തിലാണ്.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങൾ നവീകരണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും ഭാഗമായി റിയാബ് മുഖേന സമർപ്പിക്കുന്ന പാക്കേജുകൾ വർക്കിംഗ് ഗ്രൂപ്പും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും സർക്കാരിൽ പരിശോധിച്ച് അംഗീകാരം നൽകി ആവശ്യമായ ധനസഹായം നൽകിയിട്ടുണ്ട്. ഇവയുടെ പ്രവർത്തന പുരോഗതി പൊതുമേഖലാവ്യവസായ പുനഃസംഘടനാബോർഡ് (റിയാബ്) മുഖേന വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും വ്യവസായ വകുപ്പുമന്ത്രി തലത്തിലും അവലോകനം ചെയ്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരികയും ചെയ്തിരുന്നു.

**സേവന മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ**

55 (326) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സേവന മേഖലയിൽ പ്രവർത്തിക്കുന്ന എത്ര പൊതു മേഖലാ സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര എണ്ണം ലാഭകരമായിട്ടാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നഷ്ടത്തിലായതിനെത്തുടർന്ന് അടഞ്ഞുകിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള എന്തെങ്കിലും ആലോചനകളോ നടപടികളോ സർക്കാരിനുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേരളത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ സേവന മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല.

(സി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ ദീർഘകാലമായി പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണം സാദ്ധ്യമാകാത്ത സാഹചര്യത്തിൽ അവയുടെ ലിക്വിഡേഷൻ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇവയുടെ സ്ഥലവും കെട്ടിടങ്ങളും മറ്റ് ആസ്തികളും വ്യാവസായിക വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുവാൻ കെൽട്രോൺ, കിൻഫ്ര, കെ.എസ്.ഐ.ഇ., കെ.എസ്.ഐ.ഡി.സി., ഹാൻവീവ് എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള ആട്ടോമൊബൈൽസ്**

56 (327) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ആറാലുംമൂട്ടിൽ പ്രവർത്തിക്കുന്ന കേരള ആട്ടോമോബൈൽസ് എന്ന പൊതുമേഖല സ്ഥാപനത്തിന്റെ ഇന്നത്തെ അവസ്ഥ എന്താണ്; ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യവും കൃത്യമായി നൽകുന്നുണ്ടോ ; പെൻഷൻ ആനുകൂല്യങ്ങളും പെൻഷനും നൽകുന്നുണ്ടോ;

(ബി) ഇപ്പോൾ കമ്പനിയുടെ സാമ്പത്തിക ബാദ്ധ്യത എത്രയാണ് ; കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കമ്പനിക്ക് നല്കിയ തുക എത്ര; ഈ തുക ശരിയായ തരത്തിൽ ആണോ ധനവിനിയോഗം നടത്തിയത് ; കമ്പനിയുടെ കെടുകാര്യസ്ഥതയ്ക്ക് കാരണക്കാരായവരുടെ പേരിൽ വകുപ്പുതല അന്വേഷണമോ വിജിലൻസ് അന്വേഷണമോ നടത്താൻ തീരുമാനിക്കുമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര ആറാലുംമൂട്ടിലുള്ള കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം കഴിഞ്ഞ കുറേ വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2015-16 കാലയളവിൽ ആഡിറ്റിനുമുൻപുള്ള കണക്കുകൾ പ്രകാരം സ്ഥാപനം 1,482.31 ലക്ഷം രൂപയുടെ വിറ്റുവരവും 471.11 ലക്ഷം രൂപയുടെ നഷ്ടവും രേഖപ്പെടുത്തിയിട്ടുണ്ട്. 31-5-2016 വരെയുള്ള കണക്കുകൾ പ്രകാരം പി.എഫ്. ഇനത്തിൽ 374.15 ലക്ഷം രൂപയുടെ ബാധ്യതയും പിരിഞ്ഞുപോയവരുടെ ഗ്രാറ്റുവിറ്റി ഇനത്തിൽ 119.11 ലക്ഷം രൂപയുടെ ബാധ്യതയും ഉണ്ട്. തുടർച്ചയായ നഷ്ടംമൂലം പ്രവർത്തന മൂലധനം പൂർണ്ണമായും ക്ഷയിച്ചുപോയ സാഹചര്യത്തിൽ മാസശമ്പളം കൃത്യമായി നൽകാൻ പറ്റാത്ത സാഹചര്യം നിലവിലുണ്ട്.

(ബി) 31-3-2016-ലെ ആഡിറ്റിനുമുൻപുള്ള കണക്കുകൾ പ്രകാരം ദീർഘകാല വായ്പയിനത്തിൽ മുതലും പലിശയുമടക്കം 3,693.82 ലക്ഷം രൂപയുടെ ബാധ്യതയും ഹ്രസ്വകാല വായ്പയുടെ കണക്കുകൾ പ്രകാരം 675 ലക്ഷം രൂപയുടെ ബാധ്യതയും നിലവിലുണ്ട്. കഴിഞ്ഞ 5 വർഷക്കാലയളവിൽ സർക്കാരിൽ നിന്നും കമ്പനിക്ക് 2,043.91 ലക്ഷം രൂപയുടെ വായ്പാസഹായം നൽകിയിട്ടുണ്ട്. ആഡിറ്റുകൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ വായ്പാസഹായത്തിന്റെ ഉപയോഗത്തിനെക്കുറിച്ച് വ്യക്തമായ വിവരം ലഭിക്കുകയുള്ളൂ. കമ്പനിയുടെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് 2012-13 കാലയളവ് വരെ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. കമ്പനിയുടെ ലാഭകരമല്ലാത്ത പ്രവർത്തനത്തിന് കാരണം മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണോയെന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വകുപ്പുതലത്തിലുള്ള അന്വേഷണം, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ്, വിജിലൻസ് അന്വേഷണങ്ങൾ എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ സ്വീകരിക്കുന്നതാണ്.

## പുതുസംരംഭങ്ങൾക്കുള്ള ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ നടപടി

57 (328) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായിക അന്തരീക്ഷം മികച്ചതാക്കുന്നതിന് വേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) നൂതന സംരംഭങ്ങൾക്കുള്ള ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ലൈസൻസുകൾ നൽകുന്ന നടപടി എളുപ്പമാക്കാൻ ലൈസൻസിംഗ് ഏജൻസികളെ സംയോജിപ്പിച്ച് ഒരൊറ്റ ഫോറത്തിൽ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ;

(ഡി) നിലവിലുള്ള ഏകജാലക സംവിധാനം പരിഷ്കരിച്ച് കൂടുതൽ അധികാരങ്ങൾ നൽകുമോ ?

## ഉത്തരം

(എ) റവന്യൂ, രജിസ്ട്രേഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വേ തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിച്ച് ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ തുടർച്ചയായി ചെറുകിട വ്യവസായ മേഖലയിൽ വ്യവസായങ്ങളാരംഭിക്കുന്നതിന് സെൽഫ് സർട്ടിഫിക്കേഷൻ പദ്ധതിയിലൂടെ നടപടിക്രമങ്ങൾ ലഘൂകരിക്കും. പുതിയ സംരംഭകർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിന് 2016-17 സാമ്പത്തിക വർഷത്തിൽ ജില്ലാവ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് സ്മോൾ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതാണ്. സ്റ്റാർട്ട് അപ്പ് മേഖലയിൽ സാങ്കേതികവിദ്യ ആർജ്ജിക്കുന്നതിന് സഹായം നൽകും. പരിസ്ഥിതി സൗഹൃദപരമായ ഫാർമസ്യൂട്ടിക്കൽ, ലൈഫ് സയൻസ്, മെഡിക്കൽ എക്യുപ്മെന്റ്സ് തുടങ്ങിയ മേഖലകളിലെ വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകാനും ലക്ഷ്യമിടുന്നു. സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

(ബി-ഡി) ചെറുകിട വ്യവസായ സംരംഭങ്ങൾക്കുള്ള ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി സെൽഫ് സർട്ടിഫിക്കേഷൻ സിസ്റ്റം നടപ്പിൽ വരുത്തുന്നതിനുള്ള പഠനങ്ങൾ നടത്തിവരികയാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് അനുമതി പത്രങ്ങളും ലൈസൻസുകളും നൽകുന്ന നടപടി എളുപ്പമാക്കാൻ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഏകജാലക ക്ലിയറൻസ് ബോർഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഏകജാലക ക്ലിയറൻസ് സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള വ്യവസായ വകുപ്പ് പദ്ധതികൾ

58 (329) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമായി വ്യവസായ വകുപ്പ് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വ്യാവസായികാഭിരുചി വികസിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ പദ്ധതികൾ നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പിന്റെ അധീനതിലുള്ള വ്യവസായ വികസന ഏരിയാ/പ്ലോട്ടുകളിൽ പട്ടികജാതിയിൽപ്പെട്ട സംരംഭകർക്കായി വ്യവസായം ആരംഭിക്കുന്നതിനായി ഷെഡ്ഡുകൾ പണിത് നൽകുന്നു. കൈത്തറി മേഖലയിൽ പട്ടികജാതി സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ ഓഹരി പങ്കാളിത്തത്തിന് ആനുപാതികമായ സർക്കാർ ഓഹരി പങ്കാളിത്തം 5 ഇരട്ടിയാണ്. ഒരു സംഘത്തിന് വർഷം പരമാവധി 5 ലക്ഷം രൂപയുടെ ഓഹരി പങ്കാളിത്തം നൽകുന്നു. പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതിയിൽപ്പെട്ട വനിതകൾക്ക് സിൽക്ക് നെയ്ത്തിൽ പരിശീലനം നൽകി തൊഴിൽ നൽകുന്ന ഒരു പദ്ധതി നിലവിലുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി, എന്റെ ഗ്രാമം എന്നീ പദ്ധതികളിൽ അധിക സബ്സിഡി അനുവദിക്കുന്നു.

(ബി) പുതിയ പദ്ധതികൾ ആരംഭിക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ**

59 (330) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നിലവിലുള്ള കടബാദ്ധ്യത എത്രയാണെന്നും ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതം നൽകുവാനുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം നവീകരിച്ച് തൊഴിലാളികളുടെ ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിനും ആധുനികവൽക്കരണം നടത്തി ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന് നിലവിൽ 3514.72 ലക്ഷം രൂപയുടെ ബാധ്യതയുണ്ട്.

| | (രൂപ ലക്ഷത്തിൽ) |
|---|---|
| പരുത്തി/പോളിസ്റ്റർ വാങ്ങിയ വകയിൽ | 138.01 |
| ഇലക്ട്രിസിറ്റി ചാർജ്ജ് | 5.88 |
| പ്രൊവിഡന്റ് ഫണ്ട് | 152.27 |
| ഇ.എസ്.ഐ. | 3.75 |
| ഗ്രാറ്റുവിറ്റി | 72.92 |
| സർക്കാർ ലോൺ | 2776.89 |
| കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് | 20.00 |
| കൊല്ലം ജില്ലാസഹകരണ ബാങ്ക് | 250.00 |
| മറ്റ് കുടിശ്ശികകൾ | 95.00 |
| ആകെ | 3514.72 |

(ബി) കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിലേക്കായി 57.39 കോടി രൂപയുടെ റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ട് എൻ.സി.ഡി.സി.-ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി. അനുവദിച്ച 45.19 കോടി രൂപയിൽ 15 കോടി രൂപ മില്ലിന് നൽകിയിട്ടുണ്ട്. മില്ലിന്റെ നവീകരണ പ്രവർത്തനത്തിലേക്കായി പുതിയ മെഷിനറികൾ വാങ്ങേണ്ടതും പഴയ മെഷിനറികൾ വിൽക്കേണ്ടതുമുണ്ട്. ആയതിലേക്കായി ഇ-ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. നവീകരണ പദ്ധതി നടപ്പിലാക്കുന്നതോടെ ഉൽപ്പാദനശേഷി കൂട്ടുന്നതിനും ഗുണമേന്മയുള്ള നൂൽ ഉൽപ്പാദിപ്പിച്ച് മിൽ ലാഭകരമായി പ്രവർത്തിപ്പിച്ച് തൊഴിലാളികളുടെ ജോലിസ്ഥിരത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നതുമാണ്.

**മറൈൻ പാർക്ക്**

60 (331) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂരിൽ ആരംഭിച്ച മറൈൻ പാർക്കിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ; അവിടെ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ബേപ്പൂർ നിയോജക മണ്ഡലത്തിൽ രാമനാട്ടുകരയിൽ ആരംഭിച്ച അഡ്വാൻസ് നോളജ് പാർക്കിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ?

## ഉത്തരം

(എ) ബേപ്പൂരിൽ കിൻഫ്ര സ്ഥാപിക്കുന്ന മറൈൻ പാർക്കിന്റെ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, ചുറ്റുമതിൽ, പാർക്കിനകത്തുള്ള റോഡുകൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പാർക്ക് തീരദേശ പരിപാലന മേഖല - 2 (CRZ-2) ഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഇതിൽ നിന്ന് ഒഴിവാക്കിത്തരണമെന്ന് Coastal Management Regulatory Authority-യോട് കിൻഫ്ര അഭ്യർത്ഥിച്ചിട്ടുണ്ട്. അതോറിറ്റിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പാർക്കിന്റെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. പുതിയ സംരംഭങ്ങളൊന്നും ആരംഭിച്ചിട്ടില്ല. അടിസ്ഥാനസൗകര്യ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ പ്രസ്തുത പാർക്കിന്റെ അലോട്ട്മെന്റ് ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(ബി) ബേപ്പൂർ നിയോജക മണ്ഡലത്തിൽ ആരംഭിക്കുന്ന അഡ്വാൻസ് ടെക്നോളജി പാർക്കിനെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പരിവർത്തനപ്പെടുത്തുന്നതിനുള്ള അനുമതി ലഭിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ ഉണ്ടായിരുന്ന കേസ്സുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പാർക്കിന്റെ അടിസ്ഥാന സൗകര്യവികസനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### ഫാക്ട് നേരിടുന്ന പ്രതിസന്ധി

61 (332) ശ്രീ. വി. എസ്. അച്യുതാനന്ദൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ആന്റണി ജോൺ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഫാക്ട് നേരിടുന്ന പ്രതിസന്ധി വിശകലനം ചെയ്തിട്ടുണ്ടോ;

(ബി) പൊതുമേഖലാ സ്ഥാനങ്ങളെ നഷ്ടത്തിലേക്ക് തള്ളിവിടുന്ന നയങ്ങൾ സ്വീകരിക്കുകയും അങ്ങനെ നഷ്ടത്തിലാകുന്നവയെ സ്വകാര്യവൽക്കരിക്കുകയും ചെയ്യുന്ന കേന്ദ്രനയത്തോടുള്ള നിലപാട് വ്യക്തമാക്കാമോ ;

(സി) ഫാക്ടിനെ സ്വകാര്യവൽക്കരിക്കാതെ പൊതുമേഖലയിൽ നിലനിർത്താൻ വേണ്ടി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താനായി എന്തൊക്കെ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. തുടർച്ചയായ നഷ്ടം, പ്രവർത്തനമൂലധനത്തിന്റെ അഭാവം തുടങ്ങിയ കാരണങ്ങളാൽ ഫാക്ട് കുറെ വർഷങ്ങളായി അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടുവരികയാണ്. കേന്ദ്രസർക്കാരിന്റെ ധനകാര്യ മന്ത്രാലയം 1000 കോടി രൂപ പ്ലാൻ ലോൺ ഫാക്ടിന് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തുകയും 2016 മാർച്ച് 29-ന് ആ തുക കമ്പനിക്ക് ലഭിക്കുകയുമുണ്ടായി. ഈ തുക കമ്പനിയുടെ ബാദ്ധ്യതകൾ തീർക്കുന്നതിനും 2016 ഏപ്രിൽ മുതൽ ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനും വേണ്ട മുന്നൊരുക്കങ്ങൾ ചെയ്യുന്നതിനും സഹായകരമായി. എന്നാൽ ലോണിന്റെ 13.5 ശതമാനം വാർഷിക പലിശയും തിരിച്ചടവും ഫാക്ടിന് വലിയ സാമ്പത്തിക ബാദ്ധ്യതയാണ്.

(ബി&സി) സംസ്ഥാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നായ ഫാക്ടിനെ പൊതുമേഖലയിൽ തന്നെ സംരക്ഷിച്ചുനിർത്താൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഫാക്ടിന്റെ നിലനിൽപ്പിനായി സംസ്ഥാന സർക്കാരിനെക്കൊണ്ട് കഴിയുന്നത്ര സഹായം ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ എൽ.എൻ.ജി. -യുടെ മേലുള്ള മൂല്യവർദ്ധിത നികുതി (VAT) ഒഴിവാക്കി നൽകിയിരുന്നു. ഇത് തുടരുന്നുണ്ട്. ഇതുമൂലം എൽ.എൻ.ജി. വാങ്ങുന്നതിന് കരാറിൽ ഏർപ്പെടുന്നതിനും അതുവഴി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഫാക്ടിന് കഴിഞ്ഞു. കേന്ദ്ര സർക്കാരിൽനിന്ന് പ്ലാൻ ലോൺ ലഭിക്കുന്നതിന് ഫാക്ടിന്റെ കൈവശമുള്ള 408 ഏക്കർ സ്ഥലം പണയമായി നൽകുന്നതിന് സംസ്ഥാന സർക്കാരിന് വിയോജിപ്പില്ലായെന്ന വിവരം അറിയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫാക്ടിന്റെ അമ്പലമേടിലുള്ള 170 ഏക്കർ സ്ഥലം BPCL-കൊച്ചിൻ റിഫൈനറിക്ക് വിൽക്കുന്നതിന് സംസ്ഥാന സർക്കാർ NOC നൽകുകയുണ്ടായി. ഇതുവഴി ലഭിക്കുന്ന പണം ഫാക്ടിന്റെ വികസന പദ്ധതികൾക്ക് വിനിയോഗിക്കാനാവും.

**മൂടാടി കെൽട്രോൺ യൂണിറ്റിൽ തുടർപദ്ധതികൾ ആവിഷ്കരിക്കുവാൻ നടപടി**

62 (333) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടിയിൽ സ്ഥിതി ചെയ്യുന്ന കെൽട്രോൺ യൂണിറ്റിൽ 2006-2011 കാലയളവിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ തുടർച്ചയായി സ്ഥാപനത്തിന്റെ വികസന സാധ്യതകൾ വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) കെൽട്രോൺ മൂടാടി യൂണിറ്റിൽ നിലവിൽ നടന്നുവരുന്ന ഉദ്പാദന പ്രവർത്തനങ്ങൾ എന്തെല്ലാം; എൽ.ഇ.ഡി. ലൈറ്റ് നിർമ്മാണ മേഖലയിൽ മൂടാടി കെൽട്രോണിന്റെ പ്രോഡക്റ്റുകൾ എന്തെല്ലാം;

(സി) ഈ സ്ഥാപനത്തിന്റെ വികസനത്തിനായി 2006-2011 കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമായിരുന്നു;

(ഡി) 2011-2016 കാലയളവിൽ സ്ഥാപനത്തിന്റെ വികസനത്തിനായി ആവിഷ്കരിച്ച് സർക്കാരിൽ സമർപ്പിച്ച പദ്ധതികളേതെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടിയിൽ പ്രവർത്തിക്കുന്ന കെൽട്രോൺ യൂണിറ്റിൽ 2006-2011 കാലയളവിൽ എനർജി മീറ്റർ കാർഡുകൾ നിർമ്മാണവും എൻ.ടി.ടി.എഫും.-ഉം ആയി ഐ.ടി. കമ്പ്യൂട്ടർ വിഷയങ്ങളിൽ പരിശീലന ക്ലാസുകളും നടത്തിയിരുന്നു. എന്നാൽ പിന്നീട് സാങ്കേതിക പ്രശ്നങ്ങളാൽ എനർജി മീറ്റർ കാർഡ് പദ്ധതിയും വിദ്യാർത്ഥികൾ കുറവായതിനാൽ ആദ്യ രണ്ട് ബാച്ചുകൾക്കുശേഷം പരിശീലന ക്ലാസുകളും നിർത്തലാക്കി. നിലവിൽ മൂടാടി യൂണിറ്റിനെ വിവിധ ശ്രേണിയിലുള്ള എൽ.ഇ.ഡി. ലൈറ്റുകൾ നിർമ്മിച്ചു നൽകുന്നതിനും അവയുടെ ഗുണപരിശോധനയ്ക്കുമുള്ള കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനായി നവീകരിച്ചു, പ്രവർത്തനം നടത്തിവരുന്നു. കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനിൽ എൽ.ഇ.ഡി. ലൈറ്റുകളുടെ നിർമ്മാണത്തിനും ഗുണപരിശോധനയ്ക്കുമായി മികച്ച യന്ത്രസാമഗ്രികളും മറ്റും സ്ഥാപിച്ചു. വിവിധ ശ്രേണിയിലുള്ള എൽ.ഇ.ഡി. ലൈറ്റുകളുടെ (സ്ട്രീറ്റ് ലൈറ്റ്, ട്യൂബ്ലൈറ്റ്, ലാൻടേൺ ലൈറ്റ്) നിർമ്മാണപ്രവർത്തനങ്ങൾ ഈ യൂണിറ്റിൽ നടന്നുവരുന്നു. സി-ഡാക്കിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ച് ഡിജിറ്റൽ ഹിയറിംഗ് എയ്ഡിന്റെ നിർമ്മാണവും നടന്നുവരുന്നു.

**ഒളവണ്ണ കള്ളിക്കുന്നിലെ ബെൽ മെറ്റൽ സർവ്വീസ് സെന്റർ**

63 (334) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിൻ കീഴിലുള്ള ഒളവണ്ണ കള്ളിക്കുന്നിൽ ബെൽ മെറ്റൽ സർവ്വീസ് സെന്ററിൻെറ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ;

(ബി) പ്രദേശത്തെ ചില സ്വകാര്യ വ്യക്തികൾക്ക് പ്രസ്തുത സ്ഥാപനം പാട്ടത്തിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്; കൈമാറാൻ നിശ്ചയിച്ചതിലും കൂടിയ തുകയ്ക്ക് സ്ഥാപനം ഏറ്റെടുക്കാൻ പ്രദേശത്ത് സന്നദ്ധരായി ആളുകളുണ്ടെന്നിരിക്കെ നടപടികളിൽ അഴിമതിയുണ്ടെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തൊഴിലാളികൾക്ക് സ്ഥാപനം ഏൽപ്പിച്ചുകൊടുക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലാവ്യവസായ കേന്ദ്രത്തിൻ കീഴിലുള്ള ഒളവണ്ണ, കള്ളിക്കുന്നിലെ 48 സെന്റ് ഭൂമിയിൽ ഒളവണ്ണ പ്രദേശത്തെ ഓട്ടുപാത്ര തൊഴിലാളികൾക്ക് സാങ്കേതിക പരിജ്ഞാനം നൽകുന്നതിന് 1968-ൽ ബെൽ മെറ്റൽ സർവ്വീസ് സെന്റർ എന്ന സ്ഥാപനം ആരംഭിച്ചു. പ്രസ്തുത സ്ഥാപനം വർഷങ്ങളോളം പ്രവർത്തനരഹിതമായിക്കിടന്നു. ശ്രീ. സി. മരക്കാരുട്ടിയുടെ നേതൃത്വത്തിൽ ബേസ് ലാന്റ് ടെക്സ്റ്റൈൽസ് എന്ന പേരിൽ പാർട്ണർഷിപ്പ് സ്ഥാപനം തുടങ്ങുന്നതിനായി പ്രസ്തുത 48 സെന്റ് സ്ഥലം 30 വർഷത്തെ ലീസിൽ 27-1-2015-ൽ അനുവദിച്ചതായി കാണുന്നു.

(ബി) പ്രസ്തുത ലീസ് സംബന്ധിച്ച് ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് പരിശോധന നടന്നുവരുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**വ്യവസായ നയം**

64 (335) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയിൽ വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങളെ സംബന്ധിച്ചുള്ള സർക്കാരിന്റെ നയം വിശദമാക്കാമോ;

(ബി) പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കാത്തതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്നതുമായ വ്യവസായശാലകൾ സ്ഥാപിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കാത്തതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതുമായ പരിസ്ഥിതി സൗഹാർദ്ദ വ്യവസായ വികസനത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു പുതുക്കിയ വ്യവസായ നയം നടപ്പിലാക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. പാരിസ്ഥിതിക പ്രശ്നങ്ങളും വൈദ്യുതി ഉപഭോഗവും കുറഞ്ഞ ഫാർമസി വ്യവസായവും ഹൈ എൻഡ് ഇലക്ട്രോണിക് മാനുഫാക്ചറിംഗ് വ്യവസായവും ആരംഭിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്. യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന തരത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ പുതിയതായി 15000 യൂണിറ്റുകൾ ആരംഭിച്ച് 80000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നു. പ്രാദേശികമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷിക ഉൽപ്പന്നങ്ങളായ ചക്ക, പൈനാപ്പിൾ, വാഴപ്പഴം, നാളികേരം, സുഗന്ധ വ്യഞ്ജനങ്ങൾ തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

സ്റ്റാർട്ട് അപ്പ് മേഖലയിൽ സർവ്വകലാശാലകൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും സാങ്കേതിക സഹായം നൽകും. ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഇൻഡസ്ട്രിയൽ ഏരിയകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുക, സ്വകാര്യ നിക്ഷേപത്തോടെ പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള അനുയോജ്യമായ ഭൂമി വ്യവസായ പാർക്ക്/ഏരിയയായി വികസിപ്പിച്ച് യുവാക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അവസരമൊരുക്കുക, ജില്ലാവ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് സ്മാൾ ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, കരകൗശല ഉൽപ്പന്നങ്ങളുടെ വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ടൂറിസം മേഖലയുടെ സഹായത്തോടെ ബ്രാൻഡ് ബിൽഡിംഗ് ക്യാമ്പെയിൻ സംഘടിപ്പിക്കുക, ദേശീയ അന്തർദ്ദേശീയ അംഗീകാരം നേടാൻ കഴിയുന്ന പ്രദർശനം സംഘടിപ്പിക്കുക, ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സീസൺ പ്രദർശന മേളകൾ സംഘടിപ്പിക്കുക, കൈ തൊഴിലാളികൾ സംരംഭകരായി മാറി പുതിയ കരകൗശല വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ സാധിക്കുന്ന തരത്തിലുള്ള പരിശീലനം നൽകുക എന്നിവയും ആലോചിക്കുന്നു. ചെറുകിട വ്യവസായ മേഖലയിൽ വ്യവസായങ്ങളാരംഭിക്കുന്നതിന് സെൽഫ് സർട്ടിഫിക്കേഷൻ പദ്ധതിയിലൂടെ നടപടിക്രമങ്ങൾ ലഘൂകരിക്കാനും ഉദ്ദേശിക്കുന്നു.

## വ്യവസായ വികസനം

65 (336) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻ ഗവൺമെന്റ് കർമ്മപദ്ധതി ആവിഷ്കരിച്ചിരുന്നുവോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി നേടാനുദ്ദേശിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചത്;

(ഡി) ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് ഇതിനായി കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായ വികസനം ലക്ഷ്യമാക്കി മുൻ ഗവൺമെന്റുകളെല്ലാം വ്യത്യസ്ത നിരീക്ഷണങ്ങളോടുകൂടി പദ്ധതികൾ ആവിഷ്കരിച്ചിരുന്നു.

(ബി&സി) പരിശോധിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കാൻ ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്.

(ഡി) വ്യവസായ മേഖലയുടെ ആവശ്യം മനസ്സിലാക്കി യഥാസമയം ഇടപെടുന്നതിനും സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശങ്ങളും അനുവാദങ്ങളും താമസംവിനാ ലഭ്യമാക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്.

## കൈത്തറി റിബേറ്റ് കുടിശ്ശിക

66 (337) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി റിബേറ്റ് കുടിശ്ശിക ഇനത്തിൽ എത്ര രൂപയാണ് വിവിധ കൈത്തറി സംഘങ്ങൾക്ക് നൽകുവാനുള്ളതെന്ന് കണക്കായിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത തുക കൊടുക്കുവാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2014-15 വരെ 798.92 ലക്ഷം രൂപ റിബേറ്റ് കുടിശ്ശികയായി ഹാൻവീവ്, ഹാന്റക്സ്, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് നൽകാനുണ്ട്. 2015-16 റിബേറ്റ് ക്ലെയിമിനുള്ള അപേക്ഷ ഹാൻവീവ്, ഹാന്റക്സ്, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും ലഭ്യമായിക്കൊണ്ടിരിക്കുന്നു.

(ബി) 2015-16 വരെയുള്ള റിബേറ്റ് കുടിശ്ശികയും 2016-17-ലെ റിബേറ്റും നൽകുന്നതിനുവേണ്ടി ആവശ്യമായ തുക ബഡ്ജറ്റ് പ്രൊവിഷനായി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങൾ**

67 (338) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ നഷ്ടം എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ പൊതുമേഖലാ സ്ഥാപനങ്ങൾക്കുമുള്ള നഷ്ടം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാകാനുള്ള കാരണങ്ങളെ കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഓരോ പൊതുമേഖലാസ്ഥാപനത്തിന്റെയും സഞ്ചിത നഷ്ടം കണക്കാക്കിവരുന്നു.

(സി) അനാരോഗ്യപരമായ ഇറക്കുമതിയും വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ കമ്പനികൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും മൂലധനത്തിന്റെ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള

പ്രധാന കാരണം. സ്ഥാപനങ്ങളിൽ നവീകരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായുള്ള പദ്ധതികൾക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അതിനായുള്ള ധനം ലഭ്യമാക്കുന്നതിന് നേരിടുന്ന കാലതാമസം പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് വിഘാതമാകാറുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സ്ഥാപനങ്ങളുടെ കാലാകാലങ്ങളായുള്ള മോശമായ പ്രവർത്തനത്തിന്റെ ഫലമായി നവീകരണ പ്രവർത്തനങ്ങൾക്കായുള്ള അധികധനം ബാങ്കുകളിൽ നിന്നും മറ്റും കണ്ടെത്തുന്നതിലുള്ള പരിമിതികളും പുനരുദ്ധാരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിലായ ഓരോ സ്ഥാപനത്തിനേയും ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലാഭം ദീർഘകാലത്തേക്ക് ഉറപ്പുവരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്കായി പൊതുമേഖലാ വ്യവസായ പുനഃസംഘടനാബോർഡ് (റിയാബ്) ഈ സർക്കാർ ഇതിനകം തന്നെ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാദ്ധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതാണ്.

വിപുലീകരണത്തിനുള്ള മൂലധനം സ്വയം കണ്ടെത്തുവാൻ സ്ഥാപനങ്ങളെ സ്വയം പര്യാപ്തമാക്കുക, പൊതുമേഖലാസ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുക, വ്യാവസായിക മേഖലയിലെ വിവിധ ഗവേഷണസ്ഥാപനങ്ങളുമായി യോജിച്ച് പൊതുമേഖലയിൽ നൂതന സാങ്കേതിക സംവിധാനങ്ങളും വൈവിദ്ധ്യവൽക്കരണവും നടപ്പിലാക്കുക എന്നിവയ്ക്ക് പ്രാമുഖ്യം നൽകി പദ്ധതികൾക്ക് രൂപം നൽകുവാനും ഉദ്ദേശിക്കുന്നു. കൂടാതെ, ആഗോളവൽക്കരണത്തിന്റെ അനന്തര ഫലമായി ശാക്തീകരിച്ച വാണിജ്യമേഖലയിൽ മാത്സര്യബോധത്തോടെ പ്രവർത്തിച്ച് ലക്ഷ്യം കൈവരിക്കുന്നതിനായി സ്ഥാപനങ്ങളിലെ മാനവ വിഭവശേഷിയുടെ തുടർച്ചയായ ശാക്തീകരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യവും പരിഗണനയിലാണ്.

## മലബാർ സിമന്റ്സിന്റെ പ്രവർത്തനങ്ങൾ

68 (339) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ബാബു :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് (2012-13 മുതൽ 2015-16) ഓരോ വർഷത്തെയും കമ്പനിയുടെ വിറ്റുവരവും ലാഭവും എത്രയെന്ന് അറിയിക്കാമോ;

(സി) ഫ്ലൈ ആഷ് വാങ്ങിയതിലും ക്ലിങ്കർ ഇറക്കുമതി ചെയ്തതിലും അതിനായി വെല്ലിംഗ്ടൺ ഐലന്റിൽ സ്ഥലമെടുത്തതിലും നടന്ന അഴിമതിയെ കുറിച്ച് അന്വേഷണം നടത്തുമോയെന്ന് വെളിപ്പെടുത്താമോ ;

(ഡി) മാനേജ്മെന്റിന്റെ ധൂർത്തും, പിടിപ്പുകേടും കമ്പനിയെ തകർക്കുമെന്ന തൊഴിലാളികളുടെ ആരോപണത്തെ ഗൗരവമായിക്കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദമായി വിലയിരുത്തേണ്ടതായിട്ടുണ്ട്.

(ബി) മലബാർ സിമന്റ്സിന്റെ 2012-13 മുതൽ 2015-16 വരെ ഓരോ വർഷത്തേയും വിറ്റുവരവും ലാഭവും ചുവടെ ചേർക്കുന്നു.

(₹ in lakhs)

| Particulars | 2012-13 | 2013-14 | 2014-15 | 2015-16 (Prov) |
|---|---|---|---|---|
| Gross Turnover (with Tax & Excise Duty) | 29406.17 | 27308.11 | 35205.52 | 45163.09 |
| Turnover (without Tax & Excise Duty) | 22208.41 | 20311.98 | 26177.75 | 33888.64 |
| Profit before Tax, CSR & extra ordinary provisions | 4872.96 | 935.63 | 1987.35 | 3933.08 |

കഴിഞ്ഞ രണ്ടുവർഷവും കമ്പനിയുടെ വിറ്റുവരവിൽ ശരാശരി 15 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) മലബാർ സിമന്റ്സ് ലിമിറ്റഡിൽ മുൻകാല വർഷങ്ങളിൽ ഫ്ലൈ ആഷ് വാങ്ങിയതിനെക്കുറിച്ചുള്ള കേസ്സുകൾ വിജിലൻസ് കോടതിയുടെ പരിഗണനയിലാണ്. കരാർ വ്യവസ്ഥ തെറ്റിച്ചതിലുള്ള 18 കോടിയിൽപ്പരം രൂപ സംബന്ധിച്ചുള്ള റിക്കവറി സ്യൂട്ട് ഉത്തുക്കടി സബ് കോടതിയിലുണ്ട്. ക്ലിങ്കർ വാങ്ങിയതിൽ അഴിമതിയുള്ളതായി ആഡിറ്റ് കമ്മിറ്റിയും എം.സി.എൽ. ബോർഡും C&AG-യും പരാമർശിച്ചിട്ടില്ല. അത്തരത്തിലുള്ള പരാമർശം വന്നാൽ അന്വേഷണം നടത്താവുന്നതാണ്.

(ഡി) പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. മാനേജ്മെന്റിന്റെ പ്രവർത്തനങ്ങളെ കുറിച്ച് തൊഴിലാളികളിൽ നിന്നും ഉയർന്നുവന്ന ആരോപണം പരിശോധിച്ചുവരുന്നു.

**വ്യവസായ വികസനത്തിനുള്ള പദ്ധതികൾ**

69 (340) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലഘട്ടത്തിൽ സംസ്ഥാനത്ത് വ്യവസായ വികസനത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു; വിശദമാക്കാമോ;

(ബി) നെടുമങ്ങാട് മണ്ഡലത്തിലെ കെൽട്രോൺ വികസിപ്പിക്കാൻ ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2011-16-ൽ വ്യവസായ വികസനത്തിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ താഴെപ്പറയുന്നു.

<u>കെ. എസ്. ഐ. ഡി. സി. മുഖേന നടപ്പിലാക്കിയവ</u> :

1. എമർജിങ് കേരള
2. പാലക്കാട് ജില്ലയിൽ വ്യവസായ നിക്ഷേപക സംഗമം
3. ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് എന്നിവയുടെ രൂപീകരണം
4. വി മിഷൻ കേരള (വനിതകൾക്ക് മാത്രം)
5. വനിത സംരംഭകത്വ സമ്മേളനം
6. യുവസംരംഭക സംഗമം, യെസ് ക്യാൻ-2015.

ഖാദി ഗ്രാമീണ വ്യവസായ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ :

പുതിയ വർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം, പുതിയ ചർക്കകളും തറികളും സ്ഥാപിക്കൽ, റെഡിമെയ്ഡ് പാവ് യൂണിറ്റ്, ഇൻസെന്റീവ് ഗ്രാന്റ്, പുനരുദ്ധാരണ ഗ്രാന്റ് എന്നിവ അനുവദിക്കൽ, പരുത്തി സംസ്കരണ കേന്ദ്രം നവീകരിക്കൽ, ചർക്കകളുടെയും തറികളുടെയും ആധുനികവൽക്കരണം, പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി, എന്റെ ഗ്രാമം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. (വിശദ വിവരം അനുബന്ധമായി ചേർക്കുന്നു).*

കിൻഫ്ര മുഖേന നടപ്പിലാക്കുന്നവ :

ഗ്ലോബൽ വില്ലേജ്, മെഗാ ഫുഡ് പാർക്ക്, ഡിഫൻസ് പാർക്ക്, ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, അന്താരാഷ്ട്ര ട്രേഡും കൺവെൻഷൻ സെന്ററും, ഫൂട്ട്‌വെയർ ക്ലസ്റ്റർ, സ്പൈസസ് പാർക്ക്, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ വ്യവസായ വികസന മേഖല, മട്ടന്നൂർ വ്യവസായ പാർക്ക് എന്നിവ. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കൈത്തറിയും ടെക്സ്റ്റൈൽസും ഡയറക്ടറേറ്റ് എന്നിവ നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സൗരോർജ്ജ മേഖലയിൽ കേരളത്തിലുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്താൻ പ്രാപ്തമാകുന്ന രീതിയിലുള്ള പദ്ധതികൾ കെൽട്രോൺ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സോളാർ പദ്ധതികൾക്കാവശ്യമായ ഗ്രിഡ് ടൈ സോളാർ ഇൻവർട്ടറുകൾ, ബൈ ഡയറക്ഷണൽ എനർജി മീറ്ററുകൾ എന്നിവയുടെ നിർമ്മാണം, സോളാർ പാനലുകളുടെ ഗുണപരിശോധനയ്ക്കുള്ള സൗകര്യങ്ങൾ വികസിപ്പിക്കാനും പദ്ധതിയുണ്ട്.

**നിക്ഷേപക സംരംഭങ്ങൾ**

70 (341) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. വി. അൻവർ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നിക്ഷേപകരെ ആകർഷിക്കാൻ നടത്തിയ സംരംഭങ്ങൾ ഏതൊക്കെയായിരുന്നു;

(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് എത്ര ബൃഹദ് സംരംഭങ്ങൾ ആരംഭിച്ചുവെന്നും അവ ഏതൊക്കെയെന്നും അറിയിക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഈ സംരംഭങ്ങളുടെ ഫലമായി സംസ്ഥാനം നേടിയ സാമ്പത്തിക വർദ്ധനവും തൊഴിൽ വളർച്ചയും വിശകലനം ചെയ്തിട്ടുണ്ടോ;

(ഡി) സംരംഭകരെ ആകർഷിക്കാൻ സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും സംസ്ഥാനത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് 2012 സെപ്റ്റംബർ 12 മുതൽ 14 വരെ എമർജിംഗ് കേരള സംഗമം സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയത്. എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്.

എന്നാൽ മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥൻ അവതരിപ്പിച്ച പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ വ്യവസായ വകുപ്പിന്റെ കീഴിൽ 14 പദ്ധതികളാണുള്ളത്. കെ.എസ്.ഐ.ഡി.സി.-യുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണത്. ഇതിൽ 2 പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ളത് 12 പദ്ധതികൾ.

(സി) വിലയിരുത്തിയിട്ടില്ല.

(ഡി) വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് അനുമതി പത്രങ്ങളും ലൈസൻസുകളും നൽകുന്ന നടപടി ലഘൂകരിക്കാൻ ജില്ലാതലത്തിലും സംസ്ഥാന തലത്തിലുമുള്ള ഏകജാലക ക്ലിയറൻസ് ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് കാലതാമസം കൂടാതെ ലൈസൻസ് അനുവദിക്കുന്നതിന് സെൽഫ് സർട്ടിഫിക്കേഷൻ സിസ്റ്റം നടപ്പാക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പക്കലുള്ള അനുയോജ്യമായ സ്ഥലങ്ങൾ സാമ്പത്തിക സഹായം നൽകി വ്യവസായ പാർക്കുകളായി വികസിപ്പിക്കും. എല്ലാ ജില്ലാവ്യവസായ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്റർ സ്ഥാപിക്കും. സംരംഭകത്വ വികസന പദ്ധതികൾ നടപ്പിലാക്കും. യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാകത്തക്ക രീതിയിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കും.

## മാവൂരിലെ ഗ്വാളിയാർ റയോൺസിന്റെ സ്ഥലം ഏറ്റെടുക്കാൻ നടപടി

71 (342) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂരിൽ ഗ്വാളിയാർ റയോൺസ് പ്രവർത്തിച്ചിരുന്ന സ്ഥലം ഇപ്പോൾ വെറുതെ കിടക്കുകയാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥലം കോഴിക്കോട് കോമൺവെൽത്ത് മാതൃകയിൽ നിയമ നിർമ്മാണത്തിലൂടെ ഏറ്റെടുക്കാൻ സർക്കാർ തയ്യാറാവുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലാണ്. പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ആസ്റ്റൽ വാച്ചസ് കമ്പനി

72 (343) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ബീച്ച് റോഡിൽ പ്രവർത്തിച്ചിരുന്ന ആസ്റ്റൽ വാച്ചസ് കമ്പനി ഏത് വർഷത്തിലാണ് പൂട്ടിയത്; ഇത് പൂട്ടാനുള്ള കാരണമെന്താണെന്നും ജോലി നഷ്ടപ്പെട്ട തൊഴിലാളികൾക്കു നൽകിയ ആനുകൂല്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) ആസ്റ്റൽവാച്ചസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ മറ്റേതെങ്കിലും വ്യവസായമോ സ്ഥാപനങ്ങളോ തുടങ്ങാൻ ഏതെങ്കിലും സർക്കാരിന്റെ കാലത്ത് ആലോചന ഉണ്ടായിരുന്നോ; എങ്കിൽ അത് ഏത് സർക്കാരിന്റെ കാലത്ത് എന്നും ഏത് വ്യവസായമാണ് തുടങ്ങാൻ ഉദ്ദേശിച്ചതെന്നും വ്യക്തമാക്കാമോ;

(സി) ആസ്റ്റൽവാച്ചസ് കമ്പനി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ പുതിയ വ്യവസായം/സ്ഥാപനം ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള വ്യവസായം ആരംഭിക്കാനാണുദ്ദേശിക്കുന്നത്;

(ഡി) ആസ്റ്റൽ വാച്ചസ് കമ്പനി കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ആരുടെ പേരിലാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എച്ച്.എം.റ്റി. കമ്പനിക്കുവേണ്ടി വാച്ചുകൾ സംയോജിപ്പിച്ച് കൊടുക്കുകയാണ് ആസ്റ്റൽ വാച്ചസ് കമ്പനി ചെയ്തുപോന്നിരുന്നത്. എച്ച്.എം.റ്റി. കമ്പനിയിൽ നിന്നുള്ള ഓർഡറുകളിൽ കുറവ് വന്നതിനെത്തുടർന്ന് കമ്പനി കുറെ നാളുകളായി നഷ്ടത്തിൽ പോയിക്കൊണ്ടിരിക്കുകയായിരുന്നു. വൈവിധ്യവൽക്കരണത്തിനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതിനെത്തുടർന്ന് 2002-ൽ കമ്പനി പ്രവർത്തന രഹിതമായിട്ടുള്ളതാണ്.

5-11-2002-ൽ കമ്പനി പ്രവർത്തനം നിർത്തിവച്ചു. എല്ലാ ജീവനക്കാർക്കും വി.ആർ.എസ്. കൊടുക്കുവാൻ തീരുമാനിക്കുകയും അത് കൊടുത്ത് തീർക്കുകയും ചെയ്തു.

(ബി & സി) കാസർഗോഡ് ആസ്റ്റൽ വാച്ചസ് കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലവും കെട്ടിടങ്ങളും സി.എച്ച്. മുഹമ്മദ്കോയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ് (SIMC) എന്ന സ്ഥാപനത്തിന് പതിച്ചുനൽകാൻ മുൻ സർക്കാർ മന്ത്രിസഭാ തീരുമാനം എടുത്തിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഈ വിഷയം പുതിയ സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) ആസ്റ്റൽ വാച്ചസ് കമ്പനി കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 1.99 ഏക്കറാണ്. ഈ സ്ഥലത്തിന്റെ നിലവിലെ ഉടമസ്ഥാവകാശം കെ.എസ്.ഐ.ഡി.സി.-യുടെ പേരിലാണുള്ളത്.

**പൊതുമേഖലാവ്യവസായ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി**

73 (344) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിൽ പുതിയ വ്യവസായസംരംഭങ്ങൾ തുടങ്ങാൻ ആലോചിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയെകുറിച്ച് വിശദീകരിക്കാമോ;

(സി) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടത്തിനുത്തര വാദികളായവരെ കണ്ടെത്താൻ സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഡിറ്റിംഗ് തൊട്ടടുത്ത സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് ഓരോ സ്ഥാപനത്തിനെയും ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനാണ് മുൻഗണന നൽകുന്നത്. നമ്മുടെ പരിസ്ഥിതിക്കനു യോജ്യവും കൂടുതൽ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാൻ സാധ്യതയുള്ളതും വിപണന സാധ്യതയുള്ളതുമായ ഉൽപ്പാദനമേഖലകളിൽ പുതിയതായി പൊതുമേഖലാ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിക്കുന്നതാണ്.

(ബി&സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2015-16-ലെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം 10 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ 2015-16-ലെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) കമ്പനികൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നത് മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കൊണ്ടാണോയെന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വകുപ്പുതലത്തിലുള്ള അന്വേഷണം, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ്, വിജിലൻസ് അന്വേഷണങ്ങൾ എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. അനാരോഗ്യപരമായ ഇറക്കുമതിയും വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ കമ്പനികൾക്ക് പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കാത്തതും മൂലധനത്തിന്റെ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം. സ്ഥാപനങ്ങളിൽ നവീകരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായുള്ള പദ്ധതികൾക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അതിനായുള്ള ധനം ലഭ്യമാക്കുന്നതിന് നേരിടുന്ന കാലതാമസം പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് വിഘാതമാകാറുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സ്ഥാപനങ്ങളുടെ കാലാകാലങ്ങളായുള്ള മോശമായ പ്രവർത്തനത്തിന്റെ ഫലമായി നവീകരണ പ്രവർത്തനങ്ങൾക്കായുള്ള അധികധനം കണ്ടെത്തുന്നതിലുള്ള പരിമിതികളും, പുനരുദ്ധാരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഡിറ്റുകൾ തൊട്ടടുത്ത സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനുവേണ്ടി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ആഡിറ്റ് ചെയ്ത റിപ്പോർട്ടിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കേണ്ടതായിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന് നടപടി**

74 (345) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലയിൽ ലാഭത്തിൽ പ്രവർത്തിച്ച എത്ര വ്യവസായ സ്ഥാപനങ്ങളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2015-16-ലെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം 10 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. ഈ കാലയളവിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബഡ്ജറ്റിൽ നിന്നുള്ള ധനസഹായം വർദ്ധിപ്പിച്ചും പ്രത്യേക ധനസഹായ പാക്കേജുകൾ അനുവദിച്ചും അത്യാവശ്യം വേണ്ട നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കിയും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാണിജ്യ ഇടപാടുകൾ സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കാൻ e-procurement സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം പല സ്ഥാപനങ്ങളും നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. അതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം പ്രവർത്തനം നിലനിർത്തിക്കൊണ്ടുപോകുന്നതിനുള്ള പ്രവർത്തനമൂലധനമായും ഉപയോഗിക്കാറുണ്ട്. ചില സ്ഥാപനങ്ങളുടെ കാലാകാലങ്ങളായുള്ള മോശമായ പ്രവർത്തനത്തിന്റെ ഫലമായി നവീകരണ പ്രവർത്തനങ്ങൾക്കായുള്ള അധിക ധനം ബാങ്കുകളിൽ നിന്നും മറ്റും കണ്ടെത്തുന്നതിലുള്ള പരിമിതികളും പുനരുദ്ധാരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ്

75 (346) ശ്രീ. അൻവർ സാദത്ത് :

ശ്രീ. എൽദോസ് കുന്നപ്പിള്ളി :

ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സമയബന്ധിതമായി തീർക്കുന്നതിന് മുൻ ഗവൺമെന്റ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി നേടാനുദ്ദേശിച്ചത്;

(സി) പദ്ധതി നടത്തിപ്പുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചത്;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരുന്നത്; വിശദമാക്കുമോ?

### ഉത്തരം

(എ & ബി) കർമ്മപദ്ധതി തയ്യാറാക്കിയിരുന്നു.

(സി) ആഡിറ്റുകൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ചുള്ള മോണിറ്ററിംഗിന്റെ ഭാഗമായി വർഷങ്ങളുടെ ആഡിറ്റുകൾ കുടിശ്ശികയായിട്ടുണ്ടായിരുന്നു. എന്നാൽ സമയബന്ധിതമായി ആഡിറ്റുകൾ പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇന്റേണൽ ആഡിറ്റിംഗിനുവേണ്ടി ആഡിറ്റേഴ്സിന്റെ ഒരു പാനൽ തയ്യാറാക്കി ഇതിൽനിന്നും ആഡിറ്ററെ നിയമിക്കാനുള്ള നിർദ്ദേശം എല്ലാ കമ്പനികൾക്കും നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ ധനകാര്യ വിഭാഗത്തിൽ ആ മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരുടെ സേവനം ഉറപ്പുവരുത്താൻ ശ്രമിച്ചിട്ടുണ്ട്. ആഡിറ്റ് നിരീക്ഷണങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ ഇനിയും നടത്തേണ്ടതുണ്ട്. പല സ്ഥാപനങ്ങളുടെയും ആഡിറ്റ് സമയബന്ധിതമായി പൂർത്തീക രിക്കുന്നതിന് കഴിഞ്ഞിട്ടില്ല. റിയാബ് മുഖേന അവലോകനം ചെയ്യേണ്ടതുണ്ട്.

**എമർജിംഗ് കേരള**

76 (347) <u>ശ്രീ. പി. ടി. തോമസ്</u> :

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> :

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :

<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ ഗവൺമെന്റ് നടത്തിയ എമർജിംഗ് കേരള നിക്ഷേപക സംഗമം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതിയാണ് തയ്യാറാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും സംസ്ഥാനത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധയാകർഷിക്കുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് 2012 സെപ്റ്റംബർ 12 മുതൽ 14 വരെ എമർജിംഗ് കേരള സംഗമം സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയത്. എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. എന്നാൽ 2015 മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ വ്യവസായ വകുപ്പിന്റെ കീഴിൽ 14 പദ്ധതികളാണുള്ളത്. കെ.എസ്.ഐ.ഡി.സി.-യുടെ നേരിട്ടുള്ള മേൽനോട്ടത്തിലുള്ളതാണത്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ളത് 12 പദ്ധതികൾ.

എമർജിംഗ് കേരളയിൽ അവതരിപ്പിച്ചതും ഭാവിയിൽ ലഭ്യമാക്കുന്നതുമായ പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നയപരമായി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയ്ക്ക് തുടർന്നും അവതരിപ്പിക്കുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനായും ബന്ധപ്പെട്ട മന്ത്രിമാരും പ്രഗൽഭരായ വ്യവസായ സംരംഭകരും ഉൾപ്പെട്ട ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ പ്രോജക്ടുകളെക്കുറിച്ച് വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറായും കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ടായിരുന്നു.

ഇതിനുപുറമേ എമർജിംഗ് കേരളയിൽ ലഭിച്ച ആശയങ്ങളേയും പദ്ധതികളേയും കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതിനായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിലെ മുൻ സെക്രട്ടറിയായ ശ്രീ. മാധവൻ നമ്പ്യാർ ചെയർമാനായും ശ്രീ. ബാലഗോപാൽ, തെരുമൊ പെൻപോൾ, ശ്രീ. ജി. വിജയരാഘവൻ, പ്ലാനിംഗ് ബോർഡ്, വ്യവസായ വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി തുടങ്ങിയവർ അംഗങ്ങളായും മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി. മെമ്പർ സെക്രട്ടറി ആയിട്ടുള്ള ഇൻവെസ്റ്റ് പ്രൊമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ടായിരുന്നു.

### നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ

77 (348) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലായതുൾപ്പെടെ എല്ലാ പൊതു മേഖലാ സ്ഥാപനങ്ങളും ലാഭത്തിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്തെല്ലാം കർമ്മ പദ്ധതികളാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വിശദമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാവുന്നു എന്ന ആക്ഷേപത്തിന്റെ കാരണങ്ങൾ വിശദമായി പരിശോധിച്ച് വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് ഓരോ സ്ഥാപനത്തിനേയും ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുനഃരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ധരുടെ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതാണ്. വിപുലീകരണത്തിനുള്ള മൂലധനം സ്വയം കണ്ടെത്താൻ സ്ഥാപനങ്ങളെ സ്വയം പര്യാപ്തമാക്കുവാനുള്ള നടപടികൾ സ്വീകരിക്കും. പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തും. വ്യാവസായിക മേഖലയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി യോജിച്ച് പൊതുമേഖലയിൽ നൂതന സാങ്കേതിക സംവിധാനങ്ങളും വൈവിദ്ധ്യ വൽക്കരണവും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും. ആഗോളവൽക്കരണത്തിന്റെ അനന്തര ഫലമായി ശാക്തീകരിച്ച വാണിജ്യമേഖലയിൽ മാത്സര്യബോധത്തോടെ പ്രവർത്തിച്ച് ലക്ഷ്യം കൈവരിക്കുന്നതിനായി സ്ഥാപനങ്ങളിലെ മാനവ വിഭവശേഷിയുടെ തുടർച്ചയായ ശാക്തീകരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കും. ഈ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്കായി പൊതുമേഖലാവ്യവസായ പുനഃസംഘടന ബോർഡ് (റിയാബ്) പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(സി) ആഗോളതലത്തിലുണ്ടായിട്ടുള്ള വ്യവസായ മാന്ദ്യവും വ്യാവസായിക മേഖലയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ഉൽപ്പാദന പ്രക്രിയയും ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും നടപ്പിലാക്കുന്നതിലുണ്ടായ കാലതാമസം വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരവും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാറുണ്ട്. അനാരോഗ്യപരമായ ഇറക്കുമതിയും വർദ്ധിച്ച

ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും മൂലധനത്തിന്റെ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം. സ്ഥാപനങ്ങളിൽ നവീകരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായുള്ള പദ്ധതികൾക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അതിനായുള്ള ധനം ലഭ്യമാക്കുന്നതിന് നേരിടുന്ന കാലതാമസം പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് വിഘാതമാകാറുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സ്ഥാപനങ്ങളുടെ കാലാകാലങ്ങളായുള്ള മോശമായ പ്രവർത്തനത്തിന്റെ ഫലമായി നവീകരണ പ്രവർത്തനങ്ങൾക്കായുള്ള അധികധനം ബാങ്കുകളിൽ നിന്നും മറ്റും കണ്ടെത്തുന്നതിലുള്ള പരിമിതികളും പുനരുദ്ധാരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്. നിലവിലുള്ള സ്വകാര്യ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കും, പുതിയ തലമുറയെ ആകർഷിക്കാനാവശ്യമായ സംവിധാനം ഒരുക്കും. കാലാനുസൃതമായ പരിഷ്കാരങ്ങൾ മാനേജ്മെന്റ് തലത്തിൽ നടപ്പിലാക്കും. തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തി തൊഴിൽ സൗഹൃദ അന്തരീക്ഷം ഉറപ്പുവരുത്തുന്നു.

## നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ നടപടി

78 (349) ശ്രീ. കാരാട്ട് റസാഖ് :

ശ്രീ. വി. അബ്ദുറഹിമാൻ :

ശ്രീ. ആന്റണി ജോൺ :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് (2006-2011) ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നെന്നും പുതുതായി എത്രയെണ്ണം തുടങ്ങിയെന്നും അറിയിക്കാമോ;

(ബി) നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ; മുൻ യു.ഡി.എഫ്. സർക്കാരിൻെറ നയവൈകല്യം മൂലം ഏതൊക്കെ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നത്;

(സി) നഷ്ടത്തിലുള്ളവയെ ലാഭകരമാക്കാൻ ഈ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് (2006-2011) അവസാന സാമ്പത്തിക വർഷമായ 2010-11-ൽ 23 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു. സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* ഈ കാലയളവിൽ 9 പൊതുമേഖല യൂണിറ്റുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖല സ്ഥാപനങ്ങളിൽ 2015-16-ലെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം 10 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. ഈ കാലയളവിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിലായ ഓരോ സ്ഥാപനത്തിനേയും ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലാഭം ദീർഘ കാലത്തേക്ക് ഉറപ്പുവരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്കായി പൊതുമേഖല വ്യവസായ പുനഃസംഘടന ബോർഡ് (റിയാബ്) ഈ സർക്കാർ ഇതിനകം തന്നെ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുനഃരുദ്ധാരണം, പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ധരുടെ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതാണ്.

കൂടാതെ വിപുലീകരണത്തിനുള്ള മൂലധനം സ്വയം കണ്ടെത്തുവാൻ സ്ഥാപനങ്ങളെ സ്വയംപര്യാപ്തമാക്കുക, പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുക, വ്യാവസായിക മേഖലയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി യോജിച്ച് പൊതുമേഖലയിൽ നൂതന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സാങ്കേതിക സംവിധാനങ്ങളും വൈവിദ്ധ്യവൽക്കരണവും നടപ്പിലാക്കുക എന്നിവയ്ക്ക് പ്രാമുഖ്യം നൽകി പദ്ധതികൾക്ക് രൂപം നൽകാനും ഉദ്ദേശിക്കുന്നു. ആഗോള വൽക്കരണത്തിന്റെ അനന്തരഫലമായി ശാക്തീകരിച്ച വാണിജ്യ മേഖലയിൽ മാത്സര്യബോധത്തോടെ പ്രവർത്തിച്ച് ലക്ഷ്യം കൈവരിക്കുന്നതിനായി സ്ഥാപനങ്ങളിലെ മാനവവിഭവശേഷിയുടെ തുടർച്ചയായ ശാക്തീകരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യവും പരിഗണനയിലാണ്.

## ഉതിമൂട്ടിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക്

79 (350) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി ഉതിമൂട്ടിൽ കിൻഫ്രയുടെ അപ്പാരൽപാർക്ക് നിർമ്മാണത്തിനായി എത്ര ഭൂമിയാണ് പാട്ടവ്യവസ്ഥയിൽ ലഭിച്ചിട്ടുള്ളത് ; ഏതു വർഷം; എത്ര തുകയാണ് വാർഷിക പാട്ടമായി നിശ്ചയിച്ചിട്ടുള്ളത്;

(ബി) ഏതൊക്കെ വർഷങ്ങളിൽ പാട്ടത്തുക അടച്ചിട്ടുണ്ട് എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; ഏതൊക്കെ വർഷത്തെ പാട്ടതുകയാണ് അടയ്ക്കാതിരുന്നിട്ടുള്ളത്; ഇത് എന്തു കാരണത്താലാണെന്നും ആരാണ് ഉത്തരവാദിയായിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) അപ്പാരൽ പാർക്കിനായി വിട്ടുകിട്ടിയ ഭൂമിയിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇവിടെ കിൻഫ്രയ്ക്ക് മറ്റെന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 1.40558 ഏക്കർ സ്ഥലമാണ് പാട്ട വ്യവസ്ഥയിൽ ലഭിച്ചിട്ടുള്ളത്. 22-10-2011-ന് പ്രസ്തുത ഭൂമി കിൻഫ്രയ്ക്ക് ലഭ്യമായി. പ്രസ്തുത ഭൂമിക്ക് 24,856 രൂപയാണ് പ്രതിവർഷ പാട്ടത്തുക.

(ബി) 2011-12 മുതൽ 2015-16 വരെയുള്ള പാട്ടത്തുക അടച്ചിട്ടുണ്ട്. പാട്ടത്തുക അടയ്ക്കുന്നതിൽ കിൻഫ്ര വീഴ്ച വരുത്തിയിട്ടില്ല.

(സി) കേരളത്തിൽ കൂടുതൽ അപ്പാരൽ പാർക്ക് തുടങ്ങുക പ്രായോഗികമല്ല. മറ്റേതെങ്കിലും പദ്ധതിയാണ് അവിടെ യോജിച്ചതെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് പാർക്ക് സ്ഥാപിക്കുന്ന പദ്ധതി മാറ്റിയത്. പ്രസ്തുത സ്ഥലത്ത് സിഡ്കോയെക്കൊണ്ട് പി.പി.പി. മാതൃകയിൽ അനുയോജ്യമായ എന്തെങ്കിലും വ്യവസായങ്ങൾ ആരംഭിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്.

## റബ്ബറധിഷ്ഠിത വ്യവസായങ്ങൾ

80 (351) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ പ്രഖ്യാപിച്ച റബ്ബർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) റാന്നി കേന്ദ്രീകരിച്ച് പുതിയ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) റോഡ് നിർമ്മാണത്തിൽ ഒരു അസംസ്കൃത വസ്തുവായി റബ്ബർ ഉപയോഗിച്ച് റബ്ബറധിഷ്ഠിത ടാറിംഗ് നിർബന്ധമാക്കിയാൽ റോഡുകൾക്ക് ദീർഘകാലം ഉറപ്പ് ലഭിക്കുമെന്നും റബ്ബർ മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് ഇത് ഒരളവുവരെ സഹായകരമാവും എന്നുമുള്ളതിനാൽ ഇത്തരം വ്യവസായങ്ങൾ സർക്കാർ മേഖലയിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) അനുയോജ്യമായ ഭൂമി ലഭിക്കാതിരുന്നതുകൊണ്ടാണ് റാന്നിയിലെ റബ്ബർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരുന്നത്. കിൻഫ്രയും റബ്ബർ ബോർഡും ചേർന്ന് സംയുക്ത സംരംഭമായി എറണാകുളം ജില്ലയിലെ ഐരാപുരത്ത് നിലവിൽ ഒരു റബ്ബർ പാർക്കുള്ളതുകൊണ്ടും കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽപ്പെട്ട പിറവന്തൂരിൽ പ്രവർത്തനം നിലച്ച ട്രാവൻകൂർ പ്ലൈവുഡിന്റെ 51 ഏക്കർ ഭൂമിയിൽ റബ്ബർ ബോർഡും കിൻഫ്രയും ചേർന്ന് പുതുതായി ഒരു റബ്ബർ പാർക്ക് സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു എന്നതിനാലും, വിമാനത്താവളം, തുറമുഖം എന്നിവ കേന്ദ്രീകരിച്ചുകൊണ്ട് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് സോണുകൾ സ്ഥാപിക്കാനായിരുന്നു മുൻഗണന നൽകിയിരുന്നത് എന്നതിനാലും, റാന്നിയിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന റബ്ബർ പാർക്ക് വേണ്ടെന്ന് വയ്ക്കാൻ 24-7-2014-ലെ അറുപത്തിനാലാമത് കിൻഫ്ര ബോർഡ് തീരുമാനിച്ചിരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ജില്ലാറോഡുകളുൾപ്പെടെയുള്ള റോഡുകളിൽ ഉപരിതലം പുതുക്കുമ്പോൾ പരമാവധി റബ്ബറൈസ്ഡ് ടാറിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

## കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

81 (352) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഇപ്പോൾ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ എത്രയെന്നു വെളിപ്പെടുത്താമോ ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പ്രവർത്തനം നിർത്തിയ വ്യവസായ യൂണിറ്റുകൾ എത്ര;

(സി) ഇവിടെ സംരംഭകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളത് എന്ന് വിശദീകരിക്കാമോ ;

(ഡി) വ്യവസായ സംരംഭങ്ങൾ നില്ക്കുന്ന സ്ഥലത്തിന് പട്ടയം സംരംഭകന് നൽകിയിട്ടുണ്ടോ;

(ഇ) ഇത്തരത്തിൽ പട്ടയം അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 23 എണ്ണം.

(ബി) 3 എണ്ണം.

(സി) ഇവിടെ സംരംഭകർക്ക് റോഡ്, വൈദ്യുതി, വെള്ളം എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

(ഡി & ഇ) ഇല്ല.

## പുതുപ്പരിയാരത്തെ മലിനീകരണ പ്രശ്നം പരിഹരിക്കുന്നതിനുള്ള സുകുമാരൻ നായർ കമ്മീഷൻ റിപ്പോർട്ട്

82 (353) ശ്രീ. വി. എസ്. അച്ചുതാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ നിയോജക മണ്ഡലത്തിലെ പുതുപ്പരിയാരത്ത് പ്രവർത്തിക്കുന്ന ഇരുമ്പുരുക്ക് കമ്പനികളിൽ നിന്നുള്ള മലിനീകരണ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ മലിനീകരണ പ്രശ്നം സംബന്ധിച്ച് സർക്കാർ നിയോഗിച്ച സുകുമാരൻ നായർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ റിപ്പോർട്ടിലെ ശിപാർശകൾ അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലമ്പുഴ നിയോജക മണ്ഡലത്തിലെ പുതുപ്പരിയാരത്തുള്ള സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ, മലമ്പുഴ സ്റ്റീൽസ് റീ റോളിംഗ് മിൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഒരു ഇരുമ്പുരുക്ക് യൂണിറ്റ് പ്രവർത്തിച്ചിരുന്നു. ഈ സ്ഥാപനത്തിൽ നിന്നുമുള്ള മലിനീകരണം തടയുന്നതിന് സ്ക്രബിംഗ് സംവിധാനം അടങ്ങിയ മലിനീകരണ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുകയും അത് കാര്യക്ഷമമായി നടപ്പാക്കണമെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ രണ്ട് വർഷമായി പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നില്ല.

(ബി) ഉണ്ട്.

(സി) സുകുമാരൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരം വായുമലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ വിപുലീകരിച്ചിട്ടുണ്ട്. പൊടിപടലങ്ങളുടെ അളവ് രേഖപ്പെടുത്തുന്നതിനുള്ള ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം എല്ലാ ഇരുമ്പുരുക്ക് വ്യവസായങ്ങൾക്കും ഏർപ്പാടാക്കിയിട്ടുണ്ട്. കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഒരു ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിക്കുകയും അതിന്റെ പ്രവർത്തനം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. 2015-ലെ പരിശോധനാ ഫലങ്ങൾ ക്രോഡീകരിച്ചതുപ്രകാരം വായു ഗുണനിലവാരം തൃപ്തികരമാണ്. ജില്ലാകളക്ടർ ചെയർമാനായും ജനറൽ മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ കൺവീനറുമായുള്ള ഒരു പരിസ്ഥിതി കാവൽ സംഘം 2010-ൽ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയിൽ ബോർഡിന്റെ പാലക്കാട് ജില്ലാ ഓഫീസ് മേധാവിയും അംഗമാണ്. ടി കമ്മിറ്റി സമയാസമയങ്ങളിൽ യോഗം ചേർന്ന് വ്യവസായ മേഖലയിലെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ടി കമ്മിറ്റി അവസാനമായി 25-2-2016-ന് യോഗം ചേർന്നിരുന്നു.

**മാനാഞ്ചിറയിലുള്ള കോമൺവെൽത്ത് കമ്പനി സർക്കാർ ഏറ്റെടുക്കുന്നത്**

83 (354) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനാഞ്ചിറയിലുള്ള കോമൺവെൽത്ത് കമ്പനി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ബിൽ, നിയമസഭ പാസാക്കിയതിനുശേഷം, സ്ഥലം ഏറ്റെടുക്കുന്നതിന് കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കമ്പനി ഏറ്റെടുക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോമൺവെൽത്ത് ട്രസ്റ്റ് ഇന്ത്യാ ലിമിറ്റഡിന്റെ ഒരു യൂണിറ്റായ കോഴിക്കോട് മാനാഞ്ചിറയിലെ ഹാന്റ്ലൂം വീവിംഗ് ഫാക്ടറി എന്ന സംരംഭത്തെ പുനഃസംഘടിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ ആ സംരംഭവും ഉടമകൾക്ക് പ്രസ്തുത സംരംഭത്തിൻമേലുള്ള അധികാരവും അവകാശവും താൽപ്പര്യവും വിലയ്ക്കെടുക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് കീഴിൽ ഒരു വ്യവസായ മ്യൂസിയവും ഉൽപ്പാദന കേന്ദ്രവും സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കൊണ്ടുള്ളതാണ് 2012 ജൂലൈ 25-ാം തീയതി നിയമസഭ പാസ്സാക്കിയ 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ. പ്രസ്തുത ബിൽ അനുമതി ലഭിക്കുന്നതിനായി ബഹു. ഇന്ത്യൻ പ്രസിഡന്റിന്റെ പരിഗണനയിലാണ്. പ്രസ്തുത ബില്ലിന് പ്രസിഡന്റിന്റെ അനുമതി ലഭിച്ച് ആക്ടായി പ്രസിദ്ധീകരിക്കുമ്പോൾ മാത്രമേ പ്രസ്തുത ബില്ലിലെ നിയമ വ്യവസ്ഥകൾ നിലവിൽ വരികയുള്ളൂ. ഇതിനുശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുമായി സംസ്ഥാന സർക്കാരിന് മുന്നോട്ടുപോകുവാൻ കഴിയുകയുള്ളൂ.

(ബി) ഇല്ല.

(സി) കോമൺവെൽത്ത് ട്രസ്റ്റ് ബിൽ ബഹു. ഇന്ത്യൻ പ്രസിഡന്റിന്റെ അനുമതിക്കായി അയച്ചപ്പോൾ ബില്ലിലെ ചില വ്യവസ്ഥകളിന്മേൽ കേന്ദ്ര സർക്കാരിന്റെ വ്യവസായ-വാണിജ്യ മന്ത്രാലയവും തൊഴിൽ മന്ത്രാലയവും സംസ്ഥാന സർക്കാരിനോട് ചില സ്പഷ്ടീകരണങ്ങളും സംസ്ഥാന സർക്കാരിന്റെ അഭിപ്രായവും ആരാഞ്ഞിരുന്നു. ഇതാണ് കോമൺവെൽത്ത് ട്രസ്റ്റ് ബില്ലിന് പ്രസിഡന്റിന്റെ അനുമതി ലഭിക്കുന്നത് വൈകാൻ കാരണമായത്. കേന്ദ്ര സർക്കാർ ബില്ലിന്മേൽ ആവശ്യപ്പെട്ട സ്പഷ്ടീകരണം സംസ്ഥാന സർക്കാർ ബഹു. സംസ്ഥാന ഗവർണറുടെ സെക്രട്ടറി മുഖേന 18-9-2015-ൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ബിൽ ആക്ടായി പ്രസിദ്ധീകരിച്ച് നിയമ വ്യവസ്ഥകൾ നിലവിൽ വരുമ്പോൾ മാത്രമാണ് നിലവിലെ ഉടമകൾക്ക് പ്രസ്തുത സംരംഭത്തിൻമേലുള്ള അധികാരവും അവകാശവും താൽപ്പര്യവും സർക്കാരിന് വിലയ്ക്കെടുക്കുന്നതിന് സാധ്യമാവുന്നതും ആയത് സർക്കാരിന് കൈമാറ്റം ചെയ്യപ്പെടുന്നതും. ഇതിനായി ബില്ലിന് ബഹു. ഇന്ത്യൻ പ്രസിഡന്റിന്റെ അനുമതി ലഭിക്കേണ്ടത് ആവശ്യമാണ്. ഇതിനുവേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**വ്യവസായ സംരംഭകരുടെ വളർച്ചയ്ക്ക് കർമ്മ പദ്ധതികൾ**

84 (355) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായ സംരംഭകരുടെ വളർച്ചയ്ക്ക് മുൻ സർക്കാർ എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മുൻ സർക്കാർ താഴെപ്പറയുന്ന കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിരുന്നത്.

(i) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ല/താലൂക്ക്/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം.

(ii) സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പാ സൗകര്യം.

(iii) സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടിയെടുക്കുന്നതിന് വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം.

(iv) പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ക്ലസ്റ്റർ വികസന പദ്ധതി.

കൂടാതെ നിലവിലുണ്ടായിരുന്ന ഒമ്പത് പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സംരംഭകത്വ സഹായ പദ്ധതി (Entrepreneur Support Scheme).

(ബി) പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് തൊഴിലില്ലായ്മയും ദാരിദ്ര്യവും ഉന്മൂലനം ചെയ്ത് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച മെച്ചപ്പെടുത്തുകയാണ് ലക്ഷ്യമിട്ടിരുന്നത്.

(സി) പരിശോധിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ വ്യവസായ വളർച്ചക്ക് വേണ്ടി രൂപീകരിച്ച വിവിധ നയപരിപാടികൾ നടപ്പാക്കുന്നതിന് അവലോകനങ്ങൾ നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ആവശ്യമായ സന്ദർഭങ്ങളിൽ ഇടപെടലുകൾ നടത്തുകയും ചെയ്തിരുന്നു.

## ഉദുമ ടെക്സ്റ്റൈൽ മിൽ

85 (356) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ഒരു യൂണിറ്റായി ഉദുമ ടെക്സ്റ്റൈൽ മിൽ എന്ന സ്ഥാപനം കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ സ്ഥാപിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥാപനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് എന്നാണെന്ന് വിശദമാക്കാമോ;

(സി) ഈ സ്ഥാപനത്തിൽ ഇതുവരെയായി വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ചിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ ഒരു അവസ്ഥക്ക് കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഡി) ഈ സ്ഥാപനവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിച്ച് സ്ഥാപനം തുറന്ന് വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. ഈ സർക്കാരിന് തന്നിട്ടുള്ള നിവേദനത്തിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സ്ഥാപനത്തിന്റെ ഉദ്ഘാടനം 2011 ജനുവരി 28-നാണ് നിർവ്വഹിക്കപ്പെട്ടത്.

(സി) ഉണ്ട്. സ്ഥാപനത്തിൽ ഇതുവരെയായി വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ താഴെപ്പറയുന്നവയാണ്.

1. പദ്ധതിക്കാവശ്യമായ തൊഴിലാളികളെയും ജീവനക്കാരെയും നിയമിക്കുന്നതിന് സാധിച്ചിട്ടില്ല. ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസുകൾ നിയമനങ്ങൾക്ക് തടസ്സമായി.

2. 16 കോടി രൂപയുടെ അടങ്കൽ തുക പ്രതീക്ഷിച്ചുകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതിക്ക് കോസ്റ്റ് ഓവർ റൺ ഉണ്ടായി.

3. 2015-ലാണ് പുതുക്കിയ അടങ്കൽ തുകയ്ക്ക് (21.09 കോടി രൂപ) ഭരണാനുമതി നൽകിയത്.

4. അഞ്ചുവർഷത്തിലധികമായി ഉദ്യമ പ്രോജക്ടിന്റെ പ്രവർത്തനം താമസിച്ചതുകൊണ്ട് അടങ്കൽ തുക വീണ്ടും വർദ്ധിച്ച് 30.28 കോടി രൂപയായിരിക്കുകയാണ്.

(ഡി) നിവേദനം ലഭിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ ചീഫ് എക്സിക്യൂട്ടീവ് തലത്തിലുള്ള ഉദ്യോഗസ്ഥരുടെ യോഗം വ്യവസായ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ ചേർന്നു. ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പരമ്പരാഗത കൈത്തറി തൊഴിലാളികളും സംഘങ്ങളും നേരിടുന്ന പ്രതിസന്ധി

86 (357) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നും യന്ത്രത്തറി ഉത്പന്നങ്ങൾ, കൈത്തറി ഉത്പന്നങ്ങൾ എന്ന പേരിൽ വിറ്റഴിക്കപ്പെടുന്നുണ്ടോ ; എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുന്നുണ്ട്;

(ബി) ഇത്തരത്തിൽ ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടാതിരിക്കുന്നതിന് ഏതെങ്കിലും രീതിയിൽ വിപണിയിൽ ഇടപെടലുകൾ നടത്തുന്നുണ്ടോ;

(സി) പരമ്പരാഗത കൈത്തറി ഉത്പന്നങ്ങൾ തിരിച്ചറിയുന്നതിന് ഏതെങ്കിലും അടയാളങ്ങൾ നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ഉത്പന്നങ്ങൾക്ക് പ്രത്യേകം അടയാളം നിശ്ചയിച്ച് നൽകുമോ;

(ഡി) സംസ്ഥാനത്തെ പരമ്പരാഗത കൈത്തറി തൊഴിലാളികളും സംഘങ്ങളും നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇത് തടയുന്നതിന് "ഹാന്റ്‌ലൂം മാർക്ക്" എംബ്ലം പതിപ്പിച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് വിപുലമായ പ്രചാരണം മാദ്ധ്യമങ്ങളിലൂടെ കൈത്തറിയുടെയും ഹാന്റ്‌ലൂം മാർക്കിന്റേയും പരസ്യങ്ങൾ വഴി നൽകുന്നുണ്ട്. ഹാന്റ്‌ലൂം മാർക്കിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി സംഘങ്ങൾക്ക് സാമ്പത്തിക സഹായവും നൽകുന്നുണ്ട്.

(ബി) ഉണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്നതും ഹാന്റക്സ്, ഹാൻവീവ് ഇവ വിൽപന നടത്തുന്നതുമായ എല്ലാ കൈത്തറി ഉൽപ്പന്നങ്ങളിലും ഹാന്റ്ലൂം മാർക്ക് പതിപ്പിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പരമ്പരാഗത കൈത്തറി ഉൽപ്പന്നങ്ങൾ തിരിച്ചറിയുന്നതിന് ഹാന്റ്ലൂം മാർക്ക് എന്ന അടയാളം നൽകിയിട്ടുണ്ട്. നിലവിൽ കൈത്തറി സംഘങ്ങൾ അവരുടെ ഉൽപ്പന്നങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ഹാന്റ്ലൂം മാർക്ക് പതിപ്പിച്ചാണ് വിൽപന നടത്തുന്നത്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു. സംഘങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനും നെയ്ത്തുകാരുടെ കൂലി മെച്ചപ്പെടുത്തുന്നതിനും ക്ഷേമ പ്രവർത്തനങ്ങൾക്കുമായി പ്രൊഡക്റ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് (പി.ഡി.എ.), മാർക്കറ്റിംഗ് ഇൻസെന്റീവ്, വർക്ക്ഷെഡ് നവീകരണം, ഡൈഹൗസ്, ഇൻകം സപ്പോർട്ട് സ്കീം, പ്രൊഡക്ഷൻ ഇൻസെന്റീവ്, റിബേറ്റ് മുതലായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

## മൈലം മൾട്ടിപർപ്പസ് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ

87 (358) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന മൈലം ഗ്രാമ പഞ്ചായത്തിൽ നിലവിലെ കളിസ്ഥലം നവീകരിച്ച് മൾട്ടിപർപ്പസ് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് ചീഫ് എഞ്ചിനീയർ മാസ്റ്റർ പ്ലാൻ തയ്യാർ ചെയ്തു നൽകിയത് എന്നാണ്; (നമ്പർ 3553/ENGG/13/NGS) എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മാസ്റ്റർ പ്ലാനിന് കായിക യുവജനക്ഷേമ വകുപ്പ് അനുമതി നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന മൈലം ഗ്രാമ പഞ്ചായത്തിലെ നിലവിലെ കളിസ്ഥലം നവീകരിച്ച് മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് നാഷണൽ ഗെയിംസ് ചീഫ് എഞ്ചിനീയർ 12-1-2016-ലെ കത്ത് നമ്പർ 3353/ENGG/13/NGS മുഖേന കായിക യുവജനകാര്യ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മാസ്റ്റർ പ്ലാൻ 2015-16 സാമ്പത്തിക വർഷത്തിലെ സ്റ്റൈൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനതല കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരുന്നുവെങ്കിലും ആവശ്യമായ ഫണ്ട് ലഭ്യമല്ലെന്ന കാരണത്താൽ പദ്ധതി നിർദ്ദേശങ്ങളൊന്നിനും അനുമതി നൽകിയിരുന്നില്ല.

**ദേശീയ ഗെയിംസ്**

88 (359) ശ്രീ. എം. വിൻസെന്റ് :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ദേശിയ ഗെയിംസിന് സംസ്ഥാനം ആതിഥ്യമരുളുകയുണ്ടോയോ; വിശദമാക്കുമോ;

(ബി) ഇതിന്റെ നടത്തിപ്പിന് കേന്ദ്ര ഗവൺമെന്റിന്റെ പ്രശംസ ഉണ്ടായോ; വിശദമാക്കുമോ;

(സി) ഇതിനുവേണ്ടി എത്ര കളിയിടങ്ങളും സ്റ്റേഡിയങ്ങളും നിർമ്മിക്കുകയും നവീകരിക്കുകയും ചെയ്തു; വിശദമാക്കുമോ;

(ഡി) ഇവ കാത്തുസൂക്ഷിക്കുവാനും നിലനിർത്തിക്കൊണ്ട് പോകുവാനും എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 35-ാമത് ദേശീയ ഗെയിംസ് 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ വേദികളിൽ വച്ച് നടത്തുകയുണ്ടായി. മെഡൽ നിലയിൽ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ 54 സ്വർണ്ണം ഉൾപ്പെടെ 162 മെഡലുകളോടെ കേരളം ഒന്നാമതെത്തി.

(ബി) ബഹു. രാഷ്ട്രപതി, ബഹു. പ്രധാനമന്ത്രി, ബഹു. കേന്ദ്ര കായികമന്ത്രി എന്നിവരും കേന്ദ്ര കായിക മന്ത്രാലയവും മുപ്പത്തിയഞ്ചാമത് നാഷണൽ ഗെയിംസിന്റെ സംഘാടന മികവിനെ പ്രശംസിച്ചിട്ടുണ്ട്.

(സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) സാധ്യതകളെ മുഴുവനും നിലനിർത്തി കായികമേഖലയെ കൂടുതൽ ശക്തിപ്പെടുത്താൻ കഴിയാവുന്ന എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കും. സ്റ്റേഡിയങ്ങളുടെ തുടർ പരിപാലനത്തിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.* കൂടാതെ സ്റ്റേഡിയങ്ങളുടെ തുടർനടത്തിപ്പിനും പരിപാലനത്തിനുമുള്ള ലെഗസി പ്ലാൻ സർക്കാരിന്റെ പരിഗണനയിലാണ്.

## ദേശീയ സ്കൂൾ മീറ്റിലെ യോഗ്യതാ മാനദണ്ഡങ്ങൾ

89 (360) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സ്കൂൾ മീറ്റിൽ പങ്കെടുക്കുന്ന സംസ്ഥാനത്തെ വിദ്യാർത്ഥികൾ പലരും പ്രായപരിധി മാനദണ്ഡങ്ങൾ മറികടക്കുന്നതിന് പല ക്ലാസുകളിലും ബോധപൂർവ്വം തോൽക്കുന്നതായ സാഹചര്യം നിലവിലുണ്ടോ ;

(ബി) കഴിഞ്ഞ ദേശീയ സ്കൂൾ മീറ്റിൽ പങ്കെടുത്ത വിദ്യാർത്ഥികൾ എത്ര പേർ വിവിധ ക്ലാസുകളിൽ പരാജയപ്പെട്ടവരാണ്; ഇത് സംസ്ഥാന ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ദേശീയ സ്കൂൾ മീറ്റിലെ യോഗ്യതാ മാനദണ്ഡങ്ങൾ പരിഷ്കരിക്കുവാൻ ഏത് രീതിയിലുള്ള ഇടപെടലാണ് നടത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) കായികരംഗത്ത് സജീവമായ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെട്ടതാണെന്ന് ഉറപ്പ് വരുത്തുന്നതിന് പഠനത്തിൽ തടസ്സമുണ്ടാകാത്ത രീതിയിൽ കായിക രംഗത്ത് മെച്ചപ്പെട്ട നേട്ടം കൈവരിക്കാൻ ആവശ്യമായ മാറ്റങ്ങൾ കൊണ്ടു വരുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യത്തിൽ പ്രത്യേകമായി കണക്കുകൾ ശേഖരിച്ചിട്ടില്ല.

(സി) നിലവിലുള്ള മാനദണ്ഡങ്ങൾ പര്യാപ്തമാണ്.

(ഡി) പഠനസമയം നഷ്ടമാകാത്ത രീതിയിലാണ് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്. മേളകൾ സംഘടിപ്പിക്കുന്നതും പരീക്ഷകളെ ബാധിക്കാത്ത തരത്തിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കായികതാരങ്ങൾക്ക് സ്പോർട്സ് ക്വാട്ട നിയമനം

90 (361) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2010 മുതൽ ഓരോ വർഷവും എത്ര കായിക താരങ്ങൾക്ക് വീതമാണ് സ്പോർട്സ് ക്വാട്ടയിൽ ജോലി നൽകുന്നത്; ഇതുപ്രകാരം എത്ര കായിക താരങ്ങൾക്ക് ജോലി നൽകിയിട്ടുണ്ട്;

(ബി) ഓരോ വർഷവും കായിക താരങ്ങൾക്കുള്ള ഒഴിവുകൾ യഥാസമയം കണക്കാക്കി ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം, മികച്ച കായിക താരങ്ങൾക്ക് ജോലി നൽകുന്നതിനായി ഓരോ വർഷത്തേക്കും, നീക്കിവച്ചിരുന്ന 20 ഒഴിവുകൾ സ.ഉ.(പി)നമ്പർ170/2009/പൊ.ഭ.വ. തീയതി 17-7-2009 പ്രകാരം 50 ആയി വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു. 7-12-2015-ലെ 14652/എസിഡി1/ 2012/ പൊ.ഭ.വ. നമ്പർ വിജ്ഞാപന പ്രകാരം 2010 മുതൽ 2014 വരെയുള്ള കലണ്ടർ വർഷങ്ങളിലേക്ക് പ്രതിവർഷം 50 ഒഴിവുകൾ വീതം ആകെ 250 ഒഴിവുകളിൽ, 2014 കലണ്ടർ വർഷത്തെ 50 ഒഴിവിൽ ഒരു ഒഴിവ് കുറവ് ചെയ്ത്, ശേഷിക്കുന്ന 249 ഒഴിവുകളിലേക്ക് സ്പോർട്സ് ക്വാട്ടാ നിയമനപദ്ധതി പ്രകാരം നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട് (2014-ൽ ഒളിമ്പ്യൻ ശ്രീ. പി. ആർ. ശ്രീജേഷിന് സ.ഉ.(കൈ) നമ്പർ 02/14/കാ.യു.വ. തീയതി 16-1-2014 പ്രകാരം നിയമനം നൽകിയതിനാലാണ് ആ കലണ്ടർ വർഷം 49 ഒഴിവായി കുറഞ്ഞത്). ഈ വിജ്ഞാപനപ്രകാരം ഇതുവരെ ആർക്കും നിയമനം നൽകിയിട്ടില്ല. വിജ്ഞാപനപ്രകാരം ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വരികയാണ്. സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് മികച്ച കായിക താരങ്ങളുടെ യോഗ്യതയ്ക്കനുസരിച്ച് തസ്തികയും വകുപ്പും നിർണ്ണയിച്ച് സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും അതിൻപ്രകാരം നിയമനം നടത്തുകയുമാണ് ചെയ്തുവരുന്നത്.

(ബി) സർക്കാർ സർവ്വീസിൽ കായികതാരങ്ങൾക്ക് സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുന്നതിലേക്കായി നാഷണൽ ഇൻഫർമാറ്റിക് സെന്ററുമായി ചേർന്ന് അപേക്ഷ സ്വീകരിക്കുന്നത് ഓൺലൈനാക്കുകയും ഓൺലൈൻ അപേക്ഷ

സ്വീകരിച്ച് പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയുമാണ് ചെയ്തുവരുന്നത്. ഓരോ വർഷവും 50 വീതം കായികതാരങ്ങൾക്കാണ് നിയമനം നൽകുന്നത്. കായികതാരങ്ങളുടെ കായിക മികവുകൾ മാനദണ്ഡാടിസ്ഥാനത്തിൽ കണക്കാക്കിയും അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെയും അടിസ്ഥാനത്തിലുമാണ് നിയമനം നൽകുന്നത്. സ്പോർട്സ് ക്വാട്ടാ നിയമനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ നടപടികൾ തുടർന്നുള്ള വർഷങ്ങളിലും പ്രയോജനപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## ഏറനാട് മണ്ഡലത്തിൽ സൈ്മൽ പദ്ധതി

91 (362) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന്റെ സൈ്മൽ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, പദ്ധതി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഏറനാട് മണ്ഡലത്തെ സൈ്മൽ പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ ;

(ഡി) പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

### ഉത്തരം

(എ) കായിക വകുപ്പിന്റെ Sports Minister's Infrastructural Leap towards Excellence (സൈ്മൽ) എന്ന പദ്ധതിയിലുൾപ്പെടുത്തി താഴെ പറയുന്ന അടിസ്ഥാന സൗകര്യ നിർമ്മിതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്.

1. ഷട്ടിൽ കോർട്ട്
2. ആധുനികരീതിയിലുള്ള നീന്തൽക്കുളം
3. സിന്തറ്റിക് റണ്ണപ്പോടുകൂടിയ ലോംഗ്ജംപ് പിറ്റ്
4. ട്രിപ്പിൾ ജംപ് പിറ്റ്

5. നാലുവരി റണ്ണിംഗ് ട്രാക്ക്
6. ഹൈജമ്പ് റൺ അപ് ലാന്റിംഗ് പിറ്റ്
7. കബഡി ഫ്ളോർ
8. സിന്തറ്റിക് ഫുടബോൾ ടർഫ്
9. ഫുട്ബാൾ കോർട്ട്
10. മേപ്പിൾ വുഡ് ഫ്ളോറിംഗ്

(ബി) കായികതാരങ്ങൾക്ക് വിപുലമായ അടിസ്ഥാനപരിശീലന സൗകര്യങ്ങൾ ഒരുക്കി, സംസ്ഥാനത്തിന്റെ സമഗ്ര കായിക വികസനം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്പൈൽ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയിലേക്ക് ഗുണഭോക്തൃ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം ചുവടെ പറയും പ്രകാരമാണ്.

1. കളിസ്ഥലം സ്ഥാപനത്തിൽ നിർമ്മിക്കുന്നതിന് തടസ്സമില്ലെന്നും സ്ഥാപനം തെരഞ്ഞെടുക്കുന്ന പക്ഷം പദ്ധതി നടപ്പിലാക്കുന്ന ഭൂമി നിരപ്പാക്കുകയും മരങ്ങളുൾപ്പെടെയുള്ള മറ്റെന്തെങ്കിലും തടസ്സങ്ങൾ ഭൂമിയിലുണ്ടെങ്കിൽ ആയത് ഒഴിവാക്കി ഭൂമി പദ്ധതിക്കായി തയ്യാറാക്കി നൽകുമെന്നതിന്റെ സാക്ഷ്യപത്രം, സ്ഥലത്തിന്റെ രൂപരേഖ, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ സ്ഥാപനത്തിന്റെ ഉടമസ്ഥൻ സമർപ്പിക്കേണ്ടതാണ്.

2. കളിസ്ഥലം നിർമ്മിക്കുമ്പോൾ ആ പ്രദേശത്തുള്ള കുട്ടികളുടെയും യുവാക്കളുടെയും ആ കളിയിനത്തോടുള്ള താല്പര്യവും പ്രാവീണ്യവും കണക്കിലെടുക്കുകയും, കൂടാതെ ഒരു കായികാദ്ധ്യാപകന്റെ സേവനം ലഭ്യമായിട്ടുള്ളതുമായ സ്ഥാപനത്തെയാണ് തെരഞ്ഞെടുക്കുക.

3. കായിക താരങ്ങൾക്ക് കളിസ്ഥലത്ത് വന്ന് ചേരുന്നതിനുള്ള വാഹന സൗകര്യം ലഭ്യമാണോ എന്ന് വ്യക്തമാക്കിയിരിക്കണം.

4. ജില്ലാ സംസ്ഥാന സ്കൂൾ മത്സരങ്ങളിലും യൂണിവേഴ്സിറ്റി ഇന്റർ കോളീജിയേറ്റ് മത്സരങ്ങളിലും പങ്കെടുത്ത് നേട്ടങ്ങൾ കൈവരിക്കുന്ന സ്കൂളുകളിലെയും കോളേജുകളിലെയും കളിസ്ഥലങ്ങൾക്ക് മുൻഗണനയുണ്ടായിരിക്കും.

5. കായികരംഗത്ത് വളരെയധികം നേട്ടങ്ങൾ തുടർച്ചയായി കൈവരിച്ചിട്ടുള്ള അംഗീകൃത ക്ലബ്ബുകൾക്ക് സ്വന്തമായി സ്ഥലമുണ്ടെങ്കിൽ, മാനദണ്ഡം 1-ൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ പൂർണ്ണമാണെങ്കിൽ, അത്തരം ക്ലബ്ബുകളുടെ കളിസ്ഥലങ്ങളും പരിഗണിക്കുന്നതാണ്.

6. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റൽ, സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, റൂറൽ ട്രെയിനിംഗ് സെന്റർ, ഡേ ബോർഡിംഗ് സ്കീം, സ്പോർട്സ് ട്രെയിനിംഗ് സെന്റർ എന്നിവ നിലനിൽക്കുന്ന സ്ഥാപനങ്ങളിലെ കളിസ്ഥലങ്ങൾ മാനദണ്ഡം1-ൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ പൂർണ്ണമെങ്കിൽ പരിഗണിക്കുന്നതാണ്.

(സി) ഏറനാട് മണ്ഡലത്തിൽ സ്റ്റൈൽ പദ്ധതി പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

(ഡി) നിലവിൽ സ്റ്റൈൽ പദ്ധതിയിലുൾപ്പെടുത്തി പുതിയ പദ്ധതികളൊന്നും നടപ്പാക്കാൻ തീരുമാനിച്ചിട്ടില്ല.

### നാഷണൽ ഗെയിംസ് മെഡൽ ജേതാക്കൾക്ക് ജോലി

92 (363) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസിൽ സ്വർണ്ണം, വെള്ളി മെഡലുകൾ നേടിയ കായിക താരങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ എത്ര കായിക താരങ്ങൾക്ക് മുൻ സർക്കാർ ജോലി നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ ഈ സർക്കാർ അനുഭാവപൂർവ്വം നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി വ്യക്തിഗതയിനങ്ങളിൽ മെഡൽ നേടിയവരിലും ടീമിനത്തിൽ സ്വർണ്ണ മെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് സർക്കാർ സർവ്വീസിൽ ഇതുവരെ നിയമനം നടത്തിയിട്ടില്ല. ആവശ്യമായ നടപടി സ്വീകരിക്കും. ടീമിനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയവർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒഴിവുവരുന്ന മുറയ്ക്ക് ജോലി നൽകുന്നതിനും നടപടി സ്വീകരിക്കും.

## സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം

93 (364) ശ്രീ. ആർ. രാജേഷ് :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. കെ. ആൻസലൻ :

ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാന ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനത്തെ കുറിച്ചുള്ള ആരോപണങ്ങൾ സമഗ്രാന്വേഷണത്തിന് വിധേയമാക്കുമോ;

(സി) സ്പോർട്സ് കൗൺസിലുകളുടെ ജനാധിപത്യസ്വഭാവം ഇല്ലാതാക്കി നാമനിർദ്ദേശ കൗൺസിലുകളാക്കാൻ 2015-ൽ മുൻസർക്കാർ കൊണ്ടുവന്ന നിയമഭേദഗതി പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കായിക നയം വ്യക്തമാക്കുമോ; നയത്തിനനുസൃതമായി സ്പോർട്സ് കൗൺസിലുകളെ പുനസംഘടിപ്പിക്കുമോ?

ഉത്തരം

(എ) പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാന ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ആരോപണങ്ങൾ സമഗ്രാന്വേഷണത്തിന് വിധേയമാക്കുന്നതാണ്.

(സി) 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്ട് പരിശോധിക്കുകയും ആയതിലെ വ്യവസ്ഥകൾ സ്പോർട്സ് കൗൺസിലുകളുടെ ജനാധിപത്യ സ്വഭാവം ഇല്ലാതാക്കുന്നവയാണെന്ന് ബോധ്യപ്പെടുകയും ചെയ്യുന്നപക്ഷം സമഗ്രമായ നിയമ ഭേദഗതി കൊണ്ടുവരുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) കായികമേഖലയിൽ ഈ സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതുക്കിയ കായികനയം പ്രഖ്യാപിക്കുന്നതാണ്. സ്പോർട്സ് കൗൺസിൽ ഭാരവാഹികൾ രാജി സമർപ്പിച്ചതിനെ തുടർന്ന് സംസ്ഥാന സ്പോർട്സ് കൗൺസിൽ നിലനിൽക്കുന്നില്ലാത്ത സാഹചര്യത്തിൽ ആയത് പുനഃസംഘടിപ്പിക്കേണ്ടതുണ്ട്.

**ഗ്യാലറി നിർമ്മിക്കുവാൻ നടപടി**

94 (365) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ട്രഷറി നിക്ഷേപ ഫണ്ടുപയോഗിച്ച് നിർമ്മിച്ച ഇൻഡോർ സ്റ്റേഡിയത്തിൽ സിന്തെറ്റിക് കോർട്ടുകളും ഗ്യാലറിയും നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ സിന്തറ്റിക് കോർട്ടുകളും ഗ്യാലറിയും നിർമ്മിക്കുന്നതിനുള്ള പദ്ധതി സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

**നെന്മാറ നിയോജക മണ്ഡലത്തിൽ മിനി സ്റ്റേഡിയം**

95 (366) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ മിനി സ്റ്റേഡിയം ഇല്ലായെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ധാരാളം കായിക പ്രതിഭകളുള്ള നെന്മാറയിൽ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിൽ ഒരു മിനിസ്റ്റേഡിയം അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി നെന്മാറ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും അപേക്ഷ ലഭിച്ചാൽ മുറപ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

## കായംകുളം ഇൻഡോർ സ്റ്റേഡിയം

96 (367) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്ത് ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനും, കൃഷ്ണപുരത്ത് ഉയർന്നുവരുന്ന നിർദ്ദിഷ്ട സാംസ്കാരിക വിനോദ കേന്ദ്രത്തിൽ കുട്ടികൾക്കും, മുതിർന്നവർക്കും പരിശീലനത്തിനായി പ്രത്യേകം നീന്തൽ കുളങ്ങൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പ്രസ്തുത പദ്ധതിക്ക് സ്ഥല ലഭ്യത ഉറപ്പുവരുത്തി വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കുകയാണെങ്കിൽ സംസ്ഥാനതല ഹൈലെവൽ കമ്മിറ്റി മുമ്പാകെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്.

## ഫുട്ബോൾ വികസനം

97 (368) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഫുട്ബാൾ വികസനത്തിനായി എന്തെങ്കിലും ദീർഘകാല പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രതിഭകളെ ഇളം പ്രായത്തിൽ കണ്ടെത്തി അവർക്ക് പരിശീലനം നൽകി കഴിവുകളെ പരിപോഷിപ്പിക്കുന്ന റസിഡൻഷ്യൽ ഫുട്ബാൾ അക്കാദമി സംസ്ഥാനത്ത് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) അതോടൊപ്പം സ്കൂൾ, കോളേജ് തലത്തിൽ ഫുട്ബാൾ വികസനത്തിനായി ആവിഷ്കരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഫുട്ബോൾ വികസനത്തിനായി പുതിയ ദീർഘകാല പദ്ധതികൾക്ക് രൂപം കൊടുക്കും. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ സ്കൂൾ/കോളേജ് തലങ്ങളിലും, കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു.

കൂടാതെ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള സ്കൂൾ/കോളേജ്/സ്പോർട്സ് ഹോസ്റ്റലുകളിലും ഫുട്ബോളിൽ കുട്ടികൾക്ക് മികച്ച പരിശീലനം നൽകിവരുന്നു. ഫുട്ബോളിനായി കോളേജ് തലത്തിൽ ആൺകുട്ടികൾക്ക് 8 സ്പോർട്സ് ഹോസ്റ്റലുകളും പെൺകുട്ടികൾക്ക് 2 സ്പോർട്സ് ഹോസ്റ്റലുകളും സ്കൂൾതലത്തിൽ ആൺകുട്ടികൾക്ക് ഒരു സ്പോർട്സ് ഹോസ്റ്റലും നിലവിലുണ്ട്. പ്രസ്തുത ഹോസ്റ്റലുകളിലെ കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതോടൊപ്പം സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ഭക്ഷണത്തിനുള്ള ചെലവുകൾ, ചികിത്സാ ചെലവുകൾ എന്നിവ സംസ്ഥാന സ്പോർട്സ് കൗൺസിൽ നൽകിവരുന്നു.

മാത്രമല്ല, ഡേ ബോർഡിംഗ് സ്കീമിൽ ഉൾപ്പെടുത്തി 14 ജില്ലകളിലായി സ്കൂളുകളും ക്ലബ്ബുകളും കേന്ദ്രീകരിച്ച് ഫുട്ബോളിനായി 15 ഡേ ബോർഡിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഡേ ബോർഡിംഗ് സെന്ററുകളിലെ കായിക താരങ്ങൾക്ക് ലഘുഭക്ഷണത്തിനായി ഒരു ദിവസം 25 രൂപ നിരക്കിൽ ആഴ്ചയിൽ അഞ്ചു ദിവസവും, അത്യാവശ്യമുള്ള കായിക ഉപകരണങ്ങളും കൗൺസിൽ നൽകിവരുന്നു.

**സ്പോർട്സ് സ്കൂൾ സ്ഥാപിക്കുന്നതിന് നടപടി**

98 (369) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി കുന്നംഭാഗം ഗവൺമെന്റ് ഹൈസ്കൂളിൽ ഒരു സ്പോർട്സ് സ്കൂൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത സ്കൂളിൽ സ്പോർട്സ് സ്കൂളിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതുൾപ്പെടെയുള്ള നടപടികൾ ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

(എ) ഇതുസംബന്ധിച്ച് മെസ്സേഴ്സ് കിറ്റ്കോ സമർപ്പിച്ച 4,97,53,866 രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പരിഗണിച്ചുവരുന്നു.

## ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം മേഖലാ പരിശീലന കേന്ദ്രമാക്കി മാറ്റാൻ നടപടി

99 (370) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം മേഖലാ പരിശീലന കേന്ദ്രമാക്കി മാറ്റിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഇനി ഒരുക്കേണ്ടതെന്ന് വിശദമാക്കാമോ;

(ബി) ഇവിടെ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിനും അനുബന്ധ പണികൾക്കുമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും, നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും , എന്നത്തേക്ക് പൂർത്തിയാകുമെന്നും,നിർമ്മാണ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതാണെന്നും വിശദമാക്കാമോ;

(സി) ഇവിടെ ഹോസ്റ്റൽ പ്രവൃത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തിപ്പിക്കാൻ ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കേണ്ടതായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിനായി മെസ്സേഴ്സ് കിറ്റ്കോ സമർപ്പിച്ച 4.99 കോടി രൂപയുടെ എസ്റ്റിമേറ്റിന് 23-5-2015-ലെ സ.ഉ.(ആർറ്റി.) നമ്പർ 119/15/കാ.യു.വ. പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിനായി മെസ്സേഴ്സ് കിറ്റ്കോയെ പ്രോജക്ട് കൺസൾട്ടന്റായി നിയമിക്കുന്നതിനും പ്രസ്തുത പ്രവൃത്തി ഡെപ്പോസിറ്റ്വർക്കായി ഏൽപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു.

## കാസർകോഡ് ജില്ലയിൽ സിന്തറ്റിക് ട്രാക്ക്

100 (371) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിന്തറ്റിക്ക് ട്രാക്ക് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ എത്ര സ്റ്റേഡിയങ്ങൾ കേരളത്തിലുണ്ട്; ജില്ല തിരിച്ചുള്ള കണക്കു വ്യക്തമാക്കാമോ;

(ബി) കാസർകോഡ് ജില്ലയിൽ സിന്തറ്റിക്ക് ട്രാക്ക് നിർമ്മിക്കാൻ ആലോചനയുണ്ടോ; എങ്കിൽ എവിടെയാണ് ഇത് നിർമ്മിക്കാനുദ്ദേശിക്കുന്നത്;

(സി) 2016 ഫെബ്രുവരി 12-ന അവതരിപ്പിച്ച ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുള്ള കാസർഗോഡ് ഗവൺമെന്റ് കോളേജിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ 10 സ്റ്റേഡിയങ്ങൾ കേരളത്തിലുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

<u>തിരുവനന്തപുരം</u> :

1. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം
2. യൂണിവേഴ്സിറ്റി സ്റ്റേഡിയം
3. എൽ.എൻ.സി.പി.ഇ.

<u>എറണാകുളം</u> :

മഹാരാജാസ് കോളേജ് ഗ്രൗണ്ട്

<u>പാലക്കാട്</u> :

1. മെഡിക്കൽ കോളേജ് ഗ്രൗണ്ട്
2. പാലക്കാട് സിന്തറ്റിക് ട്രാക്കോടുകൂടിയ കല്ലടി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം
3. പാലക്കാട് മുനിസിപ്പൽ സ്റ്റേഡിയം.

<u>കോഴിക്കോട്</u> :

മെഡിക്കൽ കോളേജ് ഗ്രൗണ്ട്

<u>മലപ്പുറം</u> :

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഗ്രൗണ്ട്

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇതുസംബന്ധിച്ച പദ്ധതി നിർദ്ദേശങ്ങളൊന്നും തന്നെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലോ കായിക യുവജനകാര്യാലയത്തിലോ നിന്നും ലഭിച്ചിട്ടില്ല.

## സ്പോർട്സ് കൗൺസിലുകളുടെ പുനഃസംഘടന

101 (372) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന-ജില്ലാ സ്പോർട്സ് കൗൺസിലുകൾ പുനഃസംഘടിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന ജില്ലാ സ്പോർട്സ് കൗൺസിലുകൾ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കുന്നതാണ്.

## നീലേശ്വരത്ത് ഇ.എം.എസ്. സ്റ്റേഡിയം

102 (373) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരത്ത് ഇ.എം.എസ്. സ്റ്റേഡിയം പണിയുന്നതിന് ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമായ തുക നിർദ്ദേശിച്ചിട്ടും നാളിതു വരെയായി പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കേരള മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ് ആദ്യമായി പ്രതിനിധാനം ചെയ്ത നീലേശ്വരത്ത് ഉചിതമായ സ്മാരകമെന്ന നിലയിൽ ഈ പദ്ധതി ഉടൻ പ്രഖ്യാപിക്കുമോ ?

ഉത്തരം

(എ) ഇ.എം.എസ്. മെമ്മോറിയൽ സ്റ്റേഡിയത്തിന് 2010-11-ൽ രണ്ടു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പദ്ധതി ഇതുവരെയും നടപ്പിലാക്കാനായിട്ടില്ല.

(ബി) കേരള സംസ്ഥാനത്തെ പ്രഥമ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. ആദ്യ നിയമസഭയിൽ പ്രതിനിധീകരിച്ചിരുന്ന മണ്ഡലമാണ് നീലേശ്വരം. പ്രസ്തുത പ്രദേശത്ത് ഇ.എം.എസ്.-ന്റെ നാമധേയത്തിലുള്ള സ്റ്റേഡിയം ഒരു ചരിത്ര സ്മാരകമായി നിലനിർത്താൻ സഹായകരമായ നടപടി എത്രയും വേഗം സ്വീകരിക്കും.

## സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ നിയമനം

103 (374) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റായ അഞ്ജു ബോബി ജോർജ് എന്നുമുതലാണ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ആയതെന്നും കൗൺസിൽ ഫണ്ട് ഉപയോഗിച്ച് നാളിതുവരെ എത്ര വിമാനയാത്രകൾ നടത്തി എന്നും ഇവർ നാളിതുവരെ സ്വീകരിച്ച ശമ്പളം, യാത്രാബത്ത, മറ്റു സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവ എത്ര എന്നും വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് അധികാരമേറ്റശേഷം നടത്തിയ നിയമനങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ സഹോദരനെ സ്പോർട്സ് കൗൺസിലിൽ ഏത് തസ്തികയിലാണ് നിയമിച്ചിട്ടുള്ളതെന്നും ഇയാളുടെ ശമ്പളം എത്രയാണെന്നും ഇയാൾ യാത്ര ബത്ത, മറ്റു സാമ്പത്തിക ആനുകൂല്യങ്ങൾ തുടങ്ങിയവയിൽ നിന്നും നാളിതുവരെ എത്ര തുക കൈപ്പറ്റി എന്നും ഇയാൾക്ക് നിലവിലെ തസ്തികയിൽ ജോലി ചെയ്യാനുള്ള യോഗ്യത ഉണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ സ്ഥിരതാമസം എവിടെയാണ് എന്നും പ്രസിഡന്റിന് കേരളത്തിലോ പുറത്തോ സ്പോർട്സ് സ്കൂളുകളോ, സ്പോർട്സുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങളോ ഉണ്ടോയെന്നും വ്യക്തമാക്കുമോ ;

(ഇ) സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ നിയമനം ഏതു രീതിയിലായിരുന്നു എന്നും സ്പോർട്സ് കൗൺസിലിൽ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന നാമനിർദ്ദേശ സംവിധാനം ഒഴിവാക്കാനും കൗൺസിലിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2015 ഡിസംബർ 1-ലെ ജി.ഒ.(പി) നം.38/2015/കാ.യു.വ. പ്രകാരം ശ്രീമതി അഞ്ജു ബോബി ജോർജ്ജ് കൗൺസിൽ പ്രസിഡന്റായി 4-12-2015-ലാണ് ചുമതലയേറ്റത്. സ്പോർട്സ് കൗൺസിൽ ഫണ്ട് ഉപയോഗിച്ച് ശ്രീമതി അഞ്ജു ബോബി ജോർജ്ജ് ഏഴ് വിമാനയാത്രകളാണ് നടത്തിയത് (40,552 രൂപ); ശ്രീമതി അഞ്ജു ബോബി ജോർജ്ജ് കൗൺസിൽ പ്രസിഡന്റായി ചുമതലയേറ്റതിന് ശേഷം നാളിതുവരെ 59,032 രൂപയാണ് ഓണറേറിയമായി കൈപ്പറ്റിയിട്ടുള്ളത്. കൂടാതെ ടി.എ./ഡി.എ. ഇനത്തിൽ 6,660 രൂപയും കൈപ്പറ്റിയിട്ടുണ്ട്.

(ബി) ശ്രീമതി അഞ്ജു ബോബി ജോർജ്ജ് കൗൺസിൽ പ്രസിഡന്റായി ചുമതലയേറ്റതിന് ശേഷം നടത്തിയ കരാർ നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ശ്രീ. വർഗ്ഗീസ് വി. ജെ. | - | വോളീബോൾ ട്രെയിനർ |
| ശ്രീ. ഷിജു. ആർ. | - | ഫുട്ബോൾ ട്രെയിനർ |
| ശ്രീ. രാജു. പി. ആർ. | - | ഫുട്ബോൾ ട്രെയിനർ |
| ശ്രീ. വിപിൻ ഫ്രാൻസിസ്. | - | അത്‌ലറ്റിക് ട്രെയിനർ |
| ശ്രീ. അനൂപ് ജോസഫ്. | - | അത്‌ലറ്റിക് ട്രെയിനർ |
| ശ്രീ. സൂരജ് എ. ആർ. | - | അത്‌ലറ്റിക് ട്രെയിനർ |
| ശ്രീ. അനൂപ്. | - | സൈക്ലിംഗ് ട്രെയിനർ |
| ശ്രീ. ജീൻ. കെ. ജോൺ. | - | ക്രിക്കറ്റ് ട്രെയിനർ |
| ശ്രീ. അജിത് മാർക്കോസ്. | - | അസിസ്റ്റന്റ്സെക്രട്ടറി (ടെക്നിക്കൽ) |

<u>ദിവസവേതന നിയമനങ്ങൾ</u> :

| | | |
|---|---|---|
| ശ്രീമതി ലിൻസി ഫിലിപ്പ് | - | എൽ.ഡി.സി. |
| ശ്രീമതി സിന്ധു റ്റി. എ. | - | എൽ.ഡി.സി. |
| ശ്രീമതി പ്രീത എസ്. | - | എൽ.ഡി.സി. |
| ശ്രീ. അബിൻ ആർ. എസ്.നായർ | - | എൽ.ഡി.സി. |
| ശ്രീ രുദ്രദാസ് | - | പമ്പ് ഓപ്പറേറ്റർ |
| ശ്രീ. വിശ്വംഭരൻ കെ. | - | പമ്പ് ഓപ്പറേറ്റർ |
| ശ്രീമതി തങ്കമണി | - | വനിതാ വാർഡൻ |
| ശ്രീ. വിഷ്ണുരാജ് | - | കെയർ ടേക്കർ |
| ശ്രീ. ബാബു ചന്ദ്രൻനായർ | - | കെയർ ടേക്കർ |
| ശ്രീ. ബിജു എ. | - | സെക്യൂരിറ്റി |
| ശ്രീ. ഉദയകുമാർ | - | ഹെൽപ്പർ |

(സി) സ്പോർട്സ് കൗൺസിൽ പ്രസിഡന്റായിരുന്ന ശ്രീമതി അഞ്ജു ബോബി ജോർജ്ജിന്റെ സഹോദരൻ ശ്രീ. അജിത്ത് മാർക്കോസിനെ 4-3-2016-ലെ സ.ഉ. (കൈ) നമ്പർ 30/16/കാ.യു.വ. പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി (ടെക്നിക്കൽ) തസ്തികയിലാണ്

കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്. സ്പോർട്സ് കൗൺസിലിലെ നിർദ്ദിഷ്ട സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ ടിയാന് ഇല്ലാത്തതിനാൽ ശമ്പളവും യാത്രാ ബത്തയും നൽകിയിട്ടില്ല.

(ഡി) ശ്രീമതി അഞ്ജു ബോബി ജോർജ്ജ് ബാംഗ്ലൂരിൽ കസ്റ്റംസ് & സെൻട്രൽ എക്സൈസിലെ ഉദ്യോഗസ്ഥയാണ്. ശ്രീമതി അഞ്ജു ബോബി ജോർജ്ജ് നടത്തുന്ന സ്ഥാപനങ്ങളൊന്നും കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

(ഇ) കേരള സ്പോർട്സ് (ഭേദഗതി) ആക്ട് 2015-ലെ വ്യവസ്ഥകൾ അനുസരിച്ചാണ് പ്രസിഡന്റിനെ നിയമിച്ചത്. പ്രസ്തുത ആക്ട് പ്രകാരമുള്ള നാമനിർദ്ദേശ സംവിധാനം കായികമേഖലയ്ക്ക് ദോഷകരമായി ബാധിക്കുമെന്ന് ബോധ്യപ്പെടുന്ന പക്ഷം ആക്ട് ഭേദഗതി ചെയ്യുന്നതിനും സ്പോർട്സ് കൗൺസിൽ പുനഃസംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മിനി സ്റ്റേഡിയം**

104 (375) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ പൊതു കളി സ്ഥലമില്ലെന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എഞ്ചിനിയറിംഗ് കോളേജുൾപ്പെടെ 100-ലധികം വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള കരുനാഗപ്പള്ളി മണ്ഡലത്തിൽ മിനിസ്റ്റേഡിയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ :

(സി) ജല സമൃദ്ധമായ കരുനാഗപ്പള്ളിയിൽ ഒരു നീന്തൽ കുളവും നീന്തൽ പരിശീനകേന്ദ്രവും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ ;

(ഡി) കന്നേറ്റി ജലോത്സവം നടക്കുന്ന കന്നേറ്റി കായലും, ടി.എസ് കനാലും ഉൾപ്പെടുത്തി ഒരു വാട്ടർ സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് വിശദമായ പ്ലാനും എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) മുൻഗണനാ പരിഗണന പരിശോധിച്ചുകൊണ്ടും ഫണ്ടിന്റെ ലഭ്യതയും കൂടി പരിഗണിച്ച് നടപടി സ്വീകരിക്കും.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ചാലക്കുടിയിൽ ഇൻഡോർ സ്റ്റേഡിയം**

105 (376) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ചാലക്കുടി നഗരസഭ സ്റ്റേഡിയം നിർമ്മാണത്തിനാവശ്യമായ അനുമതി നൽകാത്തതിനാൽ പദ്ധതി ഏറ്റെടുക്കാനായില്ല. ഇപ്പോൾ ചാലക്കുടി നഗരസഭ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആയതിനാൽ സ്പോർട്സ് കൗൺസിലിന് പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഹൈലെവൽ കമ്മിറ്റി തീരുമാനം കൈക്കൊള്ളും.

**പുല്ലൂരാംപാറയിലെ മത്തായി ചാക്കോ സ്പോർട്സ് കോംപ്ലക്സ്**

106 (377) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി പുല്ലൂരാംപാറയിൽ മലബാർ സ്പോർട്സ് അക്കാദമിയുടെ സഹായത്തോടെ മത്തായി ചാക്കോ സ്പോർട്സ് കോംപ്ലക്സ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്പോർട്സ് കോംപ്ലക്സ് ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്പോർട്സ് കോംപ്ലക്സ് ആരംഭിക്കാൻ നിയമപരമായ കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മൾട്ടി പർപ്പസ് സ്റ്റേഡിയങ്ങൾ

107 (378) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസിനോടനുബന്ധിച്ച് കേരളത്തിൽ നിർമ്മിച്ച സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും സംരക്ഷിക്കുന്നതിനും കായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുമായി എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 'സ്പൈസൽ കേരള 'എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് പല സ്ഥലങ്ങളിലും നിർമ്മിച്ച മൾട്ടിപർപ്പസ് സ്റ്റേഡിയങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളുടെ നിലവിലെ അവസ്ഥയും ഉപയോഗക്ഷമതയും പരിശോധിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(സി) സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ടിട്ടുള്ള കായിക നയത്തിൽ എന്തെങ്കിലും ഭേദഗതികൾ സർക്കാരിന്റെ ആലോചനയിലുണ്ടോ. ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

ഉത്തരം

(എ) 35-ാമത് ദേശീയ ഗെയിംസിനോടനുബന്ധിച്ച് നിർമ്മിച്ചതും നവീകരിച്ചതുമായ സ്റ്റേഡിയങ്ങളുടെ തുടർ പരിപാലനത്തിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*. കൂടാതെ സ്റ്റേഡിയങ്ങളുടെ തുടർനടത്തിപ്പിനും പരിപാലനത്തിനുമുള്ള ലെഗസി പ്ലാൻ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം നിർമ്മിച്ച മൾട്ടിപർപ്പസ് സ്റ്റേഡിയങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയങ്ങളുടെ പരിപാലനത്തിനും നടത്തിപ്പിനുമുള്ള ചുമതല ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## കെ.എസ്.ഇ.ബി.-യിലെ മീറ്റർ റീഡർ തസ്തിക

108 (379) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ ഇപ്പോൾ നിലവിലുള്ള മീറ്റർ റീഡർ തസ്തികകളുടെ എണ്ണം എത്ര; ഒഴിവുകളുടെ എണ്ണം ഡിവിഷൻ തിരിച്ച് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സ്ഥിരം ജീവനക്കാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കെ.എസ്.ഇ.ബി. മീറ്റർ റീഡർമാരുടെ തസ്തികയെക്കുറിച്ച് പഠനം നടത്തുന്നതിന് വേണ്ടി 13-03-2014 -ൽ കോഴിക്കോട് ഐ.ഐ.എം.-നോട് കെ.എസ്.ഇ.ബി ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കോഴിക്കോട് ഐ.ഐ.എം. പ്രസ്തുത പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കും എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) കെ.എസ്.ഇ.ബി.-യിൽ തസ്തികകൾ പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് ഒരു പഠനം ഐ.ഐ.എം., കോഴിക്കോടിന്റെ കീഴിൽ നടന്നിട്ടുണ്ട്. പഠന റിപ്പോർട്ട് ബോർഡ് തലത്തിൽ പഠിക്കുകയും വിശകലനം ചെയ്യുകയും ചെയ്ത ശേഷം മാത്രമേ മീറ്റർ റീഡർ തസ്തികകളുടെ അനുവദനീയ തസ്തിക, ഒഴിവുകൾ എന്നിവ എത്രയാണെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(സി&ഡി) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മനുഷ്യവിഭവശേഷിയുടെ ഫലപ്രദമായ വിന്യാസം സംബന്ധിച്ചും ശിപാർശകൾ രൂപീകരിക്കാൻ ഐ.ഐ.എം.-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുപ്രകാരം ഐ.ഐ.എം. കെ.എസ്.ഇ.ബി.-ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**വൈദ്യുതി ചാർജ് വർദ്ധനവും കുടിശ്ശികയും**

109 (380) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011-ലെ എൽ.ഡി.എഫ്. സർക്കാർ 5 വർഷം കൊണ്ട് എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പ്പാദിപ്പിച്ചു;

(ബി) 2011-2016-ലെ യു.ഡി.എഫ്. സർക്കാർ 5 വർഷം കൊണ്ട് എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പ്പാദിപ്പിച്ചു;

(സി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ എത്ര തവണ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചു; നിരക്ക് വർദ്ധനയ്ക്ക് പുറമേ എത്ര തവണ സർച്ചാർജ് ഏർപ്പെടുത്തി; എത്ര തുക വീതമാണ് ഓരോ ഇനത്തിലും വർദ്ധിപ്പിച്ചത് എന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ 5 വർഷം കൊണ്ട് വൈദ്യുതി ചാർജ് എത്ര ഇരട്ടി വർദ്ധിപ്പിച്ചുവെന്നാണ് കണക്കാക്കുന്നത്;

(ഇ) 2006-2011-ലെ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ഇ.ബി.-ക്ക് കിട്ടേണ്ട കുടിശ്ശിക തുക എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(എഫ്) 2011-2016 ലെ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിഞ്ഞപ്പോൾ ബോർഡിന് പിരിഞ്ഞുകിട്ടേണ്ട കുടിശിക തുക എത്ര എന്ന് വ്യക്തമാക്കുമോ;

(ജി) 2006-2011-ലെ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നഷ്ടം എത്ര തുക എന്നും 2011-2016-ലെ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ നഷ്ടം എത്ര തുക എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 218.85 മെഗാവാട്ട്.

(ബി) 57.92 മെഗാവാട്ട്.

(സി) വൈദ്യുതി ചാർജ് മൂന്നു തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. 4 തവണ ഇന്ധന സർചാർജ്ജ് ഏർപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു*.

(ഡി) 2012-13 സാമ്പത്തിക വർഷത്തിൽ 1-7-2012 മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് പരിഷ്ക്കരണത്തിലൂടെ 24% വർദ്ധനവും 2013-14 സാമ്പത്തിക വർഷത്തിൽ 1-5-2013 മുതൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ 9.1% വർദ്ധനവും 2014-15 സാമ്പത്തിക വർഷത്തിൽ 16-8-2014 മുതൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ 6.7% വർദ്ധനവും വൈദ്യുതി ചാർജ്ജിനത്തിൽ ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ഇ) 1191.01 കോടി രൂപ.

(എഫ്) 1796.63 കോടി രൂപ

(ജി) 2010-2011 സാമ്പത്തിക വർഷത്തെ നഷ്ടം 988.91 കോടി രൂപയും 2015-2016 താൽകാലിക കണക്ക് പ്രകാരമുള്ള നഷ്ടം 313.29 കോടി രൂപയുമാണ്. 2015-2016 വർഷത്തെ മേൽ നഷ്ടത്തിനൊപ്പം 542.5 കോടി രൂപയുടെ R&E കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊയിലാണ്ടിയിൽ പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി

110 (381) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011 കാലയളവിൽ ഇടത് സർക്കാരിന്റെ കാലത്ത് പ്രാഥമിക നടപടികൾ ആരംഭിച്ച കൊയിലാണ്ടി വൈദ്യുതി സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ ഓഫീസ് ആരംഭിക്കുന്നതിന് മുൻ സർക്കാരിന്റെ ഭരണകാലത്ത് ഒരു നടപടിയും ഫലപ്രദമായി നടന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദീർഘകാലമായി കൊയിലാണ്ടി മണ്ഡലത്തിൽ ഉയർന്ന് വരുന്ന പ്രസ്തുത ആവശ്യത്തിന്മേൽ അനുകൂല നടപടികൾ സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ-സി) സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കെ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കെ, ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. സെക്ഷൻ ഓഫീസ് വിഭജിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ കൊയിലാണ്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ വിഭജനം

111 (382) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും, കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കെ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കെ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. ചാലക്കുടി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാട്ടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചുവെങ്കിലും ടി മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ചെറായി സബ് സ്റ്റേഷൻ**

112 (383) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി സബ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കായി എത്ര തുക ചെലവഴിച്ച് കഴിഞ്ഞുവെന്നും ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെയെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തിക്ക് തടസ്സം നേരിട്ടിട്ട് എത്ര നാളായെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പുനരാരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 110 കെ.വി. പറവൂർ-ചെറായി ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലവിലുള്ള കേസുകളാണ് ചെറായി സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്നത്.

(ബി) സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 1,18,15,000 രൂപയും ലൈനിന്റെ നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി ഏകദേശം 8,40,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. 7.225 കി. മീ. 110 കെ.വി. ലൈനിന്റെ നിർമ്മാണ പ്രവൃത്തികളും സബ് സ്റ്റേഷനിൽ ഉപകരണങ്ങൾ സ്ഥാപിക്കുകയുമാണ് ഇനി പൂർത്തിയാകാനുള്ള ജോലികൾ.

(സി&ഡി) ലൈൻ റൂട്ടുമായി ബന്ധപ്പെട്ട് 2010-ൽ ഹൈക്കോടതി മുമ്പാകെ വിവിധ പരാതിക്കാർ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതിനാൽ അന്നുമുതൽ ലൈൻ നിർമ്മാണത്തിന് തടസ്സം നേരിട്ടിട്ടുണ്ട്. ടി കേസുകളിന്മേൽ ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ചീമേനി വൈദ്യുതി ലൈൻ**

113 (384) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട്ടിലെ മാനന്തവാടിയിൽ നിന്നും കാസർഗോഡ് ജില്ലയിലെ ചീമേനിയിലേക്ക് MC-MV400/220KV വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ജനവാസ കേന്ദ്രങ്ങളെയും കൃഷി സ്ഥലങ്ങളെയും ഒഴിവാക്കി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഉണ്ട്. പൊതുജനങ്ങൾക്കുണ്ടാകാനിടയുള്ള ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിക്കുന്ന വിധത്തിലാണ് പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്.

**എളവള്ളി സബ് സ്റ്റേഷൻ**

114 (385) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ നിയോജക മണ്ഡലത്തിലെ എളവള്ളി കേന്ദ്രമാക്കി സബ്സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം പരിഗണയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

നിലവിലുള്ള മുല്ലശ്ശേരി സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ എളവള്ളി കേന്ദ്രമാക്കി പുതിയ സബ് സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ചെറുപുഴ വൈദ്യുതി സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കാൻ നടപടി**

115 (386) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കെ.എസ്.ഇ.ബി. പാടിയോട്ടുചാൽ സെക്ഷൻ വിഭജിച്ച് പുതുതായി ചെറുപുഴ കേന്ദ്രീകരിച്ച് സെക്ഷൻ ഓഫീസ് അനുവദിച്ച് ഉത്തരവായിട്ടും പ്രസ്തുത സെക്ഷൻ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) മലയോര മേഖലയിലെ ജനങ്ങൾക്ക് വളരെയധികം പ്രയോജനപ്പെടുന്ന

പ്രസ്തുത സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പാടിയോട്ടുചാൽ സെക്ഷൻ വിഭജിച്ച് ചെറുപുഴ ഇലക്ട്രിക്കൽ സെക്ഷൻ തുടങ്ങുവാൻ 24-2-2016-ലെ ബോർഡ് ഉത്തരവ് പ്രകാരം തീരുമാനമായിട്ടുണ്ട്. പ്രസ്തുത ഓഫീസിന്റെ പ്രവർത്തനത്തിനായി കെട്ടിടം നിർമ്മിക്കുന്നതിന് 10 സെന്റ് ഭൂമി സൗജന്യമായോ, അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ ലഭ്യമല്ലാത്തതിനാലാണ് പ്രവർത്തനമാരംഭിക്കുന്നതിന് സാധിക്കാത്തത്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**വൈദ്യുത കമ്പി പൊട്ടിവീണുള്ള അപകടങ്ങൾ**

116 (387) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷവും ശക്തമായ കാറ്റും വന്നതോടെ സംസ്ഥാനത്ത് വൈദ്യുത കമ്പി പൊട്ടി വീണ് മനുഷ്യരും മൃഗങ്ങളും അപകടത്തിൽപ്പെടുന്നുവെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നത്തിന് എന്തെങ്കിലും ശാശ്വതമായ പരിഹാരം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) പാശ്ചാത്യ രാജ്യങ്ങളിലേതുപോലെ വൈദ്യുത പ്രസരണത്തിനായി ഇൻസുലേറ്റഡ് വയർ ഉപയോഗിക്കാൻ നടപടി സ്വീകരിക്കാൻ കഴിയുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മഴക്കാലത്ത് ഉണ്ടായേക്കാവുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിലേക്കായി എല്ലാ വർഷവും പ്രീ-മൺസൂൺ മെയിന്റനൻസ് നടത്താറുണ്ട്. ഇതിന്റെ ഭാഗമായി 11 കെ.വി. ലൈനുകൾ, എൽ.റ്റി. ലൈനുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ എന്നിവ പരിശോധിക്കുക, ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ നീക്കം ചെയ്യുക, കേടായതും പഴക്കംചെന്നതുമായ പോസ്റ്റുകൾ, സ്റ്റേകൾ, വൈദ്യുത കമ്പികൾ, ഇൻസുലേറ്ററുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുക, ബ്രിഡ്ജിങ്

പരിശോധന നടത്തി ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുക, താഴ്ന്നുകിടക്കുന്ന ലൈനുകൾ റീ ഷാക്ക്ലിംഗ് നടത്തുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ പരിശോധിച്ച് എ.ബി. സ്വിച്ച്, എർത്തിങ്ങ്, ലൈറ്റ്നിംഗ് അറസ്റ്റർ, ഓയിൽ ലെവൽ, ഫ്യൂസ്, കേബിളുകൾ തുടങ്ങിയവ പരിശോധിച്ച് ആവശ്യമെങ്കിൽ മെയിന്റനൻസ് ചെയ്യുക, ട്രാൻസ്ഫോർമർ ലോഡ് ബാലൻസ് ചെയ്യുക, പഴയ വെതർ പ്രൂഫ് വയറുകൾ മാറ്റുക തുടങ്ങിയ ചെയ്തുവരുന്നു.

പൊതുജനങ്ങളുടെയും ജീവനക്കാരുടെയും സുരക്ഷിതത്വത്തിനായി എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾക്കും എ.ബി. സ്വിച്ചുകൾ ഘടിപ്പിക്കുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ MCCB (മോൾഡഡ് കേസ് സർക്യൂട്ട് ബ്രേക്കറുകൾ) ഘടിപ്പിക്കുക, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളുടെയും വിതരണ ശൃംഖലയുടേയും എർത്തിംഗ് ദൃഢപ്പെടുത്തുക തുടങ്ങിയവ ഇപ്പോൾ പരിഗണനയിലാണ്. 11 കെ.വി.-യോ അതിനുമുകളിലുള്ളതോ ആയ ലൈനുകൾ പൊട്ടിവീണാൽ തൽക്ഷണം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. എങ്കിലും ഇത് കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുവാനുള്ള പരിശോധനയും സാങ്കേതിക മെച്ചപ്പെടുത്തലുകളും ത്വരിതഗതിയിൽ നടത്തിവരുന്നു. പൊതുജനങ്ങളുടേയും കുട്ടികളുടേയും വൈദ്യുതി സംബന്ധമായ സുരക്ഷാവബോധം ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടത്തിവരുന്നു. ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിങ്ങ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ, ദൃശ്യ/ശ്രവ്യ/പത്രമാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ലൈനുകളുടെ നിർമ്മാണം കുറ്റമറ്റ രീതിയിൽ നടത്തുക, പൊട്ടിവീഴാൻ സാധ്യതയുള്ള അലുമിനിയം കമ്പികൾ മാറ്റുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ സാങ്കേതികവും പൊതുജന സമ്പർക്കപരവുമായ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് വൈദ്യുതി സുരക്ഷയെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സുരക്ഷാ ബോധവൽക്കരണ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഈ സ്കൂൾ വർഷത്തിൽ സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന നെയിം സ്ലിപ്പുകൾ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

(സി) LT, HT വിതരണ ലൈനുകളിൽ ഇപ്പോൾത്തന്നെ പല സ്ഥലങ്ങളിലും സുരക്ഷയെ മുൻനിർത്തി ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഭൂഗർഭ കേബിളുകളും ഉപയോഗിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP)-യിൽ ഉൾപ്പെടുത്തി സംസ്ഥാനത്താകെ 1356 കിലോമീറ്റർ ഭൂഗർഭ കേബിളുകളും 1495 കിലോമീറ്റർ

ഏരിയൽ ബഞ്ച്ഡ് കേബിളുകളും സ്ഥാപിക്കുവാനുള്ള കേന്ദ്രാനുമതി ലഭിച്ചതിനെ തുടർന്ന് 886 കിലോമീറ്റർ ഭൂഗർഭ കേബിളും 151 കിലോമീറ്റർ ഏരിയൽ ബഞ്ച്ഡ് കേബിളും സ്ഥാപിച്ചുകഴിഞ്ഞു. ഇതിനുപുറമേ കേന്ദ്രാവിഷ്കൃത പദ്ധതികളായ Integrated Power Development Scheme (IPDS), Deen Dayaal Upadhyaaya Grama Jyothi Yojana (DDUGJY) എന്നീ പദ്ധതികളിലുൾപ്പെടുത്തി സംസ്ഥാനത്താകെ 193 കിലോമീറ്റർ ഭൂഗർഭ കേബിളും 1434 കിലോമീറ്റർ ഏരിയൽ ബഞ്ച്ഡ് കേബിളും സ്ഥാപിക്കുവാനുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ലാഭപ്രഭ പദ്ധതി**

117 (388) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്' ലാഭപ്രഭ 'എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) ഉണ്ട്. വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ്ഷെഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻ വേണ്ടി ഊർജ്ജസംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ സജ്ജരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) 2013 മാർച്ച് 23-ന് ആരംഭിച്ച് മേയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ 1 കാമ്പയിൻ പീരിയഡിൽ ഉദ്ദേശം 22,80,750 യൂണിറ്റ് വൈദ്യുതിയുടെ കുറവ് രേഖപ്പെടുത്തി. 2014 മാർച്ച് 1 മുതൽ മെയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ 2 കാമ്പയിൻ പീരിയഡിൽ മാർച്ചിൽ 10.77% അധിക വൈദ്യുതി ഉപഭോഗമാണ് ഉണ്ടായിരുന്നത്. എന്നാൽ മേയ് മാസത്തിൽ അത് 8.02 ശതമാനമായി കുറയുകയും 9.47 ദശലക്ഷം യൂണിറ്റ് രേഖപ്പെടുത്തുകയും ചെയ്തു.

## കുമ്പാറ വൈദ്യുതി സെക്ഷൻ ഓഫീസ്

118 (389) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവമ്പാടി മണ്ഡലത്തിലെ കുമ്പാറയിൽ പുതുതായി അനുവദിച്ച കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

തിരുവമ്പാടി സെക്ഷൻ വിഭജിച്ച് കുമ്പാറയിൽ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് ഫെബ്രുവരി 2016-ൽ ബോർഡ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഷയം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിൽ വന്നിരുന്നതായതിനാൽ, ബോർഡ് ഈ വിഷയത്തിൽ എടുത്ത തീരുമാനം ഹൈക്കോടതിയെ അറിയിക്കാൻ വൈദ്യുതി ബോർഡ് ലീഗൽ ലെയ്സൺ ഓഫീസറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ബഹു. കോടതിയുടെ അനുകൂല അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് കുമ്പാറയിൽ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## വൈദ്യുത ഉൽപാദനം നടത്തുന്നതിന് സ്വകാര്യ കമ്പനികൾക്ക് അനുമതി

119 (390) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യുച്ഛക്തി ബോർഡിനെ കൂടാതെ വൈദ്യുത ഉൽപാദനം നടത്തുന്നതിന് സ്വകാര്യ കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണത്തിനെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് വൈദ്യുതി വിതരണം നടത്തുന്നതിന് ബോർഡിനെ കൂടാതെ ഏതെല്ലാം കമ്പനികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഇത്തരം കമ്പനികൾക്ക് വൈദ്യുതി ഉൽപാദനത്തിനും വിതരണത്തിനുമായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആറ് ജലവൈദ്യുത നിലയങ്ങൾക്കും, മൂന്ന് കോ-ജനറേഷൻ (Co-generation) നിലയങ്ങൾക്കും അൻപത് കാറ്റാടി നിലയങ്ങൾക്കും (Wind Mills), സ്വകാര്യ മേഖലയിൽ ഉല്പാദനം നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ള 34 കമ്പനികളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) താഴെപ്പറയുന്ന ലൈസൻസികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

1. കണ്ണൻ ദേവൻ പ്ലാന്റേഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്
2. കിനെസ്കോ പവർ ആന്റ് യൂട്ടിലിറ്റിസ് പ്രൈവറ്റ് ലിമിറ്റഡ്
3. റബ്ബർ പാർക്ക് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്
4. ഇൻഫോ പാർക്ക്, കേരള
5. സ്മാർട്ട് സിറ്റി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്
6. ടെക്നോപാർക്ക് ലിമിറ്റഡ്
7. കൊച്ചിൻ പോർട്ട് ട്രസ്റ്റ്
8. കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ
9. സൈബർ പാർക്ക്
10. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ
11. മിലിട്ടറി എഞ്ചിനിയറിംഗ് സർവ്വീസ്

(സി) ക്യാപ്റ്റീവ് ജനറേഷൻ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളവർക്ക് അവരുടെ ആവശ്യം കഴിഞ്ഞുള്ള വൈദ്യുതി KSERC നിശ്ചയിച്ചിട്ടുള്ള നിരക്കിൽ KSEBL-ന് നൽകാവുന്നതാണ്. വിതരണം നടത്തുന്നതിന് ഇവർക്ക് അനുമതിയില്ല. ഇൻഡിപെന്റഡ് പവർ പ്രൊഡ്യൂസേഴ്സിന് KSERC നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി മൊത്തമായും KDEBL-ന് നൽകാൻ കഴിയും. എന്നാൽ ഇവർക്കും വൈദ്യുതി വിതരണം നടത്തുന്നതിന് അനുമതിയില്ല.

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

വൈദ്യുതി ഉല്പാദനത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ : ഉല്പാദിപ്പിക്കുന്ന വൈദ്യുതി പവർ പർച്ചേസ് എഗ്രിമെന്റ് പ്രകാരം സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് വിൽക്കേണ്ടതാണ്. ആയതിന്റെ താരിഫും കാലാവധിയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്നതാണ്.

വൈദ്യുതി വിതരണത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ : കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന വിവിധ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് വിതരണ ലൈസൻസികളുടെ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ ലൈസൻസികളുടെ ലൈസൻസ് സംബന്ധിച്ചുള്ള നിബന്ധനകൾ കണ്ടിഷൻസ് ഓഫ് ലൈസൻസ് ഫോർ എക്സിസ്റ്റിങ്ങ് ലൈസൻസീസ്, റെഗുലേഷൻസ് 2006 ('Conditions of License for Existing Licensees, Regulations 2006') എന്ന ചട്ടത്തിലും തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള അനുസംബന്ധിച്ച ഭേദഗതി ചട്ടങ്ങളിലും വിവരിക്കുന്നുണ്ട്. വിതരണ ലൈസൻസി ഉപഭോക്താവിന് നൽകുന്ന സപ്ലൈ സംബന്ധിച്ച മാനദണ്ഡങ്ങൾ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 ('Kerala Electricity Supply Code, 2014') എന്ന ചട്ടത്തിലും അനുബന്ധ ഭേദഗതി ചട്ടങ്ങളിലും പ്രതിപാദിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന ടേംസ് ആന്റ് കണ്ടീഷൻസ് ഫോർ റീട്ടെയിൽ സപ്ലൈ ഓഫ് ഇലക്ട്രിസിറ്റി ('Terms and Conditions for retail Supply of Electricity') പ്രകാരമാണ് വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നും ഈടാക്കേണ്ട താരിഫ് നിശ്ചയിക്കുന്നത്.

**ചെറുകിട ജലവൈദ്യുതി നയം**

120 (391) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലവൈദ്യുതി നയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) നയം നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ഊർജ്ജ സുരക്ഷ കൈവരിക്കുന്നതിന് പ്രകൃതി വിഭവങ്ങളെ ഉപയോഗപ്പെടുത്തി ഹരിത ഊർജ്ജം പരമാവധി ഉല്പാദിപ്പിക്കുക, സാമൂഹ്യ സാമ്പത്തിക വികസനത്തിന് ഇത്തരത്തിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുകയും ഇതിലൂടെ ഗ്രാമീണ മേഖലയിലെ ഊർജ്ജ ആവശ്യങ്ങൾ ഒരു പരിധിവരെ പരിഹരിക്കുകയും ചെയ്യുക, ഈ മേഖലയിൽ നിക്ഷേപം ആകർഷിക്കാൻ വേണ്ടിയുള്ള സാഹചര്യമൊരുക്കുക, സംസ്ഥാനത്തെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിച്ച് 2017-ഓടുകൂടി 150 മെഗാവാട്ടിന്റെ അധിക സ്ഥാപിതശേഷി വർദ്ധനവ് കൈവരിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ നയം വഴി ഉദ്ദേശിക്കുന്നത്.

(സി) സംരംഭകർ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിക്കുന്നതിനും അനുമതി നൽകുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി വിവിധ വകുപ്പ് അദ്ധ്യക്ഷന്മാർ അംഗങ്ങളായ ഏകജാലക സംവിധാനം രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ സമർപ്പിക്കപ്പെടുന്ന പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിലേക്കായി ഈ മേഖലയിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ ഒരു കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

**ദൈനംദിന ഉപഭോഗത്തിന് വൈദ്യുതി**

121 (392) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദൈനംദിന ഉപഭോഗത്തിന് ആവശ്യമായ വൈദ്യുതി എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തിന് ആവശ്യമായ മൊത്തം വൈദ്യുതിയിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിച്ച് വരുന്നത്; ഏതെല്ലാം മേഖലയിൽ ; ഓരോ മേഖലയിലേതും പ്രത്യേകം വ്യക്തമാക്കുമോ;

(സി) കേന്ദ്രവിഹിതമായി സംസ്ഥാനത്ത് എത്ര വൈദ്യുതി ലഭിയ്ക്കുന്നു;

(ഡി) വൈദ്യുതി കമ്മി എങ്ങനെയാണ് പരിഹരിച്ചു വരുന്നത് ; വിശദമാക്കുമോ?

ഉത്തരം

(എ) 2016 ജൂൺ മാസത്തിലെ ശരാശരി ദൈനംദിന ഉപഭോഗം 63.42 ദശലക്ഷം യൂണിറ്റാണെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) 2016 ജൂൺ മാസം (21-ാം തീയതി വരെയുള്ള കണക്കനുസരിച്ച്) സംസ്ഥാനത്തിന്റെ ശരാശരി ആഭ്യന്തര ഉത്പാദനം 11.419 ദശലക്ഷം യൂണിറ്റാണ്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(സി) കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് നിലവിൽ പ്രതിദിനം ഏകദേശം 26.45 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ലഭിക്കുന്നത്.

(ഡി) മേൽ സ്രോതസ്സുകൾക്ക് പുറമേ ആവശ്യമായ വൈദ്യുതി സ്വകാര്യ ഉത്പാദകരിൽ നിന്ന് നേരിട്ടോ, അംഗീകൃത വ്യാപാരികൾ മുഖേനയോ ദീർഘകാല/ മദ്ധ്യകാല/ഹ്രസ്വകാലാടിസ്ഥാനത്തിൽ കരാർ ചെയ്ത് വാങ്ങുകയോ ആണ് ചെയ്തുവരുന്നത്. തികയാതെ വരുന്ന വൈദ്യുതിക്കായി ദ്രവ ഇന്ധന നിലയങ്ങളെയും, പവർ എക്സ്ചേഞ്ചുകളെയും ആശ്രയിക്കാറുണ്ട്.

**കായംകുളം കെ.എസ്.ഇ.ബി. സബ് സെന്ററുകൾ രൂപീകരിക്കുന്നത്**

122 (393) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏകദേശം 20000-ൽ അധികം ഉപഭോക്താക്കളുള്ള കായംകുളം കെ.എസ്.സി.ബി. ഈസ്റ്റ് സെക്ഷനിൽ മഴക്കാലത്ത് ഉണ്ടാകുന്ന വ്യാപകമായ വൈദ്യുതി തകരാറുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നിലവിലുള്ള ജീവനക്കാരുടെ എണ്ണം പരിമിതമായതിനാലും പ്രസ്തുത സെക്ഷന്റെ വിസ്തൃതി വളരെ കൂടുതലായതിനാലും പെർമനന്റ് ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് പുതിയ സബ് സെന്ററുകൾ രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

32 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈസ്റ്റ് സെക്ഷൻ ഓഫീസിന്റെ പരിധിയിൽ 18952 ഉപഭോക്താക്കളാണുള്ളത്. ഒരു സെക്ഷൻ ഓഫീസിന്റെ പ്രവർത്തനത്തിനായി നിജപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ എണ്ണം പൂർണ്ണമായും കായംകുളം ഈസ്റ്റ് സെക്ഷൻ ഓഫീസിലും അനുവദിച്ചിട്ടുണ്ട്. മീറ്റർ റീഡർ തസ്തികയിലുള്ളവരൊഴികെയുള്ള എല്ലാ സ്റ്റാഫും പെർമനന്റ് സ്റ്റാഫാണ്. ആകയാൽ സെക്ഷനുകീഴിൽ പുതിയ സബ് സെന്റർ ആരംഭിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോവൂർ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

123 (394) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോവൂർ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വിഭജിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കോവൂർ, മാവൂർ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിച്ച് കുറ്റിക്കാട്ടൂർ ആസ്ഥാനമായി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കോവൂർ, മാവൂർ എന്നീ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ഇവ വിഭജിച്ച് പുതിയ സെക്ഷൻ രൂപീകരിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## വൈദ്യുതി ലൈൻ പൊട്ടിവീണുള്ള അപകടങ്ങൾ

124 (395) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ലൈൻ പൊട്ടി വീണ ആളുകൾ മരിക്കുന്നതും ഗുരുതരമായി പരിക്കേൽക്കുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പട്ടിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇത് തടയുന്നതിനായി കൈകൊള്ളുന്ന നടപടികൾ വിശദമാക്കാമോ :

(സി) മഴക്കാലം ശക്തമായതോടെ വൈദ്യുതി വിതരണം പല കാരണങ്ങളാൽ തടസ്സപ്പെടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2016 ജനവരി മുതൽ മേയ് വരെ കമ്പി പൊട്ടിവീണതുമൂലം പൊതുജനങ്ങൾക്ക് 7 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിൽ 5 പേർ മരിക്കുകയും രണ്ടുപേർക്ക് പരിക്കേൽക്കുകയും ചെയ്തു.

(ബി) മഴക്കാലത്ത് ഉണ്ടായേക്കാവുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിലേക്കായി എല്ലാ വർഷവും പ്രീ-മൺസൂൺ മെയിന്റനൻസ് നടത്താറുണ്ട്. ഇതിന്റെ ഭാഗമായി 11 കെ.വി. ലൈനുകൾ, എൽ.റ്റി. ലൈനുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ എന്നിവ പരിശോധിക്കുക, ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ നീക്കം ചെയ്യുക, കേടായതും പഴക്കം ചെന്നതുമായ പോസ്റ്റുകൾ, സ്റ്റേകൾ, വൈദ്യുത കമ്പികൾ, ഇൻസുലേറ്ററുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുക, ബ്രിഡ്ജിങ്ങ് പരിശോധന നടത്തി ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുക, താഴ്ന്നുകിടക്കുന്ന ലൈനുകൾ റീ ഷാക്കിളിംഗ് നടത്തുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ പരിശോധിച്ച് എ.ബി. സ്വിച്ച്, എർത്തിങ്ങ്, ലൈറ്റ്നിംഗ് അറസ്റ്റർ, ഓയിൽ ലെവൽ, ഫ്യൂസ്, കേബിളുകൾ തുടങ്ങിയവ പരിശോധിച്ച് ആവശ്യമെങ്കിൽ മെയിന്റനൻസ് ചെയ്യുക, ട്രാൻസ്ഫോർമർ ലോഡ് ബാലൻസ് ചെയ്യുക, പഴയ വെതർ പ്രൂഫ് വയറുകൾ മാറ്റുക തുടങ്ങിയവ ചെയ്തുവരുന്നു.

പൊതുജനങ്ങളുടെയും ജീവനക്കാരുടെയും സുരക്ഷിതത്വത്തിനായി എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾക്കും എ.ബി. സ്വിച്ചുകൾ ഘടിപ്പിക്കുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ MCCB (മോൾഡഡ് കേസ് സർക്യൂട്ട് ബ്രേക്കറുകൾ) ഘടിപ്പിക്കുക, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളുടെയും വിതരണ ശൃംഖലയുടെയും എർത്തിംഗ് ദൃഢപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 11 കെ.വി.-യോ അതിനുമുകളിലുള്ളതോ ആയ ലൈനുകൾ പൊട്ടിവീണാൽ തൽക്ഷണം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. എങ്കിലും ഇത് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് പരിശോധനയും സാങ്കേതിക മെച്ചപ്പെടുത്തലുകളും ത്വരിതഗതിയിൽ നടത്തി വരുന്നു.

പൊതുജനങ്ങളുടേയും കുട്ടികളുടേയും വൈദ്യുതി സംബന്ധമായ സുരക്ഷാവബോധം ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടത്തിവരുന്നു. ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിങ്ങ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ, ദൃശ്യ/ശ്രാവ്യ/പത്രമാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാധ്യതയുള്ള അലുമിനിയം കമ്പികൾ മാറ്റുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ സാങ്കേതികവും പൊതുജന സമ്പർക്കപരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കമ്പി പൊട്ടി വീഴുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് "9496 061 061" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഏതു പരാതിയും നേരിട്ട് അറിയിക്കുന്നതിനു "1912" എന്ന കേന്ദ്രീകൃത ഉപഭോക്തൃസേവന കേന്ദ്രം 24 മണിക്കൂറും 365 ദിവസവും പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് വൈദ്യുതി സുരക്ഷയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് സുരക്ഷാ ബോധവൽക്കരണ പ്രദർശനം സംഘടി പ്പിക്കുന്നുണ്ട്. കൂടാതെ ഈ സ്കൂൾ വർഷത്തിൽ സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന നെയിം സ്ലിപ്പുകൾ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

(സി&ഡി) ഉണ്ട്. മഴക്കാലം മുൻകൂട്ടി കണ്ടുകൊണ്ട് എല്ലാ വർഷവും ഇലക്ട്രിക് ലൈനിൽ തട്ടിക്കിടക്കുന്നതും തട്ടാൻ സാധ്യതയുള്ളതുമായ മരച്ചില്ലകൾ വെട്ടിമാറ്റുക, ലൈനിലും പോസ്റ്റിലും പടർന്നുകിടക്കുന്ന മറ്റ് പടർപ്പുകൾ എടുത്ത് മാറ്റുക, ലൈനുകൾ വലിച്ച് കെട്ടുക, ചരിഞ്ഞോ ചുവടു കേടായോ നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക, നിശ്ചിത സുരക്ഷാ അകലം പാലിക്കാത്ത ലൈനുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഇടയിലായി പോസ്റ്റ് സ്ഥാപിക്കുക, പൊട്ടിയതോ ഇളകിയതോ ആയ സ്റ്റേ പുനഃസ്ഥാപിക്കുക, ലൈനിലെ ബ്രിഡ്ജിംഗുകൾ ശരിയായ രീതിയിൽ നൽകുക, "ഉപഭോക്താവിന് കണക്ഷൻ നൽകിയിരിക്കുന്ന വയർ കേടായവയാണെങ്കിൽ മാറ്റി നൽകുക, സ്റ്റേ ഇൻസുലേറ്റർ ലൈൻ സ്പേസർ എന്നിവ സ്ഥാപിക്കുക, എ.ബി. സ്വിച്ചുകൾ ശരിയായ രീതിയിലാണോ എന്ന് പരിശോധിക്കുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ ശരിയായ പരിപാലനം ചെയ്ത് നിലനിർത്തുക എന്നീ പ്രീ-മൺസൂൺ പ്രവൃത്തികൾ ചെയ്യാറുണ്ട്. എന്നാൽപ്പോലും മഴക്കാലം ശക്തമാകുന്നതോടുകൂടി ലൈനിലേക്ക് മരങ്ങൾ കടപുഴകി വീഴുക, മരച്ചില്ലകളും പരസ്യ ബോർഡുകൾ ഉൾപ്പെടെയുള്ള മറ്റ് സാമഗ്രികൾ ലൈനിലേക്ക് വീഴുക, ഇടിമിന്നൽമൂലം ലൈനിലും ഉപകരണങ്ങൾക്കും കേടുപാടുകൾ സംഭവിക്കുക, വെള്ളപ്പൊക്കം, കൊടുംകാറ്റ് തുടങ്ങിയ കാരണങ്ങളാൽ കമ്പികൾ പൊട്ടുക, പോസ്റ്റുകൾ ഒടിഞ്ഞും ഫ്യൂസ് കേടായും, ഇൻസുലേറ്ററുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ കേടാകുക മുതലായവമൂലം വൈദ്യുതി തകരാർ വരുന്നുണ്ട്.

ഇത്തരത്തിൽ ഒരു പ്രദേശം കേന്ദ്രീകരിച്ച് കൂടുതൽ കെടുതികൾ വരുന്ന സാഹചര്യത്തിൽ, ആയവ ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനായി മതിയായ സാധനസാമഗ്രികളും സുരക്ഷാ ഉപകരണങ്ങളും ലഭ്യമാക്കികൊണ്ടും, അധികം ജീവനക്കാരെ നിയോഗിച്ചുകൊണ്ടും ഇലക്ട്രിക്കൽ ഡിവിഷൻ തലത്തിൽ Disaster Management Committee രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അടിയന്തര സാഹചര്യങ്ങൾ മറികടക്കുന്നതിനുള്ള ചെലവുകൾക്കായി ഓരോ ഇലക്ട്രിക്കൽ ഡിവിഷനുകൾക്കും ഒരു ലക്ഷം രൂപ സ്പെഷ്യൽ ക്രെഡിറ്റായി അനുവദിച്ചിട്ടുണ്ട്.

അതിലുപരി 2 മണിക്കൂറിൽ കൂടുതൽ ദൈർഘ്യം വരുന്ന എച്ച്.റ്റി. ഫാൾട്ടുകൾ എല്ലാ ദിവസവും കോർപ്പറേറ്റ് തലത്തിൽ അവലോകനം ചെയ്യുന്നതിനും അത് സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള സജ്ജീകരണവും ചെയ്തിട്ടുണ്ട്. കൂടാതെ സുരക്ഷാനടപടികൾ മുൻനിർത്തിക്കൊണ്ട് 24x7 രീതിയിൽ പ്രവർത്തിക്കുന്ന കാൾ സെന്റർ വൈദ്യുതിഭവൻ കേന്ദ്രമായി നിലവിലുള്ളതും കൂടാതെ കമ്പി പൊട്ടിയത്/മറ്റ് പരാതികൾ അറിയിക്കുന്നതിനായി 9496061061 എന്ന ഹോട്ട്‌ലൈൻ നമ്പറും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വ്യാപക നാശനഷ്ടങ്ങൾ വരുന്ന സാഹര്യത്തിൽ മറ്റ് സർക്കാർ വകുപ്പുകളുടെ (പ്രത്യേകിച്ചും ഫോറസ്റ്റ്/ പോലീസ്/ ഫയർ& റെസ്ക്യൂ സർവ്വീസ്/ PWD) സഹായ സഹകരണങ്ങളും അഭ്യർത്ഥിച്ചിട്ടുണ്ട്.

## വൈദ്യുതി തൂൺ തകർന്ന് മരണം

125 (396) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോലിൽ 3-6-2016-ന് കാവുങ്കൽ എന്ന സ്ഥലത്ത് വൈദ്യുതി തൂൺ തകർന്ന് കരാർ ജീവനക്കാരനായ രാജീവ് മരിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരേതന്റെ കുടുംബത്തിന് വൈദ്യുതിവകുപ്പ് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പരേതന്റെ കുടുംബത്തിന് മരണാനന്തര ചടങ്ങുകൾക്കുള്ള അടിയന്തര സഹായമായി 5000 (അയ്യായിരം) രൂപ നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിൽ ജോലി ചെയ്യവെ അപകടമരണം സംഭവിച്ചതാകയാൽ 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം (3,97, 480 രൂപ മുതൽ 9,14,160 രൂപ വരെ) ലഭിക്കുന്നതിനും മരണപ്പെട്ട രാജീവന്റെ ആശ്രിതർക്ക് അർഹതയുണ്ട്. പരേതന്റെ ആശ്രിതർ ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് അർഹമായ തുക അനുവദിക്കുന്നതാണ്.

## മീറ്റർ റീഡർ തസ്തിക

126 (397) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ ഇപ്പോൾ നിലവിലുള്ള മീറ്റർ റീഡർ തസ്തികകളുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം ഡിവിഷൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ ഡിവിഷനിലും സ്ഥിരം ജീവനക്കാരുടെ എണ്ണം എത്രയാണ്; നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ ;

ഉത്തരം

(എ-സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ തസ്തികകൾ പുനർ നിർണ്ണയിക്കുന്നത് സംബന്ധിച്ച് ഒരു പഠനം ഐ.ഐ.എം. കോഴിക്കോടിന്റെ കീഴിൽ നടന്നിട്ടുണ്ട്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ മീറ്റർ റീഡർ വിഭാഗത്തിൽ ആവശ്യമായ തസ്തികയുടെ എണ്ണവും ഒഴിവും തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ഓരോ ഡിവിഷനിലെയും മീറ്റർ റീഡറായി ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ പട്ടിക താഴെക്കൊടുത്തിരിക്കുന്നു.

| ഡിവിഷൻ | മീറ്റർ റീഡർമാരുടെ എണ്ണം |
|---|---|
| നെടുമങ്ങാട് | 11 |
| നെയ്യാറ്റിൻകര | 21 |
| നിലമ്പൂർ | 8 |
| നോർത്ത് പരവൂർ | 14 |
| പാല | 3 |
| പാലക്കാട് | 18 |
| പള്ളം | 9 |
| പത്തനംതിട്ട | 5 |

| | |
|---|---|
| പട്ടാമ്പി | 7 |
| പയ്യന്നൂർ | 32 |
| പീരുമേട് | 1 |
| പെരിന്തൽമണ്ണ | 14 |
| പെരുമ്പാവൂർ | 10 |
| പൊൻകുന്നം | 10 |
| പൊന്നാനി | 4 |
| പുനലൂർ | 8 |
| ഷൊർണ്ണൂർ | 3 |
| തലശ്ശേരി | 11 |
| തിരൂരങ്ങാടി | 9 |
| തിരുവല്ല | 4 |
| തിരുവനന്തപുരം | 15 |
| തൊടുപുഴ | 232 |
| തൃപ്പൂണിത്തുറ | 12 |
| തൃശ്ശൂർ (വെസ്റ്റ്) | 16 |
| തൃശ്ശൂർ (ഈസ്റ്റ്) | 11 |
| തിരൂർ | 18 |
| വടകര | 17 |
| വടക്കാഞ്ചേരി | 8 |
| വൈക്കം | 12 |
| വണ്ടൂർ | 16 |
| അടൂർ | 7 |

| | |
|---|---|
| ആലപ്പുഴ | 14 |
| ആലത്തൂർ | 16 |
| ആലുവ | 11 |
| അങ്കമാലി | 5 |
| ആറ്റിങ്ങൽ | 7 |
| ബാലുശ്ശേരി | 37 |
| ചാലക്കുടി | 15 |
| ചങ്ങനാശ്ശേരി | 5 |
| ചാത്തന്നൂർ | 7 |
| ചെങ്ങന്നൂർ | 2 |
| ചേർത്തല | 20 |
| ചിറ്റൂർ | 11 |
| എറണാകുളം | 6 |
| ഫെറോക്ക് | 18 |
| ഹരിപ്പാട് | 4 |
| ഇരിങ്ങാലക്കുട | 9 |
| ഇരിട്ടി | 13 |
| കൽപ്പറ്റ | 24 |
| കാഞ്ഞങ്ങാട് | 12 |
| കണ്ണൂർ | 18 |
| കാഞ്ഞിരപ്പള്ളി | 14 |
| കാസർഗോഡ് | 6 |

| | |
|---|---|
| കാട്ടാക്കട | 9 |
| കട്ടപ്പന | 8 |
| കഴക്കൂട്ടം | 14 |
| കൊടുങ്ങല്ലൂർ | 11 |
| കൊല്ലം | 13 |
| കൊണ്ടോട്ടി | 20 |
| കൊട്ടാരക്കര | 10 |
| കോഴിക്കോട് | 30 |
| കുണ്ടറ | 11 |
| കുന്നംകുളം | 9 |
| മാനന്തവാടി | 9 |
| മഞ്ചേരി | 23 |
| മണ്ണാർക്കാട് | 9 |
| മട്ടാഞ്ചേരി | 12 |
| മാവേലിക്കര | 3 |
| മൂവാറ്റുപുഴ | 21 |
| നാദാപുരം | 12 |

**വാമനപുരം നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകൾ**

127 (398) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസുകളുടെ പട്ടിക ലഭ്യമാക്കുമോ ;

(ബി) ഓരോ ഓഫീസുകളുടേയും പരിധിയിൽ എത്ര ഉപഭോക്താക്കൾ വീതമുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഓഫീസുകളിൽ ഓരോന്നിലും അനുവദിക്കപ്പെട്ട ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്കും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളെ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ ;

(ഡി) ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിയ്ക്കുമോ ?

ഉത്തരം

(എ) പാലോട്, ചുള്ളിമാനൂർ, പെരിങ്ങമല, വെഞ്ഞാറമൂട്, കല്ലറ, വാമനപുരം എന്നീ 6 സെക്ഷൻ ഓഫീസുകളും വെഞ്ഞാറമൂട് 33 കെ.വി. സബ്സ്റ്റേഷനും പ്രവർത്തിക്കുന്നുണ്ട്.

(ബി)

| സെക്ഷൻ ഓഫീസ് | ആകെ ഉപഭോക്താക്കളുടെ എണ്ണം |
|---|---|
| പാലോട് | 11688 |
| ചുള്ളിമാനൂർ | 15583 |
| പെരിങ്ങമല | 9230 |
| വെഞ്ഞാറമൂട് | 22793 |
| കല്ലറ | 22520 |
| വാമനപുരം | 10778 |

(സി) വിതരണ വിഭാഗത്തിലുള്ള ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.* സബ്സ്റ്റേഷൻ ഷിഫ്റ്റ് ഡ്യൂട്ടി വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നടത്തിവരുന്നു.

(ഡി) സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം

128 (399) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ് അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഈ സംവിധാനം നടത്തുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) (i) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിംഗിലൂടെയും വിസ/മാസ്റ്റർകാർഡ് തുടങ്ങിയ ഡെബിറ്റ്/ ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക.

(ii) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറ ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് സൗകര്യം ലഭ്യമാക്കുക.

(iii) പണമടച്ചതിന്റെ വിശദാംശങ്ങൾ തത്സമയം തന്നെ ഉപഭോക്താക്കൾ നൽകി മൊബൈൽ നമ്പരിലോ, ഇ.-മെയിൽ വിലാസത്തിലോ ലഭ്യമാക്കുക.

(iv) ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന ഓൺലൈൻ സംവിധാനത്തിൽ ഉപഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്യുന്നതിനും രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കൺസ്യൂമർ നമ്പരിലെയും പണം അടയ്ക്കാനുള്ള ബില്ലുകൾ തെരഞ്ഞെടുത്ത് അവ ഓൺലൈനായി അടയ്ക്കുന്നതിനും സൗകര്യമൊരുക്കുക,

(v) മുൻകാലങ്ങളിലുള്ള വൈദ്യുതി ബില്ലുകളുടെ വിശദാംശങ്ങൾ, പണമടച്ചതിന്റെ വിവരങ്ങൾ, വൈദ്യുതി ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക. ഈ ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്.

(സി) വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്ന സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി, ഉപഭോക്താക്കൾക്ക് സംശയനിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനുമുള്ള സേവനം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ വഴി നൽകിവരുന്നു. 1912 അല്ലെങ്കിൽ 0471 2555544 എന്ന ടെലിഫോൺ നമ്പർ വഴിയും ഇ-മെയിൽ വഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ബില്ലിംഗിനായി ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്തി എല്ലാ സെക്ഷൻ ഓഫീസുകളിലും വിന്യസിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ എല്ലാ ഡിവിഷൻ ഓഫീസുകളും കേന്ദ്രീകരിച്ച് മീറ്റിംഗുകൾ വിളിച്ചുചേർക്കുകയും ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ നേരിട്ടുതന്നെ വിതരണ വിഭാഗത്തിലെ ഉയർന്ന ഓഫീസർമാരുടെ യോഗം രണ്ട് തവണ വിളിച്ചു ചേർക്കുകയും ഓൺലൈൻ സംവിധാനം ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**വൈദ്യുതി ഉൽപ്പാദന പദ്ധതികൾ**

129 (400) ശ്രീ. എം. എം. മണി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2006 കാലയളവിൽ വൈദ്യുതി ഉല്പ്പാദന വർദ്ധനവിനായി ഏതൊക്കെ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നുവെന്നും ഇവയിൽ നിന്നെല്ലാമായി എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിച്ചുവെന്നും വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വെളിപ്പെടുത്താമോ;

(സി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) വൈദ്യുതി ഉല്പാദന പദ്ധതികളൊന്നും പ്രാവർത്തികമാക്കാതെ പോയതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ഇ) വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സമയബന്ധിതമായി ഏതൊക്കെ പദ്ധതികൾ പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>2001-02 ബഡ്ജറ്റ് വർഷത്തെ പ്രഖ്യാപനങ്ങൾ</u> :

1. 211.2 മെഗാവാട്ട് വൈദ്യുതി കൂടി സംസ്ഥാന പവർ ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കുക.
2. 34.2 മെഗാവാട്ട് ആകെ ശേഷിയുള്ള മൂന്ന് ചെറുകിട ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടെ പുതിയ വൈദ്യുത നിലയങ്ങൾ കമ്മീഷൻ ചെയ്യുക.
3. ഇതിനുപുറമെ 305.15 മെഗാവാട്ട് ശേഷിയുള്ള നടന്നുവരുന്ന പുതിയ ജല വൈദ്യുത പദ്ധതികളുടെ പണി പൂർത്തീകരിക്കുക.
4. 438 മില്യൻ യൂണിറ്റ് അധിക ഉത്പാദനം ലക്ഷ്യമാക്കി നിലവിലുള്ള ജലവൈദ്യുത പദ്ധതികൾ വിപുലീകരിക്കുക.
5. പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ പുനരുദ്ധാരണവും ആധുനിക വൽക്കരണവും ശേഷിവർദ്ധനവും തന്നാണ്ടുതന്നെ പൂർത്തീകരിക്കുക.
6. 300 മെഗാവാട്ട് ശേഷിയുള്ള ശബരിഗിരി പദ്ധതിയുടെ പുനരുദ്ധാരണവും ആധുനികവൽക്കരണവും ശേഷി വർദ്ധനവും നടപ്പുവർഷം തന്നെ ഏറ്റെടുക്കുക.

<u>2001-02 ശേഷി വർദ്ധനവ് സാദ്ധ്യമായത്</u> :

2.5 മെഗാവാട്ട് ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതി പൂർത്തീകരിച്ചു. ചെങ്കുളം, പന്നിയാർ എന്നിവയുടെ പുനരുദ്ധാരണം വഴി 4.1 മെഗാവാട്ട് വർദ്ധന കൂടി സാധ്യമായി. 21 മെഗാവാട്ട് ശേഷി ഐ.പി.പി. വഴി വർദ്ധിപ്പിക്കാൻ സാധിച്ചു. 2002-03, 2003-04 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ പുതിയ പ്രഖ്യാപനങ്ങളൊന്നും നടത്തിയിട്ടില്ല.

മേൽവർഷങ്ങളിൽ ശേഷി വർദ്ധനവ് സാദ്ധ്യമായത് താഴെ കൊടുത്തിരിക്കുന്നു. :

| | |
|---|---|
| 2002-03 | 2.8 മെഗാവാട്ട് ചെങ്കുളം, പന്നിയാർ ഇവയുടെ പുനരുദ്ധാരണം വഴി സാധ്യമായി |
| 2003-04 | 12.6 മെഗാവാട്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ വഴി സാധ്യമായി |

2004-05 ബഡ്ജറ്റ് വർഷത്തെ പ്രഖ്യാപനങ്ങൾ :

1. പള്ളിവാസൽ വിപുലീകരണ പദ്ധതി തന്നാണ്ടുതന്നെ ഏറ്റെടുക്കുക.
2. ആതിരപ്പള്ളി പദ്ധതി, പള്ളിവാസൽ വിപുലീകരണ പദ്ധതി, മാങ്കുളം പദ്ധതി, പൂർത്തിയാക്കാനുള്ള മറ്റ് പദ്ധതികൾ എന്നിവയിലൂടെ 391.5 മെഗാവാട്ട് അധിക വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ശ്രമങ്ങൾ ആരംഭിക്കുക.
3. മാങ്കുളത്ത് ഒരു മാതൃക ചെറുകിട ജലവൈദ്യുത പദ്ധതിക്കും മറ്റ് ചെറുകിട ജലവൈദ്യുതപദ്ധതികൾക്കുമുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക.
4. 77.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 30 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം 2004 ജനുവരിയിൽത്തന്നെ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുക.
5. ഇടുക്കി ജില്ലയിലെ രാമക്കൽമേട് മേഖലയിൽ കാറ്റിൽനിന്ന് 100 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതി അനെർട്ട് മുഖാന്തിരം ഏറ്റെടുത്ത് നടത്തുക.

2004-05 -ൽ നേര്യമംഗലം പദ്ധതിയുടെ പുനരുദ്ധാരണം വഴി 2.55 മെഗാവാട്ട് ശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

2005-06 ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ :

1. നിർമ്മാണ ഘട്ടത്തിലുള്ള ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കുക.
2. ശബരിഗിരി, നേര്യമംഗലം പദ്ധതികളുടെ പുനരുദ്ധാരണം, നവീകരണം
3. എനർജി മാനേജ്മെന്റ് സെന്റർ വഴി മൂന്ന് മാതൃകാ മൈക്രോ ഹൈഡൽ പ്രോജക്ടുകൾ സ്ഥാപിക്കുക.
4. സ്വകാര്യമേഖലയിൽ മുപ്പത് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പഠനറിപ്പോർട്ട് തയ്യാറാക്കുക.

2005-06 വർഷത്തിൽ ശബരിഗിരി, നേര്യമംഗലം തുടങ്ങിയവയുടെ പുനരുദ്ധാരണം വഴിയും രണ്ട് ചെറുകിട ജലസേചന പദ്ധതികൾ വഴിയും 26.55 MW ശേഷി വർദ്ധിപ്പിക്കാൻ സാധിച്ചു.

(ബി) 2001-2006 കാലയളവിൽ പ്രഖ്യാപിച്ച മലമ്പുഴ (2.5 MW) ചെമ്പുക്കടവ്-1 (2.7 MW) ചെമ്പുക്കടവ്-II (3.75 MW) ഉറുമി-1 (3.75 MW) ഉറുമി-II (2.4 MW) മലങ്കര ( 10.5 MW) ലോവർ മീൻമുട്ടി( 3.5 MW) എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്ത് നിലവിൽ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാണ്. കൂടാതെ പള്ളിവാസൽ (37.5MW) ചെങ്കുളം (51.2MW) പന്നിയാർ (32.4MW) ശബരിഗിരി (340MW) നേര്യമംഗലം (52.65) എന്നീ പദ്ധതികളുടെ പുനഃരുദ്ധാരണ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ച് നിലവിൽ പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാണ്.

| | | |
|---|---|---|
| (സി) | ചെമ്പുകാവ്-I | 24.03 കോടി രൂപ |
| | ചെമ്പുക്കടവ്-II | 18.82 കോടി രൂപ |
| | ഉറുമി-I | 17.45 കോടി രൂപ |
| | ഉറുമി-II | 17.2 കോടി രൂപ |

മലങ്കര ചെറുകിട ജലവൈദ്യുത പദ്ധതിയുടെ സിവിൽ ജോലികളുടെ നിർമ്മാണപ്രവർത്തനത്തിനായി 7.94 കോടി രൂപയും ലോവർ മീൻമുട്ടി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 16.01 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പള്ളിവാസൽ, പന്നിയാർ, ചെങ്കുളം(PPSHUP) | ₹ 371.73 കോടി |
| നേര്യമംഗലം | ₹ 53.53 കോടി |
| ശബരിഗിരി | ₹ 99.44 കോടി |
| മലങ്കര ചെറുകിട ജലവൈദ്യുത പദ്ധതിയുടെ E&M പ്രവൃത്തികൾക്ക് ചെലവാക്കിയ തുക | ₹ 23.76 കോടി |

(ഡി) പദ്ധതികൾ നടപ്പാക്കുന്നതിൽ വന്ന വീഴ്ചകൾ വിശകലനം ചെയ്ത് പോരായ്മകൾ പരിഹരിച്ച് മുന്നോട്ട് പോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(ഇ) നിർമ്മാണത്തിലിരിക്കുന്ന താഴെചേർത്തിട്ടുള്ള പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

| | | |
|---|---|---|
| 1 | വെള്ളത്തൂവൽ SHEP | 3.6 MW |
| 2 | പെരുന്തേനരുവി | 6 MW |
| 3 | കക്കയം SHEP | 3 MW |
| 4 | പെരിങ്ങൽകുത്ത് SHEP | 24 MW |
| 5 | ചാത്തൻകോട്ടുനട-II | 6 MW |
| 6 | ഭൂതത്താൻകെട്ട് SHEP | 24 MW |
| 7 | ചെങ്കുളം ഓഗ്മെന്റേഷൻ | 85 Mu |
| 8 | തോട്ടിയാർ HEP | 40 MW |
| 9 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 MW |

ഇപ്പോൾ നിർമ്മാണം നടക്കുന്നതും ടെണ്ടറിംഗ് സ്റ്റേജിലുള്ളതുമായ 71.2915 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ 2016-17 വർഷത്തിൽത്തന്നെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. ഇവ അനുബന്ധമായി ചേർത്തിട്ടുണ്ട്. * കഞ്ചിക്കോട് സ്ഥാപിക്കുന്ന കാറ്റിൽനിന്ന് 2.625 MW-ന്റെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയും 2016-17- ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു.

### വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

130 (401) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-2016 കാലയളവിൽ സംസ്ഥാനത്ത് വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

സ്വകാര്യ മേഖലയിൽ നിന്നുള്ളതുൾപ്പെടെ 57.92 MW അധിക സ്ഥാപിത ശേഷി വർദ്ധിപ്പിച്ചു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വൈദ്യുതി കമ്മി നികത്തുന്നതിനും നടപടി

131 (402) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുവാൻ എന്തൊക്കെ അടിയന്തര നടപടികളാണ് പരിഗണനയിലുള്ളത്;

(ബി) പുതിയ ജലവൈദ്യുത പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ ഓരോ ജലവൈദ്യുത പദ്ധതിയുടെയും ശേഷിയെയും ഉൽപാദനത്തെയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ ;

(ഡി) വൈദ്യുതി കമ്മി നികത്താൻ സർക്കാർ നിലവിൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വൈദ്യുതോൽപ്പാദനം ത്വരിതഗതിയിൽ വർദ്ധിപ്പിക്കുന്നതിന് വേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ജലവൈദ്യുത പദ്ധതികളിൽ നിന്ന് അഞ്ഞൂറ് മെഗാവാട്ടും സൗരോർജ്ജം, കാറ്റ് മുതലായ പുനരുപയോഗ സ്രോതസ്സുകളിൽ നിന്ന് ആയിരത്തിയഞ്ഞൂറ് മെഗാവാട്ടും ഒരു താപ നിലയത്തിൽ നിന്ന് 1320 മെഗാവാട്ടും ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കിയും പുതിയ പദ്ധതികൾ ആവിഷ്കരിച്ചും വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. മുടങ്ങിക്കിടക്കുന്ന മൂന്ന് ജലവൈദ്യുത പദ്ധതികളുടെ പണി പുനരാരംഭിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നും വൈദ്യുതോൽപ്പാദനം നടത്തുന്നതിന് പരിഗണനയിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെ.എസ്.ഇ.ബി.എൽ-ന്റെ പണി നടന്നുവരുന്നതും ടെണ്ടർ ചെയ്യുന്നതുമായ പദ്ധതികൾ | 21.2915 MW |
| കെ.എസ്.ഇ.ബി.എൽ-ഉം പ്ലാനിംഗ് ബോർഡും (ജില്ലാ പഞ്ചായത്തുകളിൽ) ചേർന്ന് നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന സോളാർ പദ്ധതികൾ | 20.331 MW |
| കെ.എസ്.ഇ.ബി.എൽ-ഉം സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് നടപ്പിൽ വരുത്തുന്ന സോളാർ പാർക്ക് | 200MW |

ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള പോളിസി പ്രകാരം സ്വകാര്യ മേഖലയിൽ അമ്പത്തിയഞ്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ, ക്യാപ്റ്റീവ് (CPP) സ്വതന്ത്ര (IPP) വിഭാഗങ്ങളിലായി ബൂട്ട് അടിസ്ഥാനത്തിൽ (Build, Own Operate and Transfer) നിർമ്മിക്കുന്നതിനുള്ള മത്സര ദർഘാസിന്റെ ഒന്നാം ഘട്ടമായ പ്രീ- ക്വാളിഫിക്കേഷൻ നടപടികൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകത നിറവേറ്റുന്നതിനായി 445.5 MW-ന്റെ പുതിയ 20 ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ 18 പുതിയ ജലവൈദ്യുത പദ്ധതികളുടെ ഇൻവെസ്റ്റിഗേഷനും ഡി.പി.ആർ. തയ്യാറാക്കലും ലക്ഷ്യമിട്ടിട്ടുണ്ട് (ആകെ 110.5 MW). ഇതുകൂടാതെ, നിലവിലുള്ള ജലാശയങ്ങളെ ബന്ധിപ്പിച്ച് "Pumped Storage" സ്കീമുകളുടെയും നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതാപഠനങ്ങളും നടന്നുവരുന്നു.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) DBFOO (Design Build Finance Own Operate) സംവിധാനം വഴി 25 വർഷത്തേക്ക് 865 മെഗാവാട്ട് വൈദ്യുതി വിവിധ ഉൽപ്പാദകരിൽനിന്നും താരതമ്യേന കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള കരാറിലേർപ്പട്ടിട്ടുണ്ട്. ഇതിൽ 165 മെഗാവാട്ട് വൈദ്യുതി 1-6-2016 മുതൽ ലഭ്യമായി തുടങ്ങിയിട്ടുണ്ട്.

Case-1 bidding route-ലൂടെ കരാറിലേർപ്പെട്ടിരുന്ന 400 മെഗാവാട്ട് വൈദ്യുതി 2017 ഫെബ്രുവരി മാസം വരെ ലഭ്യമാക്കിയിട്ടുണ്ട്.

Maithon, DVC എന്നിവയിൽ നിന്ന് 400 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിന് ദീർഘകാല കരാറിലേർപ്പെട്ടിട്ടുണ്ട്. ഈ വൈദ്യുതി ലഭ്യമായി തുടങ്ങിയിട്ടുണ്ട്.

പുതിയ സൗരോർജ്ജ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ഉപഭോക്താക്കളുടെ സൗരോർജ്ജ ഉൽപ്പാദനത്തിന് കൂടുതൽ ആനുകൂല്യങ്ങൾ നൽകി ആകർഷകമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2016-17 വർഷത്തിൽ 12.6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള മൂന്ന് ചെറുകിട വൈദ്യുതനിലയങ്ങൾ കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടത്തിവരുന്നു.

വൈദ്യുതി എക്സ്ചേഞ്ചുകളിൽ നിന്ന് അനുകൂല സമയത്ത് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

DEEP (E-tendering) മുഖാന്തരം രാജ്യത്തിന്റെ വിവിധ മേഖലകളിൽ നിന്ന് കൂടുതൽ വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി DELP (Domestic Efficient Lighting Programme) പോലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ഈ പദ്ധതിപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉപഭോക്താക്കൾക്ക് സൗജന്യമായും മറ്റ് ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിലും രണ്ട് എൽ.ഇ.ഡി. ബൾബുകൾ നൽകിവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സാമൂഹിക/സാംസ്കാരിക സംഘടനകളുടെയും സഹകരണത്തോടെ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

**മസ്ദൂർ തസ്തികയിൽ ഒഴിവുകൾ**

132 (403) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യുടെ കെ.എസ്.ഇ.ബി. മസ്ദൂർ റാങ്ക് ലിസ്റ്റ് (തൃശ്ശൂർ ജില്ല ) നിലവിലുണ്ടോ;

(ബി) ആകെ എത്ര മസ്ദൂർ തസ്തികകളാണ് തൃശ്ശൂർ ജില്ലയിൽ ഉള്ളത്;അതിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(സി) ഓവർസിയർ തസ്തികയിലേക്ക് അർഹതയുള്ളവർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) അർഹമായ പ്രൊമോഷനുകൾ സമയബന്ധിതമായി നൽകാത്തതുമൂലം മസ്ദൂർ തസ്തികയിൽ ഒഴിവുകൾ ഉണ്ടാകുന്നില്ല എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പി.എസ്.സി. മസ്ദൂർ റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 510, ഒഴിവുകളില്ല.

(സി) നൽകിയിട്ടുണ്ട്.

(ഡി) സമയബന്ധിതമായി അർഹമായ പ്രൊമോഷനുകൾ നൽകിയിട്ടുണ്ട്.

(ഇ) ഒഴിവ് വരുന്ന മുറയ്ക്ക് നിയമനം നൽകിവരുന്നു.

**മസ്ദൂർ തസ്തികയിലെ ഒഴിവുകൾ**

133 (404) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വിവിധ സെക്ഷനുകളിലായി മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുണ്ടെന്ന് വ്യക്തമാക്കുമോ; അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ 25000-ലധികം ഉപഭോക്താക്കളുള്ള സെക്ഷനുകൾ വിഭജിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഇത്തരത്തിൽ സെക്ഷനുകളെ വിഭജിച്ച് ജീവനക്കാരുടെ അധിക ജോലിഭാരം കുറച്ച് മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ ഒഴിവുകളില്ല.

(ബി & സി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി അമ്പത് ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി നൂറ് ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികമാവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ബോർഡ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കാറുണ്ട്. മേൽ മാനദണ്ഡത്തിൽ ഉൾപ്പെടുന്ന പക്ഷം സെക്ഷൻ ഓഫീസുകളെ വിഭജിക്കുന്ന വിഷയം പരിഗണനാർഹമാണ്.

**മീറ്റർ റീഡർമാരുടെ ഒഴിവുകൾ**

134 (405) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ള മീറ്റർ റീഡർമാരുടെ തസ്തികകളുടെ എണ്ണം എത്രയാണ്;

(ബി) ഒഴിവുകളുടെ എണ്ണം ഡിവിഷൻ തിരിച്ച് അറിയിക്കുമോ;

(സി) സ്ഥിരം ജീവനക്കാരുടെ എണ്ണം എത്രയാണ് ;

(ഡി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) കെ.എസ്.ഇ.ബി. മീറ്റർ റീഡർമാരുടെ തസ്തികയെക്കുറിച്ച് പഠനം നടത്തുന്നതിന് വേണ്ടി ചുമതലപ്പെടുത്തിയ ഐ.ഐ.എം കോഴിക്കോട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ജി) പഠന റിപ്പോർട്ട് തയ്യാറാക്കിയില്ലെങ്കിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം എന്താണ്; എന്നത്തേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ-ഡി) കെ.എസ്.ഇ.ബി.-യിൽ മീറ്റർ റീഡർ തസ്തികയിൽ 855 സ്ഥിരം ജീവനക്കാരുണ്ട്. കെ.എസ്.ഇ.ബി.-യിൽ എത്ര തസ്തികകളാണ് ആവശ്യമെന്നത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. (IIM-K) പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. പഠന റിപ്പോർട്ട് ബോർഡ് തലത്തിൽ പഠിക്കുകയും വിശകലനം ചെയ്യുകയും ചെയ്തശേഷം മാത്രമേ മീറ്റർ റീഡർ തസ്തികയിൽ ആവശ്യമായ എണ്ണവും ഒഴിവുകളും എത്രയാണെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(ഇ-ജി) ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## മീറ്റർ റീഡർമാരുടെ തസ്തികയെക്കുറിച്ച് പഠനം

135 (406) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-മീറ്റർ റീഡർമാരുടെ തസ്തികയെ കുറിച്ച് പഠനം നടത്തുന്നതിന് 2014-ൽ കോഴിക്കോട് ഐ.ഐ.എം.-നെ ചുമതലപ്പെടുത്തിയിരുന്നോ ;

(ബി) ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; അതിന്റെ പ്രധാന ശിപാർശകൾ എന്തെല്ലാം; വിശദാംശം നൽകുമോ ;

(സി) റിപ്പോർട്ട് ലഭ്യമായിട്ടില്ലെങ്കിൽ അതിന്റെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ചുമതലപ്പെടുത്തിയിരുന്നു.

(ബി & സി) സമർപ്പിച്ചിട്ടില്ല. എന്നാൽ റിപ്പോർട്ട് കെ.എസ്.ഇ.ബി.-ക്ക് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് പഠിച്ച് തുടർനടപടി നിർദ്ദേശിക്കാൻ കെ.എസ്.ഇ.ബി.-യുടെ ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായ സമിതിയെ കെ.എസ്.ഇ.ബി.-യുടെ ഡയറക്ടർ ബോർഡ് ചുമതലപ്പെടുത്തിയിരിക്കുകയാണ്.

**വൈദ്യുതി വിതരണത്തിനായുള്ള തൂണുകൾ**

136 (407) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വൈദ്യുതി വിതരണത്തിനായുള്ള തൂണുകൾ ഏതു കമ്പനിയിൽ നിന്നാണ് കെ.എസ്.ഇ.ബി. ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ കമ്പനിയെ എത്ര പ്രാവശ്യം കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിയ്ക്കാമോ;

(സി) കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ കമ്പനിക്ക് വീണ്ടും തൂണ് നിർമ്മാണത്തിനുള്ള (പോൾ കാസ്റ്റിംഗ് യൂണിറ്റ്) അനുമതി നൽകിയതിനുണ്ടായ കാരണം അറിയിക്കുമോ ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത കമ്പനി വിതരണം ചെയ്ത തൂണിൽ കയറുമ്പോൾ ഒടിഞ്ഞുവീണ് കരാർ ജീവനക്കാരൻ മരിച്ചതിനെ തുടർന്ന് കമ്പനിക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ജ്യോതി കൺസ്ട്രക്ഷൻ കമ്പനി, മാംഗ്ലൂർ, കർണ്ണാടക എന്ന പോൾകാസ്റ്റിംഗ് കമ്പനിയിൽ നിന്നാണ് കാസർഗോഡ് ജില്ലയിൽ വിതരണത്തിനായുള്ള കോൺക്രീറ്റ് തൂണുകൾ ലഭ്യമാക്കുന്നത്. ടി കമ്പനിക്ക് 31-7-2015-ലെ പർച്ചേസ് ഓർഡർ പ്രകാരം 1-11-2015 മുതൽ രണ്ട് വർഷക്കാലയളവിലേക്ക് കാസർഗോഡ് സർക്കിളിലേക്ക് 20200 എണ്ണം എട്ട് മീറ്റർ തൂണുകളും 4800 എണ്ണം 9 മീറ്റർ തൂണുകളും വിതരണം ചെയ്യുന്നതിനും നിലമ്പൂർ സർക്കിളിലേക്ക് 12800 എണ്ണം 8 മീറ്റർ തൂണുകളും 4000 എണ്ണം 9 മീറ്റർ തൂണുകളും വിതരണം ചെയ്യുന്നതിനും കരാർ നൽകിയിട്ടുണ്ട്.

(ബി&സി) ടി കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്.

(ഡി) ടി കമ്പനിയിൽനിന്നും കോൺക്രീറ്റ് തൂണുകൾ വാങ്ങുന്നത് തൽക്കാലം നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അപകട കാരണം അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ കോഴിക്കോട് ചീഫ് എഞ്ചിനീയർ (സിവിൽ-കൺസ്ട്രക്ഷൻ നോർത്ത്) ഓഫീസിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പ്രസ്തുത കരാർ അനുവദിച്ചതുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും സമഗ്രമായി പരിശോധിച്ച് നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കെ.എസ്.ഇ.ബി. ചെയർമാന് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

137 (408) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുള്ള തുക എത്രയാണ്; ഇത് പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും പേരു വിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക വരുത്തിയവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

### ഉത്തരം

(എ-സി) 31-3-2016 -ലെ കണക്കനുസരിച്ച് കേന്ദ്ര സംസ്ഥാന സർക്കാർ, കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യമേഖലാ സ്ഥാപനങ്ങൾ, ലൈസൻസികൾ, സംസ്ഥാന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മറ്റ് ഉപഭോക്താക്കളിൽ നിന്നുമായി മൊത്തം 1796.63 കോടി രൂപയാണ് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ളത്. കുടിശ്ശിക വരുത്തിയ തുക ഈടാക്കുന്നതിനായി വൈദ്യുതി ബന്ധം വിച്ഛേദിക്കൽ, റവന്യൂ റിക്കവറി തുടങ്ങിയ നടപടികളും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പിലാക്കി വരുന്നു. അഞ്ചുലക്ഷത്തിനുമേൽ കുടിശ്ശികയുള്ള എച്ച്.റ്റി./ഇ.ഇച്ച്.റ്റി./എൽ.റ്റി. വിഭാഗത്തിലുള്ള സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും പേരുവിവരങ്ങൾ ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി പ്രസരണ ശൃംഖല വിപുലീകരണം

138 (409) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി പ്രസരണ ശൃംഖല വിപുലീകരിക്കുന്നതിന് WDLF കണ്ടക്ടർ ഉപയോഗിക്കുന്നതിന് പകരമായി HTLS (ഹൈ ടെൻഷൻ ലോ സാഗിംഗ്) സംവിധാനം ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോന്നിനുമുള്ള പ്രസരണ നഷ്ടത്തോത് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി പ്രസരണ ശൃംഖല വിപുലീകരിക്കുന്നതിന് പ്രസരണ വിഭാഗം മേധാവിയുടെ അഭിപ്രായം തേടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പുതിയ ലൈനുകൾ നിർമ്മിക്കുവാൻ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളിൽ നിലവിലുള്ള ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണ് ഹൈടെൻഷൻ ലോ സാഗിംഗ് (എച്ച് റ്റിഎൽഎസ്) ഉൾപ്പെടെയുള്ള പുതിയതരം കമ്പികൾ ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) ഓരോ ഇനം കമ്പികളുടെയും പ്രസരണനഷ്ടത്തിന്റെ തോത് അവയിൽക്കൂടി പ്രവഹിക്കുന്ന വൈദ്യുതിയുടെ അളവിനും താപനിലയ്ക്കും ആനുപാതികമായിരിക്കും.

(സി) പ്രസരണശൃംഖല വിപുലീകരിക്കുന്നതടക്കമുള്ള എല്ലാ പ്രധാന പദ്ധതികൾക്കും അതതുവിഭാഗം മേധാവിമാരുടെ ശിപാർശ പരിഗണിച്ചാണ് അനുവാദം നൽകുന്നത്. ഇപ്രകാരം പ്രസരണ ശൃംഖല വിപുലീകരിക്കുന്നതിനുള്ള ദീർഘകാല പദ്ധതിക്ക് വൈദ്യുതി ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്.

## വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഭൂഗർഭ കേബിൾ സംവിധാനം

139 (410) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് ഭൂഗർഭ കേബിൾ സംവിധാനമാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് സ്കീം പ്രകാരമാണ് ടി പ്രവൃത്തി നടപ്പാക്കിവരുന്നതെന്നും ഇതിനായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും ഇനിയും ബാക്കിയുള്ള പ്രദേശങ്ങളിൽകൂടി പ്രസ്തുത പ്രവൃത്തി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ കണയന്നൂർ താലൂക്കിൽ ഉൾപ്പെട്ട മുളവുകാട് പഞ്ചായത്ത്, കൊച്ചി താലൂക്കിൽ ഉൾപ്പെട്ട എടവനക്കാട്, എളങ്കുന്നപ്പുഴ, നായരമ്പലം, ഞാറക്കൽ എന്നീ പഞ്ചായത്തുകളിലെ പ്രദേശങ്ങളിലാണ് ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നത്.

(ബി) പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP) കൊച്ചി പ്രകാരമാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കി വരുന്നത്. ഇതിലേക്കായി 2092 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

(സി) പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി നീട്ടിക്കിട്ടുന്നതിനുള്ള നടപടികൾ ബോർഡ് തലത്തിൽ സ്വീകരിച്ചുവരുന്നു. കരാർ കാലാവധി നീട്ടുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കും. RAPDRP പദ്ധതിയിൽ ഭൂഗർഭ കേബിൾ സ്ഥാപിക്കാൻ അനുമതി ലഭിച്ച പ്രദേശങ്ങളിൽ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. പദ്ധതിയിൽ ഉൾപ്പെടാത്ത പ്രദേശങ്ങളെ പുതിയ പദ്ധതികൾ വരുന്ന മുറയ്ക്ക് ഉൾപ്പെടുത്താവുന്നതാണ്.

## ബേപ്പൂർ മണ്ഡലത്തിലെ വൈദ്യുതി പ്രോജക്ടുകൾ

140 (411) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ ഫറോക്ക് നല്ലൂരിൽ സ്ഥാപിക്കുന്ന 33 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തി എത്രത്തോളമായെന്ന് വ്യക്തമാക്കുമോ; ഇത് എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ നല്ലളം കിഴവന പാടത്ത് വീടുകൾക്ക് അപകടകരമായ നിലയിലുള്ള 110 കെ. വി. ടവർ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി എത്രത്തോളമായെന്ന് വ്യക്തമാക്കുമോ; ഇതിന്റെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ബേപ്പൂർ നടുവട്ടം കൽകുന്നത്ത് പ്രദേശത്തെ വോൾട്ടേജ് ക്ഷാമം സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

ഉത്തരം

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ നല്ലൂരിൽ സ്ഥാപിക്കുന്ന ഫറോക്ക് 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ജൂലൈ അവസാനത്തോടെ കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നല്ലളം കിഴവന പാടത്ത് 110 കെ.വി. ലൈനിന്റെ ചുവട്ടിൽ മണ്ണിട്ട് ഉയർത്തി വീടുകൾ നിർമ്മിച്ചതുമൂലം ഉണ്ടായ അപകടാവസ്ഥ ഒഴിവാക്കുന്നതിനായി പ്രസ്തുത ലൈനിൽ ഒരു പുതിയ ടവർ സ്ഥാപിക്കുന്നതിനായി 12-5-2014-ൽ വർക്ക് ഓർഡർ നൽകി ജോലി ആരംഭിച്ചെങ്കിലും ടവറിന്റെ ഒരു കാൽ സ്ഥാപിക്കേണ്ട സ്ഥലത്തിന്റെ ഉടമ ശ്രീ. മുഹമ്മദ് ഷാഫി എന്നയാളുടെ എതിർപ്പുമൂലം ജോലികൾ നിർത്തിവച്ച് ബഹുമാനപ്പെട്ട കോഴിക്കോട് ജില്ലാ അഡീഷണൽ മജിസ്ട്രേറ്റ് കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട കോടതി 14-9-2015-ൽ ടവർ സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. എന്നാൽ സാധനവിലയിലും പണിക്കൂലിയിലും ഉണ്ടായ കാര്യമായ വർദ്ധനവ് കാരണം ജോലി ഏറ്റെടുത്തിരുന്ന കോൺട്രാക്ടർ പിൻമാറിയതിനാൽ പുതിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം നവംബർ മാസത്തോടെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉണ്ട്. ഇത് പരിഹരിക്കുന്നതിന് 450 മീറ്റർ 11 കെ.വി. ലൈൻ വലിച്ച് ഒരു 100 കെ.വി. എ. ട്രാൻസ്ഫോർമർ സ്ഥാപിച്ച് 2016 ഫെബ്രുവരിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്.

## കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സത്തിന് പരിഹാരം

141 (412) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സത്തിന് പരിഹാരം കാണുന്നതിന് നടപടികൾ ആവശ്യപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് സർക്കാരിൽ സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച അനന്തര നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) കൊയിലാണ്ടി നഗരത്തിലെ വാണിജ്യ വ്യാവസായിക സ്ഥാപനങ്ങളുടെയും ആശുപത്രി, സർക്കാർ ഓഫീസുകൾ എന്നിവയുടെയും ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സർക്കാർ സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സത്തിന് പരിഹാരം കാണുന്നതിനായി കൊയിലാണ്ടി 110 കെ.വി. സബ് സ്റ്റേഷനിൽനിന്നും കൊയിലാണ്ടി നഗരത്തിലേക്ക് മാത്രമായി ഒരു 11 കെ.വി. ഫീഡർ ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തി 2016-17-ലെ ബോർഡിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സത്തിന് പരിഹാരം കാണുന്നതിനായി പ്രസരണ വിഭാഗത്തിന് കീഴിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) 110 കെ.വി. കൊയിലാണ്ടി സബ്സ്റ്റേഷനിലെ 110/11 കെ.വി. ട്രാൻസ്ഫോർമറിന്റെ സ്ഥാപിതശേഷി 20 എം.വി.എ.യിൽ നിന്ന് 30 എം.വി.എ ആയി വർദ്ധിപ്പിച്ചു.

(2) ഓർക്കാട്ടേരി-കൊയിലാണ്ടി 110 കെ.വി. ലൈൻ doubling പ്രവൃത്തികൾ നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തികൾ സെപ്റ്റംബർ മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കൊയിലാണ്ടി നഗരത്തിൽ ഒരു പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായാൽ സാങ്കേതിക പഠനം നടത്തിയശേഷം പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം**

142 (413) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ വൈദ്യുതി ഉൽപാദനം പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വീട്ടാവശ്യത്തിന് സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഉപഭോക്താക്കൾക്ക് ധനസഹായം ലഭ്യമാണോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സൗരോർജ്ജ വൈദ്യുതി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ രണ്ട് പ്രധാന പദ്ധതികൾ അനെർട്ട് മുഖേന സംസ്ഥാനത്തുടനീളം നടപ്പിലാക്കിവരുന്നു.

(1) 10000 സൗരഗൃഹ പദ്ധതി :

സംസ്ഥാനത്തെ 10000 മേൽക്കൂരയിൽ 1 കിലോവാട്ടിന്റെ പവർപ്ലാന്റുകൾ സ്ഥാപിക്കുകവഴി 10 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ ഉദ്ദേശിച്ച പദ്ധതിയിൽ നിലവിൽ ഒമ്പത് മെഗാവാട്ടോളം പ്രതിഷ്ഠാപനങ്ങൾ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. പദ്ധതി പുരോഗമിക്കുകയാണ്.

(2) സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി :

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് സോളാർ കണ്ക്ട് ശൃംഖലാബന്ധിത പദ്ധതി. ഈ പദ്ധതി പൂർത്തിയാക്കുക വഴി സംസ്ഥാനത്തിന്റെ സ്ഥാപിതശേഷി 15 മെഗാവാട്ട് ഉയർത്തുവാനാണ് അനെർട്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിലൂടെ രണ്ട് മുതൽ 50 കിലോവാട്ട് വരെയുള്ള പവർപ്ലാന്റുകൾക്ക് അപേക്ഷിക്കാവുന്നതാണ്. സംസ്ഥാനത്ത് വിവിധ കെട്ടിടങ്ങളിൽ 399 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളുടെ നിർമ്മാണം അനെർട്ടിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിക്കുകയും 336 കിലോവാട്ട് പീക്ക് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. സൗരോർജ്ജ റാന്തലുകൾ സബ്സിഡിയോടെ വിതരണം ചെയ്യുന്ന പദ്ധതി അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ വഴി നടന്നുവരുന്നുണ്ട്. കർഷകർക്കായി സബ്സിഡി നിരക്കിൽ സൗരോർജ്ജ വാട്ടർ പമ്പ് നൽകിവരുന്നു.

കേരളത്തിലെ ജനങ്ങൾക്ക് വീട്ടാവശ്യത്തിനായി 2 സിഎഫ്എൽ ലൈറ്റുകൾ, 1 ഡിസി ഫാൻ, 1 മൊബൈൽ ചാർജ്ജിംഗ് യൂണിറ്റ് എന്നിവ അടങ്ങിയ സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ വഴി നൽകുന്ന പദ്ധതി ഉടൻതന്നെ ആരംഭിക്കാൻ കഴിയും. സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ലഭ്യമാണ്. അനെർട്ട് മുഖേന സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന ഉപഭോക്താക്കൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലഭ്യമാക്കുന്നുണ്ട്. പതിനായിരം സൗരഗൃഹ പദ്ധതിയിൽ പവർപ്ലാന്റ് സ്ഥാപിക്കുന്ന ഉപഭോക്താവിന് 91197 രൂപ ധനസഹായമായി ലഭ്യമാക്കുന്നുണ്ട്. സോളാർ കണ്ക്ട് ശൃംഖലാബന്ധിത

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പദ്ധതിയിൽ പവർപ്ലാന്റ് സ്ഥാപിക്കുന്നവർക്ക് കേന്ദ്ര സബ്സിഡിയായി പരമാവധി 24,000 രൂപ പ്രതി കിലോവാട്ടും സംസ്ഥാന ധനസഹായമായി 10,000 രൂപ പ്രതി കിലോവാട്ടും ലഭ്യമാക്കുന്നുണ്ട്.

വീട്ടാവശ്യത്തിന് സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്നതിനായി അനെർട്ട് നടപ്പിലാക്കുന്ന സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റത്തിന് 4000 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകുന്നതാണ്. വീടുകളിൽ സൗരോർജ്ജ ഉൽപ്പാദനത്തിനായി അനെർട്ട് ജില്ലാ ഓഫീസുകൾ വഴി സിഎഫ്എൽ, എൽഇഡി സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്തുവരുന്നു. ഒരു എൽ.ഇ.ഡി. റാന്തലിന് 2240 രൂപയും സിഎഫ്എൽ റാന്തലിന് 2190 രൂപയുമാണ്. എന്നാൽ എസ്.സി./എസ്.ടി./ബി.പി.എൽ/ഫിഷർമാൻ വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾക്ക് 1000 രൂപയും ജനറൽ വിഭാഗത്തിൽ പെടുന്ന ഉപഭോക്താക്കൾക്ക് 500 രൂപയും സംസ്ഥാന സർക്കാരിന്റെ സബ്സിഡി ലഭിക്കും. വീട്ടാവശ്യത്തിന് വേണ്ടി സ്ഥാപിക്കുന്ന ഓഫ് ഗ്രിഡ് പദ്ധതിയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതിക്ക് ഒരു രൂപ എന്ന നിരക്കിൽ പ്രോത്സാഹനം നൽകുന്നുമുണ്ട്.

## കാസർഗോഡ് ജില്ലയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങൾ

143 (414) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതുതായി ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയ എത്ര സ്ഥലങ്ങളുണ്ട്; ലൈൻ വലിച്ച്, പോസ്റ്റ് നാട്ടി, ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ മാത്രം കാത്തിരിക്കുന്ന എത്രസ്ഥലങ്ങളുണ്ടെന്നും ഇവിടെ എപ്പോൾ ട്രാൻസ്ഫോർമർ സ്ഥാപിക്കുമെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പുതുതായി സ്ഥാപിച്ച ട്രാൻസ്ഫോർമറുകളുടെ കണക്ക് ജില്ല തിരിച്ച് നൽകാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ ചുവടെചേർക്കുന്നു :

| ക്രമ നമ്പർ | സെക്ഷൻ | സ്ഥലം |
|---|---|---|
| (1) | (2) | (3) |
| 1 | കയ്യൂർ | വലിയപൊയിൽ കൽപ്പാത്തി, മുണ്ടനരിയന്മൂല |
| 2 | പടന്ന | പട്ടേൽ കടപ്പുറം, കിനാത്തിൽ നോർത്ത്, ഓരികുറത്തി വളപ്പ് |
| 3 | പെരിയ ബസാർ | തൊക്കാനം മൊട്ട പള്ളപ്പുഴ തട്ടുമ്മൽശാന്തൻമുള്ള സി.എച്ച്.സി.പെരിയ, പനയാർ ബാങ്ക് |
| 4 | പീലിക്കോട് | കൊത്തോളി നടക്കാവ് കോളനി |
| 5 | ചിത്താരി | ദാവൂദ് മൊഹല്ല ക്ലബ്ബ് അടിമയിൽ ക്ഷേത്രം |
| 6 | മാവുങ്കൽ | നെല്ലിക്കാട്, ചളിയംകോട് അടമ്പിൽ മൂലക്ക്, ദൂരദർശൻ മുത്തപ്പൻ തറ, കല്ലയാൺ, മുത്തപ്പൻതറ, കമലപ്ലാവ് കോളനി, റോഡ്കാരക്കോട് പട്ടാഹിമൂല കമ്പള കട്ടിപ്പാറ, പള്ളോട്ട് ഭഗവതിക്ഷേത്രം പാങ്ങാട് |
| 7 | നീലേശ്വരം | ഏഴാംതോട് മോനാച്ച, അലിൻകീൽ പുതുക്കൈ, കൊയാമ്പുറം, പള്ളിക്കര തോട്ടം സാറ്റേൺ ക്ലബ്ബ് പടിഞ്ഞാറ്റം കൊവ്വൽ തട്ടാച്ചേരി |
| 8 | പടന്നക്കാട് | കൊടച്ചാൽ, പുറത്തേക്കൈ അഴിത്തല, കണിച്ചാര, ഓർച്ച പാലം, ഒഴിഞ്ഞ വളപ്പ്, പഴയ കടപ്പുറം, മരക്കാപ്പ് കടപ്പുറം, ഗള്ളിപ്പള്ളി റോഡ്, തട്ടുമ്മൽ, ഒഴിഞ്ഞ വളപ്പ്-അനന്തൻ പാല |
| 9 | ബളാംതോട് | ഒറ്റമൂല, ഉമ്പോടി, പാടികൊച്ചി |

| (1) | (2) | (3) |
|---|---|---|
| 10 | ഭീമനടി | ചുള്ളി ജംഗ്ഷൻ, മുഴവഞ്ചേരി ജംഗ്ഷൻ, തലക്കുളം, വട്ടക്കയം കുന്നുകൈ കാനറ ബാങ്ക് |
| 11 | കാഞ്ഞങ്ങാട് | മേലാംകോട് |
| 12 | രാജപുരം | ചീച്ചക്കയം ഇരിയ ഏഴാംമൈൽ ഒക്ലാവ്, മയിൽപ്പാറ |
| 13 | തൃക്കരിപ്പൂർ | കുറ്റിച്ചി-മസ്കറ്റ് റോഡ് പേക്കടം |
| 14 | ബദിയടുക്ക | ഉദയപുരം ഗൗരിയടുക്ക കനിയാംപാടി കൊട്ട, വോറുമ്പടി |
| 15 | നെല്ലിക്കുന്ന് | ബദിയടുക്ക ധൂമാവതി ബട്ടംപാറ പെരിയടുക്ക |
| 16 | കുമ്പള | ചല്ലങ്കോട് മൊഗ്രാൽ മലങ്കാര പൊസത്തടുക്ക |
| 17 | ചട്ടഞ്ചാൽ | കനിയാംകുണ്ട്, കൊപ്പാളംകായ, മഞ്ചാനടുക്കം, വടക്കേപ്പറമ്പ്, മണ്ടലിപ്പാറ |
| 18 | ചെർക്കള | എതിർതോട്-ബദരിനഗർ, എതിർതോട്കണ്ണാടിപ്പാറ, ചെന്നടുക്ക കോളിയടുക്കം, മേനംകോട്, പൈക്ക ബീട്ടിയടുക്ക, തീയ്യടുക്ക, അമ്മങ്കോട്, തെക്കേപ്പള്ളം |
| 19 | മുള്ളേരിയ | ബേജതക്കട്ട, ബെങ്കനടുക്ക, മൊവ്വാർ, മുതിരകൊച്ചി, നെയ്യാട്, സരോളിമൂല |
| 20 | പൈവളികെ | ബള്ളൂർ ബയാടി, മുട്ടാങ്കെ പെർകജെ, പാക്ക |
| 21 | ഉദുമ | അംബിക നഗർ, ആര്യടുക്കം, അരമങ്ങാനം എൽ.പി.സ്കൂൾ, കീഴൂർ തെരുവത്ത്, മാങ്ങാട്, ഉദുമ പള്ളം |

| (1) | (2) | (3) |
|---|---|---|
| 22 | ഉപ്പള | അട്ടക്ക, ഓലക്ക് റോഡ്, കൊക്കച്ചാൽ പ്രതാപ് നഗർ |
| 23 | വോർക്കാടി | മോർത്താനെ ഡയഗൊളി ഗാന്ധിനഗർ, കടമ്പാർ, കജെപടവ് തെക്കെ ഓർഡ് മസ്ജിദ് |
| 24 | കുറ്റിക്കോൽ | കുണ്ടൂച്ചി, മാനടുക്കം, കുണ്ടുംകുഴി-ബെഡഡുക്കം |
| 25 | മഞ്ചേശ്വരം | അമ്പത്താടി, ബഡാജെ, ബേള, കുഞ്ചത്തൂർ മജൽ, മജിയമ്പൽ മട്ടൻമാർ, പാപ്പില |
| 26 | പെർള | ബെയിലാമൂല |
| | ആകെ | 123 എണ്ണം |

(ബി) 81 സ്ഥലങ്ങളുണ്ട്. ലൈൻ വലിച്ച് പോസ്റ്റ് നാട്ടിയ ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള 69 സ്ഥലങ്ങളുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി സ്ഥാപിച്ച ട്രാൻസ്ഫോർമറുകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ തന്നിരിക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 6 |
| കൊല്ലം | 9 |
| പത്തനംതിട്ട | 1 |
| കോട്ടയം | 8 |
| എറണാകുളം | 14 |
| തൃശ്ശൂർ | 23 |
| ആലപ്പുഴ | 4 |
| ഇടുക്കി | 2 |

| | |
|---|---|
| വയനാട് | 13 |
| മലപ്പുറം | 14 |
| കോഴിക്കോട് | 3 |
| പാലക്കാട് | 18 |
| കണ്ണൂർ | 2 |
| കാസർഗോഡ് | 6 |

**സൗരോർജ്ജ നയം**

144 (415) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ നയം രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ ;

(സി) സൗരോർജ്ജത്തിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ഡി) തൃശ്ശൂർ ജില്ലയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്. 25-11-2013-ലെ സർക്കാർ ഉത്തരവ് (പി)നമ്പർ 49/2013/ പി.ഡി. പ്രകാരം സംസ്ഥാനത്ത് സൗരോർജ്ജ നയം രൂപീകരിച്ചിട്ടുണ്ട്.

(ബി) സൗരോർജ്ജ നയത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

(1) സംസ്ഥാനത്തിലെ സോളാർ ഊർജ്ജത്തിന്റെ സ്ഥാപിതശേഷി 2017-ൽ 500 മെഗാവാട്ടും 2030-ൽ 2500 മെഗാവാട്ടും ആയി വർദ്ധിപ്പിക്കുക.

(2) ലഭ്യമായ സൗരോർജ്ജം പരമാവധി ഉപയോഗിക്കുക.

(3) കാർബൺ എമിഷൻ കുറച്ചുകൊണ്ട് പരമാവധി ഊർജ്ജ സുരക്ഷ ഉറപ്പുവരുത്തുക

(4) സോളാർ ഊർജ്ജവുമായി ബന്ധപ്പെട്ട മേഖലകളിൽ നേരിട്ടും അല്ലാതെയും ഉള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

(5) ഈ മേഖലകളിൽ പുതിയ കണ്ടുപിടിത്തവുമായി ബന്ധപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുക.

(സി) സൗരോർജ്ജ നയമനുസരിച്ച് 2017 -ഓടെ 500 മെഗാവാട്ടും 2030-ഓടെ 2500 മെഗാവാട്ടും സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് പ്രസ്തുത നയത്തിൽ ലക്ഷ്യമിട്ടിരുന്നത്. നിലവിൽ 241MW വരുന്ന പദ്ധതികളാണ് നിർമ്മാണം നടക്കുന്നത്.

(ഡി) ഉണ്ട്.

**വാമനപുരത്ത് പുതിയ കെ.എസ്.ഇ. ബി. ഓഫീസുകൾ**

145 (416) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ പുല്ലമ്പാറ, കല്ലറ, പാങ്ങോട് പഞ്ചായത്തുകളിൽ ഓരോ പുതിയ കെ.എസ്.ഇ.ബി ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നിലവിലുണ്ടോ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി അമ്പത് ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികമാവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. ചുള്ളിമാനൂർ, വെഞ്ഞാറമൂട് എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുല്ലമ്പാറ പഞ്ചായത്തിലെ തേമ്പാമൂട് ആസ്ഥാനമായും നിലവിലുള്ള കല്ലറ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പാങ്ങോട് പഞ്ചായത്തിലും സെക്ഷൻ ഓഫീസുകൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസലുകൾ ബോർഡ് പരിശോധിച്ചു വരുന്നു. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ ഇവ വിഭജിച്ച് പുതിയ സെക്ഷനുകൾ രൂപീകരിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## കൊട്ടാരക്കര സിവിൽ സബ് ഡിവിഷൻ (അക്കൗണ്ട്സ് ക്ലോസിംഗ് യൂണിറ്റ്)

146 (417) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര വൈദ്യുതി ഭവനിൽ പ്രവർത്തിച്ചുവന്ന സിവിൽ സബ് ഡിവിഷൻ (അക്കൗണ്ട്സ് ക്ലോസിംഗ് യൂണിറ്റ്) പുനരാരംഭിക്കുന്നതിന് കെ. എസ്.ഇ.ബി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് മുൻ വൈദ്യുതി മന്ത്രി മുഖാന്തരം നൽകിയ കത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കുമോ;

(ബി) കൊട്ടാരക്കര വൈദ്യുതി ഭവനിൽ സിവിൽ വിഭാഗം ആരംഭിക്കുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 21-7-2015-ലെ ബോർഡ് ഉത്തരവുപ്രകാരം നിർത്തലാക്കിയ കൊട്ടാരക്കര വൈദ്യുതി ഭവനിൽ നിലനിന്നിരുന്ന അക്കൗണ്ട് ക്ലോസിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ എന്നിവർ ഒഴികെയുള്ള സ്റ്റാഫിനെ തിരുവനന്തപുരം വൈദ്യുതി ഭവനിലുള്ള സിവിൽ ഡിവിഷനിൽ ലയിപ്പിച്ചിട്ടുണ്ട്. അക്കൗണ്ട്സ് ക്ലോസിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ തിരുവനന്തപുരം സിവിൽ ഡിവിഷൻ /ചീഫ് എഞ്ചിനീയർ ഓഫീസ് എന്നിവിടങ്ങളിൽ തുടരുന്നതാണ്.

(ബി) കൊട്ടാരക്കര വൈദ്യുതി ഭവനിൽ സിവിൽ വിഭാഗം ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്നവർക്ക് വൈദ്യുതി കണക്ഷൻ

147 (418) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുറമ്പോക്കു ഭൂമിയിൽ താമസിച്ചുവരുന്നവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) വിദ്യാർത്ഥികൾ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകി വൈദ്യുതി ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ &ബി) ഉടമസ്ഥാവകാശം ഇല്ലാത്ത ഭൂമിയിൽ 100 ചതുരശ്ര കിലോമീറ്റർ വരെയുള്ള വീടുകൾ കെട്ടി താമസിക്കുന്ന കുടുംബങ്ങൾക്ക് അതാത് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അധികൃതർ നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗാർഹിക വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനായി വൈദ്യുതി ബോർഡ് ഉത്തരവ് ഇറക്കിയിട്ടുണ്ട്.

(സി) കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 പ്രകാരം വൈദ്യുത കണക്ഷൻ നൽകാനാവശ്യമായ ചെലവ് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. നിലവിലുള്ള നിയമപ്രകാരം ഏതെങ്കിലും വിഭാഗത്തിന് വൈദ്യുതി കണക്ഷൻ നൽകുന്നതിന് പ്രത്യേക പരിഗണന നൽകുവാൻ വ്യവസ്ഥയില്ല.

**സർക്കാർ ഓഫീസുകളിൽ വൈദ്യുതി ഉപയോഗം**

148 (419) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലെ വൈദ്യുത ഉപയോഗം അവലോകനം ചെയ്യാറുണ്ടോ;

(ബി) എങ്കിൽ വൈദ്യുത ഉപഭോഗം കുറയ്ക്കുന്നത് നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) അനാവശ്യമായി വൈദ്യുതി ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) സർക്കാർ ഓഫീസുകളിലെയും കെട്ടിടങ്ങളിലെയും വൈദ്യുതി ഉപയോഗം പരിശോധിക്കുന്നതിന് ഊർജ്ജ ആഡിറ്റിംഗ് നടത്തിയിട്ടുണ്ട്. ഊർജ്ജ ലാഭം നേടുന്നതിനായി 10 ശതമാനം ഉപയോഗം കുറയ്ക്കുന്നതിന് 8-8-2008 -ലെ ജി.ഒ.(എംഎസ്.)നമ്പർ 27/2008/PD പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. പൊതു കെട്ടിടങ്ങളെ മാതൃകാ ഊർജ്ജ കാര്യക്ഷമ കെട്ടിടങ്ങളാക്കുന്നതിനായി 30-ലധികം സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ ആഡിറ്റ് നടത്തിയിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ട് നടപ്പിലാക്കുന്നതിലൂടെ ഊർജ്ജ ലാഭം നേടാമെന്ന് കണ്ടെത്തുകയും ചുവടെ പറയുന്ന 8 സ്ഥാപനങ്ങളിൽ റിപ്പോർട്ട് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

1. ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2. വികാസ് ഭവൻ, തിരുവനന്തപുരം
3. സിവിൽ സ്റ്റേഷൻ, കോഴിക്കോട്
4. സിവിൽ സ്റ്റേഷൻ, തൃശ്ശൂർ
5. സിവിൽ സ്റ്റേഷൻ, എറണാകുളം
6. സിവിൽ സ്റ്റേഷൻ, കോട്ടയം
7. ഹൈക്കോടതി കെട്ടിടം, കൊച്ചി
8. വൈലോപ്പിള്ളി സംസ്കൃതി ഭവൻ, തിരുവനന്തപുരം

10 പത്ത് ശതമാനം ഊർജ്ജോപയോഗം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വകുപ്പുതലവൻ, മേലധികാരികൾ എന്നിവർ കർശനമായി പാലിക്കണമെന്ന് മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

**പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷൻ**

149 (420) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യുച്ഛക്തി വകുപ്പിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിലെ പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ എത്ര ഉപഭോക്താക്കൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പീച്ചി കേന്ദ്രമാക്കി പുതിയ സെക്ഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സെക്ഷൻ ഓഫീസിന്റെ പരിധി അമ്പത് ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികമാവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്.

(ബി) 17958 ഉപഭോക്താക്കൾ.

(സി) മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ, പട്ടിക്കാട് സെക്ഷൻ ഓഫീസ് വിഭജിച്ച് പീച്ചി കേന്ദ്രമാക്കി പുതിയ സെക്ഷൻ രൂപീകരിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**വടക്കേപ്പുഴ എക്സ്റ്റൻഷൻ പദ്ധതി**

150 (421) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കേപ്പുഴ എക്സ്റ്റൻഷൻ പദ്ധതി ഏതുഘട്ടംവരെ എത്തിയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനായി 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര മില്ല്യൻ യൂണിറ്റ് ഊർജ്ജോല്പാദനമാണ് വർദ്ധിപ്പിക്കാൻ സാധിക്കുകയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വടക്കേപ്പുഴ എക്സ്റ്റൻഷൻ പദ്ധതിക്ക് 75 ലക്ഷം രൂപയുടെ ഭരണാനുമതി വൈദ്യുതി ബോർഡ് നൽകിയിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) 2016-17-ലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വൈദ്യുതി ബോർഡ് വകയിരുത്തിയിട്ടുണ്ട്.

(സി) 0.70 മില്ല്യൻ യൂണിറ്റ്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## നെടുമൺകാവ് ജംഗ്ഷനിലെ സബ് എഞ്ചിനീയർ ഓഫീസ്

151 (422) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ നെടുമൺകാവ് ജംഗ്ഷനിൽ സബ് എഞ്ചിനീയർ ഓഫീസ് പേയ്മെന്റ് സൗകര്യത്തോടെ ആരംഭിക്കുന്നതിന് മുൻ ഊർജ്ജ മന്ത്രി കെ.എസ്.ഇ.ബി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത സെന്റർ അടിയന്തരമായി പ്രവർത്തനം തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 29-7-2015-ൽ.

(ബി &സി) പ്രസ്തുത നിർദ്ദേശം ബോർഡ് പരിശോധിച്ചു. 30 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 9300-ഓളം ഉപഭോക്താക്കളും മാത്രമുള്ള നല്ലില സെക്ഷനിൽ പുതുതായി ഒരു സബ് എഞ്ചിനീയർ ഓഫീസ് ആരംഭിക്കുന്നതിന്റെ സാമ്പത്തിക ബാധ്യതയും ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കാനുള്ള സൗകര്യവും കണക്കിലെടുത്ത് നെടുമൺകാവ് ഒരു ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

## ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി

152 (423) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിലും സമീപ പഞ്ചായത്തുകളിലുമുള്ള വോൾട്ടേജ് ക്ഷാമവും വൈദ്യുതി വിതരണരംഗത്തടക്കമുള്ള മറ്റ് പ്രശ്നങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കക്കയത്തു നിന്നുള്ള 110 കെ. വി. ഇലക്ട്രിക്ക് ലൈൻ കടന്നു പോകുന്നത് കുറ്റ്യാടി മണ്ഡലത്തിലെ വേളത്തു കൂടിയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ കുറ്റ്യാടി മണ്ഡലത്തിലെയും സമീപ പ്രദേശങ്ങളിലെയും വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരമായി' 'വേളം' കേന്ദ്രമായി ഒരു ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കുറ്റ്യാടിയിലും സമീപ പഞ്ചായത്തുകളിലും കാലവർഷക്കെടുതിയിൽ സംഭവിച്ചിട്ടുള്ള വൈദ്യുതി തടസ്സങ്ങളല്ലാതെ മറ്റ് പ്രശ്നങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) കക്കയത്തുനിന്നും നിലവിലുള്ള 110 കെ.വി. ലൈൻ കുറ്റ്യാടി മണ്ഡലത്തിലെ വേളത്തുകൂടി കടന്നുപോകുന്നില്ല. എന്നാൽ കക്കയം ജനറേറ്റിംഗ് സ്റ്റേഷനിൽ നിന്നും 220 കെ.വി. സബ് സ്റ്റേഷൻ ഓർക്കാട്ടേരിയിലേക്കുള്ള നിർദ്ദിഷ്ട 110 കെ.വി. ലൈൻ വേളം പ്രദേശത്തിന്റെ ചില ഭാഗങ്ങളിൽ കൂടിയാണ് നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കി വരുന്നു. പ്രസ്തുത ഭാഗത്ത് സ്ഥലം ലഭ്യമായാൽ സാങ്കേതിക പഠനം നടത്തി ആവശ്യമെന്ന് കണ്ടാൽ അവിടെ സബ് സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ചാത്തൻകോട്ടുനട ജലവൈദ്യുത പദ്ധതി

153 (424) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ ചാത്തൻകോട്ടുനട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിർമ്മാണം പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്: വിശദമാക്കാമോ:

(സി) നിർമ്മാണം പൂർത്തീകരിച്ച് പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചാത്തൻകോട്ടുനട ജലൈവദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി ഉണ്ടാക്കിയിരിക്കുന്ന കരാർ "റിസ്ക് ആന്റ് കോസ്റ്റ്" ഒഴിവാക്കി അവസാനിപ്പിക്കുന്നതിനും തുടർ നിർമ്മാണ ജോലികൾ ടെണ്ടർ വിളിച്ചു നൽകാനോ അല്ലെങ്കിൽ ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വടകര പോലുള്ള സർക്കാർ അംഗീകൃത ഏജൻസികൾക്ക് നിലവിലെ CPWD ഷെഡ്യൂൾ പ്രകാരമുള്ള അടങ്കൽ തുകയ്ക്ക് നൽകാനോ ഉള്ള ഉത്തരവ് മുൻ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കരാർ അവസാനിപ്പിക്കുന്നതിനുവേണ്ടി

കരാറുകാരുമായി ഉടമ്പടി വ്യവസ്ഥകൾ ബോർഡ് പരിശോധിച്ച് വരികയാണ്. ഗവൺമെന്റ് ഉത്തരവ് ഇപ്പോൾ മന്ത്രിസഭാ ഉപസമിതിയുടെ പരിശോധനയിലുമാണ്. ഇതിൽ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് തുടർ ജോലികളുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള കരാർ നൽകിക്കഴിഞ്ഞാൽ 18 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

## പരുത്തിപ്പാറ 110 കെ.വി. സ്റ്റേഷൻ

154 (425) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ കീഴിൽ പരുത്തിപ്പാറയിൽ 110 കെ.വി സ്റ്റേഷനോടനുബന്ധിച്ച് എത്ര ഏക്കർ സ്ഥലമുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെങ്കിലും ഭാഗം ഫ്ലാറ്റ് നിർമ്മിതിക്കായി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും എങ്കിൽ അതിനുള്ള മുതൽമുടക്ക് എത്രയെന്നും മാറ്റിവയ്ക്കുന്ന സ്ഥലം എത്രയെന്നും വ്യക്തമാക്കാമോ ;

(സി) നിലവിലെ 110 കെ.വി സാധാരണ 220 കെ.വി സബ് സ്റ്റേഷനായി ഉയർത്താൻ എത്ര സ്ഥലം വേണ്ടി വരുമെന്നും അത് ഇപ്പോൾ ലഭ്യമാണോയെന്നും ഫ്ലാറ്റിനുള്ള സ്ഥലം മാറ്റിയാൽ ആയത് ലഭിക്കുമോയെന്നും വെളിപ്പെടുത്താമോ ;

(ഡി) സാധാരണ 220 കെ.വി. സബ് സ്റ്റേഷൻ നിർമ്മിതിക്ക് എന്ത് ചെലവ് വരുമെന്നും അത് ഹൈബ്രിഡ് അല്ലെങ്കിൽ ജി.ഐ.എസ്. രീതിയിലേക്ക് മാറ്റിയാൽ എന്ത് ചെലവ് വരുമെന്നും വ്യക്തമാക്കാമോ ;

(ഇ) ഫ്ലാറ്റ് നിർമ്മിതിക്ക് വേണ്ടതായ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയും, ഫയർ ഫോഴ്സ് വകുപ്പിന്റേയും അനുമതി ലഭിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ പ്രസരണ വിഭാഗം മേധാവിയുടെ അഭിപ്രായം തേടിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) പരുത്തിപ്പാറയിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് 4.53 ഹെക്ടർ (11.1891 ഏക്കർ) സ്ഥലത്താണ്.

(ബി) പരുത്തിപ്പാറ 110 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് നിലവിലുള്ള ക്വാർട്ടേഴ്സുകൾ നീക്കം ചെയ്യുന്ന സ്ഥലത്ത് ഉദ്യോഗസ്ഥരുടെ താമസ സൗകര്യം ഒരുക്കുന്നതിലേക്കായി ഫ്ലാറ്റ് നിർമ്മിക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിലേക്കായി 14 കോടി രൂപയുടെ ഭരണാനുമതിയാണ് ബോർഡ് നൽകിയിട്ടുള്ളത്. ഫ്ലാറ്റ് നിർമ്മാണത്തിനായി 2682.31$m^2$-(66.31 സെന്റ്) സ്ഥലം ആവശ്യമായി വരും.

(സി) നിലവിലെ 110 കെ.വി. സബ്സ്റ്റേഷൻ, സാധാരണ 220 കെ.വി. സബ്സ്റ്റേഷനായി ഉയർത്താൻ ഏകദേശം 2 ഏക്കർ സ്ഥലം വേണ്ടിവരും. നിലവിൽ (ഫ്ലാറ്റ് പണിയുവാൻ ഉദ്ദേശിക്കുന്ന സ്ഥലം ഉൾപ്പെടെ) ഇത്രയും സ്ഥലം സബ്സ്റ്റേഷൻ പണിയുന്നതിന് അനുയോജ്യമായ തരത്തിൽ ലഭ്യമല്ലെന്നാണ് ബോർഡ് കണ്ടെത്തിയിട്ടുള്ളത്.

(ഡി) സാധാരണ 220 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാൻ ഏകദേശം 34 കോടി രൂപ ചെലവ് വരും. ജി.ഐ.എസ്. രീതിയിലേക്ക് മാറ്റിയാൽ 80 കോടി രൂപ ചെലവ് വരും.

(ഇ) നിർമ്മാണ അനുമതികൾക്കായുള്ള അപേക്ഷ സമർപ്പിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇക്കാര്യത്തിൽ ചീഫ് എഞ്ചിനീയർ (ട്രാൻസ്മിഷൻ സൗത്ത്)-ന്റെ അഭിപ്രായം തേടുകയും അതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

## ആറ്റിങ്ങലിൽ 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണം

155 (426) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിൽ 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എന്തു തുക ചെലവാകുമെന്നും നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുവാനാകുമെന്നും നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതാണെന്നും നിർമ്മാണം എന്ന് പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങലിൽ 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ നടപടികൾ നടന്നു വരുന്നു.

(ബി) സബ്സ്റ്റേഷൻ നിർമ്മാണ ചെലവ് ഏകദേശം 7 കോടി രൂപയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ 2016 ജൂലൈ മാസം തുടങ്ങാനാകുമെന്നും 2017 മാർച്ച് മാസം നിർമ്മാണം പൂർത്തിയാകുമെന്നും പ്രതീക്ഷിക്കുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മേൽ നോട്ടത്തിലായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

## പുതുവൈപ്പിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി

156 (427) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിനിലെ ഞാറയ്ക്കൽ KSEB ഓഫീസിന്റെ പ്രവർത്തന മേഖല വളരെ വിസ്തൃതമായതിനാൽ പുതുവൈപ്പ് കേന്ദ്രീകരിച്ച് പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സെക്ഷൻ ഓഫീസിന്റെ പരിധി അമ്പത് ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികമാവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. ഞാറയ്ക്കൽ സെക്ഷൻ ഓഫീസ് വിഭജിച്ച് എടവനക്കാട് കേന്ദ്രീകരിച്ചും വൈപ്പിൻ, വരാപ്പുഴ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് മുളവുകാട് കേന്ദ്രീകരിച്ചും പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ ഇവ വിഭജിച്ച് പുതിയ സെക്ഷനുകൾ രൂപീകരിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## ശബരിമല മാസ്റ്റർ പ്ലാൻ

157 (428) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിലുൾപ്പെടുത്തിയിട്ടുള്ളവയിൽ ഏതൊക്കെ പദ്ധതികളാണ് ഇതിനോടകം പൂർത്തിയാക്കിയിട്ടുള്ളത്; ഓരോ പദ്ധതിക്കും ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) അടുത്ത ശബരിമല ഉത്സവ സീസണു മുൻപായി എന്തൊക്കെ പദ്ധതികളാണ് അടിയന്തരമായി പൂർത്തീകരിക്കാനുള്ളത്; അവയുടെ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ;

(സി) പമ്പയിൽ നിന്നും ശബരിമലയിലേക്ക് റോപ് വേ നിർമ്മിക്കുന്നതിന് ഏതെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഇവ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ശബരിമല ഉന്നതാധികാര സമിതിയുടെ അംഗീകാരം ഈ പ്രോജക്റ്റിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പമ്പാ നദി, ശബരിമല ഉത്സവ സീസണുമായി ബന്ധപ്പെട്ട് മാലിന്യ പൂരിതമാകുന്നു എന്ന പരാതി ശാശ്വതമായി പരിഹരിക്കാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ശബരിമലയും പരിസരവും പ്ലാസ്റ്റിക് രഹിതമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള വകയിൽ പൂർത്തീകരിച്ച പദ്ധതികളുടെയും ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയുടെയും ഇനം തിരിച്ചിട്ടുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) അടുത്ത ശബരിമല സീസണ് മുമ്പ് പൂർത്തീകരിക്കുവാനുള്ള പദ്ധതികളുടെയും അവയുടെ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥയും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പമ്പയിൽ നിന്ന് ശബരിമലയിലേക്കുള്ള മെറ്റീരിയൽ റോപ്പ്-വേ നിർമ്മിക്കുന്നതിന് കൽക്കട്ടയിലെ ദാമോദർ റോപ്പ് വേയ്സ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇത് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ്. ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതി അംഗീകാരം നൽകിയ ശേഷമാണ് ടി കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുള്ളത്.

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡും പത്തനംതിട്ട ജില്ലാ കളക്ടറുടെ കീഴിലുള്ള സാനിറ്റേഷൻ സൊസൈറ്റിയും സംയുക്തമായി പമ്പാനദി മാലിന്യ പൂരിതമാകാതിരിക്കുന്നതിന്, ശബരിമല ഉത്സവ സീസണുമായി ബന്ധപ്പെട്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിൽ പ്രധാനമായും അയ്യപ്പഭക്തന്മാർ പമ്പയിൽ ഉപേക്ഷിച്ചുപോകുന്ന വസ്ത്രങ്ങൾ അപ്പോഴപ്പോൾ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ ഇരുന്നൂറോളം വരുന്ന വിശുദ്ധ സേനാംഗങ്ങളെ ഉപയോഗിച്ച് പമ്പയിലെ മാലിന്യങ്ങൾ സമയാസമയം നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഇ) ശബരിമലയിലും പരിസരപ്രദേശങ്ങളിലും കുപ്പിവെള്ള വിതരണം പൂർണ്ണമായി നിരോധിച്ചിട്ടുണ്ട്. കൂടാതെ പ്ലാസ്റ്റിക് കവറുകൾക്ക് പകരം തുണികൊണ്ടുള്ള സഞ്ചികൾ മാത്രമെ അനുവദിക്കാറുള്ളൂ. കുടിവെള്ള വിതരണത്തിന് ശബരിമല പാതയിലും പമ്പയിലും റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കൂടുതൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ശബരിമലയിലും ശബരിമലയിലേക്കുള്ള പാതയിലും പമ്പയിലും ഔഷധജല വിതരണത്തിനുള്ള സംവിധാനവും തിരുവിതാംകൂർ ദേവസ്വം ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന അയപ്പ ഭക്തന്മാർ പ്ലാസ്റ്റിക് കുപ്പികളിലുള്ള വെള്ളവും പ്ലാസ്റ്റിക് ബാഗുകളും കൊണ്ടുവരാതിരിക്കുന്നതിനും ഇരുമുടി കെട്ടുകളിൽ പ്ലാസ്റ്റിക് വസ്തുക്കൾ ഒന്നുംതന്നെ കൊണ്ടുവരാതിരിക്കുന്നതിനുമുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

## ഓച്ചിറ ക്ഷേത്രത്തിൽ ഒരു സ്ഥിരം ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കാൻ നടപടി

158 (429) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധാരാളം ഭക്തർ എത്തിച്ചേരുന്നതും കുടിൽ കെട്ടി ഭജനമിരിക്കുന്നതുമായ ഓച്ചിറ ക്ഷേത്രത്തിൽ മാലിന്യ സംസ്കരണത്തിനായി ശാസ്ത്രീയമായ ഒരു സ്ഥിരം സംവിധാനം ഒരുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ശബരിമല മാസ്റ്റർ പ്ലാൻ

159 (430) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതിയാണ് ആസൂത്രണം ചെയ്തത് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതുവരെ പൂർത്തിയായിട്ടുള്ള പ്രവൃത്തികൾ വിശദമാക്കുമോ;

(സി) ശബരിമലയിലേക്കുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്;

(ഡി) ശബരിമല മാലിന്യ മുക്തമാക്കുന്നതിന് ആസൂത്രണം ചെയ്ത നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാൻ 2050 വരെയുള്ള ശബരിമലയുടെയും ബന്ധപ്പെട്ട പ്രദേശങ്ങളുടെയും സമഗ്രവികസനം മുൻകൂട്ടി കണ്ട് തയ്യാറാക്കിയിട്ടുള്ള ഒരു കർമ്മ പദ്ധതിയാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി രൂപവൽക്കരിച്ച ഉന്നതാധികാരസമിതി യോഗം ചേർന്നാണ് മാസ്റ്റർ പ്ലാനിന് വിധേയമായി ഓരോ പദ്ധതിക്കും അംഗീകാരം നൽകി വരുന്നത്.

(ബി) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങളടങ്ങിയ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ചാലക്കയം-പമ്പ റോഡിന്റെ പുനരുദ്ധാരണം ശബരിമല സീസണിനുമുമ്പ് തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശബരിമലയിലേക്കുള്ള മറ്റ് റോഡുകൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ്. കൂടാതെ ശബരി മലയിലേക്കുള്ള പ്രധാന റോഡുകളുടെയും അനുബന്ധ റോഡുകളുടെയും പണികൾ എത്രയും പെട്ടെന്ന് തീർക്കുന്നതിനായി ബഹു. ദേവസ്വം വകുപ്പുമന്ത്രി ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ശബരിമല മാലിന്യമുക്തമാക്കുന്നതിന് സ്വീകരിച്ച പദ്ധതികളിൽ പ്രധാനപ്പെട്ട ഒന്നാണ് പ്രതിദിനം അഞ്ച് ദശലക്ഷം ലിറ്റർ മാലിന്യം സംസ്കരിക്കുവാൻ ശേഷിയുള്ള മാലിന്യ സംസ്കരണ പ്ലാന്റ്. പ്രസ്തുത പ്ലാന്റ് വരുന്ന ശബരിമല സീസണോടെ പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകും.

**ദേവസ്വം വകുപ്പിലെ പെൻഷൻ**

160 (431) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആചാരസ്ഥാനികർക്കും തെയ്യം കലാകാരൻമാർക്കും ദേവസ്വം വകുപ്പിൽ നിന്നുള്ള പെൻഷൻ മാസങ്ങളായി കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുതായി പെൻഷന് അപേക്ഷിക്കുന്നവരുടെ അപേക്ഷകൾ സ്വീകരിക്കാൻ തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്ക് ഇപ്പോൾ എത്ര രൂപയാണ് പ്രതിമാസം പെൻഷൻ നൽകുന്നതെന്നും തുക വർദ്ധിപ്പിച്ച് നൽകാൻ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ആചാരസ്ഥാനികർ, കോലധാരികൾ എന്നിവർക്ക് പ്രതിമാസം യഥാക്രമം എണ്ണൂറ് രൂപയും എഴുന്നൂറ് രൂപയുമാണ് ധനസഹായം നൽകിവരുന്നത്. തുക വർദ്ധിപ്പിച്ച് നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**പുതിയിടം, എരുവ ക്ഷേത്രങ്ങളിലെ കുളങ്ങൾ**

161 (432) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മധ്യതിരുവിതാംകൂറിലെ പുതിയിടം, എരുവ ക്ഷേത്രങ്ങളിലെ കുളങ്ങൾ പുനരുദ്ധരിച്ച് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

പുതിയിടം ക്ഷേത്രക്കുളത്തിന്റെ നവീകരണം സംബന്ധിച്ചുള്ള വർക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ ടി ക്ഷേത്രക്കുളത്തിലെ മത്സ്യങ്ങളുടെ സംരക്ഷണത്തെപ്പറ്റി പ്രാദേശികമായി അഭിപ്രായ വ്യത്യാസമുള്ളതിനാൽ നവീകരണ പ്രവൃത്തികൾ തുടങ്ങുവാൻ സാധിച്ചിട്ടില്ല. എരുവ ദേവസ്വം കുളത്തിന്റെ നവീകരണം സംബന്ധിച്ചുള്ള എസ്റ്റിമേറ്റിന് ദേവസ്വം ബോർഡ് അനുവാദം നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച ശേഷം പ്രവൃത്തികൾ നടപ്പാക്കുന്നതാണ്.

**പിഷാരികാവ് ക്ഷേത്രം**

162 (433) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ കൊല്ലം ശ്രീ പിഷാരികാവ് ക്ഷേത്രത്തിൽ ഓൺ ഫണ്ടായി സ്ഥിരം നിക്ഷേപം ഉൾപ്പെടെ എത്ര രൂപ നിലവിൽ നീക്കിയിരിപ്പുണ്ട് എന്നത് വിശദമാക്കാമോ ;

(ബി) ഈ തുക ഉപയോഗപ്പെടുത്തി മലബാറിലെ പ്രധാന ക്ഷേത്രമായ ഇവിടെ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) ശ്രീ പിഷാരികാവ് ക്ഷേത്രത്തിനോട് ചേർന്നുള്ള ആനക്കുളവും കൊല്ലം ചിറയും പുനരുദ്ധീകരിക്കാൻ ഏതെങ്കിലും പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; തുടർ നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള കൊല്ലം ശ്രീ പിഷാരികാവ് ക്ഷേത്രത്തിൽ സ്ഥിരനിക്ഷേപം ഉൾപ്പെടെ ഓൺ ഫണ്ടായി 16,77,77,739 (പതിനാറ് കോടി എഴുപത്തിയേഴ് ലക്ഷത്തി എഴുപത്തിയേഴായിരത്തി എഴുന്നൂറ്റി മുപ്പത്തിയൊമ്പത് രൂപ മാത്രം) രൂപ നീക്കിയിരിപ്പുണ്ട്.

(ബി) കൊല്ലം ശ്രീ പിഷാരികാവ് ക്ഷേത്രത്തിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഒരു മാസ്റ്റർ പ്ലാൻ ബോർഡിന്റെ പരിഗണനയിലാണ്. ക്ഷേത്രത്തിലെത്തുന്ന ഭക്തജനങ്ങൾക്ക് ഉപയോഗിക്കുന്നതിന് ആധുനിക സൗകര്യ ങ്ങളോടുകൂടിയ കംഫർട്ട് സ്റ്റേഷന്റെ നിർമ്മാണം, കംഫർട്ട് സ്റ്റേഷനിലും ക്ഷേത്ര പരിസരത്തുമുള്ള മലിനജലം ശേഖരിച്ച് ശുദ്ധീകരിച്ച് പുറത്തേക്ക് വിടുന്ന

സംവിധാനം, ഒരേസമയം ഒരു ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഖരമാലിന്യം കത്തിച്ച് പരിസര മലിനീകരണം നടക്കാത്ത വിധത്തിലുള്ള ആധുനിക ഇൻസിനറേറ്റർ പ്രവർത്തനസജ്ജമാക്കുന്ന പ്രവൃത്തി, നിലവിലുള്ള ബയോഗ്യാസ് പ്ലാന്റിലെ മലിനജലവും ഖരമാലിന്യങ്ങളും പൂർണ്ണമായും നീക്കം ചെയ്ത് പുതുതായി ബാക്ടീരിയ ഉത്പാദനം നടത്തിച്ച് പ്രവർത്തനം സജ്ജമാക്കുന്ന പ്രവൃത്തി, നാലമ്പലം ചെമ്പടിക്കുന്ന പ്രവൃത്തി, പത്തായപ്പുര പുതുക്കി നിർമ്മിക്കൽ, ആനക്കുളം വടയാനക്കുളം സംരക്ഷണം, ക്ഷേത്രത്തിനകത്ത് നാല് ഭാഗവും ശീവേലിപ്പുര നിർമ്മാണം, പ്രദക്ഷിണ വഴി കരിങ്കൽ പാകൽ, മുറ്റം പൂർണ്ണമായും ടൈൽസ് പാകൽ, ഗസ്റ്റ് ഹൗസ് ഊട്ടുപുര ഉൾപ്പെടുന്ന അഞ്ച് നില കെട്ടിടം പ്രവൃത്തി തുടങ്ങിയവ ഉൾപ്പെടുന്നതാണ് മാസ്റ്റർ പ്ലാൻ.

(സി) കൊല്ലം ചിറ നവീകരണത്തിന് കേരളാ ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ 3,28,00,000 (മൂന്ന് കോടി ഇരുപത്തിയെട്ട് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ അംഗീകരിക്കുകയും ആയത് ബോർഡിന് സമർപ്പിക്കുകയും ചെയ്തതിനാൽ നബാർഡ് അംഗീകാരം നൽകി ഫണ്ട് അലോട്ട്മെന്റിനായി നബാർഡിന്റെ ഹെഡ് ഓഫീസിലേക്ക് അയച്ചിട്ടുണ്ട്.

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ആശ്രിത നിയമനം**

163 (434) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആശ്രിതനിയമനം പ്രകാരം നിയമിക്കുന്നതിന് ഏതെല്ലാം തസ്തികകളെയാണ് പരിഗണിക്കുന്നത്;

(ബി) നിലവിൽ ആശ്രിത നിയമനത്തിനായി എത്ര പേരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്; അതിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി;

(സി) ലിസ്റ്റിലെ സീനിയോറിറ്റി മറികടന്ന് ആർക്കെങ്കിലും നിയമനം നൽകിയിട്ടുള്ളതായി അറിയാമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആശ്രിത നിയമനപ്രകാരം നിയമിക്കുന്നതിന് കഴകം, തളി, വാച്ചർ, പ്യൂൺ, ക്ലാർക്ക് മുതലായ തസ്തികകളെയാണ് പരിഗണിക്കുന്നത്.

(ബി) നിലവിൽ ആശ്രിതനിയമനത്തിനായി 51 പേർ ഉൾപ്പെട്ടിട്ടുള്ള ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽനിന്നും 12 പേർക്ക് നിയമനം നൽകിയിട്ടുള്ളതാണ്.

(സി) പ്രസ്തുത ലിസ്റ്റിൽ 15-ാം നമ്പർ പേരായി ഉൾപ്പെടുത്തിയിരിക്കുന്ന ശ്രീമതി പി. എസ്. കുമാരി സിന്ധുവിന് 5-4-2011 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി നിയമനം നൽകണമെന്ന് 17-2-2016-ൽ ബോർഡ് ഉത്തരവായിരുന്നു. പ്രസ്തുത ബോർഡ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2012-ൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ നിയമനം നൽകിയതനുസരിച്ചുള്ള ലിസ്റ്റിൽ ഡെത്ത് സീനിയോറിറ്റി കണക്കാക്കി ടിയാളുടെ പേര് ഉൾപ്പെടുത്തി നിയമനം നൽകിയിട്ടുണ്ട്.

**മാടായിക്കാവിലെ ക്ഷേത്രകലാ അക്കാഡമി**

164 (435) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രകലാ അക്കാഡമിയുടെ നിലവിലുള്ള ഭരണസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ലാ ഏന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഭരണസമിതി പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) അക്കാഡമിയിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനം ശൈശവ ദിശയിലാണ്. പ്രവർത്തനം കാര്യക്ഷമമല്ലായെന്നുള്ള ആക്ഷേപങ്ങൾ നിലവിൽ ശ്രദ്ധയിൽ പെട്ടിട്ടില്ല. മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1998/2013/RD തീയതി 6-4-2013 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1197/2014/RD തീയതി 25-2-2014 പ്രകാരം പ്രൊഫസർ നാരായണൻ നമ്പൂതിരി ചെയർമാനും ശ്രീ. പി. സി. രാമകൃഷ്ണൻ സെക്രട്ടറിയുമായ അഞ്ചംഗ ഭരണസമിതി രൂപീകരിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ക്ഷേത്രകലാ അക്കാദമിയുടെ സ്പെഷ്യൽ

ഓഫീസറായി തലശ്ശേരി അസിസ്റ്റന്റ് കമ്മീഷണറെയും ബോർഡ് നിയമിച്ചിട്ടുണ്ട്. ക്ഷേത്രകലാ അക്കാദമിയുടെ ഔപചാരിക ഉദ്ഘാടനം 7-8-2015-ന് മുൻ ദേവസ്വം വകുപ്പുമന്ത്രി നിർവ്വഹിച്ചതിനെത്തുടർന്ന് മാടായിക്കാവ് ക്ഷേത്രത്തിൽ അക്കാദമിയുടെ പ്രവർത്തനം നടന്നുവരുന്നുണ്ട്.

(ബി) ക്ഷേത്രകലാ അക്കാദമിയിൽ വാദ്യം, പൂരക്കളി, തിടമ്പ് നൃത്തം എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതിക്കായി ക്ഷേത്രകലാ അക്കാദമി സെക്രട്ടറി അപേക്ഷ സമർപ്പിച്ചതിൽ പ്രാരംഭമായി ചെണ്ട വാദ്യത്തിന് പാർട്ട് ടൈം കോഴ്സ് ആരംഭിക്കുന്നതിന് അനുമതി നൽകിയും കോഴ്സിലേക്കുള്ള വിദ്യാർത്ഥികളെയും അദ്ധ്യാപകനെയും തെരഞ്ഞെടുക്കുന്നതിന് ഇന്റർവ്യൂ ബോർഡ് രൂപീകരിച്ചും 27-1-2016-ന് ബോർഡ് ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ക്ഷേത്രക്കുളങ്ങളുടെ നവീകരണം**

165 (436) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേത്രക്കുളങ്ങളുടെ നവീകരണം സംബന്ധിച്ച് പ്രൊപ്പോസൽ ദേവസ്വം വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കുളങ്ങൾ നവീകരിക്കുന്നതിന് ഇറിഗേഷൻ വകുപ്പുമായി യോജിച്ച് പദ്ധതി നടപ്പാക്കുന്നതിന് ബഡ്ജറ്റ് ശീർഷകം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ക്ഷേത്രക്കുളങ്ങളുടെ നവീകരണം സംബന്ധിച്ച് ഇറിഗേഷൻ വകുപ്പിൽ നിലനിൽക്കുന്ന 10807/WR/M2/2013 ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിനായി 2250-00-800-99 Protection of Kavus, ponds attached to temples and Altharas (NV) എന്ന ശീർഷകം demand XI -ൽ നിലവിലുണ്ട്.

(സി) റവന്യൂ (ദേവസ്വം) വകുപ്പിലേക്ക് ട്രാൻസ്ഫർ ചെയ്ത പ്രസ്തുത ഫയലിൽ മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

**ആലില പദ്ധതി**

166 (437) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ മുൻ ഗവൺമെന്റ് 'ആലില പദ്ധതി' നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതി മൂലം കൈവരിക്കാനുദ്ദേശിച്ചത്;

(സി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി പരിപാലന പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് സഹകരണ വകുപ്പ് നടപ്പിലാക്കിയ 'ആലില' പദ്ധതി 2014 ഒക്ടോബർ 2-ാം തീയതി ആരംഭിക്കുകയും പദ്ധതിയുടെ പൂർത്തീകരണത്തിനായി 2016 മാർച്ച് 31 വരെ കാലാവധി ദീർഘിപ്പിക്കുകയും ചെയ്തു. സഹകരണ സംഘങ്ങൾ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ നടത്തിപ്പിനായി എല്ലാ സഹകരണ സംഘങ്ങളും തങ്ങളുടെ അധീനതയിലും ബന്ധപ്പെട്ട അധികൃതരുടെ അനുമതിയോടെ പൊതുസ്ഥലത്തും വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുകയുണ്ടായി. വനം, കൃഷി വകുപ്പുകൾ, സർക്കാർ നിയന്ത്രണത്തിലുള്ള ഫാമുകൾ എന്നിവിടങ്ങളിൽനിന്നും വൃക്ഷത്തൈകൾ സൗജന്യമായി ലഭ്യമാക്കി സംഘങ്ങൾ വഴി വിതരണം ചെയ്തു. അതോടൊപ്പം വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷത്തൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി ചർച്ചാ ക്ലാസുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും പ്രസംഗം, ഉപന്യാസം, ക്വിസ് മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചു. ഏറ്റവും നന്നായി മരം പരിപാലിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾ, വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് പ്രശംസാ പത്രങ്ങളും അവാർഡും നൽകുകയുണ്ടായി.

(ബി) സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി പരിപാലന പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് ഭൂമിയുടെ നല്ല നാളേക്കായി അഞ്ച് ലക്ഷം വൃക്ഷത്തൈകൾ നട്ടുവളർത്തുക എന്നതാണ് ആലില പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പരിസ്ഥിതി സംരക്ഷണത്തിൽ വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷത്തൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും ജനങ്ങളിൽ അവബോധമുണ്ടാക്കുക എന്നിവയും ഇതിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു.

(സി) ഏകദേശം അഞ്ച് ലക്ഷത്തോളം വൃക്ഷത്തൈകൾ നടുകയുണ്ടായി. പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും വൃക്ഷങ്ങൾ നട്ടുവളർത്തേണ്ടതിന്റെയും സംരക്ഷിക്കേണ്ടതിന്റെയും ആവശ്യകത മനസ്സിലാക്കിക്കൊടുക്കാനും ടി പദ്ധതി വഴി സാധിച്ചു. പരിസ്ഥിതി സംരക്ഷണം ലക്ഷ്യമാക്കിയുള്ള പ്രചാരണങ്ങളും പ്രവർത്തനങ്ങളും ഊർജ്ജിതമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലും ബന്ധപ്പെട്ട അധികൃതരുടെ അനുമതിയോടെ പൊതുസ്ഥലത്തും വൃക്ഷത്തൈകൾ നട്ടിരുന്നു. വനംവകുപ്പ്, കൃഷി വകുപ്പ്, സർക്കാർ നിയന്ത്രണത്തിലുള്ള ഫാമുകൾ, കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള ഫാമുകൾ എന്നിവിടങ്ങളിൽനിന്നും വൃക്ഷത്തൈകൾ താലൂക്കുതലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാരുടെ കൂടി നേതൃത്വത്തിൽ ലഭ്യമാക്കി സംഘങ്ങൾ വഴി വിതരണം ചെയ്തു. അതോടൊപ്പം വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷത്തൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി ചർച്ചാ ക്ലാസുകൾ, സെമിനാറുകൾ എന്നിവ താലൂക്ക് തലങ്ങളിൽ സംഘടിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും പ്രസംഗം, ഉപന്യാസം, ക്വിസ് മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. ഏറ്റവും നന്നായി മരം പരിപാലിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾ, വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് സംഘങ്ങൾ പ്രശംസാപത്രങ്ങളും അവാർഡും നൽകി.

**കേരള ബാങ്ക് രൂപീകരണം**

167 (438) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ചു കൊണ്ട് കേരള ബാങ്ക് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ സഹകരണ ബാങ്കുകളുടെ സംയോജനത്തിന് റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ അത് ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പരിഗണനയിലുണ്ട്.

(ബി) മുകൾ തട്ടിൽ കേരള സഹകരണ ബാങ്കും, താഴെത്തട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളും ഉള്ള ദ്വിതല സഹകരണ ബാങ്കിംഗ് സമ്പ്രദായം നടപ്പാക്കുക, ജില്ലാ സഹകരണ ബാങ്കുകളെയും, സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ചുകൊണ്ട് കേരളത്തിന്റേതായ ഒരു വൻകിട ബാങ്കിന് രൂപം നൽകുക, ഇതിലൂടെ അധിക വിഭവം സമാഹരിക്കുക, അത് സംസ്ഥാനത്തിന്റെ വികസനത്തിന് വിനിയോഗിക്കുക എന്നതാണ് ഇക്കാര്യത്തിലുള്ള സർക്കാർ നയം.

(സി) സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും നിയന്ത്രണ അധികാരങ്ങൾ ബാധകമാകയാൽ ബാങ്കുകളുടെ ലയനത്തിന് റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും അനുമതി ആവശ്യമുണ്ടോ എന്ന് പരിശോധിച്ച് അനുമതി ആവശ്യമുണ്ടെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കേരള സഹകരണ ബാങ്ക് രൂപീകരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

**നന്മ സ്റ്റോറുകൾ അഭിവൃദ്ധിപ്പെടുത്താൻ നടപടി**

168 (439) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നതിന് വേണ്ടി ആരംഭിച്ച നന്മ സ്റ്റോറുകളുടെ അവസ്ഥ പരിതാപകരമായാണ് എന്ന ആക്ഷേപം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നന്മ സ്റ്റോറുകൾ അഭിവൃദ്ധിപ്പെടുത്തി സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കൺസ്യൂമർ ഫെഡറേഷനിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധിമൂലം ചില കാലഘട്ടങ്ങളിൽ നന്മ സ്റ്റോറുകളിൽ വേണ്ടത്ര സാധനങ്ങൾ എത്തിക്കുവാൻ ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടെങ്കിലും ആയത് പരിഹരിച്ചുവരുന്നു.

(ബി) വിലവർദ്ധനവിന് സാധ്യതയുള്ള ഉത്സവകാലങ്ങളിൽ പൊതുവിപണിയിൽ ഇടപെട്ട് അവശ്യനിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സാധാരണക്കാർക്ക് ലഭ്യമാക്കിവരുന്നു. കൂടാതെ വർഷം മുഴുവനും മിതമായ വിലയ്ക്ക് അവശ്യ നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങൾ നന്മ സ്റ്റോറുകളിലൂടെ വിപണനം ചെയ്തുവരുന്നു.

**പുതിയ ബാങ്ക് രൂപീകരണ നടപടികൾ**

169 (440) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും കൂടിച്ചേർന്ന് പുതിയ ഒരു ബാങ്ക് രൂപീകരിക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ജില്ലാ-സംസ്ഥാന സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ സംരക്ഷണത്തിന് വേണ്ടി സർക്കാർ ചെയ്ത കാര്യങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ &ബി) ഇല്ല. സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളെ ചേർത്ത് സംസ്ഥാനതല ബാങ്ക് രൂപീകരണം സർക്കാർ പരിഗണിച്ചു വരികയാണ്.

**സഹകരണ സംഘം ജീവനക്കാരുടെ സ്ഥാനക്കയറ്റം**

170 (441) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ സംഘം ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം സഹകരണ ബാങ്ക് ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് വിദ്യാഭ്യാസ യോഗ്യത 10 + 2 + 3 ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതു കാരണം വിദൂര വിദ്യാഭ്യാസം വഴി ബിരുദം നേടിയ പ്രീഡിഗ്രി, +2 പാസാകാത്ത ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിബന്ധനയിൽ നിന്നും ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) 1969 കേരള സഹകരണ സംഘം നിയമം/ചട്ടങ്ങൾ എന്നിവ സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് സഹകാരികളുടെ ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മിറ്റി ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാരിന്റെ 25-11-2014-ലെ G.O.(P)No.142/2014/Co-op ഉത്തരവ് പ്രകാരമുള്ള 2014-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ചട്ടങ്ങളിൽ ചട്ടം 186 ഉപചട്ടം I-എ യിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ബിരുദ യോഗ്യത വേണ്ട ജീവനക്കാർ ആയത് 10+2+3 പാറ്റേണിൽ തന്നെ കരസ്ഥമാക്കിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ വിദൂര വിദ്യാഭ്യാസം വഴി ബിരുദം നേടിയ പ്രീഡിഗ്രി/+2 പാസാകാത്ത ഉദ്യോഗസ്ഥർക്ക് ബിരുദം യോഗ്യതയായി വേണ്ട തസ്തികകളിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുകയില്ല. ഈ നിബന്ധനയിൽ നിന്നും ഇളവുനൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉണ്ട്. കേരള സഹകരണ നിയമവും, ചട്ടങ്ങളും സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് സഹകാരികളുടെ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ ശ്രീ. കെ. ശിവദാസൻ നായർ Ex.MLA ചെയർമാനായി 7-9-2015-ൽ സർക്കാർ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയിൽ ആകെ 17 അംഗങ്ങളാണ് ഉണ്ടായിരുന്നത്. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**സഹകരണ റിസ്ക് ഫണ്ട്**

171 (442) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതിമൂലം കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>ഉത്തരം</u>

(എ) 1-4-2008 മുതൽ മുൻകാല പ്രാബല്യത്തോടെ 18-11-2008-ൽ നിലവിൽ വന്ന കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി മുൻ സർക്കാരും നടപ്പാക്കിയിട്ടുണ്ട്.

(ബി) വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണ പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ, വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ, അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപവരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുക എന്നതാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ ലക്ഷ്യം. അതോടൊപ്പം ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയമായവർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, ക്ഷയം, ലിവർ സിറോസിസ് തുടങ്ങി വായ്പയെടുത്ത ശേഷം മാരകരോഗം പിടിപെട്ടവരുടെ വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ 75000 രൂപവരെയുള്ള ആനുകൂല്യം നൽകുകയുമാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം.

(സി) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഇതുവരെ 27,184 വായ്പകൾക്കായി ആകെ 183,08,48,589 (നൂറ്റി എൺപത്തി മൂന്ന് കോടി എട്ട് ലക്ഷത്തി നാൽപ്പത്തി എട്ടായിരത്തി അഞ്ഞൂറ്റി എൺപത്തിയൊൻപത് രൂപ)-യുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കാൻ കേരള സഹകരണ നിയമം 57-ാം വകുപ്പ് പ്രകാരം രൂപീകൃതമായ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി തൃശ്ശൂർ, കോട്ടയം ജില്ലകളിൽ ബോർഡിന്റെ മേഖലാ ഓഫീസുകൾ ആരംഭിച്ചു. വായ്പ വിതരണം ചെയ്യുന്ന എല്ലാ വായ്പാ സഹകരണ സംഘങ്ങളും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരണമെന്നും പദ്ധതിയിൽ ചേരാത്ത സംഘങ്ങളുടെ വായ്പാ വിതരണത്തിനുള്ള അവകാശം റദ്ദ് ചെയ്യുന്നതാണെന്നും കേരള സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

## സഹകരണ വകുപ്പിലെ സ്ഥലം മാറ്റം

172 (443) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിൽ എത്ര സർക്കാർ ജീവനക്കാരെ കാലാവധി തീരും മുൻപ് സ്ഥലം മാറ്റി നിയമിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) ജില്ല തിരിച്ചും തസ്തിക തിരിച്ചുമുള്ള കണക്കുകൾ വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥലംമാറ്റങ്ങൾ പുനഃപരിശോധിക്കുവാൻ തയ്യാറാകുമോയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കാലാവധി മാനദണ്ഡം വകുപ്പിൽ നിലവിലില്ല. റിട്ടയർമെന്റിനെ തുടർന്നുണ്ടാകുന്ന സ്ഥാനക്കയറ്റത്തെ തുടർന്നും അതിനോടനുബന്ധിച്ച ഒഴിവുകളിലേക്കും നിയമനം നടത്തുന്നതിനായി സ്ഥലംമാറ്റം നടത്തേണ്ടി വന്നിട്ടുണ്ട്. പൊതുമാനദണ്ഡം അനുസരിച്ചും, ഭരണപരമായ സൗകര്യം കണക്കിലെടുത്തും ജീവനക്കാരുടെ അപേക്ഷ പരിഗണിച്ചുമാണ് സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടുള്ളത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഭരണപരമായ സൗകര്യം കണക്കിലെടുത്ത് വരുത്തിയിട്ടുള്ള പ്രസ്തുത സ്ഥലം മാറ്റങ്ങളിൽ അപാകതയുള്ളതായി ശ്രദ്ധയിൽപ്പെടാത്ത സാഹചര്യത്തിൽ പുനഃപരിശോധന ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

## സഹകരണ മേഖലയിൽ ആഡിറ്റ്

173 (444) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആഡിറ്റ് സമകാലികമാക്കാൻ മുൻ സർക്കാർ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം എന്തെല്ലാം;

(ബി) ഇതുമൂലം എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചത്;

(സി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശം നല്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. സഹകരണ മേഖലയിൽ ആഡിറ്റ് സമകാലികമാക്കുന്നതിന് 1-4-2014 മുതൽ 31-12-2013 വരെ "ആഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി 2013" എന്ന പേരിൽ ഒരു കർമ്മ പദ്ധതി നടപ്പാക്കിയിരുന്നു. സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് ഒരു സാമ്പത്തികവർഷം അവസാനിച്ച് 6 മാസത്തിനകം പൂർത്തിയാക്കണമെന്ന് 97-ാം ഭരണഘടന ഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ പ്രായോഗികമാക്കുന്നതിന് കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശികയായ ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിച്ച് ആഡിറ്റ് സമകാലികമാക്കുകയായിരുന്നു ആഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി 2013-ന്റെ ലക്ഷ്യം.

ടി പദ്ധതിയിൽ ഉൾപ്പെടുത്തി ആഡിറ്റ് സമകാലികമാക്കുന്നതിന് ആവശ്യമായത്ര ആഡിറ്റർമാർ വകുപ്പിൽ ഇല്ലാതിരുന്ന സാഹചര്യത്തിൽ നിലവിലെ ആഡിറ്റർ മാർക്കു പുറമെ വകുപ്പിലെതന്നെ റിട്ടയർ ചെയ്ത ആഡിറ്റർമാരുടെ സേവനവും ലഭ്യമാക്കിയിരുന്നു. കൂടാതെ വകുപ്പിലെ ജനറൽ വിഭാഗത്തിലെ ഇൻസ്പെക്ടർ മാരുടെ സേവനവും ഇതിനായി വിനിയോഗിച്ചിരുന്നു. 22-7-2013-ലെ സ.ഉ. (സാധാ) 478/2013/ സഹനമ്പർ ഉത്തരവ് പ്രകാരം ഇൻസെന്റീവ് അനുവദിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന-ജില്ല-സർക്കിൾ തലത്തിൽ ഒരു മോണിറ്ററിംഗ് കമ്പനിയും രൂപീകരിച്ച പ്രവർത്തനം നടത്തിയിരുന്നു. ഈ കർമ്മപദ്ധതിയുടെ ഭാഗമായി 1-4-2013 വരെ കുടിശ്ശികയായ 17957 സഹകരണ സ്ഥാപനങ്ങളുടെ 40286 ആഡിറ്റുകളിൽ റിപ്പോർട്ടുകൾ ലഭ്യമായ 34461 ആഡിറ്റുകൾ പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) 97-ാം ഭരണഘടനാ ഭേദഗതിയനുസരിച്ച് സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം പൂർത്തീകരിക്കുന്നതോടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും സംഘത്തിന്റെ സാമ്പത്തികസ്ഥിതിയെക്കുറിച്ച്

യഥാസമയം വിലയിരുത്താൻ സാധിക്കും. സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റുകൾ സമകാലികമാക്കുന്നതോടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംഘങ്ങൾക്കാവശ്യമായ ധനസഹായങ്ങൾ ലഭ്യമാക്കുന്നതിന് കഴിയുകയും അംഗങ്ങൾക്കും പൊതുജനങ്ങൾക്കും സഹകരണ സ്ഥാപനങ്ങളിലുള്ള വിശ്വാസ്യത നിലനിർത്താൻ സഹായകമാകുകയും ചെയ്യും.

(സി) 1-4-2013 മുതൽ 31-12-2013 വരെ നടന്ന ആഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി 2013 നടപ്പിൽ വരുത്തിയതോടെ 1-4-2013 വരെ കുടിശ്ശികയായിരുന്ന 17957 സഹകരണ സ്ഥാപനങ്ങളുടെ 40286 ആഡിറ്റുകളിൽ റിപ്പോർട്ടുകൾ ലഭ്യമായ 34461 ആഡിറ്റുകൾ പൂർത്തീകരിക്കുന്നതിന് സാധിച്ചു. കുടിശ്ശികയായിരുന്ന ആഡിറ്റ് ഫീസ് പിരിച്ചെടുക്കാൻ കഴിഞ്ഞതിനാൽ സർക്കാരിന് അധികവരുമാനം ലഭിക്കുകയും ചെയ്തു. നിർജ്ജീവാവസ്ഥയിലായിരുന്ന പല സഹകരണ സ്ഥാപനങ്ങൾക്കും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. അംഗങ്ങൾക്കും പൊതുജനങ്ങൾക്കും സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതി സംബന്ധിച്ച് വിലയിരുത്താൻ സാധിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ ഭരണ സമിതികൾക്ക് സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രതയ്ക്ക് അനുഗുണമായ പദ്ധതികൾ നടപ്പിലാക്കാനും ആഡിറ്റ് സമകാലിക മായതിലൂടെ സാധിച്ചിട്ടുണ്ട്.

(ഡി) 1-4-2013 മുതൽ 31-12-2013 വരെ നടന്ന ആഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി 2013-ന്റെ ഭാഗമായി ആഡിറ്റുകൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ ആഡിറ്റർമാർ ഇല്ലാതിരുന്ന സാഹചര്യത്തിൽ നിലവിലെ ആഡിറ്റർമാർക്കു പുറമെ വകുപ്പിലെ തന്നെ റിട്ടയർ ചെയ്ത ആഡിറ്റർമാരുടെ സേവനം ലഭ്യമാക്കിയിരുന്നു. കൂടാതെ ജനറൽ വിഭാഗത്തിലെ ഇൻസ്പെക്ടർമാരെയും ആഡിറ്റിന് നിയോഗിക്കുകയും ചെയ്തിരുന്നു. സഹകരണ ചട്ടം വകുപ്പ് 64 (3) പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 60 ദിവസത്തിനകം സംഘങ്ങളുടെ ഇനവും തരവും അടിസ്ഥാനമാക്കി ഓരോ വിഭാഗവും ആഡിറ്റ് ചെയ്യേണ്ട ആഡിറ്റർമാരുടെ പദവിയും നിശ്ചയിച്ച് ഒരു പാനൽ പ്രസിദ്ധീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന് കാലതാമസം ഉണ്ടാകുന്നതിനാൽ 31-12-2015 വരെ നിലവിലുള്ള രീതി തുടരാൻ സർക്കാരിന്റെ ജി.ഒ.(പി)നം.83/2015/സഹ നമ്പർ ഉത്തരവനുസരിച്ച് ഇളവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ ടീം ആഡിറ്റ്, ക്യാമ്പ് ആഡിറ്റ് എന്നിവയും സംഘടിപ്പിച്ചിരുന്നു. 22-7-2013-ലെ സ.ഉ(സാധാ)478/14/ സഹ, 9-2-2016-ലെ സ.ഉ(സാധാ) 109/2016/സഹ എന്നീ ഉത്തരവുകൾ പ്രകാരം കുടിശ്ശിക നിവാരണ പദ്ധതിയിൽ ഏർപ്പെട്ടിരുന്നവർക്ക് ഇൻസെന്റീവ് അനുവദിച്ച് ഉത്തരവായിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണനിർവ്വഹണത്തിനായി സംസ്ഥാന-ജില്ല-സർക്കിൾ തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തനം നടത്തിയിരുന്നു.

## സഹകരണമേഖലയിൽ നിക്ഷേപ ഗ്യാരന്റി പദ്ധതി

174 (445) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ മുൻ സർക്കാർ നിക്ഷേപ ഗ്യാരന്റി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുമൂലം കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സഹകരണ മേഖലയിൽ നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകുന്നതിനായി മുൻ സർക്കാർ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 ആവിഷ്കരിക്കുകയും പ്രസ്തുത സ്കീം നടപ്പാക്കുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുകയാണ് നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കുക എന്നതാണ് നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്. വായ്പാ സംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുക, അതുവഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക, കൂടുതൽ നിക്ഷേപകരെ ആകർഷിക്കുക തുടങ്ങിയവയാണ് ബോർഡിന്റെ മുഖ്യലക്ഷ്യങ്ങൾ.

(സി) സഹകരണ മേഖലയിലെ നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിനും കൂടുതൽ വിശ്വാസം ആർജ്ജിക്കുന്നതിനും ഈ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപ സമാഹരണത്തിൽ സഹകരണ മേഖലയ്ക്കുണ്ടായ നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട് എന്നതാണ് ഇതിലൂടെ കൈവരിച്ചിട്ടുള്ള പ്രധാന നേട്ടങ്ങൾ.

(ഡി) കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പാക്കാൻ മുൻ സഹകരണ വകുപ്പുമന്ത്രി ചെയർമാനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചു. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, സർവ്വീസ് സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ തുടങ്ങി ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതും നിക്ഷേപം സ്വീകരിക്കുന്നതും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതുമായ എല്ലാ സഹകരണ സംഘങ്ങൾക്കുമാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം ബാധകമായിട്ടുള്ളത്. നിക്ഷേപ ഗ്യാരന്റി സ്കീം ബാധകമായ എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും പ്രസ്തുത സ്കീമിൽ ചേരണമെന്നും, സ്കീമിൽ ചേരാത്ത സംഘങ്ങൾക്ക് സഹകരണ നിക്ഷേപം സ്വീകരിക്കാനുള്ള അവകാശം നഷ്ടമാകുമെന്നും, സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾ നിക്ഷേപം സ്വീകരിക്കുന്നതിൽനിന്നും വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാറെ അധികാരപ്പെടുത്തിയും വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആവശ്യമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

**ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ**

175 (446) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലുള്ള ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ തകർച്ചയെ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഇത്തരം എത്ര സംഘങ്ങളാണ് പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളെ ഏല്പിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് തകർച്ച നേരിടുന്ന 411 ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുണ്ട്.

(സി) സഹകരണ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ മുഖേനയും നടത്തുന്നുണ്ട്.

**ആശ്വാസ് പദ്ധതി**

176 (447) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ മുൻ ഗവൺമെന്റ് ആശ്വാസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുമൂലം കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നത്; പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ മേഖലയിൽ 2011 മുതൽ ആശ്വാസ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുക, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങളെ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകളാക്കി മാറ്റുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് ആശ്വാസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സഹകരണ അദാലത്ത്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിങ്ങനെ രണ്ട് ഘട്ടമായാണ് ടി പദ്ധതി നടപ്പിലാക്കിയത്. 2011 മുതൽ 2012, 2014, 2015, 2016 വർഷങ്ങളിൽ സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിലൂടെ ബാങ്കുകളുടെ നഷ്ടം കുറയ്ക്കുക, കൃത്യമായ വായ്പാതിരിച്ചടവ് പ്രോൽസാഹിപ്പിച്ച് സംഘങ്ങളെ/ബാങ്കുകളെ പരമാവധി കുടിശ്ശികരഹിത സംഘങ്ങളാക്കി/ബാങ്കുകളാക്കി മാറ്റുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സഹകരണ മേഖലയിൽ ആശ്വാസ് കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മരണപ്പെട്ടവർ, അവരുടെ ചികിത്സ മാരക രോഗം ബാധിച്ചവർ/മാരക രോഗം ബാധിച്ചവരുടെ കുടുംബാംഗങ്ങളായിട്ടുള്ളവർ, വായ്പക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെടുകയും മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന വിദ്യാർത്ഥികൾ/അനാഥർ തുടങ്ങിയവരുടെ വായ്പകൾ തുടങ്ങി ഓരോ വായ്പക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകിയിട്ടുണ്ട്. "ആശ്വാസ്" എന്ന പേരിൽ ഇപ്രകാരം കുടിശ്ശിക പിരിക്കുന്നതിന് നടത്തിയ പദ്ധതികളിലൂടെ ചുവടെ പരാമർശിക്കുന്ന തുകകൾ കുടിശ്ശികയിനത്തിൽ ഈടാക്കിയെടുത്തിട്ടുണ്ട്.

| വർഷം | തുക(രൂപ) |
|---|---|
| 2011 | 1007.05 കോടി |
| 2012 | 1995.61 കോടി |
| 2014 | 3079.53 കോടി |
| 2015 | 4030.98 കോടി |
| 2016 | 4089.78 കോടി |

ഇപ്രകാരം കുടിശ്ശിക ഈടാക്കിയതിലൂടെ പലിശ, പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിങ്ങനെയായി ചുവടെ പരാമർശിക്കുന്ന തുകകൾ വായ്പക്കാർക്ക് ഇളവ് നൽകിയിട്ടുണ്ട്:

| വർഷം | തുക (രൂപ) |
|---|---|
| 2011 | 45.62 കോടി |
| 2012 | 53.48 കോടി |
| 2014 | 128.39 കോടി |
| 2015 | 140.54 കോടി |
| 2016 | 132.77 കോടി |

(സി) ആശ്വാസ് പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാന, ജില്ലാ, താലൂക്ക്തല കമ്മിറ്റികൾക്ക് രൂപം നൽകി ടി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും വിലയിരുത്തുകയും ചെയ്തിരുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായി സംഘം/ബാങ്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് കൂടുതൽ വകുപ്പുതല ഉദ്യോഗസ്ഥരെ വിന്യസിച്ചിരുന്നു. ടി പദ്ധതിയുടെ പ്രാധാന്യം സഹകാരികൾക്കിടയിൽ എത്തിക്കുന്നതിനു വേണ്ടിയും ആയതുവഴി വിജയകരമായ നടത്തിപ്പിനുമായി ഫ്ലക്സ് ബോർഡുകൾ, നോട്ടീസുകൾ, മൈക്ക് പബ്ലിസിറ്റി എന്നിവ വഴി സംഘം/ബാങ്ക് തലത്തിലും പ്രചാരണം നടത്തുകയുണ്ടായി. കൂടാതെ ആശ്വാസ് പദ്ധതി പ്രകാരമുള്ള സർക്കുലറിലെ വ്യവസ്ഥകൾ അധികരിച്ച് സംഘം നൽകുന്ന ഇളവുകൾക്ക് വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരം നൽകിയിരുന്നു.

**ഉണർവ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

177 (448) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ മുൻ ഗവൺമെന്റ് ഉണർവ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഉണർവ് 2012 തീവ്രയത്ന പരിപാടി 15-3-2012 മുതൽ 31-12-2013 വരെ നടപ്പിലാക്കുകയുണ്ടായി.

(ബി) സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെയും, കൊടുത്ത് തീർക്കാതെയും നിൽക്കുന്ന തുകകൾ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്ത് സഹകരണ സ്ഥാപനങ്ങളുടെ ബാക്കി പത്രം സംശുദ്ധമാക്കി സഹകരണ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്ന ആഡിറ്റ് സർട്ടിഫിക്കറ്റ് തയ്യാറാക്കുക എന്നതാണ് 'ഉണർവ് 2012' തീവ്രയത്ന പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യം. സഹകരണ നിയമം/ചട്ടം, സംഘം ബൈലാ, രജിസ്ട്രാറുടെ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചുകൊണ്ടാണ് സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത്. ഇതിനു വിരുദ്ധമായും വിവിധങ്ങളായ കാരണങ്ങളാലും ഉണ്ടായ ഇടപാടുകൾ ആഡിറ്റിൽ അംഗീകരിക്കാത്ത സാഹചര്യത്തിൽ ആയതിനു സമാനമായി കരുതലുകൾവയ്ക്കുകയും ആയത് സഹകരണ സ്ഥാപനങ്ങളുടെ നഷ്ടത്തിനിടയാക്കുകയും ചെയ്യുന്നു. കൂടാതെ ഇപ്രകാരം ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെ ബാക്കി നിൽക്കുകയും ചെയ്യുന്ന അവസ്ഥ സഹകരണ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തികസ്ഥിതി വെളിപ്പെടുത്തുന്നതിന് തടസ്സമായി നിൽക്കുന്നു. നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് ഈടാക്കാൻ കഴിയുന്ന തുകകൾ ഈടാക്കുകയും, കൊടുക്കാനുള്ളവ കൊടുക്കുകയും വകുപ്പുതല അംഗീകാരം, ഭരണാനുമതി ഇവ വേണ്ട സംഗതിയിൽ ആയത് അനുവദിച്ചും ഈടാക്കാൻ കഴിയാത്തവ പൊതുയോഗ അംഗീകാരത്തിനും രജിസ്ട്രാറുടെ അനുമതിക്കും വിധേയമായി ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിലൂടെയും സംഘങ്ങളുടെ ഇവയ്ക്കായുള്ള കരുതലുകൾ ഒഴിവാക്കി സംശുദ്ധമായ ബാക്കി പത്രം തയ്യാറാക്കുന്നതിനും സഹകരണ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്നതിനും സംഘങ്ങളെ സാമ്പത്തിക അടിത്തറയുള്ള സഹകരണ സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികളാണ് 'ഉണർവ് 2012'-ൽ നിഷ്കർഷിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ആനുകൂല്യം സംഘാംഗങ്ങൾക്ക് നേരിട്ട് ലഭിക്കുകയില്ലെങ്കിലും സംഘങ്ങളെ സാമ്പത്തിക അടിത്തറയുള്ള സഹകരണ സ്ഥാപനങ്ങളാക്കി മാറ്റുന്നതിലൂടെ അംഗങ്ങൾക്ക് സംഘം നൽകുന്ന സേവനങ്ങൾ കൃത്യമായി കൂടുതൽ ഗുണമേന്മയോടെ ലഭ്യമാകുന്നതാണ്.

(സി) സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെയും കൊടുത്തു തീർക്കാതെയും നിലനിൽപ്പുള്ളതിൽ സംസ്ഥാനത്തൊട്ടാകെ 2512 സംഘങ്ങൾ/ബാങ്കുകൾക്കായി 29234.12 ലക്ഷം രൂപയുടെ തുക ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനും ഇപ്രകാരം ബന്ധപ്പെട്ട സംഘങ്ങളെ സാമ്പത്തിക അടിത്തറയുള്ള സഹകരണ സ്ഥാപനങ്ങളാക്കി മാറ്റുന്നതിലൂടെ അംഗങ്ങൾക്ക് സംഘം നൽകുന്ന സേവനങ്ങൾ കൃത്യമായി കൂടുതൽ ഗുണമേന്മയോടെ ലഭ്യമാക്കുന്നതിനും സാധിച്ചു.

(ഡി) ഉണർവ് പദ്ധതി നടപ്പിലാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2012 മാർച്ച് 15 മുതൽ സെപ്റ്റംബർ 15 വരെ ഉണർവ് 2012 എന്ന പേരിൽ തീവ്രയത്ന പരിപാടി സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ടി തീവ്രയത്ന പരിപാടി രണ്ട് ഘട്ടമായി നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും 2012 മാർച്ച് 15 മുതൽ ജൂൺ 15 വരെ ഒന്നാം ഘട്ടവും തുടർന്ന് ജൂൺ 16 മുതൽ സെപ്റ്റംബർ 15 വരെ രണ്ടാം ഘട്ടവും സംഘടിപ്പിച്ചു. ഒന്നാം ഘട്ടത്തിൽ വായ്പാ സംഘങ്ങൾ/ബാങ്കുകൾ എന്നിവയേയും രണ്ടാം ഘട്ടത്തിൽ വായ്പേതര സംഘങ്ങളേയും സംബന്ധിച്ചാണ് പദ്ധതി വിഭാവനം ചെയ്തത്. തുടർന്ന് സംഘങ്ങൾ/ബാങ്കുകൾ എന്നിവയുടെ പൊതുയോഗം കൂടി നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടതിനാലും സഹകാരികൾ പദ്ധതികൾ നീട്ടുന്നതിന് അപേക്ഷകൾ നൽകിയതിനാലും ടി പദ്ധതി 31-12-2013 വരെ ദീർഘിപ്പിച്ചു. ഏറ്റവും അവസാനം ലഭ്യമായ ആഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ചിരിക്കുന്ന തുകകൾ മുൻ വർഷങ്ങളിലെ ആഡിറ്റ് സർട്ടിഫിക്കറ്റിലെ തുകകൾ കൂട്ടി എഴുതിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി ആഡിറ്റിൽ ഒബ്ജക്റ്റ് ചെയ്തിട്ടുള്ള തുകകളെ സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതും സംഘത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ രജിസ്റ്ററുകളുമായി പരിശോധിച്ച് സംഘം പ്രസിഡന്റ്, സെക്രട്ടറി, യൂണിറ്റ് ഇൻസ്പെക്ടർ എന്നിവരുടെ ഒരു യോഗം താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാർ വിളിച്ച് ചേർത്ത് പട്ടിക തയ്യാറാക്കിയും പ്രസ്തുത പട്ടികയിൽ ഈടാക്കാൻ നടപടി സ്വീകരിക്കാവുന്നവ, ഈടാക്കാൻ നിവർത്തിയില്ലാതെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് നീക്കം ചെയ്യാൻ കഴിയുന്നവ, യഥായോഗ്യം കൊടുത്തുതീർക്കാവുന്നവ എന്നിങ്ങനെ പട്ടിക തരംതിരിച്ചും പൊതുയോഗത്തിന്റെ അംഗീകാരത്തോടെ ഭരണ വകുപ്പിന് അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി. ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകാവുന്ന പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകി ആഡിറ്റ് തുക ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇതിൽ അംഗീകാരം നൽകാത്ത നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ, ആഡിറ്റ് ഡയറക്ടർ, അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) അഡീഷണൽ രജിസ്ട്രാർ (ആഡിറ്റ്), രജിസ്ട്രാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ദ്ധൻ എന്നിവരടങ്ങിയ സംസ്ഥാനതല കമ്മിറ്റി പരിശോധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ടി ക്യാമ്പയിന്റെ നോഡൽ ഓഫീസർ സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) ആണ്. സംസ്ഥാനതല കമ്മിറ്റി 5 പ്രാവശ്യംകൂടി തീരുമാനമെടുത്തിട്ടുണ്ട്.

## പ്രാഥമിക സഹകരണ സംഘങ്ങൾ ആദായനികുതി പരിധിയിൽ

178 (449) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളെ ആദായനികുതി നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരാനുള്ള കേന്ദ്രനീക്കം പ്രതിരോധിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ നിക്ഷേപങ്ങൾ സ്വീകരിക്കാൻ പാടില്ലെന്ന പുതിയ നിബന്ധനകൾ വല്ലതും കേന്ദ്ര ആദായനികുതി വകുപ്പ് മുന്നോട്ടു വച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പുതിയ കേന്ദ്ര സഹകരണ നിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആദായനികുതി നിയമത്തിലെ 80(പി) വകുപ്പ് പ്രകാരം ആദായ നികുതിയിൽ നിന്ന് സഹകരണ സംഘങ്ങളെ/ബാങ്കുകളെ ഒഴിവാക്കിയിരുന്നു. എന്നാൽ 2006-07-ൽ പ്രസ്തുത ഇളവ് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് ആദായനികുതി നിയമത്തിൽ കേന്ദ്രസർക്കാർ ഭേദഗതി വരുത്തുകയുണ്ടായി. 2012 ഏപ്രിലിൽ തുടങ്ങിയ അസ്സസ്സ്മെന്റ് വർഷം മുതൽ പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വായ്പാ സംഘങ്ങളും ആദായനികുതി നിയമത്തിന്റെ പരിധിയിൽ വരികയുണ്ടായി. 2007-ൽ ആദായനികുതി നിയമത്തിൽ ഭേദഗതി വന്ന വേളയിൽ കേരള നിയമസഭ ഐകകണ്ഠ്യേനയുള്ള പ്രമേയത്തിലൂടെ സഹകരണ മേഖലയ്ക്കുണ്ടായിരുന്ന ആദായനികുതി ഇളവ് പുനഃസ്ഥാപിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ വിഷയം പാർലമെന്റിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമായി സംസ്ഥാനത്തുനിന്നുള്ള എം.പി.-മാരുടെ കോൺഫറൻസിൽ ചർച്ച ചെയ്യുന്നതിനും നടപടി സ്വീകരിച്ചിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സഹകരണവുമായി ബന്ധപ്പെട്ട 97-ാം ഭരണഘടന ഭേദഗതി നിയമം 2011, 15-2-2012-നാണ് പ്രാബല്യത്തിൽ വന്നത്. പ്രസ്തുത നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി കേരള സഹകരണ നിയമം ഭേദഗതി ചെയ്യുകയും ഭേദഗതി 14-2-2013-ന് പ്രാബല്യത്തിൽ വരികയുമുണ്ടായി (2013-ലെ 8-ാം നമ്പർ നിയമം). നിലവിലുള്ള നിയമത്തിൽ ഭേദഗതി വേണമോ എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചുവരുന്നു

**ത്രിവേണി - നന്മ സ്റ്റോറുകൾ ലാഭകരമാക്കാനുള്ള നടപടികൾ**

179 (450) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ത്രിവേണി-നന്മ സ്റ്റോറുകൾ ലാഭത്തിലാക്കുന്നതിനും, ജീവനക്കാർക്ക് ജോലിസ്ഥിരത ലഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ ?

<u>ഉത്തരം</u>

ഇക്കാര്യം പരിശോധിച്ചുവരുന്നു.

**കാരശ്ശേരി സഹകരണ ബാങ്ക്**

180 (451) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ സഹകരണ നിയമത്തിൽ ഭേദഗതി വരുത്തി, കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന് പഴയ കോഴിക്കോട് താലൂക്ക് പ്രവർത്തന പരിധിയായി നിശ്ചയിച്ചതിനെതിരെ താലൂക്കിലെ സഹകാരികളും ജീവനക്കാരും നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, ഇതിന്മേലെടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) പ്രാഥമിക സഹകരണ സംഘങ്ങളുടെ തകർച്ചയ്ക്ക് കാരണമായേക്കാവുന്ന ഇത്തരം ഉത്തരവുകളെ മറികടക്കുന്നതിന് നിയമഭേദഗതി സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടില്ല. കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന് സഹകരണ നിയമം വകുപ്പ് 7(1) (സി) യിൽ ഇളവനുവദിക്കുകയാണുണ്ടായത്.

(ബി) കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന് സഹകരണ നിയമം വകുപ്പ് 7(1) (സി)-ൽ ഇളവ് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിനെതിരെ വിവിധ സഹകരണ ബാങ്കുകൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളിൽ സർക്കാർ ഉത്തരവ് ശരിവെച്ചുകൊണ്ട് ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുകയും ടി വിധിന്യായത്തിന്മേൽ വിവിധ സഹകരണ സംഘങ്ങൾ ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി. (സി)10079/10080/2016 നമ്പരായി കേസ് നിലനിൽക്കുന്നുമുണ്ട്. ആയതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

(സി&ഡി) സർക്കാരിന് കേരള സഹകരണ സംഘം നിയമം/ചട്ടം എന്നിവയിൽ നിന്നും ഇളവ് അനുവദിക്കുന്നതിന് പ്രസ്തുത നിയമത്തിൽ/ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതുതാല്പര്യം കണക്കിലെടുത്താണ് ഇത്തരം ഇളവുകൾ സർക്കാർ നൽകിവരുന്നത്.

**സുവർണ്ണ കേരളം പദ്ധതി**

181 (452) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ മുൻ ഗവൺമെന്റ് സുവർണ്ണ കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;എങ്കിൽ വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുമൂലം കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നത് ;

(സി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്;

(ഡി) ഈ പദ്ധതിക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കിയിട്ടുണ്ട്. നൂതനവും ആരോഗ്യകരവുമായ കൃഷി രീതികൾ ഉപയോഗപ്പെടുത്തി സഹകരണ സംഘങ്ങളിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2014 നവംബർ 1 മുതൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വഴി ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) നൂതനവും ആരോഗ്യകരവുമായ കൃഷി രീതികൾ ഉപയോഗപ്പെടുത്തി സഹകരണ സംഘങ്ങളിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം എന്ന ആവശ്യം ജനകീയ പങ്കാളിത്തത്തോടുകൂടി കേരളത്തിലെ സഹകരണ മേഖല മുഖേന നടപ്പാക്കുക എന്നിവയാണ് ഈ പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നത്.

(സി) വിഷമില്ലാത്ത പച്ചക്കറി കൃഷി ചെയ്യുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ ബോധവത്ക്കരണം നടത്താൻ കഴിഞ്ഞു. സ്വന്തമായി കൃഷിചെയ്തു ലഭ്യമാകുന്ന ഉല്പന്നങ്ങൾ ആവശ്യത്തിനുശേഷം വിറ്റഴിക്കുന്നത് കർഷകർക്ക് ഒരു വരുമാന മാർഗ്ഗമാകുകയും ചെയ്തു.

(ഡി) കേരളത്തിലുടനീളം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും സുവർണ്ണകേരളം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ താലൂക്കിലുമുള്ള സർവ്വീസ് സഹകരണ ബാങ്കുകൾ ടി പ്രദേശത്ത് ഓരോ സീസണുകളിലും യോജിച്ച പച്ചക്കറി വിത്തുകൾ/തൈകൾ എന്നിവ പോളി ഫാമുകളിൽ വികസിപ്പിച്ചെടുത്ത് ഗുണമേന്മയും അത്യുല്പാദന ശേഷിയുമുള്ള വിത്തുകൾ/തൈകൾ എന്നിവ സർക്കാർ

കൃഷിഫാം/നഴ്സറികൾ വഴി വാങ്ങിയും സൗജന്യമായോ/മിതമായ വിലയ്ക്കോ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതിനും, സംഘം പരിധിയിൽ ആരംഭിക്കുന്ന പച്ചക്കറി കൃഷിക്ക് കൃഷിഭവൻ വഴിയും സേവന സന്നദ്ധതയുള്ള സർവ്വീസിൽ നിന്നും വിരമിച്ച കൃഷി ഓഫീസർമാർ മുഖേനയും സേവനം ലഭ്യമാക്കാനും സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിക്കുകയും അതിനനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അംഗങ്ങൾക്ക് കൃഷി ചെയ്യുന്നതിനാവശ്യമായ കാർഷിക വായ്പ ബാങ്കുകൾ വഴി നൽകിവരുന്നു. ബ്ലോക്ക് തലത്തിൽ സഹകരണ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് സർവ്വീസ് സെന്ററിന്റെ സേവനവും നൽകുകയുണ്ടായി.

## കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്

182 (453) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന് സഹകരണ നിയമത്തിലെ 7 (1) (സി) വകുപ്പിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ബാങ്കിന് എത്ര ബ്രാഞ്ചുകളാണ് നിലവിലുള്ളത്; പുതുതായി ബ്രാഞ്ച് ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ടോ;

(സി) അനുമതി കൂടാതെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കാനുള്ള ബാങ്കിൻെറ നീക്കത്തിനെതിരെ പ്രക്ഷോഭവും കോടതി നടപടികളും നിലവിലുണ്ടോ;

(ഡി) പ്രവർത്തന പരിധിയിൽ ഇളവനുവദിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദാക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധി കോഴിക്കോട് താലൂക്കിലെ കോഴിക്കോട് കോർപ്പറേഷൻ പരിധി ഒഴിച്ചുള്ള പ്രദേശത്തേക്ക് പൂർണ്ണമായി വ്യാപിപ്പിക്കുന്നതിന് 16-1-2015-ലെ സ.ഉ(സാധാ) നമ്പർ30/2015/സഹ.ജി.ഒ. പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും ടി

ഉത്തരവിൽ ഭേദഗതി വരുത്തി കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന് കോഴിക്കോട് കോർപ്പറേഷൻ പ്രദേശം ഒഴികെ മുൻ കോഴിക്കോട് താലൂക്ക് മുഴുവൻ പ്രവർത്തന പരിധിയായി നിജപ്പെടുത്തിക്കൊണ്ട് 2-2-2015-ലെ ജി.ഒ. (പി) 18/2015/ സഹ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) കാരശ്ശേരിയിൽ പ്രവർത്തിക്കുന്ന ബാങ്കിന്റെ മെയിൻ ശാഖയ്ക്ക് പുറമെ നെല്ലിക്കപറമ്പ്, മരഞ്ചാട്ടി എന്നീ സ്ഥലങ്ങളിൽ ഓരോ ശാഖകൾ വീതം ആകെ 2 ശാഖകൾ നിലവിൽ വകുപ്പുതല അനുമതിയോടെ പ്രവർത്തിച്ചുവരുന്നു. പുതുതായി ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) പ്രവർത്തന പരിധിയിൽ ഇളവനുവദിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവ് (2-2-2015-ലെ ജി.ഒ.(പി)18/2015/സഹഉത്തരവ്) ബഹു. ഹൈക്കോടതി വിധിന്യായത്തിലൂടെ ശരിവയ്ക്കുകയും പ്രസ്തുത ഉത്തരവിന്മേൽ ബഹു. സുപ്രീംകോടതിയിൽ എസ്.എൽ.പി.സി.10079/10080/2016 നമ്പരായി കേസ് നിലനിൽക്കുകയും ചെയ്യുന്നതിനാൽ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക്**

183 (454) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ കുടിശ്ശികയായി തുക തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) വായ്പാ കുടിശ്ശിക ഇനത്തിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട്;

(സി) നിക്ഷേപകർക്ക് പണം തിരികെ നൽകുന്നതിന് നടപടികൾ കൈക്കൊള്ളുന്നുവോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കുടിശ്ശികയായ 845 വായ്പകൾക്കും ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. വിധി സമ്പാദിച്ച ആകെ 486 കേസുകളിന്മേലും, എക്സിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വായ്പ കുടിശ്ശികയിനത്തിൽ 1,12,25,512 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(സി) ഉണ്ട്. ബഹു. കേരള ഹൈക്കോടതിയിലും വിവിധ ഫോറങ്ങളിലുമായി നിലവിലുള്ള കേസുകളിന്മേലുള്ള ഉത്തരവുകൾക്ക് വിധേയമായി നിക്ഷേപകരുടെ നിക്ഷേപം, വായ്പകൾ തിരികെ ഈടാക്കുന്ന മുറയ്ക്ക് ആനുപാതികമായി തവണകളായി മടക്കിനൽകുന്നതിനുള്ള ഒരു പാക്കേജ് തയ്യാറാക്കിവരുന്നു.

**വിദ്യാഭ്യാസ വായ്പ പലിശ ഇളവ്**

184 (455) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പയെടുക്കുന്ന വിദ്യാർത്ഥികൾക്ക് പലിശ ഇളവ് നൽകുമ്പോൾ സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് പലിശയിളവ് ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുക്കുന്ന വിദ്യാർത്ഥികൾക്ക് കൂടി പലിശ ഇളവ് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നത് പരിഗണിക്കുമോ;

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാലര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ കീഴിൽ വരുന്ന ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നെടുക്കുന്ന വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ സബ്സിഡി അനുവദിക്കുന്ന കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വായ്പയ്ക്കുള്ള പലിശ സബ്സിഡി സ്കീം 1-4-2009-ൽ നിലവിൽ വന്നു. പ്രസ്തുത സ്കീമിൽ സഹകരണ ബാങ്കുകളെ ഉൾപ്പെടുത്തിയിരുന്നില്ല. സംസ്ഥാന സർക്കാരിന്റെ ഇടപെടലിനെത്തുടർന്ന് കേരള സംസ്ഥാന സഹകരണ ബാങ്കിനെ പദ്ധതിയിൽ ഉൾപ്പെടുത്തുകയുണ്ടായി. മറ്റ് സഹകരണ ബാങ്കുകൾ പദ്ധതിയുടെ പരിധിയിൽ വരുകയില്ല. 15-6-2016-ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് ഈ വിഷയം ചർച്ച ചെയ്തിരുന്നു. സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സംവിധാനം നിലവിൽ വരുകയും ഡി.ബി.റ്റി. ഉൾപ്പെടെ എല്ലാ

ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും ലഭ്യമാണെന്ന് വിലയിരുത്തുകയും ചെയ്ത സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വായ്പയുള്ള പലിശ സബ്സിഡി സ്കീം ജില്ലാ സഹകരണ ബാങ്കുകൾക്ക് കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് തീരുമാനിക്കുകയുണ്ടായി. വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് എം.പി. മാരുടെ യോഗത്തിനുള്ള അജണ്ടയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ ത്രിവേണി നന്മ സ്റ്റോറുകളുടെ പ്രവർത്തനം**

185 (456) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രിവേണി നന്മ സ്റ്റോറുകൾ പ്രവർത്തസജ്ജമാക്കുവാൻ സ്വീകരിക്കുവാൻ പോകുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പൂട്ടിയിട്ടിരിക്കുന്ന ത്രിവേണി സ്റ്റോറുകൾ തുറക്കുന്നതിന് നടപടി ഉണ്ടാകുമോ;

(സി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വിലക്കയറ്റം തടയുന്നതിന് കൺസ്യൂമർ ഫെഡ് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ത്രിവേണി നന്മ സ്റ്റോറുകൾ പ്രവർത്തന സജ്ജമാക്കുന്നതിനുവേണ്ടി അവശ്യ നിത്യോപയോഗ സാധനങ്ങൾ ത്രിവേണി സ്റ്റോറുകൾ വഴി വിൽപ്പന നടത്തുന്നതിനും കൂടുതൽ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ത്രിവേണികൾ പ്രവർത്തിക്കുന്ന വലിയ വാടക കെട്ടിടങ്ങൾ കുറഞ്ഞ വാടകയുള്ള കച്ചവട സാധ്യതയുള്ള സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിച്ചും ലാഭകരമല്ലാത്ത മൊബൈൽ ത്രിവേണികൾ റൂട്ടുകൾ പുനഃക്രമീകരണം ചെയ്ത് ലാഭകരമാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി ത്രിവേണി സ്റ്റോറുകൾക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ്, പരമാവധി വിലകുറച്ച് ലഭിക്കുമെന്ന് ഉറപ്പുവരുത്തി പർച്ചേസ് ഓർഡറുകൾ നൽകിവരുന്നു. നന്മ സ്റ്റോറുകൾ പൂർണ്ണമായി ഇ-ടെണ്ടർ സംവിധാനത്തിലൂടെയാണ് പർച്ചേസ് നടത്തിവരുന്നത്.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ വില വർദ്ധനവിന് ഏറെ സാധ്യതയുള്ള ഉത്സവകാലങ്ങളിൽ അരി ഉൾപ്പെടെയുള്ള അവശ്യ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സാധാരണകാർക്ക് ലഭ്യമാക്കി പൊതു വിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൊതുവിപണിയിൽ നിന്നും മിതമായ വിലയ്ക്ക് ഗുണമേന്മയുള്ള സാധനങ്ങൾ നന്മ സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണികൾ എന്നിവയിലൂടെ സാധാരണക്കാർക്ക് ലഭ്യമാക്കി കമ്പോള ഇടപെടലിൽ കൺസ്യൂമർഫെഡ് സഹകരണ മേഖലയെ സഹായിച്ചുവരുന്നു.

**വായ്പകൾക്ക് നൽകുന്ന ഇളവുകൾ**

186 (457) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത വ്യക്തികൾ മരിച്ചാൽ വായ്പ/പിഴപ്പലിശ, പലിശ എന്നിവയിൽ എന്തൊക്കെ ഇളവുകളാണ് ഇപ്പോൾ നൽകി വരുന്നത്;വിശദമാക്കാമോ;

(ബി) മാരക രോഗങ്ങൾ വന്ന് മരിച്ചവരുടെ വായ്പകൾക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കാറില്ല എന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിനും അർഹതപ്പെട്ടവർക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർവ്വീസ് സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന

ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാദ്ധ്യതയിൽ നിന്ന് ടി അംഗങ്ങളെ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഒഴിവാക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ സംഘം പൊതുയോഗത്തിന്റെ അനുമതിയോടും സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതിത്തള്ളാവുന്നതാണ്. ഇതിലേക്കായി വായ്പ നല്കുന്ന സംഘം/ബാങ്ക് റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുകയും നൽകുന്ന ഓരോ വായ്പകളിൽ നിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സംഘം/ബാങ്ക് വായ്പക്കാരനിൽ നിന്നും ഈടാക്കി പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് അടയ്ക്കേണ്ടതായിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതിയുടെ പരിധിയിൽ വരാത്ത വായ്പകളിൽ വായ്പക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത തീയതി മുതൽ ഒരു വർഷത്തിനകം അവകാശികൾ വായ്പാ കണക്ക് അവസാനിപ്പിക്കുകയാണെങ്കിൽ വായ്പക്കാരൻ മരിച്ച തീയതി മുതൽ വായ്പാകണക്ക് അവസാനിപ്പിക്കും വരെയുള്ള പലിശ ഇളവ് നൽകുന്നതിന് സംഘങ്ങൾക്ക് അനുമതി നൽകി സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) റിസ്ക് ഫണ്ട് ആനുകൂല്യത്തിനുള്ള അർഹത മാനദണ്ഡങ്ങൾ കൈവരിച്ചവരിൽ മാരക രോഗങ്ങൾ വന്ന് മരിച്ചവരുടെ വായ്പകൾക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കാറില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വായ്പാക്കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. മരണപ്പെട്ട/ മാരകരോഗം പിടിപെട്ട ആളിന്റെ പേരിലുള്ളതും മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പക്കാരുടെ വായ്പകൾക്ക് മാത്രമാണ് ആനുകൂല്യം ലഭിക്കുക.

## വിനോദസഞ്ചാര വികസനം

187 (458) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാര വികസനത്തിനായി എന്തൊക്കെ നൂതന പദ്ധതികൾക്ക് രൂപം നൽകും; വിശദാംശങ്ങൾ നൽകുമോ;

(ബി) കൂടുതൽ വിനോദ സഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ വരുമാനവും തൊഴിൽ അവസരങ്ങളും വർദ്ധിപ്പിക്കാൻ വിനോദ സഞ്ചാര മേഖലയെ പ്രയോജനപ്പെടുത്തുമോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) മലബാറിൽ ടൂറിസം മേഖലയുടെ വികാസത്തിന് എന്തെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) സാമൂഹികവും പാരിസ്ഥിതികവുമായ ഘടകങ്ങൾക്ക് വിഘാതം വരാതെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സാമൂഹികവും സാമ്പത്തികവുമായി സംസ്ഥാനത്തിന്റെ ഉന്നമനത്തിനായുള്ള സമഗ്ര ടൂറിസം പദ്ധതിയാണ് വിനോദ സഞ്ചാര വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിനായി വിഭാവന ചെയ്ത പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. യുവാക്കൾക്ക്, പ്രത്യേകിച്ചും ഗ്രാമീണ മേഖലയിലെ യുവാക്കൾക്ക് തൊഴിലധിഷ്ഠിത കഴിവുകൾ ഉണ്ടാക്കുന്നതിനുതകുന്ന അനുഭവാധിഷ്ഠിതമായ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കും.

2. സാധാരണ ജനങ്ങൾക്ക് ഗുണകരമാകുന്ന വിധത്തിൽ ഉത്തരവാദിത്വ വിനോദസഞ്ചാര പദ്ധതി നടത്തി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

3. എല്ലാ പ്രധാനപ്പെട്ട വിനോദസഞ്ചാര സ്ഥലങ്ങളിലും സമഗ്രവും ഫലപ്രദവുമായ മാലിന്യനിർമ്മാർജ്ജനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, NGO-കൾ, ടൂറിസം വ്യവസായ സ്ഥാപനങ്ങൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള സമഗ്രമാലിന്യ

നിർമ്മാർജ്ജന മാനേജ്മെന്റ് പ്രോഗ്രാം നടത്താനായി ഉദ്ദേശിക്കുന്നു. ഇതോടൊപ്പം മൈക്രോ ഡെസ്റ്റിനേഷനുകളിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനവും ഗ്രീൻ പ്രോട്ടോക്കോളും നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു.

4. പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും അതോടൊപ്പം അവ നല്ല രീതിയിൽ പരിപാലിക്കുകയും ചെയ്യുക.

5. പരിസ്ഥിതി, സംസ്കാരം, പൈതൃകം എന്നിവയുടെ പരിപാലനവും സംരക്ഷണവുമാണ് പ്രത്യേക ശ്രദ്ധ നൽകുന്ന മേഖല.

6. വിവിധ വകുപ്പുകളെ അതായത് വനവും വന്യജീവിയും, സാംസ്കാരികം, തുറമുഖം, വൈദ്യുതി, ജലസേചനം, ഫിഷറീസ്, കൃഷി എന്നീ വകുപ്പുകളുമായുള്ള സഹകരണത്തിലൂടെ ടൂറിസം സൗകര്യങ്ങളെ വികസിപ്പിക്കുക.

7. വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി ലൈഫ് ഗാർഡുകളുടെയും ടൂറിസ്റ്റ് വാർഡന്മാരുടെയും എണ്ണം വർദ്ധിപ്പിച്ചും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

8. പുതിയ സാങ്കേതിക വിദ്യകൾ ടൂറിസം വികസനത്തിന് ഫലപ്രദമായി ഉപയോഗിക്കും.

(ബി & സി) കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, പരിസ്ഥിതി സൗഹാർദ്ദ സൗകര്യങ്ങൾ വികസിപ്പിക്കുക, സമഗ്ര മാലിന്യ നിർമ്മാർജ്ജന മാനേജ്മെന്റ് നടപ്പാക്കുക, അവയോടൊപ്പം കേരളത്തിലെ ടൂറിസ്റ്റ് സാധ്യതകളെ കാണിച്ച് വിവിധ രാജ്യങ്ങളിൽ റോഡ് ഷോകൾ, ട്രേഡ് ഫെയറുകൾ മുതലായവ സംഘടിപ്പിക്കുക, ഇവയ്ക്കെല്ലാം വേണ്ടത്ര പ്രചരണം നൽകുക എന്നിവ വഴി കൂടുതൽ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങനെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും അതിലൂടെ സംസ്ഥാനത്തിന്റെ വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

(ഡി) പരിഗണിച്ച് വരുന്നു.

## വിനോദസഞ്ചാരികളുടെ വരവ്

188 (459) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യ സന്ദർശിക്കുന്ന സൗദി പൗരന്മാർക്ക് ബയോ മെട്രിക് പരിശോധന ഏർപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ തീരുമാനമെടുത്തതായി അറിവുണ്ടോ ;

(ബി) അത് കേരളത്തിലേക്കുള്ള സൗദി വിനോദ സഞ്ചാരികളുടെ വരവിനെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) സൗദി പൗരന്മാർക്ക് വിസ ലഭിക്കുന്നതിന് ബയോമെട്രിക് നാമാങ്കനം (Enrolment) ഏർപ്പെടുത്തിയതിനാൽ സൗദി പൗരന്മാരുടെ ഇന്ത്യാ സന്ദർശനത്തിനുള്ള യാത്രാപദ്ധതികളെ ദോഷകരമായി ബാധിക്കുകയും വിനോദസഞ്ചാര വ്യവസായത്തെ വളരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ഈ നിയമം പുനഃപരിശോധിക്കണമെന്നും ഇ-വിസ പ്രകാരം ഇന്ത്യ സന്ദർശിക്കാവുന്ന രാജ്യങ്ങളുടെ കൂട്ടത്തിൽ സൗദി അറേബ്യയെക്കൂടി ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പീച്ചി വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനം

189 (460) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിൽ നിന്ന് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പീച്ചി വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനും സൗന്ദര്യവൽക്കരണത്തിനുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ആയതിന്റെ വിശദ വിവരവും ലഭ്യമാക്കാമോ ;

(ബി) പീച്ചി വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പീച്ചി വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനായി 2015-ൽ "റൗണ്ട് ചെയിസിംഗ് ഫൗണ്ടയിൻ" എന്ന പദ്ധതിക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നല്കിയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തികൾ നടന്നുവരുന്നു. ഇതിന്റെ നിർവ്വഹണ ഏജൻസിയായി M/s. Kerala State Industrial Enterprises Ltd.-നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിന് ആദ്യ ഗഡുവായി 50 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. 95% പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ പദ്ധതികൾ പരിഗണനയിലില്ല.

## കോവളം-വർക്കല-പൊന്മുടി വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ടൂറിസ്റ്റ് ഹബ്ബ്

190 (461) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിൽ വിനോദസഞ്ചാരികൾക്കായി ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഹിൽ ടൂറിസത്തിന്റെ അനന്ത സാദ്ധ്യതകൾ പരിഗണിച്ച് കോവളം-വർക്കല-പൊൻമുടി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ഒരു ടൂറിസ്റ്റ് ഹബ്ബ് രൂപീകരിക്കുന്നതിനും പൊൻമുടിയുടെ സമഗ്രവികസനത്തിന് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിനും മുൻകൈയെടുക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പൊന്മുടിയിൽ അപ്പർ സാനിട്ടോറിയത്തിൽ കഫറ്റേരിയ, റെസ്റ്റോറന്റ്, ടോയ്‌ലറ്റ്, ഇന്റർപ്രട്ടേഷൻ സെന്റർ എന്നിവ ഉൾപ്പെടുന്ന ടൂറിസ്റ്റ് അമിനിറ്റി സെന്റർ വനം വകുപ്പ് മുഖേന പ്രവർത്തിക്കുന്നുണ്ട്. ടൂറിസം വകുപ്പിന് 15 മുറികളോടുകൂടിയ ഒരു ഗസ്റ്റ് ഹൗസ് നിലവിലുണ്ട്. 16 മുറികളോടുകൂടിയ പുതിയ ഒരു ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം നടന്നുവരുന്നു. കൂടാതെ 10 ക്വാർട്ടേഴ്സും കാന്റീൻ സൗകര്യങ്ങളും ഒരു കോൺഫറൻസ് ഹാളും കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന പ്രവർത്തിച്ചുവരുന്നു. പൊന്മുടിക്കടുത്ത് കല്ലാറിൽ 4 ഗസ്റ്റ്

റൂമും ഡോർമിറ്ററിയും റസ്റ്റോറന്റും ഉൾപ്പെടെ ഒരു ടൂറിസ്റ്റ് ക്യാമ്പിംഗ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായി. പൊന്മുടി പോകുന്ന വഴി വിതുരയിൽ സ്വരാജ് ഐലന്റ് പാർക്കിൽ കോഫി ബാർ, ടോയ്‌ലറ്റ് ഫെസിലിറ്റി ഉൾപ്പെടെ ഒരു വഴിയോര വിശ്രമ കേന്ദ്രം പൂർത്തിയായി കഴിഞ്ഞു. ഇവ രണ്ടും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന ഉടനെ പ്രാവർത്തികമാക്കുന്നതാണ്.

(ബി) 30 വർഷത്തെ സമഗ്ര വികസനം ലക്ഷ്യമാക്കി പൊന്മുടിയുടെയും കോവളത്തിന്റെയും വികസനത്തിനായി വെവ്വേറെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി വരുന്നു.

**ആലപ്പുഴ മെഗാ ടൂറിസം പദ്ധതി**

191 (462) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി കായലോര ടൂറിസവുമായി ബന്ധപ്പെട്ട് കായംകുളം കായൽ തീരത്ത് പുരോഗമിച്ചു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയെന്നും, പ്രസ്തുത പദ്ധതി നാടിനായി എന്നേക്കു സമർപ്പിക്കുവാൻ കഴിയുമെന്നും വിശദമാക്കാമോ;

(ബി) കൃഷ്ണപുരം കൊട്ടാരം, കൃഷ്ണപുരം സാംസ്കാരിക വിനോദകേന്ദ്രം, ദേശീയ കാർട്ടൂൺ മ്യൂസിയം, കായംകുളത്തെ നിർദ്ദിഷ്ട ഹൗസ് ബോട്ട് ടെർമിനൽ എന്നീ പദ്ധതികളെ സംയോജിപ്പിച്ച് കായംകുളത്തിന്റെ ടൂറിസം സാദ്ധ്യതകൾ പരിപോഷിപ്പിക്കുന്നതിലേക്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് കായംകുളത്ത് നടപ്പാക്കുന്ന ഹൗസ്ബോട്ട് ടെർമിനൽ പദ്ധതിയുടെ 70% പ്രവർത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ തന്നെ ഈ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**മുനമ്പം, ചെറായി, കുഴിപ്പിള്ളി ബീച്ചുകളിലെ വിനോദസഞ്ചാര വികസനം**

192 (463) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനമ്പം, ചെറായി, കുഴിപ്പിള്ളി ബീച്ചുകളിലെ വിനോദ സഞ്ചാര വികസനത്തിനായി 2014-15 വർഷത്തിൽ ചെലവഴിച്ച തുക എത്രയെന്നും എന്തിനെല്ലാമാണെന്നും വിശദമാക്കാമോ ;

(ബി) ഭരണാനുമതി ലഭിച്ച ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പ്രവൃത്തികൾ ആരംഭിക്കുന്നതിൽ തടസ്സങ്ങളെന്തെങ്കിലുമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2014-15 വർഷത്തിൽ മുനമ്പം, ചെറായി, കുഴിപ്പിള്ളി ബീച്ചുകളിലെ വിനോദസഞ്ചാര വികസനത്തിനായി തുക ചെലവഴിച്ചിട്ടില്ല.

(ബി &സി) 2014-15 വർഷത്തിൽ ഭരണാനുമതി ലഭിച്ച പ്രവർത്തികളൊന്നും പൂർത്തീകരിക്കാനില്ല.

**തലശ്ശേരി പൈതൃക ടൂറിസം പദ്ധതി**

193 (464) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികൾ ഉൾപ്പെടുന്നു;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു;

(സി) ഇവയ്ക്ക് എത്ര തുക ചെലവായി;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ട്;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം ചെയ്തിട്ടുള്ള പ്രവൃത്തിക്ക് എത്ര തുക നീക്കി വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) മറുപടി അനുബന്ധമായി ചേർക്കുന്നു.*

(ഇ) 2016-17 സാമ്പത്തിക വർഷത്തിൽ '5452-01-800-84'എന്ന ശീർഷകത്തിൽ 18 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഇതിൽ മുസിരീസ് പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, സ്പൈസ് റൂട്ട് തുടങ്ങിയവയ്ക്കുള്ള തുകയാണ് വകയിരുത്തിയിരിക്കുന്നത്.

**ബേക്കൽ ടൂറിസം വികസനം**

194 (465) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) സൗത്ത് ബീച്ച് പാർക്കിന്റെ നവീകരണം, സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച് കഴിഞ്ഞ അഞ്ച് വർഷവും തുറന്ന് കൊടുക്കാൻ സാധിക്കാതെ അനാഥമായി കിടക്കുന്ന പാർക്ക്, ബേക്കൽ എയർസ്ട്രിപ്പ് എന്നിവ യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ബി.ആർ.ഡി.സി. (ബേക്കൽ റിസോർട്ട് ഡവലപ്പ്മെന്റ് കോർപ്പറേഷൻ) മറ്റേതെങ്കിലും ജില്ലകളിലെ പ്രോജക്ട് കഴിഞ്ഞ വർഷം ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ആയതിന് ബി. ആർ.ഡി.സി. തുക ചെലവഴിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഗ്രീൻ ടൂറിസം സർക്യൂട്ട് പ്രോജക്ട് കൊണ്ട് ബി.ആർ.ഡി.സി.-ക്ക് എന്ത് ഗുണമാണുള്ളതെന്ന് വിശദമാക്കാമോ; പദ്ധതി ഏറ്റെടുത്തിന്റേ കാരണം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് നിരവധി വികസന പ്രവർത്തനങ്ങൾ ഇതിനോടൊപ്പം തന്നെ നടത്തിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ (ബേക്കൽ കടലോരം ഉൾപ്പെടുന്ന) നാല് പഞ്ചായത്തുകൾ ഉൾപ്പെട്ട പദ്ധതി പ്രദേശത്ത് ബി.ആർ.ഡി.സി. ഏറ്റെടുത്ത 235.58 ഏക്കർ സ്ഥലത്തിൽ 205-ഓളം ഏക്കർ റിസോർട്ടുകളുടെ നിർമ്മാണത്തിനായി അനുയോജ്യമായ ആറ് റിസോർട്ട് സൈറ്റുകളായി തിരിച്ച് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആറ് സൈറ്റുകളും റിസോർട്ട് നിർമ്മാണത്തിനായി ദീർഘകാല പാട്ട വ്യവസ്ഥയിൽ കൈമാറി കഴിഞ്ഞു. ഇതിൽ രണ്ട് റിസോർട്ടുകൾ (ലളിത് റിസോർട്ട് & സ്പാ, താജ് വിവാന്ത ബേക്കൽ) പ്രവർത്തനമാരംഭിച്ചു. ബാക്കിയുള്ള റിസോർട്ടുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു. കൂടാതെ താഴെപ്പറയുന്ന വികസന പദ്ധതികളും പരിഗണനയിലാണ്.

- പള്ളിക്കരയിൽ ബി.ആർ.ഡി.സി.-യുടെ ആസ്ഥാന മന്ദിരം നിർമ്മാണം.
- ബേക്കൽ ഫോർട്ട് സോൺ വികസനം
- ബേക്കൽ ഫോർട്ട് ബീച്ച് നവീകരണം
- കോട്ടപ്പുറം ബോട്ട് ടെർമിനൽ വികസനം
- ബേക്കൽ കുടിവെള്ള വിതരണ പദ്ധതി വിപുലീകരണം
- ബേക്കൽ എയർസ്ട്രിപ്പ്
- ബേക്കൽ സൗത്ത് ബീച്ച് ഒരു സമ്പൂർണ്ണ ഉല്ലാസ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതി
- ബേക്കൽ അടിസ്ഥാനമാക്കിയുള്ള ടൂറിസം പ്രൊമോഷൻ പരിപാടികൾ
- മോഡൽ ബസ് സ്റ്റേഷനുകൾ
- ബേക്കൽ തീരത്ത് ലൈഫ് ഗാർഡുകൾ
- ബേക്കൽ തീരത്ത് ശുചീകരണ സ്ക്വാഡുകൾ
- ബേക്കലിൽ യൂത്ത് ഹോസ്റ്റൽ
- ബേക്കലിൽ ടൂറിസം വിദ്യാഭ്യാസ സ്ഥാപനങ്ങൾ

(ബി) ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് ഡിസംബർ മാസത്തോടെ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് പുല്ലൂർ പെരിയ പഞ്ചായത്തിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് ഒരു എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ബി.ആർ.ഡി.സി. മറ്റേതെങ്കിലും ജില്ലകളിലെ പ്രോജക്ട് കഴിഞ്ഞ വർഷം ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. 2013-ൽ കോട്ടയത്ത് ഗ്രീൻ ടൂറിസം സർക്ക്യൂട്ട് പ്രോജക്ട് നടപ്പിലാക്കാൻ ബി.ആർ.ഡി.സി. യെ ചുമതലപ്പെടുത്തിയിരുന്നു. ഈ പദ്ധതി 2014-ൽ ബി.ആർ.ഡി.സി. കോട്ടയത്തെ ഗ്രീൻ ടൂറിസം സർക്യൂട്ടിനെ

(ജി.ടി.സി.) ഏൽപ്പിച്ചു. 2013-ൽ ആരംഭിച്ച കണ്ണൂർ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഈ പ്രവർത്തികൾക്ക് ബി.ആർ.ഡി.സി. തുക ചെലവഴിച്ചിട്ടില്ല.

(ഡി) ഗ്രീൻ ടൂറിസം സർക്യൂട്ട് പ്രോജക്ട് ബി.ആർ.ഡി.സി വഴിയാണ് നടപ്പാക്കുന്നത്. ജി.ഒ(ആർടി.) നമ്പർ 6127/13/ടി.എസ്.എം. തീയതി 23-7-2013 എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി ബി.ആർ.ഡി.സി-യെ ഏൽപ്പിച്ചത്.

**മണിയാർ ടൂറിസം പദ്ധതി**

195 (466) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ ടൂറിസം പദ്ധതിക്ക് എത്ര തുകയാണ് അനുവദിച്ചിരുന്നതെന്നും എന്തൊക്കെ പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്തിരുന്നതെന്നും ഇതിൽ ഏതൊക്കെ പദ്ധതികൾ പൂർത്തീകരിച്ചുവെന്നും ബാക്കിയുള്ളവയുടെ നിർമ്മാണം തടസ്സപ്പെട്ടതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിക്കാനും മണിയാർ ഡാം കേന്ദ്രീകരിച്ച് വിനോദ ബോട്ട് യാത്ര ഉൾപ്പെടെ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുംവിധമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മണിയാർ ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടത്തിനായി 50 ലക്ഷം രൂപയാണ് അനുവദിച്ചത്. ഇതിൽ ലാന്റ് സ്കേപ്പിംഗ്, പാർക്കിംഗ് യാർഡ്, പവലിയൻ, സൈനേജ് ബോട്ടിംഗ് യാർഡ് നവീകരണം, നടപ്പാത, ഫുഡ് കോർട്ട്, ആംഫി തിയേറ്റർ, ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, ബാരേജ് നവീകരണം, ക്വാർട്ടേഴ്സിന്റെ ലാന്റ് സ്കേപ്പ്, സസ്പെൻഷൻ ബ്രിഡ്ജ്, എൻട്രൻസ് ഗേറ്റ്, ടോയ്ലറ്റ്, കുട്ടികളുടെ കളിസ്ഥലം, യൂട്ടിലിറ്റി ഷോപ്പ്, അക്വേറിയം തുടങ്ങിയവയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇവയിൽ ലാന്റ് സ്കേപ്പ്, ടോയ്ലറ്റ് ബ്ലോക്ക്, പവലിയൻ തുടങ്ങിയവ പൂർത്തീകരിച്ചു. വൈദ്യുത ജല സംവിധാനങ്ങൾ ലഭ്യമാക്കാൻ ജലസേചനവകുപ്പ് അനുമതി നൽകാത്തതിനാലും സിഡ്കോ യഥാസമയം പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാലുമാണ് പദ്ധതി പൂർത്തീകരിക്കാൻ കഴിയാതെ വന്നത്.

(ബി) ഇതിനായി വ്യക്തമായ പദ്ധതികൾ ആവിഷ്കരിക്കാൻ പത്തനംതിട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്

## പാലക്കാട് ജില്ലയിലെ വിവിധ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ

196 (467) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ ബന്ധപ്പെടുത്തി സ്വദേശ, വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളെയാണ് നിർദ്ദിഷ്ട പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് ലഭ്യമാണോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) പാലക്കാട് ജില്ലയിലെ വിവിധ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ ബന്ധപ്പെടുത്തി സ്വദേശ വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും പ്രചാരണ പരിപാടികൾ നടപ്പിലാക്കുന്നതിനും മുൻകൈ എടുത്തുവരുന്നു. പാലക്കാടിനു മാത്രമായി പ്രത്യേകം പഠനം നടത്തിയിട്ടില്ല. ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. കൽപ്പാത്തി ഹെറിറ്റേജ് വില്ലേജ്-കൽപ്പാത്തി കടവ് നവീകരണം.
2. നെല്ലിയാമ്പതി കുന്നുകളിലെ ഇക്കോടൂറിസം പദ്ധതികൾ.
3. തൃത്താല വെളിയങ്കല്ല് പ്രദേശത്തെ വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കൽ രണ്ടാം ഘട്ടം.
4. അനങ്ങൻമലയിലെ ഇക്കോടൂറിസം പദ്ധതികൾ.
5. ശ്രീകൃഷ്ണപുരത്തെ ബാപ്പുജി ചിൽഡ്രൻസ് പാർക്ക്.
6. വെള്ളിനേഴി കലാഗ്രാമം-കൾച്ചറൽ കോംപ്ലക്സ് നിർമ്മാണം-ഒന്നാം ഘട്ടം.
7. തിരുവേഗപ്പുരം ഫോക് ലോർ പാർക്ക്.
8. കൽപ്പാത്തി രഥം-നവീകരണം.
9. പാലക്കാട് കോട്ട പരിസരത്തെ ടൂറിസം കേന്ദ്രമായി വികസിപ്പിക്കൽ.

## തുഷാരഗിരി-ടൂറിസ്റ്റ് കോട്ടേജുകൾ തുറന്ന് കൊടുക്കാൻ നടപടി

197 (468) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയായ തുഷാരഗിരിയിൽ ടൂറിസംവകുപ്പ് നിർമ്മിച്ച ടൂറിസ്റ്റ് കോട്ടേജുകൾ സഞ്ചാരികൾക്കായി തുറന്ന് കൊടുക്കാത്തതെന്തു കൊണ്ടാണെന്ന് വിശദമാക്കാമോ ;

(ബി) കോട്ടേജുകൾ തുറന്ന് കൊടുക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) തുഷാരഗിരി പദ്ധതിക്കുവേണ്ടി സർക്കാർ 59 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ഡി.റ്റി.പി.സി. മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. തുഷാരഗിരിയിൽ കോട്ടേജുകളുടെ പണി പൂർത്തീകരിച്ചിരുന്നെങ്കിലും അതോടൊപ്പം സിഡ്കോ മുഖാന്തരം പണി പൂർത്തീകരിക്കേണ്ട ജലവിതരണ പദ്ധതിയുടെ പ്രവർത്തി പൂർത്തീകരിക്കപ്പെട്ടിട്ടില്ലാത്തതിനാലാണ് കോട്ടേജുകൾ തുറന്ന് കൊടുക്കുന്നതിന് കാലതാമസം നേരിടുന്നത്.

(ബി) കോട്ടേജുകൾ തുറന്ന് കൊടുക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാൻ ഡി.റ്റി.പി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൊല്ലമ്പുഴ ടൂറിസ്റ്റ് അമിനിറ്റി സെന്റർ

198 (469) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഠിനംകുളം വാട്ടർ സർക്യൂട്ടിന്റെ ഭാഗമായി കൊല്ലമ്പുഴയിൽ നിർമ്മിച്ച ടൂറിസ്റ്റ് അമിനിറ്റി സെന്ററിന്റേയും പാർക്കിന്റേയും നാശാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് വകുപ്പിന്റെ ഭാഗത്തുനിന്നും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ചിൽഡ്രൻസ് പാർക്ക് നവീകരണത്തിന് ആറ്റിങ്ങൽ മുനിസിപ്പൽ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കി സമർപ്പിച്ച പദ്ധതിയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി M/s.SIDCO-യാണ്. പദ്ധതി പൂർത്തീകരിച്ച് വകുപ്പിന് കൈമാറാത്ത സാഹചര്യത്തിൽ ആയത് പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസിയായ M/s.SIDCO-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പരിഗണിച്ചിട്ടില്ല.

**കോയിക്കൽ കൊട്ടാരം**

199 (470) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചരിത്രപ്രസിദ്ധമായ കോയിക്കൽ കൊട്ടാരം, ദേശീയ നാണയ ശേഖരകേന്ദ്രം, എന്നിവ സംയോജിപ്പിച്ചുകൊണ്ട് ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

<u>ഉത്തരം</u>

നിലവിൽ പരിഗണനയിലില്ല.

**പോത്തുണ്ടി, ചുള്ളിയാർ, മീങ്കര ഡാമുകളെ കേന്ദ്രീകരിച്ചുള്ള ടൂറിസം**

200 (471) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ പോത്തുണ്ടി, ചുള്ളിയാർ, മീങ്കര ഡാമുകളെ കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) നെല്ലിയാമ്പതി, പറമ്പിക്കുളം മലനിരകളുടെ താഴ്വരയിലുള്ള ഈ ഡാമുകളെ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി നടപ്പിലാക്കിയാൽ ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) നെന്മാറ നിയോജക മണ്ഡലത്തിൽ മേല്പറഞ്ഞ ഡാമുകളെ കോർത്തിണക്കിയ ടൂറിസം പദ്ധതി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സമഗ്രമായ പഠനം നടത്തിയിട്ടില്ല.

(സി) പരിശോധിക്കുന്നതാണ്.

**ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി**

201 (472) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി കാര്യക്ഷമമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉന്നമനത്തിനായി എന്തൊക്കെ പദ്ധതികളാണ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നത് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി കാര്യക്ഷമ മാക്കുന്നതിനായി ടി സെന്ററിൽ റിസപ്ഷൻ സെന്ററിന്റെ നവീകരണം, സംരക്ഷണഭിത്തി കെട്ടൽ, നടപ്പാതയിൽ കല്ല് പാകൽ, പുഴയ്ക്ക് അരികിൽ ഭിത്തികെട്ടി പ്ലാറ്റ്ഫോം നിർമ്മാണം, ഡ്രെസ്സ് ചെയ്ഞ്ച് റൂം, ടോയ്ലറ്റ് തുടങ്ങിയ പദ്ധതികൾ 2015-16 വർഷം നടപ്പിലാക്കിയിട്ടുണ്ട്.

**ഏനാമാക്കൽ നെഹ്റു പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

202 (473) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട വെന്തിടങ്ങ് പഞ്ചായത്തിലെ ഏനാമാക്കൽ നെഹ്റു പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പാർക്കിന്റെ നിർമ്മാണം ആരംഭിച്ചതെന്നാണെന്ന് അറിയിക്കമോ;

(സി) ഇതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) പാർക്കിന്റെ നിർമ്മാണ പൂർത്തീകരണത്തിനു സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഏനമാവ് നെഹ്റു പാർക്കിന്റെ നിർമ്മാണ പ്രവർത്തനത്തിന് 24 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതുവരെ 17 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ ഡി.ടി.പി.സി. തൃശ്ശൂരിന് വകുപ്പ് നൽകിയിട്ടുണ്ട്. നിർമ്മാണ പുരോഗതി അനുസരിച്ചാണ് തുക നൽകുന്നത്. ഇപ്പോൾ പദ്ധതി അന്തിമഘട്ടത്തിലാണ്.

(ബി) 2008 ഫെബ്രുവരി മാസത്തിലാണ് ആരംഭിച്ചത്.

(സി) 17 ലക്ഷം രൂപ ഇതുവരെ ടൂറിസം വകുപ്പ് തൃശ്ശൂർ ഡി.ടി.പി.സി.-യ്ക്ക് നൽകിയിട്ടുണ്ട്.

(ഡി) തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

(ഇ) പാർക്കിന്റെ നിർമ്മാണ പൂർത്തീകരണത്തിന് സത്വര നടപടി സ്വീകരിക്കുവാൻ തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാസർഗോഡ് സർക്കാർ അതിഥി മന്ദിരം**

203 (474) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് സർക്കാർ അതിഥി മന്ദിരത്തിൽ എത്ര മുറികളുണ്ട്; എല്ലാ മുറികളും എയർ കണ്ടീഷൻ ചെയ്തതാണോ; ഇല്ലെങ്കിൽ എത്ര മുറികളിലാണ് എ.സി. ഘടിപ്പിക്കാത്തത്; ഈ മുറികളിൽ എ.സി. ഘടിപ്പിക്കാൻ പദ്ധതിയുണ്ടോ;

(ബി) കാസർകോട് സർക്കാർ അതിഥി മന്ദിരത്തിൽ ജനറേറ്റർ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ നിരന്തരം വൈദ്യുതി തടസ്സം അനുഭവപ്പെടുന്ന ഇവിടെ ജനറേറ്റർ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) പരിമിതികൾ അനുഭവപ്പെടുന്ന കാസർകോട് സർക്കാർ അതിഥി മന്ദിരത്തിൽ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കാൻ ആലോചനയുണ്ടോ; ഇല്ലെങ്കിൽ ഇതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് സർക്കാർ അതിഥി മന്ദിരത്തിൽ 12 മുറികളുണ്ട്. ഇതിൽ 7 മുറികൾ എ.സി.-യും മറ്റ് 5 മുറികൾ എ.സി. ഇല്ലാത്തവയുമാണ്. എ.സി. ഇല്ലാത്ത മുറികളിൽ എ.സി. ഘടിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിലില്ല.

(ബി) കാസർഗോഡ് സർക്കാർ അതിഥി മന്ദിരത്തിലെ ജനറേറ്റർ പ്രവർത്തനക്ഷമമാണ്.

(സി) അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ചിൽഡ്രൻസ് പാർക്കിന്റെ നവീകരണം**

204 (475) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരത്തെ ബാപ്പുജി ചിൽഡ്രൻസ് പാർക്കിന്റെ നവീകരണത്തിനായി എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാർക്കിന്റെ നവീകരണത്തിനായുള്ള പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും പ്രസ്തുത റിപ്പോർട്ട് എന്ന് ലഭ്യമാക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരത്തെ ബാപ്പുജി ചിൽഡ്രൻസ് പാർക്കിന്റെ നവീകരണത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 3 കോടി രൂപ ടൂറിസം വകുപ്പും 2 കോടി രൂപ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നുമാണ് വഹിക്കുന്നത്. ഇതിൽ ഗാന്ധി പ്രതിമ, ആംഫി തിയേറ്റർ, നടപ്പാത, ലാന്റ് സ്കേപ്പിംഗ്, ഇരിപ്പിടത്തോടുകൂടിയ കളിസ്ഥലം, റെയിൻ പവലിയൻ, ഷോപ്പുകൾ, വ്യൂ ടവർ, മൾട്ടിപർപ്പസ് ഹാൾ, മ്യൂറർ ഹാൾ, കളിയുപകരണങ്ങൾ, ഹോം തിയേറ്റർ, 16-D തിയേറ്റർ, ടോയ്‌ലറ്റ് ബ്ലോക്ക്, ടിക്കറ്റ് കൗണ്ടർ, ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിംഗ്& സാനിട്ടറി ഫിറ്റിംഗ്, ഫൗണ്ടൻ വാട്ടർ ടാങ്ക് മുതലായവ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ടൂറിസം വകുപ്പിന്റെയും, ഡി.റ്റി.പി.സി.-യുടെയും പക്കൽ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാണ്.

## വീരമലക്കുന്ന്, കവ്വായി കായൽ, വലിയപറമ്പ് ടൂറിസം പദ്ധതികൾ

205(476) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വീരമലക്കുന്ന്, കവ്വായികായൽ, വലിയപറമ്പ് വില്ലേജ് എന്നിവിടങ്ങളിലെ ജൈവ വൈവിദ്ധ്യങ്ങളും പ്രകൃതി സൗന്ദര്യവും മുതലാക്കി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ച ടൂറിസം പദ്ധതികൾ കൂടുതൽ വ്യാപിപ്പിക്കാനും പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തി ടൂറിസ്റ്റുകളെ ആകർഷിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ടൂറിസം ഡയറക്ടറുടെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ആദിച്ചനെല്ലൂർ ചിറ ടൂറിസം പദ്ധതി

206 (477) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനല്ലൂർ ചിറ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ; പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കരാറുകാരന് എത്ര രൂപയാണ് നൽകിയിട്ടുള്ളത്; തുടർന്ന് ലഭിക്കുവാനുള്ള തുക കരാറുകാരന് നൽകുന്നതിന് സാങ്കേതികമായി എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടോ; എങ്കിൽ ആയത് എന്താണെന്നും എന്നത്തേക്ക് പ്രശ്ന പരിഹാരം ഉണ്ടാകുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആദിച്ചനെല്ലൂർ ചിറ ടൂറിസം പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളും ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. പദ്ധതിയുടെ 80% പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി ജൂലൈ 31-നകം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) പ്രസ്തുത പ്രവർത്തിക്കായി 44 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളത്. മൊത്തം തുകയും നിർവ്വഹണ ഏജൻസിയായ കൊല്ലം മൈനർ ഇറിഗേഷൻ ഡിവിഷന് 19-2-2015-ലെ P1-1449/14 ഉത്തരവ് പ്രകാരം നല്കിയിട്ടുണ്ട്. കരാറുകാരന് ബില്ലുകൾ പാസാക്കി നൽകുന്നത് നിർവ്വഹണ ഏജൻ സിയാണ്.

(നക്ഷത്രചിഹ്നമിടാത്ത 297, 299 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

## II ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ്

9.30 AM]

മി. സ്പീക്കർ : ഓർഡർ....... ഓർഡർ..... നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ബഹുമാനപ്പെട്ട രണ്ടംഗങ്ങളുടെ പേരുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ശ്രീ. വി. ശശി എന്നിവരാണ് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾ. ശ്രീ. ഐ. സി. ബാലകൃഷ്ണനെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള മൂന്ന് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. രമേശ് ചെന്നിത്തല നിർദ്ദേശിക്കുകയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പിന്താങ്ങുകയും ശ്രീ. കെ. എം. മാണി നിർദ്ദേശിക്കുകയും ശ്രീ. പി. ജെ. ജോസഫ് പിന്താങ്ങുകയും ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടി നിർദ്ദേശിക്കുകയും ശ്രീ. ഉമ്മൻ ചാണ്ടി പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. ഐ. സി. ബാലകൃഷ്ണനു വേണ്ടിയുള്ള പത്രികകൾ. ശ്രീ. വി. ശശിയെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള മൂന്ന് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. വി. എസ്. സുനിൽ കുമാർ നിർദ്ദേശിക്കുകയും ശ്രീ. എൽദോ എബ്രഹാം പിന്താങ്ങുകയും ശ്രീ. എ. കെ. ബാലൻ നിർദ്ദേശിക്കുകയും ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി പിന്താങ്ങുകയും ശ്രീ. എ. കെ. ശശീന്ദ്രൻ നിർദ്ദേശിക്കുകയും ശ്രീ. സി. കെ. നാണു പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. വി. ശശിക്കുവേണ്ടിയുള്ള പത്രികകൾ. പരിശോധനയിൽ നാമനിർദ്ദേശ പത്രികകളെല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം അംഗങ്ങൾ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ വോട്ടെടുപ്പിലൂടെ ഡെപ്യൂട്ടി സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്. ബാലറ്റ് പേപ്പറിൽ ഇംഗ്ലീഷ് അക്ഷര മാലാക്രമത്തിൽ ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ പേര് ആദ്യത്തേതായും ശ്രീ. വി. ശശിയുടെ പേര് രണ്ടാമത്തേതായും അച്ചടിച്ചിട്ടുണ്ട്. നിയമസഭാംഗങ്ങൾ തങ്ങൾക്ക് ഇഷ്ടമുള്ള സ്ഥാനാർത്ഥിയുടെ പേരിന് നേരെ ഒരു ഗുണനചിഹ്നമിട്ട് വോട്ട് രേഖപ്പെടുത്തേണ്ടതാണ്. ഗുണനചിഹ്നമല്ലാതെ മറ്റ് അടയാളങ്ങളിട്ട് വോട്ട് രേഖപ്പെടുത്തിയാൽ പ്രസ്തുത ബാലറ്റ് പേപ്പർ അസാധുവായി കണക്കാക്കുന്നതാണ്.വോട്ട് രേഖപ്പെടുത്തുന്നതിനായി ഇവിടെ വച്ചിട്ടുള്ള പേന തന്നെ നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്. നിയമ സഭാംഗങ്ങളുടെ പേര് സെക്രട്ടറി (ഇൻ-ചാർജ്) ഇപ്പോൾ വിളിക്കുന്നതായിരിക്കും. ഓരോ അംഗവും തൽസമയം അദ്ധ്യക്ഷ വേദിക്ക് സമീപം വന്ന് ഏതെങ്കിലും ഒരു ബൂത്തിൽ വോട്ട് രേഖപ്പെടുത്തിയശേഷം സ്വസ്ഥാനത്ത് ഉപവിഷ്ടരാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആദ്യത്തെ പ്രാവശ്യം പേര് വിളിക്കുമ്പോൾ സഭയിൽ ഹാജരല്ലാത്ത അംഗങ്ങൾ പോൾ അവസാനിച്ചതായി പ്രഖ്യാപിക്കുന്നതിനുമുമ്പ് സഭയിൽ ഹാജരാകുന്നപക്ഷം വോട്ട് രേഖപ്പെടുത്താൻ അനുമതി നൽകുന്നതാണ്. വോട്ടെടുപ്പ് പൂർത്തിയായതിനുശേഷം ഓരോ സ്ഥാനാർത്ഥിയുടെയും പ്രതിനിധിയായി ഒരംഗത്തിന് അദ്ധ്യക്ഷ വേദിയിലേക്ക് വരാവുന്നതും വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷിക്കാവുന്നതുമാണ്. മാധ്യമങ്ങൾക്ക് അംഗങ്ങൾ കയറി വരുന്ന ചിത്രവും വോട്ട് രേഖപ്പെടുത്തിയ ശേഷം ബാലറ്റ് പേപ്പർ ഇടുന്ന ചിത്രവും എടുക്കാവുന്നതാണ്. എന്നാൽ വോട്ട് രേഖപ്പെടുത്തുന്നത് സൂം ചെയ്യാനോ ചിത്രം എടുക്കാനോ ഒരു കാരണവശാലും പാടില്ലാത്തതാണ്.

(വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്ജ് ശ്രീമതി പി. ജയലക്ഷ്മി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മുതൽ ഇരിപ്പിടക്രമത്തിൽ നിരയായി അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെയെത്തി സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ സ്ഥാനാർത്ഥികളായ ശ്രീ. വി. ശശി, ശ്രീ. ഐ. സി. ബാലകൃഷ്ണൻ, നോമിനേറ്റഡ് അംഗം ശ്രീ. ജോൺ ഫെർണാണ്ടസ് എന്നിവരും വോട്ടെടുപ്പിൽ പങ്കെടുത്തു. ബഹുമാനപ്പെട്ട സ്പീക്കർ വോട്ട് രേഖപ്പെടുത്തിയില്ല. സർവ്വശ്രീ സി. മമ്മൂട്ടി, ഒ. രാജഗോപാൽ, കെ. കൃഷ്ണൻകുട്ടി, അനൂപ് ജേക്കബ് എന്നിവർ സഭയിൽ ഹാജരായിരുന്നില്ല.)

മി. സ്പീക്കർ : നിയമസഭാംഗങ്ങളുടെ പേര് യഥാക്രമം വായിച്ചു കഴിഞ്ഞിരിക്കുകയാണ്. ഏതെങ്കിലും അംഗങ്ങൾ വോട്ട് ചെയ്യാൻ വിട്ടു പോയിട്ടുണ്ടെങ്കിൽ ഇപ്പോൾ ചെയ്യാവുന്നതാണ്. ഇനി ആരും വോട്ട് ചെയ്യാനില്ലെന്ന് കരുതുന്നു. വോട്ടെടുപ്പ് പൂർത്തിയായിരിക്കുകയാണ്. വോട്ടെണ്ണൽ ആരംഭിക്കുകയാണ്. ഓരോ സ്ഥാനാർത്ഥിയുടെയും പ്രതിനിധിയായി ഒരാൾ വച്ച് രണ്ട് അംഗങ്ങൾക്ക് അദ്ധ്യക്ഷവേദിയിലേക്ക് വരാവുന്നതും വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷിക്കാവുന്നതുമാണ്.

(ശ്രീ. വി. ശശിയുടെ ഏജന്റ് ശ്രീമതി ഇ. എസ്. ബിജിമോൾ, ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ ഏജന്റ് ശ്രീ. വി. പി. സജീന്ദ്രൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ വോട്ടെണ്ണൽ നടന്നു)

മി. സ്പീക്കർ : ഓർഡർ...ഓർഡർ.... തെരഞ്ഞെടുപ്പിന്റെ ഫലം ഇപ്പോൾ പ്രഖ്യാപിക്കുന്നതാണ്. ശ്രീ. ഐ. സി. ബാലകൃഷ്ണന് 45 വോട്ടും ശ്രീ. വി. ശശിക്ക് 90 വോട്ടും കിട്ടിയിരിക്കുന്നു. ഒരു വോട്ട് അസാധുവാണ്. ശ്രീ. വി. ശശിയെ നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്തതായി പ്രഖ്യാപിക്കുന്നു.

ശ്രീ. വി. ശശിയെ ചെയറിന്റെ അഭിനന്ദനം അറിയിക്കുന്നു. കഴിഞ്ഞ മൂന്നര പതിറ്റാണ്ടുകാലമായി പൊതുരംഗത്തും ഔദ്യോഗികരംഗത്തും സജീവമായി നിലകൊണ്ട വ്യക്തിയാണ് ശ്രീ. വി. ശശി. അദ്ദേഹം സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ഉന്നതപദവികൾ വഹിച്ചിട്ടുണ്ട്. ആ പദവികൾ പൊതുപ്രവർത്തന രംഗത്ത് അദ്ദേഹത്തിന് സഹായകരമായി തീരുകയുണ്ടായി. 13-ാം കേരള നിയമസഭയിലേക്ക് ചിറയിൻകീഴ് മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം തന്റെ ഔദ്യോഗിക പ്രവർത്തന പരിചയം ഒരു ജനപ്രതിനിധിയെന്ന നിലയിൽ വിനിയോഗിക്കുന്നതിൽ വലിയ കഴിവാണ് തെളിയിച്ചത്. മഹത്തായ പാരമ്പര്യങ്ങൾ പുലർത്തുന്ന ഈ സഭയുടെ ഉപാദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട വി. ശശിക്ക് എല്ലാ ഭാവുകങ്ങളും നേരുന്നതോടൊപ്പം അദ്ദേഹത്തെ സ്ഥാനം ഏറ്റെടുക്കുന്നതിനായി ക്ഷണിക്കുന്നു.

(ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അദ്ദേഹത്തിന്റെ സീറ്റിൽ ഉപവിഷ്ടനായി.)

## III അടിയന്തര പ്രമേയം

### സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം

മി. സ്പീക്കർ : പുതിയ ഗവൺമെന്റ് അധികാരമേറ്റശേഷം മാനദണ്ഡങ്ങൾ പാലിക്കാതെയും ഭരണകക്ഷി സംഘടനകളുടെ നിർദ്ദേശങ്ങളനുസരിച്ചും രാഷ്ട്രീയ താൽപ്പര്യങ്ങൾ മുൻനിർത്തിയും നടത്തിക്കൊണ്ടിരിക്കുന്ന വ്യാപകമായ സ്ഥലംമാറ്റംമൂലം സിവിൽ സർവ്വീസിലുണ്ടായിട്ടുള്ള അസംതൃപ്തിയും ജീവനക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, വി. കെ. ഇബ്രാഹിം കുഞ്ഞ്, ഡോ. എൻ. ജയരാജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ജീവനക്കാരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടുള്ള സമീപനം മാത്രമേ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുകയുള്ളൂ. ഇലക്ഷന്റെ മുന്നോടിയായി പെരുമാറ്റച്ചട്ടം നിലവിൽ വന്നതു

കൊണ്ടാണ് സ്ഥലംമാറ്റം നടക്കാതിരുന്നത്. ജീവനക്കാരിൽ നിന്ന് വാങ്ങുന്ന ഓപ്ഷന്റെ അടിസ്ഥാനത്തിലാണ് സ്ഥലംമാറ്റം നടത്തുന്നത്. പക്ഷേ, എല്ലാം അങ്ങനെ പാലിച്ചുവെന്ന് പറയുന്നില്ല. പ്രൊമോഷൻ നടത്തിയതിനെത്തുടർന്നുള്ള ചില സ്ഥലംമാറ്റങ്ങളും വേണ്ടിവന്നു. അടിയന്തരപ്രമേയ നോട്ടീസിൽ പറഞ്ഞ വിഷയം സർക്കാർ തുറന്ന മനസ്സോടെ പരിശോധിക്കുന്നതാണ്. സ്ഥലംമാറ്റത്തിൽ എന്തെങ്കിലും പിശകുകൾ വന്നിട്ടുണ്ടെങ്കിൽ അക്കാര്യം പുനഃപരിശോധിക്കുന്നതാണ്. സ്ഥലം മാറ്റത്തിനെതിരെ സമർപ്പിക്കപ്പെട്ട ഹർജികളിന്മേലുള്ള കോടതിവിധി കാത്തിരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ഇത് എന്റെ വാചകങ്ങളല്ല. കഴിഞ്ഞ സഭയിൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി 2011 ജൂലൈ 13-ന് ഈ സഭയിൽ പറഞ്ഞ മറുപടിയാണ്. എന്നാൽ ഇതിന്റെ സത്തയോട് എനിക്ക് യോജിപ്പാണ്. സാധാരണനിലയ്ക്ക് സർക്കാർ സർവ്വീസിൽ റിട്ടയർമെന്റ് സംഭവിക്കും. സെക്രട്ടേറിയറ്റിന്റെ സ്ഥിതിയെടുത്താൽ, ഫെബ്രുവരി മുതൽ മേയ് വരെ 52 റിട്ടയർമെന്റുകളുണ്ടായിരുന്നു. അതിനുപുറമേ അണ്ടർ സെക്രട്ടറിയും അതിനു മുകളിലുമുള്ള പോസ്റ്റുകളിൽ 30 പേർ പേഴ്സണൽ സ്റ്റാഫിലേക്ക് മാറിയിട്ടുണ്ട്. മുൻമന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുണ്ടായിരുന്നവർ തിരിച്ചുവന്നിട്ടുണ്ട്. ഒരു സ്പെഷ്യൽ സെക്രട്ടറിയുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് ഏഴ് തട്ടിലുള്ളവർ മാറും. അങ്ങനെ വരുമ്പോൾ 14 പേർക്ക് സ്ഥാനചലനമുണ്ടാകും. ഒരാളാണ് മാറുന്നതെങ്കിലും അതിന്റെ ഭാഗമായി 14 പേർക്ക് സ്ഥാനചലനം സംഭവിക്കും. ഇപ്പോഴത്തെ സ്ഥലംമാറ്റത്തിൽ, സെക്രട്ടേറിയറ്റിലെ 4000-ത്തിൽപ്പരം ജീവനക്കാരിൽ 50-ൽ താഴെ പേർ മാത്രമേ പ്രൊമോഷനും മറ്റുമായി മാറിയിട്ടുള്ളൂ. ഈ വസ്തുത നാം കാണേണ്ടതായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് അഞ്ചരലക്ഷം ജീവനക്കാരാണ് ആകെയുള്ളത്. അപ്പോൾ സ്വാഭാവികമായുള്ള സ്ഥലംമാറ്റങ്ങളാണ് നടക്കുന്നത്. അതിനകത്ത് തിരുത്തേണ്ടതായ കാര്യങ്ങളുണ്ടെങ്കിൽ തിരുത്തുന്നതിൽ തുറന്ന മനസ്സ് മാത്രമേ ഗവൺമെന്റിനുള്ളൂ. രാഷ്ട്രീയ പരിഗണനയോടുകൂടിയ ആനുകൂല്യമോ പ്രതികാര നടപടിയോ ഈ സർക്കാരിന്റെ നയമല്ലെന്ന് നേരത്തെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ ഒരു സംഘടനയുടെ പ്രവർത്തകർ സ്ഥലംമാറ്റം സംബന്ധിച്ചുള്ള പരാതി എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആ പ്രശ്നം പരിശോധിക്കാമെന്ന് അവരോട് ഞാൻ തന്നെ പറഞ്ഞിരുന്നു. പരിശോധിക്കേണ്ട പ്രശ്നങ്ങൾ പരിശോധിക്കുകയും തിരുത്തൽ വേണ്ടതുണ്ടെങ്കിൽ തിരുത്തുകയും ചെയ്യും. ഇക്കാര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട തരത്തിലുള്ള യാതൊരു അടിയന്തര പ്രാധാന്യവും നിലനിൽക്കുന്നില്ല.

10.30 AM]

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തുടക്കത്തിലുള്ള പ്രസ്താവന എന്നെ അത്ഭുതപ്പെടുത്തിയില്ല. കാരണം മറുപടിയുടെ കോപ്പി എന്റെ കയ്യിലുണ്ടായിരുന്നു. അങ്ങ് ഇത്തരം വാക്കുകൾ പറയുമോയെന്ന് എന്റെ സഹപ്രവർത്തകർ അത്ഭുതപ്പെടുകയുണ്ടായി. കാരണം, അങ്ങയുടെ ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ മാനദണ്ഡവിരുദ്ധമായ നടപടിയുണ്ടാകില്ലെന്ന് പറഞ്ഞിരുന്നു. എന്നാൽ നടന്നിട്ടുള്ളത് മുഴുവൻ മാനദണ്ഡ വിരുദ്ധമായിട്ടാണ്. ഭരണമാറ്റത്തെത്തുടർന്ന് യാതൊരു മാനദണ്ഡവുമില്ലാതെ രാഷ്ട്രീയ വൈരാഗ്യംമൂലം സംസ്ഥാനത്തൊട്ടാകെ സർക്കാർ ജീവനക്കാരെ സ്ഥലം മാറ്റിക്കൊണ്ടിരിക്കുകയാണ്. ഏകദേശം മൂവായിരത്തിൽപ്പരം ജീവനക്കാരെ സ്ഥലംമാറ്റിയതിന്റെ ലിസ്റ്റുണ്ട്. വൃക്കരോഗം, കടുത്ത ഹൃദ്രോഗം, ക്യാൻസർ, പ്രമേഹം തുടങ്ങി വിവിധ രോഗം ബാധിച്ചവരെ തെരഞ്ഞുപിടിച്ച് സ്ഥലം മാറ്റിയിരിക്കുകയാണ്.

സെക്രട്ടേറിയറ്റ് അസോസിയേഷനിലെ അണ്ടർ സെക്രട്ടറി ശ്രീ. ബി. സി. ജോസിനെ മുംബൈയിലേക്കാണ് മാറ്റിയിരിക്കുന്നത്. കെ.എസ്.എഫ്.ഇ. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥലംമാറ്റ മാനദണ്ഡം കോടതി അംഗീകരിച്ചതാണ്. അങ്ങ് ഇന്നലെ കോടതിയുടെ മാഹാത്മ്യത്തെക്കുറിച്ച് പറഞ്ഞതിൽ ഞങ്ങൾക്ക് വലിയ സന്തോഷമുണ്ട്. പക്ഷേ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശങ്ങൾപോലും പാലിക്കപ്പെട്ടിട്ടുണ്ടോ? 55 വയസ് കഴിഞ്ഞവരെയും റിട്ടയർമെന്റിന് ഒരു വർഷം മാത്രമുള്ളവരെയും സ്ഥലം മാറ്റാൻ പാടില്ലെന്ന നിയമമുണ്ട്. അതൊന്നും പാലിക്കപ്പെട്ടിട്ടില്ലെന്നുമാത്രമല്ല സെക്രട്ടേറിയറ്റ് അസോസിയേഷന്റെ പ്രസിഡന്റിനേയും സെക്രട്ടറി ശ്രീ. രാധാകൃഷ്ണനേയും സന്തോഷ് കുമാറിനേയുമൊക്കെ ചട്ടവിരുദ്ധമായി സ്ഥലം മാറ്റിയിരിക്കുന്നു. വൃക്കരോഗികൾ ആഴ്ചയിലൊരിക്കൽ ഡയാലിസിസ് ചെയ്യേണ്ടവരല്ലേ; ക്യാൻസർ രോഗികളുടെ സ്ഥിതി പറയേണ്ടതുണ്ടോ? ഐ.സി.യു.-വിൽ കിടക്കുന്ന രോഗിയുടെ ഓക്സിജൻ എടുത്തുമാറ്റുന്നതിന് തുല്യമായ നടപടിയല്ലേ ചെയ്തിരിക്കുന്നത്; എന്ത് ന്യായമാണ് ഇതിന് പറയാനുള്ളത്? അങ്ങയുടെ മുൻഗാമികൾ ഇറക്കിയിട്ടുള്ള ഓർഡർ എന്റെ കൈവശമുണ്ട്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ആരെങ്കിലും സ്ഥലം മാറ്റുമോ? ശ്രീ. ഉമ്മൻ ചാണ്ടിയുടെ സ്റ്റാഫിൽ ഉൾപ്പെട്ടു എന്ന ഒറ്റ കാരണത്താൽ ഒരു ലാസ്റ്റ് ഗ്രേഡ് ജീവനക്കാരനെ കോഴിക്കോട്ടേക്ക് സ്ഥലംമാറ്റിയിരിക്കുന്നു. പത്തനംതിട്ടയിലെ സുധർമ്മ എന്നൊരു പാവപ്പെട്ട സ്ത്രീയെ സ്ഥലം മാറ്റിയപ്പോൾ അവരുടെ ഭർത്താവ് ഹൃദ്രോഗത്തെത്തുടർന്ന് മരണപ്പെട്ടു. അദ്ദേഹത്തിന് നിങ്ങൾ ജീവൻ തിരിച്ച് കൊടുക്കുമോ?

ഈ നടപടി ഏറ്റവും ഖേദകരമാണ്. തൊണ്ണൂറായിരത്തിൽപ്പരം അംഗസംഖ്യയുള്ള എൻ.ജി.ഒ. അസോസിയേഷനിലെയും സെക്രട്ടേറിയറ്റ് അസോസിയേഷനിലെയും ജീവനക്കാരെ ഭയപ്പെടുത്താമെന്ന് അങ്ങ് ധരിച്ചാൽ അങ്ങേക്ക് തെറ്റിപ്പോകുമെന്ന് പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ ജില്ലാ ആസ്ഥാനങ്ങളിൽ സമരം നടന്നു. ഇന്ന് സെക്രട്ടേറിയറ്റിൽ സമരം നടക്കുകയാണ്. ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു അന്നത്തെ മുഖ്യമന്ത്രിക്ക് അയച്ച ഒരു കത്തിന്റെ കോപ്പി ഞാൻ വായിക്കാം. We must remember that what not Government are doing today will set standard for future. Every power that may be exercised, prayers with adequate reasons today may be exercised later for totally objectionable reasons. It is always unsafe and dangerous to weaken the principles. അങ്ങ് അതൊന്ന് വായിക്കുന്നത് നല്ലതാണ്. ഏറ്റവും ചട്ടവിരുദ്ധമായ നടപടിയെന്നുമാത്രമല്ല ചരിത്രത്തിലൊരിക്കലും ഉണ്ടാകാത്ത നടപടിയാണിത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ശ്രീ. എ. കെ. ബാലന് കൊടുത്ത മറുപടിയാണ് അങ്ങ് വായിച്ചത്. ആ മറുപടിയോട് നിങ്ങൾ താദാത്മ്യം പാലിക്കുമെങ്കിൽ നാളെ ഇത് റദ്ദാക്കണം. അങ്ങയുടെ ഭരണ സാമർത്ഥ്യം കാണിക്കേണ്ടത് പാവപ്പെട്ട ജീവനക്കാരെ സ്ഥലംമാറ്റിക്കൊണ്ടല്ല. അങ്ങ് കർക്കശക്കാരനാകുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഞങ്ങളുടെ മുഖ്യമന്ത്രി കരുത്തനാണെന്ന് പറയാൻ ഞങ്ങളുണ്ടാകും. പക്ഷേ പാവപ്പെട്ട, പട്ടികജാതിക്കാരായ, വികലാംഗരായ, രോഗികളായ, ജീവിതത്തിൽ മറ്റാശ്രയമില്ലാത്തവരെ സ്കൂൾ തുറന്നതിനുശേഷം സ്ഥലം മാറ്റിയിരിക്കുകയാണ്........ (ബഹളം)........നിങ്ങൾ ബഹളം വയ്ക്കണ്ട. അതുകൊണ്ട് മനുഷ്യത്വത്തിന്റെ കണികയുണ്ടെങ്കിൽ ഈ സ്ഥലംമാറ്റം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിൻവലിക്കണം. പ്രൊമെത്യൂസിന്റെ പ്രസിദ്ധമായ ഒരു വാചകം ഞാൻ ആവർത്തിക്കുന്നു. തന്റെ കരൾ കൊത്തിപ്പറിക്കുന്ന ഘട്ടത്തിൽ കനിവോടെ പെരുമാറിക്കൊണ്ട് കടലിനോടും നദികളോടും കഴുകൻമാരോടും പ്രൊമെത്യൂസ് ദേവൻ പറയുന്നു, 'ഞാൻ ഭൂമിയിലെ മനുഷ്യർക്കായി അറിവും അഗ്നിയും നൽകി, അതിനായി ദേവന്മാർ എനിക്കായി കല്പിച്ചുനൽകിയ അന്ത്യപീഡനം ഞാൻ ഏറ്റു വാങ്ങിക്കൊണ്ടിരിക്കുന്നു. അത് എന്നെ തളർത്തുന്നതേയില്ല. എന്നാൽ ദൈവങ്ങളുടെ സ്ഥിതി ഓർത്ത് ഞാൻ വ്യാകുലപ്പെടുന്നു. എന്തെന്നാൽ അവരുടെ ഹൃദയത്തിൽ നിന്നും കനിവ് വറ്റിപ്പോയിരിക്കുന്നു'. ഹൃദയത്തിന്റെ കനിവ് അങ്ങേക്ക് നഷ്ടപ്പെട്ടോ; അങ്ങേക്കും ഭാര്യയും കുട്ടികളുമില്ലേ? അവരെ സ്ഥലംമാറ്റിയാൽ എന്ത് തോന്നും. ഇതിലൊരു അപകടം കൂടിയുണ്ട്. ഈ ജീവനക്കാർക്ക് ഇനി

പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ കഴിയില്ല. കാരണം, പൊതു സ്ഥലംമാറ്റം ഇതുവരെ നടന്നിട്ടില്ല. പൊതുസ്ഥലംമാറ്റം വരുമ്പോൾ ഇപ്പോഴത്തെ സ്ഥലംമാറ്റം കാരണം ഇവർക്കാർക്കും അപേക്ഷിക്കാൻ കഴിയുകയില്ല. അമേരിക്കയിലേയ്ക്കോ ബാംഗ്ലൂരിലേക്കോ സ്ഥലംമാറ്റാൻ നിങ്ങൾക്ക് കഴിയുമോ? കാസർഗോഡും മറയൂരും ഉൾപ്പെടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സ്ഥലംമാറ്റി സെൽ ഭരണത്തിന്റെ പഴയ ഓർമ്മയാണ് നിങ്ങൾ കുറിക്കുന്നതെങ്കിൽ ഇത് തീക്കളിയാണെന്ന് മുന്നറിയിപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ എം.എൽ.എ.-മാർ എണ്ണത്തിൽ ഒരുപക്ഷേ കുറവായിരിക്കാം. പക്ഷേ കേരളത്തിൽ ഐക്യജനാധിപത്യ മുന്നണി ഒരു ശക്തി തന്നെയാണ്. നിങ്ങൾക്ക് തെറ്റിദ്ധാരണ വേണ്ട, under estimate വേണ്ട. അതുകൊണ്ട് അങ്ങ് അവസാനം പറഞ്ഞ വാക്കിനെ മുഖവിലയ്ക്കെടുക്കുന്നു. അങ്ങ് പരിശോധിച്ച്, തിരുത്തി, സത്യസന്ധമായി, ന്യായമായി, നീതിയുടെ ഭാഗത്ത് നിൽക്കുന്ന ഒരു മുഖ്യമന്ത്രിയാണെന്ന് തെളിയിക്കാനും അത് ചരിത്രത്തിൽ രേഖപ്പെടുത്താനുമുള്ള അവസരം പാഴാക്കില്ലെന്ന് ഞങ്ങൾ വിചാരിക്കുന്നു. ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പിണറായി വിജയൻ : സർ, ബഹുമാന്യനായ അംഗം പി. ടി. തോമസിന് സ്ഥലജലവിഭ്രമം ബാധിച്ചെന്നാണ് എനിക്ക് തോന്നുന്നത്. ......(ബഹളം) ......

മി. സ്പീക്കർ : പ്ലീസ്.....ഇരിക്കു. ശ്രീ. പി. ടി. തോമസ് സംസാരിച്ചപ്പോൾ മുഖ്യമന്ത്രി നിശ്ശബ്ദനായി അത് കേട്ടിരിക്കുകയാണ് ചെയ്തത്. മുഖ്യമന്ത്രി സംസാരിക്കട്ടെ. ശ്രീ. പി. ടി. തോമസ് സംസാരിച്ചപ്പോൾ ആരും അദ്ദേഹത്തിനെ തടസ്സപ്പെടുത്തിയിട്ടില്ല. നിങ്ങൾ ഇരിക്കു. ശ്രീ. വി. റ്റി. ബൽറാം, ഇരിക്കു. ..... പ്ലീസ്.....

ശ്രീ. പിണറായി വിജയൻ : സർ, സ്ഥലജലവിഭ്രമം എന്ന വാക്കിന്റെ അർത്ഥമെന്താണെന്ന് ആദ്യം പഠിക്കു. എന്നിട്ട് വരൂ. വെറുതെ ബഹളം വയ്ക്കാൻ മാത്രം പഠിച്ചാൽ പോരാ. ഇവിടെ പറഞ്ഞില്ലേ ഭയപ്പെടുത്താൻ നോക്കണ്ടായെന്ന്.

ശ്രീ. വി. റ്റി. ബൽറാം : അങ്ങ് മര്യാദയ്ക്ക് സംസാരിക്കണം.

ശ്രീ. പിണറായി വിജയൻ : അതെ. ആ മര്യാദ അവിടെനിന്നും വേണം. ആദ്യം മര്യാദയ്ക്ക് സംസാരിക്കാൻ ശീലിക്കണം. എന്തൊക്കെയാണ് പറഞ്ഞത്. എന്തിനുവേണ്ടിയാണ് ഇത്ര ഒച്ച വച്ചത്. ഞാൻ പറഞ്ഞ വാചകം വീണ്ടും ആവർത്തിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പി. ടി. തോമസിന് സ്ഥല ജലവിഭ്രമം ബാധിച്ചെന്നാണ് തോന്നുന്നത്. ..(ബഹളം).....

മി. സ്പീക്കർ : പ്ലീസ്.........ഇരിക്കു...... ഇരിക്കു......മുഖ്യമന്ത്രി സംസാരിക്കട്ടെ.

ശ്രീ. പിണറായി വിജയൻ : സർ, മുഖ്യമന്ത്രി ആയിക്കൊണ്ടുതന്നെയാണ് സംസാരിക്കുന്നത്. അതിൽ സംശയം വേണ്ട. എന്തുകൊണ്ടാണ് അങ്ങനെ പറയാനിടയായത് എന്നതാണല്ലോ പ്രശ്നം. ഇപ്പോൾ അദ്ദേഹത്തിന് വൃക്ക രോഗികളെക്കുറിച്ചും ക്യാൻസർ രോഗികളെക്കുറിച്ചുമെല്ലാം നല്ല മനഃസ്താപം വന്നിട്ടുണ്ട്. അത് നല്ല കാര്യമാണ്. ശ്രീ. എ. കെ. ബാലൻ ഈ സഭയിൽ അവതരിപ്പിച്ച ഒരു അടിയന്തര പ്രമേയത്തിന്റെ കാര്യം അങ്ങ് പരാമർശിച്ചല്ലോ. ആ അടിയന്തര പ്രമേയത്തിൽ അദ്ദേഹം സൂചിപ്പിച്ച ഒരു കാര്യമുണ്ടായിരുന്നു. ക്യാൻസർ ബാധിച്ചതിനാൽ കാൽ മുറിച്ച് കൃത്രിമ കാലുമായി നടക്കുന്ന സുരേഷ് കൃഷ്ണനെ കൊല്ലത്തുനിന്നും തൃക്കാക്കരയിലേക്ക് മാറ്റിയ കാര്യം. അത് മനസ്സിലാക്കിക്കൊണ്ടുതന്നെയായിരിക്കും അദ്ദേഹം ഇത് പറഞ്ഞിട്ടുണ്ടാവുക. ശ്രീ. എ. കെ. ബാലൻ ഉന്നയിച്ചതും അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നൽകിയ മറുപടിയും അദ്ദേഹത്തിന്റെ കയ്യിലുണ്ടെന്നാണല്ലോ അദ്ദേഹം പറഞ്ഞത്. എല്ലാവരും അത് കേട്ടതാണ്. ബഹളംവച്ച നിങ്ങളും കേട്ടതാണ്. രണ്ട് കാലുകൾക്കും സ്വാധീനമില്ലാത്ത കായംകുളം സ്വദേശി വിജയനെയാണ് തിരുവനന്തപുരത്തേയ്ക്ക് മാറ്റിയത്. അതും അദ്ദേഹത്തിന്റെ കയ്യിലുണ്ട്. അങ്ങനെയുള്ള മനുഷ്യത്വരഹിതമായ നടപടിയൊന്നും സ്വീകരിക്കുന്ന ഒരു ഗവൺമെന്റല്ല ഇത്. ആരെങ്കിലും അത്തരത്തിലുള്ള മനുഷ്യത്വരഹിതമായ നടപടി സ്വീകരിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അത് തിരുത്തുകയും ചെയ്യും. അക്കാര്യത്തിലൊന്നും ഒരുതരത്തിലുമുള്ള ആശങ്കയും ഉണ്ടാകേണ്ടതില്ല. ജീവനക്കാർക്ക് സംഘടനയും കാര്യങ്ങളുമൊക്കെയുണ്ടെങ്കിലും അവർ സർക്കാരിന്റെ ജീവനക്കാരാണ്. സർക്കാരിന്റെ ഭാഗമായി പ്രവർത്തിക്കാൻ ബാദ്ധ്യതപ്പെട്ടവരാണ്. അവരെ ഒരേ കണ്ണോടെ നോക്കിക്കാണുന്ന നിലപാട് മാത്രമേ ഈ ഗവൺമെന്റ് സ്വീകരിക്കൂ. അങ്ങ് ജവഹർ ലാൽ നെഹ്റുവിനെ ഓർമ്മിച്ചത് നല്ലതുതന്നെയാണ്. ഇങ്ങനെ ചില ഘട്ടങ്ങളിലെങ്കിലും അദ്ദേഹത്തെ ഓർമ്മിക്കുവാൻ നിങ്ങളെപ്പോലുള്ളവർക്ക് കഴിയുന്നു എന്നുള്ളത് വളരെ സന്തോഷകരമായ കാര്യമാണ്. കോടതിവിധിയുടെ കാര്യം അങ്ങിവിടെ പരാമർശിച്ചല്ലോ. 2011 ജൂലൈ 8-ന് ജസ്റ്റിസ് സി. റ്റി. രവികുമാർ, കേരള ഗവൺമെന്റിന്റെ നഗ്നമായ ചട്ടലംഘനം സൂചിപ്പിച്ചുകൊണ്ടു നടത്തിയ കോടതിവിധിയൊന്നും ഈ സർക്കാരിന്റെ തലയിൽ വച്ചുകെട്ടരുത്. അതൊക്കെ നിങ്ങൾക്ക് ചേരുന്നതാണ്. അവിടെ ചേരുന്നതൊന്നും ഞങ്ങളുടെ തലയിൽ ചാർത്താൻ ശ്രമിക്കരുത്. ഒരുപാട് കാര്യങ്ങൾ അദ്ദേഹം എടുത്തെടുത്ത് പറയുകയുണ്ടായി. സ്ഥലംമാറ്റത്തിന്റെ കാര്യം പറയുമ്പോൾ നമ്മൾ ഓർമ്മിക്കേണ്ട കാര്യം, നിയമവകുപ്പിലെ പ്രിൻസ്സി കോശിയെ വയനാട് ഗവൺമെന്റ് പ്ലീഡറുടെ ഓഫീസിൽ നിയമിച്ചപ്പോൾ ഹൃദ്രോഗിയാണെന്നു പറഞ്ഞ് അയാൾ അപേക്ഷ കൊടുത്തു. അയാൾ വയനാട്ടിൽ

നിന്ന് മടങ്ങിവരുന്ന വഴി മരണപ്പെടുകയും ചെയ്തു. ഇത് പഴയ സംഭവമാണ്. ജീവനക്കാരുടെ കാര്യത്തിൽ എപ്പോഴും ഇത്തരത്തിലുള്ള ചില പരിഗണനകൾ ആവശ്യമുള്ളതുതന്നെയാണ്. അത്തരം കാര്യങ്ങളിൽ ഈ സർക്കാർ എപ്പോഴും ശ്രദ്ധിക്കുകതന്നെ ചെയ്യും. എല്ലാ ഓഫീസുകളിലും സംഘടനകളുണ്ടാകും. സംഘടനകൾ അവരുടെ ആവശ്യങ്ങൾ ന്യായമായി ഉന്നയിക്കുകയും ചില പ്രക്ഷോഭങ്ങൾ നടത്തുകയും ചെയ്യും. അതിന്റെയൊക്കെ ഭാഗമായി ഒരു പ്രതികാര സമീപനവും ഈ ഗവൺമെന്റ് സ്വീകരിക്കില്ല. സംഘടനകളുടെ ന്യായമായ ആവശ്യങ്ങൾ സ്വാഭാവികമായി അവരുമായി ചർച്ച ചെയ്യുകതന്നെ ചെയ്യും. ഇത്തരമൊരു പ്രശ്നം മുഖ്യമന്ത്രിയെന്ന നിലയ്ക്ക് എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിനകത്ത് തെറ്റായ കാര്യങ്ങളുണ്ടെങ്കിൽ ഇടപെടുമെന്ന് അവർക്ക് ഉറപ്പും നല്കിയിരുന്നു. അതുതന്നെയാണ് ഇപ്പോഴും പറയാനുള്ളത്. ഒരു തരത്തിലുള്ള ആശങ്കയും അക്കാര്യത്തിൽ വേണ്ട. സർക്കാർ ജീവനക്കാരുടെ കാര്യത്തിൽ പക്ഷപാതരഹിതമായ നിലപാടാണ് സ്വീകരിക്കുക. ആരെയെങ്കിലും പ്രത്യേകമായി സംരക്ഷിക്കുകയോ ഏതെങ്കിലും തരത്തിലുള്ള പ്രതികാരനടപടി സ്വീകരിക്കുകയോ ഈ സർക്കാർ ചെയ്യില്ല. അതാണ് ഇതുസംബന്ധിച്ച് വ്യക്തമാക്കാനുള്ളത്. ഇത്തരമൊരു പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരാവശ്യവുമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു).

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, മുഖ്യമന്ത്രിയുടെയും ശ്രീ. പി. ടി. തോമസിന്റെയും പ്രസംഗം കേട്ടപ്പോൾ ആർക്കാണ് സ്ഥല ജലവിഭ്രാന്തി എന്ന് ഈ സഭയ്ക്ക് ബോധ്യപ്പെട്ടു. മുഖ്യമന്ത്രിയിൽ നിന്ന് ഞങ്ങളിത് പ്രതീക്ഷിച്ചില്ല. മെമ്പർമാർക്ക് പലതും പറയാം; മെമ്പർമാർ അത് പറയുകയും ചെയ്യും. പക്ഷേ, മുഖ്യമന്ത്രി, മുഖ്യമന്ത്രിയുടെ നിലയിൽ തന്നെ പെരുമാറുമെന്നാണ് ഞാൻ കരുതിയത്. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് അധികാരത്തിൽ വന്ന്, ആദ്യത്തെ നിയമസഭാ സമ്മേളനത്തിൽ, 2011 ജൂലൈ 13, ബുധനാഴ്ച അദ്ദേഹം ധാരാളം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിലെ ഒരു വാചകം ഞാൻ ഉദ്ധരിക്കാം. "അപ്പുറത്തായാലും ഇപ്പുറത്തായാലും ജീവനക്കാരെ നിങ്ങൾക്ക് വിശ്വാസത്തിലെടുക്കാൻ കഴിയുന്നില്ലെങ്കിൽ ഒന്നും നടക്കാൻ പോകുന്നില്ല." ശ്രീ. എ. കെ. ബാലൻ മുഖ്യമന്ത്രിക്ക് ഇതൊന്നു പറഞ്ഞുകൊടുക്കണമെന്നാണ് എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്.

സംസ്ഥാനത്തൊട്ടാകെ ആയിരക്കണക്കിന് സ്ഥലംമാറ്റങ്ങളാണ് നടന്നത്. സെക്രട്ടേറിയറ്റ്-450, പഞ്ചായത്ത്-247, പൊതുമരാമത്ത് വകുപ്പ്-120, ഗ്രാമവികസന വകുപ്പ്-6, സാമൂഹ്യനീതി വകുപ്പ്-115, ആരോഗ്യ വകുപ്പ്-324, രജിസ്ട്രേഷൻ വകുപ്പ് -104, വ്യവസായ വാണിജ്യ വകുപ്പ് - 128, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് -127, സഹകരണവകുപ്പ്-406, കെ.എസ്.എഫ്.ഇ.-500 എന്നിങ്ങനെ വ്യാപകമായ സ്ഥലംമാറ്റമാണ് സംസ്ഥാനത്ത് നടന്നിട്ടുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രി ഒന്നുരണ്ടു കാര്യങ്ങൾ പറഞ്ഞു. എനിക്കും ധാരാളം ഉദാഹരണങ്ങൾ പറയാനുണ്ട്. കടുത്ത പ്രമേഹരോഗിയും നിയമവകുപ്പിലെ ലീഗൽ അസിസ്റ്റന്റുമായ ശ്രീ. മുരുകേശനെ തിരുവനന്തപുരത്തുനിന്ന് ന്യൂഡൽഹിയിലെ കേരള ഹൗസിലേക്ക് സ്ഥലംമാറ്റിയിരിക്കുന്നു. അതുപോലെ നിരവധി ഉദാഹരണങ്ങളുണ്ട്. സാങ്കേതിക വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ട് ശ്രീ. എ. ഷാജഹാനെ വയനാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേക്ക് സ്ഥലംമാറ്റി. അദ്ദേഹം കടുത്ത ഹൃദ്രോഗത്തിന് ചികിത്സയിലായിരുന്നു. തിരുവനന്തപുരം ജില്ലയിൽ രണ്ട് ഒഴിവുകൾ നിലനിൽക്കെയാണ് ഈ സ്ഥലംമാറ്റം. അങ്ങനെ നിരവധി സ്ഥലം മാറ്റങ്ങൾ നടന്നിട്ടുണ്ട്. ഇടതുമുന്നണി സർക്കാർ അധികാരത്തിൽ വന്നുവെന്ന് കരുതി വ്യാപകമായി സ്ഥലംമാറ്റം നടത്തേണ്ട എന്തു സാഹചര്യമാണ് ഇവിടെയുള്ളത്? പൊതു സ്ഥലംമാറ്റങ്ങൾക്ക് നോംസുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം സെക്രട്ടേറിയറ്റ് ജീവനക്കാരെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞത്, എല്ലാവരുമായി ആലോചിച്ച് നോംസ് ഉണ്ടാക്കു മെന്നാണ്. അത് നല്ല കാര്യമാണ്. അതല്ലാതെ ഭരണമാറ്റത്തെത്തുടർന്ന് സംസ്ഥാനത്ത് അനാവശ്യമായി നടത്തുന്ന ഇത്തരം സ്ഥലംമാറ്റങ്ങൾ ജീവനക്കാർക്ക് വളരെയേറെ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞത് ഞങ്ങൾ അംഗീകരിക്കുന്നു. അതുകൊണ്ട് ഈ സ്ഥലംമാറ്റത്തെപ്പറ്റിയുള്ള പരാതികൾ വന്നപ്പോൾ ഞാൻ തന്നെയാണ് സെക്രട്ടേറിയറ്റ് അസോസിയേഷൻ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാരോട് നിങ്ങൾ മുഖ്യമന്ത്രിയെ കാണണമെന്ന് പറഞ്ഞത്. കാരണം, രാഷ്ട്രീയ താല്പര്യ ങ്ങൾക്കനുസരിച്ച് സ്ഥലംമാറ്റം നടത്തില്ലെന്നും ജീവനക്കാരോട് യാതൊരു പ്രതികാരനടപടിയും സർക്കാർ സ്വീകരിക്കില്ലെന്നും ജീവനക്കാരോടുള്ള സമീപനത്തിൽ രാഷ്ട്രീയമുണ്ടാകില്ലെന്നും സംഘടനാ പ്രവർത്തന സ്വാതന്ത്ര്യം നല്കുമെന്നും അദ്ദേഹം പറഞ്ഞു. ഈ വാക്കുകൾ കേട്ടപ്പോഴാണ് ഞാൻ അവരോട് നിങ്ങൾ പോയി മുഖ്യമന്ത്രിയെ കാണണമെന്ന് പറഞ്ഞത്. നൂറിലധികം ജീവനക്കാരെ

സെക്രട്ടേറിയറ്റിൽ നിന്നും മറ്റ് നിരവധി വകുപ്പുകളിൽ നിന്നും സ്ഥലം മാറ്റിയത് സംബന്ധിച്ച് പരിശോധിച്ച് നീതിപൂർവ്വമല്ലാത്ത സ്ഥലം മാറ്റങ്ങളുണ്ടെങ്കിൽ അത് റദ്ദ് ചെയ്യാൻ തയ്യാറാകണം. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഇത്തരം പരാതികൾ വന്നപ്പോൾ അതിന് പരിഹാരമുണ്ടാക്കിയിട്ടുണ്ട്.ഈ സഭാ തലത്തിൽ ശ്രീ. എ. കെ. ബാലനും ശ്രീ. സി. ദിവാകരനുമടക്കമുള്ള ആളുകൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ കാര്യങ്ങളിൽ തിരുത്തൽ വരുത്തിയിട്ടുണ്ട്. അതുകൊണ്ട് അതിന് ഗവൺമെന്റ് തയ്യാറാവുകയാണ് വേണ്ടത്. അനാവശ്യമായ, രാഷ്ട്രീയപ്രേരിതമായ സ്ഥലം മാറ്റങ്ങൾ അവസാനിപ്പിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ വാക്കൗട്ട് നടത്തുന്നില്ല. ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുന്നു.

## IV ശ്രദ്ധ ക്ഷണിക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, കഴിഞ്ഞ 16-ാം തീയതി ഇതേ വിഷയം സംബന്ധിച്ച് ഞാൻ എഴുതിത്തന്നിരുന്നു. അത് തമസ്കരിച്ചുകൊണ്ട് എന്നെ പരിഗണിക്കാത്തത് എന്നോടു കാണിക്കുന്ന അനീതിയാണ്.

മി. സ്പീക്കർ : അങ്ങയെ വിളിച്ചിട്ടില്ല. ശ്രീ. കെ. സുരേഷ് കുറുപ്പ് നല്കിയ ശ്രദ്ധ ക്ഷണിക്കലിന്റെ അതേ വിഷയത്തെ സംബന്ധിച്ചുള്ള ഒരു സബ്മിഷൻ അങ്ങും നല്കിയിരുന്നു. സഭയെ ഞാൻ അക്കാര്യം അറിയിക്കാൻ പോകുകയായിരുന്നു.

### (1) എസ്.ബി.ടി-എസ്.ബി.ഐ. ലയന തീരുമാനം

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, കേരളത്തിൽ ഹെഡ് ഓഫീസുള്ളതും കേരള സർക്കാരിന് ഓഹരി പങ്കാളിത്തമുള്ളതുമായ ഏക പൊതുമേഖലാ ബാങ്കാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ. പേര് സൂചിപ്പിക്കുന്നതുപോലെ എസ്.ബി.ടി. കേരളത്തിന്റെ സ്വന്തം ബാങ്കാണ്. വിവിധ പൊതുമേഖലാ ബാങ്കുകളെ ലയിപ്പിച്ച് വലിയ ബാങ്കുകളുണ്ടാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ എസ്.ബി.ടി. അടക്കമുള്ള അസോസിയേറ്റ് ബാങ്കുകളെ എസ്.ബി.ഐ-ൽ ലയിപ്പിക്കാനുള്ള തീരുമാനവുമായി കേന്ദ്രഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേരളീയ ജീവിതവുമായി ഇഴപിരിച്ചെടുക്കാനാകാത്ത ബന്ധമാണ് എസ്.ബി.ടി-ക്കുള്ളത്. കേരളത്തിൽ മാത്രമായി 852 ശാഖകളും 1345

എ.റ്റി.എം-കളുമുണ്ട്. ഇന്ത്യയൊട്ടാകെ 1117 ശാഖകളുണ്ട്. മറ്റ് ബാങ്കുകൾ കേരളത്തിനു പുറത്തുനിന്നും കേരളത്തിലേക്ക് വന്നപ്പോൾ എസ്.ബി.ടി. കേരളത്തിൽ പൂർണ്ണവളർച്ച നേടി പുറത്തേക്കുപോയ ബാങ്കാണ്. കൃഷിക്കും ചെറുകിട വ്യവസായത്തിനും വിദ്യാഭ്യാസത്തിനും സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വായ്പ നൽകിയിട്ടുള്ളത് എസ്.ബി.ടി. ആണ്. ഈ ബാങ്കിന്റെ 90 ശതമാനം വായ്പകളും കേരളത്തിലാണ് നൽകിയിട്ടുള്ളത്. വിദ്യാഭ്യാസ ലോണുകളുടെ 25 ശതമാനവും എസ്.ബി.ടി.-യാണ് നൽകിയിട്ടുള്ളത്. പടുകൂറ്റൻ ബാങ്കുകൾ രൂപീകരിക്കാനുള്ള ശ്രമത്തിൽ പുറംതള്ളപ്പെടുന്നത് ചെറുകിട ബാങ്ക് ഇടപാടു കാരാകുമെന്നതിൽ യാതൊരു സംശയവും വേണ്ട. ബാങ്കുകൾ വമ്പിച്ച ഡെപ്പോസിറ്റുകൾ സ്വീകരിക്കുകയും ഭീമമായ വായ്പകൾ നൽകുകയുമാണ് ചെയ്യുന്നത്. അവിടെയൊന്നും സാധാരണക്കാരനോ അവന്റെ ചെറിയ വായ്പയ്ക്കോ അവന്റെ ജീവിത സ്വപ്നങ്ങൾക്കോ കേരളത്തിന്റെ ആവശ്യങ്ങൾക്കോ സ്ഥാനമുണ്ടാകില്ല എന്ന കാര്യത്തിൽ ആർക്കും സംശയം വേണ്ട. എസ്.ബി.ടി.-യെ ലയിപ്പിച്ചതുകൊണ്ട് കേരളത്തിനോ കേരളത്തിലെ ജനങ്ങൾക്കോ യാതൊരുവിധ പ്രയോജനങ്ങളു മുണ്ടാകില്ലെന്നുള്ള സുപ്രധാനമായ കാര്യം നമ്മൾ ഓർക്കേണ്ടതായിട്ടുണ്ട്. നിലവിൽ നൽകുന്ന വായ്പകളിൽ കുറവ് വരുമെന്നല്ലാതെ കേരളത്തിലെ ജനങ്ങളെയോ ജനജീവിതത്തെയോ ബന്ധിപ്പിക്കുന്ന കാര്യങ്ങളിലൊന്നും അവർ ശ്രദ്ധിക്കാൻ പോകുന്നില്ല. അവരെ സംബന്ധിച്ച് വായ്പയുടെ ചെറിയൊരു ശതമാനം ഒരു ചെറിയ സംസ്ഥാനത്തിന് കൊടുത്തു എന്നല്ലാതെ എസ്.ബി.ടി. ഇന്ന് നൽകുന്നതു പോലുള്ള വായ്പകളോ സഹായങ്ങളോ കേരളത്തിലെ ജനങ്ങൾക്കോ അവർ തുടങ്ങുന്ന പ്രസ്ഥാനങ്ങൾക്കോ സംസ്ഥാന സർക്കാരിനോ കിട്ടാൻ പോകുന്നില്ല. എഫ്.എ.സി.റ്റി.-യും കെ.എസ്.ആർ.ടി.സി.-യും ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വായ്പ നൽകാൻ മുന്നോട്ടുവന്ന ഏക ബാങ്ക് എസ്.ബി.ടി. ആണ്. ബാങ്കിംഗ് മേഖലയിലെ എല്ലാ പാരാമീറ്റേഴ്സും വച്ചു നോക്കിയാലും എസ്.ബി.ഐ.-യെക്കാൾ ഉയരത്തിലാണ് എസ്.ബി.ടി.-യുടെ പെർഫോമൻസ് എന്ന് കാണാൻ സാധിക്കും. ഇത് നമ്മുടെ ഫെഡറൽ തത്വങ്ങൾക്കെതിരായ ഒരു നീക്കമാണ്. കേരളം ഇന്ത്യൻ യൂണിയനിൽ ചേർന്ന അവസരത്തിൽ സ്വന്തം ബാങ്കായി നമുക്കുണ്ടായിരുന്ന, കേരള ഗവൺമെന്റിന് ഓഹരി പങ്കാളിത്തമുള്ള, കേരളത്തിന്റെ മണമുള്ള ധനകാര്യ സ്ഥാപനമായി നിലനിൽക്കേണ്ട കേരളത്തിന്റെ പേരിലുള്ള ബാങ്കാണിത്. അങ്ങനെയുള്ള ഒരു സ്ഥാപനത്തെയാണ് സംസ്ഥാന ഗവൺമെന്റുമായി ആലോചിക്കാതെയും കേരളത്തിലെ ജനങ്ങളുടെ വികാരം കണക്കിലെടുക്കാതെയും എസ്.ബി.ഐ.-യിൽ ലയിപ്പിച്ച്

തനിമ നഷ്ടപ്പെടുത്തുന്നത്. ഈ ലയനംമൂലം നഷ്ടം സംഭവിക്കുന്നത് കേരളത്തിനാണ്. കേരള ഗവൺമെന്റിന് ഓഹരി പങ്കാളിത്തമുള്ള ഒരു ബാങ്കെന്ന നിലയിൽ എസ്.ബി.ടി. ലയനത്തെ സഭ ഒറ്റക്കെട്ടായി എതിർക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് നമ്മുടെ നാടിനോ ജനങ്ങൾക്കോ യാതൊരു വിധത്തിലുള്ള ഗുണവും നൽകുന്നതല്ല. ഒരു പടുകൂറ്റൻ ബാങ്കുണ്ടായി എന്നതുകൊണ്ട് കേരളത്തിനെന്താണ് ഗുണം? വൻ ബാങ്ക് ഡെപ്പോസിറ്റുകളും വായ്പകളും വരുമ്പോൾ കേരളത്തിലെ സാധാരണക്കാരന്റെ കാര്യങ്ങൾ പരിഗണിക്കില്ലെന്നുള്ളത് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. ഇത് കേരളത്തിന്റെ താൽപ്പര്യങ്ങൾക്കെതിരാണ്. ഈ ലയനത്തെ കേരളം ഒറ്റക്കെട്ടായി എതിർക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, എസ്.ബി.ടി.-ക്ക് നമ്മുടെ സംസ്ഥാനത്തുള്ള പ്രാധാന്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞുകഴിഞ്ഞു. അത് ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ചില ജീവനക്കാരുടെ പ്രൊമോഷന്റെ പ്രശ്നമാണെന്നും തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നതിന്റെ കാര്യങ്ങൾ മാത്രമാണെന്നും ദേശീയതാൽപ്പര്യം വച്ച് നോക്കുമ്പോൾ എസ്.ബി.ടി. ലയനം വളരെ പ്രധാനപ്പെട്ട കാര്യമാണെന്നും അതിന് തടസ്സം നിൽക്കാൻ പാടില്ലെന്നും ചിലർ പറഞ്ഞു നടക്കുന്നുണ്ട്. ഈ സർക്കാർ അതിനോട് യോജിക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വികാരത്തോടും അഭിപ്രായത്തോടും യോജിപ്പാണുള്ളത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറുമായി നമ്മുടെ സംസ്ഥാനത്തിന് ചരിത്രപരവും വൈകാരികവുമായ ബന്ധമുണ്ട്. 1945-ലാണ് ഈ ബാങ്ക് രൂപീകരിക്കുന്നതെങ്കിലും അതിനും എത്രയോ നാളുകൾക്കുമുമ്പ് നിലവിലുണ്ടായിരുന്ന കേരളത്തിലെ പതിനൊന്ന് ബാങ്കുകൾ ചേർന്നാണ് ഇത്തരത്തിലൊരു ബാങ്ക് സംസ്ഥാനത്തുണ്ടായത്. ഏതാണ്ട് ഒരു നൂറ്റാണ്ടിന്റെ ചരിത്രമുള്ള ബാങ്കാണിത്. ഉടമസ്ഥത എസ്.ബി.ഐ.-ക്ക് ആണെങ്കിലും ഈ ബന്ധം വളരെ പ്രധാനപ്പെട്ടതാണ്. അതുപോലെ ഏറ്റവും കൂടുതൽ ബ്രാഞ്ചുകളുള്ള ബാങ്കാണിത്. ഏകദേശം 800-ൽപ്പരം ബ്രാഞ്ചുകൾ കേരളത്തിലുണ്ട്. ഇന്ന് കേരളത്തിന് ഏറ്റവും കൂടുതൽ വായ്പ നൽകുന്ന ബാങ്ക് എസ്.ബി.ടി. ആണ്. ചെറുകിട കച്ചവടം, കൃഷി തുടങ്ങിയ മേഖലകളിലാണ് കൂടുതൽ വായ്പ നൽകുന്നത്. സർക്കാരിന്റെ പണമിടപാടുകൾ, ട്രഷറി എന്നിവയെല്ലാം ഈ ബാങ്കുമായിട്ടാണ് ബന്ധപ്പെട്ടു നിൽക്കുന്നത്. സർക്കാരിന്റെ ട്രഷറി ഇടപാടുകൾ മാത്രമല്ല ഇ-ഫയലിംഗ്, ഇ-ടെണ്ടറിംഗ് തുടങ്ങിയ കാര്യങ്ങളിലെല്ലാം വളരെ നിർണ്ണായകമായ പങ്ക് എസ്.ബി.ടി. വഹിക്കുന്നുണ്ട്. ഈ ബാങ്ക് എസ്.ബി.ഐ.-യുമായി ലയിക്കുന്നതിന്റെ ഫലമായി കേരളത്തിന് എന്താണ് നഷ്ടപ്പെടുന്നത്? വൈകാരികമായിട്ടുള്ള

ബന്ധങ്ങൾ, പ്രാദേശികമായ ജൈവബന്ധങ്ങൾ, ഈ സ്ഥാപനങ്ങളുടെ നിക്ഷേപത്തിന്റെ സ്വഭാവം എന്നിവയെയെല്ലാം സാരമായി ബാധിക്കുമെന്നാണ് ഇന്ത്യയിലെ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസിന്റെ വളർച്ചയെക്കുറിച്ച് പഠിച്ചിട്ടുള്ളവർ ചൂണ്ടിക്കാണിക്കുന്നത്. പ്രൊഫസർ അമിയകുമാർ ബക്ഷിയുടെ ഏറ്റവും പ്രസിദ്ധമായ 'പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ് ഇൻ ഇന്ത്യ' എന്ന ഗ്രന്ഥത്തിൽ എന്തുകൊണ്ട് കിഴക്കേ ഇന്ത്യ പടിഞ്ഞാറേ ഇന്ത്യയെ അപേക്ഷിച്ച് പിന്നോക്കം പോയി എന്നതുസംബന്ധിച്ച് വിശദീകരിക്കുന്നുണ്ട്. അതൊരു 500 പേജുള്ള പുസ്തകമാണ്. അതിന്റെ തീസീസാണ് ഞാൻ പറയുന്നത്, അവിടത്തെ മാർവാടി മൂലധനത്തിന് പ്രാദേശികമായ ജൈവബന്ധങ്ങളുണ്ടായിരുന്നില്ല; അതിൽനിന്ന് വ്യത്യസ്തമായിരുന്നു പശ്ചിമ ഇന്ത്യയിലെ സ്ഥിതി. എസ്.ബി.ടി., എസ്.ബി.ഐ.-യുമായി ലയിച്ചുകഴിയുമ്പോൾ കേരളത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചായിരിക്കില്ല മറിച്ച്, ഈ ഭീമൻ ബാങ്കിന്റെ ആഗോളതന്ത്രത്തിന് വിധേയമായിട്ടായിരിക്കും വായ്പകളെല്ലാം കൊടുക്കുന്നത്. 8000 കോടി രൂപ ഒറ്റയടിക്ക് എസ്.ബി.ഐ.-യിൽ നിന്ന് അനധികൃതമായി വായ്പയായി നേടിയെടുത്ത ചില കോർപ്പറേറ്റ് കമ്പനികളുണ്ട്. അത്തരത്തിലുള്ളവരെ സംബന്ധിച്ചിടത്തോളം ഇത് വളരെ സന്തോഷകരമായിരിക്കും. പക്ഷേ കേരളത്തിലെ സാധാരണക്കാരുടെ കാര്യം അങ്ങനെയായിരിക്കില്ല. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യമെന്നുള്ള നിലയിൽ സംസ്ഥാനത്തിന്റെ മൊത്തം താൽപ്പര്യമാണ് നിലനിൽക്കാനുള്ളത്. പ്രതിപക്ഷാംഗങ്ങൾക്കും ഇതിൽ എതിർപ്പുണ്ടാകില്ലെന്ന് എനിക്ക് ഉറപ്പുണ്ട്. ശ്രീ. എൻ.എ. നെല്ലിക്കുന്ന് ഈ വിഷയം സംബന്ധിച്ച് സബ്മിഷൻ കൊടുത്തിട്ടുണ്ടെന്ന് പറയുകയുണ്ടായി. എന്റെ നിർദ്ദേശം, ഇക്കാര്യം സംബന്ധിച്ച് നിയമസഭയിൽ ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കുന്ന സന്ദർഭമുണ്ടാകണം. അങ്ങ് അതുസംബന്ധിച്ച് തീരുമാനമെടുക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ അഭിപ്രായത്തോട് ഞങ്ങൾ പൂർണ്ണമായി യോജിക്കുകയാണ്. ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളിൽ അഞ്ച് ബാങ്കുകളെയാണ് ഇപ്പോൾ എസ്.ബി.ഐ-യിൽ ലയിപ്പിക്കാൻ തീരുമാനിച്ചത്. അതിനോട് കോൺഗ്രസ് പാർട്ടിക്കും യു.ഡി.എഫ്.-നും പൂർണ്ണമായ വിയോജിപ്പാണുള്ളത്. അതുകൊണ്ടുതന്നെ സഭാനേതാവ് ഒരു പ്രമേയം കൊണ്ടുവന്നാൽ അതുമായി സഹകരിക്കാൻ പ്രതിപക്ഷം തയ്യാറാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, അഭിപ്രായ സമന്വയമുള്ള ഇക്കാര്യത്തിൽ സഭയുടെ ഐകകണ്ഠമായ ഒരു പ്രമേയം പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

11.00 AM]

## (2) കേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പാറക്കൽ അബ്ദുല്ല : സർ, അടിയന്തര പ്രാധാന്യത്തോടുകൂടി പരിഹാരം കാണേണ്ട വിഷയമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കേരളത്തിലെ നാളികേരകർഷകരുടെ കാര്യം വളരെ പരിതാപകരമാണ്. ഒരു കാലത്ത് അന്തസ്സിന്റെയും ആഭിജാത്യത്തിന്റെയും പ്രതീകമായിരുന്ന കൽപ്പവൃക്ഷം എന്നറിയപ്പെടുന്ന തെങ്ങ്. കേരകർഷകർ തലയുയർത്തി നടന്ന ഒരു കാല മുണ്ടായിരുന്നു. ആ കാലം ഇന്നൊരു ഓർമ്മ മാത്രമാണ്. തേങ്ങയ്ക്കും കേര കർഷകന്റെ ജീവിതത്തിനും ഇന്ന് വിലയില്ലാതായി. തെങ്ങുപോലെ ആദായമുള്ള മറ്റൊരു വൃക്ഷമില്ല. കേരം തിങ്ങും കേരളനാടിന് ധനസമൃദ്ധിയുടെ നല്ലൊരു കാല മുണ്ടായിരുന്നു. പറമ്പിലെ തെങ്ങിന്റെ എണ്ണം നോക്കി മനുഷ്യന്റെ സാമൂഹിക നിലവാരം അളന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. ആ കാലം പോയി. ഇന്ന് തേങ്ങ ആർക്കും വേണ്ടാത്ത വസ്തുവായി. വിലക്കുറവിനൊപ്പം തെങ്ങിനെ ബാധിക്കുന്ന രോഗവും കേരകർഷകരെ ക്ഷീണിപ്പിച്ചു. 1960-ൽ 500 രൂപയിൽ താഴെയായിരുന്നു ഒരു പവൻ സ്വർണ്ണത്തിന്റെ വില. തേങ്ങയ്ക്ക് അന്ന് ഒരു രൂപയായിരുന്നു വില; കർഷക ത്തൊഴിലാളികളുടെ കൂലി രണ്ട് രൂപയും. ഇന്ന് ഒരു പവൻ സ്വർണ്ണത്തിന്റെ വില ഇരുപതിനായിരത്തിന് മുകളിലായപ്പോൾ തേങ്ങയുടെ വില വെറും അഞ്ചര രൂപ മാത്രം. വർഷങ്ങൾ ഒരുപാട് പിന്നിട്ടിട്ടും തേങ്ങയുടെ വിലയിൽ വലിയ മാറ്റമൊന്നുമില്ല. പിന്നെ എങ്ങനെയാണ് കേര കർഷകനും കേരകൃഷിയും രക്ഷപ്പെടുക? നാളികേര ഉൽപാദനത്തിൽ ഒന്നാം സ്ഥാനത്തായിരുന്ന കേരളം ഇപ്പോൾ തമിഴ്നാടിനും കർണ്ണാടകത്തിനും പിന്നിലാണെന്ന് കണക്കുകൾ പറയുന്നു. എട്ടുലക്ഷത്തോളം ഹെക്ടർ സ്ഥലത്ത് കേരകൃഷിയുള്ള കേരളത്തിൽ 5798 ദശലക്ഷം നാളികേരം ഉൽപാദിപ്പിക്കാൻ മാത്രമേ നമുക്ക് കഴിയുന്നുള്ളൂ. എന്നാൽ 4.65 ലക്ഷം ഹെക്ടറിൽ നിന്ന് തമിഴ്നാട് 6917 ദശലക്ഷം തേങ്ങ ഉൽപാദിപ്പിക്കുന്നു. 5.13 ലക്ഷം ഹെക്ടർ ഭൂമിയിൽ കൃഷിയുള്ള കർണ്ണാടകയിൽ 6058.86 ലക്ഷം നാളികേരമാണ് വിളവെടുക്കുന്നത്. 35 ലക്ഷത്തോളം നാളികേര കർഷകരും അനുബന്ധ ത്തൊഴിലാളികളും കേരളത്തിലുണ്ടെന്നാണ് കണക്ക്. എന്നാൽ കൃഷിഭൂമിയുടെ വിസ്തീർണ്ണം ഓരോ വർഷവും വൻതോതിൽ കുറഞ്ഞുവരുന്നതായി ഔദ്യോഗിക രേഖകൾ വ്യക്തമാക്കുന്നു. നിലങ്ങൾ ഓരോന്നായി നികത്തപ്പെടുമ്പോൾ എല്ലാം വികസനത്തിന്റെ പേരിലാണെന്ന് സമാധാനിക്കുന്ന നമുക്ക് നഷ്ടപ്പെടുന്നത് കേരളമെന്ന സംസ്ഥാനത്തിന്റെ കാർഷിക പാരമ്പര്യമാണ്. രണ്ടുമാസം കൂടുമ്പോഴാണ് സാധാരണനിലയിൽ നാളികേരം വിളവെടുപ്പ് നടത്തുന്നത്. തേങ്ങയ്ക്ക് വിലയില്ലെങ്കിലും

വിളവെട്ടപ്പിനാവശ്യമായ തൊഴിലാളികൾക്കുള്ള കൂലിയിൽ ദിവസേന വർദ്ധനവു ണ്ടാവുകയാണ്. കൂലി കൊടുത്താൽപ്പോലും തൊഴിലാളികളെ കിട്ടാനില്ലാത്ത സ്ഥിതിയാണുള്ളത്. യഥാസസമയം തേങ്ങയുടെ വിളവെടുപ്പ് നടത്താതിരിക്കുന്നത് ഗുരുതരമായൊരു സാമൂഹിക പ്രശ്നം കൂടിയാണ്. ആഴ്ചകൾക്കുമുമ്പ് എന്റെ മണ്ഡലത്തിലെ മണിയൂരിൽ ഒരു കുട്ടി തേങ്ങ തലയിൽ വീണ് മരിക്കാനിടയായ സംഭവം വേദനയോടെ ഞാനിവിടെ ഓർമ്മിക്കുകയാണ്. ഇത്തരം അപകട വാർത്തകൾ സംസ്ഥാനത്ത് ധാരാളം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. നാളികേര കാർഷിക മേഖലയെ മുന്നോട്ട് കൊണ്ടുപോകാൻ കർഷകൻ നേരിടുന്ന ബുദ്ധിമുട്ട് തെങ്ങിനോളം വലുതാണ്. നാളികേരത്തിന് അടിക്കടി വില കുറയുകയും അനുബന്ധ ചെലവുകൾ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നാളികേര കൃഷി ഉപേക്ഷിക്കുകയല്ലാതെ മറ്റെന്തു മാർഗ്ഗമാണ് കേര കർഷകർക്ക് മുന്നിലുള്ളത്? മണ്ഡരി, കാറ്റുവീഴ്ച തുടങ്ങി തെങ്ങിനെ ബാധിക്കുന്ന വിവിധ രോഗങ്ങളും ഇന്ന് ബുദ്ധിമുട്ടുണ്ടാക്കുന്നു. ലോക വ്യാപാര കരാറിനെത്തുടർന്ന് ഇന്തോനേഷ്യ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും നിരവധി നാളികേര ഉൽപ്പന്നങ്ങൾ കേരളത്തിലേക്ക് എത്തി തുടങ്ങിയതോടെ സ്വന്തം നാടിന്റെ നാളികേര വിപണന സാദ്ധ്യതകൾക്ക് അസ്തമയം കണ്ടു തുടങ്ങിയിരിക്കുകയാണ്.

പാലിന്റെ വില നിർണ്ണയിക്കാനും വില കുറയാതെ വിപണിയിൽ പിടിച്ചുനിർത്താനും മിൽമയ്ക്ക് കഴിയുന്നുണ്ട്. എന്നാൽ തേങ്ങയുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും വില നിശ്ചയിക്കാനോ കർഷകരെ സഹായിക്കാനോ യാതൊരു സംവിധാനവും സംസ്ഥാനത്ത് നിലവിലില്ല എന്നത് ഏറെ ഖേദകരമാണ്. റബ്ബറിന് വിലയിടിവ് നേരിട്ടപ്പോൾ 300 കോടി രൂപയാണ് കേന്ദ്രം ധനസഹായം നൽകിയത്. റബ്ബർ വിലയിടിവിന്റെ പേരിലുണ്ടാകുന്ന ബഹളത്തിന്റെ നാലിലൊന്നെങ്കിലും സംസ്ഥാനത്തിന്റെ സ്വന്തം വിളയായ നാളികേരത്തിന്റെ കാര്യത്തിലുണ്ടായാൽ നന്നായിരുന്നുവെന്ന് കർഷകർ ആഗ്രഹിച്ചുപോയാൽ അവരെ കുറ്റം പറയാൻ കഴിയില്ല. കർഷകർ കേരകൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നതെങ്കിലും അവരെ സഹായിക്കാൻ ഇവിടെ ഒരു നിയമവുമില്ല. ഇരുപത് കോടിയോളം തെങ്ങുകളുള്ള കേരളത്തിൽ നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും വഴി മാത്രമേ നാളികേരത്തിന് ന്യായവിലയും കർഷകന് സ്ഥിരവരുമാനവും ഉറപ്പുവരുത്താൻ കഴിയൂ. ആയതിനാൽ സംസ്ഥാനത്തെ കേര കർഷകർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരമായി ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മലബാർ മേഖലയുടെ ഒരു പ്രതിനിധി എന്ന നിലയിൽ

മറ്റൊരു കാര്യംകൂടി പറയാനുണ്ട്, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നാളികേര കർഷകരുള്ള ജില്ലയാണ് കോഴിക്കോട്. ഈ മേഖലയെ ആശ്രയിച്ച് കഴിയുന്ന ഏഴ് ലക്ഷത്തോളം കർഷകരും കർഷക തൊഴിലാളികളുമുണ്ട്. നാളികേര വികസന ബോർഡിന്റെ കണക്കുപ്രകാരം ജില്ലയിൽ 1,23,066 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയുണ്ട്. ലോക പ്രശസ്തിയാർജ്ജിച്ച രാജാപൂർ കൊപ്രയുടെ രാജ്യത്തെ പ്രധാന കേന്ദ്രം കോഴിക്കോട് ജില്ലയിലെ വടകര താലൂക്കാണ്. വലിപ്പത്തിലും ഗുണമേന്മയിലും മുൻപന്തിയിലുള്ള നാളികേരം ലഭിക്കുന്നത് എന്റെ മണ്ഡലമായ കുറ്റ്യാടിയിലാണ്.

മി. സ്പീക്കർ : മന്ത്രി ഇതിന് അനുകൂലമാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല : സർ, എന്റെ മണ്ഡലത്തിലെ വേളം പഞ്ചായത്തിൽ നാളികേര സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കി ആരംഭിച്ച നാളികേര വികസന പാർക്ക് ഇന്നും പ്രവർത്തന സജ്ജമായിട്ടില്ല. ആ സ്ഥാപനം പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികളുണ്ടാകണം. കൂടാതെ കഴിഞ്ഞ മാർച്ച്, ഏപ്രിൽ മാസത്തിലെ കടുത്ത ചൂടിൽ എന്റെ നിയോജകമണ്ഡലത്തിൽ മാത്രം ഏഴായിരത്തോളം തെങ്ങുകൾ ഉണങ്ങിപ്പോയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഏകദേശം പതിനായിരക്കണക്കിന് തെങ്ങുകൾക്കാണ് ഇത്തരത്തിൽ നാശനഷ്ടം സംഭവിച്ചത്. തെങ്ങുകൾക്ക് നാശം സംഭവിച്ച കർഷകർക്ക് കൃത്യമായ നഷ്ടപരിഹാരം നൽകണം. ഇക്കാര്യത്തിൽ ഒരു ശാസ്ത്രീയ പഠനം നടത്താൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പാറക്കൽ അബ്ദുല്ല മലബാറിലെ മാത്രമല്ല, കേരളത്തിലെ പ്രധാനപ്പെട്ട വിളയായ തെങ്ങുകൃഷിയെപ്പറ്റിയാണ് സൂചിപ്പിച്ചത്. ഈ വിഷയം വളരെ ഗൗരവമായി തന്നെയാണ് സർക്കാർ കാണുന്നത്. മാത്രമല്ല, തെങ്ങുകൃഷിയിൽ നിന്നും കൃഷിക്കാർ വിട്ടുപോകുന്ന ഒരു സാഹചര്യം സൃഷ്ടിക്കാൻ ഒരിക്കലും ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. കേരളത്തിലെ കേരകർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം നാളികേരത്തിന്റെ വിലയിടിവാണ്. തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ കേരളത്തെക്കാൾ കൂടുതൽ ഉൽപ്പാദനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമുണ്ട്. ഇതിനെത്തുടർന്ന് കേരളത്തിൽ നാളികേരത്തിന്റെ വിലയിടിവ് വളരെ ഗുരുതരമായ പ്രശ്നമായിരിക്കുകയാണ്. കൊപ്രയുടെ തറവിലയായി ഇപ്പോൾ കേന്ദ്രം നിശ്ചയിച്ചിരിക്കുന്നത് 5950 രൂപയാണ്. എന്നാൽ ഇപ്പോൾ 5265 രൂപ നിരക്കിലാണ് പൊതുവിപണിയിൽ

വ്യാപാരം നടന്നുവരുന്നത്. 12 രൂപ മുതൽ 16 രൂപ നിരക്കിലാണ് പച്ചത്തേങ്ങ വിപണനം നടന്നുകൊണ്ടിരിക്കുന്നത്. ഇതിന് പരിഹാരമായി നാളികേര കർഷകർക്ക് ന്യായവില ഉറപ്പുവരുത്താൻ സംസ്ഥാന ഗവൺമെന്റ് കൃഷി വകുപ്പ് മുഖാന്തരം ഇപ്പോൾ പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്. ഒരു ക്വിന്റലിന് 1400 രൂപ വിലയുള്ളപ്പോൾ ഒരു കിലോയ്ക്ക് 25 രൂപ നിരക്കിൽ 2500 രൂപയ്ക്കാണ് കേരഫെഡ് കൃഷിഭവനിലൂടെ നാളികേരം സംഭരിക്കുന്നത്. ഇപ്പോൾ 12 ജില്ലകളിലായി 381 കൃഷിഭവനുകളിലൂടെ 124748 ടൺ പച്ചത്തേങ്ങ കേരഫെഡ് സംഭരിച്ചുകഴിഞ്ഞു. ഈയിനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടിശ്ശികയുണ്ടായിരുന്ന 43 കോടി രൂപയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 18 കോടി രൂപ നൽകുകയുണ്ടായി. ബാക്കിത്തുക സമയ ബന്ധിതമായി കൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. ഇന്തോനേഷ്യയിലും മലേഷ്യയിലും ശ്രീലങ്കയിലും നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വലിയ ശൃംഖല തന്നെ സൃഷ്ടിക്കപ്പെട്ടുകയുണ്ടായി. പക്ഷേ കേരം തിങ്ങുന്ന കേരള നാട്ടിൽ ആ രാജ്യങ്ങളിലുണ്ടായതുപോലുള്ള ഒരു വാല്യൂ അഡീഷൻ ഉണ്ടാക്കിയെടുക്കാനോ വിലസ്ഥിരത ഉറപ്പുവരുത്താനാവശ്യമായ ഒരു പാക്കേജ് രൂപീകരിക്കാനോ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഹ്രസ്വകാല പദ്ധതി, ദീർഘകാല പദ്ധതി എന്ന രണ്ടുരീതിയിലൂടെയാണ് ഇതിന് പരിഹാരം കാണാൻ ഗവൺമെന്റ് ശ്രമിക്കുന്നത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ നാളികേര കർഷകർക്ക് ആശ്വാസമായി സംസ്ഥാനത്തെ മുഴുവൻ കൃഷിഭവനിലേക്കും സംഭരണം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി നാഫെഡ് മുഖേന കൊപ്ര സംഭരിക്കാൻ വേണ്ടിയുള്ള നടപടി ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന മാതൃകയിലുള്ള അപേക്ഷ ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്. ദീർഘകാല പദ്ധതി എന്ന നിലയിൽ തെങ്ങുകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി നാളികേര കൃഷിക്കാർക്ക് സഹായം നൽകുന്നതിനുള്ള വിവിധ പദ്ധതികളും കൃഷിവകുപ്പ് നടപ്പാക്കിവരുന്നുണ്ട്. ശാസ്ത്രീയമായി തെങ്ങുകൃഷി പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്. അതുപോലെ 2015-16 വരെ കാസർഗോഡ് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലാണ് ഈ പദ്ധതികൾ നടപ്പാക്കിയിരുന്നത്. ഈ സാമ്പത്തിക വർഷം കാസർഗോഡ് ഉൾപ്പെടെയുള്ള എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ 30 കേര ഗ്രാമങ്ങൾകൂടി പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സംയോജിത കൃഷി പരിപാലന മുറകൾ നടപ്പാക്കുന്നതിനും ഇടവേള കൃഷി ചെയ്ത് തെങ്ങിൻ

തോപ്പുകളിലെ ആദായം വർദ്ധിപ്പിക്കുന്നതിനും കേര കർഷകർക്ക് ഹെക്ടറിന് 25000 രൂപ വീതം ധനസഹായം നൽകാൻ നടപടി സ്വീകരിക്കുന്നതാണ്. തെങ്ങിൻതോപ്പുകളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 25000 രൂപ നിരക്കിൽ ആനുകൂല്യം നൽകാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

തെങ്ങുകയറ്റത്തൊഴിലാളി ദൗർലഭ്യവും കർഷകരെ വളരെയധികം ബുദ്ധിമുട്ടിക്കുന്നുണ്ട്. അവയുൾപ്പെടെ പരിഹരിക്കുന്നതിനും കേരസമൃദ്ധി പദ്ധതിക്കുമായി ഈ വർഷം കൂടുതൽ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കർമ്മപദ്ധതി രൂപീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ നീര, തെങ്ങിൽ നിന്നുള്ള മൂല്യവർദ്ധിത വസ്തുക്കൾ എന്നിവയുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി ഫാർമർ പ്രൊഡ്യൂസർ കമ്പനികൾക്ക് കൂടുതൽ സൗകര്യം നൽകാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പാറക്കൽ അബ്ദുല്ല : സർ, നാളികേരാധിഷ്ഠിത അനുബന്ധ വ്യവസായം ആരംഭിക്കാനാവശ്യമായ എന്തെങ്കിലും സംവിധാനമുണ്ടോ?

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, മലേഷ്യയിലെയും സിംഗപ്പൂരിലെയും കാര്യം സൂചിപ്പിച്ചതുപോലെ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉൽപ്പന്നമായ നാളികേരത്തിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുന്ന വലിയ നാളികേര പാർക്കുകൾ വ്യാപകമായി സ്ഥാപിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ പദ്ധതി ഗവൺമെന്റ് ആവിഷ്കരിക്കുന്നതാണ്

## V സബ്മിഷൻ

### (1) സി. എം. അബ്ദുള്ള മൗലവിയുടെ ദുരൂഹ മരണം

മി. സ്പീക്കർ : ഇതേ വിഷയം സംബന്ധിച്ച് ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്, എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽ ചെമ്മനാട് പഞ്ചായത്തിൽ താമസിക്കുന്ന മുസ്ലീം പണ്ഡിതനും സമസ്തയുടെ സംസ്ഥാന വൈസ് പ്രസിഡന്റും മംഗലാപുരം - ചെമ്പരിക്ക ഖാസിയും മലബാർ ഇസ്ലാമിക് കോംപ്ലക്സ് സ്ഥാപക ചെയർമാനുമായ ഖാസി സി. എം. അബ്ദുള്ള മൗലവി 15-2-2010-ന് മരിച്ച

സംഭവവുമായി ബന്ധപ്പെട്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പരസഹായമില്ലാതെ സ്വന്തം വീട്ടിൽ നിന്ന് പുറത്തിറങ്ങാൻ പറ്റാത്ത ഒരാളായിരുന്നു അദ്ദേഹം. മേൽപ്പറഞ്ഞ ദിവസം രാത്രി ഒരു കിലോമീറ്റർ ദൂരെ കടലിൽ അദ്ദേഹം മരിച്ചുകിടക്കുന്നതായിട്ടാണ് കാണാൻ കഴിഞ്ഞത്. അദ്ദേഹത്തിന്റെ ചെരുപ്പും കണ്ണടയും കടലിനടുത്തുള്ള ഒരാൾ പൊക്കമുള്ള ഒരു കല്ലിന്റെ മുകളിൽ കിടക്കുകയായിരുന്നു. പരസഹായമില്ലാതെ പുറത്തിറങ്ങാൻ പറ്റാത്ത ഒരാൾക്ക് ആ കല്ലിനുമുകളിൽ ചെരുപ്പും കുടയും എങ്ങനെ കൊണ്ടുവയ്ക്കാൻ കഴിഞ്ഞു വെന്നതിനെക്കുറിച്ചുള്ള ദുരൂഹത നാട്ടിൽ നിലനിൽക്കുകയാണ്. ഈ സംഭവം ആദ്യം കേരളാ പോലീസും പിന്നീട് ക്രൈംബ്രാഞ്ചും അന്വേഷിച്ചു. അന്വേഷണത്തിൽ തെളിവില്ലാതെ വന്നപ്പോൾ കുടുംബാംഗങ്ങളും നാട്ടുകാരും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേസ് സി.ബി.ഐ.-ക്ക് കൈമാറി. സി.ബി.ഐ. അന്വേഷിച്ചിട്ടും തെളിവില്ലാത്തതിന്റെ അടിസ്ഥാനത്തിൽ സി.ബി.ഐ. കേസ് മടക്കി നൽകുകയാണ് ചെയ്തത്. പിന്നീട് ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് കൊടുത്തതിനെത്തുടർന്ന് ഹൈക്കോടതി ഉത്തരവുപ്രകാരം വീണ്ടും കേസന്വേഷിച്ചെങ്കിലും ആ അന്വേഷണത്തിലും തെളിവില്ലെന്ന് പറഞ്ഞ് കേസ് നീട്ടിക്കൊണ്ടുപോകുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ഇടപെട്ട് ഈ സംഭവത്തിന്റെ നിജസ്ഥിതി പുറത്തു കൊണ്ടുവരാനും അദ്ദേഹത്തിന്റെ മക്കളും മറ്റ് കുടുംബാംഗങ്ങളും രണ്ട് മാസമായി കാസർഗോഡ് ടൗണിൽ നടത്തി വരുന്ന സമരം അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. പരസഹായമില്ലാതെ ഒരിടത്തും പോകാൻ പറ്റാത്ത അബ്ദുല്ല മൗലവി ഇത്തരമൊരു സാഹചര്യത്തിലാണ് മരിച്ചുകിടക്കുന്നതായി കണ്ടത്.പല ഉദ്യോഗസ്ഥരെയും സഹായിക്കുന്ന തരത്തിലാണ് അന്വേഷണം നടന്നിട്ടുള്ളത്. ഈ കേസ് പുനരന്വേഷണത്തിന് വിധേയമാക്കണമെന്നുള്ളതാണ് ആവശ്യം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ)</u> : സർ, ഖാസി സി. എം. അബ്ദുള്ള മൗലവിയുടെ മരണം സംബന്ധിച്ച് ഇവിടെ ബഹുമാന്യരായ രണ്ട് അംഗങ്ങളും പ്രകടിപ്പിച്ച പൊതുവികാരമാണ് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും അവിടത്തെ നാട്ടുകാർക്കുമുള്ളത്. പക്ഷേ പോലീസ് നടത്തിയ അന്വേഷണത്തിൽ പ്രത്യേക തെളിവുകളൊന്നും കണ്ടെത്താൻ കഴിയാത്തതിനാലാണ് കേസ് സി.ബി.ഐ.-ക്ക് കൈമാറിയത്. സി.ബി.ഐ. അന്വേഷണം നടത്തിയശേഷം ആത്മഹത്യയാണെന്ന് സ്ഥിരീകരിച്ചാണ് റിപ്പോർട്ട് നൽകിയിരിക്കുന്നത്. ഇതുസംബന്ധിച്ച് അദ്ദേഹത്തിന്റെ കുടുംബം കോടതിയിൽ പരാതി നൽകിയപ്പോൾ വീണ്ടും അന്വേഷിക്കാൻ കോടതി ഉത്തരവിടുകയും അന്വേഷണം നടന്നുവരികയുമാണ്. അന്വേഷണത്തിന് ആവശ്യമായ എല്ലാ സഹകരണവും നാട്ടുകാരും ചെയ്തുകൊടുക്കട്ടെ; അവരുടെ പൊതു വികാരത്തോടൊപ്പം നാടാകെ നിൽക്കുന്നുണ്ട്. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി അവരെ വിളിച്ച് സംസാരിക്കും.

## (2) ഫയർ സ്റ്റേഷൻ

ശ്രീ. കെ. ദാസൻ : സർ, സമീപകാലത്ത് അഗ്നിബാധയുമായി ബന്ധപ്പെട്ട നിരവധി സംഭവങ്ങളാണ് കൊയിലാണ്ടിയിൽ ഉണ്ടായിട്ടുള്ളത്. ഇന്നലെ പുലർച്ചെ കൊയിലാണ്ടിയിൽ വൻതോതിൽ തീപിടിത്തമുണ്ടായി. എൻ.എച്ച്.-ൽ ബസ് സ്റ്റാന്റ് പരിസരത്ത് പെട്രോൾ പമ്പിന് വളരെയടുത്ത് രണ്ട് കടകൾ പൂർണ്ണമായി കത്തിനശിച്ചു. നഗരത്തിലെ ഗ്ലാസ് പെയിന്റ് കടയായ സീനത്ത് ഗ്ലാസ് മാർട്ട്, ബാലരാമ ആയുർവ്വേദ ഷോപ്പ് എന്നിവ കത്തിയമർന്നു. തൊട്ടടുത്ത കടകളായ മുരളീധരൻ വാച്ച് വർക്ക്സ്, നാഷണൽ ഗ്ലാസ് മാർട്ട്, അജിത് ജൂവലറി എന്നിവയ്ക്ക് ഒരു കോടി രൂപയുടെ നഷ്ടമുണ്ടായി. രണ്ടുമൂന്ന് മാസം മുമ്പാണ് നഗരത്തിൽ ഫെഡറൽ ബാങ്കും അതിനോട് ചേർന്നുള്ള മൊബൈൽ ഫോൺ ഷോപ്പും കത്തിയമർന്നത്. അവിടെ അഗ്നിശമനസേനയ്ക്ക് എത്താൻ കഴിഞ്ഞില്ല. ഇഷാന ഗോൾഡ്, അഷ്ക് ഹട്ട് ഹോട്ടൽ, മാർക്കറ്റിനടുത്തുള്ള ഓട്ടോ ഗ്യാരേജ് എന്നിവിടങ്ങളിലും തീപിടിത്തമുണ്ടായി. തുടരെത്തുടരെ സംഭവിക്കുന്ന ഇത്തരം ദുരന്തങ്ങൾ നേരിടാൻ സംവിധാനമില്ലാത്തതിനാൽ ജനങ്ങൾ കടുത്ത പ്രതിഷേധത്തിലാണ്. ഇതുസംബന്ധിച്ച് സർക്കാരിന് ഞാനൊരു നിവേദനം നൽകിയതാണ്. ഒരു സാറ്റലൈറ്റ് ഫയർ സ്റ്റേഷനെങ്കിലും തൽക്കാലം കൊയിലാണ്ടിയിൽ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, 2011 ഡിസംബർ 21-ാം തീയതി പുറപ്പെടുവിച്ച ഉത്തരവുപ്രകാരം അഞ്ച് വർഷത്തിനുള്ളിൽ പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ കൊയിലാണ്ടി ഇരുപത്തിയൊന്നാമതായി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് ഇതുവരെ ലഭിച്ചിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (3) പെരിയാർ നദി മാലിന്യമുക്തമാക്കുന്നത് സംബന്ധിച്ച്

ശ്രീ. അൻവർ സാദത്ത് : സർ, വളരെ പ്രാധാന്യമുള്ള ഒരു കാര്യമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരളത്തിൽ 47 തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ ഒഴുകുന്ന പെരിയാറിലെ മലിനീകരണം തടയേണ്ടത് അടിയന്തര വിഷയമാണ്. എറണാകുളം ജില്ലയിലെ മുഴുവൻ പ്രദേശങ്ങളിലും ഇടുക്കി, കോട്ടയം ജില്ലകളിൽ ഭാഗികമായും കുടിവെള്ളത്തിന് ഉപയോഗിക്കുന്ന പെരിയാറിലെ ജലം വളരെയധികം മലീമസമാണ്. അനധികൃത മണൽവാരലും വനനശീകരണവും പരിസ്ഥിതി മലിനീകരണവും ഫാക്ടറികളിൽ നിന്നുള്ള പൂർണ്ണമായും ട്രീറ്റ് ചെയ്യാത്ത വെള്ളവും ഈ നദിയിലേക്ക് ഒഴുകുന്നതുമൂലം പെരിയാറിലെ വെള്ളത്തിന്റെ ഗുണവും അളവും വളരെയധികം

കുറഞ്ഞിരിക്കുകയാണ്. ഇത്തരത്തിലുള്ള മലിനജലമാണ് കുടി വെള്ളത്തിനായി ഉപയോഗിക്കുന്നത്. ഈ ജലം ശുദ്ധീകരിക്കുന്ന ട്രീറ്റ്മെന്റ് പ്ലാന്റിൽ ആലവും ക്ലോറിനും ചേർത്ത് പഴയ രീതിയിലുള്ള ജലശുദ്ധീകരണമാണ് ചെയ്യുന്നത്. പെരിയാറിലെ മലിനീകരണം തടയാൻ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ മോണിറ്ററിംഗ് സംവിധാനം ഊർജ്ജിതപ്പെടുത്തുകയും നദിയുടെ പൊതുവായ ആരോഗ്യം സംരക്ഷിക്കുന്നതിന് ജുഡീഷ്യൽ അധികാരമുള്ള 'പെരിയാർ റിവർ അതോറിറ്റി' രൂപീകരിച്ച് പെരിയാറിനെ മാലിന്യമുക്തമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണ മെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഗൗരവമായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്ത് സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നത്. പെരിയാർ മാത്രമല്ല, പൊതുവെ പല നദികളും മാലിന്യം നിറഞ്ഞതായിരിക്കുകയാണ്. അവ മാലിന്യമുക്തമാക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. ആലുവയ്ക്ക് താഴെ ഏലൂർ, ഇടയാർ ഭാഗത്താണ് വ്യവസായ സ്ഥാപനങ്ങൾ കൂടുതലായുള്ളത്. അതുകൊണ്ടുതന്നെ അവിടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന നിരീക്ഷണ വാൻ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളുന്ന പാഴ്ജല ഗുണനിലവാരം അപ്പോൾത്തന്നെ പരിശോധിക്കാൻ എഫ്ലുവന്റ് ക്വാളിറ്റി മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തി വരുന്നുണ്ട്. ജലത്തിന്റെ ഗുണനിലവാരം ദിവസേന പരിശോധിക്കാനും പരീക്ഷണ ഫലങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്ക് ഡിസ്പ്ലേ ബോർഡുവഴി പ്രദർശിപ്പിക്കാനുമുള്ള നടപടികളും അവിടെയുണ്ട്. കൂടാതെ മലിനീകരണ സാധ്യതയുള്ള മേഖലകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് കൺട്രോൾ റൂം വഴി നിരീക്ഷിച്ച് വരികയും ചെയ്യുന്നുണ്ട്. വ്യവസായ മേഖലയിലൂടെ ഒഴുകുന്ന ഭാഗത്ത് ദിവസേന നദീജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. പൂർണ്ണമായും ട്രീറ്റ് ചെയ്യാത്ത ജലം ഫാക്ടറികളിൽ നിന്ന് നദികളിലേക്ക് ഒഴുക്കുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതോടൊപ്പം ഗാർഹിക മാലിന്യങ്ങളും മലിനീകരണത്തിന് ഇടയാക്കുന്നു. മണൽ വാരുന്നതുപോലുള്ള പ്രശ്നങ്ങൾ നദിയുടെ ആയുസ്സിനെ ബാധിക്കുന്ന അവസ്ഥയുമുണ്ടാക്കുന്നു. മലിന ജലമാണ് കുടി വെള്ളത്തിനുപയോഗിക്കുന്നതെന്ന കാര്യം ശരിയല്ല. ജല അതോറിറ്റി വിവിധ ശുദ്ധീകരണ പ്രക്രിയയിലൂടെ ശുദ്ധീകരിച്ച ജലം അണു വിമുക്തമാക്കിയാണ് വിതരണശൃംഖല വഴി ജനങ്ങളിലേക്ക് എത്തിക്കുന്നത്. ജലത്തിന്റെ ഗുണനിലവാരം ശുദ്ധീകരണ സമയത്തും വിതരണ സമയത്തും ലബോറട്ടറികളിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. പെരിയാറിന്റെ മലിനീകരണം ഗൗരവമായൊരു പ്രശ്നമാണ്. മലിനീകരണം തടയുന്നതിന് സംസ്ഥാന സർക്കാർ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും. അതോടൊപ്പം മറ്റു നദികളിലെ മാലിന്യങ്ങൾ ഇല്ലാതാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതായിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## (4) കോട്ടയം ടെക്സ്റ്റൈൽസിലെ പ്രതിസന്ധി

ശ്രീ. മോൻസ് ജോസഫ് : സർ, കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കോട്ടയം ടെക്സ്റ്റൈൽസ് നേരിടുന്ന അടച്ചുപൂട്ടൽ ഭീഷണിമൂലം സ്ഥാപനത്തിന്റെ നിലനിൽപ്പുതന്നെ അപകടത്തിലായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെ അതിജീവിക്കുന്നതിന് സർക്കാർ ആവശ്യമായ ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ടെക്സ്റ്റൈൽ കോർപ്പറേഷനിലെ ഒരു യൂണിറ്റായ കോട്ടയം ടെക്സ്റ്റൈൽസ് ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനം ലാഭത്തിലാകണമെങ്കിൽ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന പോളിസ്റ്ററിന്റെ ഉത്പാദനത്തോടൊപ്പം കോട്ടൺ (പരുത്തി) നൂൽ ഉത്പാദിപ്പിക്കുക എന്ന ആവശ്യമാണ് തൊഴിലാളികൾ ഉന്നയിക്കുന്നത്. അവിടെ ശമ്പളം കൊടുക്കാൻപോലും കഴിയാത്ത തരത്തിലുള്ള പ്രതിസന്ധി കുറെ നാളുകളായി തുടരുകയാണ്. പഞ്ഞി ശേഖരിച്ചു വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതുപോലെ പി.എഫ്. കുടിശ്ശിക ഒരു കോടി രൂപയോളം അടച്ചുതീർക്കാനുണ്ട്. ഇത്തരത്തിൽ പ്രതിസന്ധിയിലായിരിക്കുന്ന ഈ സ്ഥാപനം ഇപ്പോൾ അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുകയാണ്. നൂറുകണക്കിന് തൊഴിലാളികൾ ആശ്രയിക്കുന്ന ഈ സ്ഥാപനത്തെ രക്ഷിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയാണ്. പിരിഞ്ഞുപോയ ജീവനക്കാരുടെ ഗ്രാറ്റുവിറ്റി ഇതുവരെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. താൽക്കാലിക ജീവനക്കാർക്കും പ്രശ്നങ്ങളുണ്ട്. ഇവയെല്ലാം കണക്കിലെടുത്ത്, കോട്ടയം ജില്ലയിലെ പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളിലൊന്ന് എന്ന നിലയിൽ കോട്ടയം ടെക്സ്റ്റൈൽസിനെ സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ സഹായം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേരളാ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഒരു യൂണിറ്റാണ് വേദഗിരിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോട്ടയം ടെക്സ്റ്റൈൽസ്. കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ അമ്പത് വർഷത്തിലധികം പഴക്കമുള്ള ടെക്സ്റ്റൈൽ മില്ലാണിത്. ഏതാണ്ട് 24956 സ്പിന്റിൽ അവിടെ പ്രവർത്തിക്കുന്നുണ്ട്. ഇന്ന് കേരളത്തിലെ എല്ലാ ടെക്സ്റ്റൈൽ മില്ലുകളും അതീവഗുരുതരമായിട്ടുള്ള തകർച്ചയിലും അടച്ചുപൂട്ടൽ ഭീഷണിയിലുമാണ്. പഞ്ഞിയുടെ രൂക്ഷമായ വിലക്കയറ്റമാണ് ഇതിന് പ്രധാനപ്പെട്ട

കാരണം. അവിടെ നിന്ന് ഉൽപ്പാദിപ്പിക്കുന്ന നൂലിന് മാർക്കറ്റിൽ വില ലഭിക്കുന്നില്ല. കോട്ടയം ടെക്സ്റ്റൈൽസിൽ ഉൽപ്പാദിപ്പിക്കുന്നത് '60 എസ്', '100 എസ്' നൂലുകളാണ്. '100 എസ്' നൂല് ഉപയോഗിച്ചാണ് നേരിയ ദോത്തികൾ ഉൽപ്പാദിപ്പിക്കുന്നത് ഇതിന് മാർക്കറ്റിൽ വില ലഭിക്കുന്നില്ല. പലപ്പോഴും ഈ നൂല് കിട്ടിയ വിലയ്ക്ക് മാർക്കറ്റിൽ വിൽക്കുകയാണ്.

മറ്റൊരു കാര്യം, ആധുനിക കാലഘട്ടത്തിന്റെ ആവശ്യകതയനുസരിച്ചും തൊഴിൽ സംരക്ഷിക്കാൻ കഴിയത്തക്ക നിലയിലുമുള്ള മോഡേണൈസേഷൻ നടപ്പിലാക്കാൻ കഴിയുന്നില്ല. പഴകിയ യന്ത്രങ്ങളാണ് അവിടെ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഇവ നവീകരിക്കേണ്ടതുണ്ട്. ഇപ്പോൾത്തന്നെ ഏതാണ്ട് 357 ലക്ഷം രൂപയുടെ ബാദ്ധ്യതയുണ്ട്. തൊഴിലാളികളുടെ കൂലി, ഇലക്ട്രിസിറ്റി ചാർജ്ജ്, ഇ.എസ്.ഐ., പി.എഫ്. എന്നിവയെല്ലാം കുടിശ്ശികയാണ്. ഏതാണ്ട് 357 ലക്ഷം രൂപയുടെ ബാധ്യത ഇപ്പോഴുണ്ട്. ഇനി പ്രവൃത്തി തുടങ്ങാനുള്ള കോട്ടൺ വാങ്ങാൻ കാശില്ലാത്ത അവസ്ഥയിലാണ് ഈ ടെക്സ്റ്റൈൽ മിൽ. ടെക്സ്റ്റൈൽ മേഖലയിലെ മാനേജ്മെന്റ് പ്രതിനിധികളുമായി ഞാൻ ചർച്ച നടത്തുകയും അവിടത്തെ ഇന്നത്തെ സ്ഥിതി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി അടിയന്തരമായി റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. 13 കോടി രൂപയെങ്കിലും ഈ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമുണ്ടെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. വൻ സാമ്പത്തിക പ്രതിസന്ധിയാണ് കേരളത്തിലെ ഈ ടെക്സ്റ്റൈൽ മിൽ നേരിട്ടുകൊണ്ടിരിക്കുന്നത്. ഇതിന് പരിഹാരം കാണാനുള്ള എല്ലാ ശ്രമങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്നാണ് വ്യക്തമാക്കാനുള്ളത്.

## (5) ഇരിക്കൂറിൽ ഉരുൾപൊട്ടൽമൂലമുണ്ടായ നാശനഷ്ടം

ശ്രീ. കെ. സി. ജോസഫ് : സർ, എന്റെ നിയോജക മണ്ഡലത്തിലെ ആലക്കോട്, നടുവിൽ പഞ്ചായത്തുകളിൽ ഇന്നലെയുണ്ടായ അതീവ ഗുരുതരമായ ഉരുൾപൊട്ടൽമൂലം വളരെയേറെ നാശനഷ്ടങ്ങളുണ്ടായിരിക്കുകയാണ്. പത്രങ്ങളിൽ, 'ഉരുൾപൊട്ടലിൽ മലയോരം നടുങ്ങി', 'ഉരുൾപൊട്ടൽ വീടുകൾക്കും റോഡുകൾക്കും നാശനഷ്ടം', 'ഉരുൾപൊട്ടൽ - വീടുകൾ തകർന്നു, കോടികളുടെ നാശം', 'ദുരന്തം വിട്ടൊഴിഞ്ഞത് തലനാരിഴക്ക്'; എന്നിങ്ങനെ എല്ലാ പത്രങ്ങളിലും കണ്ണൂരിലെ ഈ വാർത്ത വന്നിട്ടുണ്ട്. കാപ്പിമല, ഫർലോംഗര, വൈതൽക്കുണ്ട്, നൂലിട്ടാമല, കനാമരംതട്ട്, മുന്നൂറ് കൊച്ചി, ചെകുത്താൻ കാട്, പുറത്തൊട്ടി തുടങ്ങി 13

സ്ഥലങ്ങളിലാണ് ഇന്നലെ ഗുരുതരമായ ഉരുൾപൊട്ടലുണ്ടായത്. നിരവധി വീടുകൾ പൂർണ്ണമായും തകർന്നു. ഉരുൾപൊട്ടലിൽ വൻദുരന്തം ഒഴിവായത് തലനാരിഴയ്ക്കാണ്. അപകടസമയത്ത് വീട്ടിലുണ്ടായിരുന്ന കൃഷ്ണൻകുട്ടി, ഭാര്യ രാജമ്മ, അവരുടെ മകൻ സന്തോഷ്, ഭാര്യ നിഷ, സഹോദരി കൃഷ്ണമ്മ എന്നിവർ ശബ്ദം കേട്ട് പുറത്തേക്ക് ഓടിയതുകൊണ്ട് രക്ഷപ്പെട്ടു. മലവെള്ളപ്പാച്ചിൽ വഴിമാറി പോയതുകൊണ്ട് അംഗനവാടിയിൽ നിന്നും മടങ്ങിയ കുട്ടികൾ രക്ഷപ്പെടുകയാണുണ്ടായത്. നിരവധി വീടുകളും റോഡുകളും പാലങ്ങളും തകർന്നു. കൃഷിയിടങ്ങൾ കുത്തൊഴുക്കിൽ ഒലിച്ചുപോയതുമൂലം വൻ നാശനഷ്ടങ്ങളുണ്ടായി. ഇന്നലെ ജില്ലാ കളക്ടറുമായി ഞാൻ ബന്ധപ്പെട്ടിരുന്നു. റവന്യൂ ഉദ്യോഗസ്ഥർ അവിടെയുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്. വീടുകൾ നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും മറ്റ് നാശനഷ്ടങ്ങൾ സംഭവിച്ചവർക്കും ആവശ്യമായ അടിയന്തര സഹായം അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാന്യനായ ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ. ഇവിടെ ഉന്നയിച്ച പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഇരിക്കൂർ നിയോജക മണ്ഡലത്തിൽപ്പെട്ട ആലക്കോട് പഞ്ചായത്തിലും പരിസരപ്രദേശങ്ങളിലും ഇന്നലെ ഉരുൾപൊട്ടലും മണ്ണൊലിപ്പും കാരണം നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. ഫർലോംഗരയിൽ നടുവിലേടത്ത് വീട്ടിൽ പ്രിയയുടെ വീട് വാസയോഗ്യമല്ലാത്തവിധം തകർന്നുപോയിട്ടുണ്ട്. മുറികളിൽ മൂന്നര മീറ്ററോളം ഉയരത്തിൽ പാറയും മറ്റും അടിഞ്ഞുകിടക്കുകയാണ്. ഈ വീടിനടുത്തുള്ള പഞ്ചായത്ത് റോഡ് ഗതാഗതയോഗ്യമല്ലാത്ത വിധം തകർന്നുപോയിരിക്കുകയാണ്. പരാമരംതട്ടിൽ ആറ് വീടിന് ഭാഗികമായി കേടു പാടുകൾ സംഭവിക്കുകയും നൂലിട്ടാമല ജംഗ്ഷനിൽ രണ്ടു സ്ഥലത്ത് റോഡു മുറിഞ്ഞ് ഗതാഗതയോഗ്യമല്ലാതായിത്തീരുകയും ചെയ്തിട്ടുണ്ട്. പരാമരംതട്ടിൽ വ്യാപകമായ കൃഷിനാശം ഉണ്ടായിട്ടില്ലെങ്കിലും കുറച്ച് വാഴയും റബ്ബർ മരങ്ങളും നഷ്ടപ്പെട്ടിട്ടുണ്ട്. കാപ്പിമലയിൽ റോഡിന്റെ സംരക്ഷണഭിത്തി തകർന്ന് ഗതാഗത യോഗ്യമല്ലാതാവുകയും ഒരു വീടിന് ഭാഗികമായി കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. പാത്തൻപാറയിൽ ഒരു വീടിന് കേടുപാട് വന്നിട്ടുണ്ട്. വീട് തകർന്നുപോയ പ്രിയയേയും കുടുംബത്തേയും മാറ്റിപാർപ്പിക്കുകയും അടിയന്തര സഹായമായി 5000 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. വിശദമായ നഷ്ടം തിട്ടപ്പെടുത്തി മതിയായ സാമ്പത്തികസഹായം അടിയന്തരമായി അനുവദിക്കുന്നതാണ്. വീടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിച്ചവർക്ക് നാശനഷ്ടങ്ങൾക്ക് ആനുപാതികമായ സഹായധനം അനുവദിക്കുന്നതാണ്. കൃഷിനാശം സംഭവിച്ചവർക്കും മാനദണ്ഡങ്ങൾക്ക് വിധേയമായി സഹായധനം അനുവദിക്കുന്നതാണ്.

## (6) കാരുണ്യ ബെനവലന്റ് പദ്ധതി

ശ്രീ. വി. പി. സജീന്ദ്രൻ : സർ, കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി തുടരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഈ സബ്മിഷൻ. നിർദ്ധനരായ രോഗികൾക്ക് ജീവകാരുണ്യത്തിന്റെ സാന്ത്വനസ്പർശവുമായി കഴിഞ്ഞ സർക്കാർ ആരംഭിച്ച പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി. ഈ പദ്ധതി പ്രകാരം ക്യാൻസർ, വൃക്ക രോഗം, തലച്ചോറുമായി ബന്ധപ്പെട്ട രോഗങ്ങൾ, കരൾ രോഗം തുടങ്ങിയ മാരകമായ രോഗങ്ങൾക്കുള്ള ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും മൂന്ന് ലക്ഷം രൂപ വരെ വരുമാനമുള്ള എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും പരമാവധി രണ്ടു ലക്ഷം രൂപ വരെ നൽകിവരികയാണ്. കഴിഞ്ഞ മേയ് മാസം വരെ 1,34,496 അപേക്ഷകളിലായി 1095.5 കോടി രൂപയാണ് ചികിത്സാ സഹായമായി വിതരണം ചെയ്തിരിക്കുന്നത്. അതുപോലെ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് വിധേയരാകുന്ന അർഹരായ ഗുണഭോക്താക്കൾക്ക് 5000 രൂപ വരെ ഒറ്റത്തവണ ധനസഹായവും ഈ പദ്ധതി വഴി നൽകുന്നുണ്ട്. പുതിയ ഭരണമാറ്റം വന്ന സാഹചര്യത്തിൽ ഈ പദ്ധതി സംബന്ധിച്ച് അവ്യക്തതകളും ആശങ്കകളും ഉണ്ടായിരിക്കുകയാണ്. അപേക്ഷിക്കുന്ന രോഗികൾക്ക് സഹായം കിട്ടുന്നതിനുള്ള സാധ്യത വളരെക്കുറവാണെന്ന് ചില ഉദ്യോഗസ്ഥർ പറയുന്നത് ആശങ്കയുണ്ടാക്കുന്നുണ്ട്. ഇപ്പോൾ ഒറ്റത്തവണ കൊടുക്കുന്ന 5000 രൂപയുടെ ധനസഹായം നിർത്തിയതുപോലുള്ള സ്ഥിതിയാണ്. ലക്ഷക്കണക്കിന് രോഗികൾക്ക് സഹായം കിട്ടുന്ന ഈ പദ്ധതിയെക്കുറിച്ചുള്ള ആശങ്കകൾ മാറ്റാനും പദ്ധതി തുടരാനും അങ്ങ് അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. റ്റി. വി. രാജേഷും ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹവും ഒരു മിനിട്ട് സംസാരിച്ചതിനുശേഷം മറുപടി പറയുന്നതാണ് നല്ലത്.

ശ്രീ. റ്റി. വി. രാജേഷ് : സർ, റോഡപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്കും വളരെ ചെലവേറിയ ചികിത്സ ആവശ്യമായി വരുന്ന അസുഖങ്ങൾക്കുംകൂടി ഈ ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിലൂടെ ക്യാൻസർ, ഹൃദ്രോഗം, വൃക്ക, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറിയടക്കമുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നിവയ്ക്കാണ് ധനസഹായം നൽകുന്നത്. മാത്രമല്ല, റോഡ് പകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റവർക്കും, സ്ട്രോക്ക്, ട്രാൻസ്പ്ലാന്റിന് ശേഷമുള്ള തുടർചികിത്സ തുടങ്ങിയവയ്ക്കും ഈ പദ്ധതിയിലൂടെ ധനസഹായം നൽകണമെന്നാണ് സർക്കാരിന്റെ അഭിപ്രായം. ഇത് എല്ലാവരുടേയും അവകാശമായി മാറണം. ആർ.എസ്.ബി.വൈ. പദ്ധതിയിൽ ഹെൽത്ത് കാർഡുള്ള എല്ലാവർക്കും ഇത് ലഭ്യമാകണം; ആർ.എസ്.ബി.വൈ. പദ്ധതി ഇന്നത്തേക്കാൾ വിപുലീകരിക്കുകയും വേണം. അത്തരത്തിലുള്ള ഒരു സമഗ്ര പരിപാടിയായി മാറ്റുന്നതിനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്.-ന്റെ ബഡ്ജറ്റിലും അങ്ങനെയൊരു പ്രഖ്യാപനമുണ്ടായിരുന്നതാണ്. ഇതൊരു പുതിയ സങ്കൽപ്പമാണെന്ന് ഞാൻ പറയുന്നില്ല. സമഗ്രമായ പരിപാടി ആവിഷ്കരിക്കുന്നതുവരെ ഇന്ന് നിലവിലുള്ളതു പോലെ തന്നെ തുടരും. മന്ത്രിമാർ ശിപാർശ ചെയ്ത് 5000 രൂപ, 3000 രൂപ എന്ന രീതിയിൽ സഹായം കൊടുക്കുന്ന ഏർപ്പാട് അവസാനിപ്പിക്കുകയാണ്. പുതിയ സ്കീം വരുന്നതുവരെ ബാക്കിയുള്ള കാര്യങ്ങൾ മാനദണ്ഡപ്രകാരം ഇപ്പോഴത്തെപ്പോലെ തുടരും.

## (7) കർഷകർക്ക് പ്രത്യേക പാക്കേജ്

ശ്രീ. ഇ. കെ. വിജയൻ : സർ, നാദാപുരം ഉൾപ്പെടെ വടകര താലൂക്കിലെ വിവിധ പഞ്ചായത്തുകളിൽ അതിരൂക്ഷമായ വരൾച്ചയെത്തുടർന്ന് തെങ്ങ്, കവുങ്ങ്, വാഴ എന്നീ കൃഷികൾ വ്യാപകമായി ഉണങ്ങി നശിച്ചിരിക്കുകയാണ്. ഇതുമൂലം അവിടത്തെ കൃഷിക്കാർ വലിയ ആശങ്കയിലാണ്. അതിനൊരു ശാശ്വത പരിഹാരം ഉണ്ടാകേണ്ടതുണ്ട്. ഇപ്പോൾ ഒരു തെങ്ങിന് 750 രൂപയാണ് നഷ്ടപരിഹാരമെന്ന നിലയിൽ നൽകുന്നത്. ഉണങ്ങിയ തെങ്ങ് മുറിച്ച് മാറ്റാൻ 1000 രൂപയാണ് ചെലവ് വരുന്നത്. അതിനാൽ വീണ്ടും കൃഷി നടത്താൻ സൗകര്യമൊരുക്കുന്നതിനായി ഒരു പാക്കേജ് പ്രഖ്യാപിക്കണം. കഴിഞ്ഞ രണ്ടു-മൂന്ന് വർഷങ്ങളായി കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം നൽകിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഉൾപ്പെടെയുള്ള ഒരു ഉന്നതതല സംഘം പ്രസ്തുത സ്ഥലം സന്ദർശിക്കണമെന്നുകൂടി ആവശ്യപ്പെടുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, വടകര താലൂക്കിലെ വിവിധ പഞ്ചായത്തുകളിൽ കടുത്ത വേനലിൽ തെങ്ങുകളുൾപ്പെടെയുള്ള കാർഷിക വിളകൾക്ക് നാശം സംഭവിച്ചിട്ടുണ്ടെന്നുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം എനിക്കൊരു പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ അന്നുതന്നെ കൃഷി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച് ആവശ്യമായ നിർദ്ദേശം നൽകിയിരുന്നു. വടകര താലൂക്കിൽപ്പെടുന്ന 23 പഞ്ചായത്തുകളിൽ ഈ വർഷത്തെ കടുത്ത വേനലിൽ ഏകദേശം 3926 കർഷകരുടെ 160 ഹെക്ടർ സ്ഥലത്തെ കൃഷികൾക്ക് നാശം സംഭവിച്ചതായാണ് കണക്കാക്കുന്നത്. പ്രധാനമായും തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക്, ജാതി, പച്ചക്കറി എന്നീ വിളകൾക്കാണ് നാശം സംഭവിച്ചിരിക്കുന്നത്. കൃഷിനാശം സംഭവിച്ച കർഷകർക്ക് മുൻഗണനാക്രമത്തിൽ നഷ്ടപരിഹാരം നൽകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ ഉണങ്ങിയ തെങ്ങ് മുറിച്ച് മാറ്റുന്നതിന് 700 രൂപയാണ് നൽകിവരുന്നത്. ഈ പ്രദേശത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഇതൊരു പാക്കേജാക്കി 1000 രൂപയായി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഇതിന് പുറമെ നടീൽ വസ്തുക്കൾ, പമ്പ്സെറ്റ്, വളം മുതലായവ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഏറ്റവും ഗുണമേന്മയുള്ള തേങ്ങയും വിത്തു തേങ്ങയും ലഭിക്കുന്ന ഉൽപ്പാദനക്ഷമതയുള്ള ഈ പ്രദേശത്ത്, തെങ്ങുകൾക്ക് വ്യാപകമായുണ്ടായിട്ടുള്ള ഉണക്കം വേനലിന്റെ കാഠിന്യം കൊണ്ടല്ലാതെ മറ്റെന്തെങ്കിലും കാരണം കൊണ്ടാണോ സംഭവിക്കുന്നതെന്ന് പരിശോധിക്കാൻ കാർഷിക സർവ്വകലാശാലയിലെ ഒരു ശാസ്ത്രസംഘത്തെക്കൂടി അവിടെ നിയോഗിച്ചിട്ടുണ്ട്. മന്ത്രിയെന്ന നിലയിൽ ഞാൻ അവിടെ സന്ദർശിക്കണമെന്നുകൂടി അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. ഈ മാസമോ അല്ലെങ്കിൽ അടുത്ത ആഴ്ചയിലോ പ്രസ്തുത സ്ഥലം സന്ദർശിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## (8) സ്റ്റേറ്റ് ഹൈവേ നിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി : സർ, തൃശ്ശൂർ ജില്ലയുടെ മുഖച്ഛായ മാറ്റാൻ പ്രമുഖ പങ്ക് വഹിക്കാൻ കഴിയുന്ന മണലൂരുമായി ബന്ധപ്പെട്ട് കിടക്കുന്ന തൃശ്ശൂർ- കാഞ്ഞാണി-വാടാനപ്പള്ളി റോഡ് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിക്കുകയും അതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചുകഴിഞ്ഞതുമാണ്. ട്രാഫിക് ഇന്റൻസിറ്റി ഉയർന്നുനിൽക്കുന്ന ഈ റോഡിൽ അപകടങ്ങൾ പതിവാണ്. സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിച്ച പ്രസ്തുത റോഡിന്റെ തുടർ നിർമ്മാണപ്രവർത്തനങ്ങൾ കഴിഞ്ഞ യു.ഡി.എഫ്.

ഗവൺമെന്റിന്റെ കാലത്ത് അട്ടിമറിക്കുന്ന സ്ഥിതിവിശേഷമാണുണ്ടായത്. ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തീകരിക്കാതെ നിലവിലുള്ള എട്ടും പത്തും മീറ്റർ വീതി വരുന്ന റോഡ് മാത്രം ടാർ ചെയ്ത് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പായി ഉദ്ഘാടന മാമാങ്കം നടത്തി ജനങ്ങളെ കബളിപ്പിക്കുന്ന നടപടിയാണ് യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തത്. എല്ലാ രാഷ്ട്രീയപ്പാർട്ടികളും സംഘടനകളും ചേർന്ന് രൂപീകരിച്ച ഒരു ആക്ഷൻ കൗൺസിൽ അവിടെ പ്രവർത്തിക്കുന്നുണ്ട്. എം.എൽ.എ. ആകുന്നതിന് മുമ്പുതന്നെ അതിന്റെ ജനറൽ കൺവീനറാണ് ഞാൻ. മുൻ എൽ.ഡി.എഫ്. സർക്കാർ ചർച്ച നടത്തി, അന്ന് അംഗീകരിച്ച അലൈൻമെന്റ് പ്രകാരം ഭൂമി ഏറ്റെടുത്ത് ഹൈവേ നിർമ്മാണം ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഇതിനായി ബന്ധപ്പെട്ടവരുടെ അടിയന്തരയോഗം വിളിച്ച് ചേർക്കണമെന്ന് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സ്റ്റേറ്റ് ഹൈവേ 29-2-2008-ൽ സംസ്ഥാന പാതയായി പ്രഖ്യാപിക്കുകയും 8-7-2008-ൽ ഗസറ്റ് വിജ്ഞാപനം വരികയും ചെയ്തു. അതിനുശേഷം പൂജ്യം കിലോമീറ്റർ മുതൽ 16/120 വരെ അഭിവൃദ്ധി പ്പെടുത്തുന്നതിനായി 23-9-2008-ൽ 33.06 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 22 മീറ്റർ വീതിയിൽ റോഡ് വികസിപ്പിക്കുന്നതിനായി വിഭാവന ചെയ്തിരിക്കുന്ന പദ്ധതിക്കെതിരെ ചിലർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ 22-10-2010-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം അലൈൻമെന്റ് അന്തിമമായി തീരുമാനിക്കുന്നതിന് മുമ്പ് NATPAC-മായി കൺസൾട്ട് ചെയ്യാനും റോഡ് വികസനം ബാധിക്കുന്ന കക്ഷികളുടെ പരാതി കേൾക്കാനും നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 23-2-2011-ൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്തു. വിശദമായ ചർച്ചകൾക്കുശേഷം റോഡിന്റെ വീതി 22 മീറ്ററിൽ നിന്നും 17 മീറ്ററായി നിജപ്പെടുത്തുകയും ഭൂമി നഷ്ടപ്പെടുന്നവർക്ക് അർഹമായ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പുവരുത്താനും തീരുമാനിച്ചു. അതുപ്രകാരം 1-3-2011-ൽ ഒരുത്തരവിറക്കുകയും ഭൂമി ഏറ്റെടുക്കുന്നതിനായി 22-5-2013-ൽ അസാധാരണ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുകയും പൊന്നുംവില നിശ്ചയിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർവ്വേ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു വരികയുമാണ്. വളരെയധികം ജനസാന്ദ്രത കൂടിയ പ്രദേശത്തുകൂടി കടന്നുപോകുന്ന തൃശ്ശൂർ-

വാടാനപ്പള്ളി റോഡിന്റെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് വളരെയധികം കാലതാമസം നേരിടുമെന്നതിനാൽ 19-7-2014-ൽ പൊതുമരാമത്ത് വകുപ്പുമന്ത്രി ഒരു യോഗം വിളിച്ചുചേർത്ത്, നിലവിൽ റോഡിന്റെ വീതി കൂട്ടുന്നതിനായി സ്ഥലം ലഭ്യമായ ഭാഗങ്ങളിൽ എത്രയും പെട്ടെന്ന് പണി ആരംഭിക്കാൻ തീരുമാനിച്ചു. അത്തരത്തിൽ സ്ഥലം ലഭ്യമായ പടിഞ്ഞാറെക്കോട്ട മുതൽ ഇരവ് റ്റി.എഫ്.എം. സ്കൂൾ വരെ 9 കിലോമീറ്റർ ആദ്യഘട്ടം റോഡിന്റെ വീതി കൂട്ടുന്ന പണിക്കായി നൽകിയ 33.06 കോടി രൂപയിൽ നിന്നും 22 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 10-8-2015-ന് സാങ്കേതികാനുമതി നൽകുകയും ചെയ്തു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. 17 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി റവന്യൂ വകുപ്പിന്റെ കീഴിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് തൃശ്ശൂർ-വാടാനപ്പള്ളി സംസ്ഥാനപാത വിഭാവന ചെയ്ത രീതിയിൽ അഭിവൃദ്ധിപ്പെടുത്താൻ കഴിയുന്നതാണ്. ഇനിയും യോഗം കൂടണമെങ്കിൽ ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുപോലെ യോഗം ചേരാവുന്നതാണ്.

## (9) നാഷണൽ ഹൈവേ നവീകരണം

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, നാഷണൽ ഹൈവേ 966 കടന്നുപോകുന്ന പാലക്കാട്-കോഴിക്കോട് ദേശീയപാതയിൽ മണ്ണാർക്കാട് പട്ടണം രൂക്ഷമായ ഗതാഗതക്കുരുക്കിലായിരുന്നു. ഇപ്പോൾ അവിടെ പുതിയ പാലം നിർമ്മിച്ച് അനുബന്ധറോഡ് വികസനം നടന്നതുകൊണ്ട് കുറെ ആശ്വാസമുണ്ട്. തുടർന്ന് റവന്യൂ വകുപ്പിന്റെ 'ഓപ്പറേഷൻ അനന്ത' ടൗണിലെ കയ്യേറ്റം അവസാനിപ്പിക്കുന്ന നടപടികൾ പൂർത്തിയാക്കി. ഈ ടൗണിലെ റോഡ് വികസിപ്പിക്കുന്നതിനുവേണ്ടി റോഡ് വീതി കൂട്ടി, ഫുട്ട്പാത്തും ഡ്രെയിനേജും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രൊപ്പോസൽ നാഷണൽ ഹൈവേ അതോറിറ്റിയായ MoRTH-ന് (Ministry of Road Transport and Highways) അയയ്ക്കുകയും അത് ഇപ്രാവശ്യത്തെ ആനുവൽ പ്ലാനിൽ അംഗീകരിച്ചുവരികയും ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ അനന്തയുടെ ഭാഗമായി കെട്ടിടങ്ങൾ പൊളിച്ചതിന്റെ വേസ്റ്റും ടൗണിലെ വെള്ളക്കെട്ടും ചെളിയുമൊക്കെ കാരണം ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടുകയാണ്. ആനുവൽ പ്ലാനിൽ അംഗീകരിച്ചിട്ടുള്ളത് 9 കോടി രൂപയുടെ റോഡ് വികസനമാണ്. സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾക്കുള്ള സഹായം പലപ്പോഴും വളരെ താമസിച്ചാണ് ലഭിക്കുന്നത്. എൻ.എച്ച്.-ന്റെ വികസനത്തിനുവേണ്ടി വളരെ കുറച്ച് പണമേ നമുക്ക് ലഭിക്കുന്നുള്ളൂ. ഇത് ഒരു മണ്ഡലത്തിന്റെ മാത്രം പ്രശ്നമല്ല, സംസ്ഥാനത്താകമാനമുള്ള പ്രശ്നമാണ്.

അതിനാൽ ഹൈവേയിലെ ഗതാഗതക്കുരുക്ക് അവസാനിപ്പിക്കുന്നതിനായി, മണ്ണാർക്കാട് പട്ടണത്തിലെ റോഡ് നവീകരണത്തിന് ആന്വൽ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി അടിയന്തരമായി പ്രാവർത്തികമാക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഡിപ്പാർട്ടുമെന്റിന്റെയും ശ്രദ്ധയുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, കോഴിക്കോട്-പാലക്കാട് ദേശീയപാത 966-ൽ, മണ്ണാർക്കാട് ടൗൺ പ്രദേശത്തെ റോഡ് വീതികൂട്ടി ഫുട്ട്പാത്തോടുകൂടി പാത നിർമ്മിച്ച് നവീകരിക്കുന്നതിനുള്ള പ്രവൃത്തി 2016-17-ലെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി ഉടൻതന്നെ സമർപ്പിക്കുന്നതാണ്. ഇതിനുള്ള കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. ഓപ്പറേഷൻ അനന്തയുടെ ഭാഗമായിട്ടുള്ള ദുരവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

### (10) മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എ. എം. ആരിഫ് : സർ, അരൂർ മണ്ഡലത്തിലെ കായൽ പ്രദേശങ്ങളിലും വേമ്പനാട് കായലിലും പോളകൾ വർദ്ധിക്കുന്നതുമൂലം മത്സ്യ ത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താനോ കായലിലൂടെ മത്സ്യ ബന്ധനയാനങ്ങൾക്കടക്കം യാത്രചെയ്യാനോ കഴിയാത്ത അവസ്ഥയാണുള്ളത്. ഊന്നിക്കുറ്റികൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും ഇപ്പോൾ അസാധ്യമായിത്തീർന്നിരിക്കുകയാണ്. ഇതുനിമിത്തം കായലോരത്തുള്ള മത്സ്യത്തൊഴിലാളികൾ കൊടുംപട്ടിണിയിലാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കുട്ടനാട് പാക്കേജിന്റെ ഭാഗമായി പോളപ്പായലുകൾ വാരാനായി 'ഫിർമ' എന്ന ഏജൻസിയെ ഏൽപ്പിച്ചിരുന്നു. അതിനുശേഷം അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ ആദ്യത്തെ ഒരു വർഷം 'ഫിർമ' ഏജൻസിയെക്കൊണ്ട് പോളപ്പായൽ വാരിക്കുകയുണ്ടായി. പിന്നീട് കുട്ടനാട് പാക്കേജിന്റെ ഭാഗമായ എല്ലാ നടപടികളും നിർത്തിയതോടുകൂടി പായൽ വാരാനുള്ള സംവിധാനങ്ങളില്ലാതായി. മുൻമന്ത്രി ശ്രീ. കെ. ബാബു മന്ത്രിയായിരുന്നപ്പോൾ, ഈ പ്രശ്നത്തിൽ, പായൽ വാരുന്ന കാര്യത്തിൽ എനിക്ക് കാര്യമായി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല എന്ന് പരസ്യമായി പറയുകയുണ്ടായി. ബഹുമാനപ്പെട്ട ഇന്നത്തെ മുഖ്യമന്ത്രിയോട് കുട്ടനാട് പാക്കേജിന്റെ

മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ ഞാനും ശ്രീ. കെ. സുരേഷ് കുറുപ്പ്, ശ്രീ. മോൻസ് ജോസഫ് തുടങ്ങിയ എം.എൽ.എ.-മാരും ഈ വിഷയം ഉന്നയിച്ചെങ്കിലും ബഡ്ജറ്റ് അലോക്കേഷനില്ല എന്ന കാരണംകൊണ്ട് പായൽ വാരാനുള്ള സൗകര്യങ്ങൾ ലഭിച്ചില്ല. ഇതിന്റെ ഫലമായി, കായലോരത്തെ മത്സ്യത്തൊഴി ലാളികളാകെ ബുദ്ധിമുട്ടിലാണ്. ആയതിനാൽ അവരുടെ കടബാദ്ധ്യതകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാനും സൗജന്യറേഷൻ അനുവദിക്കാനും നടപടി സ്വീകരിക്കുന്നതോടൊപ്പം പോളപ്പായൽ വാരിയെടുക്കാനും ബഡ്ജറ്റിൽ ഇതിനാവശ്യമായ തുക വകയിരുത്തിയില്ലെങ്കിൽ ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് അതിനുള്ള നടപടി സ്വീകരിക്കാനും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം വളരെ ഗൗരവതരമാണ്.

വർഷകാലം വരുന്നതോടെ ഉൾനാടൻ ജലാശയങ്ങളിൽ കളസസ്യങ്ങൾ നിറയുന്നത് വലിയൊരു പ്രശ്നമാണ്. കായലുകളിലേക്കും മറ്റും വൻതോതിൽ ഒഴുക്കിവിടുന്ന വ്യാവസായിക, നഗരമാലിന്യങ്ങളും മഴക്കാലത്ത് കായലുകളിൽ എത്തിച്ചേരുന്ന വർദ്ധിച്ച തോതിലുള്ള ജൈവാംശവും ചേർന്നുണ്ടാകുന്ന അമിത പോഷണമെന്ന പ്രതിഭാസമാണ് കളസസ്യങ്ങളായ കുളവാഴ, ആഫ്രിക്കൻ പായൽ മുതലായവയുടെ അമിത വളർച്ചയ്ക്ക് സാഹചര്യമൊരുക്കുന്നത്. ഇത് മഴക്കാലത്തെ പ്രതിഭാസമാണെങ്കിലും വേനൽക്കാലത്തും ഇതേപ്രശ്നം നേരിടുകയാണ്. വേനൽക്കാലത്ത് കായലുകളിൽ ഉപ്പിന്റെ അംശം കൂടിവരികയുംഇതുമൂലം കളസസ്യങ്ങൾ ഒന്നാകെ ഉണങ്ങി ജലാശയത്തിന്റെ അടിത്തട്ടിലെത്തി ചീഞ്ഞളിഞ്ഞ് ഹൈഡ്രജൻ സൾഫൈഡ്, അമോണിയ തുടങ്ങിയ വാതകങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുകയും ചെയ്യുന്നു ഇതെല്ലാം മത്സ്യോൽപ്പാദനത്തെ ദോഷകരമായി ബാധിക്കും. ഉൾനാടൻ ജലാശയങ്ങളെ മാലിന്യമുക്തമാക്കുകയാണ് ഇതിനുള്ള ശാശ്വത പരിഹാരം. ഫിഷറീസ് വകുപ്പിന്റെ ഏജൻസിയായ ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി മുമ്പ് കുട്ടനാട് പാക്കേജിന്റെ ഭാഗമായി ഒരു സ്കീം നടപ്പിലാക്കുകയുണ്ടായി. 15.48 കോടി രൂപ ഇതിനുവേണ്ടി ചെലവഴിച്ചിരുന്നുവെങ്കിലും ഈ പ്രശ്നത്തിന് ഫലപ്രദമായ പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് സി.&എ.ജി. ചില ആക്ഷേപങ്ങൾ ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പ് ഇത്തരം പദ്ധതികൾ ഏറ്റെടുക്കേണ്ടതില്ല എന്ന് കഴിഞ്ഞ ഗവൺമെന്റ് തീരുമാനിക്കുകയും ചെയ്തു. അതിനാൽ ഇപ്പോൾ ഫിഷറീസ് വകുപ്പിന് മാത്രമായി

ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ പ്രയാസമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ വിവിധ വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും കായലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളി സംഘടനകളും മറ്റ് സാമൂഹ്യസംഘടനകളും പരസ്പരം സഹകരിച്ച് ശ്രമിച്ചാൽ മാത്രമേ ഈ വിഷയത്തിന് ഹ്രസ്വകാലാടിസ്ഥാനത്തിൽ പരിഹാരം കാണാൻ കഴിയൂ. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഇറിഗേഷൻ, റവന്യൂ, തദ്ദേശഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളുടെ കൂട്ടായ നേതൃത്വത്തിൽ പുതിയൊരു സംയോജിത പദ്ധതി ആവിഷ്കരിച്ച് ഒരു മിഷൻ മോഡലിൽ നടപ്പിലാക്കേണ്ടത് ആവശ്യമാണ്. ആയത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വികേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിന് സർക്കാർ ആലോചിക്കുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയുടെ സഹായവും ഇതിലേക്ക് പ്രയോജനപ്പെടുത്തുന്നതായിരിക്കും. ജലാശയങ്ങളിലേക്ക് ഒഴുകിയെത്തുന്ന മാലിന്യത്തെ നിയന്ത്രിക്കുന്നതിന് കർശന നടപടികൾ കൈക്കൊള്ളുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്താവുന്നതാണ്. പോള ശല്യംമൂലം തൊഴിൽ നഷ്ടപ്പെട്ട് ദുരിതമനുഭവിക്കുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നതാണ്. പോള നീക്കംചെയ്യുന്നതിന് ശാസ്ത്രീയമായ സ്ഥിരം സംവിധാനം ഏർപ്പെടുത്തു കാര്യം ഈ മേഖലയിലെ വിദഗ്ദ്ധരുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് പ്രകാരം

1. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരളനിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 4102, 4122, പതിമൂന്നാം സമ്മേളനത്തിലെ 565, പതിനാലാം സമ്മേളനത്തിലെ 506, 515, 528, 1704, 2105, 3276, 4692, പതിനഞ്ചാം സമ്മേളനത്തിലെ 72, 90, 100, 108, 115, 134, 1918, 1945, 3604, പതിനാറാം സമ്മേളനത്തിലെ 60, 105, 130, 140, 164, 169, 172, 193, 584, 1848, 3130, 3144, 3206 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 289, 614, 2305, പതിനഞ്ചാം സമ്മേളനത്തിലെ 570, 576, 601, 603, 2339, പതിനാറാം സമ്മേളനത്തിലെ 553, 571, 590, 596, 598, 2168, 2170, 2181 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

3. വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 5124, പത്താം സമ്മേളനത്തിലെ 356, പതിമൂന്നാം സമ്മേളനത്തിലെ 2081 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## VII ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച-(തുടർച്ച)

ശ്രീ. ബി. സത്യൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ സർവ്വാത്മനാ അനുകൂലിക്കുന്നു. ജനങ്ങളിൽ വലിയ പ്രതീക്ഷ ഉളവാക്കിക്കൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിലെത്തിയത്. സാർവ്വത്രികമായി അഴിമതിയിൽ മുങ്ങിനിന്ന മുൻ സർക്കാരിനെതിരായിട്ടുള്ള വിധിയെഴുത്തായിരുന്നു ഇത്. സംസ്ഥാനത്തെ മുരടിപ്പിലേക്ക് മാത്രം നയിച്ച ഒരു സർക്കാരാണ് കഴിഞ്ഞ കാലത്ത് ഭരിച്ചിരുന്നത്. ഭൂമി തട്ടിപ്പ് കുംഭകോണം മുതൽ സോളാർ അഴിമതിവരെ ഉയർന്നുവന്ന കാലഘട്ടമായിരുന്നു അത്. കാർഷിക രംഗം, പരമ്പരാഗത വ്യവസായം, പൊതുവിദ്യാഭ്യാസവും പൊതുജനാരോഗ്യവും തുടങ്ങി എല്ലാ മേഖലകളെയും തകർത്തൊരു കാലഘട്ടമായിരുന്നു അത്. ഇതിനെതിരായി ജനങ്ങളുടെ ഒത്തൊരുമിച്ചുള്ള മുന്നേറ്റത്തിന്റെ ഭാഗമായാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് സമാനതകളില്ലാത്ത അംഗീകാരം ലഭിച്ച് ഈ സർക്കാർ അധികാരത്തിൽ

വന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കാണുന്നത് അതീവ ഗൗരവമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ സംസ്ഥാനം കടന്നു പോകുന്നതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ വികലമായ സാമ്പത്തിക നയം നമ്മുടെ നാടിനെ പാപ്പരീകരിച്ചിരിക്കുന്നു. ഒരുഭാഗത്ത് ആഗോള പ്രതി സന്ധിയിൽപ്പെട്ട് രക്ഷപ്പെടാൻ ഒരു മാർഗ്ഗവുമില്ലാതെ നിൽക്കുന്ന പൊതു ജനാരോഗ്യ-വിദ്യാഭ്യാസ രംഗമാണ് കാണുന്നത്. കൂടുതൽ ലിബറൽ നയങ്ങൾ അടിച്ചേൽപ്പിക്കുന്നതുവഴി പാവപ്പെട്ട ആളുകൾ കൂടുതൽ പാപ്പരീകരിക്കപ്പെടുന്നു. രാജ്യത്തിന്റെ മതേതരസ്വഭാവത്തെ ദേശീയതലത്തിൽ അധികാരത്തിൽ വന്ന സർക്കാർ ദുർബ്ബലപ്പെടുത്തി. മതേതരത്വത്തെ ബാധിക്കുന്ന നിലയിലേക്ക് നാട് മാറിയിരിക്കുന്നു. ഈ ഘട്ടത്തിലാണ് നവകേരളം കെട്ടിപ്പടുക്കുന്നതിന് പ്രതിജ്ഞാ ബദ്ധമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഭരണം നടത്തി വരുന്നത്. ആദ്യഘട്ടങ്ങളിൽതന്നെ ഈ സർക്കാരിന് പരക്കെ അംഗീകാരം ലഭിച്ചു. ഈ സർക്കാർ അധികാരത്തിൽവന്ന് ഏതാണ്ട് 100 ദിനങ്ങൾ പിന്നിടുമ്പോൾ ഒരു സർക്കാർ എങ്ങനെ പ്രവർത്തിക്കണമെന്നത് സംബന്ധിച്ച് വളരെ വ്യക്തമായിട്ടുള്ള മാനദണ്ഡങ്ങളുണ്ടാക്കി മുന്നോട്ടുപോകുകയാണ്.

സർവ്വീസ് രംഗത്തെ സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്യപ്പെട്ടതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇല്ലാത്ത പ്രമാണങ്ങൾ ഉണ്ടാക്കിയുള്ള ഭൂമി തട്ടിപ്പിലും കുംഭകോണങ്ങളിലുംപെട്ട് അവർ തകർന്നടിയുന്ന കാഴ്ച നമ്മൾ കണ്ടതാണ്. സർവ്വീസ് രംഗം സംശുദ്ധമാക്കുക എന്നതാണ് ഒന്നാമത് പറഞ്ഞിട്ടുള്ളത്. അതിന് പരക്കെ അംഗീകാരം ലഭിച്ചു. അഴിമതിരഹിതമായിട്ടുള്ള ഭരണമാണ് പ്രദാനം ചെയ്യുന്നതെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. ഐ.ടി. രംഗം ഉൾപ്പെടെയുള്ള എല്ലാ രംഗങ്ങളിലും നാം ആർജ്ജിച്ചിട്ടുള്ള നേട്ടങ്ങൾ മുഖവിലയ്ക്കെടുത്തുകൊണ്ട് വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത് മരാമത്ത് മേഖലയിലാണെന്ന് ഇവിടെ പ്രഖ്യാപിക്കപ്പെടുകയുണ്ടായി. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ അക്കാര്യം സൂചിപ്പിക്കുകയുണ്ടായി. അഴിമതിരഹിതമെന്ന് പറയുമ്പോൾ, വിവിധ വകുപ്പുകൾ നടത്തുന്ന പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതുണ്ട്. അതനുസരിച്ചാണ് സുതാര്യവും ജനങ്ങൾക്ക് ഇടപെടാൻ കഴിയത്തക്ക നിലയിലുള്ളതുമായ സോഷ്യൽ മോണിറ്ററിംഗ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നത്. എല്ലാ രംഗത്തും ജനങ്ങളുടെ പങ്കാളിത്തമുണ്ടാകണമെന്ന് ഈ സർക്കാർ ആഗ്രഹിക്കുന്നു.

സ്ത്രീ ശാക്തീകരണം ഇന്ന് വളരെയധികം ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. സ്ത്രീ ശാക്തീകരണവും കുട്ടികളുടെ ക്ഷേമവും ഭരണഘടനയിലെ പ്രീയാമ്പിളിൽ പറയുന്നുണ്ട്. സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ളവർക്കായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുമെന്നും അവരുടെ ശാക്തീകരണത്തിനുവേണ്ട നേതൃത്വം ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് പ്രഖ്യാപിക്കുന്നതും സ്വാഗതാർഹമായ കാര്യമാണ്. അതുപോലെ, കേരള സർവ്വീസിലേക്ക് ഒരു പ്രത്യേക കേഡർ സംവിധാനമുണ്ടാക്കി യുവാക്കളുടെ ശ്രദ്ധയാകർഷിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്.

റവന്യൂ വരുമാനം ശക്തിപ്പെടുത്തികൊണ്ട് മാത്രമേ ഒരു സംസ്ഥാന സർക്കാരിന് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. വിഭവസമാഹരണം കൂടുതൽ ശക്തിപ്പെടുത്തണം. നിലവിലുള്ള എല്ലാ അനുകൂല ചുറ്റുപാടുകളും ഉപയോഗിക്കണം. ഇൻഫർമേഷൻ ടെക്നോളജിയുടെയും ബയോ ടെക്നോളജിയുടെയും വളർച്ചയെ സംബന്ധിച്ച് നമുക്കറിയാം. ടൂറിസംരംഗത്തെ സാദ്ധ്യതകൾ, ഇലക്ട്രോണിക് രംഗത്തുള്ള വളർച്ച തുടങ്ങിയവയെല്ലാം ഉപയോഗപ്പെടുത്തി തൊഴിൽ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നത് ചെറുപ്പക്കാർക്കിടയിൽ വലിയ ആശയും ആവേശവും ഉണ്ടാക്കിയിരിക്കുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തകർത്തെറിയപ്പെട്ട മേഖലകളാണ് പൊതുജനാരോഗ്യ രംഗവും വിദ്യാഭ്യാസരംഗവും. തിരുവനന്തപുരം മെഡിക്കൽ കോളേജിനോട് അടുത്തുതന്നെ മറ്റൊരു മെഡിക്കൽ കോളേജ്; പ്രൈമറി ഹെൽത്ത് സെന്ററുകൾ വരെയുള്ള ആശുപത്രികളിൽ ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഇല്ലാതിരിക്കുമ്പോഴാണ് പുതിയതായി മറ്റൊരു മെഡിക്കൽ കോളേജ് കൊണ്ടുവന്നിരിക്കുന്നത്. മെഡിക്കൽ കോളേജ് മുതൽ പ്രൈമറി ഹെൽത്ത് സെന്റർ വരെയുള്ള ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ശക്തി പെടുത്താനുള്ള നടപടി സ്വീകരിക്കണം. പൊതുവിദ്യാഭ്യാസരംഗം നേരിട്ട പ്രശ്നങ്ങൾ നമ്മൾ കണ്ടതാണ്. സർവ്വകലാശാലകളുടെ തലപ്പത്തിരുന്നവരെ ഗവർണർ തന്നെ പുറത്താക്കുന്ന സ്ഥിതിവിശേഷമുണ്ടായില്ലേ? സർവ്വകലാശാലാ അധിപൻ മുതൽ താഴെത്തട്ടിലുള്ള വിദ്യാഭ്യാസ വിചക്ഷണൻ വരെയുള്ളവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതും ബഹുമാനപ്പെട്ട കോടതി ഇടപെടുന്നതും നമ്മൾ കണ്ടതാണ്. പ്രൈമറി വിദ്യാഭ്യാസം മുതൽ ഉന്നത വിദ്യാഭ്യാസം വരെയുള്ള മേഖലയെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തിക്കൊണ്ടുവരാനും പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാനും നടപടി കൈക്കൊള്ളുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നത് ആശാവഹമാണ്.

ദേശീയപാതാ വികസനം ഇന്ന് കീറാമുട്ടിയായി നിൽക്കുന്ന കാര്യമാണ്. ഞാനുൾപ്പെടെയുള്ള എം.എൽ.എ.-മാർ പ്രതിനിധാനം ചെയ്യുന്ന മണ്ഡലങ്ങൾ ദേശീയപാതയുടെ ഇരുവശത്തുമായിട്ടാണ്. കേന്ദ്ര ഗവൺമെന്റ് ഈ വിഷയത്തിൽ എന്താണ് ചെയ്യുന്നത്; ദേശീയപാതയിൽ നിന്ന് ലഭിക്കുന്ന വമ്പൻ നികുതി വാങ്ങുന്നുവെന്നതിനപ്പുറം ദേശീയപാത വികസനത്തിനായി യാതൊന്നും ചെയ്യുന്നില്ല. പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ഉപരിതല വകുപ്പുമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയും ദേശീയപാതയുടെ വികസനം വേഗത്തിൽ സാധ്യമാക്കുന്ന നടപടിയിലേക്ക് നീങ്ങുകയും ചെയ്തത് സ്വാഗതാർഹമാണ്. ഞാനുൾപ്പെടെയുള്ള എം.എൽ.എ.-മാർ വരുന്ന പ്രദേശമായ ആറ്റിങ്ങൽ വളരെയേറെ തിരക്കനുഭവപ്പെടുന്ന സ്ഥലമാണ്. സമാന്തരമായ ഹൈവേ ഇല്ലാതെ മുന്നോട്ടുപോകാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ ആറ്റിങ്ങൽ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ബൈപ്പാസ് അനിവാര്യമായിരിക്കുകയാണ്. ബൈപ്പാസുകൾ ഉൾപ്പെടുന്ന ദേശീയപാതാ വികസനം ശക്തിപ്പെടുത്തണം. ലൈറ്റ് മെട്രോ പോലുള്ള സംവിധാനങ്ങൾ കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ചതാണ്. ലൈറ്റ് മെട്രോയ്ക്ക് മുമ്പ് മോണോ റെയിൽ വരുമെന്ന് പറഞ്ഞെങ്കിലും യാതൊന്നും നടന്നില്ല. മലയോരവും തീരപ്രദേശവും പട്ടണവുമൊക്കെ ഉൾപ്പെടുന്നതാണ് തിരുവനന്തപുരം ജില്ല. മറ്റ് ജില്ലകളും ഇതുപോലുള്ള സവിശേഷതകളുള്ളതാണ്. തിരുവനന്തപുരം മുതൽ ദേശീയ പാത കടന്നുപോകുന്ന ആറ്റിങ്ങൽ, വർക്കല, കൊല്ലം തുടങ്ങിയ സ്ഥലങ്ങളുമായി ബന്ധിപ്പിക്കാൻ കഴിയത്തക്ക നിലയിലുള്ള സാധ്യതകൾ ആരായണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യം ഇവിടെ സൂചിപ്പിച്ചത് വളരെ ശ്രദ്ധേയമാണ്. ജനകീയാസൂത്രണ പ്രക്രിയയിലൂടെ അധികാരം താഴെത്തട്ടിലേക്ക് നൽകി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ആഗോളതലത്തിൽ ശ്രദ്ധിക്ക പെട്ടുവെങ്കിൽ കഴിഞ്ഞ അഞ്ച് വർഷം നാം കണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ പുറകോട്ടടിക്കുന്ന സ്ഥിതിയാണ്. അധികാരം ജനങ്ങൾക്ക് നൽകി ജനകീയാസൂത്രണ പദ്ധതി കൂടുതൽ ശാക്തീകരിച്ച് ജനങ്ങളോടൊപ്പം നിൽക്കുമെന്നാണ് ഗവർണർ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചിരിക്കുന്നത്. 2017-ഓടുകൂടി എല്ലാ വീടുകളും വൈദ്യുതീകരിക്കുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഒരുതുണ്ട് ഭൂമിയില്ലാത്ത ആളുകളും വൈദ്യുതിയില്ലാത്ത വീടുകളും ഇന്നും നമ്മുടെ നാട്ടിലുണ്ട്. പിന്നാക്കം നിൽക്കുന്ന പാവപ്പെട്ടവരെയും പട്ടികവിഭാഗത്തിൽപ്പെട്ടവരെയും സംബന്ധിച്ചിടത്തോളം ഭൂമി പ്രധാനപ്പെട്ട വിഷയമാണ്. അവരുടെ ഭൂമി, വീട് എന്നിവ ഇപ്പോഴും സാക്ഷാത്ക്കരിക്കാൻ കഴിയാത്ത കാര്യമാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടുകളെല്ലാം കുറഞ്ഞുപോയത് നമുക്കെല്ലാവർക്കും അറിയാവുന്ന

കാര്യമാണ്. ഐ.എ.വൈ. പദ്ധതി കഴിഞ്ഞ കാലത്ത് ഉപേക്ഷിക്കപ്പെട്ട അവസ്ഥയുണ്ടായി. ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതി തകർക്കപ്പെട്ടു. അത്തരത്തിൽ ഭൂമി, വീട് തുടങ്ങിയവ നൽകാൻ കഴിയുന്ന തരത്തിലുള്ള അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ടരും ദുർബല വിഭാഗത്തിൽപ്പെട്ടവരും നേരിടുന്ന പൊതുവായ പ്രശ്നം ഒരുതുണ്ട് ഭൂമിയും വീടുമില്ലെന്നുള്ളതാണ്. 1974 കാലഘട്ടത്തിൽ എം.എൻ. ഗോവിന്ദൻ നായർ ലക്ഷംവീട് പദ്ധതി ആരംഭിച്ചു. ഇന്ന് ആ പദ്ധതിയുടെ അവസ്ഥയെന്താണ്? ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ഇരട്ട വീടുകളെ ഏകോപിപ്പിച്ച് ഒറ്റ വീടുകളാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചു. എന്നാൽ പിന്നീട് വന്ന യു.ഡി.എഫ്. സർക്കാർ ഇ.എം.എസ്.-ന്റെയും എം. എൻ. ഗോവിന്ദൻ നായരുടെയും പേരിലുള്ള ഭവനപദ്ധതികളെ തകർത്തു. ഇന്ന് അവയെല്ലാം പുനരാവിഷ്കരിച്ച് ഈ നാട്ടിലെ പാവപ്പെട്ട ആളുകളുടെ ജനക്ഷേമകരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായിരിക്കുകയാണ്. ആ നിലയിൽ മുന്നോട്ടു പോകുന്ന ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച നന്ദി പ്രമേയത്തെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, നയപ്രഖ്യാപന പ്രസംഗത്തിന്മേൽ ശ്രീ. എസ്. ശർമ്മ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് ചെയ്ത പല നല്ല കാര്യങ്ങളും മറച്ചുവച്ചുകൊണ്ടാണ് പുതിയ ഗവൺമെന്റ് നയപ്രഖ്യാപനം നടത്തിയിട്ടുള്ളത്. ഗവൺമെന്റ് എന്നുപറയുന്നത് തുടർച്ചയാണ്. ഗവൺമെന്റുകൾ മാറിമാറി വരാറുണ്ട്. അതുകൊണ്ട് മുൻ ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങൾ വിസ്മരിക്കുന്നത് ശരിയല്ല. ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി ഒരു സമയബന്ധിത ഫ്ലാഗ്ഷിപ് പ്രോഗ്രാം നടത്താൻ ഉദ്ദേശിക്കുന്നുവെന്ന് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കേരളത്തിൽ 243928 കുടുംബങ്ങൾക്ക് ഒരിഞ്ച് ഭൂമി പോലുമില്ലെന്ന് കണ്ടെത്തിയതിൽ 58398 കുടുംബങ്ങൾക്ക് ഭൂമി നൽകാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവർക്കും കൂടി ഭൂമി നൽകണം, അത് എപ്പോൾ നൽകാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഉണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. കണ്ണൂർ, കാസർഗോഡ്, ഇടുക്കി എന്നീ മൂന്ന് ജില്ലകളിൽ അപേക്ഷ നൽകിയ മുഴുവൻ ആളുകൾക്കും ഭൂമി നൽകാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. കണ്ണൂർ ജില്ലയിൽ 15962-ഉം കാസർഗോഡ് ജില്ലയിൽ 16144-ഉം ഇടുക്കി ജില്ലയിൽ 8561-ഉം കുടുംബങ്ങൾക്കാണ് ഭൂമി നൽകിയത്. അതുപോലെ മറ്റ് ചില ജില്ലകളിലും ഭൂമി കണ്ടെത്തി നൽകാൻ കഴിഞ്ഞിട്ടുണ്ട്. തൃശ്ശൂർ ജില്ല ഉൾപ്പെടെയുള്ള

ജില്ലകളിൽ കണ്ടെത്തിയ ഭൂമി ഉടൻ നൽകാനും കഴിയും. ഏതാണ്ട് 1200-ലധികം ആളുകൾക്ക് നൽകാൻ കഴിയുന്ന തരത്തിൽ അവിടെ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഭൂമി കണ്ടെത്തുകയെന്നുള്ളത് വളരെ പ്രയാസമേറിയ കാര്യമാണെങ്കിലും പ്രതിജ്ഞാ ബദ്ധതയോടെ പ്രവർത്തിച്ചാൽ ഈ വിഷയം പരിഹരിക്കാൻ കഴിയുമെന്ന വിശ്വാസമാണ് എനിക്കുള്ളത്. ഹാരിസൺ മലയാളം പ്ലാന്റേഷൻ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചെടുക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നതാണ്. ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള ഭൂമി സർക്കാരിന്റേതാണെങ്കിൽ കേരള ലാന്റ് കൺസർവൻസി ആക്ടനുസരിച്ച് നിയമാനുസൃതം നോട്ടീസ് നൽകി പിടിച്ചെടുക്കാൻ നടപടി സ്വീകരിക്കണമെന്നാണ് കോടതി നിർദ്ദേശിച്ചത്. ആ നിർദ്ദേശം സ്വീകരിച്ചുകൊണ്ട് എറണാകുളം ജില്ലാ കളക്ടർ ശ്രീ. രാജമാണിക്യത്തിനെ സ്പെഷ്യൽ ഓഫീസറായി നിയോഗിക്കുകയുണ്ടായി. ശ്രീ. രാജമാണിക്യം ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള നോട്ടീസ് നൽകിയപ്പോൾ ഹാരിസൺ മലയാളം പ്ലാന്റേഷന് അതിനുള്ള മറുപടി നൽകാൻ സാധിച്ചില്ല. അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയ ജില്ലകളിൽ മാത്രം ഏതാണ്ട് 38170.92 ഏക്കർ ഭൂമി തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുകയുണ്ടായി. എന്നാൽ ഡിവിഷൻ ബഞ്ച് സ്റ്റേ നൽകിയത് ഇന്നും കോടതിയുടെ മുന്നിൽ തീർപ്പാകാതെ നിൽക്കുകയാണ്. ഇക്കാര്യത്തിൽ ഫലപ്രദമായ ഇടപെടൽ നടത്തിയാൽ പ്രസ്തുത ഭൂമി തിരിച്ചെടുക്കാൻ കഴിയും. അങ്ങനെ ഭൂമി തിരിച്ചെടുത്താൽ ഭൂരഹിതർക്ക് ഭൂമി നൽകാനും അവിടെയുള്ള തൊഴിലാളികളെ പുനരധിവസിപ്പിച്ച് അവർക്ക് തൊഴിൽ സംരംഭങ്ങൾ കൊടുക്കാനുമുള്ള അവസരമുണ്ടാക്കാൻ കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ 5 വർഷംകൊണ്ട് കേരളത്തിൽ 180534 പേർക്ക് പട്ടയം കൊടുത്തു. നിങ്ങളുടെ ഭരണകാലത്ത് ആകെ 84606 പട്ടയങ്ങൾ മാത്രമാണ് കൊടുത്തത്. വർഷങ്ങളായി കൈവശം വച്ചിരിക്കുന്ന ഭൂമിക്ക് പട്ടയം കൊടുക്കണം. ആ ഭൂമിയുടെ അവകാശം കർഷകർക്കുള്ളതാണ്.

12.00 Noon]

അതുപോലെ റീ-സർവ്വേയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്. ഏതാണ്ട് 45 വർഷത്തിനുമുമ്പ് ആരംഭിച്ച റീ-സർവ്വേ പ്രവർത്തനങ്ങളാണ് കേരളത്തിൽ നടപ്പാക്കുന്നതെന്ന് പറയുമ്പോൾ പകുതി വില്ലേജുകൾപോലും പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥാവിശേഷം ഇന്ന് നമ്മുടെ മുന്നിലുണ്ട്. ഇത് പരിഹരിക്കാൻ നൂതനമായ

പല മാർഗ്ഗങ്ങളും കണ്ടെത്തേണ്ടതുണ്ട്. സഭയിൽ സമർപ്പിച്ച ഒരു റിപ്പോർട്ടിൽ പറയുന്നത് ബാക്കിയുള്ള വില്ലേജുകളിൽ റീ-സർവ്വേ പൂർത്തീകരിക്കണമെങ്കിൽ 60 വർഷംകൂടി വേണ്ടിവരുമെന്നാണ്. നിലവിലുള്ള ജീവനക്കാരെ വച്ചുകൊണ്ട് അത് പൂർത്തീകരിക്കാൻ സാധിക്കുകയില്ലെന്ന റിപ്പോർട്ടാണ് സഭയിൽ വച്ചിട്ടുള്ളത്. ഇത്തരം കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഇതിനുള്ള പരിഹാരമാർഗ്ഗങ്ങൾക്കുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകേണ്ടതുണ്ട്. നിശ്ചയദാർഢ്യത്തോടുകൂടിയുള്ള തീരുമാനമെടുത്താൽ മാത്രമേ ഇക്കാര്യങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. അതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ റവന്യൂ സർവ്വേ അദാലത്ത് നടത്തുകയുണ്ടായി. ആ അദാലത്തിൽ 476375 പരാതികളുണ്ടായിരുന്നു. 14 ജില്ലകളിലും റവന്യൂ വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ നേരിട്ടുപോയി പരാതി കേട്ടതിന്റെ അടിസ്ഥാനത്തിൽ ഏതാണ്ട് 414487 പരാതികൾ പരിഹരിച്ചിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇത്തരത്തിൽ പരാതി പരിഹരിക്കുന്നതിനുവേണ്ടിയുള്ള നിശ്ചയദാർഢ്യവും അതിനുള്ള പ്രവർത്തനവും അത്യന്താപേക്ഷിതമായി മാറിയിരിക്കുകയാണ്. അതുപോലെ ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ 24 ഇനം സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകൾ അക്ഷയ സെന്ററുകൾ വഴി മുൻഗണനാക്രമത്തിൽ സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ മെയ് 25 വരെ (അതിനുശേഷമുള്ള കണക്കുകൾ ബഹുമാനപ്പെട്ട മന്ത്രിയുടെ കയ്യിലുണ്ടാകുമെന്ന് ഞാൻ കരുതുന്നു) 20177348 സർട്ടിഫിക്കറ്റുകൾ കൊടുത്തിട്ടുണ്ട്. ആ പദ്ധതി തുടർന്നുകൊണ്ടുപോകണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഇതെല്ലാം അട്ടിമറിക്കുന്നതിന് പല ആളുകളും ശ്രമിക്കുന്നുണ്ട്. ഒരു പരാതിയുമില്ലാതെ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ മുൻ സർക്കാർ സ്വീകരിച്ചു. ബഹുമാന്യനായ മന്ത്രി ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമെന്ന് ഞാൻ കരുതുകയാണ്. അതുപോലെ ഓൺലൈൻ പോക്കുവരവ് നടപ്പാക്കി. എല്ലാ ജില്ലകളിൽ നിന്നും വന്ന പരാതി പോക്കുവരവ് പ്രക്രിയയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ളതായിരുന്നു. അതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതിലൂടെ റീ-സർവ്വേ കഴിഞ്ഞ ഏതാണ്ട് 474 വില്ലേജുകളിൽ പോക്കുവരവ് പ്രക്രിയകൾ പൂർത്തീകരിക്കുവാനും നടപടികൾ സ്വീകരിക്കാനും കഴിഞ്ഞു. അതുകൊണ്ട് ഓൺലൈൻ പോക്കുവരവ് സംവിധാനം തുടർന്നു കൊണ്ടുപോകണം. ഇക്കാര്യത്തിൽ നിശ്ചയ ദാർഢ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഇടുക്കി ജില്ലയിലെ ഭൂമിയില്ലാത്ത ഏതാണ്ട് 8561 ആളുകൾക്ക് ഭൂമി കൊടുത്തതുമായി ബന്ധപ്പെട്ട് മുൻ മന്ത്രികൂടിയായ ശ്രീ. അടൂർ പ്രകാശ് ധാരാളം കാര്യങ്ങൾ സൂചിപ്പിച്ചു. ഭൂമിയില്ലാത്ത മുഴുവൻ ആളുകൾക്കും ഭൂമി കൊടുത്തുവെന്ന് അവകാശപ്പെട്ടുകൊണ്ടാണ് അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചത്. യു.ഡി.എഫ്. ഭരണകാലത്ത് പെരിഞ്ചാംകുട്ടിയിൽ ഒരു സെന്റ് ഭൂമിപോലുമില്ലാതെ കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികൾ 5 വർഷമായി ഇടുക്കി കളക്ടറേറ്റിന്റെ കവാടത്തിൽ പന്തലുകെട്ടി നടത്തുന്ന സത്യാഗ്രഹ സമരം ഇപ്പോഴും തുടരുകയാണ്. അങ്ങ് അവരെ കാണാതെയാണോ ഇടുക്കി ജില്ലയിൽ ഭൂമിയില്ലാത്ത മുഴുവൻ ആളുകൾക്കും ഭൂമി കൊടുത്തുവെന്ന സ്റ്റേറ്റ്മെന്റ് സഭയിൽ നടത്തിയതെന്ന് എനിക്കറിയില്ല. കേരളത്തിന്റെ ആകെ സ്ഥിതി പരിശോധിച്ചാൽ ഭൂമിയെ സംബന്ധിച്ച് ചില പരിമിതികളുണ്ട്. ആ പരിമിതികൾ ഏത് കാലഘട്ടത്തിലും ചർച്ച ചെയ്യപ്പെടുന്നതുമാണ്. 1-1-1979 എന്നുപറയുന്ന കട്ട് ഓഫ് ഡേറ്റിൽ നിന്നുകൊണ്ടാണ് പട്ടയം നൽകുന്നതിനുള്ള ശ്രമം നടത്തുന്നത്. അതുമായി ബന്ധപ്പെട്ട ഒട്ടനവധി പ്രശ്നങ്ങൾ എല്ലാ കാലഘട്ടത്തിലും ഉയർന്നുവരാറുണ്ട്. ഭൂമി സംബന്ധമായ അത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിലും ഗവർണറുടെ നയപ്രഖ്യാപനത്തിലും പറഞ്ഞിട്ടുണ്ട്. ഇക്കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കണമെന്ന അഭ്യർത്ഥനയാണുള്ളത്. മികച്ച തുടക്കം കുറിക്കാൻ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ജനങ്ങൾ ഏറെ പ്രതീക്ഷയോടു കൂടിയാണ് ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ കാണുന്നത്. ജനങ്ങൾക്ക് കൊടുക്കാവുന്ന പരമാവധി ശിക്ഷ, പ്രത്യേകിച്ച് തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് കൊടുക്കാവുന്ന പരമാവധി ശിക്ഷ കൊടുത്തുകൊണ്ടാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് അധികാരത്തിൽ നിന്നൊഴിയുന്നത്. പ്ലാന്റേഷൻ ലേബർ കമ്മിറ്റി (പി.എൽ.സി.)-യിൽ ധാരണയാകാത്ത കാര്യത്തിന് സർക്കാർ ഉത്തരവിറക്കിയതാണ് അതിനുള്ള ഏറ്റവും വലിയ തെളിവ്. തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പി.എൽ.സി.-യിൽ ഒരു എഗ്രിമെന്റുണ്ടാക്കാൻ സാധിച്ചില്ല. 3 ലക്ഷത്തിലധികം തോട്ടം തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയ്ക്ക് ഗൗരവതരമായ പരിഗണന ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന് കൊടുക്കാൻ കഴിഞ്ഞില്ലെന്നുള്ളത് ഏറെ വേദനാജനകമായ കാര്യമാണ്. തുടർച്ചയായി എകദേശം 36 പി.എൽ.സി. മീറ്റിംഗുകളിൽ മന്ത്രിമാരും മുഖ്യമന്ത്രിയു മടക്കമിരുന്ന് ചർച്ച നടത്തിയിട്ടുപോലും

തോട്ടം മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞില്ല. ഇപ്പോഴും പീരുമേട് താലൂക്കിൽ 3 തോട്ടങ്ങൾ പൂട്ടിയ അവസ്ഥയിലാണ്. പീരുമേട് ടീ കമ്പനി, കോട്ടമല, ബോണാമി എന്നിവ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് പൂട്ടിയ തോട്ടങ്ങളാണ്. ഈ തോട്ടങ്ങൾ തുറക്കുന്നതിനുള്ള ചർച്ചകൾ ബഹുമാന്യനായ മന്ത്രി ആരംഭിച്ചിട്ടുണ്ട്. പീരുമേട്ടിലെ മുഴുവൻ ജനങ്ങളും ഇവ തുറക്കുമെന്ന പ്രതീക്ഷയിലാണ്. ഇല്ലെങ്കിൽ ടീ ആക്ട് പ്രകാരം ഈ തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

ശമ്പള പരിഷ്കരണവുമായിപ്പെട്ട് ബന്ധപ്പെട്ട് ജനങ്ങളെ കബളിപ്പിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലിരിക്കെ മുൻ ഗവൺമെന്റ് ഇറക്കിയ ഉത്തരവ് വഞ്ചനാപരമാണ്. എല്ലാ മേഖലകളിലും വർദ്ധനവ് നടപ്പാക്കിക്കൊണ്ടുള്ള 17-ാം തീയതി ഇറക്കിയിട്ടുള്ള ഉത്തരവ് പുനഃപരിശോധിക്കുന്നതിന് സർക്കാർ തലത്തിൽ ഇടപെടലുകളുണ്ടാകണം. പ്രകടനപത്രികയുടെ ഭാഗമായി തോട്ടം മേഖലയ്ക്ക് ഒരു സമഗ്ര പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത് സമയബന്ധിതമായി നടപ്പാക്കണം. കഴിഞ്ഞ അഞ്ചുവർഷക്കാലം ഇരുപത് കോടി രൂപയിൽനിന്ന് ഒരു രൂപപോലും ചെലവഴിക്കാൻ കഴിയാതെ നോക്കിനിൽക്കുന്ന സാഹചര്യമാണുണ്ടായിരുന്നത്. തോട്ടം തൊഴിലാളികൾക്ക് ഒരു പാക്കേജ് എന്നുള്ളത് എല്ലാ മേഖലയേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പാക്കേജാക്കണം. എങ്കിൽ മാത്രമേ തോട്ടം തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയൂ. വാഗ്ദാനങ്ങൾ പറഞ്ഞ് കബളിപ്പിച്ച യു.ഡി.എഫ്. ഗവൺമെന്റിനുള്ള ഒരു തിരിച്ചടികൂടിയായി ഈ വിഷയം മാറണം.

കേരളം എല്ലാക്കാലത്തും ചർച്ച ചെയ്ത, ഒപ്പിട്ട കാലംമുതൽ ചർച്ച ചെയ്യുന്ന പ്രശ്നമാണ് മുല്ലപ്പെരിയാർ വിഷയം. ആ വിഷയത്തിൽ ഒരു സമവായമുണ്ടാക്കി, രാഷ്ട്രീയ പരിഹാരമുണ്ടാക്കുന്നതിന് ബഹുമാന്യനായ മുഖ്യമന്ത്രി വച്ച നിർദ്ദേശം ഏറെ സ്വാഗതാർഹമാണ്. കോടതികളുടെയും മറ്റ് ഉന്നതാധികാര സമിതികളുടെയും മുമ്പിൽ നമ്മുടെ വാദമുഖങ്ങൾ വേണ്ടവിധം അവതരിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ മുല്ലപ്പെരിയാർ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. പിണറായി വിജയൻ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശം മുല്ലപ്പെരിയാർ സമരസമിതിയും ഞങ്ങളും സ്വാഗതം ചെയ്യുകയാണ്. രാഷ്ട്രീയ പരിഹാരമാണ് ആവശ്യം. 999 വർഷക്കാലം ഈ ഡാം നിൽക്കില്ല, അല്ലെങ്കിൽ അത്രയുംകാലം നിൽക്കുമെന്ന ഉറപ്പ് ആർക്കും പറയാൻ കഴിയില്ലെന്ന കാര്യം തമിഴ്നാടിനും അറിയാം. ആ വാദമുഖത്തെ ഞങ്ങൾ അംഗീകരിക്കുന്നു. സമയബന്ധിതമായ ഒരിടപെടലിലൂടെ, പ്രധാനമന്ത്രിയെക്കൂടി

സഹകരിപ്പിച്ചുകൊണ്ട് ഇക്കാര്യത്തിൽ രാഷ്ട്രീയ പരിഹാരമുണ്ടാക്കണമെന്ന അഭ്യർത്ഥനയാണുള്ളത്. ഏറെക്കാലം ഈ മുൾമുനയിൽ നിൽക്കാൻ പറ്റുന്ന സാഹചര്യമല്ല. എന്തുകൊണ്ട് യു.ഡി.എഫ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ തോറ്റു എന്നതു സംബന്ധിച്ച് ഐ.എൻ.റ്റി.യു.സി. നേതാവ് ശ്രീ. ആർ. ചന്ദ്രശേഖരൻ 'ഇന്ത്യൻ തൊഴിലാളി' എന്ന മാഗസിനിൽ എഴുതിയിട്ടുള്ള ചില കാര്യങ്ങൾ വളരെ പ്രസക്തമാണ്. "ഉദ്യോഗസ്ഥർ തമ്മിലും മന്ത്രിമാർ തമ്മിലും മറ്റ് ജീവനക്കാർ തമ്മിലും ജനങ്ങൾ തമ്മിലും ഒരച്ചടക്കമുണ്ടാകണം. ആർക്കും കയറി മേയാവുന്ന, ആർക്കും എന്തും പറയാവുന്ന സ്ഥാപനമല്ല ഭരണകൂടം. കഴിഞ്ഞ ഭരണകാലത്തെ സുതാര്യതയുടെയും മാധ്യമ സ്വാതന്ത്ര്യത്തിന്റെയുംപേരിൽ ആർക്കും എന്തും പറയാവുന്ന, പ്രചരിപ്പിക്കാവുന്ന നിലയിൽ ഭരണതലം എത്തി എന്നത് നിശ്ചയമായും വേദനിപ്പിക്കുന്ന വസ്തുതയാണ്. ആരോപണങ്ങൾക്ക് വിധേയമായ പല ഗവൺമെന്റുകളും ഇവിടെയുണ്ടായിട്ടുണ്ട്. പക്ഷേ ഭരണകൂടം ഇത്രകണ്ട് അവഹേളിക്കപ്പെട്ട ഒരു കാലമുണ്ടായിട്ടില്ല" എന്നാണ്. അതുതന്നെയാണ് അന്തിമ വിശകലനത്തിൽ യു.ഡി.എഫ്. പരാജയപ്പെടാനുള്ള കാരണമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്. ഒട്ടനവധി വിഷയങ്ങൾ ഇതിന്റെ ഭാഗമായി ചർച്ച ചെയ്യപ്പെടുന്നുണ്ടെങ്കിലും അതിൽ ഏറ്റവും ഗൗരവതരമായ ചില വിഷയങ്ങൾ ഇവിടെ പരാമർശിക്കാതിരിക്കാൻ കഴിയില്ല. ഓരോ ഉദ്യോഗസ്ഥർക്കും അവർ അർഹിക്കുന്ന സ്ഥാനം കൊടുത്തുകൊണ്ട്, അവരിൽ നിഷിപ്തമായിരിക്കുന്ന ചുമതല കൃത്യമായി നിർവ്വഹിപ്പിക്കുകയാണ് ഭരണകൂടത്തിന്റ ചുമതല. ഇക്കാര്യത്തിൽ കഴിഞ്ഞ സർക്കാർ പരാജയപ്പെട്ടുവെന്ന് ഈ ആർട്ടിക്കിളിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. മുൻ സർക്കാർ ചെയ്തുവെന്ന് അവകാശപ്പെടുന്ന പല കാര്യങ്ങളും ജനങ്ങളുടെ അംഗീകാരത്തിന് വിധേയമായില്ല, ജനങ്ങൾ തമസ്കരിച്ചു എന്നുള്ളതിന്റെ പ്രത്യക്ഷമായ തെളിവാണ് തെരഞ്ഞെടുപ്പ് വിധിയിലൂടെ നമുക്ക് ബോധ്യപ്പെടുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിൽ ജനങ്ങൾ അർപ്പിച്ചിട്ടുള്ള വിശ്വാസത്തിനനുസൃതമായി മികച്ച ഒരു പ്രകടന പത്രികയും ഗവർണ്ണറുടെ പ്രസംഗവും നിയമസഭയിൽ വന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ ജനങ്ങൾ ഏറെ പ്രതീക്ഷയോടുകൂടി നോക്കിക്കാണുകയാണ്. അവരുടെ പ്രതീക്ഷയ്ക്കൊത്ത് നമുക്ക് മുന്നോട്ടു പോകേണ്ടതുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ, എസ്റ്റേറ്റുകളുടെ ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നതടക്കം, എച്ച്.എം.എൽ. മാത്രമല്ല, സായിപ്പൻമാരുടെ കാലത്തുണ്ടാക്കിയ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ നിരവധി എസ്റ്റേറ്റുകൾ ഇപ്പോഴും ഭൂമി കൈവശം വയ്ക്കുകയും അത് തുണ്ടുതുണ്ടായി വിൽക്കുകയും തോട്ടംതന്നെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ ക്രിയാത്മകമായ ഒരിടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്.

അതോടൊപ്പം വിദ്യാഭ്യാസ മേഖലയെ മൂക്കുകയറിടുവാനും വിദ്യാഭ്യാസ കച്ചവടം അവസാനിപ്പിക്കുവാനും സർക്കാർ നടത്തുന്ന മികച്ച ശ്രമങ്ങളെ ജനങ്ങൾ ഏറെ പ്രതീക്ഷയോടുകൂടി കാണുകയാണ്. വിദ്യാഭ്യാസ മേഖലയിൽ അച്ചടക്കമുണ്ടാക്കുന്നതിനും പുതിയ വീക്ഷണമുണ്ടാക്കുന്നതിനുമുള്ള മികച്ച പ്രവർത്തനങ്ങൾ ബഹുമാന്യനായ മന്ത്രിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. മാധവ് ഗാഡ്ഗിലും കസ്തൂരിരംഗനും ഉമ്മൻ വി ഉമ്മനുമൊക്കെ സമർപ്പിച്ച റിപ്പോർട്ട് ജനങ്ങളെ പേടിപ്പിക്കുന്ന ഒട്ടനവധി വിഷയങ്ങളുള്ളതാണ്. പ്രത്യേകിച്ച് ഇടുക്കി ജില്ലയെ സമഗ്രമായി വിഴുങ്ങുന്ന ഒരു നയം ഇതുമായി ബന്ധപ്പെട്ടുണ്ടാകുമ്പോൾ, പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ഒരു നയം ഉണ്ടാക്കുമെന്ന ഗവൺമെന്റിന്റെ പ്രഖ്യാപനത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. എന്നാൽ ആ നയം ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകത്തക്ക വിധത്തിലാകണമെന്ന അഭ്യർത്ഥനയുണ്ട്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ ഭാഗമായി പറഞ്ഞിട്ടുള്ള ഒട്ടനവധി മാതൃകാപരമായ നിർദ്ദേശങ്ങൾ കേരളത്തിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടി കാണുന്നു. അതിലൊന്നാണ് സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമവുമായി ബന്ധപ്പെട്ട് പുതിയ വകുപ്പ് രൂപീകരിക്കുമെന്ന പ്രഖ്യാപനം. ആ പ്രഖ്യാപനം കേരളത്തിന് മാത്രമല്ല, രാജ്യത്തിനുതന്നെ മാതൃകയാകുമെന്ന പ്രതീക്ഷ ഞങ്ങൾക്കുണ്ട്. ഒരു മികച്ച സ്ത്രീപക്ഷ ബഡ്ജറ്റായിരിക്കും ബഹുമാനപ്പെട്ട മന്ത്രി ഡോ.ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിക്കുക എന്ന പ്രതീക്ഷ ഞങ്ങൾക്കുണ്ട്. കാരണം, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ അദ്ദേഹം അവതരിപ്പിച്ച ബഡ്ജറ്റിന്റെ ഓരോ ഭാഗത്തും സ്ത്രീകളുടെ ക്ഷേമത്തിനുവേണ്ടിയുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു. സ്ത്രീപക്ഷ ബഡ്ജറ്റ് എന്ന നിലയിലാണ് ആ ബഡ്ജറ്റിനെ വിലയിരുത്തപ്പെട്ടത്. അതുപോലെ അദ്ദേഹത്തിന്റെ പുതിയ ബഡ്ജറ്റിനെയും പ്രതീക്ഷിക്കുകയാണ്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട്, ജപ്തി നേരിടുന്ന വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ ഗൗരവമായി കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിക്കാരെ കബളിപ്പിച്ച നടപടിക്ക് അവസാനമുണ്ടാകണം. കാർഷിക വായ്പ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട് മികച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ഒരു പൈസപോലും ബഡ്ജറ്റിൽ വകയിരുത്താതിരിക്കുകയും ബാങ്കുകൾക്ക് ആ പണം കൊടുക്കാതിരിക്കുകയും ചെയ്ത നടപടി ജനങ്ങളോടുള്ള വെല്ലുവിളിയാണ്. കാർഷിക കടാശ്വാസ കമ്മീഷൻ എഴുതിത്തള്ളിയ തുകയെങ്കിലും ബഡ്ജറ്റിൽ വകയിരുത്തുകയും സമയബന്ധിതമായി അത് നൽകുന്നതിനുള്ള നടപടിയുണ്ടാകുകയും വേണം. ഭവനനിർമ്മാണ പദ്ധതികളിലെ അപാകതകൾ പരിഹരിക്കണം. ഭവന പദ്ധതിപ്രകാരം പണി പൂർത്തിയാക്കാതെ കിടക്കുന്ന ഭവനങ്ങൾ പൂർത്തിയാക്കുന്നതിന്

പ്രത്യേക പരിഗണനയുണ്ടാകണം. നയപ്രഖ്യാപന പ്രസംഗത്തിന്റെ ഭാഗമായി പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം ബഡ്ജറ്റിന്റെ ഭാഗമായി വരുമെന്ന പ്രതീക്ഷയോടുകൂടി ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൻമേൽ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. നയമില്ലാത്ത ഈ സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണറെക്കൊണ്ട് നടത്തിച്ചിട്ടുള്ള പ്രഖ്യാപനങ്ങളത്രയും കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ നയങ്ങളാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ നേട്ടങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ നടത്തിയിട്ടുള്ളത്. രണ്ടു കാര്യങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കാം. 5 വർഷങ്ങൾക്കുമുമ്പ് അധികാരത്തിൽ നിന്നും ഇറങ്ങിപ്പോയ ഇടതുപക്ഷജനാധിപത്യ മുന്നണി 5 വർഷത്തിനുശേഷം വീണ്ടും അധികാരത്തിൽ വന്നപ്പോൾ സെക്രട്ടേറിയറ്റും ഫയലുകളുമെല്ലാം മാറിയിരിക്കുന്നുവെന്നുള്ള ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഒരു പ്രസ്താവന കാണാനിടയായി. ആ രീതിയിലേക്ക് ഇ-ഫയൽ സിസ്റ്റവും ഇ-ഗവേണൻസും മാറ്റുന്ന രീതിയിൽ യു.ഡി.എഫ്. മുന്നോട്ടുപോയിട്ടുണ്ട്. അതുപോലെ ഡിസ്എബിലിറ്റി സെൻസസ് നടത്തിയ ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളമെന്നുള്ളത് ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ അഭിമാനപൂർവ്വം പറയാൻ സാധിച്ചിട്ടുള്ളത് യു.ഡി.എഫ്.-ന്റെ നേട്ടങ്ങളിലൊന്നായിരുന്നു. കഴിഞ്ഞ 5 വർഷക്കാലത്തെ യു.ഡി.എഫ്.-ന്റെ നേട്ടങ്ങളത്രയും നാഴികയ്ക്ക് നാൽപ്പതുവട്ടം മോശമാക്കി ചിത്രീകരിക്കാനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മെമ്പർമാർ ശ്രമിച്ചിട്ടുള്ളത്. എന്നാൽ അവയെല്ലാം ഈ നയപ്രഖ്യാപന പ്രസംഗത്തിൽ വലിയ നേട്ടങ്ങളായി ചൂണ്ടിക്കാണിക്കുകയാണ് ചെയ്യുന്നത്. ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രസംഗത്തിലും ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ചിട്ടുള്ള നന്ദിപ്രമേയത്തിലും വിദ്യാഭ്യാസരംഗത്തെ വാണിജ്യവൽക്കരണത്തിൽ നിന്നും രക്ഷപ്പെടുത്തുമെന്നുള്ള പരാമർശമുണ്ടായി. ഇപ്പോൾ ശ്രീമതി ഇ. എസ്. ബിജിമോൾ സംസാരിച്ചപ്പോഴും അക്കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിലുണ്ടായ പൊതുവിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ ആർക്കാണ് വിസ്മരിക്കാൻ സാധിക്കുക? എല്ലാക്കാലത്തും യു.ഡി.എഫ്. പൊതു വിദ്യാഭ്യാസ രംഗത്തെ ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുമെന്ന് നിരന്തരം പ്രഖ്യാപിക്കുന്ന എൽ.ഡി.എഫ്. അധികാരത്തിൽ വരുമ്പോഴാണ് ആ രംഗത്തെ ദുർബലപ്പെടുത്തുന്ന സമീപനങ്ങളുണ്ടാകുന്നത്. 1996-2001

കാലഘട്ടത്തിൽ കേരളത്തിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം വ്യാപകമായപ്പോൾ അനുവദിച്ച ഹയർ സെക്കണ്ടറികളിൽ മഹാഭ്രൂരിപക്ഷവും എയ്ഡഡ് സ്കൂളുകളിലേക്ക് കൊടുത്തിട്ടുള്ളത് അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയായിരുന്നു. എന്നാൽ പിന്നീട് അധികാരത്തിൽ വന്ന ശ്രീ. എ. കെ. ആന്റണിയുടെ സർക്കാരാണ് കേരളത്തിലെ എല്ലാ ഗവൺമെന്റ് സ്കൂളുകളിലും ഹയർ സെക്കണ്ടറി അനുവദിച്ചത്. 272 സ്കൂളുകളിൽ ഹയർ സെക്കണ്ടറി അനുവദിച്ചുകൊണ്ട് അന്നത്തെ ആന്റണി സർക്കാർ പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്താൻ മുന്നോട്ടു വരികയുണ്ടായി. കഴിഞ്ഞ 54 വർഷക്കാലം കേരളത്തിന്റെ ചരിത്രത്തിൽ ആകെയുണ്ടായിട്ടുള്ളത് 35 സർക്കാർ കോളേജുകളാണ്. എന്നാൽ ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ കാലഘട്ടത്തിൽ മാത്രം 24 സർക്കാർ കോളേജുകളാണ് അനുവദിക്കുകയുണ്ടായത്. പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നത് എല്ലാക്കാലവും യു.ഡി.എഫ്. ആണെന്ന് സൂചിപ്പിക്കാൻ വേണ്ടിയാണ് ഞാനിത് പറയുന്നത്. കണക്കുകളുടെ അടിസ്ഥാനത്തിൽ നന്ദി പ്രമേയത്തിലടക്കം പറഞ്ഞിരിക്കുന്ന അവകാശവാദങ്ങൾ തെറ്റാണ്. 24 ഗവൺമെന്റ് കോളേജുകൾ അനുവദിച്ചപ്പോൾ വെറും 4 എയ്ഡഡ് കോളേജുകൾ മാത്രമാണ് യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തുണ്ടായിട്ടുള്ളത്. കഴിഞ്ഞ സർക്കാർ 220 കോഴ്സുകൾ പുതുതായി അനുവദിച്ചപ്പോൾ 162 കോഴ്സുകളും ഗവൺമെന്റ് കോളേജുകളിലാണ് ശ്രീ. പി. കെ. അബ്ദു റബ്ബ് അനുവദിച്ചിട്ടുള്ളത്. കേരളത്തിൽ കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ അതിശക്തവും വിപ്ലവകരവുമായ മുന്നേറ്റം വിദ്യാഭ്യാസരംഗത്തുണ്ടായിട്ടുണ്ട്. കേരളത്തിൽ കരിക്കുലം പരിഷ്കരണവും സിലബസ് പരിഷ്കരണവും എല്ലാ കാലത്തും വിവാദങ്ങൾ മാത്രമാണുണ്ടാക്കിയിട്ടുള്ളത്. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ഒന്നാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള എല്ലാ പാഠപുസ്തകങ്ങളും പരിഷ്കരിക്കുകയും ടെക്സ്റ്റ് ബുക്കുകൾ ഇല്ലാത്ത സബ്ജക്ടുകൾക്കുപോലും ടെക്സ്റ്റ് ബുക്കുകൾ കൊണ്ടുവരികയും ചെയ്തു. സത്യത്തിൽ dispute free curriculum എന്ന രീതിയിലുള്ള കഴിഞ്ഞ അഞ്ചുവർഷത്തെ നേട്ടമെന്നു പറയുന്നത് പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുള്ള നേട്ടം തന്നെയായിരുന്നു. എൽ.ഡി.എഫ്. ഭരിക്കുമ്പോൾ ശ്രീ. എം. എ. ബേബിയുടെ കാലഘട്ടത്തിൽ കേരളത്തിൽ സിലബസ് പരിഷ്കരണം നടക്കുകയുണ്ടായി. ആ കരിക്കുലം പരിഷ്കരണം നടന്നപ്പോൾ മതമില്ലാത്ത ജീവനും മാർക്സിസ്റ്റുവൽക്കരണവും കേരളത്തിൽ ഏറെ വിവാദമായിട്ടുണ്ട്. കേന്ദ്രത്തിൽ വിദ്യാഭ്യാസത്തിന്റെ കാവിവൽക്കരണത്തെക്കുറിച്ച് പറയുന്നയാളുകൾ ഈ കാലഘട്ടത്തിലൊക്കെ കേരളത്തിൽ രാഷ്ട്രീയവൽക്കരണം നടത്താൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ദേശീയ ജനാധിപത്യ മതേതര നിലപാടിൽ ഉറച്ചുനിന്നുള്ള പാഠപുസ്തക

പരിഷ്കരണമാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് നടത്തിയിട്ടുള്ളത്. എൽ.ഡി.എഫ്.-ന്റെ വിദ്യാഭ്യാസനയം എന്താണെന്ന് ഇവിടെ വ്യക്തമാക്കേണ്ടതുണ്ട്. അവർ ആഗോള വൽക്കരണത്തിന്റെയും വാണിജ്യവൽക്കരണത്തിന്റെയും പിടിയിൽ നിന്ന് വിദ്യാഭ്യാസത്തെ സംരക്ഷിക്കുമെന്ന് പറയുന്നുണ്ട്. അപ്പുറത്തിരിക്കുന്ന എന്റെ സുഹൃത്തുക്കളൊക്കെ വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ കടന്നുവന്നവരാണ്. എയ്ഡഡ് കോളേജുകളിലേയ്ക്ക് പോളിടെക്നിക്കുകൾ അനുവദിച്ചെന്നു പറഞ്ഞുകൊണ്ട് കേരളത്തിൽ കലാപങ്ങളുണ്ടാക്കുകയും വിദ്യാഭ്യാസ മേഖല സ്തംഭിപ്പിക്കുകയും ചെയ്തവരാണവർ. എന്നാൽ ഇന്ന് മാർക്സിസ്റ്റ് പാർട്ടിയും എൽ.ഡി.എഫ്.-ഉം എവിടെയാണ് എത്തി നിൽക്കുന്നതെന്ന് പറയേണ്ടതുണ്ട്. സെൽഫ് ഫിനാൻസിംഗ് കോളേജുകൾ സ്വകാര്യമേഖലയിൽ അനുവദിക്കുകയില്ലെന്ന് പറഞ്ഞവർ, അത് അനുവദിക്കുക മാത്രമല്ല, വാണിജ്യാടിസ്ഥാനത്തിൽ സെൽഫ് ഫിനാൻസിംഗ് കോളേജുകൾ നടത്തുന്ന ആളുകളായി അക്കാലത്തെ എസ്.എഫ്.ഐ. നേതാക്കന്മാരും ഇന്നത്തെ മാർക്സിസ്റ്റ് നേതാക്കളും മാറിയിട്ടുണ്ട് എന്നുള്ള കാര്യം ആർക്കാണ് നിഷേധിക്കാൻ കഴിയുക?

കൂത്തുപറമ്പ് രക്തസാക്ഷികളുടെ കഥ നമുക്കറിയാം. 5 രക്തസാക്ഷികളുടെ ജീവൻ കൊടുത്ത് സെൽഫ് ഫിനാൻസിംഗ് കോളേജുകൾക്കെതിരെ സമരം ചെയ്തവരാണ് മാർക്സിസ്റ്റ് പാർട്ടി. ആ രക്തസാക്ഷികളുടെ തപിക്കുന്ന ഓർമ്മകൾ മറക്കുന്നതിനുമുമ്പ് സെൽഫ് ഫിനാൻസിംഗ് കോളേജുകൾ - എൻജിനീയറിംഗ് കോളേജും ആർട്സ് കോളേജും കൂടാതെ മെഡിക്കൽ കോളേജ് വരെ നടത്തുന്ന മുതലാളിമാരായി, വിദ്യാഭ്യാസക്കച്ചവടം നടത്തുന്ന ആളുകളായി മാർക്സിസ്റ്റ് പാർട്ടി മാറിയിട്ടില്ലേ എന്ന് ആത്മപരിശോധന നടത്താൻ നിങ്ങൾ തയ്യാറാകണം. കൂത്തുപറമ്പ് രക്തസാക്ഷികളുടെ പിൻഗാമികളോട് എന്ത് മറുപടി പറയുമെന്ന് മാർക്സിസ്റ്റ് പാർട്ടിക്ക് പറയാൻ സാധിക്കണം. തത്വാധിഷ്ഠിതമായ പ്രസംഗം നടത്തുകയും പ്രയോഗത്തിൽ അതില്ലാതിരിക്കുകയും ചെയ്യുന്ന രീതിയിലുള്ള നടപടികളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതുപോലെ ആഗോളീകരണത്തെ പ്രതിരോധിക്കുമെന്ന് പറയുമെന്നു. വിദ്യാഭ്യാസ രംഗത്ത് ഡി.പി.ഇ.പി. എന്ന ലോകബാങ്ക് പദ്ധതി കേരളത്തിലേയ്ക്ക് കൊണ്ടുവന്നത് മാർക്സിസ്റ്റ് പാർട്ടിയായിരുന്നു. എ.ഡി.ബി.-യുടെയും ലോകബാങ്കിന്റെയും സഹായം കേരളത്തിൽ എത്തിച്ചത് തീർച്ചയായും ആഗോളീകരണത്തിന്റെ ഭാഗമായാണെന്ന കാര്യത്തിൽ തർക്കമില്ല. എം.എൻ. വിജയൻ മാഷ് അടക്കം പറഞ്ഞിട്ടുള്ള കാര്യങ്ങൾ നമുക്കെല്ലാവർക്കുമറിയാം. മൂന്നാം ലോകരാഷ്ട്രങ്ങളുടെമേൽ വിദ്യാഭ്യാസ രംഗത്ത് കൈകടത്തുവാനും അവരുടെ നിലവാരത്തകർച്ച ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് ഡി.പി.ഇ.പി. കൊണ്ടുവന്നിട്ടുള്ളതെന്ന് ആ കാലഘട്ടത്തിൽ

വിമർശനമുണ്ടായിരുന്നു. അങ്ങനെ ഡി.പി.ഇ.പി., എ.ഡി.ബി. വായ്പ എന്നീ പദ്ധതികളൊക്കെ നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന ആളുകൾക്ക് നയവുമില്ല, പരിപാടിയുമില്ല. പ്രസ്താവനകളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന രീതിയിലുള്ള നന്ദിപ്രമേയമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ഈ നന്ദിപ്രമേയത്തെ എതിർക്കേണ്ട ബാധ്യതയുണ്ട്.

അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് സർക്കാർ പറയുന്നുണ്ട്. ജനകീയാസൂത്രണം തിരിച്ചു കൊണ്ടുവരുമെന്നുള്ളതാണ് ഒരു സംഗതി. ജനകീയാ സൂത്രണത്തിന്റെ പിന്നിലുള്ള താല്പര്യമെന്താണെന്ന് ഞങ്ങൾക്കറിയാൻ കഴിയും. ജനകീയാസൂത്രണം 1995-2000 കാലഘട്ടത്തിൽ കേരളത്തിൽ പരീക്ഷിച്ചതാണ്. ആ ജനകീയാസൂത്രണം അധികാര വികേന്ദ്രീകരണമല്ല. അധികാര വികേന്ദ്രീകരണം കേരളത്തിൽ ശക്തമായി നടപ്പിലാക്കുകയും പഞ്ചായത്ത് രാജ് ആക്ട് നടപ്പിലാക്കുകയും ചെയ്തത് യു.ഡി.എഫ്. ആണ്. പക്ഷേ ജനകീയാസൂത്രണത്തിന്റെ പേരിൽ മാർക്സിസ്റ്റ് ഉദ്യോഗസ്ഥർക്ക് ജനാധിപത്യ ഭരണകൂടങ്ങളുടെമേൽ കൈവയ്ക്കുവാനും നിയന്ത്രിക്കുവാനുമുള്ള അധികാരം നൽകാനുള്ള ഒരു ഗൂഢശ്രമം അതിന് പിന്നിലുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിലെ മുസ്ലീങ്ങളും ന്യൂനപക്ഷങ്ങളും ഇടതുപക്ഷത്തെ പിന്താങ്ങി എന്നാണ് നന്ദിപ്രമേയാവതരാകൻ പറഞ്ഞത്. അങ്ങനെ പിന്താങ്ങിയിട്ടുണ്ടോ എന്നുള്ളത് മറ്റൊരു കാര്യം. എല്ലാക്കാലത്തും ന്യൂനപക്ഷങ്ങളെയും പിന്നാക്കവിഭാഗങ്ങളെയും അവരുടെ സാമുദായിക വികാരത്തിന്റെ പേരിൽ മാത്രം വോട്ടുബാങ്കാക്കി നിർത്താൻ വേണ്ടി ശ്രമിക്കുകയും അവരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മുന്നേറ്റത്തിനുവേണ്ടി ക്രിയാത്മകമായ പദ്ധതിയൊന്നും നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി, ന്യൂനപക്ഷങ്ങളുടെ പിന്തുണ തേടാൻ വേണ്ടി ബീഫ് വിവാദം, ബീഫ് ഫെസ്റ്റ് എന്നിവ കൊണ്ടുവരികയും സദ്ദാമിന്റെയും യാസർ അരാഫത്തിന്റെയും പേര് പറയുകയും ചെയ്തതല്ലാതെ ഈ രാജ്യത്തെ മുസ്ലീങ്ങൾക്കും പിന്നാക്കവിഭാഗങ്ങൾക്കും വിദ്യാഭ്യാസപരമായി സൗകര്യങ്ങൾ നൽകാനുതകുന്ന കാര്യങ്ങളൊന്നും ചെയ്തിട്ടില്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. അതുകൊണ്ടാണ് സച്ചാർ കമ്മിഷൻ റിപ്പോർട്ട് പുറത്തു വന്നപ്പോൾ, പശ്ചിമബംഗാളിലെയും ബീഹാറിലെയും മുസ്ലീങ്ങൾക്കാണ് ഇന്ത്യയിൽ കൂടുതൽ ജീവിതനിലവാരമുള്ളതെന്ന് പറയുന്ന രീതിയിലേക്ക് തരം താണിട്ടുണ്ടെങ്കിൽ അത് പ്രഖ്യാപനവും പ്രയോഗവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല എന്നതാണ് തെളിയിക്കുന്നതെന്ന് പറഞ്ഞുകൊണ്ട് ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, കേരള ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന്മേൽ സഖാവ് എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുകയാണ്. ഒരു പുതിയ കേരളസൃഷ്ടിക്കായി സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ കേരളസമൂഹം വലിയ പ്രതീക്ഷയാണ് അർപ്പിച്ചിട്ടുള്ളത്. കാർഷിക, ആദിവാസി മേഖലയിൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾ ഈ ജനവിഭാഗങ്ങളിൽ പുത്തനുണർവുണ്ടാക്കും. കാർഷിക തകർച്ചയും കർഷക ആത്മഹത്യയും നടന്ന കാലഘട്ടമായിരുന്നു കഴിഞ്ഞ അഞ്ചുവർഷക്കാലം. വയനാട് ജില്ലയിൽ കാർഷികവായ്പയെടുത്ത സുകുമാരനെന്ന കർഷകനെ യു.ഡി.എഫ്. സർക്കാർ കണ്ണൂർ സെൻട്രൽ ജയിലിലടച്ചു. വലിയ പ്രക്ഷോഭത്തെ തുടർന്നാണ് അദ്ദേഹത്തെ വിട്ടയച്ചത്. അങ്ങനെ കാർഷിക മേഖലയാകെ തകർന്നിരിക്കുകയായിരുന്നു. യു.ഡി.എഫ്. സർക്കാർ നെൽകൃഷിക്കാർക്ക് കുടിശ്ശികയായി കൊടുക്കാനുണ്ടായിരുന്ന 170 കോടി രൂപ കൊടുത്തുതീർക്കാനെടുത്ത സർക്കാർ തീരുമാനം ആഹ്ലാദകരമാണ്. ഈ സർക്കാരിന്റെ കർഷകരോടുള്ള നയം പ്രഖ്യാപിക്കുന്നതു കൂടിയാണിത്. നെൽവയലുകൾ സംരക്ഷിക്കുന്നവർക്ക് റോയൽറ്റി പ്രഖ്യാപിക്കുമെന്നുള്ള സർക്കാരിന്റെ കാഴ്ചപ്പാട് അഭിമാനാർഹമാണ്. ജൈവപച്ചക്കറി കൃഷിക്കാർക്കും നെൽകൃഷിക്കാർക്കും പലിശരഹിത വായ്പ കൊടുക്കാനും കർഷകർക്ക് നാലു ശതമാനം പലിശ നിരക്കിൽ വായ്പകൊടുക്കാനുമുള്ള സർക്കാരിന്റെ നടപടികൾ ഏറെ പ്രയോജനകരമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. റബ്ബറിന്റെ വിലയിടിവ് പരിഹരിക്കുന്നതിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമെന്നുള്ളത് റബ്ബർ കൃഷിക്കാർക്ക് ആശ്വാസം പകരുന്നതാണ്. കാപ്പി കൃഷിക്കാരെക്കൂടി ഈ പാക്കേജിൽ ഉൾപ്പെടുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കുട്ടനാട് പാക്കേജിന്റെ മാതൃകയിൽ വയനാട് പാക്കേജിനും പുത്തനുണർവ്വുണ്ടാക്കാൻ സർക്കാർ ശ്രദ്ധിക്കണം.

അതുപോലെ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടാനുള്ള പരിശ്രമങ്ങൾ നടത്തുമെന്നുള്ള പ്രഖ്യാപനം അങ്ങേയറ്റം സ്വാഗതാർഹമാണ്. പൊതുമാർക്കറ്റിൽ ഒരു ലിറ്റർ പാലിന് 36 രൂപയുള്ളപ്പോൾ കർഷകന് കിട്ടുന്നത് 27 രൂപ മുതൽ 29 രൂപ മാത്രമാണ്. ഈ സ്ഥിതിയിൽ മാറ്റം വരുത്താൻ ഇടപെടേണ്ടതുണ്ട്. കർണ്ണാടക ഗവൺമെന്റ് ഒരു ലിറ്റർ പാലിന് നാലു രൂപ ഇൻസെന്റീവ് നൽകുന്നുണ്ട്. കേരളാ ഗവൺമെന്റ് ഒരു രൂപ നൽകുന്നുണ്ടെങ്കിലും മൂന്ന് മാസം മാത്രമേ കിട്ടുന്നുള്ളൂ. ഇത് വർഷം മുഴുവൻ കിട്ടാനും കുറഞ്ഞത് രണ്ട് രൂപ ഇൻസെന്റീവ് നൽകാനും ക്ഷീരമേഖലയിൽ കേരളത്തിന് സ്വയംപര്യാപ്തത നേടാനും കഴിയേണ്ടതുണ്ട്. ആ

ഉത്തരവാദിത്വം ഈ സർക്കാർ നിർവ്വഹിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. കാലിത്തീറ്റയുടെ ക്രമാതീതമായ വിലക്കയറ്റം തടയാൻ സർക്കാർ ഇടപെടണം. കാൽസ്യം, മിനറൽ മിക്സ്ചർ തുടങ്ങിയവ കർഷകർക്ക് നൽകിക്കഴിഞ്ഞാൽ ഒരു ലിറ്റർ മുതൽ മൂന്ന് ലിറ്റർ വരെ പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും. ഇതിനുവേണ്ടിയുള്ള സത്വര നടപടി സർക്കാർ സ്വീകരിക്കണം. കാർഷിക വിളകളെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾ ജനകീയ പങ്കാളിത്തത്തോടെ ആരംഭിക്കാൻ കഴിയും. വയനാട്ടിൽ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ മീറ്റ് എന്ന പദ്ധതി ജനകീയ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുകയാണ്. ഇതിനുവേണ്ടിയുള്ള പിന്തുണയ്ക്കായി വയനാട്ടിലെ പാവപ്പെട്ട ജനങ്ങൾ ഏഴു കോടി രൂപയാണ് നൽകിയത്. 21 കോടി രൂപയാണ് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കുണ്ടായിരുന്നത്. യു.ഡി.എഫ്. സർക്കാർ ഒരു സഹായവും അതിനുവേണ്ടി ചെയ്യാൻ തയ്യാറായില്ല. പക്ഷെ, ജനങ്ങൾ പണം പിരിച്ച് പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്ന നിലപാടാണ് സ്വീകരിച്ചിരുന്നത്. അവിടെ 105 പേർക്ക് ഞങ്ങൾ ജോലി കൊടുക്കുന്നുണ്ട്; 2000-ത്തോളം പേർക്ക് പരോക്ഷമായും ജോലി കിട്ടുന്നുണ്ട്. കേരളത്തിന്റെ കാർഷിക മേഖലയിൽ പുതിയൊരുണർവ് ഉണ്ടാക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനാവശ്യമായ നിലപാടുകൾ സ്വീകരിക്കാൻ കഴിയണം. ആദിവാസികളുടെ ജീവിതം അങ്ങേയറ്റം ദുരിതപൂർണ്ണമാണ്. ഭൂപരിഷ്കരണ കാലഘട്ടം മുതൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ ഏറെ പിന്തള്ളപ്പെട്ടുപോയി എന്ന് നയപ്രഖ്യാപനത്തിൽ പറയുന്നുണ്ട്. 1937 വരെ വയനാട്ടിൽ ഭൂരിപക്ഷവും ആദിവാസികളായിരുന്നു. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം ലോകത്തെമ്പാടും വലിയ രീതിയിലുള്ള മൈഗ്രേഷൻ നടന്ന കൂട്ടത്തിൽ വയനാട്ടിലേക്ക് 62730 കുടുംബങ്ങളാണ് പല സ്ഥലങ്ങളിൽനിന്നും കുടിയേറിപ്പാർത്തത്. ഇത് പാവപ്പെട്ട ആദിവാസികളുടെ ഭൂമി മുഴുവൻ നഷ്ടപ്പെടാൻ ഇടയാക്കി. മറ്റൊരു കാരണം, ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി കാപ്പി, തേയില തോട്ടങ്ങൾ ആരംഭിച്ചപ്പോൾ അവിടെ താമസിച്ചിരുന്ന ആദിവാസികൾ സ്വമേധയാ ഒഴിഞ്ഞുകൊടുത്തു. പഴശ്ശി രാജാവിന്റെ പടയോട്ട കാലത്ത് ആദിവാസികളുടെ ഭൂമി നായന്മാർക്ക് പതിച്ചുകൊടുക്കുന്ന അവസ്ഥയുമുണ്ടായി. അതുപോലെ, കാരാപ്പുഴ, ബാണാസുര സാഗർ പ്രോജക്ടുകൾ ആരംഭിച്ചപ്പോഴും ആദിവാസികളുടെ ഭൂമി നഷ്ടപ്പെട്ടു. ഇതൊരു യാഥാർത്ഥ്യമായി അംഗീകരിച്ചുകൊണ്ടാണ് കുറഞ്ഞത് ഒരേക്കർ ഭൂമിയെങ്കിലും അവർക്ക് കൊടുക്കാൻ സർക്കാർ തീരുമാനിച്ചത്. എന്നാൽ അതിനുവേണ്ടി പ്രക്ഷോഭം നടത്തിയിട്ടുള്ള ആദിവാസികളോട് അങ്ങേയറ്റം മനുഷ്യത്വരഹിതമായി പെരുമാറാനായിരുന്നു യു.ഡി.എഫ്. സർക്കാർ ശ്രമിച്ചു കൊണ്ടിരുന്നത്. ചരിത്രത്തിൽ ആദ്യമായിട്ടാണ് ജോഗി എന്ന ആദിവാസിയെ

കേരളാ പോലീസ് വെടിവച്ചുകൊല്ലുന്നത്. ജോഗിയുടെ കുടുംബത്തെ സംരക്ഷിക്കാൻ യു.ഡി.എഫ്. സർക്കാർ യാതൊന്നും ചെയ്തില്ല. വി. എസ്. അച്യുതാനന്ദന്റെ സർക്കാരാണ് ജോഗിയുടെ മകൾ സീതയ്ക്ക് സർക്കാർ സർവ്വീസിൽ ജോലി കൊടുത്തത്. ഇപ്പോൾ അവർ കേരള സർക്കാർ സർവ്വീസിൽ എൽ.ഡി. ടൈപ്പിസ്റ്റ് ആയി ജോലി ചെയ്യുകയാണ്. 1476 ആദിവാസികളെയാണ് യു.ഡി.എഫ്. സർക്കാർ 2002-ൽ അറസ്റ്റ് ചെയ്ത് കണ്ണൂർ സെൻട്രൽ ജയിലിലടച്ചത്. ഇതിൽ വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവരുമുണ്ടായിരുന്നു. ഇതിൽ 195 പേർ കുട്ടികളായിരുന്നു. കുട്ടികളെ ജയിലിൽ അടച്ചതിന് വാക്കൗട്ട് നടത്തിയ യു.ഡി.എഫുകാർ ഒരു കാര്യം മനസ്സിലാക്കേണ്ടത്, 195 ആദിവാസി കുട്ടികളെ ജയിലിൽ അടച്ചവരാണ് നിങ്ങൾ. വെള്ളമുണ്ട പഞ്ചായത്തിലെ പെരിങ്കുളത്തുള്ള ശാന്തയെന്ന ആദിവാസി യുവതി പൂർണ്ണ ഗർഭിണിയായിരുന്നു. 150 പേരെയാണ് മാനന്തവാടിയിൽനിന്ന് കുത്തിനിറച്ച് കണ്ണൂർ സെൻട്രൽ ജയിലിന് മുന്നിൽ കൊണ്ടുനിർത്തിയത്. അവർക്ക് വെള്ളം പോലും കൊടുത്തില്ല. പുലർച്ചെ നാലു മണിക്കാണ് കണ്ണൂർ സെൻട്രൽ ജയിലിൽ കൊണ്ടുവന്നിട്ട് ആറ് മണിക്കാണ് ജയിൽകവാടം തുറന്നത്. പൂർണ്ണ ഗർഭിണിയായിരുന്ന ശാന്ത കണ്ണൂർ സെൻട്രൽ ജയിലിൽ വച്ച് പ്രസവിച്ചു. ശാന്തയുടെ കൂടെ നാലു വയസ്സുകാരിയായ മൂത്ത മകൾ ശാലിനിയുമുണ്ടായിരുന്നു. ശാന്ത പ്രസവിച്ചതിനുശേഷം ചികിത്സയ്ക്കുവേണ്ടി കണ്ണൂർ ആശുപത്രിയിലും പിന്നീട് കോഴിക്കോട് ആശുപത്രിയിലും പോയി. നാല് ദിവസം അച്ഛനും അമ്മയുമില്ലാതെ നാലു വയസ്സുകാരിയായ ശാലിനിയെ കണ്ണൂർ സെൻട്രൽ ജയിലിൽ അടച്ച യു.ഡി.എഫ്. സർക്കാർ എത്രമാത്രം അപമാനകരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ആലോചിക്കണം. എച്ച്.എം.എൽ. തോട്ടം തൊഴിലാളികൾ ബോണസിനുവേണ്ടി സമരം ചെയ്യുകയായിരുന്നു. അവർക്ക് 8.33 ശതമാനം ബോണസ് ഏകപക്ഷീയമായി പ്രഖ്യാപിച്ചു. അത് വാങ്ങില്ലെന്ന് വയനാട്ടിലെ തൊഴിലാളികൾ തീരുമാനിച്ചിരിക്കുകയാണ്. ഒരു വർഷക്കാലമായി തൊഴിലാളികൾ ബോണസ് വാങ്ങാതിരിക്കുകയാണ്. അങ്ങനെ സമരം ചെയ്തതിന് കഴിഞ്ഞ മാർച്ച് 17-ാം തീയതി ശ്രീ. രമേശ് ചെന്നിത്തലയുടെ പോലീസ് 60 സ്ത്രീകളുൾപ്പെടെ 123 തോട്ടം തൊഴിലാളികളെ അറസ്റ്റ് ചെയ്ത് കണ്ണൂർ സെൻട്രൽ ജയിലിൽ അടച്ചു. അതിൽ 18 പേർ പട്ടികജാതിക്കാരായിരുന്നു. എവിടെപ്പോയി നിങ്ങളുടെ പട്ടികജാതി പ്രേമം? ഇവർ ക്രിമിനൽ കേസിലെ പ്രതികളല്ല, നീതിക്കുവേണ്ടി സമരം നടത്തിയവരാണ്. അവരെ ജയിലിലടച്ച് മുതലക്കണ്ണീരൊഴുക്കുന്നത് ജനങ്ങൾ നല്ലതുപോലെ തിരിച്ചറിയും. തലശ്ശേരി സംഭവത്തിലെ രണ്ട് പട്ടികജാതി സ്ത്രീകൾ ക്രിമിനൽ കേസിലെ പ്രതികളാണ്. ഇതെല്ലാം രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി

നടത്തുകയാണ്. നിങ്ങളുടെ ആദിവാസി പ്രേമവും പട്ടികജാതി പ്രേമവും കാപട്യമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത് ജനങ്ങൾ നല്ലതുപോലെ തിരിച്ചറിയും. ഭൂമിക്കുവേണ്ടി സമരം ചെയ്ത 1159 ആദിവാസികളെയാണ് 2012-ൽ ഉമ്മൻചാണ്ടി സർക്കാർ ജയിലിൽ അടച്ചത്. ഇതിൽ 95 പേർ കുട്ടികളാണ്. 520 ആദിവാസികൾ 2012 ജൂലൈ മാസം 31-ാം തീയതി മുതൽ അനിശ്ചിതകാല നിരാഹാരസമരം ആരംഭിച്ചു. കേരളത്തിന്റെ സമര ചരിത്രത്തിൽ ആദ്യമായാണ് കൂട്ടമായി ആദിവാസികൾ നിരാഹാര സമരം നടത്തുന്നത്. ജയിലിൽ രാവിലെ കാപ്പിയും ഉച്ചയ്ക്ക് മീനും ഇറച്ചിയുമുൾപ്പെടെയുള്ള ആഹാരവും കൊണ്ടുവച്ചാലും അവയെല്ലാം നോക്കിയിരിക്കുകയല്ലാതെ ആദിവാസികൾ ഭക്ഷണം കഴിക്കാൻ തയ്യാറായില്ല. അവസാനം ഉമ്മൻചാണ്ടി സർക്കാർ അവരെ വിട്ടയച്ചതിനുശേഷമാണ് നിരാഹാരസമരം പിൻവലിച്ചത്. അതായിരുന്നു ആദിവാസികളോടുള്ള നിങ്ങളുടെ നിലപാട്. ആദിവാസികൾക്ക് ഭൂമി കൊടുക്കാനുള്ള യാതൊരു സമീപനവും മുൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായില്ല. ഈ ഗവൺമെന്റ് അത്തരമൊരു നിലപാടല്ല സ്വീകരിച്ചത്. 50 കോടി രൂപ ഏൽപ്പിച്ചിട്ട് നയാപൈസപോലും കൊടുത്തില്ല. മുൻ യു.ഡി.എഫ്. സർക്കാരിന്റെ പട്ടികവർഗ്ഗ വകുപ്പുമന്ത്രി വയനാട് ജില്ലയിൽ നിന്നുള്ള ആളായിരുന്നു. മൂന്നു പേർ ആംബുലൻസിലും രണ്ടു പേർ ഓട്ടോറിക്ഷയിലും പ്രസവിച്ചു. ഒരു സ്ത്രീക്ക് ഒറ്റ പ്രസവത്തിൽ മൂന്ന് കുട്ടികളുണ്ടായി. ആ മൂന്ന് കുട്ടികളേയും വഴിയിൽവച്ച്, മാനന്തവാടിയിലും പനമരത്തും പച്ചിലക്കാടിലും വച്ച് പ്രസവിച്ച അവസ്ഥയാണുണ്ടായിട്ടുള്ളത്. ഈ സാഹചര്യം മാറ്റിയെടുക്കാൻ കഴിയണം. തീർച്ചയായും ഈ ഗവൺമെന്റ് ആ നിലയിൽ ചിന്തിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പണിയർ, അടിയർ, മലപ്പണ്ടാരം തുടങ്ങിയ വിഭാഗങ്ങൾക്ക് പോഷകസമൃദ്ധമായ ഭക്ഷണം നൽകുന്നതിനുള്ള പദ്ധതി കൊണ്ടു വരുമെന്ന് ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. അതിൽ ഊരാളി വിഭാഗത്തെക്കൂടി ഉൾപ്പെടുത്തണം. തമിഴ്നാട്ടിൽ പണിയർ വിഭാഗം പി.വി.റ്റി.ജി. ഗ്രൂപ്പിലാണ് ഉൾപ്പെടുന്നത്. എന്നാൽ കേരളത്തിൽ ആ വിഭാഗം ആ ഗ്രൂപ്പിൽ ഉൾപ്പെടുന്നില്ല. അവരെക്കൂടി പി.വി.റ്റി.ജി. ഗ്രൂപ്പിലുൾപ്പെടുത്താൻ കേരള ഗവൺമെന്റ് ശിപാർശ ചെയ്യുകയും അതിനാവശ്യമായ നിലപാട് സ്വീകരിക്കുകയും വേണം.

കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ഫണ്ട് 69,922 കോടി രൂപയായിരുന്നു. എന്നാൽ അതിൽ 7,584 കോടി രൂപ വെട്ടിക്കുറച്ചിട്ടുണ്ട്. ബി.ജെ.പി.-യുടെ ആദിവാസി പ്രേമവും കാപട്യം നിറഞ്ഞതാണെന്ന് കാണാൻ കഴിയും. ഈ

സന്ദർഭത്തിൽ സംസ്ഥാന സർക്കാർ ആദിവാസികൾക്കുള്ള ഫണ്ടും സംവരണവും ഉറപ്പാക്കാൻ പുതിയ നിയമം കൊണ്ടുവരുമെന്ന് നയപ്രഖ്യാപനത്തിലൂടെ പറഞ്ഞത് അങ്ങേയറ്റം സ്വാഗതാർഹമാണ്. ഗോത്ര വിഭാഗങ്ങളുടെ വിദ്യാഭ്യാസ കാര്യത്തിൽ വേണ്ട രീതിയിൽ ഇടപെടാൻ കഴിയണം. ആദിവാസി കുട്ടികളെ സ്കൂളിൽ കൊണ്ടുപോകുവാനുള്ള ഗോത്രസാരഥി പദ്ധതിയിൽ യു.ഡി.എഫ്. സർക്കാർ ഒന്നേകാൽ കോടി രൂപയാണ് കുടിശ്ശികയായി കൊടുക്കാനുള്ളത്. എല്ലാ മേഖലയിലും കുടിശ്ശിക വരുത്തിയിരിക്കുകയാണ്. സർക്കാരിന്റെ തീരുമാനങ്ങൾ ജനങ്ങളിലെത്തിക്കാനുള്ള പ്രതിബദ്ധത സർക്കാർ ജീവനക്കാരെ ഏൽപ്പിക്കുമെന്ന രീതിയിലുള്ള മുഖ്യമന്ത്രിയുടെ നിലപാട് അങ്ങേയറ്റം സ്വാഗതാർഹമാണ്. മഹാത്മാഗാന്ധിയെ വെടിവച്ചുകൊന്നവരുമായി കൂട്ടുകൂടിയാണ് ബി.ജെ.പി.-യെ സഹായിക്കുന്ന നിലപാട് നേമത്ത് കോൺഗ്രസ് ചെയ്തിരിക്കുന്നത്. കോൺഗ്രസ്സിന് രാഷ്ട്രീയമായി ഇതിന് വലിയ വില കൊടുക്കേണ്ടിവരും. സഖാവ് എസ്. ശർമ്മ അവതരിപ്പിച്ചിട്ടുള്ള നന്ദി പ്രമേയത്തെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. സി. എഫ്. തോമസ് : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. സ്വാഭാവികമായും നന്ദിപ്രമേയത്തെ അനുകൂലിച്ച് സംസാരിക്കുന്നതാണ് ഭരണകക്ഷിയുടെ സമീപനം. നവകേരള സൃഷ്ടിക്കായുള്ള പ്രഖ്യാപനങ്ങൾ സഭ പലപ്രാവശ്യം കേട്ടിട്ടുണ്ട്. 1957-ൽ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ വന്നതുമുതൽ നവകേരളം എന്ന സ്വപ്നം പ്രഖ്യാപിക്കുകയുണ്ടായി. 2006-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാർ വന്നതുവരെ അത് കേട്ടു. വാസ്തവത്തിൽ അങ്ങനെയൊരു നവകേരള രചന സാധിച്ചില്ല. ഇ.എം.എസ്. നമ്പൂതിരിപ്പാട് രണ്ട് പ്രാവശ്യവും ഇ. കെ. നായനാർ, ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്നിവരൊക്കെ തുടർച്ചയായി ഭരിച്ചിട്ടും 2016-ൽ സഖാവ് പിണറായി വിജയന് വീണ്ടും അത് പറയേണ്ടിവരുന്നു. അതിൽ വലിയൊരു പൊരുത്തക്കേട് കാണുന്നുണ്ട്. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഗവൺമെന്റ് മുതൽ 2006-ലെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റുവരെയുള്ള ഇടതുപക്ഷ ഭരണങ്ങൾക്ക് നവകേരളം സൃഷ്ടിക്കാൻ സാധിച്ചിട്ടില്ല. ഈ നയപ്രഖ്യാപനത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും പാവങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വികസനത്തിനും ഉയർച്ചയ്ക്കും ഊന്നൽ കൊടുത്തുകൊണ്ടുള്ള നയസമീപനങ്ങളായിരിക്കും സ്വീകരിക്കുന്നതെന്ന് പറഞ്ഞു. വാസ്തവത്തിൽ അത് കേട്ടപ്പോൾ സന്തോഷം തോന്നി. പക്ഷേ ഇത്രയും കാലമായിട്ടും അതൊന്നും നടന്നില്ല. ഞാനൊരു ചെറിയ

ഉദാഹരണം പറയാം. 1957-ലും 1967-ലും ഇ.എം.എസ്. നമ്പൂതിരിപ്പാട് കേരളം ഭരിച്ചു. അടിസ്ഥാന വർഗ്ഗമെന്ന് വിശേഷിപ്പിക്കാവുന്ന കർഷകത്തൊഴിലാളികളെക്കുറിച്ച് വയലാർ രാമവർമ്മ എഴുതിയ ഗാനങ്ങൾ എത്ര മനോഹരമാണ്. ആ പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്താൻ പെൻഷൻ പ്രഖ്യാപിച്ചത് ശ്രീ. കെ. എം. മാണി ധനകാര്യ വകുപ്പുമന്ത്രിയായി വന്നപ്പോൾ മാത്രമാണ്. നിങ്ങൾക്ക് അത് സാധിച്ചില്ല.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, അന്ന് നിങ്ങളുടെ പാർട്ടി ഞങ്ങളുടെ മുന്നണിയിലായിരുന്നു.

ശ്രീ. സി. എഫ്. തോമസ് : സർ, നിങ്ങളുടേത് മാത്രമായ മന്ത്രിസഭ ഭരിച്ചിട്ടും ഈ അടിസ്ഥാന ജനവിഭാഗത്തിന് ജീവിത സുരക്ഷിതത്വം കൊടുക്കാൻ പെൻഷൻ പ്രഖ്യാപിക്കാൻ നിങ്ങൾക്ക് സാധിച്ചില്ല. ഇപ്പുറത്തിരിക്കുന്ന കേരള കോൺഗ്രസ് പാർട്ടികൂടി ഉൾപ്പെട്ട ഒരു മന്ത്രിസഭ വന്നപ്പോഴാണ് അത് സാധിച്ചത്. പട്ടികജാതി-പട്ടികവർഗ്ഗക്കാരെ സേവിക്കുന്നത് നിങ്ങൾ മാത്രമാണെന്ന് ഇവിടെ പറഞ്ഞു. മുൻ പട്ടികജാതി ക്ഷേമവകുപ്പുമന്ത്രി ഇപ്പുറത്തിരിപ്പുണ്ട്. കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പട്ടികജാതിക്കാർക്ക് വീട് നിർമ്മാണത്തിനുവേണ്ടി കൊടുത്തു കൊണ്ടിരുന്നത് എഴുപത്തി അയ്യായിരം രൂപയാണ്. ശ്രീ. എ. പി. അനിൽകുമാർ മന്ത്രിയായപ്പോൾ കൊടുത്തത് മൂന്നേമുക്കാൽ ലക്ഷം രൂപ. എഴുപത്തി അയ്യായിരം എന്നുള്ളത് അഞ്ചിരട്ടിയായി വർദ്ധിപ്പിച്ചിട്ടാണ് യു.ഡി.എഫ്. സർക്കാർ ഇറങ്ങിപ്പോയത്. അത് പ്രഖ്യാപനമല്ല, നടപ്പിലായതാണ്. സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ പട്ടികജാതി കോളനികൾക്ക് ഓരോ കോടി രൂപയും ഒരു നിയോജകമണ്ഡലത്തിന് രണ്ട് കോടി രൂപ വീതവും ഉൾപ്പെടെ 140 നിയോജക മണ്ഡലങ്ങളിലുംകൂടി 280 കോടി രൂപ എന്ന രീതിയിലാണ് നടപ്പിലാക്കിയത്. എന്റെ നിയോജക മണ്ഡലത്തിലും ഈ പദ്ധതി നടപ്പിലാക്കി. പട്ടികജാതി സഹോദരങ്ങൾക്ക് കുടിവെള്ളമില്ല, റോഡില്ല, ശ്മശാനമില്ല. നിങ്ങൾ എത്ര പ്രാവശ്യം ഭരിച്ചു; ഇതൊക്കെ നടപ്പിലാക്കിയോ? ഓരോ നിയോജക മണ്ഡലത്തിലും രണ്ട് കോടി രൂപ വീതം മുടക്കി പദ്ധതി നടപ്പിലാക്കിയപ്പോൾ ഞങ്ങൾ പട്ടികജാതി സഹോദരങ്ങൾക്ക് എതിരും നിങ്ങൾ പട്ടികജാതി സഹോദരങ്ങൾക്ക് അനുകൂലവും. അതെന്ത് സമീപനമാണ്? പട്ടികജാതി സഹോദരങ്ങൾക്ക് ചികിത്സാ സഹായമായി കഴിഞ്ഞ ഇടതുപക്ഷ സർക്കാർ കൊടുത്തത് അമ്പതിനായിരം രൂപയാണ്. എന്നാൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ ശ്രീ. എ. പി. അനിൽ കുമാർ ആ തുക ഒരു ലക്ഷം രൂപയാക്കി. കുറ്റവാളികളായി പോലീസ് സ്റ്റേഷനിൽ ചെന്നാൽ കൈക്കുഞ്ഞുമായി

ജയിലിലോട്ട് വിടാമോ? പട്ടികജാതി സഹോദരങ്ങൾ കുറ്റവാളികളാണെന്ന് പറയുന്നു. പോലീസ് സ്റ്റേഷനിലേക്ക് ഒരു പ്രതി ചെന്നാൽ എസ്.ഐ.-ക്ക് തല്ലാൻ അധികാരമില്ല. കൈക്കുഞ്ഞുമായി പോയ രണ്ട് പട്ടികജാതി സഹോദരിമാരെ ജയിലിലടച്ചിട്ട് അവർ ക്രിമിനലാണെന്ന ന്യായീകരണം പറയരുത്. അത് പട്ടികജാതി സ്നേഹമല്ല. ഇപ്പുറത്തിരിക്കുന്ന ആളുകൾ ചെയ്യുതെല്ലാം തെറ്റാണെന്ന് പറയരുത്. ഇതൊക്കെ കേരളത്തിൽ നടന്ന സംഭവങ്ങളാണ്.

കാർഷിക മേഖലയെക്കുറിച്ച് നയപ്രഖ്യാപനത്തിൽ പറയുന്നുണ്ട്. പുതിയ വികസനതന്ത്രം ആവിഷ്കരിക്കുമ്പോൾ നമ്മുടെ വികസനത്തിനുനേരെ ഉയർന്നിരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി കാർഷിക മേഖലയിലെ മുരടിപ്പാണെന്ന് പറയുന്നു. ഇതിൽ വ്യക്തമായ സമീപനമുണ്ടോ? ഏറ്റവും വലിയ പ്രശ്നം നാണ്യവിളകളുടെ വിലത്തകർച്ചയാണെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നുണ്ട്. നാണ്യവിളകളിൽ പ്രധാനം റബ്ബറാണ്. വിലത്തകർച്ചയെ നേരിടാനുള്ള നിങ്ങളുടെ സമീപനം എന്താണ്? വെറുതെ പാക്കേജ് എന്ന് പറഞ്ഞാൽ മതിയോ; വ്യക്തമായ ഒരു ധാരണ വേണ്ടേ? യു.ഡി.എഫ്. സർക്കാർ ഭരിച്ചപ്പോൾ റബ്ബറിനുണ്ടായ വിലയിടിവിനെ നേരിടാൻ ശ്രീ. കെ. എം. മാണി ആദ്യം മുന്നൂറ് കോടി രൂപയും തുടർന്ന് മുഖ്യമന്ത്രി അഞ്ഞൂറ് കോടി രൂപയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. അതുപോലെ വ്യക്തമായ സമീപനം നിങ്ങൾക്ക് പ്രഖ്യാപിക്കാൻ സാധിച്ചോ? കേന്ദ്ര സഹായത്തോടെ ഒരു പാക്കേജ് പ്രഖ്യാപിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ വ്യക്തമായൊരു സമീപനമില്ല. നിങ്ങളുടെ സമീപനങ്ങളൊന്നും യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ളതല്ല. ഇക്കാര്യത്തിൽ ആത്മാർത്ഥമായ ഒരു നയം പ്രഖ്യാപിക്കാൻ സാധിച്ചിട്ടില്ല. ഈ നന്ദിപ്രമേയത്തെ ഞാൻ അതിശക്തമായി എതിർക്കുന്നു.

<u>ശ്രീ. തോമസ് ചാണ്ടി</u> : സർ, ബഹുമാന്യനായ എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. കുട്ടനാട് പാക്കേജിന് പുത്തൻ ഉണർവ് നൽകുന്ന നയപ്രഖ്യാപനമാണിത്. ശ്രീ. ശരത് പവാറിന്റെ സഹായത്തോടെ 1,840 കോടി രൂപയും 300 കോടി രൂപയും കൂടി 2,140 കോടി രൂപയുടെ പദ്ധതി അനുവദിച്ചിട്ട് 400 കോടി രൂപപോലും മുടക്കാൻ മുൻ ഗവൺമെന്റിന് കഴിയാതെപോയി. അത് ഉദ്യോഗസ്ഥരുടെ സഹകരണക്കുറവ് കൊണ്ടാണോ ഗവൺമെന്റിന്റെയോ ഇറിഗേഷൻ, കൃഷി എന്നീ വകുപ്പുകൾ കൈകാര്യം ചെയ്യുവരുടെ കുഴപ്പമാണോ എന്നറിയില്ല. ഞാൻ ആ വിഷയത്തിൽ ആരെയും കുറ്റപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. കുട്ടനാടിന് ശാപമോക്ഷം നൽകുന്ന കുട്ടനാടിന്റെ ഒരു വലിയ സ്വപ്ന പദ്ധതിയാണ് തകർന്നുപോയത്. ഏതായാലും ഈ ഗവൺമെന്റിന് കുറേ കാര്യങ്ങളെങ്കിലും ചെയ്യാൻ

കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. തരിശുഭൂമി നെൽക്കൃഷി ചെയ്യുമെന്ന് പറയുന്നു. നെൽക്കൃഷി നടക്കാത്ത സ്ഥലങ്ങളുണ്ട്. കുട്ടനാടിൽ തരിശ്ശായി കിടക്കുന്ന ആയിരക്കണക്കിന് ഏക്കർ സ്ഥലമുണ്ട്. കൃഷി ഭവൻ വഴി അവയുടെ കണക്കെടുത്ത് അവിടെ പച്ചക്കറി കൃഷി ചെയ്യാൻ സാധിക്കും; കർഷകർ അതിന് തയ്യാറാണ്. അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ അവിടെ ചെയ്തുകൊടുക്കണം. വെള്ളം കയറ്റാനും ഇറക്കാനുമുള്ള സൗകര്യമില്ലാത്തിനാൽ നെൽക്കൃഷി അവിടെ നടക്കുകയില്ല.

ഇവിടെ ശുചിത്വ മിഷനെക്കുറിച്ച് പറയുന്നു. തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനം നടത്തുന്ന കാര്യത്തിൽ ഒരു പരിഹാരം ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അത് നല്ല കാര്യമാണ്. എന്റെ മണ്ഡലത്തിൽ കക്കൂസ് നിർമ്മിക്കാൻ വേണ്ടി ലഭിച്ച മൂവായിരം അപേക്ഷ എന്റെ കയ്യിലുണ്ട്. ആദ്യകാലത്തൊക്കെ അപേക്ഷകളുടെ എണ്ണം കുറവായതുകൊണ്ട് എന്റെ ചാരിറ്റി ഫണ്ടിൽനിന്ന് ഞാൻ നിർമ്മിച്ചു കൊടുക്കുമായിരുന്നു. ഇന്ന് എണ്ണം കൂടിയപ്പോൾ അത് സാദ്ധ്യമല്ലാതെ വന്നിരിക്കുകയാണ്. ഇന്ന് സംസ്ഥാനം മുഴുവൻ നേരിടുന്ന ഒരു പ്രശ്നമാണിത്. കേന്ദ്ര ഗവൺമെന്റിന്റെയോ മറ്റ് സഹായത്തോടെയോ അത് ചെയ്യുന്നത് നല്ല കാര്യമാണ്. ഡോ. ടി. എം. തോമസ് ഐസക് അതിൽ സമർത്ഥനാണ്. അലാവുദ്ദീന്റെ അത്ഭുത വിളക്കുപോലെ ഉള്ള കാശുകൊണ്ട് കാര്യങ്ങൾ നടത്താൻ വളരെ സമർത്ഥനായ ഒരു ധനകാര്യ വകുപ്പുമന്ത്രി നമുക്കുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇന്ന് ടൂറിസം നേരിടുന്നത് രണ്ട് പ്രശ്നങ്ങളാണ്. ഒന്ന്, ടൂറിസ്റ്റുകൾ നടന്നു പോകുന്ന വഴിയുടെ ഇരുവശത്തും കുടിക്കിടക്കുന്ന മാലിന്യങ്ങൾ കണ്ടിട്ട് ഇവർ അവരുടെ നാട്ടിൽ ചെന്ന് നിങ്ങളാരും കേരളത്തിലേക്ക് പോകരുത്, ഏത് സമയത്താണ് പ്ലേഗ് രോഗം പിടിപെടുന്നതെന്നറിയില്ല എന്ന് പറയുകയാണ്. അത്ര അപകടകരമാണ്. വിവിധ ഘട്ടങ്ങളിലായി ഖരമാലിന്യസംസ്കരണ പ്ലാന്റുകൾ ഉണ്ടാക്കുന്നതിൽ വിജയിച്ച സ്പെയിൻ പോലുള്ള ഒരുപാട് രാജ്യങ്ങളുണ്ട്. അവിടെ നിന്നും മെഷിനറി ഇറക്കി ആദ്യം നമ്മുടെ നഗരങ്ങളിലും പട്ടണങ്ങളിലും തുടർന്ന് ഗ്രാമങ്ങളിലും അവ സ്ഥാപിക്കണം. കാരണം, ഗ്രാമങ്ങളിൽ പറമ്പുള്ളതുകൊണ്ട് കുഴിച്ചുമൂടാൻ സാധിക്കും. ഫ്ലാറ്റുകളിലൊക്കെ ജീവിക്കുന്നവരുടെ അവസ്ഥ ബുദ്ധിമുട്ടാണ്. അവർ സന്ധ്യയാകുമ്പോൾ മാലിന്യം നിറച്ച ബാഗ് ആളില്ലാത്ത സ്ഥലത്ത് എറിഞ്ഞിട്ട് പോകുകയാണ്. ഇതിനൊരു പരിഹാരം വേണ്ടേ? കഴിഞ്ഞ അഞ്ചുകൊല്ലം ഇക്കാര്യത്തിൽ യു.ഡി.എഫ്. ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ടൂറിസ്റ്റുകളെ ഏറ്റവും കൂടുതൽ ദുഃഖിപ്പിക്കുന്ന ഒരു കാര്യമാണ് വഴിയോരത്തുള്ള മാലിന്യങ്ങൾ.

ഇവിടെ എല്ലാവരും പൊത്തിപ്പൊതിഞ്ഞു പറയുന്ന ഒരു വിഷയമുണ്ട്. അത് ഞാൻ തന്റേടമായി പറയാൻ പോകുകയാണ്. മദ്യനയത്തെ സംബന്ധിച്ച് പ്രത്യേകിച്ചൊന്നും പ്രഖ്യാപിച്ചില്ല എന്നുള്ളതാണ്. ഇലക്ഷൻ കാലത്ത് ബഹുമാന്യനായ രാഹുൽ ഗാന്ധിയെ കൊണ്ടുവന്ന് പ്രസംഗിപ്പിച്ചു, 'പിണറായി പറയണം, പിണറായി പറയണം, അടച്ച ബാറുകൾ തുറക്കുമോ'എന്ന്. എനിക്കത് കേട്ടപ്പോൾ ചിരി വന്നു. കാരണം, ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് 70 വർഷമാകാൻ പോകുന്നു. 70 വർഷമായി നിലനിന്നിരുന്ന ഒരു വ്യവസ്ഥിതി നിർത്തിയിട്ട്, വീണ്ടും ഇത് തുറക്കുമോയെന്ന് ചോദിക്കുകയാണ്. ഇതുസംബന്ധിച്ച് പഠിച്ചിട്ടാണോ നിർത്തിയത്; പഠിച്ചിട്ടല്ലല്ലോ നിർത്തിയത്? ഞാൻ പലയിടത്തും പ്രസംഗിച്ചപ്പോൾ രാഹുൽ ഗാന്ധിക്ക് ഇതിനുള്ള മറുപടി കൊടുത്തു, "അങ്ങയുടെ പാർട്ടി ഭരിക്കുന്ന സംസ്ഥാനമാണല്ലോ കർണ്ണാടകം. അവിടത്തെ ബാറുകളെല്ലാം അടഞ്ഞുകിടക്കുകയാണോ', മാത്രമല്ല, അമ്പലത്തിലെ ഉത്സവത്തിനും പള്ളിപ്പെരുന്നാളിനും നിൽക്കുന്നതുപോലെയാണ് ബിവറേജസിന്റെ മുമ്പിൽ ആളുകൾ ക്യൂ നിൽക്കുന്നത്. ഇവരൊക്കെ വാങ്ങുന്ന സാധനം ഉത്പാദിപ്പിക്കുന്നത് എവിടെയാണ്; അതും അവിടെനിന്നല്ലേ ഇങ്ങോട്ടു വരുന്നത്; അവിടെ ഭരിക്കുന്നതും രാഹുൽ ഗാന്ധിയുടെ പാർട്ടിയല്ലേ?

എന്റെ റിസോർട്ടിൽ ഇൻഡ്യൻ ബാർ കൗൺസിലിന്റെ ഒരു യോഗം നടന്നു. ഒരു സുപ്രീംകോടതി ജഡ്ജിയും നാല് ഹൈക്കോടതി ജഡ്ജിമാരുമുണ്ടായിരുന്നു. ഗവർണർ റിട്ട. ജസ്റ്റിസ് ശ്രീ. പി. സദാശിവം കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. അടുത്ത ദിവസത്തെ കോൺഫറൻസ് ബഹുമാന്യനായ വി. എസ്. അച്യുതാനന്ദൻ വന്ന് ഉദ്ഘാടനം ചെയ്തു. ഉച്ച കഴിഞ്ഞ് ശ്രീ. കെ. എം. മാണി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. റിസോർട്ടിന്റെ ഉടമസ്ഥനായതുകൊണ്ട് എന്നോട് രണ്ടു വാക്ക് സംസാരിക്കണമെന്ന് പറഞ്ഞു. വേദിയിൽ നാല് ജഡ്ജിമാരും സുപ്രീംകോടതി ജഡ്ജിയും ശ്രീ. കെ. എം. മാണിയും അഡ്വക്കേറ്റ് ജനറലുമുണ്ട്. ഞാൻ പറഞ്ഞു, ബഹുമാനപ്പെട്ട ജഡ്ജിമാരൊക്കെ ഇരിക്കുന്നതുകൊണ്ട് ഒരു കാര്യം പറയാം. അനേക വർഷങ്ങളായി ഈ സ്ഥാപനം വിജയിപ്പിച്ച് നിലനിർത്തിയിരിക്കുന്നത് സൗത്ത് ഇൻഡ്യൻ നെഫ്രോളജി കോൺഫറൻസ്, സൗത്ത് ഇൻഡ്യൻ ന്യൂറോളജി കോൺഫറൻസ്, സൗത്ത് ഇൻഡ്യൻ കാർഡിയോളജി കോൺഫറൻസ് തുടങ്ങിയ കോൺഫറൻസുകളൊക്കെ ഇവിടെ നടത്തുന്നതുകൊണ്ടാണ്. കോൺഫറൻസിനുവരുന്ന ഡോക്ടർമാരെക്കൊണ്ട് റിസോർട്ടിലെ മുറിയെല്ലാം നിറയും. മുറിയില്ലാതെ വരുമ്പോൾ ഹൗസ് ബോട്ടിൽ മുറി കൊടുക്കും. അങ്ങനെ നടത്തിക്കൊണ്ടിരുന്ന സ്ഥാപനമാണ്. ഇപ്പോൾ ഒരൊറ്റ കോൺഫറൻസും വരുന്നില്ല; എന്താണ് കാരണം? ഇതെന്റെ മാത്രം

അവസ്ഥയല്ല. സംസ്ഥാനത്തിന്റെ മൊത്തം കാര്യമാണ്. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് സംസ്ഥാനത്തിന്റെ വരുമാനത്തെക്കുറിച്ച് പഠിക്കണം. മദ്യനയം കൊണ്ടുവന്നതിൽപ്പിന്നെ ബാറിൽനിന്ന് കിട്ടുന്ന 25 ലക്ഷം രൂപ മാത്രമല്ല, മുറി വാടകയുടെയും ഭക്ഷണത്തിന്റെയും 15% വരെ ലക്ഷ്വറി ടാക്സായി വാങ്ങുകയാണ്. സംസ്ഥാനമൊട്ടാകെ ടൂറിസം തകർന്നു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മദ്യനയം സംബന്ധിച്ച് പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കണം. ആവശ്യമെങ്കിൽ റിസോർട്ടുകളിൽ നടന്നിരുന്ന കോൺഫറൻസുകൾ തിരിച്ചു കൊണ്ടുവരണം. കോൺഫറൻസുകളെല്ലാം ഇപ്പോൾ പോണ്ടിച്ചേരി, ബാംഗ്ലൂർ, ശ്രീലങ്ക എന്നിവിടങ്ങളിലാണ് നടത്തുന്നത്. അതുകൊണ്ട് ഇതിനാവശ്യമായ നടപടികളെടുക്കണമെന്ന് പറഞ്ഞുകൊണ്ട് പ്രമേയത്തെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. കെ. ശശി</u> : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുകയാണ്. ഒരു പുതിയ കേരളത്തെപ്പറ്റിയുള്ള പ്രതീക്ഷകളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പങ്കുവയ്ക്കുന്നത്. കാർഷികമേഖലയുമായി ബന്ധപ്പെട്ട് ഇവിടെ പരാമർശിച്ച വിഷയങ്ങളും പാഠ്യപദ്ധതിയിൽ കൃഷി ഒരു വിഷയമായി കൊണ്ടുവരുമെന്ന തീരുമാനവും ആവേശകരമാണ്. പുതിയ തലമുറയ്ക്ക് കൃഷിയോടുള്ള മനോഭാവത്തിൽ ഗുണകരമായ മാറ്റമുണ്ടാക്കാൻ ഇത് ഏറെ സഹായിക്കും. അതോടൊപ്പം റബ്ബർ, നാളികേരം എന്നിവയുടെ വിലത്തകർച്ച പരിഹരിക്കാനുള്ള പാക്കേജുകൾ നയപ്രഖ്യാപന പ്രസംഗത്തിലുണ്ട്. റബ്ബറിന്റെ വിലത്തകർച്ച അനേകായിരങ്ങളുടെ ജീവിതമാണ് തകർത്തത്. ഇവിടെ റബ്ബറിനെപ്പറ്റിയും കർഷക സ്നേഹത്തെപ്പറ്റിയും പ്രസംഗിക്കുന്ന മഹാന്മാർ കഴിഞ്ഞ അഞ്ചു കൊല്ലക്കാലം ഈ നാട് ഭരിച്ചപ്പോൾ റബ്ബർ കൃഷിക്കാർക്കുവേണ്ടി ചെറുവിരലനക്കാൻപോലും തയ്യാറായില്ല. 240 രൂപയും 242 രൂപയും റബ്ബറിന് വില കിട്ടിയിരുന്ന കാലത്താണ് കർഷക പ്രസ്ഥാനങ്ങൾ ഈ നാണ്യവിളകളാകെ തകരാൻ പോകുന്നുവെന്ന മുന്നറിയിപ്പ് നല്കിയത്. അന്ന് ബഹുമാന്യരായ ഉമ്മൻ ചാണ്ടിയും കെ.എം. മാണിയും പറഞ്ഞത് ഒരിക്കലും റബ്ബറിന് വിലത്തകർച്ച വരില്ല, റബ്ബർ പ്രൊട്ടക്റ്റഡ് ലിസ്റ്റിലാണെന്നാണ്. എന്നാൽ റബ്ബറിന്റെ വില 240-ൽ നിന്ന് 90-ലേക്കും 98-ലേക്കും കുറയുകയാണ് ചെയ്തത്. ഇവിടെ 500 കോടി രൂപയുടെ പാക്കേജിന്റെ കാര്യം പറഞ്ഞു. പ്രഖ്യാപനമല്ലാതെ ഏത് കൃഷിക്കാരനാണ് ഈ പാക്കേജിന്റെ ആനുകൂല്യം കിട്ടിയതെന്ന് നിങ്ങൾക്ക് വ്യക്തമാക്കാമോ? തീർച്ചയായും റബ്ബർ കൃഷിക്കാരെ രക്ഷപ്പെടുത്താൻ ഈ ഗവൺമെന്റ് അടിയന്തരമായി ഇടപെടുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

അതുപോലെ നമ്മുടെ സംസ്ഥാനത്തെ തൊഴിൽശക്തിയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമായി മാറിയിട്ടുള്ള മൈഗ്രന്റ് വർക്കേഴ്സിന്റെ ക്ഷേമത്തിനു വേണ്ടി സമഗ്രനിയമം കൊണ്ടുവരുമെന്ന പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ സ്റ്റഡീസിന്റെ റിപ്പോർട്ടനുസരിച്ച് 25 ലക്ഷത്തോളം വരുന്ന കുടിയേറ്റത്തൊഴിലാളികൾ കേരളത്തിലുണ്ട്. ഇവരെ തിരിച്ചറിയാൻ സാധിക്കാത്തതു കാരണം ഒട്ടേറെ സാമൂഹ്യ-സുരക്ഷാ പ്രശ്നങ്ങൾ കേരളത്തിൽ സൃഷ്ടിക്കപ്പെടുന്നുണ്ട്.

നമ്മുടെ വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ സ്ഥിതിയും അഭിമാനകരമല്ല. സംസ്ഥാനത്തെ ഐ.ടി.ഐ-കളിൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. എന്നാൽ NCVT-യുടെ (National Council for Vocational Training) അംഗീകാരം ഇവയിൽ ഒറ്റ സ്ഥാപനത്തിനു പോലുമില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് തെറ്റാണെങ്കിൽ തിരുത്താം. ഐ.ടി.ഐ-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുമെന്ന പ്രഖ്യാപനം തീർച്ചയായും സ്വാഗതാർഹമാണ്. എന്നാൽ നിലവിലുള്ള ഐ.ടി.ഐ-കളിൽ ഇന്ന് പഠിപ്പിക്കുന്ന പല കോഴ്സുകളും കാലഹരണപ്പെട്ടവയാണ്. ടെക്നോളജിയുടെ വളർച്ചയ്ക്കനുസരിച്ച് അതിലാവശ്യമായ മാറ്റം വരുത്തണം. യുവാക്കൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിലവസരങ്ങൾ കിട്ടുന്ന രൂപത്തിൽ ഐ.ടി.ഐ-കളുടെ പല കോഴ്സുകളും അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്. അക്കാര്യം ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി കണക്കിലെടുക്കണം.

പൊതുമേഖലയെ സംബന്ധിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞ മഹത്തായ കാര്യങ്ങളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കഞ്ചിക്കോട്, 439 ഏക്കർ സ്ഥലം ഏറ്റെടുത്ത് കോച്ച് ഫാക്ടറിയ്ക്കായി കൊടുത്തത് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ്. അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലൻ ഈ കോച്ച് ഫാക്ടറിക്കുവേണ്ടി 400 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിച്ചുകൊടുത്തു. വളരെ കാലമായി ജനങ്ങൾ ആവശ്യപ്പെടുന്ന കാര്യമാണ്. എന്നാൽ കഴിഞ്ഞ അഞ്ച് വർഷക്കാലമായി ഈ ഫാക്ടറി യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി അന്നത്തെ മുഖ്യമന്ത്രി ഒരു തറക്കല്ലിടൽ കർമ്മം നടത്തിയതല്ലാതെ യാതൊന്നും ചെയ്തിട്ടില്ല. കോച്ച് ഫാക്ടറിക്കുവേണ്ടി സ്ഥലം ഏറ്റെടുത്തത് കഞ്ചിക്കോട്; അവിടെനിന്നും പതിനൊന്ന് കിലോമീറ്റർ ദൂരെ പാലക്കാട് കോട്ടമൈതാനിയിലാണ് തറക്കല്ലിട്ടത്. അതിൽ നിന്നുതന്നെ ഇതിലെ വഞ്ചനാപരമായ നിലപാട് വ്യക്തമാണ്. ഇതുപോലൊരു തറക്കല്ലിടൽ മറ്റൊരു സ്ഥലത്തുമുണ്ടാവുകയില്ല. എൽ.ഡി.എഫ് ഗവൺമെന്റ് കോച്ചുഫാക്ടറി സ്ഥാപിക്കുന്ന കാര്യം ഗൗരവമായിട്ടെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

നമ്മുടെ നാടിന്റെ അഭിമാനമായ മറ്റൊരു പൊതുമേഖലാ സ്ഥാപനമാണ് മലബാർ സിമന്റ്സ്. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ അഞ്ചു വർഷത്തെ ഭരണംകൊണ്ട് 225 കോടി രൂപ ലാഭമുണ്ടാക്കിയ മലബാർ സിമന്റ്സ് എന്ന പൊതുമേഖലാ സ്ഥാപനം ഇന്നത്തെ അവസ്ഥയിലേക്ക് തകർന്നു പോയതെങ്ങനെയാണെന്ന് പരിശോധിക്കണം. സ്വകാര്യ സിമന്റ് കമ്പനികൾ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ കോടാനുകോടി രൂപയുടെ ലാഭമുണ്ടാക്കിയപ്പോൾ എന്തുകൊണ്ടാണ് ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള മലബാർ സിമന്റ്സ് എന്ന സ്ഥാപനം നഷ്ടത്തിലേക്ക് പോയത്? എത്രയാണ് ലാഭമെന്ന് ഇതുവരെ വ്യക്തമാക്കിയിട്ടില്ല. അതുപോലെ സിമന്റ് ഉല്പാദിപ്പിക്കുന്നതിനുള്ള ക്ലിംഗർ നമ്മുടെ രാജ്യത്ത് സുലഭമായിരിക്കെ എന്തിനാണ് ഗൾഫിൽ നിന്നും ഇറക്കുമതി ചെയ്യുന്നത്? മാത്രമല്ല, ഇവ വാങ്ങുന്നത് ഉല്പാദിപ്പിക്കുന്ന പ്ലാന്റിൽ നിന്നല്ല, ഇടനിലക്കാരനിൽ നിന്നാണ്. പലരേയും ബാധിക്കുമെന്നതുകൊണ്ടുമാത്രം ആ ഇടനിലക്കാരന്റെ പേര് ഞാനിവിടെ പറയുന്നില്ല. ഞാനത് പറയില്ല. ഒരു കാര്യം മാത്രം പറയാം. കഴിഞ്ഞ അഞ്ച് വർഷം..... (ബഹളം) .... നിങ്ങൾ എന്തൊക്കെ ബഹളമുണ്ടാക്കിയാലും ശരി, അഴിമതി, അഴിമതി തന്നെയാണ്. നിങ്ങൾ എന്തൊക്കെ പറഞ്ഞാലും അഴിമതിയോട് ഒരിക്കലും സന്ധി ചെയ്യില്ല, അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. കഴിഞ്ഞ അഞ്ച് വർഷം കേരളം ഭരിച്ച ഐക്യജനാധിപത്യമുന്നണിക്ക് ഏറ്റവും വേണ്ടപ്പെട്ട ആളാണ് ഇടനിലക്കാരനായി നിന്നത് എന്നത് സംശയമില്ലാത്ത കാര്യമാണ്.

കസ്തൂരിരംഗൻ റിപ്പോർട്ട് വളരെ പ്രധാനപ്പെട്ട റിപ്പോർട്ടാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ ഈ റിപ്പോർട്ടിൽ പരാമർശിക്കുന്ന ചില കാര്യങ്ങൾ മലബാർ സിമന്റ്സ് എന്ന സ്ഥാപനത്തിന്റെ നിലനിൽപ്പിന് വലിയ ആശങ്കയുണ്ടാക്കുന്നുണ്ട്. ഈ ഫാക്ടറിയുടെ മൈൻ പ്രവർത്തിക്കുന്നത് മലമ്പുഴ വില്ലേജിലാണ്. അവിടെ ഇ.എസ്.എ. (ഇക്കോളജിക്കൽ സെൻസിറ്റിവിറ്റി അനാലിസിസ്) ബാധകമാണെന്ന് കസ്തൂരിരംഗൻ റിപ്പോർട്ടിൽ പറയുന്നു. ഇക്കോളജിക്കൽ സെൻസിറ്റിവിറ്റിയിൽ വ്യത്യാസം വരുന്നു. അവിടെ മൈൻ പ്രവർത്തിക്കാൻ പാടില്ല. അതുപോലെ ഫാക്ടറി പ്രവർത്തിക്കുന്ന പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഇ.എസ്.എ. ബാധകമായതാണ്, അവിടെയും ഫാക്ടറി പ്രവർത്തിക്കാൻ പാടില്ല. പക്ഷേ ഒരു മലയുടെ തൊട്ടപ്പുറത്താണ് മറ്റൊരു പ്രധാനപ്പെട്ട സ്വകാര്യ സിമന്റ് കമ്പനിയുടെ ചുണ്ണാമ്പ് കല്ലെടുക്കുന്ന മൈൻ പ്രവർത്തിക്കുന്നത്. അവിടെ ഇ.എസ്.എ ബാധകമല്ലേ? അവിടെ ഇടപെടണ്ടേ? ഇടപെടാൻ ബാദ്ധ്യതപ്പെട്ട മുൻ ഗവൺമെന്റ് കഴിഞ്ഞ അഞ്ചുവർഷം ഇടപെട്ടിട്ടില്ല. ഞാൻ പറയുന്നു, മലബാർ സിമന്റ്സ് എന്ന പൊതുമേഖലാ സ്ഥാപനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് കൊല്ലം നടന്നത് നഗ്നമായ ലൂട്ടിംഗാണ്. ഇത് ഗൗരവമായ പരിശോധനയ്ക്കും അന്വേഷണത്തിനും വിധേയമാക്കണം.

മറ്റൊരു പ്രധാനപ്പെട്ട വിഷയം, എന്റെ നിയോജക മണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമാണ് മെറ്റൽ ഇൻഡസ്ട്രീസ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്കും ഊർജ്ജ വകുപ്പുമന്ത്രിക്കും അതുസംബന്ധിച്ച നിവേദനം കൊടുത്തിട്ടുണ്ട്. തീർച്ചയായും അത് പരിഗണിക്കുമെന്ന് കരുതുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രഖ്യാപനങ്ങളെല്ലാം തീർച്ചയായും നടപ്പാക്കുമെന്ന ഉത്തമ വിശ്വാസം എനിക്കുണ്ട്. പക്ഷേ, എന്റെ ബഹുമാന്യ സുഹൃത്ത് മണ്ണാർക്കാട് എം.എൽ.എ. ഇന്നലെ നടത്തിയ പ്രകടനം എന്നെ അത്ഭുതപ്പെടുത്തി. ഞാൻ ചോദിക്കട്ടെ, ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീന്റെ രാഷ്ട്രീയ പാർട്ടിക്കും ഐക്യജനാധിപത്യമുന്നണിക്കും ഭാരതീയ ജനതാപാർട്ടിയും ആർ.എസ്.എസ്.-ഉം എന്നാണ് മതേതര പാർട്ടിയായത്. അവരുടെ പിന്തുണയല്ലേ വാങ്ങിയത്? അതിനെല്ലാം കൃത്യമായ കണക്കുണ്ട്. ബി.ജെ.പി.-യുടെ വോട്ട് എങ്ങനെയാണ് അവിടെ മാത്രം കുറഞ്ഞത്? അത് കാശ് കൊടുത്ത് വാങ്ങിയതല്ലേ? രഹസ്യ ധാരണയുണ്ടാക്കിയതല്ലേ? ഈ സഭയിൽ ഭാരതീയ ജനതാപാർട്ടിയുടെ ഒരു പ്രതിനിധി ഇരിക്കുന്നുണ്ടെങ്കിൽ അതിന്റെ എല്ലാ അവകാശവും നിങ്ങൾക്ക് മാത്രമുള്ളതാണ്. ആ തൊപ്പി ഞങ്ങൾക്ക് പാകമല്ലെന്നു മാത്രം പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

1.00 PM]

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട ഗവർണ്ണർ രണ്ട് മണിക്കൂർ ഇരുപത് മിനിട്ട് നർമ്മബോധബോധത്തോടുകൂടി ശ്രീ. പിണറായി വിജയൻ സർക്കാരിനുവേണ്ടി നടത്തിയ നയപ്രഖ്യാപനപ്രസംഗത്തെ സന്തോഷത്തോടുകൂടി കാണുന്നു. കാരണം, രണ്ടു മണിക്കൂർ ഇരുന്നിട്ടുപോലും ഒരാളും ഉറങ്ങിയില്ല. അത് അദ്ദേഹത്തിന്റെ ഒരു കഴിവാണ്. ഗവൺമെന്റിനെപ്പറ്റി പറയുമ്പോൾ, ഏതു ഗവൺമെന്റ് ഭരിച്ചാലും അച്യുതാനന്ദൻ ഗവൺമെന്റ്, കരുണാകരൻ ഗവൺമെന്റ്, ഉമ്മൻചാണ്ടി ഗവൺമെന്റ് ഇങ്ങനെയാണ് പറയാറുള്ളത്. പക്ഷേ ഈ ഗവൺമെന്റിനെപ്പറ്റി പിണറായി ഗവൺമെന്റ് എന്ന് പറയാൻ ഒരു മടിയും ആവശ്യമില്ല. അതിന് കാരണം ശ്രീ. പിണറായി വിജയന്റെ നേരെ നിൽക്കാൻ കഴിവുള്ള ഒരാളും അവിടെയില്ല. കേരളത്തിന്റെ ഭരണം പൂർണ്ണമായും ശ്രീ. പിണറായി വിജയന്റെ കയ്യിലാണിരിക്കുന്നത്. അദ്ദേഹത്തിന്റെ പാർട്ടി സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇപ്പോൾ ജീവിച്ചിരിക്കുന്നുവെന്നുപോലും തെളിവില്ല. ഭരണം മുഴുവൻ അദ്ദേഹത്തിന്റെ കയ്യിലായി. ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. സഖാവ് പിണറായി വിജയന്റെ ഭരണത്തെ ഞാൻ അനുകൂലിക്കുന്നു. പക്ഷേ ഒരു കാര്യം

പറയാതിരിക്കാൻ കഴിയില്ല. ഇവിടെ സംസാരിച്ച ശ്രീ. എസ്. ശർമ്മ എന്താണ് പറഞ്ഞത്? ബി.ജെ.പി.-യെ കൊണ്ടുവന്നത് കോൺഗ്രസ്സാണെന്നാണ്. കോൺഗ്രസ്സുകാരൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ബി.ജെ.പി.-യെ കൊണ്ടുവന്നത് ഇടതു പക്ഷമാണെന്നാണ്. നിങ്ങൾ രണ്ടുപേരും ചക്കളത്തിപോരാട്ടം നടത്തി ബി.ജെ.പി.-യെ ഇവിടെ കൊണ്ടുവന്നിരിക്കുകയാണ്. ബി.ജെ.പി. സവർണ്ണ ഹിന്ദു ഫാസിസത്തിന്റ വക്താക്കളാണെന്ന് ബി.ജെ.പി.-യുടെ ഏക മെമ്പറായി ഇവിടെ വന്ന രാജേട്ടൻ തെളിയിച്ചില്ലേ? അദ്ദേഹത്തിന്റെ വോട്ട് എവിടെയാണ് കൊടുത്തത്? ശ്രീരാമനും കൃഷ്ണനുമുള്ളതുകൊണ്ട് ഇടതുപക്ഷത്തിന് കൊടുത്തു. ഞാൻ ചോദിക്കുന്നു, ഇന്ന് ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പിൽ എന്തുകൊണ്ടാണ് കൃഷ്ണനുണ്ടായിട്ടും അദ്ദേഹം ഇവിടെ വോട്ടുചെയ്യാത്തത്? വോട്ടുചെയ്യണ്ടേ? അദ്ദേഹം ഒളിച്ചുപോയിരിക്കുകയാണ്. ഇവിടെ ഇടതുപക്ഷവും യു.ഡി.എഫ്-ഉം വർഗ്ഗീയ ഫാസിസത്തെ വളർത്തുക മാത്രമല്ല കച്ചവട മനഃസ്ഥിതിയോടുകൂടി മുന്നോട്ടുപോകുകയാണ്. നിങ്ങൾ രണ്ടുകൂട്ടരും അങ്ങനെതന്നെ. ശ്രീ. നരേന്ദ്ര മോദിയുടെ മുമ്പിൽ പോയി കൈകൂപ്പി നിന്നത് ശ്രീ. പിണറായി വിജയനാണ്;

ഞാനല്ല. ഇടതുപക്ഷം അഞ്ചു കൊല്ലം ഭരിക്കും; അതുകഴിയുമ്പോൾ വലതുപക്ഷം അഞ്ചുകൊല്ലം ഭരിക്കും. ഇടതുപക്ഷവും യു.ഡി.എഫും അഡ്ജസ്റ്റ്മെന്റ് ഭരണമാണ് നടത്തുന്നത്. കേരളത്തിലെ ജനങ്ങളുടെ കണ്ണിൽ പൊടിയിട്ടുകൊണ്ട് യു.ഡി.എഫ്-ന് അഞ്ചുകൊല്ലം ഭരിക്കാം; ഇടതുപക്ഷത്തിന് അഞ്ചുകൊല്ലം ഭരിക്കാം. നിങ്ങൾ തമ്മിൽ പരസ്പരധാരണയാണ്. ബി.ജെ.പി. വരാതിരിക്കണം. ബി.ജെ.പി. വന്നാൽ വിഹിതം അവരുംകൂടി കൊണ്ടുപോകുമല്ലോ. പക്ഷേ കേന്ദ്രത്തിൽ ശ്രീ. നരേന്ദ്രമോദി ഭരിക്കുന്നതുകൊണ്ട് വേണമെങ്കിൽ കൂട്ടാമെന്ന നിലയിൽ പോകുകയാണ്. ഈ മൂന്നു കക്ഷികളും മൂന്നു മുന്നണികളും രാജ്യത്തിന് അപകടമാണ്. ജനപക്ഷമുന്നണി ഉയർന്നുവരുന്ന സാഹചര്യം നാളെ ഉണ്ടാകുമെന്നുമാത്രം പറഞ്ഞുകൊണ്ടു ചുരുക്കുന്നു.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u> : സർ, 24-6-2016-ൽ ബഹുമാനപ്പെട്ട ഗവർണർ നടത്തിയ നയപ്രഖ്യാപനത്തിന് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ഇരുളടഞ്ഞ നാളുകൾ കേരളത്തിന് സമ്മാനിച്ച യു.ഡി.എഫ്-ന്റെ അഞ്ചുവർഷത്തെ ഭരണത്തിന് വിരാമമിട്ട് പുത്തൻ വെളിച്ചം പകർന്ന ഭരണമാറ്റത്തിന്റെ വിളംബരമാണ് നയപ്രഖ്യാപനത്തിലൂടെ വ്യക്തമാകുന്നത്. ഇടതുപക്ഷ സർക്കാരുകൾ നടപ്പിലാക്കിയ പരിഷ്കാരങ്ങളിലൂടെ കേരളം ആർജ്ജിച്ച വികസന പുരോഗതിയും നാം നിലനിർത്തിയ മതനിരപേക്ഷതയും കഴിഞ്ഞ

അഞ്ചുവർഷക്കാലം വെല്ലുവിളിക്കപ്പെടുകയായിരുന്നു. അഴിമതി നിറഞ്ഞ സാമ്പത്തി കനയങ്ങൾ ഖജനാവ് കാലിയാക്കി. കടം വാങ്ങാവുന്നിടത്തുനിന്നെല്ലാം കടം വാങ്ങി ധൂർത്തടിച്ചു. വിദ്യാഭ്യാസരംഗത്തെ തകർത്തു. പാഠപുസ്തകങ്ങൾ കുട്ടികൾക്ക് സമയത്തിന് നൽകാൻ കഴിയാത്ത അവസ്ഥയുണ്ടാക്കി. പൊതുമേഖലാ സ്ഥാപനങ്ങളെ തകർത്ത് നഷ്ടത്തിലാക്കി. യാതൊരു തത്വദീക്ഷയുമില്ലാതെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പാർശ്വവർത്തികളെ തിരുകിക്കയറ്റി അവയുടെ സാമ്പത്തികഭാരം വർദ്ധിപ്പിച്ചു. അപ്രഖ്യാപിത കറണ്ടുകട്ട് വ്യാപകമാക്കി. നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുകയറുമ്പോൾ പൊതുവിതരണ സംവിധാനം നിഷ്ക്രിയമാക്കി. വെള്ളക്കരവും കറണ്ട് ചാർജ്ജും യാത്രാക്കൂലിയും വർദ്ധിപ്പിച്ച് ജനങ്ങളെ വീർപ്പുമുട്ടിച്ചു. പരമ്പരാഗത വ്യവസായങ്ങളുടെ ശവപ്പറമ്പാക്കി കേരളത്തെ യു.ഡി.എഫ്. ഗവൺമെന്റ് മാറ്റുകയായിരുന്നു. കശുവണ്ടി, കയർ, കൈത്തറി മേഖലകൾ തകർന്നതിന്റെ ഫലമായി തൊഴിലാളികൾ വഴിയാധാരമാകുന്ന സ്ഥിതിയായിരുന്നു. അവരുടെ കണ്ണീരും ശാപവുമാണ് യു.ഡി.എഫ്-ന്റെ തകർച്ചയ്ക്ക് വഴിയൊരുക്കിയത്. കണ്ടിട്ടും കൊണ്ടിട്ടും പഠിക്കാൻ തയ്യാറാകാത്ത യു.ഡി.എഫ്. പിന്നിട്ട ഭരണ നാളുകളെ ഓർത്ത് ലജ്ജയില്ലാതെ ഇപ്പോഴും ഊറ്റം കൊള്ളുകയാണ്. യു.ഡി.എഫ്. തകർത്ത കേരളത്തിന്റെ സമ്പദ്ഘടനയെ, ജനജീവിതത്തെ പുനരുദ്ധരിക്കാനുള്ള യജ്ഞമാണ് ഈ സർക്കാരിന്റെ നയപ്രഖ്യാപനരേഖ. യു.ഡി.എഫ്. അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങളായ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ തുറന്ന് തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പുവരുത്താൻ നയപ്രഖ്യാപനരേഖ ലക്ഷ്യം വയ്ക്കുകയാണ്. കശുവണ്ടി ഉൽപ്പാദനം തദ്ദേശീയമായി വികസിപ്പിക്കുന്നതിനുള്ള ദീർഘകാല പദ്ധതിക്ക് രൂപം നൽകി, ആ വ്യവസായത്തിന്റെ സംരക്ഷണം ഉറപ്പുവരുത്താനുള്ള നടപടി നയപ്രഖ്യാപനത്തിൽ വ്യക്തമാക്കുന്നു. കടുത്ത വെല്ലുവിളികളും തകർച്ചയും നേരിടുന്ന കയർ വ്യവസായത്തെ പുനരുദ്ധരിക്കാനുള്ള കർമ്മപദ്ധതികൾ നയപ്രഖ്യാപനത്തിൽ വാഗ്ദാനം ചെയ്യുന്നത് സ്വാഗതാർഹമായ കാര്യമാണ്.

കേരളം ലഹരി മാഫിയകളുടെ പിടിയിലമർന്നുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ഗൗരവമുള്ളതാണ്. യു.ഡി.എഫ്. കൊട്ടിഘോഷിച്ച ബാർ പൂട്ടൽ ലഹരിവസ്തുക്കളുടെ ഉപഭോഗം കുറയ്ക്കാൻ പര്യാപ്തമായില്ലെന്ന് മാത്രമല്ല വ്യാപകമായ കോഴയ്ക്ക് അവസര മൊരുക്കുകയാണ് ചെയ്തത്. ശക്തവും ഫലപ്രദവുമായ ബോധവൽക്കരണത്തിലൂടെ ലഹരിവിമുക്തമായ ഒരു സംസ്ഥാനമായി കേരളത്തെ നമുക്ക് മാറ്റേണ്ടതുണ്ട്. ബാർ അടച്ചുപൂട്ടിയതിന്റെ ഫലമായി ഏതെങ്കിലുമൊരു മദ്യപാനി മദ്യത്തിന്റെ ഉപയോഗം നിർത്തിയതായി എവിടെയും കേട്ടറിവില്ല.

വിലക്കയറ്റത്തിന്റെ രൂക്ഷത സാധാരണക്കാർക്ക് അനുഭവപ്പെടാതിരിക്കാൻ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി 150 കോടി രൂപ നീക്കിവച്ചതിലൂടെ ഈ ഗവൺമെന്റിന്റെ ജനപക്ഷ നിലപാട് വ്യക്തമായിരിക്കുകയാണ്. വനംകൊള്ളക്കാരുടെ പിടിയിലമർന്ന സംസ്ഥാനത്തിന്റെ വനങ്ങൾ സംരക്ഷിക്കാൻ, വനനശീകരണം അവസാനിപ്പിക്കാൻ പ്രായോഗികമായ കർമ്മപദ്ധതികൾ നയ പ്രഖ്യാപനത്തിൽ മുന്നോട്ടുവയ്ക്കുന്നു.

മത്സ്യബന്ധനമേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ യാഥാർത്ഥ്യ ബോധത്തോടെ വിലയിരുത്താനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനും ലക്ഷ്യമിടുന്ന നയപ്രഖ്യാപനം പ്രതീക്ഷയുണർത്തുന്നതാണ്. സുനാമിദുരന്തം ഏറ്റുവാങ്ങിയ ആളുകളാണ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾ. മത്സ്യത്തൊഴിലാളികൾ നിരവധി സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് കടമെടുത്തിട്ടുണ്ട്. ആ കടത്തിന് മൊറട്ടോറിയം ഏർപ്പെടുത്തുകയും കടത്തിന്റെ ഒരു ഭാഗം സുനാമി ഫണ്ടിൽ നിന്ന് നൽകുകയും ചെയ്ത കാര്യം ഞാൻ ഓർക്കുകയാണ്. എന്നാൽ ആ മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോഴും കടബാദ്ധ്യതയിൽ നിന്ന് പൂർണ്ണ മോചനമുണ്ടായിട്ടില്ല. ധനകാര്യസ്ഥാപനങ്ങളിൽ പ്ലെഡ്ജ് ചെയ്തിട്ടുള്ള അവരുടെ പ്രമാണങ്ങൾ ഇപ്പോഴും ആ സ്ഥാപനങ്ങളിൽത്തന്നെയാണുള്ളത്. ബാക്കി അടയ്ക്കാനുള്ള തുക അടച്ച് അവരെ കടത്തിൽ നിന്ന് വിമുക്തമാക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ - ശ്രീമതി ഇ. എസ്. ബിജിമോൾ)

റബ്ബർമേഖല തകർച്ചയെ നേരിട്ട ഒരു കാലഘട്ടമാണ് പിന്നിട്ട അഞ്ചു വർഷക്കാലം. റബ്ബർ കർഷകരെ സംരക്ഷിക്കാൻ നിരവധി പാക്കേജുകൾ നടപ്പിലാക്കിയെന്ന് ഇവിടെ അവകാശപ്പെട്ടു. ആ പാക്കേജുകൾ നടപ്പിലാക്കിയ

കേരളത്തിലാണ് റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യ പ്പെട്ടുകൊണ്ട് ശ്രീ. കെ. എം. മാണിയുടെ മകൻ ശ്രീ. ജോസ്. കെ. മാണിക്ക് നിരാഹാരം കിടക്കേണ്ടിവന്നതെന്ന വസ്തുത നാം കാണാതെ പോകരുത്. എന്നിട്ടും ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാദ്ധ്യമാകാത്ത സാഹചര്യത്തിലാണ് റബ്ബർ കർഷകരുടെ പ്രശ്നങ്ങളിലേക്ക് ശ്രദ്ധതിരിക്കുന്ന സമീപനം ഈ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്.

ആരോഗ്യപരിപാലനത്തിന് എൽ.ഡി.എഫ്. ഗവൺമെന്റ് മുന്തിയ പരിഗണന നൽകുമെന്ന വ്യക്തമായ ഉറപ്പാണ് ഈ നയരേഖയിലുള്ളത്. സി.എച്ച്.സി.-കൾ സാധാരണ ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പരിഷ്കരിക്കപ്പെടേണ്ടതുണ്ട്. ആവശ്യത്തിന് മരുന്നും ഡോക്ടർമാരും അവിടെയുണ്ടാകുമെന്നുള്ള കാര്യം ഉറപ്പാക്കാൻ കഴിയണം. കേരളത്തിന്റെ സമഗ്രവും സന്തുലിതവുമായ വികസനത്തിനുള്ള ആധികാരിക രേഖയായ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണച്ചു കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. നൗഷാദ്</u> : സർ, ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേൽ ബഹുമാനപ്പെട്ട എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ സന്ദേശമാണ് നയപ്രഖ്യാപനത്തിലൂടെ കാണാൻ കഴിഞ്ഞത്. ദിശാബോധമുള്ള നയ പ്രഖ്യാപനമാണിത്. കേരളം ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാനാവശ്യമായ പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്ന യാഥാർത്ഥ്യബോധമുള്ള ഒരു നയപ്രഖ്യാപനമാണിത്. ഞങ്ങളുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്. ചോറ് വെന്തോ എന്നറിയാൻ എല്ലാം കൂടി ഞെക്കി നോക്കേണ്ട കാര്യമില്ല, ഒരു ചോറെടുത്തുനോക്കിയാൽ ബാക്കിയെല്ലാം വെന്തിട്ടുണ്ടോ എന്നറിയാം എന്നാണ്. കഴിഞ്ഞ ഒരു മാസക്കാലത്തെ ഈ ഗവൺമെന്റിന്റെ നിലപാടുകളും തീരുമാനങ്ങളും നയപ്രഖ്യാപനവും വളരെ ആവേശകരമാണ്. പെൻഷൻ വർദ്ധിപ്പിക്കാനും വിലക്കയറ്റം തടഞ്ഞുനിർത്താനും ജിഷാ കൊലക്കേസ് അന്വേഷിക്കാനും ആദ്യത്തെ മന്ത്രിസഭാ യോഗത്തിൽ തന്നെ തീരുമാനമെടുത്തു. ജിഷാ കൊലക്കേസ് പ്രതികളെ കണ്ടുപിടിക്കാൻ കഴിഞ്ഞുവെന്നുള്ളത് സർക്കാരിന്റെ ദിശാബോധം എങ്ങോട്ടേയ്ക്കാണ് എന്നുള്ളത് കൃത്യമായി തെളിയിക്കുന്നതാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം യു.ഡി.എഫ്.-ന് ഭരിക്കാൻ സമയമില്ലായിരുന്നു. സോളാർ, മെത്രാൻകായൽ, ബാർകോഴ എന്നിവയായിരുന്നു ചർച്ച. അതുപോലെ വിദ്യാഭ്യാസരംഗത്തെ അവസ്ഥ എന്തായിരുന്നു? യു.ഡി.എഫ്. സർക്കാരിന്റെ നേട്ടങ്ങളെക്കുറിച്ച് ചിലർ സംസാരിക്കുന്നത് കണ്ടു. വിദ്യാഭ്യാസ രംഗത്തെ നേട്ടം നോക്കാം. എസ്.എസ്.എൽ.സി. എഴുതാത്തവർ ജയിക്കുന്നു, ജയിച്ചവർ തോൽക്കുന്നു, തോറ്റവർക്ക് എ-പ്ലസ് എന്നിങ്ങനെയാണ്. എ-പ്ലസ് വാങ്ങേണ്ട കുട്ടി തോറ്റത് കണ്ട് എന്റെ റബ്ബേ എന്ന് വിളിച്ചുപോയ ആൾക്കാരെ എന്റെ നാട്ടിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. ശ്രീ. പി. കെ. അബ്ദു റബ്ബ് ആയിരുന്നു അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി. അതോർത്തിട്ടായിരിക്കാം അവർ റബ്ബേ എന്ന് വിളിച്ചുപോയത്. ഇവിടെ ചർച്ചയിൽ പങ്കെടുത്ത പല അംഗങ്ങളും പറഞ്ഞു, യു.ഡി.എഫ്. നയത്തിന്റെ

തുടർച്ചയാണ് ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപനമെന്ന്. അങ്ങനെയാണെങ്കിൽ പിന്തുണച്ചുകൂടേ? ആദ്യം പറയുന്നത് ഞാൻ ഇതിനെ എതിർക്കുന്നുവെന്നാണ്. എന്നിട്ട് അതേ വായിൽ യു.ഡി.എഫ്. നയങ്ങളുടെ തുടർച്ചയാണ് ഈ നയപ്രഖ്യാപനമെന്ന് പറയുന്നു. അത് ശരിയല്ല. പറയുന്ന കാര്യങ്ങൾ യാഥാർത്ഥ്യബോധത്തോടുകൂടി പറയണം. പറഞ്ഞത് ശരിയാണെങ്കിൽ ഈ നയത്തെ പിന്തുണയ്ക്കുകയാണ് വേണ്ടത്.

അതുപോലെ യാതൊരു സുരക്ഷിതത്വബോധവുമില്ലാതെ കുട്ടികളെ സ്കൂളിലേക്ക് അയച്ചാൽ തിരിച്ചുവരുമെന്ന് പ്രതീക്ഷപോലുമില്ലാതിരുന്ന സ്ഥാനത്ത് ഈ ഗവൺമെന്റ് സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി ഒരു പ്രത്യേക വകുപ്പും അതിനൊരു മന്ത്രിയെയും തീരുമാനിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. വളരെ പ്രതീക്ഷയോടുകൂടിയാണ് ജനങ്ങൾ ആ നിലപാടിനെ കാണുന്നത്. ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് നൽകേണ്ട മാവേലി സ്റ്റോറിലുള്ള സാധനങ്ങൾക്കുപോലും നാല് തവണ വില കൂട്ടിയവരാണിവർ. ജനങ്ങളോട് നിങ്ങൾക്ക് സ്നേഹമില്ലെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് നിങ്ങളിപ്പോൾ അപ്പുറത്തിരിക്കുന്നത്.

കഴിഞ്ഞ കാലത്ത് ഞങ്ങൾ നടത്തിയ സമരങ്ങളെയെല്ലാം നിങ്ങൾ അധിക്ഷേപിച്ചു. ഞങ്ങൾ നടത്തിയ സമരത്തിന്റെ ഫലമായിട്ടാണ്, ഒരു ജുഡീഷ്യൽ എൻക്വയറിയുടെ ഭാഗമായി കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഒരു മുഖ്യമന്ത്രിക്ക് 14 മണിക്കൂറോളം വിയർപ്പൊലിച്ച് വെള്ളവും കുടിച്ച് ഇരിക്കേണ്ടി വന്നതെന്നുള്ളത് മറക്കരുത്. അത് വലിയ നേട്ടമായി കാണുന്നവരെക്കുറിച്ച് എന്ത് പറയാൻ?

കൊല്ലം ജില്ലയിലെ ഒരു പ്രധാനപ്പെട്ട വ്യവസായമാണ് കശുവണ്ടി. കശുവണ്ടി മേഖല ഒട്ടേറെ പ്രശ്നങ്ങൾ ഇന്ന് നേരിടുന്നുണ്ടെങ്കിലും ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം കശുവണ്ടിയുടെ ലഭ്യതയാണ്. കശുവണ്ടിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ദീർഘവീക്ഷണത്തോടുകൂടി പ്ലാന്റേഷൻ നടത്തി കശുവണ്ടിയുടെ ഉത്പാദനം വർദ്ധിപ്പിക്കുമെന്നും ഇവിടെ സ്ഥലമില്ലെങ്കിൽ മറ്റുള്ള സ്ഥലങ്ങളിൽ നിന്ന് പാട്ടത്തിന് സ്ഥലമെടുത്ത് നട്ടുപിടിപ്പിക്കുമെന്നും പറഞ്ഞത് പ്രതീക്ഷയോടും ആവേശത്തോടുംകൂടിയാണ് കൊല്ലത്തെ കശുവണ്ടിത്തൊഴിലാളികൾ കാണുന്നത്. അവരുടെ പ്രതീക്ഷ അസ്ഥാനത്തല്ലെന്നുള്ളത് കാലം തെളിയിക്കും. വികസനവും കരുതലും എന്നാണ് യു.ഡി.എഫ് പറഞ്ഞിരുന്നത്. ആരുടെ വികസനം എന്നറിയില്ല. ഭരണത്തിലിരിക്കുന്നവർ പുറത്ത് നോട്ടെണ്ണുന്ന യന്ത്രം വാങ്ങി വച്ചു എന്നാണ് ഞങ്ങൾ കേട്ടത്. അത് കരുതലിന്റെ ഭാഗമായായിരിക്കാം. അത് മാത്രമാണ് കഴിഞ്ഞ അഞ്ചു വർഷം നടന്നിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ

നേട്ടം ഒന്നുമില്ലെന്ന് പറയാൻ കഴിയില്ല. കൊല്ലത്തുകാരെ സംബന്ധിച്ച് സർക്കാരിന്റെ നേട്ടമെന്ന് പറഞ്ഞാൽ, ആർ.എസ്.പി.-യെ കുതിരക്കച്ചവടത്തിലൂടെ നാമാവശേഷമാക്കി അതിന്റെ അന്ത്യം കണ്ടുവെന്നുള്ളതാണ്. ആർ.എസ്.പി.-യെ ഇല്ലാതാക്കി തന്നതിൽ സന്തോഷമുണ്ട്. ആർ.എസ്.പി. മാത്രമല്ല, ജനതാദളും പോയി. ശ്രീ. ആർ. സെൽവരാജിനെ കൂട്ടി, അതും പോയി. ഇത്തരത്തിലുള്ള നേട്ടങ്ങൾ മാത്രമാണ് നിങ്ങൾക്കുണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത്.

മറ്റൊരു കാര്യം, ഭൂരഹിതർക്ക് ഭൂമി നൽകിയതുമായി ബന്ധപ്പെട്ട് ബഹുമാന്യനായ മുൻ റവന്യൂ വകുപ്പുമന്ത്രി രണ്ട് ലക്ഷത്തി നാൽപ്പത്തി അയ്യായിരമെന്ന കണക്ക് പറയുന്നത് കേട്ടു. അത് തെറ്റായ കണക്കാണ്. കാരണം, വില്ലേജാഫീസുകളിൽ പാവപ്പെട്ടവനെ നിർത്തി വെയിലുകൊള്ളിച്ച് അപേക്ഷ വാങ്ങിച്ച കണക്കാണത്. കൊല്ലത്തുള്ളവരോട് കാസർഗോഡ് സ്ഥലം തരാമെന്നും കാസർഗോഡുള്ളവരോട് കൊല്ലത്ത് സ്ഥലം തരാമെന്നും പറയും. അങ്ങനെ കൊടുത്താൽ ആരെങ്കിലും പോകുമോ? പിറന്ന നാടും ഗൃഹാതുരത്വവും വിട്ട് മൂന്ന് സെന്റ് സ്ഥലം തരാമെന്ന് പറഞ്ഞാൽ ആരും പോകില്ല. അതവർക്ക് നന്നായി അറിയാം. അതിൽനിന്നും വ്യത്യസ്തമായി യാഥാർത്ഥ്യബോധത്തോടുകൂടി സർവ്വേ നടത്തി ഗുണഭോക്താക്കളെ കണ്ടുപിടിക്കുമെന്ന് പറഞ്ഞിട്ടുള്ള പ്രഖ്യാപനം തികച്ചും യാഥാർത്ഥ്യബോധമുള്ളതാണ്.

മറ്റൊന്ന്, ബി.ജെ.പി. എം.പി.-മാരെ രണ്ടിൽ നിന്നും വർദ്ധിപ്പിച്ചത് ഇടതു പക്ഷമാണെന്ന് പറഞ്ഞു. ഒന്നുകിൽ ഞങ്ങളുടെ വലിപ്പത്തെ അംഗീകരിക്കണം. കേരളത്തിൽ നിന്നും ബംഗാളിൽ നിന്നും ത്രിപുരയിൽ നിന്നൊന്നുമല്ല അവർക്ക് എം.പി.-മാരുണ്ടായത്. രണ്ട് എം.പി.-മാർ ഉണ്ടായിരുന്നിടത്തുനിന്ന് അവർ ഭരണകർത്താക്കളായി മാറിയത് ആരുടെ എം.പി.-മാരെ പരാജയപ്പെടുത്തിയിട്ടാണ്? കോൺഗ്രസിന്റെ എം.പി.-മാരെ പരാജയപ്പെടുത്തിയാണ് അവർ ഈ തരത്തിലേക്ക് വളർന്നത്. ഇവിടെ അവർ എങ്ങനെയാണ് അക്കൗണ്ട് തുറന്നത്; നേമത്ത് എങ്ങനെയാണ് അവർ കടന്നുവന്നത്; നേമത്ത് യു.ഡി.എഫ്.-ന്റെ വോട്ട് എവിടെപ്പോയി? വളരെ പ്രധാനപ്പെട്ട ഒരു മത്സരം നടന്ന നേമത്ത് മൂന്നാം സ്ഥാനത്തേക്ക് പോകുന്ന ഒരവസ്ഥയിലേക്ക് വന്നില്ലേ? അതെങ്ങനെ പോയി എന്നുള്ളത് നിങ്ങൾ പരിശോധിക്കണം. ബി.ജെ.പി.-യെ അക്കൗണ്ട് തുടങ്ങിച്ച് ഇവിടെ കൊണ്ടുവന്നു. ഇവിടെ വന്നിട്ട് അദ്ദേഹം ഞങ്ങൾക്ക് വോട്ട് ചെയ്തു. ആ വോട്ട് ഞങ്ങൾക്ക് വേണ്ട, അതിന് യാതൊരു പ്രാധാന്യവുമില്ല. പക്ഷെ, ആരുടെ കൂടെയാണ് നടക്കുന്നതെന്ന് ഇന്നലെ ഞങ്ങൾ കണ്ടു. അതുകൊണ്ട് ജനങ്ങളെ പറ്റിക്കുന്ന തരത്തിലുള്ള പണി യു.ഡി.എഫ്. നിർത്തുന്നതാണ് നല്ലത്. 20-ൽ നിന്ന് 18 അല്ലേ ആക്കിയുള്ളൂവെന്നാണ് ലീഗുകാർ

പറയുന്നത്. മരണമണി തുടങ്ങിയെന്ന കാര്യം മറക്കരുത്. 20 അംഗങ്ങൾ എന്നുള്ളത് 18 ആയില്ലേ; ഇനി 16-ഉം 14-ഉം ആയി മാറും. കേരളത്തിൽ ഒറ്റയടിക്ക് ഇല്ലാതാക്കാൻ കഴിയില്ല. തിരുവിതാംകൂർ മേഖലയിൽ ഇപ്പോൾ ഈ പാർട്ടിയില്ല. അത് മറക്കരുത്. നിങ്ങളുടെ മരണമണി മുഴങ്ങിക്കഴിഞ്ഞു. വിജിലൻസിൽ നിന്ന് ശ്രീ. ജേക്കബ് തോമസിനെ ഇറക്കിവിട്ട് ഞങ്ങളെ എന്ത് ചെയ്യാൻ പോകുകയാണെന്ന് ഇവിടെ ചിലർ ചോദിച്ചു. മടിയിൽ കനമില്ലെങ്കിൽ പിന്നെ വഴിയിൽ പേടിക്കുന്നതെന്തിനാണ്; ആര് വിജിലൻസ് ഡയറക്ടർ ആയാലെന്താ; അല്ലെങ്കിലെന്താ? എന്നെ കണ്ടാൽ കിണ്ണം കട്ടെന്ന് തോന്നുമോ എന്ന് ചോദിക്കുന്നത് പോലെയാണത്. നിങ്ങൾ വല്ലാതെ പേടിക്കുകയാണ്. ഇപ്പോൾ ഭയങ്കര ദളിത് പ്രേമമാണ്. ബി.ജെ.പി.-യെക്കൂടി കൂട്ടുപിടിച്ചുകൊണ്ടാണ് പട്ടികജാതിക്കാരോട് സ്നേഹം പ്രകടിപ്പിക്കുന്നത്. ഹരിയാനയിൽ പട്ടികജാതിക്കാരെ ചുട്ടുകൊന്നു. കെ. ആർ. നാരായണനെപ്പോലെ വളർന്നുവരേണ്ട ഹൈദ്രാബാദിലെ രോഹിത് വെമുലയെന്ന പ്രതിഭാധനനെ ആത്മഹത്യയിലേയ്ക്ക് തള്ളിവിട്ടു. ക്രിമിനലുകളായ രണ്ടുപേരെ കോടതി റിമാന്റ് ചെയ്ത് ജയിലിലടച്ചതിൽ എന്തൊരു വിഷമമാണ്. ജീവിക്കാനുള്ള സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ നൂറുകണക്കിന് സ്ത്രീകളെയും കുട്ടികളെയും ജയിലിലടച്ചവർക്ക് ക്രിമിനലുകളെ ജയിലലടച്ചപ്പോൾ അവരോട് എന്തൊരു സ്നേഹമാണ്. ഇത് ദളിത് പ്രേമമൊന്നുമല്ല. അവർ കോൺഗ്രസ് പ്രവർത്തകർ തന്നെയാണ്. അതുപോലെ സദാചാര പോലീസ് ചമഞ്ഞ് ചിലർ നടക്കുന്നുണ്ട്. മങ്കടയിൽ ഇന്നലെ ഒരാൾ കൊല ചെയ്യപ്പെട്ട കേസിലെ പ്രതികൾ മുഴുവൻ ലീഗുകാരാണ്. അത്തരം പ്രവർത്തനങ്ങൾക്കെതിരായി ശക്തമായ നിലപാടുകളെടുക്കണം. ഇവിടെ ചോദിക്കാനും പറയാനും ഒരു ഗവൺമെന്റുണ്ടെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിയണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. റോജി എം. ജോൺ</u> : സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്. നയപ്രഖ്യാപന പ്രസംഗം ആവർത്തനവിരസമായിരുന്നെങ്കിലും കുറെ മോഹന വാഗ്ദാനങ്ങളായിരുന്നുവെന്നുള്ളത് നമ്മളെല്ലാവരും കണ്ടതാണ്. ശ്രീ. എസ്. ശർമ്മയും ഭരണകക്ഷിയിലെ മറ്റംഗങ്ങളും കഴിഞ്ഞ സർക്കാർ ചെയ്ത കാര്യങ്ങളെ പൂർണ്ണമായും തള്ളിക്കളഞ്ഞുകൊണ്ടാണ് സംസാരിച്ചത്. കേരളത്തിൽ അഞ്ച് വർഷം കൂടുമ്പോൾ ഒരു ഭരണമാറ്റമുണ്ടാകുന്നത് പുതിയ കാര്യമൊന്നുമല്ല. ഭരണ മാറ്റമുണ്ടാകുമ്പോൾ അതിന്റെ അർത്ഥം അതിന് മുമ്പുണ്ടായിരുന്ന സർക്കാർ ചെയ്ത കാര്യങ്ങളെല്ലാം നിരാകരിക്കപ്പെട്ടുവെന്നുള്ളതല്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ധൂർത്തായിരുന്നുവെന്ന്

ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് ശരിയായിരിക്കാം. കാരണം, സർക്കാർ ചെയ്ത ചില വസ്തുതകൾ നമ്മുടെ മുമ്പിലുണ്ട്. ആ വസ്തുതകൾ തമസ്കരിക്കപ്പെടാൻ പാടില്ല. ഇതിന് മുമ്പ് എൽ.ഡി.എഫ്. ഭരിച്ചിരുന്ന അഞ്ച് വർഷവും കഴിഞ്ഞ അഞ്ച് വർഷത്തെ യു.ഡി.എഫ്.-ന്റെയും ഭരണകാലത്തെ ചില വസ്തുതകൾ പരിശോധിച്ചാൽ കേരളത്തിലെ ജനങ്ങൾ ഇതൊന്നും മറക്കില്ലെന്ന് വ്യക്തമാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലുണ്ടായിരുന്നത് വെറും 5 മെഡിക്കൽ കോളേജുകൾ മാത്രമാണ്. ഇന്നത് 16 ആയി മാറിയിരിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വിതരണം ചെയ്തത് 120,24,00,000 രൂപയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ വിതരണം ചെയ്തത് 789,00,00,000 രൂപയാണ്. എൻഡോസൾഫാൻ ദുരിതബാധിതർക്കായി എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2011-ലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപയുടെ ഒരു പ്രഖ്യാപനം മാത്രം നടത്തിയപ്പോൾ യു.ഡി.എഫ്. സർക്കാർ 150,71,00,000 രൂപ എൻഡോസൾഫാൻ ദുരിതബാധിതർക്കായി വിതരണം ചെയ്തുവെന്നുള്ള സത്യം മറന്നുപോകരുത്. മൂവായിരം കോടി രൂപയുടെ ഐ.ടി. കയറ്റുമതിയാണ് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിരുന്നതെങ്കിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അത് പതിനയ്യായിരം കോടി രൂപയായി ഉയർന്നിട്ടുണ്ട്.

പട്ടയം വിതരണം ചെയ്തതിനെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കാരുണ്യ പദ്ധതിയിലൂടെ 1200 കോടി രൂപയാണ് വിതരണം ചെയ്തത്. ഇത്തരം വസ്തുതകൾ മറക്കരുതെന്നാണ് ബഹുമാനപ്പെട്ട ഭരണപക്ഷ എം.എൽ.എ.-മാരോട് എനിക്ക് സൂചിപ്പിക്കാനുള്ളത്. കോൺഗ്രസിന്റെ പരാജയത്തെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട ഭരണപക്ഷ അംഗങ്ങൾ നെടുവീർപ്പിടുന്നത് കണ്ടു. പല തെരഞ്ഞെടുപ്പുകളിലും മത്സരിക്കുകയും വിജയിക്കുകയും ചെയ്ത ചരിത്രമുള്ള ഒരു പാർട്ടിയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്. ഇന്ത്യയിൽ ഒന്നേകാൽ സംസ്ഥാനത്ത് മാത്രം ഭരണത്തിലിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ പരാജയത്തെക്കുറിച്ചോർത്ത് നെടു വീർപ്പിടേണ്ടതില്ല എന്നാണ് ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്. പരാജയങ്ങളിൽ നിന്നും ഉയർത്തെഴുന്നേറ്റ ചരിത്രവും പാരമ്പര്യവും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനുണ്ട്, അത് ആവർത്തിക്കപ്പെടുമെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

ഒരു ബി.ജെ.പി. അംഗം സഭയിലെത്തിയതിനെക്കുറിച്ച് എനിക്കുമുൻപ് സംസാരിച്ച അംഗം സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ രണ്ടു ദിവസമായി അങ്ങോട്ടു മിങ്ങോട്ടും അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നു.നേമത്ത് ബി.ജെ.പി.-ക്ക് കിട്ടിയ വോട്ട് ആരുടെ വോട്ടാണെന്ന് വസ്തുനിഷ്ഠമായ ഒരന്വേഷണത്തിലൂടെ നമുക്ക് തെളിയിക്കാൻ സാധിക്കുകയില്ല. എന്നാൽ നമ്മുടെ മുൻപിലുള്ള വസ്തുതകളെ നമുക്ക് മറക്കാൻ സാധിക്കുകയില്ല. ഭാരതീയ ജനതാ പാർട്ടിയുമായി രാഷ്ട്രീയ കൂട്ടുകെട്ടുണ്ടാക്കാത്ത ഏക രാഷ്ട്രീയ പ്രസ്ഥാനം ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സാണെന്ന കാര്യം എല്ലാവർക്കുമറിയാവുന്നതാണ്. പല ഘട്ടങ്ങളിൽ ഭാരതീയ ജനതാപാർട്ടിയുമായി രാഷ്ട്രീയ കൂട്ടുകെട്ടുണ്ടാക്കി അവരുടെ വളർച്ചയ്ക്ക് വളം വച്ചുകൊടുത്ത ആളുകളാണ് ബി.ജെ.പി. അംഗം ഈ സഭയിൽ എത്തിയതിനെക്കുറിച്ച് പരിതപിക്കുകയും നെടുവീർപ്പിടുകയും ചെയ്യുന്നത്. അതു കൊണ്ടുതന്നെ ഇത്തരം കാര്യങ്ങൾ പരാമർശിക്കുമ്പോൾ ചരിത്രസത്യങ്ങൾ മറക്കരുത്.

മുഖ്യമന്ത്രിയായി ശ്രീ. പിണറായി വിജയൻ അധികാരമേറ്റപ്പോൾ, അദ്ദേഹം ചുമതല വഹിക്കുന്ന പോലീസ് വകുപ്പിനെക്കുറിച്ച് പറഞ്ഞത് തുല്യനീതി നടപ്പിലാക്കുമെന്നാണ്. ആ പ്രസ്താവനയെ ഞങ്ങളൊക്കെ വളരെ പ്രതീക്ഷയോടെയാണ് കേട്ടത്. അധികാരമേറ്റ് ഒരു മാസം തികയുമ്പോൾ കേരളത്തിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? കേരളത്തിൽ അങ്ങോളമിങ്ങോളം വിദ്യാർത്ഥി പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നേതാക്കളെയും കെ.എസ്.യു.-വിന്റെ പ്രവർത്തകരെയും ക്രൂരമായി മർദ്ദിക്കുന്ന നടപടിയാണ് പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ മാത്രം കഴിഞ്ഞ ഒരു മാസത്തിനിടയിൽ ഇരുപത്തിനാലിലധികം പ്രവർത്തകരെ ഈ സർക്കാർ ജയിലിലടച്ചു. നൂറുകണക്കിന് പ്രവർത്തകരെ ക്രൂരമായി മർദ്ദിച്ച് ആശുപത്രിയിലാക്കി. മറ്റു പല ജില്ലകളിലും സമാനമായിട്ടുള്ള സംഭവങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ജനാധിപത്യ പ്രക്രിയയിൽ പങ്കെടുക്കാൻ കെ.എസ്.യു-വിന്റെ പ്രവർത്തകർക്ക് നോമിനേഷൻ കൊടുക്കാൻപോലും കഴിയാത്ത രീതിയിൽ എസ്.എഫ്.ഐ.-യുടെ പ്രവർത്തകർ അവരെ ക്രൂരമായി മർദ്ദിക്കുന്നു. അതിനെതിരെ പരാതിപ്പെടാൻ പോലീസിന്റെ സഹായം തേടിയപ്പോൾ പോലീസിനെ ഉപയോഗിച്ച് അവരെ വീണ്ടും ക്രൂരമായി മർദ്ദിക്കുന്നു. പരാതി കൊടുക്കാനായി പോലീസ് സ്റ്റേഷനിൽ പോയാൽ പരാതിപ്പെടുന്ന ആളുകളെ പ്രതി ചേർത്തുകൊണ്ട് വീണ്ടും അവരെ ജയിലിലടയ്ക്കുന്ന നടപടിയാണ് പോലീസിന്റെ ഭാഗത്തു നിന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. രോഹിത് വെമുലയുടെ ദാരുണ മരണത്തിനെതിരെ ഘോരഘോരം പ്രസംഗിച്ച

ആളുകൾ ഒരു കാര്യം മറന്നു പോകരുത്. ജാതി സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും ഉയർന്ന ജാതിയിലുള്ള ആളുകൾ മാത്രം പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ് എസ്.എഫ്.ഐ. എന്ന് ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ട്, രോഹിത് വെമുല മരണപ്പെട്ടപ്പോൾ, അദ്ദേഹത്തിനുവേണ്ടി സമരം നടത്താൻ നിങ്ങൾ മുന്നോട്ടു വന്നത് ഞങ്ങൾ വലിയ പ്രതീക്ഷയോടെയാണ് നോക്കിക്കണ്ടത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന് അനുഭവിക്കേണ്ടി വന്ന പോലീസ് മർദ്ദനത്തെക്കുറിച്ച് പലപ്പോഴും സൂചിപ്പിക്കാറുണ്ട്. അങ്ങനെയുള്ള മുഖ്യമന്ത്രിയുടെ പോലീസാണ് ഇത്തരത്തിൽ കേരളത്തിലെ വിദ്യാർത്ഥി സംഘടനകളെ അടിച്ചമർത്താൻ ശ്രമിക്കുന്നതെന്നുള്ള കാര്യം മറക്കരുത്. പോലീസിനെ ഉപയോഗിച്ച് ഒരു വിദ്യാർത്ഥി പ്രസ്ഥാനത്തെ തകർക്കാമെന്നു വിചാരിച്ചാൽ അത് വെറും വ്യാമോഹമാണ്.

മറ്റൊരു കാര്യം, നമ്മൾ ഏറ്റവുമധികം ശ്രദ്ധിക്കേണ്ടത് വിദ്യാഭ്യാസ രംഗമാണ്. ഇന്ന് കേരളം പ്രാഥമിക വിദ്യാഭ്യാസരംഗത്ത് മികച്ച രീതിയിലുള്ള പ്രവർത്തനം നടത്തുന്നു. പക്ഷേ ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളം വളരെ പിറകിലാണ്. ഏറ്റവുമധികം ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഒരു മേഖലയാണ് വിദ്യാഭ്യാസമേഖല. ഉന്നതവിദ്യാഭ്യാസ മേഖല നവീകരിക്കുന്നതിന്റെ ഭാഗമായി ഇൻഫർമേഷൻ പവർ ഹൗസ് (ലേണിംഗ് പോർട്ടൽ) സ്ഥാപിക്കുവാനുള്ള നടപടി ഈ വർഷം ആരംഭിക്കുന്നതാണെന്നും സംസ്ഥാനത്ത് കൂടുതൽ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണെന്നും നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചതിനെ സ്വാഗതം ചെയ്യുകയാണ്. ഇന്ന് നിരവധി കുട്ടികൾ പത്താം ക്ലാസ്സും പ്ലസ് ടുവും കഴിഞ്ഞശേഷം വിദ്യാഭ്യാസത്തിനായി മറ്റു സംസ്ഥാനങ്ങളിലേക്ക് പോകുന്നുണ്ട്. അങ്ങനെ പോകുന്ന കുട്ടികൾ അനുഭവിക്കുന്ന ദുരിതങ്ങൾ മീഡിയകളിലടക്കം ഇന്ന് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസത്തിനായി മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുന്ന വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹാരിക്കുന്നതിനായി ഒരു ഹെൽപ്പ് ലൈൻ സംവിധാനം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ ഒരു എഡ്യൂക്കേഷൻ ഹബ്ബായി മാറ്റാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണം. ആ ദിശയിലുള്ള പ്രഖ്യാപനങ്ങളൊന്നും ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഇല്ലെന്നുള്ള കാര്യം ഖേദത്തോടെ പറയുകയാണ്. ഈ നയപ്രഖ്യാപന പ്രസംഗത്തെ ശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : സർ, ബഹുമാനപ്പെട്ട ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ചരിത്ര വിജയം നേടി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ 2016 മെയ് 25-ന് കേരളത്തിൽ

വീണ്ടും അധികാരത്തിൽ വന്നു. 2016 ജൂൺ 2-ന് രാജ്യത്തിനുതന്നെ മാതൃകയാകാൻ പോകുന്ന ഒരു സർക്കാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ജനങ്ങൾക്ക് സ്വീകാര്യമായ ഒരു ബദൽ ജനകീയഭരണം കാഴ്ചവെയ്ക്കുന്ന സർക്കാരാണിതെന്ന് ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദവികസനം കേരളത്തിൽ സാധ്യമാകുമെന്നതിന് സംശയമില്ല. സർവ്വതല സ്പർശിയായ ഒരു വികസനരേഖ, മിടുക്കരായ മന്ത്രിമാർ, കറകളഞ്ഞ ഒരു ഭരണസംവിധാനം എന്നിവ കേരളത്തിന് ആശ്വാസം പകരുന്നതാണ്. ഓരോ നിവേദനങ്ങളും ഓരോ ജീവിതമാണെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ പരാമർശം ജീവിത യാഥാർത്ഥ്യങ്ങൾ അനുഭവിച്ചറിഞ്ഞതിന്റെ വെളിച്ചത്തിലു ള്ളതാണ്. എൽ.ഡി.എഫ്.-ന് വോട്ടു ചെയ്തവരെയും ചെയ്യാത്തവരെയും സഹകരിപ്പിച്ച് കേരളത്തിന്റെ സമഗ്ര വികസനത്തിനായി സഹകരണാത്മക നയം സ്വീകരിക്കുമെന്ന പ്രസ്താവന നല്ല തുടക്കമാണ്. ജനങ്ങളിൽ ആത്മവിശ്വാസം പകരുന്ന ദീർഘവീക്ഷണത്തോടു കൂടിയ പദ്ധതികൾ ഇരുണ്ട കാലത്തിന് അറുതി വരുത്താൻ എൽ.ഡി.എഫ്-ന് കഴിയുമെന്ന ആത്മവിശ്വാസം ബലപ്പെടുത്തുന്നു. കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കി പുതിയ നിയമനിർമ്മാണം നടത്താൻ ആലോചിക്കുമെന്ന് പറയുന്ന നടപടി ആത്മവിശ്വാസം തരുന്നതാണ്. മാറ്റങ്ങൾ ദൃശ്യമാകുന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നയപരിപാടികൾ കേരളജനതക്ക് ഉണർവ്വും പ്രതീക്ഷയും നൽകുന്നുവെന്ന് ബഹുമാനപ്പെട്ട ഗവർണർ തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചത് എടുത്തുപറയേണ്ട കാര്യമാണ്. വിശക്കുന്നവന് വേദാന്തമല്ല, ഭക്ഷണമാണ് വേണ്ടതെന്ന സ്വാമി വിവേകാനന്ദന്റെ സന്ദേശങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള തുടക്കം പ്രതീക്ഷയേകുന്നതാണ്. സിവിൽ സർവ്വീസ് അഴിമതിമുക്തമാക്കുമെന്ന പ്രഖ്യാപനം ഈ ഗവൺമെന്റിന്റെ പ്രതിബദ്ധതയെയാണ് കാണിക്കുന്നത്. ഭരണഘടനയെപ്പോലും നോക്കുകുത്തിയാക്കി നടത്തിയ ഓർഡിനൻസ് ഭരണം ചീട്ടുകൊട്ടാരംപോലെ തകർന്നുവീഴുന്ന കാഴ്ച നമ്മൾ കണ്ടതല്ലേ? ഇതൊരു പാഠമാണ്. ജീവിതമാണ് ഏറ്റവും മികച്ച നാടകം; മികച്ച നടൻ മനുഷ്യനും. മറ്റു ജീവികളിൽനിന്ന് മനുഷ്യനെ വ്യത്യസ്തനാക്കുന്നത് സാമൂഹ്യബന്ധങ്ങളാണെന്ന് മനസ്സിലാക്കികൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നത്. കൂടുതൽ തൊഴിലവസരങ്ങൾ പ്രഖ്യാപിച്ചത് ആശ്വാസകരമായ നടപടിയാണ്. എന്നാൽ പരമ്പരാഗത മേഖലയിൽ മെച്ചപ്പെട്ട കൂലി ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണം. കെ.എസ്.ഐ.ഡി.സി.-പോലുള്ള വലിയ സ്ഥാപനങ്ങൾ പല ജില്ലകളിലുമുണ്ട്. കൂടുതൽ വ്യവസായികളെ ആകർഷിക്കത്തക്ക തരത്തിൽ അവയെ മെച്ചപ്പെടുത്തണം. സമയബന്ധിതമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്നതാണ് യുവാക്കളുടെ ആവശ്യം. കോഴയും അഴിമതിയും കെടുകാര്യസ്ഥതയും ജനവിരുദ്ധനയങ്ങളും സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളും നിറഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണത്തെ അവസാനിപ്പിക്കണമെന്ന ചിന്തയുടെ പ്രതിഫലമാണ് തെരഞ്ഞെടുപ്പുവിധി.

'എൽ.ഡി.എഫ്. വരും, എല്ലാം ശരിയാകും' എന്ന ജനം നെഞ്ചിലേറ്റിയ മുദ്രാവാക്യം കേവലമൊരു മുദ്രാവാക്യം മാത്രമായിരുന്നില്ല. സാധാരണക്കാരന്റെയും അദ്ധ്വാനിക്കുന്നവന്റെയും കർഷകന്റെയും തൊഴിലാളിവർഗ്ഗത്തിന്റെയും യുവജനങ്ങളുടെയും ഹൃദയതാളമാണ്. ആ താളം നിലയ്ക്കാൻ അനുവദിക്കില്ലെന്ന് ജനങ്ങൾ മൊത്തത്തിൽ കരുതുകയും അത് വിജയത്തിലെത്തിക്കുയും ചെയ്തു എന്നതാണ് എൽ.ഡി.എഫ്-ന്റെ നേട്ടം. ആ മുദ്രാവാക്യത്തിൽ കാലത്തിന് ഉചിതമായ ചിന്തയും വളർച്ചയും ഒരു ശംഖൊലിയായി മാറി. എണ്ണമറ്റ സമരങ്ങളിലൂടെയും നവകേരള മാർച്ചിലൂടെയും ഉഴുതുമറിച്ച്, മണ്ണൊരുക്കി, വളമൊരുക്കി, വിത്തിട്ട്, വികസനത്തിന്റെ പുതുയുഗം സൃഷ്ടിച്ച വികസന നായകന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട കേരള ഗവർണ്ണർ നടത്തിയത്. അതാണ് നയം. ഓരോ സർക്കാരിന്റേയും നയമാണ് പ്രശ്നം. കേരളത്തെ പട്ടിണിവിമുക്ത സംസ്ഥാനമാക്കുമെന്നും സാമൂഹ്യ സുരക്ഷാപെൻഷനുകൾ വീടുകളിലെത്തിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങളിലൂടെ ഒരു നവകേരള സൃഷ്ടിക്കായുള്ള അജണ്ട നടപ്പിലാക്കുമെന്ന് പറയുമ്പോൾ ചിലർക്ക് അസ്വാരസ്യവും വേവലാതിയും ഉണ്ടാകുന്നത് സാധാരണമാണ്. ഈ സർക്കാർ നല്ല ഭരണം നടത്തുമെന്ന പ്രതീക്ഷയാണ് എനിക്കുള്ളത്. അഴിമതി വിരുദ്ധ-മതനിരപേക്ഷ-വികസിത കേരളമാണ് ലക്ഷ്യം.

പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുമെന്നും വിദ്യാഭ്യാസ മേഖല നവീകരിക്കുമെന്നും പ്രഖ്യാപനം സ്വാഗതാർഹമാണ്. ഇ-ഗ്രാന്റ് ഇനത്തിൽ 264 കോടി രൂപ കുടിശ്ശികയാക്കിയിട്ടാണ് കഴിഞ്ഞ ഗവൺമെന്റ് അധികാരം വിട്ടുപോയത്. കേരളത്തെ അന്താരാഷ്ട്ര ടൂറിസം ഭൂപടത്തിൽ സ്ഥാനം പിടിക്കുന്ന തരത്തിൽ വികസിപ്പിച്ച് തീർത്ഥാടന കേന്ദ്രങ്ങളേയും സാംസ്കാരിക കേന്ദ്രങ്ങളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു വിനോദസഞ്ചാരനയം ഈ ഗവൺമെന്റ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഭിന്ന സംസ്കാരങ്ങളുടെ സംഗമ ഭൂമിയാണ് കേരളം. മാതൃകാപരമായ മതമൈത്രി പുലർത്തിയിരുന്ന നാടായിരുന്നു കേരളം. അത്തരം ഐക്യമെല്ലാം നിങ്ങൾ തകർത്തു. കോഴിക്കോട് ഖാസി മുഹമ്മദ് രചിച്ച അറബിക് കാവ്യം നിങ്ങൾ പഠിക്കണം. അത് കേരള ചരിത്രമാണ്. ഏറ്റവും പഴയ മാപ്പിളപ്പാട്ട് കൃതിയായ 'മുഹിയദ്ദീൻമാല' രചിച്ചതും ഖാസി മുഹമ്മദാണ്. അത്തരം പാരമ്പര്യമുള്ള കോഴിക്കോട്ടാണ് ആർ.എസ്.എസ്.-ഉം ലീഗ് നേതാക്കളും രഹസ്യ ചർച്ച നടത്തിയതെന്ന കാര്യം നാം ഓർക്കണം. ഇന്നലെ കോൺഗ്രസ്സും ലീഗും സഭ വിട്ടിറങ്ങിയപ്പോൾ കൂടെ ബി.ജെ.പി. പ്രതിനിധിയും ഇറങ്ങിപ്പോയി. ആർക്ക് ആരോടാണ് ശത്രുത, ആര് ആരുടെ കൂടെയാണെന്ന് വ്യക്താമാക്കുന്നതാണ് ഇന്നലത്തെ സംഭവം. നിങ്ങൾ ഇവിടെ പരസ്യപ്രസ്താവന നടത്തിയിട്ട് യാതൊരു കാര്യവുമില്ല. അത് കേരളജനത നേരത്തെ തിരിച്ചറിഞ്ഞിട്ടാണ് ഈ തെരഞ്ഞെടുപ്പിൽ വിധിയെഴുതിയത്.

നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുകയാണ്. കാർഷിക മേഖലയെ ശക്തിപ്പെടുത്തുമെന്ന കൃഷി വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. പച്ചക്കറികൾ വില കുറച്ച് ജനങ്ങൾക്ക് നൽകുന്നതിൽ ഹോർട്ടികോർപ് ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. എസ്‌സി./എസ്‌ടി. വിഭാഗങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന സംവരണം അവർക്കുതന്നെ ലഭിക്കുന്നതിന് ഒരു നിയമം കൊണ്ടുവരുമെന്നുള്ള പ്രഖ്യാപനവും സ്വാഗതാർഹമാണ്. ക്ഷേമ പെൻഷനുകൾ 1000 രൂപയാക്കിയതിൽ ജനം സംതൃപ്തരാണ്.' വാത്സല്യ നിധി' പദ്ധതിക്ക് രൂപം കൊടുക്കുമെന്ന പ്രഖ്യാപനം പെൺകുട്ടികൾക്ക് പ്രതീക്ഷ നൽകുന്നതാണ്. യുവജനങ്ങളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്ന ഒരു ഗവൺമെന്റാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. സംവരണവും സബ്സിഡികളും ആഗോളവൽക്കരണ-സ്വകാര്യ വൽക്കരണകാലത്ത് അശ്ലീല പദങ്ങളായി മാറുന്നുണ്ട്. കേരളത്തിലെ സാംസ്കാരിക പാരമ്പര്യവും പൈതൃകവും സംരക്ഷിക്കുന്നതിന് ഫലപ്രദമായ സമീപനം സ്വീകരിക്കാൻ കഴിയുകയും അവയെല്ലാം ആശാവഹമായി മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കുകയും വേണം.

കലാമണ്ഡലത്തെ സാംസ്കാരിക സർവ്വകലാശാലയാക്കി ഉയർത്തുമെന്ന പ്രഖ്യാപനവും 'ഫിലിം സിറ്റി' യാഥാർത്ഥ്യമാക്കുമെന്നതും സ്വാഗതാർഹമാണ്. ചൈതന്യമാണ്. അന്യംനിന്നുപോകുന്ന നാടൻ കലകളെ സംരക്ഷിക്കുമെന്ന് പ്രഖ്യാപിക്കുക മാത്രമല്ല, അത് നടപ്പിൽ വരുത്തുമെന്ന് തീരുമാനിച്ചിരിക്കുകയാണ്. സാഹിത്യ അക്കാദമി, സംഗീതനാടക അക്കാദമി മറ്റ് സർക്കാർ സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവ കഴിഞ്ഞ അഞ്ചുവർഷം എന്ത് കാര്യങ്ങളാണ് ചെയ്തതെന്ന് പരിശോധിച്ചുനോക്കണം. പ്രകടനങ്ങൾ നടത്തുന്നതിനപ്പുറം ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് ഇത്തരം സാംസ്കാരിക സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാനും അതിനുവേണ്ട ഫണ്ട് സർക്കാർ നൽകാനുമുള്ള നടപടികൾ സ്വീകരിക്കണം. മഹത്തായ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തണം. സാംസ്കാരികരംഗം വിപുലപ്പെട്ടില്ലെങ്കിൽ മറ്റ് മേഖലകളിൽ മുന്നേറ്റമുണ്ടായിട്ട് കാര്യമില്ല. "എട്ടുംപൊട്ടും തിരിയാത്തവരാണ്" പട്ടികജാതിക്കാരെന്ന് ഈ സഭയിൽ ഉയർന്നുവന്നത് ലജ്ജാകരമാണ്. അതെത്ര പ്രഗത്ഭർ പറഞ്ഞാലും യു.ഡി.എഫ്-ന്റെ കാപട്യമാണ് പുറത്തുവന്നത്. കോർപ്പറേറ്റുകൾക്ക് പരവതാനി വിരിക്കുന്ന കോൺഗ്രസ്സും ബി.ജെ.പി.-യും അത് ശരിവച്ച് ഹല്ലേലുയ പാടുകയാണ്. കമ്മ്യൂണിസ്റ്റുകാരും ഇടതുപക്ഷവും ഈ നയങ്ങളെ എതിർക്കുക മാത്രമല്ല അധഃസ്ഥിതന്റെ പക്ഷത്ത് അടിയുറച്ച് നിൽക്കുകയാണ്. ഇവിടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതം ദുഃസ്സഹമാകുന്നുവെന്നത് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. അവർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ കൃത്യമായി

ലഭിക്കുന്നുണ്ടോ, ആരാണ് ഇടത്തട്ടുകാർ എന്നുള്ളത് സംബന്ധിച്ച് പരിശോധിക്കണം. ആനുകൂല്യങ്ങൾ കൂടുതലും സമ്പന്നർക്കുമാത്രമായി മാറുന്നു എന്നുള്ളതാണ് സത്യം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതസുരക്ഷിതത്വം ഉറപ്പാക്കണം. അവരുടെ നിലവിലെ അവസ്ഥ മാറാൻ പോകുന്നുവെന്നത് ആശ്വാസകരമാണ്. ജാതി സർട്ടിഫിക്കറ്റിനായി ഈ വിഭാഗത്തിൽപ്പെട്ടവർ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പ്രതിവിധി കണ്ടെത്തണം. എസ്‌സി./എസ്‌ടി. വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും വർദ്ധിപ്പിക്കാൻ കഴിയണം. പി.എസ്.സി. റാങ്ക് ഹോൾഡേഴ്സിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചത് വലിയ കാര്യമാണ്. പക്ഷെ ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ് അതിന് മുൻകയ്യെടുത്തതെന്ന കാര്യം ഓർമ്മിക്കണം. വളരെ ശ്രമകരമായ പ്രവർത്തനം നടത്തിയിട്ടാണ് അത് സാധ്യമായത്. മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിൽ കഴിഞ്ഞ സർക്കാർ അമാന്തം കാണിച്ചു. ഭരണരംഗത്ത് മലയാളഭാഷ മുഖ്യ മാധ്യമമായി ഉപയോഗിക്കുമെന്ന് സർക്കാർ പറഞ്ഞത് ശ്രദ്ധേയമാണ്. ഇരുണ്ട കാലത്തുനിന്ന് പ്രകാശപൂരിതമായ ഒരു കാലമാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. വെല്ലുവിളികളെ അതിജീവിച്ച് കേരളത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാക്കി മാറ്റാൻ ഈ സർക്കാരിന് കഴിയുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

<u>ശ്രീ. പി. വി. അൻവർ</u> : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പരിപൂർണ്ണമായി പിന്തുണയ്ക്കുകയാണ്. വളരെ അഭിമാനത്തോടുകൂടിയാണ് മലപ്പുറം ജില്ലയിൽ നിന്നും ഈ നിയമസഭയിലേക്ക് വന്നിട്ടുള്ളത്. ഈ തെരഞ്ഞെടുപ്പിൽ കേരള ചരിത്രത്തിൽ ഇന്നുവരെ കണ്ടിട്ടില്ലാത്ത വിധം വർഗ്ഗീയരാഷ്ട്രീയം മുതലെടുത്ത് തിരിച്ചുവരവിനുള്ള ശ്രമമാണ് ഐക്യജനാധിപത്യ മുന്നണി നടത്തിയതെന്ന് നമുക്കറിയാം. ത്രിതല പഞ്ചായത്ത് ഇലക്ഷന് മുന്നോടിയായി കേരളത്തിന്റെ മുക്കിലും മൂലയിലുമുള്ള ആർ.എസ്.എസ്/ബി.ജെ.പി.-ക്കാരുമായി യു.ഡി.എഫ്. ഉണ്ടാക്കിയ രഹസ്യധാരണകൾ നാട്ടിൽ അങ്ങാടിപ്പാട്ടാണ്. ആ രഹസ്യധാരണയിലൂടെ ബി.ജെ.പി.-യുടെ വോട്ടുകൂടി വാങ്ങി അധികാരത്തിൽ തിരിച്ചുവരാൻ യു.ഡി.എഫ്. നടത്തിയ എല്ലാ ശ്രമങ്ങൾക്കും തടയിട്ടുകൊണ്ട് കേരളത്തിലെ മതേതരജനത ഇടതുപക്ഷ ജനാതിപത്യമുന്നണിക്ക് നൽകിയ ഏറ്റവും വലിയ പിന്തുണയുടെ ഫലമായിട്ടാണ് 91 സീറ്റോടുകൂടി ഇടതുപക്ഷത്തിന് ഇവിടെ അധികാരത്തിൽ വരാൻ സാധിച്ചത്. മലയാളിയാണെന്ന് വളരെ അഭിമാനത്തോടുകൂടി പറയാൻ കിട്ടിയ അവസരങ്ങളെല്ലാം ഉപയോഗപ്പെടുത്തിയിരുന്ന നമ്മൾ, മലയാളിയാണെന്ന് പറയാൻ മടിക്കുന്ന അവസ്ഥയിലേക്ക് കേരളത്തിലെ രാഷ്ട്രീയം അധഃപതിച്ചുപോയ ഒരു ദുരന്തകാലഘട്ടമാണ് കഴിഞ്ഞുപോയത്. സരിത

അടക്കമുള്ള അഭിസാരികമാരാണ് ഭരണകേന്ദ്രങ്ങൾ നിയന്ത്രിക്കുന്നതെന്നത് ചരിത്രത്തിൽ ഇന്നുവരെ കേട്ടിട്ടില്ലാത്ത രാഷ്ട്രീയ സ്ഥിതിവിശേഷമാണ്. വീട്ടിലിരുന്ന് ടെലിവിഷനിലൂടെ ന്യൂസ് കാണണമെങ്കിൽ മറ്റ് കുടുംബാംഗങ്ങൾ ഉറങ്ങിയതിനുശേഷം മാത്രമേ സാധിക്കുവെന്ന സാഹചര്യത്തിലേക്ക് കേരളത്തിലെ സാമൂഹിക പരിതസ്ഥിതിയെ എത്തിച്ചവരായിരുന്നു ഈ സംസ്ഥാനം ഭരിച്ചിരുന്നത്. വീണ്ടും അവർ ഈ രാജ്യത്ത് അധികാരത്തിലെത്താൻ പരിശ്രമിച്ചപ്പോൾ ജനങ്ങൾ ഒറ്റക്കെട്ടായി എതിർക്കുകയാണുണ്ടായത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന സ്ത്രീ വോട്ടർമാരാണ് ഒറ്റക്കെട്ടായി ഇടതുപക്ഷ ജനാതിപത്യമുന്നണിക്ക് വോട്ട് രേഖപ്പെടുത്തിയതെന്ന് ഞാൻ വിശ്വസിക്കുന്നു. തെരഞ്ഞെടുപ്പ് പ്രചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി പോകുന്ന പ്രദേശങ്ങളിൽ മുഴുവൻ സ്ത്രീവോട്ടർമാരിൽ നിന്നും ഇടതുപക്ഷ ജനാതിപത്യ മുന്നണിക്ക് കിട്ടിയ പിന്തുണ ഒരു സ്ഥാനാർത്ഥിയെന്ന നിലയ്ക്ക് നേരിട്ട് അനുഭവിച്ചവരാണ് ഞങ്ങൾ.

കഴിഞ്ഞ കാലങ്ങളിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഈ രാജ്യത്ത് നടപ്പിലാക്കിയ പുരോഗമനപ്രവർത്തനങ്ങൾ ഈ തെരഞ്ഞെടുപ്പിൽ വലിയ ചർച്ചയായി. ഇടതുപക്ഷം കേരളം ഭരിച്ചപ്പോൾ ക്ഷേമപെൻഷൻ തുകയായ 500 രൂപ വീടുകളിൽ ഉത്തരവാദപ്പെട്ടവരുടെ കൈകളിൽ എത്തിച്ചിരുന്നൊരു കാല ഘട്ടമുണ്ടായിരുന്നു. പക്ഷേ യു.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം ഈ പണം ബാങ്കുകളിലേക്ക് മാറ്റുകയായിരുന്നു. ക്ഷേമപെൻഷന് അർഹരായിട്ടുള്ള പാവപ്പെട്ടവർ, വയോവൃദ്ധർ, വികലാംഗർ എന്നിവരെല്ലാം ഈ തുകയ്ക്കുവേണ്ടി ഓട്ടോറിക്ഷയിൽ പ്രൈവറ്റ് ബാങ്കുകളിലേക്ക് ദിവസേന പോകേണ്ട ഗതികേടാണുണ്ടായിരുന്നത്. പല ബാങ്കുകളും അപ്സ്റ്റെയറുകളിലാണ് പ്രവർത്തിക്കുന്നത്. ഓട്ടോറിക്ഷയിൽ പോകുന്നവരെ ഓട്ടോറിക്ഷാ ഡ്രൈവറുടെയും മറ്റാളുകളുടെയും സഹായത്തോടെ ബാങ്കിൽ കൊണ്ടുപോകും. അന്ന് പെൻഷൻ കിട്ടിയില്ലെങ്കിൽ വീണ്ടും പോകേണ്ട അവസ്ഥയാണുണ്ടായിരുന്നത്. അവസാനം പണം കയ്യിൽ കിട്ടുമ്പോൾ പെൻഷനായി കിട്ടുന്ന 500 രൂപ ഓട്ടോറിക്ഷയ്ക്കുകൊടുക്കാൻ തികയാത്ത അവസ്ഥയെപ്പറ്റി അവർ ജനപ്രതിനിധികളോട് പറഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി 500 രൂപ എന്നത് 1000 രൂപയാക്കി ഉയർത്തി. 30-32 ലക്ഷത്തോളം വരുന്ന സാധാരണക്കാർക്ക് ക്ഷേമപെൻഷൻ വീടുകളിൽ എത്തിച്ചു കൊടുക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി തീരുമാനിച്ചിരിക്കുകയാണ്.

ഈ തെരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ പരാജയം സംഭവിച്ചത് കോൺഗ്രസ്സിനാണ്. നിയമസഭയിലെ ഇരിപ്പിടങ്ങളിലേക്ക് നോക്കിയാൽ നമുക്കത് മനസ്സിലാകും. കോൺഗ്രസ്സ് പാർട്ടിയെ കേരളത്തിലെ ജനങ്ങൾ തിരസ്കരിച്ചു. ഈ നാട്ടിൽ നടന്ന

എല്ലാ അഴിമതിക്കും പിന്തുണ നൽകി, ഭരണം നിലനിർത്താൻ ഏതൊക്കെ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിയുമോ അതെല്ലാം നടത്തിയ ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി പ്രതിപക്ഷ നേതാവാകുമായിരുന്നു. പക്ഷേ ജനം തിരസ്കരിച്ച ശ്രീ. ഉമ്മൻ ചാണ്ടിയെ കോൺഗ്രസ്സ് പ്രസ്ഥാനവും തിരസ്കരിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. അദ്ദേഹത്തോടൊപ്പം കുതികാൽവെട്ടിനും ചതിക്കും കരിഞ്ചന്തയ്ക്കും അഴിമതിക്കും കൂട്ടുനിന്ന അനുയായികളിൽ പലരെയും ഇവിടെ കാണുന്നില്ല. ജനം അവരെയൊക്കെ തെരഞ്ഞുപിടിച്ച് ഈ തെരഞ്ഞെടുപ്പിൽ പരാജയപ്പെടുത്തിയിരിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ വലിയ പ്രതീക്ഷയോടെയാണ് ഈ ഭരണത്തെ കാണുന്നത്.

പ്രവാസികൾ ഇന്ന് നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. യാത്രാപ്രശ്നം ഉൾപ്പെടെ അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രധാന പ്രശ്നങ്ങൾക്ക് അനുഭാവപൂർവ്വമായ പരിഗണന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ന് ഭാഗികമായി അടച്ചിട്ടിരിക്കുന്ന കോഴിക്കോട് എയർപോർട്ട് പ്രവർത്തിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കാനാവശ്യമായ ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ പിന്തുണച്ചു കൊണ്ട് നിർത്തുന്നു.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഒരു ഗവൺമെന്റിനെ വിലയിരുത്താൻ ഒരു മാസം മതിയാകില്ല എന്നുള്ളത് ഒരു വസ്തുതയാണ്. പക്ഷേ എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. എം. നൗഷാദ്, അരി വെന്തോ എന്നറിയാൻ മുഴുവനും നോക്കണമെന്നില്ല; ഒരു വറ്റ് എടുത്ത് നോക്കിയാൽ മതിയാകുമെന്ന് ഉദാഹരിച്ചതുപോലെ ഈ ഗവൺമെന്റിന്റെ ദിശ എങ്ങോട്ടാണെന്ന് മനസ്സിലാക്കാൻ ഒരു മാസംതന്നെ ധാരാളം മതി. സാധാരണ ഭരണകക്ഷി ബഞ്ചുകൾ നയപ്രഖ്യാപന പ്രസംഗം വലിയ ഹർഷാരവത്തോടുകൂടിയാണ് സ്വീകരിക്കാറുള്ളത്. രണ്ടര മണിക്കൂർ ഗവർണർ പ്രസംഗിച്ചിട്ടും ഒരു കയ്യടിപോലും ഭരണപക്ഷത്തുനിന്നുണ്ടായില്ല എന്നത് നയപ്രഖ്യാപന പ്രസംഗത്തോട് അവർക്ക് താൽപ്പര്യമില്ല എന്നുള്ളതിന്റെ തെളിവാണ്. ഇന്ന് നടക്കുന്ന പ്രസംഗങ്ങളിലൊക്കെതന്നെ എത്രമാത്രം ഹർഷാരവങ്ങളാണ് നടത്തുന്നത്? ഗവർണറോടുള്ള അമിതമായ ബഹുമാനംകൊണ്ട് അദ്ദേഹത്തിന്റെ മനസ്സിന് തിരുവുള്ളക്കേടുണ്ടാക്കേണ്ട എന്നുവിചാരിച്ച് കയ്യടിക്കാതെ ഇരുന്നതാണോ എന്നറിയില്ല. എന്തായിരുന്നാലും ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ മുമ്പില്ലാത്ത ചില കീഴ്വഴക്കങ്ങളുണ്ടായിട്ടുണ്ട്. സാധാരണഗതിയിൽ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്നതുപോലെ തുകകൾ പ്രഖ്യാപിക്കാറില്ല. ഇവിടെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഭക്ഷ്യവും പൊതുവിതരണവും എന്നതിൽ

സപ്ലൈകോയുടെ ബഡ്ജറ്റ് വിഹിതം ഇരട്ടിയാക്കി, 150 കോടി രൂപയാക്കി എന്നു പ്രഖ്യാപിച്ചു. ഇപ്പോൾ അങ്ങനെയൊരു ബഡ്ജറ്റ് അവതരിപ്പിച്ചിട്ടില്ല. ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് കൃത്യമായി 150 കോടി രൂപ എന്ന് അദ്ദേഹത്തെ കൊണ്ട് പ്രഖ്യാപിപ്പിച്ചത് ശരിയായ നടപടിയല്ല. കഴിഞ്ഞ കാലത്തുള്ള നയപ്രഖ്യാപന പ്രസംഗങ്ങളിലൊന്നും ഒരു ഗവർണറും ഇത്ര കോടി രൂപ ഇന്ന വകുപ്പിൽ ചെലവഴിച്ചു എന്നുപറയുന്നില്ല. അതൊരു ശരിയായ നടപടിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്.

നയപ്രഖ്യാപനത്തിലെ ഖണ്ഡിക 12-ൽ വളരെ മനോഹരമായി കൂട്ടിച്ചേർത്തിരിക്കുന്നത്, 'കാലൊച്ച കേൾക്കവേ വാതിൽ തുറക്കുക' എന്ന ആദർശത്തിന് അനുസൃതമായി ഒരു അനുകൂല സമീപനം എന്റെ സർക്കാർ സ്വീകരിക്കുന്നതായിരിക്കും എന്നാണ്. കാലൊച്ച കേൾക്കുമ്പോൾ വാതായനങ്ങൾ മലർക്കെ തുറക്കപ്പെട്ട് പരാതിക്കാരനെ കേൾക്കുക എന്നാണ്. സി.പി.ഐ(എം).-ന്റെ ഓഫീസിലേക്ക് പരാതിയുമായി പോയ രണ്ട് ദളിത് യുവതികൾക്ക് വാതായനങ്ങൾ തുറക്കപ്പെട്ടുവെന്നു മാത്രമല്ല അവരെ നേരെ പോലീസ് സ്റ്റേഷനിലേക്ക് എത്തിക്കുകയും ചെയ്തു. എത്ര മനോഹരമായ സംഗതിയാണ്. ദളിതരുടെ കുത്തകയൊന്നും ഞങ്ങൾക്കില്ലാത്തതുകൊണ്ട് അവരെ സംബന്ധിച്ച് ഞാൻ അധികമൊന്നും പറയുന്നില്ല. എങ്കിലും വർത്തമാന കാലഘട്ടത്തിലെ ഒരു സംഗതിയാണിത്. പരാതി പറയാൻ പോയവർക്ക് ഇത്ര കടുത്ത ശിക്ഷയോ? ഒരു തവണ സി.പി.ഐ(എം). ഓഫീസിലേക്ക് കയറി പോയപ്പോൾ ഇത്രവലിയ കടുത്ത ശിക്ഷയാണ് നൽകിയതെങ്കിൽ നിരന്തരമായി അവിടെ പോകുന്ന ആളുകൾക്ക് എത്രവലിയ ശിക്ഷയായിരിക്കും കൊടുക്കുന്നത്? ഗവൺമെന്റ് അധികാരത്തിലേറി ഒരു മാസം തികയുന്നതിനുമുമ്പാണ് കുട്ടിമാക്കൂലിൽ കൈക്കുഞ്ഞുമായി പോയ രണ്ട് ദളിത് യുവതികൾക്കാണ് ഈ അനുഭവമുണ്ടായത്. അതുമാത്രമല്ല, അവർ പോലീസ് സ്റ്റേഷനിലേക്ക് പോയി എന്നാണ് പറയുന്നത്. അവരെ പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ചു. ആ സ്ത്രീ വിലപിച്ചുകൊണ്ട് കൈകുഞ്ഞുമായി ചെന്നപ്പോൾ അവിടെയുണ്ടായ സ്ഥിതി എന്താണ്? പോലീസ് സ്റ്റേഷനിലേക്ക് പോകുമ്പോൾ അവർ ജാമ്യക്കാരെ കൊണ്ടുപോയിട്ടുണ്ടാവില്ല. അങ്ങനെ അവിടെ പോയാൽത്തന്നെ എങ്ങനെ അവർക്ക് ജാമ്യം കൊടുക്കാൻ സാധിക്കും? ചട്ടം 452 പ്രകാരം നോൺ-ബെയിലബിൾ ഒഫൻസല്ലേ; എങ്ങനെയാണ് പോലീസിന് ജാമ്യം കൊടുക്കാൻ കഴിയുന്നത്? കൈ കുഞ്ഞിനേയുംകൊണ്ട് അവരെ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കി. മജിസ്ട്രേറ്റിനോട് എനിക്ക് വലിയ ബഹുമാനമാണ്. ഞാൻ മജിസ്ട്രേറ്റുമാരെയും കോടതിയെയും ധിക്കരിക്കുന്ന ആളല്ല. ആ മജിസ്ട്രേറ്റ് ചേമ്പറിൽവച്ച് നോക്കില്ലെന്നാണ് പറഞ്ഞത്. എന്ത് മഹത്തായ

നീതിബോധമാണ്? കൈകുഞ്ഞുമായി പോയ സ്ത്രീയെയും കുഞ്ഞിനേയും അവസാനം റിമാന്റ് ചെയ്തു. ശ്രീ. പിണറായി വിജയന്റെ ഗവൺമെന്റ് അധികാരമേറ്റെടുത്ത് രണ്ടാഴ്ചയ്ക്കുള്ളിലാണ് ഈ സംഭവമുണ്ടായത്. സ്വാഭാവികമായും പാർട്ടി പ്രവർത്തകർക്ക് തെറ്റുകുറ്റങ്ങൾ ഉണ്ടായെന്നുവരും. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും നടത്തിയിട്ടുള്ള പ്രതികരണങ്ങൾ അതിനേക്കാൾ മോശമായിപ്പോയി. പോലീസിനോട് ചോദിക്കണമെന്ന രീതിയിൽ മറുപടി പറയുകയല്ല വേണ്ടത്. ന്യായമായ രീതിയിൽ തെറ്റ് പറ്റിയിട്ടുണ്ട്, പാർട്ടി സഖാക്കളാണെങ്കിൽ അവരുടെ പേരിൽ നടപടിയെടുക്കും എന്നു പറയേണ്ടതിനുപകരം, വളരെ മോശമായ രീതിയിൽ പ്രതികരിച്ചു. ഇത് ജനങ്ങൾക്കിടയിൽ ഈ ഗവൺമെന്റിനെക്കുറിച്ച് ഒരു അവമതിപ്പ് ഉണ്ടാക്കിയിട്ടുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

വനമേഖലയിൽ ആയിരം ക്യാമറകൾ സ്ഥാപിച്ച് വനം സംരക്ഷിക്കുമെന്ന് പറയുന്നത് നല്ല കാര്യമാണ്. പാർട്ടി ഓഫീസുകളിലൊക്കെ ഒളിക്യാമറ വച്ചതായി മുമ്പ് കേട്ടിട്ടുണ്ട്. വനമേഖലയിൽ ഒളിക്യാമറ വയ്ക്കുന്നതെന്തിനാണ്? ഡിസ്കവറി ചാനലിന് ഡോക്യുമെന്ററി തയ്യാറാക്കിക്കൊടുത്താൽ ഗവൺമെന്റിന് അധിക വരുമാനത്തിനുള്ള സ്കോപ്പുണ്ടാകും. വനമേഖലയിലുള്ള കർഷകരായ എത്രയാളുകളെയാണ് കാട്ടാന ചവിട്ടിക്കൊന്നത്. അങ്ങനെയുള്ള കർഷകരെ സംരക്ഷിക്കുന്നതിനായി ഫെൻസിംഗ് കെട്ടുമെന്ന് പറഞ്ഞാൽ മനസ്സിലാക്കാം. ഫെൻസിംഗ് നടത്തുന്നതിനെ സംബന്ധിച്ചൊന്നും പറഞ്ഞിട്ടില്ല. വനമേഖലയിൽ ആയിരം ക്യാമറകളാണ് സ്ഥാപിക്കുന്നത്. അത് നല്ല കാര്യമാണ്.

ഇറ്റാലിയൻ നാവികരുടെ കാര്യത്തിൽ എത്രതവണയാണ് അടിയന്തരപ്രമേയം അവതരിപ്പിച്ച് നിങ്ങൾ സഭ സ്തംഭിപ്പിച്ചത്? "വിദേശ മത്സ്യബന്ധന കപ്പലുകൾ, ലെറ്റർ ഓഫ് പെർമിഷനുള്ള കപ്പലുകൾ എന്നിവ കേരളത്തിന്റെ ടെറിട്ടോറിയൽ സമുദ്രമേഖലയിൽ അതിക്രമിച്ച് കടക്കുന്നത് നിരോധിക്കുന്നതിന് മുരാരി കമ്മിറ്റിയുടെ ശിപാർശകൾ അക്ഷരാർത്ഥത്തിൽ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന് പിന്തുണ കൊടുക്കുന്ന തായിരിക്കും" എന്നുപറഞ്ഞത് നല്ല കാര്യമാണ്. കേന്ദ്ര സർക്കാരിന് ഏറ്റവും പിന്തുണ ആവശ്യമുള്ള സമയമാണിത്. അത് നിങ്ങൾ തന്നെ കൊടുക്കണം. അതിന് ആറന്മുള കണ്ണാടിയുമായി പോയി വേണോ പിന്തുണ കൊടുക്കേണ്ടത്? ശ്രീ. ഷിബു ബേബി ജോൺ, ശ്രീ. നരേന്ദ്ര മോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്നപ്പോൾ കാണാൻ പോയതിന് എത്രമാത്രം കോലാഹലമാണുണ്ടാക്കിയത്. ഇപ്പോൾ പ്രധാനമന്ത്രിയെ കണ്ട് മുഖ്യമന്ത്രി സൗഹൃദം ഉണ്ടാക്കേണ്ടതും പിന്തുണ വാങ്ങേണ്ടതുമൊക്കെ ആവശ്യമാണ്.

കൊല്ലം നീണ്ടകരയിൽ പാവപ്പെട്ട രണ്ട് മത്സ്യത്തൊഴിലാളികളെ ഇറ്റാലിയൻ കപ്പലിൽ വന്ന നാവികർ വെടിവച്ച് കൊന്നു. അന്ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയും ശ്രീമതി സോണിയാ ഗാന്ധിയുമൊക്കെ ഇറ്റലിക്കാരുടെ ആളുകളാണെന്ന് പറഞ്ഞ് എന്തെല്ലാം കോലാഹലങ്ങളാണ് ഇവിടെ നടത്തിയത്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കാണാൻ പോയ ദിവസമാണ് നാവികർക്ക് ഇറ്റലിയിലേക്ക് മടങ്ങിപ്പോകാനുള്ള ഉത്തരവുണ്ടായത്. എന്റെ സംസ്ഥാനത്തെ രണ്ട് പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്ന ആളുകളാണെന്നും അതുകൊണ്ട് സംസ്ഥാനത്തെ ജനങ്ങളുടെ താൽപ്പര്യത്തിന് ഇത് എതിരാണെന്നും പറയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കഴിയണമായിരുന്നു. അദ്ദേഹം അത് പറഞ്ഞില്ല. സായിപ്പിനെ കാണുമ്പോൾ കവാത്ത് മറക്കുകയെന്ന് കേട്ടിട്ടുണ്ട്. ശ്രീ. നരേന്ദ്ര മോദിയെ കാണുമ്പോൾ കേരളത്തെയും മുക്കുവ സമുദായത്തെയും മറക്കാമോ? അത് വളരെ നിർഭാഗ്യകരമായിപ്പോയി.

തിരുവനന്തപുരത്തും മഞ്ചേശ്വരത്തും ഇടുക്കിയിലും മെഡിക്കൽ കോളേജ് അനുവദിച്ചത് വലിയ അപരാധമായി പലരും പ്രസംഗിച്ചു. മെഡിക്കൽ കോളേജെന്ന് പറഞ്ഞാൽ ആണവ നിലയമോ, എൻഡോസൾഫാൻ ഫാക്ടറിയോ ആണോ? പുതിയ മെഡിക്കൽ കോളേജ് വന്നപ്പോൾ പാവപ്പെട്ട മിടുക്കരായ ആയിരക്കണക്കിന് കുട്ടികൾക്ക് പഠിക്കാൻ അവസരമുണ്ടായി. എന്റെ നിയോജക മണ്ഡലമായ മഞ്ചേരിയിൽ പുതിയ മെഡിക്കൽ കോളേജ് വന്നപ്പോൾ, മൂത്രപ്പുരയുടെ പുറത്താണ് ലാബ് എന്നെഴുതിവച്ചിട്ടുള്ളതെന്ന് പല അംഗങ്ങളും ഇവിടെ പ്രസംഗിച്ചത് ഞാൻ ഓർക്കുകയാണ്. റിസൽട്ട് വന്നപ്പോൾ കേരളത്തിലെ 25 മെഡിക്കൽ കോളേജുകളെ പിന്നിലാക്കി മഞ്ചേരിയിലെ മെഡിക്കൽ കോളേജ് അക്കാദമിക് രംഗത്ത് 100 ശതമാനം വിജയമുണ്ടാക്കിയെന്ന കാര്യം ഓർക്കണം. അത്തരത്തിലുള്ള മെഡിക്കൽ കോളേജുകളെ തകർക്കുന്ന നടപടിയുണ്ടായപ്പോൾ അതിന് പിന്തുണ കൊടുക്കുന്നത് ശരിയായ നടപടിയല്ല. മെഡിക്കൽ കോളേജുകൾ മോശമാണോ? ഗവൺമെന്റിന് സാമ്പത്തികമായ പ്രയാസങ്ങളുണ്ടായത് ഇത്തരത്തിലുള്ള മെഡിക്കൽ കോളേജുകൾ കൊണ്ടുവന്നതുകൊണ്ടല്ലേ? 33 വർഷമായി ഒരു ഗവൺമെന്റിനും ചെയ്യാൻ കഴിയാത്ത കാര്യമാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ സർക്കാർ ചെയ്തത്. 6 മെഡിക്കൽ കോളേജുകളാണ് കേരളത്തിൽ തുടങ്ങിയത്. നിങ്ങളുടെ ഒരു മാസത്തെ ഭരണംകൊണ്ട് 3 മെഡിക്കൽ കോളേജുകൾ പൂട്ടിക്കാൻ കഴിഞ്ഞുവെങ്കിൽ അതും ചെറിയ നേട്ടമല്ല എന്നാണ് എനിക്ക് പറയാനുള്ളത്. അത് നിങ്ങൾക്ക് മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. മെഡിക്കൽ കോളേജുകളെ എന്തിനാണ് നിങ്ങൾ എതിർക്കുന്നത്? 100 ശതമാനം മെറിറ്റോടുകൂടി വരുന്ന

കുട്ടികളാണ് അവിടെ പഠിക്കുന്നത്. മഞ്ചേരിയിൽ മെഡിക്കൽ കോളേജ് വന്നപ്പോൾ സ്വകാര്യ മേഖലയ്ക്ക് തീറെഴുതി കൊടുക്കുകയാണെന്നും എൻ.ആർ.ഐ.-ക്ക് കൊടുക്കുകയാണെന്നുമൊക്കെ പറഞ്ഞു. ഇങ്ങനെയുള്ള കാര്യങ്ങൾ തീരുമാനിക്കുമ്പോൾ ഗവൺമെന്റ് ശ്രദ്ധിക്കണ മെന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെ, ഫിഡൽ കാസ്ട്രോയ്ക്ക് എന്ത് പദവി കൊടുക്കണമെന്ന് നിങ്ങൾ തീരുമാനിച്ചാൽ മതി. അത്യന്താധുനിക ഫിഡൽ കാസ്ട്രോയ്ക്ക് എന്തുപദവി കൊടുത്താലും ഒരു മുതിർന്ന പൗരനെന്ന നിലയിൽ അദ്ദേഹത്തെ നാണംകെടുത്തി വിടരുതെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹം പ്രസംഗിച്ചപ്പോൾ ഓരോ മിനിട്ട് സമയത്തിനായി ബക്കറ്റ് പിരിവ് നടത്തുകയാണ്. ബഹുമാനപ്പെട്ട വി.എസ്. അച്യുതാനന്ദൻ പ്രസംഗിക്കുമ്പോൾ അദ്ദേഹത്തിന് സമയം കൊടുക്കണ്ടേ? ഓരോ അംഗത്തിന്റെയും ഒരു മിനിട്ടും അര മിനിട്ടും ചേർത്ത് അഞ്ച് മിനിട്ടിനായി ബക്കറ്റ് പിരിവ് നടത്തി അദ്ദേഹത്തെ അപമാനിക്കണോ? സഭയ്ക്കകത്തും പുറത്തും അദ്ദേഹത്തെ അപമാനിക്കുന്നത് ശരിയായ നടപടിയല്ല. ശ്രീ. എം. നൗഷാദിന്റെ കന്നിപ്രസംഗമായതുകൊണ്ടാണ് ഞാൻ ഇടപെടാതിരുന്നത്. മങ്കടയിൽ ഒരാളെ കൊന്നതിന്റെ പ്രതികൾ ലീഗുകാരാണെന്ന് തീരുമാനിച്ച് അദ്ദേഹം ചാർജ് ഷീറ്റ് കൊടുത്തിരിക്കുകയാണ്. ഇക്കാര്യം നമ്മളാരും അറിഞ്ഞിട്ടില്ല. ഇനി പോലീസിന് അതിനപ്പുറത്തേക്ക് പോകാൻ കഴിയുമോ? സി.പി.ഐ.(എം)-ന്റെ മുതിർന്ന ഒരു നേതാവ് പ്രതികളെ നിശ്ചയിച്ചാൽ അത് മാറ്റാൻ കഴിയുമോ; അങ്ങനെ മാറ്റിയാൽ അത് വേറെ കേസാകില്ലേ? ശ്രീ. എം. മുകേഷിനെ കാണാനില്ലെന്ന് പരാതി കൊടുത്തപ്പോൾ പോലീസ് എഫ്.ഐ.ആർ. എടുത്തില്ലേ? മങ്കടയിൽ നടന്ന കൊലപാതകത്തിൽ കോൺഗ്രസ്സുകാരും മാർക്സിസ്റ്റുകാരുമുണ്ടാകും. പാർട്ടിയില്ലാത്തവരായി കേരളത്തിൽ ആരെങ്കിലുമുണ്ടോ? കുടുംബപരമായി നടന്ന കാര്യത്തെ ലീഗിന്റെ തലയിൽവച്ച് കെട്ടേണ്ടെന്നാണ് എനിക്ക് പറയാനുള്ളത്.

തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യും ഞങ്ങളുമാണ് കാസർഗോഡ് പ്രധാനമായും ഏറ്റുമുട്ടിയത്. നിങ്ങൾ മൂന്നാം സ്ഥാനത്താകുകയും കെട്ടിവച്ച തുക കിട്ടിയില്ലെന്നുമുള്ള കാര്യം ഓർക്കണം. നിങ്ങളുടെ വോട്ട് എവിടെപ്പോയി? മഞ്ചേശ്വരത്ത് 89 വോട്ടിനാണ് പരാജയപ്പെട്ടത്. ബി.ജെ.പി.-യുമായി സഹകരിച്ച് 89 വോട്ട് കണക്കാക്കി നിർത്താമെന്നുള്ള അഡ്ജസ്റ്റുമെന്റാണോ? അതുപോലെ മണ്ണാർക്കാട് നേടിയ വിജയവും തിളക്കമാർന്നതാണ്.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ, പ്ലീസ് കൺക്ലൂഡ്, അങ്ങ് മാത്രം സമയം ലംഘിക്കുന്നത് ശരിയല്ല.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ ഒറ്റ മിനിട്ടിൽ അവസാനിപ്പിക്കാം. മതമൗലിക വാദികളെ കൂട്ടുപിടിച്ച് നിങ്ങൾ നടത്തിയ പോരാട്ടങ്ങളുടെ ദയനീയ പരാജയം പല സ്ഥലങ്ങളിലുമുണ്ടായിട്ടുണ്ട്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് എന്ന ചെറിയ പാർട്ടി നിങ്ങളുടേതുപോലെ വലിയ മതേതര പാർട്ടിയാണെന്ന് പറയുന്നില്ല. ഞങ്ങൾ മത്സരിച്ച 24 മണ്ഡലങ്ങളിൽ 23 സ്ഥലത്തും ഔദ്യോഗിക ചിഹ്നത്തിലാണ് മത്സരിച്ചത്. ഓട്ടോറിക്ഷയും കാറുമൊന്നും ചിഹ്നമായി ഉണ്ടായിരുന്നില്ല. അതിൽ 18 സ്ഥലത്തും ജയിച്ചത് മോശമാണെന്ന് ഞാൻ കരുതുന്നില്ല.

മി. സ്പീക്കർ : പ്ലീസ്, അങ്ങ് മാത്രം ഇങ്ങനെ ചെയ്യുന്നത് ശരിയല്ല.

ശ്രീ. എം. ഉമ്മർ: .....ഒരു തവണ മാത്രം 17 ആയി ചുരുങ്ങിയിട്ടുണ്ട്....... (മൈക്ക് ഓഫ്)....

2.00 PM]

ശ്രീ. കെ. ആൻസലൻ : സർ, ഗവർണറുടെ നയപ്രഖ്യാപനത്തിന് സഖാവ് എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷത്തെ യു.ഡി.എഫ്. ഭരണം സർവ്വനാശം വിതച്ച കേരളീയ സമൂഹത്തിന് പ്രതീക്ഷയുണർത്തുന്ന പ്രഖ്യാപനങ്ങളാണ് ഈ നയപ്രഖ്യാപനം വ്യക്തമാക്കുന്നത്. കേരളത്തിന്റെ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള ഒട്ടനവധി നിർദ്ദേശങ്ങളാണ് നയപ്രഖ്യാപനത്തിലുൾപ്പെടുത്തിയിട്ടുള്ളത്. സർവ്വീസ് സഹകരണ മേഖലയിൽ, പട്ടികജാതി/പട്ടികവർഗ്ഗ വനിതാ മാർക്കറ്റിംഗ് സംഘങ്ങൾ വിവിധങ്ങളായ പ്രശ്നങ്ങളാണ് നേരിടുന്നത്. സാമ്പത്തിക ബുദ്ധിമുട്ട്, മൂലധനക്കുറവ്, സംഘങ്ങളുടെ പരിമിതമായ പ്രവർത്തനങ്ങൾ തുടങ്ങിയ കാരണങ്ങളാൽ സംഘങ്ങൾക്ക് ഉദ്ദേശിക്കുന്ന രൂപത്തിലേക്ക് മുന്നോട്ടുപോകാൻ കഴിയുന്നില്ല. പ്രസ്തുത സംഘങ്ങളെ ശക്തിപ്പെടുത്തുമെന്നുള്ള തീരുമാനം സ്വാഗതാർഹമാണ്. സഹകരണ വകുപ്പ് ആരംഭിക്കാനുദ്ദേശിക്കുന്ന ജൈവപച്ചക്കറി പ്രോത്സാഹിപ്പിക്കുന്ന 'സുവർണ്ണം ഷോപ്പുകൾ' ഏറെ പ്രയോജനകരമാണ്. വിഷാംശം കലർന്ന പച്ചക്കറികൾ വിവിധ തരത്തിലുള്ള രോഗങ്ങൾക്ക് കാരണമാകുമ്പോൾ പ്രൈമറി സഹകരണസംഘങ്ങളെ ഉപയോഗപ്പെടുത്തി ജൈവപച്ചക്കറി പ്രോത്സാഹിപ്പിക്കുന്ന സംവിധാനങ്ങൾ ഏറെ പ്രയോജനകരമാണ്. റബ്ബർ കൃഷിക്കാരെ സഹായിക്കാൻ വേണ്ടി ആരംഭിക്കുന്ന റബ്ബർമാർക്ക് ഏറെ ആശ്വാസകരമാണ്. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് റബ്ബറിന് 250-270 രൂപയുണ്ടായിരുന്നത് കഴിഞ്ഞ അഞ്ച് വർഷത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 100 രൂപയിൽ താഴെയായപ്പോഴും അത് പരിഹരിക്കുന്നതിനാവശ്യമായ യാതൊരു നടപടിയും

സ്വീകരിച്ചിട്ടില്ല. സഹകരണ സംഘങ്ങളെ ഇ-കൊമേഴ്സിൽ കൊണ്ടുവരാനുള്ള പ്രഖ്യാപനം ഏറെ സ്വാഗതാർഹമാണ്. സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് പ്രൈമറി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ്സ് അപ്പെക്സ് സ്ഥാപനം, സഹകരണ ബാങ്കുകൾക്ക് കോർ ബാങ്കിംഗ് ശൃംഖല നടപ്പാക്കുക തുടങ്ങിയ പദ്ധതികൾ ഏറെ പ്രയോജനകരമാണ്. എസ്.ബി.ഐ., എസ്.ബി.ടി. ലയനത്തിലൂടെ സാധാരണക്കാർക്ക് അപ്രായോഗികമായ രീതിയിൽ ബാങ്കിന്റെ സേവനങ്ങൾ കുത്തകവൽക്കരിക്കാൻ നടത്തുന്ന നീക്കത്തിനിടയിൽ സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങൾ ജനകീയ വൽക്കരിക്കാനുള്ള ഗവൺമെന്റിന്റെ ശ്രമം ഏറെ സന്തോഷകരമാണ്.

കൺസ്യൂമർഫെഡിൽ നടന്നിട്ടുള്ള ചില അഴിമതികളെപ്പറ്റി നയപ്രഖ്യാപന പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൺസ്യൂമർഫെഡിന്റെ എം.ഡി. ഒട്ടനവധി ആക്ഷേപങ്ങൾക്ക് വിധേയനായിട്ടുള്ള ആളാണ്. അത്തരം അഴിമതിയുമായി ബന്ധപ്പെട്ട് ശക്തമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കുമെന്ന പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു.

മറ്റൊന്ന്, പകർച്ചവ്യാധികളും ജീവിതശൈലീ രോഗങ്ങളും, ക്യാൻസർ, വൃക്കരോഗം, ഹൃദ്രോഗം തുടങ്ങിയ നിരവധി രോഗങ്ങളും കേരളീയ ജനതയെ അലട്ടുകയാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സംരക്ഷണ കേന്ദ്രങ്ങളാക്കുന്നതിനുള്ള തീരുമാനം ഗവൺമെന്റ് സ്വീകരിക്കാൻ പോകുകയാണ്. താലൂക്ക്-ജില്ലാ ആശുപത്രികളെ സ്പെഷ്യാലിറ്റി-സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളാക്കി മാറ്റുമെന്നതും ഇ-ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇലക്ട്രോണിക്സ് ഹെൽത്ത് റിക്കാർഡ് (ഇ.എച്ച്.ആർ.) എന്ന പുതിയ സംവിധാനമേർപ്പെടുത്തുമെന്നതും സ്വാഗതാർഹമാണ്. കൃത്യസമയത്ത് ചികിത്സ ലഭ്യമാക്കാൻ കഴിയാത്തതും ചികിത്സയ്ക്ക് വേണ്ടിവരുന്ന വൻതോതിലുള്ള ചെലവും സാധാരണക്കാരുടെ രോഗം വർദ്ധിക്കുവാനും പലപ്പോഴും അവരുടെ മരണത്തിനുതന്നെ കാരണമാകുകയും ചെയ്യുന്നു. അവർക്ക് സൗജന്യ ചികിത്സാ പദ്ധതിയും ഒരു യൂണിവേഴ്സൽ പ്രീ-പെയ്ഡ് സ്കീമും നടപ്പാക്കാൻ പോകുന്നത് ആരോഗ്യരംഗത്ത് ഏറെ പ്രയോജനകരമായിരിക്കും. കേരളത്തിലെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുമെന്നും അതിൽ രണ്ട് മെഡിക്കൽ കോളേജുകളെ എയിംസിന്റെ നിലവാരത്തിലേക്ക് ഉയർത്തുമെന്നുമുള്ള പ്രഖ്യാപനത്തെയും സ്വാഗതം ചെയ്യുന്നു. ഗോത്രവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, സ്ത്രീകൾ, കുട്ടികൾ, അംഗപരിമിതർ എന്നിവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധചെലുത്തി ആരോഗ്യ പരിപാലനത്തിന് ഊന്നൽ നൽകാനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്.

കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച ഒരു വിലയിരുത്തൽ എന്റെ മണ്ഡലമായ നെയ്യാറ്റിൻകര മണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ നടത്തുകയാണ്. കഴിഞ്ഞ ഗവൺമെന്റ് ജനങ്ങൾക്ക് ഗുണകരമാകുന്ന എന്തെങ്കിലും പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ? എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യനായ എം. ഉമ്മർ മെഡിക്കൽ കോളേജുകളെ മാറ്റി തീരുമാനിക്കുന്നതും അവ നിർത്തലാക്കുന്നതും ശരിയല്ലെന്ന് പറഞ്ഞു. മുൻ ആരോഗ്യ വകുപ്പുമന്ത്രി 2011-ൽ നെയ്യാറ്റിൻകര താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തു. താലൂക്കാശുപത്രി എന്ന ബോർഡ് മാറ്റി ജില്ലാ ആശുപത്രി എന്നാക്കുക മാത്രമാണ് അന്ന് ചെയ്തത്. ജില്ലാ ആശുപത്രിക്കാവശ്യമായ ഡോക്ടർമാരെയോ മറ്റ് പാരാമെഡിക്കൽ ജീവനക്കാരെയോ നിയോഗിച്ചിരുന്നില്ല. അന്ന് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലായിരുന്നു ആ ആശുപത്രിയുടെ പ്രവർത്തനം. 2013-ൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണം യു.ഡി.എഫ്-നായിരുന്നപ്പോൾ അവിടത്തെ ഭരണകക്ഷി എം.എൽ.എ. സ്വാധീനം ചെലുത്തി ഈ ആശുപത്രിയെ ജനറൽ ആശുപത്രിയായി പ്രഖ്യാപിച്ചു. താലൂക്കാശുപത്രിയായിരുന്നപ്പോൾ 31 ഡോക്ടർമാരുണ്ടായിരുന്ന സ്ഥാനത്ത് ഇന്നും അതേ 31 ഡോക്ടർമാർ മാത്രമാണ് അവിടെയുള്ളത്. രാത്രികാലങ്ങളിൽ കാഷ്വാലിറ്റിയുടെ പ്രവർത്തനം ഒരു ജൂനിയർ ഡോക്ടറുടെ നേതൃത്വത്തിൽ മാത്രം നടത്തുകയും നൂറുകണക്കിനുവരുന്ന രോഗികൾക്ക് ചികിത്സ ലഭ്യമാക്കാൻ കഴിയാതെ സംഘർഷഭരിതമായ അന്തരീക്ഷമുണ്ടാക്കുകയും ചെയ്യുതാണോ യു.ഡി.എഫ്.-ന്റെ പ്രവർത്തനമെന്ന് നിങ്ങൾ ചർച്ച ചെയ്യണം. ഇതൊരു ചെറിയ ഉദാഹരണം മാത്രമാണ്.

മറ്റൊന്ന്, ട്രാൻസ്പോർട്ടുമായി ബന്ധപ്പെട്ട വിഷയമാണ്. നെയ്യാറ്റിൻകര താലൂക്ക് ദേശസാൽകൃത റൂട്ടാണ്. അവിടെ പ്രൈവറ്റൈസേഷൻ ഇല്ല. 2011-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ അധികാരത്തിൽനിന്ന് പുറത്തുപോകുമ്പോൾ നെയ്യാറ്റിൻകര ഡിപ്പോയിൽനിന്നും 98 ബസ്സുകൾ 120-ഓളം സർവ്വീസുകൾ നടത്തിയിരുന്നു. എന്നാൽ യു.ഡി.എഫ്. ഭരണം അവസാനിച്ചപ്പോൾ അത് 65-70 സർവ്വീസുകളായി പരിമിതപ്പെട്ടുവെന്ന് മാത്രമല്ല, 20 ബസ്സുകൾ സ്ക്രാപ്പ് ചെയ്യുകയും 21 ബസ്സുകൾ കണ്ടെം ചെയ്യുകയും ചെയ്തുകൊണ്ട് പകുതിയോളം വരുന്ന യാത്രാസൗകര്യങ്ങൾ കുറച്ച് വൻതോതിലുള്ള യാത്രാക്ലേശമുണ്ടാക്കുന്ന സമീപനമാണ് സ്വീകരിച്ചത്. ഇക്കാര്യം ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഭാഗമായി 60-ൽ താഴെയായിരുന്ന സർവ്വീസുകൾ 90 ആയി പുനഃസ്ഥാപിക്കുന്നതിനും കട്ടപ്പുറത്തിരുന്ന ഏകദേശം 13 ബസ്സുകൾ പുറത്തിറക്കുന്നതിനുമുള്ള സമീപനം യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അവിടത്തെ യാത്രാക്ലേശം പരിഹരിക്കാനായി 3 പുതിയ

ബസ്സുകൾ അനുവദിക്കുകയും ചെയ്തു. ഒരു മാസത്തിനകം നടന്നിട്ടുള്ള മാറ്റമാണിത്. മറ്റൊരു പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമാണ് നെയ്യാറ്റിൻകരയിലെ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്. 1980-ൽ ഇ. കെ. നായനാർ ഗവൺമെന്റ് ആരംഭിച്ച സ്ഥാപനമാണിത്. കഴിഞ്ഞ യു.ഡി.എഫ്. ഭരണത്തിൽ അന്നത്തെ വ്യവസായ വകുപ്പുമന്ത്രി നിയമിച്ച ഒരു എം.ഡി.-യുടെ നിലപാടിന്റെ ഭാഗമായി അവിടത്തെ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല കോടിക്കണക്കിന് രൂപയുടെ ബാധ്യതയുണ്ടാക്കി ആ സ്ഥാപനത്തെ തകർത്ത് തരിപ്പണമാക്കുകയും ചെയ്തു. നാട്ടിലെ പൊതു വികസനത്തിനോ ജനങ്ങളുടെ ക്ഷേമത്തിനോ ആവശ്യമായ സമീപനം സ്വീകരിക്കുന്ന ഗവൺമെന്റായിരുന്നില്ല യു.ഡി.എഫ് ഗവൺമെന്റ്. വിദ്യാർത്ഥികൾ മുതൽ വൃദ്ധരടക്കമുള്ള ആളുകളെ വരെ ഇതുപോലെ ദ്രോഹിച്ചിട്ടുള്ള ഒരു ഗവൺമെന്റ് വേറെയുണ്ടോ? വാർദ്ധക്യകാല പെൻഷനും വികലാംഗരടക്കം ശാരീരിക വെല്ലുവിളികൾ നേരിടുന്നവരുടെ പെൻഷനും വീടുകളിൽനിന്ന് കിലോമീറ്ററുകൾ അകലെയുള്ള ബാങ്കുകൾ വഴിയാക്കി ആളുകളെ നെട്ടോട്ടമോടിച്ച് അവരെ ദുരിതത്തിലാഴ്ത്തിയ ഒരു ഗവൺമെന്റായിരുന്നില്ലേ യു.ഡി.എഫ്. ഗവൺമെന്റ്? സ്കൂൾ വിദ്യാർത്ഥികൾക്ക് കൃത്യമായി പാഠപുസ്തകം നൽകാതെ, പരീക്ഷാ റിസൽട്ടിൽപ്പോലും അവമതിപ്പുണ്ടാക്കി വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും മുൾമുനയിൽ നിർത്തി ആത്മഹത്യ ചെയ്യിച്ച ഒരു ഗവൺമെന്റായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ്. കാർഷിക വിളകൾക്ക് നാശനഷ്ടമുണ്ടാകുകയും കോടിക്കണക്കിന് രൂപ കൃഷിക്കാർക്ക് നഷ്ടപ്പെടുകയും ചെയ്തപ്പോൾ അവർക്ക് നൽകേണ്ട നഷ്ടപരിഹാരം 2012 മുതൽ യു.ഡി.എഫ്. ഗവൺമെന്റ് നൽകാൻ തയ്യാറായില്ല.

1959-ൽ കേരളത്തിൽ ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് വിരുദ്ധശക്തികൾ ഉയർത്തിക്കൊണ്ടുവന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധ ഇടതുപക്ഷത്തിന്റെ പ്ലാറ്റ്ഫോമിന്റെ അടിത്തറ തകർക്കുന്ന തെരഞ്ഞെടുപ്പ് ഫലമാണ് 2016-ൽ കേരളം കണ്ടത്. എല്ലാവിധ ജാതി മൗലിക മതവാദ ശക്തികളുടെയും കൂട്ടുകെട്ടിനെ തകർത്തെറിഞ്ഞുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉയർത്തിക്കൊണ്ടുവന്ന ശക്തമായിട്ടുള്ള ജനകീയ പോരാട്ടത്തിന് കേരളീയ സമൂഹം നൽകിയ വലിയ അംഗീകാരമാണിത്. ആ അംഗീകാരം ഉയർത്തിപ്പിടിച്ചുകൊണ്ട് യു.ഡി.എഫ്.-ന്റെ ദുർഭരണത്തിനെതിരായിട്ടുള്ള ശക്തമായ നയപരിപാടികളും തീരുമാനങ്ങളുമെടുത്തുകൊണ്ട് പുതിയ കേരളീയ സമൂഹത്തെ സൃഷ്ടിക്കുകയാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ. അത് കൂടുതൽ ശക്തിയുക്തമായി കൊണ്ടു പോകുന്നതിനുള്ള പിന്തുണ അറിയിച്ചുകൊണ്ടും ഈ നയപ്രഖ്യാപനത്തിന് ഒരിക്കൽക്കൂടി പിന്തുണ അർപ്പിച്ച കൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ ഒന്നാം പേജിൽ 'ജനവിരുദ്ധ നയങ്ങൾക്കും സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾക്കും മതേതരത്വം ദുർബലപ്പെടുത്തുന്നതിനും എതിരായ ശക്തമായ പ്രതിഷേധത്തിന്റെ പ്രതിഫലനമാണ് തെരഞ്ഞെടുപ്പ് വിധി' എന്ന് പറയുന്നുണ്ട്. മൂന്നാം പേജിൽ 'പാവപ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും സമ്പൂർണ്ണ സാമൂഹിക സുരക്ഷ നാം സൃഷ്ടിക്കേണ്ടതുണ്ട്' എന്ന് പറയുന്നു. എവിടെയാണ് പാവപ്പെട്ട ആളുകൾക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും സമ്പൂർണ്ണ സാമൂഹിക സുരക്ഷയുള്ളത്? സംസ്ഥാനത്ത് ഭരണമാറ്റം നടന്നിട്ട് ഇന്ന് 34 ദിവസം മാത്രമേ ആയിട്ടുള്ളൂ. ലോകത്ത് ആദ്യമായി ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽവന്ന ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ മുതൽ ഈ മന്ത്രിസഭവരെയുള്ള ഓരോ കാലഘട്ടവും പരിശോധിച്ചാൽ ഇത്രമാത്രം രാഷ്ട്രീയ പീഡനങ്ങളും പകപോക്കലുകളും നടന്ന ഒരു കാലഘട്ടമുണ്ടായിട്ടില്ല. സമരം ചെയ്യുന്ന കെ.എസ്.യു.-ക്കാരെയും യൂത്ത് കോൺഗ്രസ്സുകാരെയും അറസ്റ്റ് ചെയ്ത് ജയിലിലടച്ചുകൊണ്ടിരിക്കുകയാണ്. യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന പ്രസിഡന്റ് ഡീൻ കുര്യാക്കോസ് അടക്കമുള്ള ആളുകൾ ഇപ്പോഴും ജയിലിലാണ്. ഇങ്ങനെയുള്ള സംഭവങ്ങൾ എല്ലാ കാലങ്ങളിലും ഉണ്ടായിട്ടുണ്ടെങ്കിലും ഇതെല്ലാം ഒരു മാസക്കാലത്തിനുള്ളിലാണ് നടന്നതെന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്.

ഇവിടെ പലരും തലശ്ശേരി സംഭവത്തെക്കുറിച്ച് പറഞ്ഞു. ആ സംഭവമുണ്ടായപ്പോൾ കേരളജനത പ്രതീക്ഷിച്ചതരത്തിലുള്ള ഒരു മറുപടി മുഖ്യമന്ത്രിയിൽനിന്നും വന്നിരുന്നുവെങ്കിൽ ഇത്രയും വിവാദമാകുമായിരുന്നോ? തലശ്ശേരിയിലെ കുട്ടിമാക്കൂലിൽ രണ്ട് ദളിത് പെൺകുട്ടികളെ കൈക്കുഞ്ഞുമായി ജയിലിലടച്ച സംഭവം ദളിത് വിഭാഗങ്ങളോടുള്ള സർക്കാരിന്റെ യഥാർത്ഥ മുഖം പുറത്തു കൊണ്ടുവന്നിരിക്കുകയാണ്. സഹോദരിമാരായ അഖിലയും അഞ്ജനയും കൈക്കുഞ്ഞുമായിട്ടാണ് ജയിലിൽ പോയത്. ഒന്നര വയസ്സുമാത്രം പ്രായമായ കൈക്കുഞ്ഞുമായി ഇവർ ജയിലിൽ പോകേണ്ട സാഹചര്യം എന്തായിരുന്നു? ഈ രണ്ട് പെൺകുട്ടികളുടെയും പിതാവായ എൻ. രാജൻ കോൺഗ്രസ്സിന്റെ ബ്ലോക്ക് കമ്മിറ്റി സെക്രട്ടറിയാണ്. അദ്ദേഹം കഴിഞ്ഞ മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ തലശ്ശേരി മുനിസിപ്പൽ ചെയർമാനായ കാരായി ചന്ദ്രശേഖരനെതിരെ മത്സരിച്ചു എന്നതിന്റെ പേരിൽ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ പെൺമക്കളെയും നിരന്തരമായി പീഡിപ്പിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഏത് പാർട്ടിയിൽപ്പെട്ട ആളായാലും പട്ടികജാതിക്കാരോട് അനുകമ്പ വേണ്ടേ? പാർട്ടിഗ്രാമമായ കുട്ടിമാക്കൂലിൽ നിരന്തരമായി മർദ്ദനങ്ങളും പീഡനങ്ങളും ഏറ്റുവാങ്ങിവരുമ്പോഴാണ് പാർട്ടി നിർദ്ദേശമനുസരിച്ച്

കാരായി ചന്ദ്രശേഖരനെതിരെ മത്സരിച്ചുവെന്ന ഒറ്റ കാരണത്താൽ ഭരണമാറ്റം ഉണ്ടായിക്കഴിഞ്ഞ ഉടൻതന്നെ രാജന്റെ രണ്ടു മക്കളേയും കുഞ്ഞിനേയും അറസ്റ്റ് ചെയ്ത് ജയിലിലടച്ചത്. ഇതറിഞ്ഞപ്പോൾ ഞങ്ങളെല്ലാവരും ഞെട്ടി. കാരണം, ഏത് രാഷ്ട്രീയ പാർട്ടി ആയാലും പാവപ്പെട്ട രണ്ട് ദളിത് പെൺകുട്ടികൾ കൈക്കുഞ്ഞുമായി ജയിലിൽ പോകുമ്പോൾ സാമാന്യ മര്യാദയനുസരിച്ച് കേരളത്തിന്റെ മുഖ്യമന്ത്രിയിൽ നിന്നും പ്രതീക്ഷിക്കുന്നത്, ഞങ്ങൾ അന്വേഷിക്കും, കർശനമായ നടപടിയെടുക്കും എന്നാണ്. പക്ഷെ മുഖ്യമന്ത്രി ആദ്യം ഒഴിഞ്ഞുമാറി. അത് പോലീസുകാരോട് ചോദിക്കണം എന്നാണ് അദ്ദേഹം ആദ്യം പറഞ്ഞത്. പിന്നീട് അദ്ദേഹം ചോദിച്ചത്, ആദ്യമായിട്ടാണോ കൈക്കുഞ്ഞുമായി ജയിലിൽ പോകുന്നതെന്നാണ്. ആദിവാസി കുട്ടികൾ എത്രയോപേർ ജയിലിൽ പോയിരിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു. ആദിവാസി കുട്ടികൾ ജയിലിൽ പോയിട്ടുണ്ടെങ്കിൽ പട്ടികജാതി കുട്ടികളും ജയിലിൽ പൊയ്ക്കോട്ടെ എന്നതാണോ ഗവൺമെന്റിന്റെ തീരുമാനമെന്നറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ഈ കേസിൽ അവർ കൊടുത്തിരിക്കുന്ന വാദികളായ രണ്ടാളുകളെ പെൺകുട്ടികൾ അങ്ങോട്ടുകയറി ആക്രമിച്ചുവെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ പറയുന്ന എം. സി. വിനേഷ്, ഷിജിൻ എന്നിവരെല്ലാം പല കേസ്സുകളിലും പ്രതികളാണ്. കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി കണ്ണൂരിലെത്തിയപ്പോൾ അദ്ദേഹത്തെ കല്ലെറിഞ്ഞ കേസിലെ പ്രതിയാണ് എം. സി. വിനേഷ്. പല കേസ്സുകളിലും പ്രതികളായ ആളുകളെ ചെറിയ പെൺകുട്ടികൾ അങ്ങോട്ടുകയറി ആക്രമിച്ചുവെന്നുപറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? കായിക വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജനെ ശ്രീ. കോവൂർ കുഞ്ഞുമോൻ അടിച്ചു എന്നുപറഞ്ഞാൽ നിയമസഭയിലുള്ള ആരെങ്കിലും വിശ്വസിക്കുമോ? എളുപ്പത്തിൽ മനസ്സിലാക്കാനായി ഞാനൊരുദാഹരണം പറഞ്ഞതാണ്. ഒരു കാര്യം പറയുമ്പോൾ അത് ആളുകൾ വിശ്വസിക്കുന്ന രീതിയിൽ പറയണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : സർ, പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഇന്നലെയും ഇന്നുമായി പറയുന്നത് പട്ടികജാതി പ്രേമമാണ്. വയനാട്ടിൽ ജോഗി എന്ന ഒരു ആദിവാസിയെ വെടിവെച്ചുകൊന്നിട്ട് പ്രതികരിക്കാത്തവരാണ് ഇപ്പോൾ അപ്പുറത്തിരുന്ന് തേങ്ങുന്നത് എന്ന് അങ്ങേക്കറിയാമോ?

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ഞങ്ങളുടെ കാലത്ത് എന്തെങ്കിലും തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് തിരുത്താൻ വേണ്ടിയാണല്ലോ നിങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നത്. നിങ്ങൾ വന്നാൽ എല്ലാം ശരിയാകുമെന്നാണ് പറഞ്ഞത്. ശ്രീ. എ. കെ. ബാലൻ പ്രതിപക്ഷത്തായിരുന്നപ്പോൾ എൽ.ഡി.എഫ്-ന്റെ പാർലമെന്ററി പാർട്ടി സെക്രട്ടറിയായിരുന്നു.

എല്ലാ വിഷയങ്ങളിലും അഭിപ്രായം പറയുന്ന ആളായിരുന്നു. പ്രത്യേകിച്ച് പട്ടികജാതിക്കാരായ ആളുകളോട് അദ്ദേഹത്തിനുള്ള അനുകമ്പ നമുക്കറിയാവുന്നതാണ്. പക്ഷേ ഈ വിഷയം വന്നപ്പോൾ അദ്ദേഹം പറഞ്ഞത്, അന്വേഷിക്കാം, നിയമം നിയമത്തിന്റെ വഴിക്കുപോകും എന്നൊക്കെയാണ്. അങ്ങയിൽനിന്ന് ഞങ്ങൾ പ്രതീക്ഷിച്ചത് ഇതല്ല. അങ്ങ് പാർട്ടിയുടെ നിർദ്ദേശം മറികടന്നുകൊണ്ട് ഈ പാവപ്പെട്ട ജനവിഭാഗങ്ങൾക്കു വേണ്ടി സംസാരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എന്തെങ്കിലും തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ അത് തിരുത്തുവാൻ അങ്ങ് മുൻകയ്യെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സഭയ്ക്കുപുറത്ത് ദളിതരോടുള്ള അവഗണന ധാരാളം നടക്കുന്നുണ്ട്. ഇപ്പോൾ സഭയ്ക്കകത്തും നടക്കുകയാണ്. ശ്രീ. കോവൂർ കുഞ്ഞുമോൻ ആർ.എസ്.പി. (ലെനിനിസ്റ്റ്) നേതാവാണ്. നാലാം തവണയാണ് അദ്ദേഹം നിയമസഭയിലേക്ക് വരുന്നത്. അദ്ദേഹത്തിന് മുൻനിരയിൽ സീറ്റ് കൊടുക്കേണ്ടതല്ലേ. അദ്ദേഹത്തിന്റെ പാർട്ടിയായ ആർ.എസ്.പി. (ലെനിനിസ്റ്റ്) എന്നത് വേണമെങ്കിൽ ബ്രാക്കറ്റിൽ കോവൂർ എന്നാക്കാം. ഈ പാർട്ടിയുടെ സെക്രട്ടറിയും വിപ്പും അദ്ദേഹം തന്നെയാണ്. സഭയിൽ ശ്രീ. കോവൂർ കുഞ്ഞുമോന്റെ സീറ്റ് മുന്നിലാക്കി അദ്ദേഹത്തോടുള്ള അവഗണന അവസാനിപ്പിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

ശ്രീ. ജെയിംസ് മാത്യു : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. കേരളത്തിലെ മഹാഭൂരിപക്ഷം ജനങ്ങളുടെയും പ്രത്യാശയും പ്രതീക്ഷയുമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നിരിക്കുകയാണ്. പുതിയ ഗവൺമെന്റിന്റെ നിലപാടുകളും നയങ്ങളും ബഹുമാന്യനായ ഗവർണർ നടത്തിയ നയപ്രഖ്യാപനത്തിലൂടെ കേരള ജനത മനസ്സിലാക്കിയിട്ടുണ്ട്. ഗവൺമെന്റ് അടുത്ത അഞ്ചുവർഷക്കാലം നടപ്പാക്കാൻ ആഗ്രഹിക്കുന്ന കാര്യങ്ങളെക്കുറിച്ച് നടത്തിയിട്ടുള്ള വിശദീകരണമല്ല സഭയിൽ പ്രതിപക്ഷം നടത്തുന്ന ചർച്ചകൾക്കും വാദപ്രതിവാദങ്ങൾക്കും അടിസ്ഥാനമാകുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷം കഴിഞ്ഞ അഞ്ച് വർഷം നടപ്പാക്കിയ നയപരമായ നിലപാടുകൾ ശരിയാണെന്നാണ് അവർ വിശ്വസിക്കുന്നതെങ്കിൽ ഈ നയപ്രഖ്യാപന രേഖയിൽ സൂചിപ്പിച്ചിട്ടുള്ള ഏത് കാര്യമാണ് കേരള ജനതയുടെ പ്രയാസങ്ങൾക്കും പ്രശ്നങ്ങൾക്കും പരിഹാരമാകില്ലെന്നുള്ളത് വ്യക്തമാക്കണം. യഥാർത്ഥത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയ ഏതെങ്കിലുമൊരു നല്ല കാര്യം പറയാനുണ്ടായിരുന്നുവെങ്കിൽ അത് ഉയർത്തിക്കാണിച്ചുകൊണ്ട്, ഇതാ ഞങ്ങൾ കഴിഞ്ഞ അഞ്ചുവർഷക്കാലം നടപ്പാക്കിയ ഇന്നയിന്ന കാര്യങ്ങളെല്ലാം നിങ്ങളുടെ ഗവൺമെന്റ് തുടർന്ന് നടപ്പാക്കുമെന്ന് പറഞ്ഞിട്ടില്ലല്ലോ എന്ന് ചോദിക്കാമായിരുന്നു. അങ്ങനെയൊരു

ചർച്ച സഭയ്ക്കകത്ത് കാണുന്നില്ല. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച ശ്രീ. വി. പി. സജീന്ദ്രനും ശ്രീ. എം. ഉമ്മറും ഈ ഗവൺമെന്റിന്റെ നിലപാടുകളെ കുറിച്ചോ നയപ്രഖ്യാപനത്തെക്കുറിച്ചോ യാതൊന്നും പറഞ്ഞില്ല. മറിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നാൽ ഉണ്ടാകാനിടയുള്ള പ്രയാസങ്ങളും അവ മറികടക്കുന്നതിനുവേണ്ടി എന്ത് വാദഗതികളാണ് ഉന്നയിക്കേണ്ടതെന്നുമാണ് അവരുടെ ചർച്ചയിൽ മുഖ്യമായും ഉയർന്നുകേട്ടത്. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെ സന്ദർശിച്ചതിൽ എന്താണ് അപാകതയെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അങ്ങനെ പോയി കണ്ടപ്പോൾ കേരളത്തിന്റെ തനത് കലാസൃഷ്ടിയായ ഒരു ആറന്മുള കണ്ണാടി പ്രധാനമന്ത്രിക്ക് കൊടുത്തത് വലിയ പോരായ്മയായിട്ടാണ് പ്രതിപക്ഷത്തിന് തോന്നിയിരിക്കുന്നത്. പക്ഷെ ശ്രീ. എം. ഉമ്മറിനോടും അദ്ദേഹത്തിന്റെ പാർട്ടിക്കാരോടും ഒരു ചോദ്യം ചോദിക്കുകയാണ്, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ നേതാക്കളായ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറും, ശ്രീ. ഇ. അഹമ്മദ് സാഹിബും കൂടി ശ്രീ. നരേന്ദ്ര മോദിക്ക് 25 ലക്ഷം രൂപ കൊടുത്തത് എന്തിനായിരുന്നു? ഇന്ത്യൻ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കാണ് രൂപ കൊടുത്തതെന്ന് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പ്രതിനിധികൾ പറയുന്നു. അങ്ങനെയാണെങ്കിൽ അവരോട് ഞാൻ ചോദിക്കുന്നു ഗുജറാത്ത് കലാപത്തിന്റെ പേരിൽ....

ശ്രീ. എം. ഉമ്മർ : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ : എന്താണ്?

ശ്രീ. എം. ഉമ്മർ : സർ, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് ശ്രീ. നരേന്ദ്ര മോദിക്ക് 25 ലക്ഷം രൂപ കൊടുത്തു എന്നുള്ളത് ശരിയല്ല. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കാണ് 25 ലക്ഷം രൂപ കൊടുത്തത്. അതുകൊണ്ട് അത് രേഖയിലുണ്ടാകാൻ പാടില്ല.

മി. സ്പീക്കർ : അതദ്ദേഹം പറഞ്ഞല്ലോ. അതിൽ പോയിന്റ് ഓഫ് ഓർഡറൊന്നുമില്ല.

ശ്രീ. ജെയിംസ് മാത്യു : സർ, ഗുജറാത്ത് കലാപത്തിന്റെ ഭാഗമായി പൂർണ്ണമായും വീട് നശിച്ച് അന്യാധീനപ്പെട്ട, സഹോദരങ്ങളും അച്ഛനും അമ്മയും നഷ്ടപ്പെട്ട ഒരൊറ്റ കുടുംബത്തിനുപോലും ശ്രീ. നരേന്ദ്ര മോദി ഒരു വീടുപോലും പണിതുകൊടുത്തിട്ടില്ല. അന്യാധീനപ്പെട്ടുപോയ എത്ര മുസ്ലീം കുടുംബങ്ങൾക്കു വേണ്ടിയാണ് ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന ശ്രീ. നരേന്ദ്ര മോദി ഗ്രാമം പണിതുകൊടുത്തതെന്ന് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ നേതൃത്വം പറയണം. ശ്രീ. നരേന്ദ്ര മോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന കാലത്ത് മുസ്ലീം സഹോദരങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി

ഒരു കാര്യവും ചെയ്തിരുന്നില്ല. പക്ഷേ ശ്രീ. നരേന്ദ്ര മോദി ഇന്ത്യയുടെ പ്രധാനമന്ത്രിയായപ്പോൾ 25 ലക്ഷം രൂപയുടെ പണക്കിഴിയുമായി നിങ്ങൾ പോയതെന്തിനാണെന്ന് ഞങ്ങൾ കൃത്യമായി പറയാം. മാറാട് കലാപത്തെക്കുറിച്ചുള്ള അന്വേഷണം സി.ബി.ഐ.-യ്ക്ക് വിടാൻ പോകുന്നുവെന്ന വാർത്ത വന്നതോടുകൂടി 25 ലക്ഷം രൂപയുടെ പണക്കിഴിയുമായി പോയ നിങ്ങൾക്ക് കേരളത്തിന്റെ കലാസൃഷ്ടിയായ ആറന്മുള കണ്ണാടി മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കൊടുത്തത് ഇത്രമേൽ അപമാനമായിപ്പോയിയെങ്കിൽ ആ അപമാനം ഞങ്ങൾ സഹിച്ചേക്കാം. കേരളത്തിന്റെ മുഖ്യമന്ത്രി അത് സ്വകാര്യമായി കൊടുത്തതല്ലല്ലോ?

പതിനാലാമത് നിയമസഭാ തെരഞ്ഞെടുപ്പിൽ നിങ്ങൾ ശ്രീ. നരേന്ദ്ര മോദിക്ക് കൊടുത്തത് അതാ അവിടെയിരിക്കുന്ന ഒരു വലിയ സമ്മാനമാണ്. ആ സമ്മാനം താലത്തിൽ വച്ചുകൊടുത്തത് നിങ്ങളല്ലേ? ആ സമ്മാനത്തോളം വരുമോ ആറന്മുള കണ്ണാടി. ചരിത്രം നിങ്ങളെ എക്കാലവും കുറ്റവാളികളെന്ന് വിശേഷിപ്പിക്കാനിടവരുന്ന വിധത്തിൽ കേരള നിയമസഭയ്ക്കകത്ത് ബി.ജെ.പി.-ക്ക് അക്കൗണ്ട് തുറക്കാൻ അവസരം ചെയ്തുകൊടുത്തത് നിങ്ങളാണ്. നിങ്ങൾക്കത് നിഷേധിക്കാനാവില്ല. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനുമുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടന്നു. തിരുവനന്തപുരം കോർപ്പറേഷനിലെ കണക്കുകൾ നോക്കിയാൽ ബി.ജെ.പി.-ക്ക് ഏറ്റവും കൂടുതൽ കൗൺസിലർമാരെ കൊടുത്തത് നിങ്ങളാണ്. അങ്ങനെ ചെയ്തത് ഒരു പ്രത്യുപകാരമായിരുന്നു. അരുവിക്കര ഉപതെരഞ്ഞെടുപ്പിന്റെ പ്രത്യുപകാരമായിരുന്നു. അരുവിക്കര ഉപതെരഞ്ഞെടുപ്പ് സമയത്ത്, ആ തെരഞ്ഞെടുപ്പ് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും തമ്മിലുള്ളതാണെന്നാണ് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത്. നിങ്ങൾ അതുവരെ നടത്തിയ രഹസ്യബാന്ധവമെല്ലാം അന്നാണ് പരസ്യമായത്. നിങ്ങൾ ബി.ജെ.പി.-യുമായി സഹകരിക്കുന്നുവെന്ന് പ്രത്യക്ഷത്തിൽ അംഗീകരിച്ചത് അന്നാണ്. നിങ്ങളത് അംഗീകരിക്കുന്നതിന് ഒരടിസ്ഥാന കാര്യമുണ്ട്. എസ്.എൻ.ഡി.പി. പോലുള്ള ഒരു പ്രസ്ഥാനത്തിന്റെ പേരുപറഞ്ഞ് ബി.ഡി.ജെ.എസ്.-നെപ്പോലെയുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനമുണ്ടായാൽ; വെള്ളാപ്പള്ളി നടേശനെ പോലെയുള്ള ആളുകൾ അതിനു മുമ്പിൽ വന്നാൽ; ചില സമുദായ സംഘടനകളും ബി.ജെ.പി.-യും ചേർന്നാൽ ഇടതുപക്ഷത്തിന്റെ അടിത്തറ ഇളകിപ്പോകുമെന്ന് നിങ്ങൾ തെറ്റിദ്ധരിച്ചു. ആ തെറ്റിദ്ധാരണയുടെ ഫലമായിരുന്നു നിങ്ങളുടെ ഈ ബാന്ധവത്തിന്റെ അടിസ്ഥാനം. അതാണ് കാര്യം. നിങ്ങൾക്കതിന് പ്രതിഫലവും കിട്ടി. യാതൊരു നഷ്ടവും നിങ്ങൾക്കുണ്ടായില്ല. കാരണം, അവിടെ ഇരിക്കുന്ന നിങ്ങളുടെ 47 പേരിൽ 16 പേർ അങ്ങനെ പ്രത്യുപകാരമായി വന്നവരാണ്. നിഷേധിക്കാൻ നിങ്ങൾക്ക് സാധിക്കില്ല. കണക്കുകൾ ഞാൻ

പറയാം. ഞാൻ താമസിക്കുന്ന മണ്ഡലത്തിലെ എം.എൽ.എ., ബി.ജെ.പി.-യുമായുണ്ടാക്കിയ രഹസ്യധാരണ പരസ്യമായി പ്രവർത്തിപ്പിച്ചതിന്റെ ഫലമായി നിയമസഭാംഗമായി വന്നയാളാണ്. അപ്പുറത്ത് 47 പേരിൽ 16 പേർ അങ്ങനെ വന്നവരാണ്. ആ പ്രത്യുപകാരത്തിന് അവിടെ ഒരാൾ ജയിച്ചുവന്നിരിക്കുന്നു. ഈ നിയമസഭാ തെരഞ്ഞെടുപ്പിൽ നിങ്ങളെന്താണ് പ്രതീക്ഷിച്ചത്? ബി.ജെ.പി.-യോടൊപ്പം സമുദായ സംഘടനകൾ ചേർന്ന് എൻ.ഡി.എ. രൂപീകരിച്ചു; ആ എൻ.ഡി.എ.-യുമായി രഹസ്യധാരണയുണ്ടാക്കിയാൽ നിങ്ങൾക്കെല്ലാം ശുഭമാകുമെന്നാണോ കരുതിയത്? ശ്രീ. ഉമ്മൻ ചാണ്ടിയുടെ രാഷ്ട്രീയ കുടിലതന്ത്രത്തിന് കേരളവും ഇന്ത്യയും വലിയ വില കൊടുക്കാൻ പോകുന്നുവെന്ന് നിങ്ങളാലോചിക്കണം. അതിന് കൂട്ടുനിൽക്കാൻ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെപ്പോലൊരു പാർട്ടിയുംകൂടി ചേരുന്നുവെങ്കിൽ ചരിത്രവും കാലവും നിങ്ങളെയും പഴിക്കും; കുറ്റക്കാരെന്ന് വിധിക്കും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട.

മറ്റൊരു കാര്യം പറയുന്നത്, ദളിത് പ്രേമത്തിന്റെ കാര്യമാണ്. കുട്ടിമാക്കൂലിലെ പാർട്ടി ഓഫീസിലേയ്ക്ക് രണ്ട് ദളിത് സഹോദരിമാർ പോയി എന്നത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. അവരുടെ അച്ഛൻ രാജൻ ഓഫീസിന് താഴെ നിന്നിട്ട് യുവതികളായ തന്റെ രണ്ടു മക്കളെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-യുടെ ആ പ്രദേശത്തെ പാർട്ടി ഓഫീസിലേക്ക് കയറിപ്പോകാൻ അനുവദിച്ചു. എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളെ, ഞാൻ നിങ്ങളോട് ചോദിക്കുകയാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഏതെങ്കിലും ഒരു ഓഫീസിലേക്ക് രണ്ട് യുവതികളെ കടന്നുപോകാൻ അനുവദിച്ചുകൊണ്ട് ഒരു പിതാവ് കാത്തുനിൽക്കുമോ? ഞാൻ ഉറപ്പിച്ചു പറയുന്നു, തന്റെ യുവതികളായ രണ്ട് മക്കളെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഒരു ഓഫീസിലേക്ക് കയറാൻ അനുവദിച്ച് താഴെ കാത്തുനിന്നാൽ ഒരാഴ്ച കഴിയുമ്പോൾ രണ്ടു മക്കളെയും ചാക്കിൽ കെട്ടി കൊണ്ടുവരുന്നത് കാണാം. അതല്ലേ ഇന്ത്യൻ നാഷണൽ കോൺഗ്രസ്. നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കുമോ? നിലമ്പൂരിലെ രാധയെ ചാക്കിൽക്കെട്ടി കുഴിച്ചുമൂടിയപ്പോൾ ഈ വാദഗതികളൊക്കെ എവിടെപ്പോയി? ഇവിടെ വയനാട്ടിൽ നിന്നുള്ള ശ്രീ. സി. കെ. ശശീന്ദ്രൻ പ്രസംഗിച്ചു. അവിടെ നൂറുക്കണക്കിന് ആദിവാസി സ്ത്രീകളും അവരുടെ കുഞ്ഞുങ്ങളും കണ്ണൂർ സെൻട്രൽ ജയിലിലടയ്ക്കപ്പെട്ടു. ഞങ്ങൾ പോയി കണ്ടു. ശ്രീ. സി. കെ. ശശീന്ദ്രൻ പറഞ്ഞില്ലേ, ദിവസങ്ങളോളം ഭക്ഷണം കഴിക്കാതെ നിരാഹാരം കിടന്നാണ് ജയിലിനകത്ത് അവർ സമരം തുടർന്നത്. പാവപ്പെട്ട ദളിത് സ്ത്രീകൾ ഓട്ടോറിക്ഷയിൽ രണ്ടും മൂന്നും കുഞ്ഞുങ്ങളെ പ്രസവിക്കുകയും മരിച്ചുപോകുകയും ചെയ്യുന്നു. തിരുവനന്തപുരത്ത് പിന്നാക്ക സമുദായക്കാരനായ, സ്പോർട്സ്മാനായ ഒരു ചെറുപ്പക്കാരനെ തല്ലിക്കൊന്ന്

കെട്ടിത്തൂക്കിയില്ലേ? അപ്പോഴൊക്കെ നിങ്ങളുടെ ദളിത് പ്രേമം എവിടെപ്പോയി? മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വെടിവച്ചുകൊന്ന ജോഗിയുടെ മകൾക്ക് ഒരു തൊഴിൽ കൊടുക്കാൻപോലും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വരേണ്ടി വന്നില്ലേ? അതൊന്നും മറക്കരുത്. ദളിത് പ്രേമത്തെപ്പറ്റി പ്രസംഗിക്കുമ്പോൾ അതൊന്നും പറയാൻപോലും അർഹതയുള്ളവരല്ല എന്ന കാര്യം ഓർക്കണം. ഇന്ത്യൻ യൂണിയൻ മുസ്ലീം -ലീഗും ഇന്ത്യൻ നാഷണൽ കോൺഗ്രസുമെല്ലാം ചേരുന്ന യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അവർക്കുവേണ്ടി നിങ്ങളൊന്നും ചെയ്തിട്ടില്ല. ബഹുമാന്യനായ മുൻമന്ത്രി ഇവിടെയുണ്ട്, ഞാൻ അദ്ദേഹത്തോട് ചോദിക്കുകയാണ്, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ; ഒ.ഇ.സി./ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നൽകേണ്ട ഗ്രാന്റുകൾ എത്ര ബാക്കിയുണ്ടെന്ന് നിങ്ങൾ ഓർമ്മിക്കണം. എന്തുകൊണ്ടാണ് നിങ്ങൾ കൊടുക്കാതെ പോയത്? ഇവിടെ പട്ടികജാതി വകുപ്പുമന്ത്രിക്ക് പറയാൻ അവസരമുണ്ടാകുമ്പോൾ ആ കുടിശ്ശികയുടെ കണക്ക് പറയും. നിങ്ങൾ ആർക്കു വേണ്ടിയും ഒന്നും ചെയ്തിട്ടില്ല. നിയമസഭയ്ക്കകത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വെറുതെ വന്നതല്ല. അഴിമതിരഹിത മതനിരപേക്ഷ വികസിത കേരളത്തിനുവേണ്ടിയുള്ള കേരള ജനതയുടെ അഭിവാഞ്ഛയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്ന് നിങ്ങൾ ഓർമ്മിക്കണം. ഈ ഗവൺമെന്റ് അഴിമതിക്കെതിരായി, മതനിരപേക്ഷതയ്ക്കുവേണ്ടി വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം നടത്തിക്കൊണ്ട് ഒരു നവകേരളം സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിൽ നിങ്ങൾക്കും പ്രതീക്ഷയർപ്പിക്കാമെന്നു മാത്രം പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

## VIII അറിയിപ്പ്

### ഡോക്യുമെന്ററി പ്രദർശനം

മി. സ്പീക്കർ: സാമാജികർക്കുവേണ്ടി ബാങ്കറ്റ് ഹാളിൽ 4.00 മണിക്ക് 'Gods in Shackles' എന്ന ഡോക്യുമെന്ററി പ്രദർശിപ്പിക്കുന്നതാണ്. സാമാജികർ നിർബന്ധമായും കണ്ടിരിക്കേണ്ട ഡോക്യുമെന്ററിയാണ്. ഇക്കാര്യം എല്ലാവരെയും നേരത്തെ അറിയിച്ചിട്ടുണ്ട്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ജൂൺ മാസം 30-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.37-ന് പിരിഞ്ഞു.)